So far as agriculture, the mainstay of the people, is concerned, Government provide certain small amounts of money every year for the improvement of irrigation tanks in some part of some taluk. But then the question is, is that enough, is it all that is expected of the Government? Can they not do something more substantial? Why not allot a substantial portion of the revenues of the State which are derived out of the sweat of the poor ryots, to improve the condition of these ryots

by improving the irrigation tanks of the State. Is it a very difficult matter? I emphasise this point because it is my opinion, it is my sincere conviction that Government do not pay this matter that attention which is due to it. If Government want really to meet the situation, then an agency has to be organised which will spend the money in the proper way. Now a certain sum is placed in the hands of the officers of the Public Works Department for this purpose. They have got many other works to do and we know the result. The result is, the ryot is still practically in the position where he was. So, I would strongly advocate the organisation of an agency for attending to these works. That is what the Government should have done. Why not appoint one or two Engineers more, if that is wanted in order that the grievances of the poor ryots may be redressed? (Mr. T. C. Kesava Pillai: *Hear, hear.*)

It may look a very trivial matter to the high officers of the State who receive fat salaries that the ryot gets a few paras of paddy more. However, his crop means all, to the poor cultivator. That is the position that the Government fail to understand. They view this only from the stand-point of rich men. That, I submit with all respect, is clearly the wrong stand-point and that is why the grievance of the ryot is not redressed. There have been suggestions in this House recently as to the establishment of a Land Mortgage Bank and of taking measures to make an economic survey of the State. Is it seriously contended by the Government that those things are not necessary in the interests of the State?

I think, on the resolution about the Land Mortgage Bank, the Government even though they took a hostile attitude at first, eventually conceded that it was a very wholesome measure and they did not therefore vote against that resolution. Now, what have the Government done? Is there any indication, of any attempt for doing anything in that direction? I am not able to see anything. There was the question of the economic survey and in speaking on that the Government member said that it is a very good thing but that an entire survey of the State is not possible. But something should be done to make the survey at least in some parts of the State so that we may get figures and data useful for the economic regeneration of the country. Do we find any indication of any action in that direction? We cannot bring the stars or the Sun down to Travancore and the representatives of the people do not expect the Government to do that. But when we suggest in the interests of the State that certain things have to be done and if Government would not listen to us I am tempted to ask in all earnestness what is the use of this institution? Is this a place where we should meet and spend our time in mirth? I think we are meant for serious things. Then again, Sir, there is the question of education. The Government have been telling us again and again that the question of education will be tackled soon. At first they were saying "Let the Unemployment Committee submit their report. We will take up the question of education after that". Then they said "We shall appoint a Committee to enquire

[Mr. A. Thanu Pillai.]

into the matter". I say, Sir, the question of education is a very difficult question and I fully concede that. But that is no ground for Government to shelve the question. We ought to see whether there is necessity for tackling that problem. There is the question of unemployment staring us in the face. We see that it is one of the most difficult of problems. Are we going to solve it or not? If we are going to do it, when are we going to do it? The Government get a certain revenue every year, and divide it among the various departments of the State that have already been organised. Some of them are unable to produce any benefit whatsoever to the State. They are all managed as so many shows. It is high time that a deviation is made from the beaten track of preparing the Budget purely on the basis of the existing Governmental machinery. We must deviate from that and see that something is done to meet the pressing needs of the country.

Now, Sir, the major portion of the work of the Government seems to be concerned merely with the distribution of appointments and even in that matter one should say that Government are not proving themselves equal to the task. Sir, imagine for a moment a State which sanctioned two temporary judgships in the highest court of the land because of increasing heavy work. One of the Judges retired and the work at that time was much more than the work that the Court had to do at the time the appointment was sanctioned and what did the Government do? They were not able to fill up that vacancy for months and months together. For about six or seven months together they were not able to fill up that vacancy. I ask as a citizen, as a representative of the people of Travancore, what it is to live under a system of government where the then Head of the Administration had to give place to another before the vacancy could be filled up. That is the state of affairs in which we are placed. Can there be anything more deplorable than that and it was the highest Court in the land and it was not a petty matter. There has been the cry of 'Laws' Delays', 'Laws' Delays' throughout the land for the last several years and this is the way in which the Government meet that situation. Therefore, it is a wonder to every thinking man what the administrative machinery is being used for. Sir, I ask even in this very simple matter of giving appointments what is it that counts. Is it the merit of the person appointed and the public interests or is it something else? I cannot justify, I do not think any sane man will justify the Government acting in such matters otherwise than in the interests of the State. But can we say that Government were acting in the interests of the State? A temporary judgeship in the highest court of the land, falls vacant and that when the people are clamouring for some relief from Laws' Delays. Can we say that the Government were justified in not filling up that vacancy for more than half a year? Is it not scandalous? That is the spirit in which even this simple matter is being attended to by the Government. It is not certainly in the interests of the public. When a man has to be appointed to an office, what are the considerations that ought to engage

the attention of the Government? The merit of the officer chosen and if he is already in the service his other claims. Now, if these are the considerations that concern the Government in giving appointments, how can we explain such in-ordinate delays and if a question be put in this Council as to why such delays are caused in the filling up of vacancies which cannot be allowed to continue even for a single day and which no civilised Government will allow to continue even for a single day the Government are not prepared to answer. Sir, what confidence can such a Government inspire in the public mind? Under these conditions, is there any wonder that the man in the street says "no it is not public interests, it is something else that is behind the whole affair". Is it for any self-respecting Government, I ask, to give room for such comment? Anyhow, there we are.

I do not wish to refer to other matters of this nature. I can refer to tens and scores and probably hundreds of instances like that which reflect very great discredit upon the Government.

I hope that such a state of things will not continue long. Sir, if this is what the Government, the central authority controlling the affairs of the State is doing, how can we expect my fellow-members here to refrain from complaining of communal and other bias on the part of officers? Is it not for the Government to show their officers that they ought not to have other considerations than the interests of the State and the justice of their actions. So long as the central authority is not prepared to deviate from this downward path and do things in the most acceptable manner there will not be a time when this clamour will cease. People will continue to clamour and continue to find fault with our officers that they are all clannish, they cannot see justice from injustice, fairness from unfairness. Now, I shall not have emphasised this matter. I know I am exposing myself to the charge of having devoted a portion of the time of this House to the question of appointments. I say, Sir, they are not in themselves very important and from my point of view they are not indeed. But when the Government under which we live attach so much importance to petty considerations which the public are not allowed to see in respect of these things, how can I, as a representative of the people, refrain from telling the Government that they are in the wrong and that is my justification, if it is a paltry matter, for having devoted some time to this subject. I say that is because a big Government like the Government of Travancore attaches so much importance to paltry considerations. Let us hope that hereafter the services will be purified and if it is not, Government cannot certainly enjoy the confidence that any Government ought to enjoy.

Sir, I wish to refer only to one other matter. That is the Excise policy of the Government. Of course it was referred to by many members.

PRESIDENT : You have got only one minute more.

MR. A. THANU PILLAI (*Trivandrum*) : All that I have to say is that the Excise policy of the Government is inconsistent not only with prohibition but even with temperance. I find from the departmental reports that remission of kist is allowed in localities where good-hearted people are willing to do some temperance work. Under such a condition

[Mr. A. Thanu Pillai.]

of things, Sir, can we expect any temperance work to prosper? Suppose a good many people drank more than in the previous year and the contractor made much profit will he be made to pay more than he contracted to pay? The reports clearly show that the department is anxious only to secure the largest revenue and not in doing anything towards the happiness or prosperity of the people. There is a chapter in the report dealing with the measures for securing the revenues but I find nothing in the direction of promoting temperance or prohibition.

MR. R. RAMAN PILLAI (*Kottayam*): സർ, നമ്മുടെ രാജ്യത്തിന്റെ അടുത്തകൊല്ലത്തെ വരവു ചിലവുകളെ നിർണ്ണയിച്ചിട്ടുള്ള ഒരു ബഡ്ജറ്റ് ഈ സഭമുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. തുടങ്ങിയപ്പോൾതന്നെ ശൂന്യമായ അക്ഷരത്തിൽ തുടങ്ങാൻ ഇടയായതിൽ എനിക്ക് മനസ്താപവും ഇല്ലാതില്ല. ജനപക്ഷത്തെ അവലംബിച്ചു നോക്കിയാൽ ഇത്രത്തോളം അതൃപ്തികരമായ ഒരു ബഡ്ജറ്റ് ഇതിനു മുമ്പ് ഈ കൌൺസിലിലൊ ഈ രാജ്യത്തിന് വെളിയിലൊ കാണാൻ ഇടയായിട്ടില്ല. ഒന്നേമുക്കാൽ ലക്ഷത്തിൽപരം ജനങ്ങൾ അധിവസിക്കുന്ന കോട്ടയം താലൂക്കിൽ ഒട്ടുവളരെ പണം തിന്നു നശിപ്പിക്കുന്ന ഇഞ്ചിനീയർ ഡിപ്പാർട്ടുമെന്റിൽനിന്നും ഒരു പൈസപോലും പുതിയ വേലകൾക്കായി ചിലവു ചെയ്യുന്നതിന് വ്യവസ്ഥചെയ്യാൻ ഗവമ്മെന്റിനു സാധിച്ചിട്ടില്ല. കഴിഞ്ഞ കൊല്ലത്തിൽ ഏകദേശം ഒരു ലക്ഷം രൂപയോളം ലാപ്സായിപ്പോയി എന്നാണ് ഫിനാൻഷ്യൽ സിക്രട്ടറിയുടെ റിപ്പോർട്ടിൽ കാണുന്നതു്. തടിച്ച ശമ്പളവും കൊഴുത്ത പടിയും വാങ്ങിച്ചുകൊണ്ട് ആവശ്യത്തിലധികം ഉദ്യോഗസ്ഥന്മാരുള്ള ഇഞ്ചിനീയർ ഡിപ്പാർട്ടുമെന്റ് അനുവദിക്കുന്ന തുകപോലും തക്ക സമയത്ത് ചിലവ് ചെയ്യാതെയിരിക്കുന്നതിൽ മനസ്താപിക്കാതെ നിവൃത്തിയില്ല. ഒരു വേലചെയ്യുന്നതിന് അനുവദിച്ചിട്ടുള്ള തുകയെ ആ വേലചെയ്യാതെ എക്സിക്യൂട്ടിവ് ഇഞ്ചിനീയരുടെ സൌകര്യാനുസരിച്ചു അന്യജോലികൾക്കു ഉപയോഗിക്കുന്നതും ശോചനീയമാണ്. ഈ ആണ്ടിൽ പബ്ലിക്ക് വർക്സിന് അനുവദിച്ചിട്ടുള്ള രണ്ടു ലക്ഷം രൂപ ഗവമ്മെന്റിന്റെ അധീനത്തിലിരിക്കുന്നു എന്ന് രണ്ടു സ്ഥലത്തായിട്ട് കാണുന്നു. അതു് പി. ഡബ്ലിയു. ഡി. എന്നുള്ള പേരും പറഞ്ഞു് എടുത്തുവയ്ക്കാതെ ഗവമ്മെന്റിന്റെ അധീനത്തിൽ മാത്രം എന്ന് പറഞ്ഞു് വച്ചിരുന്നു എങ്കിൽ ജനങ്ങൾക്കു് സങ്കടത്തിനു വകയില്ലായിരുന്നു. പി. ഡബ്ലിയു. ഡി. എന്ന ഇനത്തിൽ ഈ പണം ഉണ്ടെന്നു വെളിയിൽ കാണിക്കുന്നതിനുമതിയാകയുള്ളൂ അതിൽ ഒരു ചക്രവും അതിലേക്കു ചിലവ് ചെയ്യുന്നില്ല. കോട്ടയത്തുള്ള പല വേലകളെ സംബന്ധിച്ചും ചീഫ് ഇഞ്ചിനീയർ അവർകളോടും മാറിപ്പോയ ദിവാ

ൻജിഅവർകളോടും ഞാൻ പറയുകയുംഅവയിൽ പലതും ചെയ്തു തരാമെന്ന് ദിവാൻജി അവർകഠം ഏല്ക്കുകയും ചെയ്തിരുന്നു. അദ്ദേഹം പോയി. അദ്ദേഹം ഇവിടെ എന്നുംഇരുന്നു ചെയ്യുന്നതല്ലെല്ലൊ? അതിൽ പിന്നീട്ട ഇപ്പോഴത്തെ ഗവൺമെൻറിനോടുപറയാൻ ഇതുവരെ സൌകര്യംകിട്ടിയിട്ടും ഇല്ല. ഇപ്പോഠം അതിലേക്ക് ഒരു ചക്രം പോലും അനുവദിച്ചിട്ടില്ല എന്നു കാണുന്നതു് വളരെ സങ്കടമാണ്. പുതിയ വേലകഠംഒന്നും പറഞ്ഞു പഴയറോഡുകഠം നന്നാക്കുന്നതിനു രണ്ടായിരം രൂപാ അനുവദിച്ചു. പുതിയറോഡ് ഒന്നും തന്നെയില്ല. പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിനോടു അതിനെപ്പററി ചോദിച്ചാൽ അതിനേക്കാഠം കൂടുതൽ ആവശ്യമുള്ള വേലക്ക് ചിലവഴിച്ചു എന്നു പറയും.

MR. K. MADHAVAN PILLAI (*Trivandrum* cum *Neduvangad*) : കോട്ടയത്ത് എത്ര മൈൽ ദൂരം റോഡുണ്ട്?

MR. R. RAMAN PILLAI (*Kottayam*) : എത്ര മൈൽ എന്നു എനിക്കു നിശ്ചയമില്ല. അതു ചീഫ് ഇഞ്ചിനീയർ പറയുമെന്നു ഞാൻ വിശ്വസിക്കുന്നു. മററു ചില ദേശങ്ങളിലെ അവസ്ഥനോക്കിയാൽ തുലോം കുറവാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. അൻപതു കൊല്ലങ്ങഠംക്കുമുമ്പു വിലകൊടുത്തെടുത്തസ്ഥലത്തെ പൂർത്തിയാക്കിതരണമെന്ന് അപേക്ഷിച്ചതിൽ പലതവണയും എസ്റ്റിമേററ് തയ്യാറാക്കികൊടുത്തിട്ടുള്ള ഒന്നുരണ്ടു പാലങ്ങഠം പണിയിച്ചു തരണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. അതിനു മുതലില്ല. രണ്ടുമൂന്നു ചെറിയ പാലങ്ങഠം നന്നാക്കി ഒരു റോഡ് വണ്ടിപോകത്തക്കവിധത്തിൽ ശരിപ്പെടുത്തിതരണമെന്നുപറഞ്ഞു. അതിനും മുതലില്ല. ചീഫ് ഇഞ്ചിനീയർ ഈ വഴികഠം കണ്ടിട്ടുണ്ടോ എന്നുതന്നെ സംശയമാണ്. ചീഫ്ഇഞ്ചിനീയരോടു ചോദിച്ചതിൽ ഇതിനെപ്പററി അറിഞ്ഞുകൂടാ എന്നാണ് മറുപടിതന്നതു്.

ഇനി എനിക്ക് എക്സൈസ്ഡിപ്പാർട്ടുമെൻറിനെപ്പററി ഒന്നുംപറയാതിരിക്കാൻ സമ്മതംവരുന്നില്ല.കള്ളു, ചാരായം എന്നീഷാപ്പുകളുടെ എണ്ണം കുറേശ്ശ കുറേശ്ശ കുറച്ചു് ലേലംചെയ്തുവരാറുണ്ട്. എന്നാൽ ൧൧൦൩-ൽ നിന്നു ഒരു കള്ളുഷാപ്പും ഒരു ചാരായഷാപ്പും കുറച്ചപ്പോഠം കുടിച്ചുവന്നവരുടെ തുക ഏകദേശം അരവാശികൂടി കാണുന്നുണ്ട്. ചെത്തുന്ന വൃക്ഷങ്ങളുടെ എണ്ണവും വലിയ കുറവില്ലാതെ കാൽവാശികൂടി കാണുന്നുണ്ട്. മദ്യപാന നിരോധനത്തിനുള്ള സ്ഥിരപരിശ്രമത്താൽ ലാഭം ഇ

[Mr. R. Raman Pillai]

ല്ലാതാകും എന്ന് എക്സൈസ് കമ്മീഷണർ പറയുമെന്നാണ് എന്റെ വിശ്വാസം. ഷാപ്പുകളുടെ എണ്ണം കുറച്ചാൽ വരവു കുറഞ്ഞുപോകുമെന്നു ഭയപ്പെടുന്നു എങ്കിൽ ഞങ്ങളിൽനിന്നും ഓരോരുത്തരോ പിരിച്ചെങ്കിലും കള്ളുഷാപ്പുകളുടെ എണ്ണം കുറയ്ക്കേണ്ടതാണ്. ഇതു വേണ്ടെന്നുവയ്ക്കാൻ സാധിക്കയില്ലെന്നു ഡെപ്യൂട്ടിപ്രസിഡന്റു അവർകൾ പറഞ്ഞ അഭിപ്രായത്തോടു എനിക്കു പൂർണ്ണമായി യോജിക്കുന്നതിനു ധൈര്യമില്ല. സ്ഥിരപരിശ്രമംകൊണ്ടു സാധിക്കാത്തതായി ഒന്നുംതന്നെയില്ലെന്ന് എല്ലാവരും സമ്മതിക്കുന്നതാണ്. ഇതിനെ രണ്ടു ഡിപ്പാർട്ടുമെന്റായി തിരിക്കുന്നപക്ഷം വരവു കുറയുകയുമില്ല. ചെത്തുന്ന വൃക്ഷങ്ങൾക്കു കുറവ് ഉണ്ടാകുകയും ചെയ്യും. രണ്ടുലക്ഷം വൃക്ഷങ്ങൾ ചെത്തുന്നു എന്ന് കണക്കിൽ കാണുന്നു എങ്കിൽ അഞ്ചുലക്ഷമാണ് വാസ്തവത്തിൽ ചെത്തുന്നതു. എക്സൈസ് കമ്മീഷണരുടെ കേസ് ലിസ്റ്റ് നോക്കിയാൽ ആയിരം തെങ്ങു ചെത്തുന്നു എങ്കിൽ അഞ്ചു തെങ്ങിനുമാത്രമേ കേസെടുക്കുന്നുള്ളൂ എന്നു കാണാം. എക്സൈസിന്റെ സഹായംകൂടാതെ ഷാപ്പുകൾ നടത്താൻ സാധിക്കയില്ല. എക്സൈസ് ഉദ്യോഗസ്ഥന്മാർക്കു പണത്തിനു ആവശ്യമുണ്ട്. അതിനു തക്കവണ്ണം അവർ കണ്ട്രാക്റ്റർമാരെ സഹായിച്ചുകൊണ്ടിരിക്കുന്നു. ഞാൻ ഉൾനാട്ടിൽ താമസക്കാരനാണ്. എക്സൈസ് ഉദ്യോഗസ്ഥന്മാർ ഷാപ്പുകണ്ട്രാക്റ്റർമാരെ സഹായിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതു എനിക്കു അറിവുള്ളതാണ്. ഓരോ ഷാപ്പിന്റേയും കീഴിൽ നാലഞ്ചു ഉപഷാപ്പുകൾ നടത്തിവരുന്നു. അവയെ പിടിച്ചുതരാമോ എന്നു കമ്മീഷണർ ചോദിച്ചാൽ പിടിച്ചുതരാം. പക്ഷെ പ്രൈവറ്റായി വരണം. അസിസ്റ്റന്റ് കമ്മീഷണർ അറിയാതിരിക്കുകയും വേണം. എന്നാൽ അവരെ പിടിച്ചുതരാം. ചെത്തുന്ന വൃക്ഷങ്ങളെയും കാണിച്ചുതരാം. വാറ്റിക്കൊണ്ടിരിക്കുന്ന അവസരത്തിൽ കാണിച്ചുകൊടുക്കാം. പക്ഷേ രാത്രിയിൽ നടന്നു വരണം. മോട്ടാറിലും മററും പോയാൽ സാധിക്കയില്ല.

MR. MATTHEW MURIKKAN (*Vaikom*): ഈ വിവരം അധികൃതന്മാരെ അറിയിച്ചിട്ടുണ്ടോ?

MR. R. RAMAN PILLAI (*Kottayam*): ധാരാളം അറിയിച്ചിട്ടുണ്ട്. അസിസ്റ്റന്റു കമ്മീഷണരോടും ഇൻസ്പെക്ടരോടും പറഞ്ഞിട്ടുണ്ട്. പിന്നെ ആരോട് പറയണമെന്ന് എനിക്ക് മനസ്സിലാകുന്നില്ല. എക്സൈസിലെ വരുമാനം കുറയ്ക്കുന്നതു് അത്യാവശ്യമാണ്. ഒരു ഗ്ലേസ്റ്ററുമെ

ൻറ് ഇന്നലെതന്നത്തു് നോക്കിയതിൽ മദ്യപാനം വദ്ധിച്ചുകാണുന്നു. അതുകൊണ്ടു് ശരീരത്തിനു നേരിടുന്ന ദോഷംമാത്രമല്ല അവരുടെ സമ്പത്തിനും യശസ്സിനുംകൂടി നാശംഉണ്ടാകുന്നതാണെന്നു് മനസ്സിലാക്കാത്തവർ ആരും കാണുമെന്നു്തോന്നുന്നില്ല. ഗവൺമെൻറുദ്യോഗസ്ഥന്മാൎക്കു് അവരുടെ ശമ്പളം കൊടുക്കുന്നതിനു് വേണ്ടിടത്തോളം പണം ഉണ്ടാക്കണം. രാജ്യത്തിൻെറ അഭിവൃദ്ധിക്കു് വേണ്ടി യാതൊന്നും പ്രവൎത്തിച്ചില്ലെങ്കിലും തരക്കേടില്ല എന്നാണു് എക്സൈസുകൊല്ലമായി കണ്ടുവരുന്നതു്. മേലാലെങ്കിലും ഇതിനു് വ്യതിയാനം ഉണ്ടാകുമെന്നാണു് എൻെറ ഉത്തമവിശ്വാസം.

ഇനി ജുഡിഷ്യൽ വകുപ്പിനെപ്പററി രണ്ടുവാക്കു് പറയാം. ഇതിനു മുമ്പ് സംസാരിച്ച സ്നേഹിതന്മാർ ഞാൻ കുറിച്ചുവച്ചിരുന്നതിൽ മുക്കാലെ അരക്കാൽഭാഗവും പറഞ്ഞുപോയിട്ടുണ്ടു്. അതിസമൎത്ഥനായ ഒരു ജഡ്ജിയായിരുന്നു മിസ്റ്റർ ശ്രുതലിംഗമയ്യർ എന്നുള്ളതിനു് യാതൊരു സംശയവും ഉണ്ടാകാനിടയില്ല. അദ്ദേഹത്തെ പിരിച്ചുവച്ചഅവസരത്തിൽ തക്കതായ ഒരാളെ എടുക്കുന്നതിനു് ഗവൺമെൻറിനു് സാധിച്ചില്ല. അപ്രകാരം ഒരാളെ കിട്ടുന്നതുവരെ അദ്ദേഹത്തെത്തന്നെ വച്ചിരുന്നു എങ്കിൽ മററു ജഡ്ജിമാർ മെനക്കെടുകയില്ലായിരുന്നു. അത്രയുംകാലം ഒരു ജഡ്ജിയില്ലാതിരുന്നതിനാൽ ആ ബെഞ്ചു് കൂടാതെയും ഇരുന്നു. ൨ ൦ ൦-ൽ അധികം കേസുകൾ കെട്ടിക്കിടക്കുന്നുണ്ടെന്നു് കണ്ടപ്പോൾ ഒരു കൂടുതൽ ബെഞ്ചു വേണമെന്നു് നിശ്ചയിച്ചു. രണ്ടായിരത്തിൽപരം കേസ് കെട്ടിക്കിടക്കുന്ന ആയപ്പോൾ ബെഞ്ചു് വേണ്ടെന്നുംവച്ചു. "Justice delayed is Justice denied" എന്നുള്ള തത്വം ഇന്നത്തെ അദ്ധ്യക്ഷൻ അവൎകളും സ്വീകരിക്കാത്ത അഭിപ്രായമല്ല എന്നാണു് എനിക്കു് തോന്നുന്നതു്. ഈ പ്രമാണം അനുസരിച്ചു് സാധുജനങ്ങൾ കഷ്ടപ്പെടുന്നുഎന്നാണു് മനസ്സിലാക്കേണ്ടതു്. ഇന്നുള്ള ജഡ്ജിമാരിൽ അദ്ദേഹത്തെക്കഴിഞ്ഞു് സമൎത്ഥനായി ആരെങ്കിലുമുണ്ടോ എന്നു് എനിക്കു സംശയമാണു്. എന്നാൽ അദ്ദേഹം പോയിരുന്നിരിക്കട്ടെ. പോയതിനുശേഷം ഈ ആറു്മാസക്കാലം ആളെ നിയമിക്കാതിരുന്നിട്ടും അന്യശീമയിൽനിന്നും ആരേയും കൊണ്ടുവന്നില്ല.

ലാസ്‌ഡിഗ്രേസ് കമ്മിററിവേണമെന്നു് കഴിഞ്ഞ കൎക്കടകമാസത്തിൽ സംസാരിച്ചു. അതു് ഈ കൗൺസിലിൽ ഉണ്ടാകുന്ന വ്യക്തിപരമായ വിരോധം വച്ചുകൊണ്ടാണു് സംസാരിച്ചിട്ടുള്ളതെന്നു് അന്നും

[Mr. R. Raman Pillai.]

ഇന്നും മനസ്സിലാക്കാവുന്നതല്ല. അതിനുശേഷം ലാസ്ഡിലേസ് കമ്മീഷണർ വേണമെന്ന് നിശ്ചയിച്ചു. കഴിഞ്ഞആണ്ടിൽ ജൂഡിഷ്യൽ ഡിപ്പാർട്ടുമെൻറിനെപ്പററി പറഞ്ഞതുകൊണ്ട് മുപ്പതിനായിരം രൂപാ നഷ്ടംഉണ്ട്. ഇനിയും വരുമായിരിക്കാം. ഇന്ന് നമ്മുടെ ബഹുമാനപ്പെട്ട ഹൈക്കോടതി ജഡ്ജിമാരിൽ ലാസ്ഡിലേസിനെപ്പററി അന്വേഷിച്ച് ശരിയായ ഒരു റിപ്പോർട്ടു അയക്കുന്നതിന് ഡിപ്പാർട്ടുമെൻറു പരിചയമുള്ള ആളുകൾ ഉണ്ടോ എന്ന് സംശയമാണ്. അതിനെ പരിഹരിക്കാൻ ൨൫൦ രൂപാ ശമ്പളത്തിൽ ഒരു മുൻസീഫിനെക്കൂടി ചുമതലപ്പെടുത്തുമെന്നുള്ളതുകൊണ്ടും ആ മുൻസിഫ് നല്ലവണ്ണം തഴക്കവും പഴക്കവും ഉള്ള ഒരാളായിരിക്കുമെന്നുള്ളതുകൊണ്ടും സാധിക്കാവുന്നതാണ്. കമ്മീഷണരുടെ റിപ്പോർട്ടു വരുത്തുന്നതിനു മുമ്പ് അതിനെസംബന്ധിച്ച് അല്പം ചില സംഗതികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയോട്ട് ഒന്ന് ആവശ്യപ്പെടുന്നതു് കൊള്ളാമെന്നുതോന്നുന്നു. ലാസ്ഡിലേസ് അധികം ഉണ്ടാകുന്നതു് സമുദായ ഭിന്നിപ്പുകൊണ്ടാണ്. പണം കൊടുത്തു വസ്തു എഴുതിമേടിച്ച ആളിൻെറ കേസ് എളുപ്പം തീരാതിരിക്കാൻ എതിർകക്ഷി മനപൂർവ്വം ശ്രമിക്കുന്നതുകൊണ്ടാണ്. ഈ കക്ഷികളെ സഹായിക്കുന്നതിൽ വക്കീലന്മാരും ഭാഗഭാക്കുകളാണ്. അതു എൻെറ സ്നേഹിതന്മാർക്ക് അല്പം ശങ്കഉണ്ടെങ്കിലും അതു് രഹസ്യമായി സമ്മതിക്കുന്ന ഒരു കാര്യമാണ്. ഈ നാട്ടിലുള്ള വർഗ്ഗീയവിദ്വേഷവും ലാസ്ഡിലേസിന് കാരണമാകുന്നു. എനിക്ക് ഒത്ത ജഡ്ജിക്കും വക്കീലിന് യോജിച്ച ജഡ്ജിയ്ക്കുംവേണ്ടി പല പ്രാവശ്യവും ബെഞ്ചിൽവയ്ക്കാതെ കേസ് മാററി മാററി വയ്ക്കുന്നു. ഇപ്രകാരം പതിനെട്ടു പ്രാവശ്യം കേസ് ബോർഡ് ചെയ്യാതെ അവർ ഉദ്ദേശിക്കുന്ന ബെഞ്ചിൽ വയ്ക്കുന്നതിനു താമസപ്പെടുത്തുന്നു. ഇതു് പലരും സാധാരണയായി ചെയ്തുവരുന്നതാണ്. കീഴ്ക്കോടതിയിൽ വിസ്തരിക്കുന്നതിന് നിശ്ചയിക്കുന്നുഎങ്കിൽ അവിടെ ആ കേസ് എടുക്കരുതു് എന്ന് എന്തെങ്കിലും കാരണവുംപറഞ്ഞു് സ്റ്റേഎടുക്കാം. അതു് ഹൈക്കോടതിയിൽ വന്നാൽ ഒരു കൊല്ലംകഴിഞ്ഞാലും തിരിച്ചുവരാൻ സാധിക്കുകയില്ല. പിന്നെയും ഇഷ്ടമുള്ള ജഡ്ജിക്ക്വേണ്ടി കാത്തിരിക്കുന്നു. ഈ താമസം വക്കീൽ സഹോദരന്മാരും കക്ഷികളുംകൂടി ഉണ്ടാക്കിവയ്ക്കുന്നതാണ്.

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): ഇതിനു ശരിയായപ്രതിവിധി എന്താണ്?

MR. R. RAMAN PILLAI (*Kottayam*); അതിന് പ്രതിവിധിപറയാം. പിന്നെ എക്സിക്യൂഷൻ. ഒന്നു രണ്ടു വർഷത്തെ പരിശ്രമംകൊണ്ടു വിധി സമ്പാദിച്ച് ലേലത്തിൽവന്നാൽ ആ സമയത്തു് സ്റ്റേ എന്നു് പറയും. ഇങ്ങനെപലവിധമായ അനീതിയും അന്യായവും നടക്കുന്നു. വിധിച്ചാൽ കൂടിയും സ്റ്റേ ഉണ്ടു്. വിധി നിർത്തിവയ്ക്കാൻ അപ്പീൽ ആയിക്കൊള്ളാമെന്നു് വിചാരിക്കും. ലേലത്തിൽ വരുമ്പോൾ നിർത്തിവയ്ക്കരുതു. സ്ഥിരപ്പെടുത്തുന്നതിനുള്ള അവധിമാത്രം മാററിവയ്ക്കണം. ഇപ്പോൾ ഒരു കേസ് കേട്ടുതീരുന്നതുവരെ സ്ഥിരമായിനിർത്തുന്നു. അതിനാൽ പ്രൊസീഡിയർകോഡുകൂടി ഭേദപ്പെടുത്തുന്നതിനുള്ള ഒരുവ്യവസ്ഥ ചെയ്യണമെന്നാണ് ഞാൻ ഈ സഭയോടു് ആവശ്യപ്പെടുന്നതു്. ഈ മാതിരിയുള്ള സംഗതികളെ പരിഹരിക്കുന്നതിന് ചീഫ്ജസ്റ്റിസ് അവർകൾ കഴിവുള്ളിടത്തോളം പരിശ്രമിക്കുന്നുണ്ടു്. അദ്ദേഹത്തിന്റെ ഈ അഭിനന്ദനീയമായ പ്രവൃത്തിയെ മററു സഹോദര ജഡ്ജിമാരും അനുകരിച്ച് ഹൈക്കോടതിയിലെ കുടിശ്ശികകളെ കുറവുവരുത്തുന്നതിന് അചിരേണപ്രയത്നിക്കുമെന്നു് വിചാരിക്കുന്നു.

ഇനി പോലീസ്ഡിപ്പാർട്ടുമെൻറിനെക്കുറിച്ചു് ഒരു സംഗതിപറയാനുണ്ടു്. പോലീസ്ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ ദുഷിച്ചുപോയി എന്നു പറഞ്ഞാൽ ഇതിലധികം ദുഷിക്കാനില്ല. ഈ ഡിപ്പാർട്ടുമെൻറിൽ വളരെ അക്രമവും അനീതിയും നടക്കുന്നുണ്ടു. അതിന്റെ വാസ്തവസംഗതികളെപ്പററി അതിന്റെ മേലധികാരികളോടു് പറയുമ്പോൾ പോലീസുകാരുടെ പേരിൽ ധാരാളം വഴക്കുള്ളതുകൊണ്ടു് പറയുന്നതിൽ കുറെക്കെ കള്ളമായിരിക്കാം എന്നും അവർ വിചാരിക്കുന്നു. അതിന്നു് തെളിവുകൊടുക്കാമെന്നുവച്ചാൽ കയ്ക്കൂലികൊടുക്കുന്നവക്കും വാങ്ങിക്കുന്നവക്കും ജയിലാണ് നിശ്ചയിച്ചിരിക്കുന്നതു്. അതുകൊണ്ടു് അതിനൊരു വ്യവസ്ഥ ഉണ്ടാക്കിയാൽകൊള്ളാം.

ഒരിക്കൽ പാമ്പാടി പോലീസ്ഇൻസ്പെക്ടരോടു് വർത്തമാനം പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ഒരു കക്ഷിയെ ഒഴിക്കുന്നതിന് മുപ്പത്തിരഞ്ചു രൂപാ എന്റെ ദൃക്സാക്ഷിയിൽ വാങ്ങിച്ചുഎന്നു് മേലധികാരിയോടു പറഞ്ഞിട്ടുണ്ടു്.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): ഇവിടെ മെംബർ ആയതിൽ പിന്നീടാണൊ?

MR. R. RAMAN PILLAI (*Kottayam*): അതെ, അതിൽപിന്നീടാണ്. പോലീസുദ്യോഗസ്ഥന്മാർക്കു എതിരായി ഞാൻ നില്ക്കുകയല്ല.

MR. MURUVELIL PACHU PILLAI (*Shertallai*): ആ ആളിൽനിന്നും കൈക്കൂലി വാങ്ങിയതാണോ?

MR. R. RAMAN PILLAI (*Kottayam*): അംശം കൈകൊണ്ടുമേടിച്ചു. തിരിയെകൊടുക്കാനല്ല. ഞാൻ ഒരു മേലധികാരിയോടു പറഞ്ഞപ്പോൾ 'ആവശ്യമില്ലെ' എന്നുപറഞ്ഞു. അതു് ആരാണെന്നു പറയാൻ ഇപ്പോൾ തയ്യാറില്ല.

MR. K. MADHAVAN PILLAI (*Trivandrum cum Nedumangad*): ഇപ്പോഴും സർവീസിലിരിക്കുന്ന ആളാണോ?

MR. R. RAMAN PILLAI (*Kottayam*): സർവീസിലുള്ള ആളാണ്.

MR. MATTHEW MURIKKAN (*Vaikom*): അപ്പോൾ വേറെ ആരെങ്കിലും ഉണ്ടായിരുന്നോ?

MR. R. RAMAN PILLAI (*Kottayam*): വേറെയും ആളുകൾ ഉണ്ടായിരുന്നു. അവിടെ ഉണ്ടായിരുന്നതു് അമ്പലത്തിലെ ഒരു കൊച്ചുകത്താവും വേറെ ഒരാളുമായിരുന്നു.

MR. T. C. KESAVA PILLAI (*Kulkulam cum Vilavancod*): പോലീസ് ഇൻസ്പെക്ടരുടെ പേരു പറയാമോ?

MR. R. RAMAN PILLAI (*Kottayam*): പറയാം. റാന്നി പോലീസു ഇൻസ്പെക്ടർ മി: വി. കേശവനില്ല. കക്ഷിയുടെ പേരു എനിക്കു നിശ്ചയമില്ല.

അതുകൊണ്ടു പോലീസ് ഡിപ്പാർട്ടുമെൻറിൻെറ ഈ മാതിരികാര്യങ്ങൾക്കു എന്തെങ്കിലും വ്യവസ്ഥചെയ്യണം. പോലീസ്ഡിപ്പാർട്ടുമെൻറുകാർ അനുഭവിക്കുന്ന ദുരിതത്തെയുംകൂടി പരിഹരിക്കേണ്ടതാണ്. രാപ്പകൽ ഓടിനടക്കുന്ന കാൺസ്റ്റേബിൾമാർക്കു പത്തും പന്ത്രണ്ടും രൂപാ ശമ്പളംകൊടുത്താൽ അഴിമതി വർദ്ധിക്കുകയെഉള്ളൂ. കൊച്ചു കൊച്ചീ രാജ്യത്തിൽകൂടി പതിനഞ്ചുരൂപാ കൊടുക്കുന്നു. ഇവിടെ പതിമ്മൂന്നു രൂപായാണ് കൊടുക്കുന്നതു്. ഈ പതിമ്മൂന്നുരൂപായും കിട്ടുന്നതു് അൻപത്തേഴവയസ്സാകുമ്പോഴാണ്. ഇതിനു പരിഹാരമുണ്ടാക്കണം. ഹെഡ്കാൺസ്റ്റേബിൾമാരുടെ ശമ്പളം ഇരുപത്തഞ്ചുരൂപാ മുതൽ ന ൫ രൂപാവരെ ആക്കണം. യോഗ്യന്മാരായവരെ നിയമിക്കണമെന്ന് പോലീസ്കമ്മീഷണരോടു ആജ്ഞാപിക്കണം. അടുത്തകൊല്ലത്തിലെ ബഡ്ജറ്റിൽ ഒരു തുക ദോഷംകൂടാതെ രാജ്യത്തിൻെറ അഭിവൃദ്ധിയെ ലാക്കാക്കി ചിലവു ചെയ്യുമെന്നു വിചാരിക്കുന്നു.

ഇനി നമ്മുടെ വരവിനം എത്ര ആയിരമെന്നും ചിലവിനം എത്ര ആയിരമെന്നുമാണ് കണക്കാക്കേണ്ടത്. വരവുകുറച്ചും ചിലവുകൂട്ടിയും കണക്കാക്കുന്നു. എന്നാൽ വരവ് കൂട്ടുകയും ചിലവു കുറയ്ക്കുകയും ചെയ്താൽ നീക്കിയിരിപ്പ് മുതൽ ഉണ്ടാകും. സാമർത്ഥ്യം ഉള്ള ആളുകളോട് മിണ്ടിയാൽ പറവുകില്ല എന്നുവച്ച് ബോധിച്ചപോലെ ചിലവ് ചെയ്യുന്നു. മുൻസിപ്പാലിറ്റിമുതലായ സ്ഥലങ്ങളിൽ അഭിവൃദ്ധികരമായ പ്രവൃത്തികൾക്ക് മുൻസിപ്പാലിറ്റി തന്നെ പണം ചിലവ് ചെയ്യണം. അല്ലാതെ പൊതുമുതൽ എടുത്ത് ചിലവ് ചെയ്യണമെന്ന് വിചാരിക്കുന്നതു അനീതിയാണെന്ന് സാമാന്യജനങ്ങളുടെ പ്രതിനിധി എന്ന നിലയിൽ എനിക്ക് തോന്നുന്നു. Water works ഒരു രാജ്യത്തിന്റെ തലസ്ഥാനമെന്ന നിലയിൽ അത്യാവശ്യമാണ്. ഇതൊക്കെ Reproductive works ആകയാൽ പിന്നീട് ആദായം കിട്ടേണ്ടവയാണ്. അതെല്ലാം ഭാവിതലമുറകൾ അനുഭവിക്കേണ്ടതാണ്. ഇപ്പോഴത്തെ ആളുകൾക്ക് ആവശ്യത്തിന് കൊടുക്കാതെ ഭാവിതലമുറകൾക്ക് എന്നും പറഞ്ഞു ചിലവാക്കുന്നതു വളരെ കഷ്ടമാണ്. തിരുവിതാംകൂറിലെ മുതൽ ഇപ്പോൾ പരിശ്രമികളായിരിക്കുന്നവരുടെ അത്യാവശ്യത്തിന് ഉപയോഗിച്ച് ബാക്കിഉള്ളതിനെ അടുത്ത തലമുറകൾക്കു വേണ്ടി ഉപയോഗിക്കാവുന്നതാണ്. ലാപ്സായിപ്പോകുന്ന മുതലിന് യാതൊരു അവകാശവുമില്ല. ഇങ്ങിനെ പത്തു പതിനഞ്ചു കൊല്ലമായി ബഡ്ജറ്റിൽ കാണുന്നതു വരവു അധികരിച്ചും ചിലവു അധികമല്ലാതേയും ആണ്. ഇതിൽ ഒരു മനഃപൂർവ്വം ഉള്ളതുപോലെ തോന്നുന്നു. വരവു നിർണ്ണയത്തിൽ ഇത്ര വളരെ തെറ്റിപ്പോകുന്നതു എന്താണ്? അതു് ഒന്നുകൊണ്ടും നിശ്ചയിക്കാൻ ന്യായമില്ലാത്തതല്ലാ, അതുകൊണ്ടാണ് മനഃപൂർവ്വം എന്ന പദം അബദ്ധമായി പറഞ്ഞതു്. ഇത്രയും പറഞ്ഞുകൊണ്ട് എന്റെ പ്രസംഗം തല്ക്കാലം അവസാനിപ്പിച്ചുകൊള്ളുന്നു.

MR. D. FRANCIS (*Nominated*): Sir, I congratulate the Government on presenting before this Council a surplus Budget for the year 1105. It is a clear statement of the financial position of the State with a surplus, though small, of Rs 3·14 lakhs. On perusing the Budget Estimate, it seems the cost on education is one of the most important items of expenditure. An enormous amount is being spent for the education of men and women without distinction. The parents of the female students are also spending a large amount of money on the higher education of their daughters taking advantage of the encouragement given by Government in this direction. It is the duty of the Government therefore to invariably appoint qualified women in suitable departments in the State service. The fee concession is a great blessing to

[Mr. D. Francis.]

the backward communities, but the imposition of 25 per cent of the same on the managers of schools is not a sound policy, when in the departmental schools they themselves bear the whole deficit on that account. The managers of private schools must be liberally encouraged. Some of the departmental schools may also be handed over to them as the Government would be a great gainer thereby.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): How would the Government be a gainer if the manager is not to contribute anything for the loss incurred by the Government, on account of fee concession?

MR. D. FRANCIS (*Nominated*): Grant-in-aid system is a gain to Government.

Turning to the Public Works Department, Sir, that department has got before it a heavy programme for the next year which I hope will be accomplished by the department from the Budget Estimate. I am sorry to say that the grant allotted for the Nagercoil Division for next year is very small; and during the past several years no work worth mentioning has been done for the safety of the poor ryots in South Travancore which is the most heavily taxed portion in Travancore. Several costly works are being carried out in North and Central Travancore up to Trivandrum, but little is being done for improving the Kodayar Irrigation works for the safety of the poor ryots from periods of drought which occur very often. The Government so as to safe guard them will have to direct their sympathetic attention towards increasing the grant to the Nagercoil Division every year in the future and take up the pending schems propounded by Engineers after the construction of the Pechipara reservoir for the storage of more water. (Mr. T. C. KesavaPillai—*hear, hear.*)

The cost of the Medical and Sanitary Departments also is one of the heavy items of expenditure in the Budget Estimate.

Provision ought to be made for the appointment of a Lady Deputy Surgeon and two European Nurses for all Government Hospitals and an Assistant Lady Surgeon in all dispensaries in the State in addition to the existing hands. Medical help will ever remain inadequate until lady doctors and nurses are appointed in all hospitals in the State. It is a pity to note that more than 12,000 people died of cholera in South Travancore in one year. No adequate preventive measures have been adopted to put a stop to this. The safety of thousands of lives deserves greater attention than electric lights and other luxuries that consume so much of the State coffers. If necessary, Government should not grudge to get down some expert doctors from America or Europe to advise and help them to avert this recurring calamity and they must be prepared to meet the cost which it may involve.

It has been the policy of the Government to give special encouragement to unrepresented communities in the State service. There are Government orders to that effect. But till now sufficient encouragement

has not been given to the Latin Christians who form a large proportion of the population throughout the State. The Latin Christians must be treated as a separate community in the matter of appointments and preference must be given to the members of that community as their claims have been sadly overlooked in the past. Prior consideration must be given to the members of that community in the matter of appointments to raise them from their backward condition. They deserve to be in the position of advanced communities.

Travancore is considered to be the land of charity and a portion of the State revenue is being spent for that purpose every year. A number of *Oottupuras* were abolished some years ago. The amount that has been saved by the stopping of these *Oottupuras* may now be spent for the establishment of permanent homes for the poor. Such homes may be established at the head-quarters of each taluk. Only the lame, the blind and the deserving poor rendered incapable on account of age or sickness must be fed in such homes and such people should not be allowed to wander up and down the roads and streets begging. These institutions must be conducted each under the management of a committee consisting of two official and three non-official members. That will be real charity, and we can worthily maintain the great motto of our State "Charity is our household divinity".

Sir, finally the Budget for the next year provides suitable solution for many a problem brought to the attention of Government from time to time and I am free to own that there is in it a clear realisation of the dictum that a Government exists for the good of the people.

Adjournment motion re floods.

PRESIDENT: It is 3-30 now and the House will proceed to the discussion of the adjournment motion of Mr. Pachu Pillai.

MR. MURUVELIL PACHU PILLAI (*Shertallai*): സർ, ഈയിടെ ഉണ്ടായ അതിവർഷവും വെള്ളപ്പൊക്കവും നിമിത്തം ഈ രാജ്യത്തെ പല താലൂക്കുകളിലും ഉണ്ടായിട്ടുള്ള ഗൌരവതരവും ഉൽക്കണ്ഠാജനകവുമായ സംഭവത്തെപ്പററി വിവരിക്കുന്നതിന് ഈ കൌൺസിലിൻെറ നടപടികളെ നിർത്തിവയ്ക്കണമെന്നാണ് എൻെറ പ്രമേയം. ഈ പ്രമേയത്തിനു ഉദ്യോഗസ്ഥ പക്ഷത്തു നിന്നോ അനുദ്യോഗസ്ഥപക്ഷത്തുനിന്നോ യാതൊരു എതിരഭിപ്രായവും പുറപ്പെടുവിക്കാതെ അനുകൂലിച്ചു ഇതിനെപ്പററി വാദപ്രതിവാദം ചെയ്യാൻ സമയം അനുവദിച്ചുതന്നതുകൊണ്ടു തന്നെ ഈ സംഭവത്തിൻെറ ഗൌരവം ഏറെക്കുറെ ഈ സഭയ്ക്കു ബോധ്യമായിട്ടുണ്ടു എന്നു വിശ്വസിക്കാവുന്നതാണ്.

സർ, ഇപ്പോൾ ഉണ്ടായ അതിവർഷം നിമിത്തം സംഭവിച്ചവെള്ളപ്പൊക്കത്താൽ അധികമായി നഷ്ടം അനുഭവിച്ചതും വെള്ളപ്പൊക്കം താലൂ

[Mr. Muruvelil Pachu Pillai.]

തമ്മേന്ന കൂടുതൽബാധിച്ചതും കൊല്ലം കോട്ടയം എന്നീ ഡിവിഷനുകളിൽ ഉൾപ്പെട്ട താലൂക്കുകളിലാണ്. ഇതു നിമിത്തം ഉണ്ടായിട്ടുള്ള അനിഷ്ട സംഭവങ്ങളും സാധുക്കൾ അനുഭവിച്ചിട്ടുള്ള സങ്കടങ്ങളും ആയിടക്കു പ്രസിദ്ധം ചെയ്തിട്ടുള്ള വത്തമാനപത്രങ്ങളിൽ നിന്നു മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ഓരോസ്ഥലങ്ങളിൽ ഉണ്ടാകുന്ന വിശേഷസംഭവങ്ങളും അവിടെ നേരിട്ടുകൊണ്ടിരിക്കുന്ന പൊതു ജനങ്ങളുടെ സങ്കടങ്ങളും അപ്പോഴപ്പോൾ അതിലേക്കു ചുമതലപ്പെടുത്തിട്ടുള്ള ലേഖകന്മാർ വിശദമായി എഴുതി അയച്ചിട്ടുള്ളതിനെ ആസ്പദമാക്കി മേൽപ്രകാരം പത്രങ്ങളിൽ പ്രസ്ഥാവിക്കുന്നതിനെ അവിശ്വസിക്കുന്നതിന് യാതൊരു ന്യായവുമില്ല. ആ റിപ്പോർട്ടിനെ വച്ചുകൊണ്ടു ഈ രാജ്യത്തു വെള്ളപ്പൊക്കം സംബന്ധിച്ചുണ്ടായ നാശത്തെ നോക്കുന്നതായാൽ വാസ്തവത്തിൽ എല്ലാസ്ഥലത്തും വെള്ളപ്പൊക്കം വ്യാപിച്ചിട്ടുണ്ടു എന്നും, ഗ്രാഡുകൾക്കും കലുങ്കുകൾക്കും സാരമായ പലനാശവും ഉണ്ടായിട്ടുണ്ടെന്നും കാണാം. അതു നിമിത്തം ജനങ്ങളുടെ ഗതാഗതവും കുറെ ദിവസത്തേക്കു നിന്നു പോയിട്ടുണ്ട്. അതുപോലെ അഞ്ചൽ സർവ്വീസ് വഴിയായി അന്യസ്ഥലത്തേക്കയച്ചുകൊണ്ടിരുന്ന അഞ്ചൽ ഉരുപ്പടികൾ ഏതാനും ദിവസത്തേക്കു നിന്നുപോയി. ഗതാഗതത്തിനു തടസ്സം വന്നതിനാൽ വിദേശത്തു നിന്നുമുള്ള തപാൽ ഉരുപ്പടിയും കിട്ടാതെ ജനങ്ങൾ വിഷമിച്ചു. ഇപ്രകാരം പലവിധനഷ്ടവും പലവിധവൈഷമ്യങ്ങളും ഉണ്ടായിട്ടുണ്ട്. മിഥുനം ൨൮-ാംനു- ആയിരുന്നു പരീക്ഷക്കു ഫീസ് അടക്കേണ്ടു ഒടുവിലത്തെ ദിവസം. ഈ അവസരത്തിൽ എഴുത്തുകൾ കിട്ടുന്നതിനും മണിആഡർ കിട്ടുന്നതിനും താമസം വന്നതുനിമിത്തം വിദ്യാത്ഥികളിൽ പലരും വളരെ ബുദ്ധിമുട്ടിയിട്ടുണ്ട്. അതുപോലെ ഏതാനും ദിവസത്തേക്കു ഗതാഗതത്തിനു തടസ്സം വന്നതുകൊണ്ടു ഓരോ സ്ഥലത്തും എന്തെല്ലാം സംഭവിച്ചു എന്നു അറിയുന്നതിനു പത്രങ്ങൾ വഴിയായും മാറ്റുമില്ലാതെ ജനങ്ങൾ അമ്പരന്നുപോയി. പത്രങ്ങൾ അയച്ചുകൊടുക്കാൻ നിവൃത്തിയില്ലാതെവന്നതുകൊണ്ടു അവയുടെ പ്രസിദ്ധീകരണം തന്നെ കുറച്ചു ദിവസത്തേക്കു നിർത്തിവയ്ക്കേണ്ടിവന്നു. ഗതാഗതത്തിനു തടസ്സം നേരിട്ടാൽ വളരെ ബുദ്ധിമുട്ടാണ്. ചേർത്തല താലൂക്കിന്റെ കിഴക്കു വേമ്പനാട്ടുകായലിൽ കാററും കോളും നിമിത്തം പലവള്ളങ്ങളും മുങ്ങിചരക്കു മുഴുവനും നഷ്ടപ്പെട്ടു. മോട്ടാർ ബോട്ടുകളും മുങ്ങിയിട്ടുണ്ട്. ഈ സംഭവം കഴിഞ്ഞതിൽ പിന്നെ കൊച്ചി അഴിമുഖത്തു ചില പ്രേത

ങ്ങളും കാണപ്പെട്ടു. അപ്രകാരം ജീവഹാനിയും വന്നിട്ടുണ്ട്. അതു എങ്ങിനെ സംഭവിച്ചു എന്നു നിശ്ചയമില്ല. ബോട്ടുജീവനക്കാരോടു ഇതിനെപ്പററി അന്വേഷിക്കുകയാണെങ്കിൽ നിവർത്തിയുള്ളിടത്തോളം വിഷമങ്ങളെ ഒഴിക്കാൻ വേണ്ടി ബോട്ടിൽ വേറെ ആളുകൾ ഇല്ലായിരുന്നു വേലക്കാർ മാത്രമെയുണ്ടായിരുന്നൊള്ളു എന്നെല്ലാം പറയുന്നതു സ്വാഭാവികമാണു. ഇതു നിമിത്തം ആർക്കെങ്കിലും ജീവനാശം ഉണ്ടായിട്ടുണ്ടൊ എന്നുള്ളതിനെ സംബന്ധിച്ചു സൂക്ഷ്മമായ വിവരങ്ങൾ വേണ്ടുവോളം ജാഗ്രതയായി അന്വേഷിക്കണമെന്നു ഈ സമയത്തും ഞാൻ അപേക്ഷിക്കുന്നു. ചേർത്തല താലൂക്ക് ഒരു താഴ്ന്നപ്രദേശമാണ്. കരുനാഗപ്പള്ളി കാർത്തികപ്പള്ളി അമ്പലപ്പുഴ കുട്ടനാടു ഇവയും താഴ്ന്ന സ്ഥലങ്ങളാണ്. ഈ സ്ഥലങ്ങളിൽ താമസിക്കുന്ന ആളുകളെല്ലാം ഈ വെള്ളപ്പൊക്കത്തിൽ കുറച്ചു ദിവസം അവരുടെ താമസസ്ഥലങ്ങളെ വിട്ടു വേറെ ഉയന്ന സ്ഥലങ്ങളിൽ പോയി താമസിച്ചു. സാധാരണയായി താമസിക്കുന്ന വീട്ടിൽ നിന്നും വേറൊരു സ്ഥലത്തു പോകുകഎന്നുള്ളതു തന്നെവളരെ സങ്കടകരമായ ഒന്നാണ്. ഈ സാധുക്കളായ ആളുകൾ കൂലിവേലചെയ്തു അതിൻെറആദായം കൊണ്ടുമാത്രം ഉപജീവനം കഴിക്കുന്നവരാണ്. അവരിൽപലരും താമസിക്കാൻ കുടിൽഇല്ലാത്തതു നിമിത്തം വളരെകഷ്ടപ്പെടുന്നു. പ്രത്യേകമായതൊഴിലില്ലാത്തതു നിമിത്തം പട്ടിണികിടന്നുകഴിച്ചുകൂട്ടുന്നു. ഇങ്ങനെ വെള്ളപ്പൊക്കം നിമിത്തം താഴ്ന്നപ്രദേശത്തുള്ള ആളുകൾക്കു താമസിക്കുന്നതിനു നിവൃത്തിയില്ലാതെ ആ സ്ഥലം വിട്ടുപോകുകയും പട്ടിണികിടക്കുകയും ചെയ്യുന്നു. ഇതു കൂടാതെ ധാരാളമാളുകൾക്കു കൃഷിനഷ്ടം ഉണ്ടായിട്ടുണ്ട്. ഈ ആണ്ടിലുള്ള അകാലവർഷംനിമിത്തം മാവേലിക്കര വെള്ളപ്പൊക്കമുണ്ടായി കൃഷിമുഴുവനും നശിച്ചു. അതിനു ശേഷമാണ് ഈ അതിവർഷം. ഈ വെള്ളപൊക്കം നിമിത്തം പ്രത്യേകം ഒരു ഡിവിഷനൊ ഒരു സ്ഥലത്തെ കൃഷിക്കൊ അല്പനഷ്ടം. പൊതുവെ നഷ്ടമുണ്ടായിട്ടുണ്ട്. ചേർത്തലതാലൂക്കിൽ തുറവൂർ എന്ന സ്ഥലത്തെ കരിനിലങ്ങളിൽ ഈ തവണ വളരെ നല്ല കൃഷിയായിരുന്നു. ഈ വെള്ളപൊക്കം നിമിത്തം ഏകദേശം അൻപതിനായിരപ്പറ നിലത്തിലെ കൃഷി നഷ്ടപ്പെട്ടുപോയിട്ടുണ്ട്. കരം കൊടുക്കുന്നതിനുപോലും സാധിക്കാത്ത നിലയിൽആയിപ്പോയിരിക്കുന്നു. ചേത്തലതാലൂക്കിലെ സാധുക്കളായ ആളുകളുടെ പ്രധാന ഉപജീവനമാർഗ്ഗം തൊണ്ടുചകരി പിരിച്ചു അതിൽനിന്നും കിട്ടുന്ന ആദായമാണ്. അവർ താമസിക്കുന്ന സ്ഥലത്തിനടുത്തുള്ള കായച്ചോർത്തും കുളങ്ങളിലും

[Mr. Muruvelil Pachu Pillai.]

തൊണ്ടുകൾ അഴുക്കുന്നതിന് ഇട്ടുവരുന്നു. അവ എല്ലാം ഈ വെള്ളപ്പൊക്കത്താൽ ഒഴുകിപ്പോയിരിക്കുന്നു. സാധുജനങ്ങളായ ഇവരുടെ കാലക്ഷേപമാർഗ്ഗവും തൊഴിലും ഇതുനിമിത്തം മുടങ്ങിപ്പോയിരിക്കുന്നു. ഇതു പോലെ താമസിക്കാൻ നിവൃത്തി ഇല്ലാതെയും തൊഴിലില്ലാതേയും ഉൾനാട്ടുകളിൽ അനേകം പേർ കഷ്ടപ്പെടുന്നു. കയറുവ്യാപാരം കൊപ്രാവ്യാപാരം ഇവയെല്ലാം കുറെദിവസത്തേക്ക് മുടങ്ങിപ്പോയതുകൊണ്ട് കയറുശാലയും കൊപ്രാശാലയും ഉപജീവനമാർഗ്ഗമായിരുന്നവർക്കു അതും നഷ്ടപ്പെട്ടു. ഈ തൊഴിൽ സ്ഥലങ്ങളിൽ വെള്ളം ഉണ്ടായതുകൊണ്ട് കൊപ്രായും നശിച്ചുപോയി. ചേർത്തലതാലൂക്കിലെ മറ്റൊരു പ്രധാന കൃഷി തെങ്ങാണ്. അവിടെ ചൊരിമണലാണ്. കൽപ്രദേശമല്ല. ചൊരിമണലിൽ വെള്ളം കെട്ടിയാൽ അതിലുള്ള വളമെല്ലാം ചോർന്നുപോകുന്നതു സ്വാഭാവികമാണ്. ഈ വെള്ളം നിമിത്തം തെങ്ങിന്റെ വളമെല്ലാം ചോർന്നുപോയിരിക്കുന്നു. ഇനി രണ്ടുമൂന്നു കൊല്ലത്തേക്കു ശരിയായ ആദായം കിട്ടുകയില്ല. മണ്ണു് എല്ലാം ഒലിച്ചുപോയതുകൊണ്ട് അനേകം തെങ്ങുകൾ വീണുപോയിട്ടുമുണ്ട്. ഈ മാതിരി അനവധി നഷ്ടം ചേർത്തലതാലൂക്കിന് ഉണ്ടായിട്ടുണ്ട്. ഇപ്പോൾ ആലപ്പുഴമുതൽ അരൂർവരെ പുത്തനായി വെട്ടിയിട്ടുള്ള റോഡ് ഉറച്ചുവരുന്നതേയുള്ളൂ. വെള്ളപ്പൊക്കത്താൽ ഈ റോഡിലെ കലുങ്കുകൾ ചിലതെല്ലാം നശിച്ചുപോയിട്ടുണ്ട്. അതിനാൽ ഗതാഗതം അതായതു് മോട്ടോർ മുതലായവാഹനങ്ങൾ നിർത്തിവയ്ക്കേണ്ടിവന്നു. ഇങ്ങനെ ഉണ്ടായ അവിചാരിതമായ ഈ സംഭവം നിമിത്തം ജനങ്ങൾക്ക് വന്നിട്ടുള്ള സങ്കടത്തിൽ ഗവർമ്മെൻറു എന്തു പ്രവർത്തിച്ചു, എവിടെയെല്ലാം അന്വേഷിച്ചു, എന്തു സഹായം ചെയ്തു എന്ന് നോക്കുന്നതായാൽ ഇങ്ങനെയുള്ള സന്ദർഭത്തിൽ ചെയ്യേണ്ടതായ യാതൊരു സഹായവും ഗവർമ്മെൻറിൽ നിന്നു ജനങ്ങൾക്ക് ചെയ്തു കൊടുത്തില്ല എന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. എന്നു മാത്രമല്ല വാസ്തവത്തിൽ നടന്നിട്ടുള്ള സംഭവങ്ങളുടെ നിജസ്ഥിതികളെ മറയ്ക്കാൻകൂടി ഗവർമ്മെൻറു ശ്രമിക്കുന്നുണ്ടോ എന്നുകൂടി സംശയം തോന്നിപ്പോകുന്നു. ആ നിലയിലാണ് ഗവർമ്മെൻറിൽ നിന്നും ഈ വെള്ളപ്പൊക്കം സംബന്ധിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വിജ്ഞാപനം. ചേർത്തല താലൂക്കിനെ സംബന്ധിച്ചു ഇതിൽ വിവരിക്കുന്ന സംഗതികൾ എനിക്കു ഉത്തമവിശ്വാസമുള്ള അറിവിന് പ്രത്യക്ഷത്തിൽ വിരുദ്ധമായിരിക്കുന്നു. ചേർത്തലതാലൂക്കിൽ ഘോരമായ നഷ്ടങ്ങൾ ഒന്നുമില്ല. അതിനാൽ നിവാരണ ജോലികൾ അവിടെ ആവശ്യമില്ല എ

നായിരുന്ന രണ്ടാമത്തെ ഗവർമ്മെൻറിൻെറ വിജ്ഞാപനം. ഇങ്ങിനെയുള്ള സന്ദർഭങ്ങളിൽ ഇതിനെപ്പററി അന്വേഷിക്കേണ്ട പ്രധാന ചുമതല ഓരോ താലൂക്കിലുമുള്ള തഹശീൽദാരന്മാക്കാണ്. വെള്ളപ്പൊക്കകാലത്തു വാസ്തവത്തിൽ തഹശീൽദാർ തന്നെയും സ്ഥലത്തുണ്ടായിരുന്നില്ല. ഇതെല്ലാം കാണിച്ച് ഗവർമ്മെൻറിലേക്കു ഞാൻ കമ്പി അടിക്കുകയും ഉടനെ ഒരു തഹശീൽദാരെ നിയമിച്ചയക്കുകയും ചെയ്തു. ഇതു കൂടാതെ നിജസ്ഥിതികൾ വിവരമായി അറിയിക്കണമെന്ന ഗവർമ്മെൻറിൽനിന്ന കമ്പിമൂലം എന്നോട്ട് ആവശ്യപ്പെടുകയുണ്ടായി. ഇതിലേക്കു ഉത്തരവാദിത്വമില്ലാതെ എന്തെങ്കിലും കേൾവിയെ ആസ്പദമാക്കി മറുപടി കൊടുക്കുന്നതു ഉചിതമല്ലെന്ന കരുതി ഞാൻ ചേർത്തല താലൂക്ക് മുഴുവൻ സഞ്ചരിച്ചു ഓരോ സ്ഥലത്തും നടന്നിട്ടുള്ള സംഗതികളുടെ സൂക്ഷ്മസ്ഥിതി മനസ്സിലാക്കുകയും അതിനുശേഷം ൩൧-നു- ഗവർമ്മെൻറിലേക്കു കമ്പി അടിക്കുകയും ചെയ്തു. അതിൽ പിന്നെയാണ് കർക്കടകം ൧-നു- പുറപ്പെടുവിച്ച വിജ്ഞാപനം. അവിടെ എന്തു നടന്നിരിക്കുന്നു എന്ന എന്നെപ്പോലെ ദൂരെ ഇരിക്കുന്ന ആളുകൾക്കു അറിയാൻ സാധിക്കുകയില്ല. ഗവർമ്മെൻറിലേക്കു എന്തെങ്കിലും വിവരം അറിയണമെങ്കിൽ അതറിയിക്കുന്നതിനും സാധാരണയായി ആ സ്ഥലത്തെ പേഷ്കാരോട്ട ആവശ്യപ്പെടുന്നു. പേഷ്കാർ തഹശീൽദാരോട് ആവശ്യപ്പെടുന്നു. തഹശീൽദാർ പാർവ്വത്യകാരോട്ട ആവശ്യപ്പെടുന്നു. പാർവ്വത്യകാർ പകുതിയിൽ നടക്കുന്ന സംഗതികൾ എല്ലാം ശരിയായി അറിയണമെന്നുള്ള താല്പര്യമില്ലാതെയും അതിലേക്കു വേണ്ട ശ്രദ്ധ എടുക്കാതെയും തങ്ങളുടെ കീഴിൽ ജോലി ചെയ്യുന്ന പ്യൂണിനോട് ചോദിച്ചു അറിവു കിട്ടുന്ന വിവരങ്ങൾ എഴുതി അയക്കുന്നു. ഈ മാതിരി അറിവുകളെ ആസ്പദമാക്കിയാണ് പലപ്പോഴും ഇത്തരം വിജ്ഞാപനങ്ങളും പുറപ്പെടുവിക്കുന്നതു്. വെള്ളപ്പൊക്കം നിമിത്തം എന്തെല്ലാം സംഭവിച്ചു എന്ന ജനങ്ങളെ മനസ്സിലാക്കാൻ ഉപയോഗപ്പെടുത്തുന്ന ഒരു പ്രമാണമാണിതു്. ഈ പ്രമാണത്തിൻെറ മേൽ വിവരിച്ച അടിസ്ഥാനം നോക്കുമ്പോൾ ഇതു പകുതി പ്യൂണിൽനിന്നും കിട്ടിയ അറിവുകളെ ആസ്പദമാക്കി പ്രസിദ്ധപ്പെടുത്തിട്ടുള്ളതത്രെ എന്ന ശങ്കിക്കുന്നതിൽ വലിയതെററുണ്ടായിരിക്കുമെന്ന തോന്നുന്നില്ല. വാസ്തവത്തിൽ സംഭവിച്ചിട്ടുള്ള സംഗതികളും വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളും തമ്മിൽ അത്രമാത്രം വ്യത്യാസം കാണുന്നുണ്ട്.

ഇങ്ങിനെയുള്ള സംഭവങ്ങൾ സാധാരണമായി ജനങ്ങളുടെ വീഴ്ച കൊണ്ടോ കരുതൽ ഇല്ലായ്മ കൊണ്ടോ ഉണ്ടാകുന്നതല്ല. ഇതെല്ലാം

[Mr. Muruvelil Pachu Pillai.]

അവിചാരിതമായി നേരിടുന്ന ആപത്തുകളാണ്. ഈ ആപത്തു കാലത്തു ജനങ്ങൾക്കു കഴിയുന്ന സഹായം ചെയ്യേണ്ടതു് ഗവൺമെന്റിന്റെ ധർമ്മമാണ്. വിശേഷിച്ചും സാധുക്കളായ ആളുകൾ ഉപജീവനത്തിനു് മാർഗ്ഗമില്ലാതെ ബുദ്ധിമുട്ടുമ്പോൾ അവരെ രക്ഷിക്കുന്നതിനുവേണ്ടി ഗവൺമെന്റുഫണ്ടും ഉപയോഗിക്കുന്നില്ലെങ്കിൽ അങ്ങിനെയുള്ള ഒരു ഗവൺമെന്റുകൊണ്ടും ആ ഗവൺമെന്റിന്റെ പ്രജകളായിരിക്കുന്നതുകൊണ്ടും എന്താണു പ്രയോജനമുള്ളതു് എന്നു ഞാൻ ഗവൺമെന്റിനോടു ചോദിച്ചുകൊള്ളുന്നു. ഈ വെള്ളപ്പൊക്കത്തെ ഇതിനുമുമ്പുണ്ടായ ൧൦൯൯-ലെ വെള്ളപ്പൊക്കത്തോടു ഏകദേശം സാമ്യപ്പെടുത്താവുന്നതാണ്. ഇങ്ങിനെയുള്ള സന്ദർഭത്തിൽ ഗവൺമെന്റു എന്തെല്ലാം പ്രവർത്തിച്ചു? സാരമായ നഷ്ടങ്ങൾ എന്തെല്ലാം സംഭവിച്ചു? സാധുക്കളും പട്ടിണി കിടക്കുന്നവരും തൊഴിലില്ലാതിരിക്കുന്നവരുമായി എത്രത്തോളം ആളുകൾ ബുദ്ധിമുട്ടുന്നു? എത്ര കുടികൾ നശിച്ചു? ഗതാഗതസൌകര്യം എത്രമാത്രം ഇല്ലാതായി? ഇതിന്റെ എല്ലാം സൂക്ഷ്മസ്ഥിതി അറിഞ്ഞു അതിലേക്കു വേണ്ട നിവാരണമാർഗ്ഗം ഉണ്ടാക്കേണ്ടതു ഗവൺമെന്റിന്റെ ചുമതലയാണ്. ഇതാണു ധർമ്മം. കഴിഞ്ഞകൊല്ലത്തിൽ തെക്കൻതിരുവിതാംകൂറിൽ കാളറാ പിടിപെട്ടപ്പോൾ സർവ്വശക്തികളും ഉപയോഗിച്ചു സഹായിച്ചു. ൧൦൯൯-ലെ വെള്ളപ്പൊക്കത്തിൽ രണ്ടുലക്ഷം രൂപാ കുടികൾക്കു വേണ്ടി ചിലവിട്ടു. അതിലേക്കു ഒരു Flood Relief കമ്മററി ഏർപ്പെടുത്തി. ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും കൂടിചേർന്നു സർവ്വശക്തികളും ഉപയോഗിച്ചു സങ്കടനിവാരണത്തിനായി പരിശ്രമിച്ചു. ഇങ്ങിനെയുള്ള സന്ദർഭങ്ങളിൽ ഗവൺമെന്റു സഹായം ആവശ്യമില്ല എന്നു പറയുന്നതു വളരെ പരിതാപകരമായിട്ടുള്ളതാണ്. ഈ വെള്ളപ്പൊക്കത്താൽ സംഭവിച്ചു കഷ്ടനഷ്ടങ്ങൾക്കു് ഗവൺമെന്റു ചെയ്തിട്ടുള്ള സഹായം ആകപ്പാടേ നോക്കിയാൽ രണ്ടായിരം രൂപാ ഇതിലേക്കനുവദിച്ചു എന്നുള്ളതു മാത്രമാണ്. ഇതിൽ കൂടുതലായ യാതൊരു സഹായവും ചെയ്തിട്ടുള്ളതായി അറിയുന്നില്ല. കുട്ടനാട്ടിൽ ഉണ്ടായിട്ടുള്ള സങ്കടങ്ങളെപ്പററി ആ താലൂക്കിനെ പ്രതിനിധീകരിക്കുന്ന എന്റെ സ്നേഹിതൻ വിശദീകരിക്കുമെന്നു വിചാരിക്കുന്നു. ഈ സ്ഥലങ്ങളിൽ വെള്ളപ്പൊക്കം ഉണ്ടാകുന്ന കാലത്തു അവക്കു ദൂരദിക്കുകളിലേക്കു പോകാനിട വരാതിരിക്കത്തക്കവണ്ണവും അവക്കു താമസിക്കത്തക്ക സ്ഥിതിയിലും ഓരോ പകുതിയിലും എട്ടോ പത്തോ ഏക്കർ സ്ഥലം വെള്ളത്തിന്റെ ലെവലിൽ നിന്നും ഉയർത്തി ഇടുന്നതായാൽ അവക്കു ഈ മാതിരി വെള്ള

പ്പൊക്കത്തിൽ നിന്നും രക്ഷപ്പെടാവുന്നതാണ്. വാസ്തവത്തിൽ ചേർത്തല താലൂക്കിൽ വളരെ സാധുക്കൾ വിഷമിക്കുകയും കൂലിവേല കിട്ടാതെ കഷ്ടപ്പെടുകയും ചെയ്യുന്നു. ഇങ്ങിനെയുള്ള ആളുകൾക്കു ക്ഷാമനിവാരണത്തിനുവേണ്ടി എന്തെങ്കിലും ചെയ്യേണ്ടതാണ്. ഈ താലൂക്കിനെ വളരെക്കാലമായിട്ട ഉപേക്ഷിച്ച് ഇട്ടിരിക്കുകയായിരുന്നു. ഈ സമീപകാലത്താണ ഗവമെൻറിൻെറ ദയാദൃഷ്ടി ഈ താലൂക്കിൽ പതിഞ്ഞു തുടങ്ങിയതു്. എന്നാൽ അടുത്ത കൊല്ലത്തെ ബഡ്ജറ്റിൽ ഈ താലൂക്കിലെ പൊതുമരാമത്തുവേലകൾക്കു വേണ്ടിടത്തോളം പണം അനുവദിച്ചു കാണുന്നില്ല.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): Does he refer to the Shertallai taluk alone or to other taluks also.

MR. MURUVELIL PACHU PILLAI (*Shertallai*): പ്രത്യേകിച്ചു ചേർത്തലതാലൂക്കിനെ സംബന്ധിച്ചു പറയുകയാണ്. ഈ അവസരത്തിൽ ക്ഷാമനിവാരണ വേലകൾക്കു ഒരു ഫണ്ട് അനുവദിച്ചു ഉടനെ വേല ആരംഭിക്കണം അതു നിമിത്തം കൂലി വേലയും മററു ജോലിയും ഇല്ലാത്തവർക്കു നിത്യതയ്ക്കുള്ള ജോലികിട്ടുന്നതിനും ഇടയാകും. ഈ വെള്ളപ്പൊക്കം സംബന്ധിച്ചു ഓരോ താലൂക്കിലുള്ള തഹശീൽദാരന്മാരും അതാതു താലൂക്കിലുള്ള പ്രജാസഭമെമ്പ്രന്മാരുമായി യോജിച്ചു സാധുക്കൾക്കുണ്ടായിട്ടുള്ള കഷ്ടനഷ്ടങ്ങൾ എന്തെല്ലാമാണെന്ന് ശരിയായി അന്വേഷിക്കേണ്ടതും ആവശ്യമാണ. ഈ അന്വേഷണത്തിൽ ജനങ്ങൾക്കു എന്തെല്ലാം നഷ്ടങ്ങൾ സംഭവിച്ചു എന്നും എത്രമാത്രം ആളുകൾ കൂലിവേലകിട്ടാതെ കഷ്ടപ്പെടുന്നു എന്നും കൃഷിനഷ്ടം എത്രമാത്രം ഉണ്ടായിട്ടുണ്ടെന്നും ഏതെല്ലാം സ്ഥലങ്ങളിൽ കരംകൊടുക്കാൻ നിവൃത്തിയില്ലാതെ പോയിട്ടുണ്ടു എന്നും അന്വേഷിക്കേണ്ടതാണ്. നാലയ്യായിരം രൂപാ കരംകൊടുക്കുന്ന മിസ്റ്റർ പാറായിതരകൻ മുതൽപേർ ഈ കൃഷി നാശത്തെപ്പററി എനിക്കെഴുതിയിട്ടുണ്ടു്. ഇവയെ എല്ലാം അന്വേഷിക്കുന്നതിനു തഹശീൽദാരോ പേഷ്കാരോ റവന്യൂകമ്മീഷണരോ ആരുതന്നെ സ്ഥലത്തുവന്നു നോക്കിയാലും ഈ കൃഷിനഷ്ടങ്ങൾ ബോദ്ധ്യപ്പെടുന്നതാണ്. അതിനാൽ കൊടുക്കാൻസാധിക്കാത്ത വിധം നഷ്ടപ്പെട്ടിട്ടുള്ള കൃഷിനിലങ്ങളുടെ കരം മുഴുവനും ഇളവുചെയ്തു കൊടുക്കേണ്ടതും അത്യാവശ്യമാണ്.

PRESIDENT: Mr. Pachu Pillai, I have allowed you five minutes more than the usual time. Please don't continue.

MR. MURUVELIL PACHU PILLAI (*Shertallai*): സർ, സംഗതികളുടെ യഥാർത്ഥസ്ഥിതി മനസ്സിലാക്കി ഇതുനിമിത്തമുണ്ടായിട്ടുള്ള സങ്കടങ്ങൾ

[Mr. Muruvelil Pachu Pillai.]

ക്കെല്ലാം ശരിയായ സമാധാനമുണ്ടാക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

MR. A. C. KURIAKOSE (*Minachil cum Devicolam*): സർ, എന്റെ സ്നേഹിതൻ മിസ്റ്റർ പാച്ചുപിള്ള കൊണ്ടുവന്നിട്ടുള്ള പ്രമേയത്തെ അനുകൂലിച്ചുകൊണ്ടു എനിക്കും അല്പം പറയുവാനുണ്ടു്. നമ്മുടെ രാജ്യത്തു് അവിചാരിതമായുണ്ടായ വെള്ളപ്പൊക്കം നിമിത്തം രാജ്യത്തിൽ പല ഭാഗങ്ങളിലും വളരെ നഷ്ടം സംഭവിച്ചിരിക്കുന്നതായി അറിവായിരിക്കുന്നു എങ്കിലും ഉത്തരതിരുവിതാംകൂറിലാണു ഈ ആണ്ടിൽ വെള്ളപ്പൊക്കംനിമിത്തം അധികനഷ്ടം സംഭവിച്ചിരിക്കുന്നതു് എന്നു നിർവിവാദമാണു. മദ്ധ്യോത്തരതിരുവിതാംകൂറിലെ നഷ്ടങ്ങളെപ്പരാമർശിച്ചു മിസ്റ്റർ പാച്ചുപിള്ള തന്നെ സാമാന്യം വിശദമായിപ്പറകയുണ്ടായി. ഈ വിവരണത്തിൽ നിന്നും ഗവണ്മെന്റു പ്രസിദ്ധീകരണങ്ങളുടെ സ്വഭാവത്തിൽനിന്നും രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ ഉണ്ടായിട്ടുള്ള ഉപദ്രവങ്ങളെപ്പററി സാമാന്യം വിശദമായി ഗ്രഹിക്കാൻ കഴിയും. എന്നാൽ എന്റെ അനുഭവത്തിലും അറിവിലും പെട്ടിടത്തോളം ഈ വെള്ളപ്പൊക്കംകൊണ്ടു മീനച്ചൽ താലൂക്കിലാണു അധികം നഷ്ടമുണ്ടായിട്ടുള്ളതെന്നു എനിക്കു ധൈര്യമായിപ്പറയാൻ സാധിക്കുന്നതാണു്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): മററു താലൂക്കുകളിൽ ഉള്ളടത്തോളം ഉണ്ടെന്നു പറയാമോ?

MR. A. C. KURIAKOSE (*Minachil cum Devicolam*): എന്റെ അനുഭവത്തേയും അറിവിനേയും ആസ്പദമാക്കിയാണു കൂടുതൽ ഉപദ്രവം മീനച്ചൽ താലൂക്കിലായിരുന്നു ഉണ്ടായിട്ടുള്ളതു എന്നുപറയുന്നതു്. ഈ താലൂക്കിനേ സംബന്ധിച്ചു എനിക്കു കൂടുതൽ ശ്രദ്ധയെടുക്കുവാൻ സാധിച്ചിട്ടുണ്ടു്. എന്റെ ചുമതലയിൽ പെട്ടകൃത്യനിർവഹണത്തിൽ എന്റെ അനുഭവങ്ങളെ ആസ്പദമാക്കിപ്പറയുന്ന എന്നെ വിചാരിക്കുവാനുള്ളു.

MR. REVATI NAL RAMA VARMA RAJA (*Eduragai*): മാവേലിക്കരെ ഉണ്ടോ?

MR. A. C. KURIAKOSE (*Minachil cum Devicolam*): എനിക്കു നിശ്ചയമില്ല.

MR. V. S. KRISHNA PILLAI (*Tiruvalla*): തിരുവല്ലായിൽ ഉണ്ടോ?

MR. A. C. KURIAKOSE (*Minachil cum Devicolam*): നിശ്ചയമില്ല.

MR. V. S. KRISHNA PILLAI (*Tiruvalla*): മെംബർ തിരുവല്ലായിൽ വന്നിട്ടുണ്ടോ?

MR. A. C. KURIAKOSE (*Minachil cum Devicolam*) : തിരുവല്ലായിൽ വന്നിട്ടുണ്ട്.

MR. V. S. KRISHNA PILLAI (*Tiruvalla*): അവിടത്തെസ്ഥിതി അന്വേഷിച്ചുവോ ?

MR. A. C. KURIAKOSE (*Minachil cum Devicolam*) : തിരുവല്ലായിൽ മെംബർ ഈ കാര്യം അന്വേഷിക്കുവാൻഉള്ളതുകൊണ്ടു എന്റെ അന്വേഷണത്തിനു ആവശ്യമുണ്ടെന്നു ഞാൻ തീരെ കരുതിയിരുന്നില്ല.

MR. MURUVELIL PACHU PILLAI (*Shertallai*) : ഒാരോതാലൂക്കിലും ഉണ്ടായിട്ടുള്ളതു് അത്രമാത്രം ഗൌരവം ആയിരുന്നിട്ടില്ലാ എന്നു പറകയാണോ ?

MR. A. C. KURIAKOSE (*Minachil cum Devicolam*) : അത്രമാത്രം ഗൌരവമായിരുന്നിട്ടില്ലാ എന്നു ഞാൻപറഞ്ഞതിൽനിന്നു അൎത്ഥമാകുന്നില്ല. ഗവൺമെന്റു പ്രസിദ്ധീകരണം കൊണ്ടും മററു പ്രസിദ്ധീകരണങ്ങൾകൊണ്ടും എന്റെ താലൂക്കിനെ സംബന്ധിച്ചിടത്തോളം എനിക്കു നേരിട്ടു ലഭിക്കാൻ ഇടയായഅറിവിനെ ആസ്പദമാക്കിയുമാണു എന്റെ താലൂക്കിൽ കൂടുതൽ സങ്കടത്തിനിടയായിട്ടുണ്ടു എന്നു ഞാൻ പറയുന്നതു്. തൽസംബന്ധമായി കൂടുതൽ വിവരങ്ങൾ എന്റെ തുടൎന്നുള്ളവിവരണങ്ങളിൽ നിന്നുഗ്രഹിക്കാൻ കഴിയുന്നതാണ്.

എന്റെ താലൂക്കിൽ ഈ ആണ്ടിൽ ഉണ്ടായ വെള്ളപ്പൊക്കം ൧൦൯൯-ൽ ഉണ്ടായ വെള്ളപ്പൊക്കത്തേക്കാൾ വലുതായിരുന്നു. ൧൦൯൯-ലെ വെള്ളപ്പൊക്കത്തിൽ ഗവൺമെന്റിന്റെ കണക്കു കൊണ്ടു കാണുന്നതു ദീൎഘദിവസത്തേയ്ക്കു് വെള്ളം കെട്ടിക്കിടന്നിരുന്നുഎന്നും, തന്നിമിത്തം വലിയ ഉപദ്രവമുണ്ടായി എന്നും ആണ്.

എന്നാൽ ൧൦൯൯-ലെ വെള്ളപ്പൊക്കം കൊണ്ടു മീനച്ചൽ താലൂക്കിൽ ഉണ്ടായ നഷ്ടം താരതമ്യേന കുറവായിരുന്നു. എങ്കിലും അസാമാന്യനഷ്ടം ഉണ്ടായി എന്നും, ഗവൺമെന്റിൽനിന്നുവേണ്ടവിധം അന്വേഷിച്ചു എന്നും, പരിഹാരാൎത്ഥം പലസഹായങ്ങളും അതൎഹിക്കുന്നവൎക്കു ഗവൺമെന്റിൽ നിന്നു ലഭിച്ചു എന്നും ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ൯൯-ലെ വെള്ളപ്പൊക്കം മീനച്ചൽതാലൂക്കിൽ ൯൮-ലെ വെള്ളപ്പൊക്കത്തേക്കാൾ കുറവായിരുന്നു. ൯൮-ൽ വീടുകൾ നശിച്ചും മററും കഷ്ടത അനുഭവിച്ചവൎക്കു ഗവൺമെന്റു കുറഞ്ഞതരത്തിലെങ്കിലും ദ്രവ്യസഹായം ചെയ്കയും അവരുടെ സങ്കടത്തിൽ അനുഭാവം കാണിക്കയും ഉണ്ടായി. ഇന്നത്തെ ഭരണാധികാരികൾ ഇക്കാൎയ്യത്തിൽ

[Mr. A. C. Kuriakose.]

പ്രദർശിപ്പിച്ച നയം പ്രത്യേകതരമായിരുന്നു. മിഥുനം ൨൨-നു-യാണു വെള്ളപ്പൊക്കത്തിന്റെ പ്രാരംഭം. മഴ പെയ്തുകൊണ്ടിരുന്നു. ൨൦-നു- ശക്തിയായ മഴ തുടന്നു. അന്നു സായാഹ്നമായപ്പോഴേക്കു വെള്ളപ്പൊക്കം ഉണ്ടാകുന്നതിന്റെ സകല ലക്ഷണവും തികഞ്ഞിരുന്നു. രാത്രിയാണു വെള്ളപ്പൊക്കമുണ്ടായതു്. ശക്തിയായ പ്രവാഹവും കര കവിഞ്ഞു നാനാഭാഗങ്ങളിലേക്കും ജലത്തിന്റെ വ്യാപനവും ഉണ്ടായി. ഈ ജലപ്പെരുക്കവും പ്രവാഹവും ജനങ്ങളെ പരിഭ്രമിപ്പിച്ചു. രാത്രി ജനങ്ങൾ പേടിച്ചു നിലവിളിച്ചിരുന്നു. ധീരന്മാരും അനുകമ്പയുള്ളവരുമായ പലരുടേയും സഹായംകൊണ്ടു ആൾനാശത്തിനിടയാകാതെ ജനങ്ങളെ ഒരുതരത്തിൽ രക്ഷപ്പെടുത്തുകയുണ്ടായി. എന്നാൽ ആടു മാടുകൾ മുതലായ ജീവികളും നിരവധി ഗൃഹസാമാനങ്ങളും നഷ്ടപ്പെട്ടുപോയി. പാലാ അങ്ങാടിഉൾപ്പെടെ ഒരു മയിൽ രണ്ടുഫർലാംഗ് ദൂരത്തിനിടയ്ക്കുനിന്നുതന്നെ ൫൦ വീടുകൾ ഒഴുക്കിൽപ്പെട്ടു നശിച്ചുപോയിട്ടുണ്ടു്. ഇതിനു ഞാൻ ദൃക്‌സാക്ഷിയാണു്. ഇപ്പോൾ പോയി നോക്കുന്നതായാലും ഈ വാസ്തവം മനസ്സിലാക്കാൻ കഴിയുന്നതാണു്. നശിച്ച വീടുകളിലുണ്ടായിരുന്ന സകല ഉപകരണങ്ങളും നഷ്ടപ്പെട്ടു. അതതുസ്ഥലത്തു വളർത്തപ്പെട്ടിരുന്ന ആടു കോഴി മുതലായ ജീവികൾ നശിച്ചു. ഭവനങ്ങളിൽ ഉണ്ടായിരുന്ന ഭക്ഷണസാധനങ്ങളും പാടെ നശിച്ചുപോയി. ൨൩-നു- വെള്ളപ്പൊക്കമുണ്ടായസ്ഥലങ്ങളിൽ തഹശീൽദാർ പോയി നോക്കുകയുണ്ടായി. എന്നാൽ തഹശീൽദാർ ഗവർമെന്റിലേയ്ക്കു എന്തു എഴുതിഅയച്ചുഎന്നു എനിക്കറിഞ്ഞുകൂടാ. ഞാനും മിക്കവാറുംസ്ഥലങ്ങൾ ൨൩-ാനു- സഞ്ചരിച്ചുകണ്ടു. ദയനീയമായ ആ കാഴ്ച—പരിതാപകരമായ ആ അവസ്ഥ—ഉടൻ ഗവർമെന്റിൽ അറിയിക്കുവാൻ എനിക്കു യാതൊരുമാർഗ്ഗവുമില്ലായിരുന്നു.

മീനച്ചിൽ കമ്പിയാഫീസില്ല. ഒന്നു സ്ഥാപിക്കുവാൻ ബ്രിട്ടീഷ് ഗവർമെന്റു സമ്മതിച്ചിട്ടുണ്ടെങ്കിലും നമ്മുടെ ഗവർമെന്റിന്റെ ബോണ്ടു ലഭിക്കാതെ കിടക്കയാണു്. അഞ്ചലും തപാലും മാർഗ്ഗം തടയപ്പെട്ടിരുന്നു. അന്യപ്രദേശങ്ങളിലേക്കു പോകുക അസാദ്ധ്യമായിരുന്നു. മിഥുനം ൨൪-നു-ക്കു വെള്ളം സാമാന്യം കുറഞ്ഞു. അന്നുതന്നെ വിവരങ്ങൾ കാണിച്ചു ഞാൻ ദിവാൻജിക്കും കോട്ടയം പേഷ്കാർക്കും എഴുതിഅയയ്ക്കുകയുണ്ടായി.

എന്നാൽ ഇതുകൊണ്ടു യാതൊരു പ്രയോജനവും കണ്ടില്ല. ഗവർമെന്റു വിജ്ഞാപനത്തിൽ മീനച്ചിലെ വെള്ളപ്പൊക്കത്തെപ്പറ്റി ഒന്നും വിവരിച്ചുകാണുവാനും ഇടയായില്ല.

ജൂലൈ ൧൩-ാം ചീഫ്സെക്രിട്ടറി എന്റെപേക്കു ഒരു കമ്പി സന്ദേശം അയച്ചു. എന്നാൽ കോട്ടയത്തു വന്നിട്ടു കമ്പിസന്ദേശം സാധാരണ ഗതിയിൽ മീനച്ചിൽ വന്നുചേർന്നതു ജൂലൈ ൧൪-ാം മാത്രമാണു. അന്നാകട്ടെ ഞാൻ പേഷ്ക്കാരെ കാണാനായി കോട്ടയത്തിനു പോയിരുന്നു. പേഷ്ക്കാർ സർക്യൂട്ടിലായിരുന്നതിനാൽ കണ്ടു പറയാൻ കഴിഞ്ഞില്ല. തിരിച്ചു വന്നതിനുശേഷമാണു എനിക്കു കമ്പിസന്ദേശം കിട്ടിയതു. ജൂലൈ ൧൫-ാം ഞാൻ ചീഫ്സെക്രട്ടറിയുടെപേക്കു മറുപടി കമ്പി അയക്കുകയും താലൂക്കിൽ ഒട്ടാകെയുണ്ടായിട്ടുള്ള നഷ്ടങ്ങളുടെ ഏകദേശത്തെപ്പറ്റി അന്വേഷിച്ചു റിപ്പോർട്ടു വരുത്തണമെന്നു താലൂക്കു പരസ്പരസഹായസംഘയൂണിയനോടു അപേക്ഷിക്കയും ചെയ്തു. ജൂലൈ ൧൬-ാംക്കു ഈ വിവരങ്ങൾകാണിച്ചു ഞാൻ ചീഫ് സെക്രട്ടറിക്കു എഴുതിയിട്ടുണ്ടു.

ഇതിനിടെ ജൂലൈ ൧൯-ാം പേഷ്ക്കാർ ലാലം സത്രംവരെവന്നു. ൧൦ മിനിററിനകം തിരിച്ചുപോയി. തഹശീൽദാർ സ്ഥലത്തില്ലായിരുന്നു. ഹെഡ് അക്കൌണ്ടന്റിനെ വിളിച്ചു എന്തോ പറഞ്ഞിട്ടുപോയി എന്നാണു ഞാൻ കേട്ടതു. കാറിൽനിന്നിറങ്ങി നഷ്ടവും സങ്കടവും അനുഭവിച്ചവരുടെ സ്ഥിതി ഒന്നു നോക്കിക്കാണാനുള്ള ബുദ്ധിമുട്ടണം പോലും അദ്ദേഹം പ്രദർശിപ്പിച്ചില്ല. അന്നുതന്നെ ഞാൻ പേഷ്ക്കാരുടെ പേക്കു എഴുതി. സ്ഥലത്തു വരുന്നതായാൽ കൃത്യത്തിൽ സഞ്ചരിച്ചു നഷ്ടപ്പെട്ട സ്ഥലങ്ങൾശരിയായി കാണിച്ചുകൊടുക്കാമെന്നു ഞാൻ എഴുത്തിൽ പ്രസ്താവിച്ചിരുന്നു. മറുപടിപോലും കിട്ടിയില്ല. കർക്കടകം ൧-ാം- സ്ഥലംവിട്ടുപോയ തഹശീൽദാർ കർക്കടകം ൧൪-ാം തിരിച്ചു വന്നതായികേട്ടു. ഗവണ്മെന്റിലേക്കു എന്തു എഴുതിഅയച്ചു എന്നു യാതൊന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. കർക്കടകം ൪-ാം ഞാൻ കോട്ടയത്തു വച്ചു ദിവാൻജിയെക്കണ്ടു വിവരം പറകയുണ്ടായി. പരസ്പരസഹായസംഘയൂണിയന്റെ അന്വേഷണഫലമായ റിപ്പോർട്ടു കിട്ടിയില്ല. കിട്ടിയാൽ അതു ഗവണ്മെന്റിൽ ഉടൻ സമർപ്പിക്കുന്നതാണ്. ഉത്തരതിരുവിതാംകൂറിൽ നഷ്ടം സാരമില്ലെന്നു ആലുവായിലിരുന്ന പേഷ്ക്കാരോമറോ കമ്പിഅടിച്ചതായി ഒരു വിജ്ഞാപനത്തിൽ വായിച്ചു. ആൾനാശവും തീരെയില്ലത്രെ. ഇതു വാസ്തവവിരുദ്ധമായഅറിയിപ്പാണ്. ഉള്ളനാട്ടിൽ ഒരു ഉരുൾപൊട്ടിയുണ്ടായ ജലപ്രവാഹത്തിൽപ്പെട്ടു ഒരുസ്ത്രീയും കുട്ടിയും മരിച്ചുപോയി. അവരുടെ വീടും മൃഗങ്ങളും നാമാവശേഷമായി. അതിൽ ഇനി ൧൨ വയസ്സു പ്രായമുള്ള ഒരു ബാലൻ മാത്രമാണ്

[Mr. A. C. Kuriakose.]

ശേഷിച്ചിട്ടുള്ളത്. ഈ നാശം സംഭവിച്ച സ്ഥലത്തു ഞാനും ആറോളം സ്നേഹിതന്മാരും കൂടിപോയിരുന്നു. നാശങ്ങളുടെ സ്വഭാവത്തിനു തെളിവായി പലഫോട്ടോയും എടുപ്പിച്ചിട്ടുണ്ട്. അതു ശരിപ്പെടുത്തിക്കിട്ടിയിട്ടില്ല. കൌൺസിൽ കഴിയുന്നതിനു മുമ്പ് വന്നുചേരുമെന്നു കരുതുന്നു. തിരിച്ചുപോകുന്നതിനു മുമ്പു നിങ്ങളേവരേയും വിശദമായിക്കാണിക്കാമെന്നാണു എന്റെപ്രതീക്ഷ. വളരെഏക്കർ സ്ഥലത്തെ അനുഭവങ്ങൾ നശിച്ചുകിടക്കുന്ന ആ കാഴ്ച വളരെ ദയനീയമാണ്.

മീനച്ചിലാറിന്റെ ഇരു കരകളിലായി നെല്ല് നടുതലകൾ ഇടങ്ങിയ ആറുമാസത്തെ ഭക്ഷണദ്രവ്യങ്ങൾ ഈരാററുപേട്ട മുതൽ കിടങ്ങൂർ വരെ ൧൮ മയിൽ സ്ഥലത്തെല്ലാം മിക്കവാറും നശിച്ചുപോയി. പാലാ അങ്ങാടിയിലുള്ള ഇരു നിലക്കെട്ടിടങ്ങളുടെ മുകളിലത്തെ നില മാത്രമെ സാമാന്യമായി ജലോപരികാണുവാനുണ്ടായിരുന്നൊള്ളു. ഇത്ര ഭയങ്കരമായി ദയനീയമായി ഉണ്ടായ അവിചാരിത ആപത്തിൽ അന്വേഷിക്കുവാനും അനുകമ്പ പ്രദർശിപ്പിക്കാനും ഗവൺമെൻറിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്മാർ തയ്യാറാകാഞ്ഞതു കഷ്ടതരം തന്നെ.

കർക്കടകമാസാവസാനത്തിൽ ബഡ്ജററു രൂപീകരിക്കുന്നതുകൊണ്ട് പണം അലാട്ടചെയ്യാനുള്ള താമസം ആണ്ടിന്റെ മദ്ധ്യകാലത്തിൽ വേല തുടങ്ങുന്നതിനെഇപ്പോഴും അനുവദിക്കുന്നുള്ളു. അതിനാൽ മേടമാസത്തെ സെഷൻ ബഡ്ജററ്സെഷനായി നടത്തുന്നപക്ഷം ഈ ബുദ്ധിമുട്ട ഏറെക്കുറെ പരിഹരിക്കാവുന്നതാണ്. ൻൻ-ാമാണ്ടിൽ ഉണ്ടായ അനുഭവം ഇതിനുത്തമസാക്ഷ്യം വഹിക്കുന്നുണ്ട്. ൧൧൦൦-ൽ രണ്ടും മൂന്നും മാസം കഴിഞ്ഞിട്ടാണ് ചില ഉദ്യോഗസ്ഥന്മാക്ക ശമ്പളം കിട്ടിയത്. പക്ഷേ അതു അവിചാരിതമായി വന്ന സംഭവമാണ് എന്ന സമാധാനപ്പെടാം. ഇതു ഗവണ്മെൻറിന്റെ ആലോചനയിൽ കൊണ്ടുവരുന്നതിനുവേണ്ടി മാത്രം പറഞ്ഞു എന്നേയുള്ളു.

പിന്നീടുവേറെ ഒരു സംഗതിപറയാനുള്ളതു ബഡ്ജററിലെകണക്കുകളെപററിയാണ്. ൧൦൩-ലെകണക്കും ൧൦൪-ലെ എസ്റ്റിമേററും റിവൈസ്ഡ്എസ്റ്റിമേററും ൧൦൫-ലെ എസ്റ്റിമേററും ഇങ്ങനെ ർ കാളം കൊടുത്തിട്ടുണ്ട്. ഇതോടുകൂടി ൧൧൦൩-ലെ റിവൈസ്ഡ എസ്റ്റിമേററു കൂടികൊടുത്താൽ ഞങ്ങൾക്ക താരതമ്യവിവേചനം ചെയ്തു പഠിക്കാൻഎളുപ്പമുണ്ട്. അപ്രോപ്രിയേഷൻ റിപ്പോർട്ട ഉണ്ടെങ്കിലും മനസ്സിലാക്കാൻ കുറെ വിഷമമാണ. ബഡ്ജററിൽ നീക്കിവച്ചിട്ടുള്ള തുകകൾ അതാതിനുപയോഗിച്ചോ എന്നുസൂക്ഷ്മമായി കണ്ടുപിടിക്കാൻ സാധിക്കുന്നില്ല. അതു ഗവണ്മെൻറു മേധാവികൾക്കുതന്നെ വിഷമമുള്ള ഒന്നാണ്. അതിനാൽ അടുത്ത ആണ്ടത്തെ ബഡ്ജററു തയാറാക്കുമ്പോൾ ഈ സംഗതിയിൽ ശ്രദ്ധിക്കുമെന്ന വിശ്വസിക്കുന്നു.

[Mr. L. R. Raja Raja Varma Koil Tampuran.]

എനിക്ക പല സംഗതികളും പറയാനുണ്ടെങ്കിലും സമയദൌർല്ല ഭ്യം നിമിത്തം അധികം പറയുന്നില്ല. എങ്കിലും ഒന്നു രണ്ടു സംഗതികൾ കൂടി പറഞ്ഞുകൊള്ളട്ടെ എനിക്കപ്രധാനമായിട്ടു പറയാനുള്ളതു കൃഷി, ഡവലപ്പുമെൻറു ഡിപ്പാർട്ടുമെൻറസ് ഇവയെപ്പററിയാണ്. ഇതിനെ സംബന്ധിച്ചു പലരും ഇവിടെ സംസാരിച്ചുകഴിഞ്ഞു. ഞാൻ അവരോടു പൂർണ്ണമായിയോജിക്കുന്നു. ഇപ്പോഴത്തെ ബഡ്ജററിൽ കൃഷിഡിപ്പാർട്ടുമെൻറിനു പ്രത്യേകിച്ചും, ഡവലപ്പുമെൻറു ഡിപ്പാർട്ടുമെൻറിനു പൊതുവേയും അനുവദിച്ചിരിക്കുന്ന തുക തുലോംതുഛമാണ്.

ഡവലപ്പുമെൻറു ഡിപ്പാർട്ടുമെൻറിലുള്ള മൂന്നു മെമ്പർമാക്കു ഇവിടെ സ്ഥാനം കൊടുത്തിട്ടുണ്ടെന്നൊഴികെ ഗവണ്മെൻറു ഈ ഡിപ്പാർട്ടുമെൻറുകളെ വകവച്ചിട്ടുണ്ടോ എന്നുതന്നെ സംശയമാണ്. തിരുവിതാംകൂറിന്റെ അഭിവൃദ്ധിക്കഏററവും പ്രധാനമായസംഗതി ഡവലപ്പുമെൻറു ഡിപ്പാർട്ടുമെൻറുകളുടെ വർദ്ധനവാണ്. ഇന്നിവിടെ സംസാരിച്ച മെമ്പർമാരെല്ലാം ഇവിടത്തെ വരവു വർദ്ധിപ്പിക്കുന്നതിനു നിർദ്ദേശിച്ച മാർഗ്ഗം ഡവലപ്പുമെൻറുഡിപ്പാർട്ടുമെൻറുകളെ പോഷിപ്പിക്കണമെന്നുള്ളതാണ്. അതിനാൽ അതിലേക്ക കൂടുതൽ പണംവിനിയോഗിക്കണമെന്നു ഞാനും ബലമായിഅഭിപ്രായപ്പെടുന്നു.

അതുപോലെതന്നെ മെഡിക്കൽഡിപ്പാർട്ടുമെൻറിനെപററി ഒരു വാക്ക പറയാതിരിക്കാൻ നിവൃത്തിയില്ല. ഇപ്പോൾ ആശുപത്രികളുടെനടത്തിപ്പിൽവളരെ പരാതികൾ കേട്ടുവരുന്നുണ്ടു. കാരണമെന്തായിരുന്നാലും മെഡിക്കൽബോർഡു നിൎത്തണമെന്നു ഇവിടെ ഒരു പ്രമേയം പാസായതു നടപ്പിൽവരുത്തി വേണ്ട ജാഗ്രതകൾ ചെയ്യുന്നതിനുപുറമെ ഇവിടത്തെ ജനറൽ ആശുപത്രിയെ പരിഷ്കരിക്കേണ്ടതായിട്ടുമുണ്ടു. ഓരോ വിഷയത്തിൽ പ്രത്യേകപാണ്ഡിത്യം സിദ്ധിച്ചിട്ടുള്ള വിദഗ്ദ്ധന്മാരെ ഓരോ സ്ഥലങ്ങളിലേക്ക അയക്കുന്നതുനിമിത്തം അവക്കു ശരിയായി ജോലിചെയ്യാൻസാധിക്കാതെവരുന്നു. സീനിയാറിററിമാത്രംകൊണ്ടു ഒരാളിന്റെ കീഴിൽ ജോലിചെയ്യണമെന്നു പറയുന്നതു വലിയ കഷ്ടമാണ്. അതിനാൽ ബ്രിട്ടീഷ്ഇൻഡ്യയിലുള്ളതുപോലെ ഓരോവിഷയത്തിലും പ്രത്യേകം പാണ്ഡിത്യം സിദ്ധിച്ചിട്ടുള്ളവക്കു ഇൻഡിപെൻഡൻറുചാർജ്ജു കൊടുത്തു എല്ലാപേരുംകൂടി ഒന്നിച്ചു ജനറൽആശുപത്രിയിൽ വേലചെയ്യുന്നതായിരിക്കും നല്ലതു.

MR. MATTHEW MURIKKAN (*Vaikam*): അങ്ങിനെയുള്ള ഡാക്കുർമാർ ഇപ്പോൾമററു സ്ഥലങ്ങളിൽ ജോലിചെയ്യുന്നതായിട്ടറിയാമോ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): ചിലരെയെല്ലാം എനിക്കറിയാം. ഞാൻ ഒരാളിനെ സംബന്ധിച്ച വ്യക്തിപരമായിട്ട പറയുകയില്ല. ഓരോ വിഷയങ്ങളിലും വിദഗ്ദ്ധ പാണ്ഡിത്യമുള്ളവർ നിശ്ചയമായിട്ടും ജനറൽ ആശുപത്രിയിൽ തന്നെ ജോലിചെയ്യണം. മദ്രാസ് മുതലായ വിദേശങ്ങളിൽ പോകാതെതന്നെ ഇവിടത്തെ രോഗികൾക്ക ഇവിടംകൊണ്ടുതന്നെ രക്ഷ കിട്ടണം.

വേറെ ചില സംഗതികൾകൂടി മെഡിക്കൽ ഡിപ്പാർട്ടുമെന്റിനെ പററി എനിക്ക പറയാനുണ്ട്. അതിലേക്ക കട്മോഷൻസ് അയച്ചിട്ടുള്ളതുകൊണ്ട് അതു വരുമ്പോൾ പറയുന്നതായിരിക്കും കുറെക്കൂടി നല്ലതെന്നു തോന്നുന്നു. ഇപ്പോൾ പല ദിക്കുകളിൽ നിന്നും ആശുപത്രികൾ സ്ഥാപിച്ചുതരണമെന്നു അപേക്ഷകൾ വന്നുകൊണ്ടിരിക്കുന്നുണ്ട്. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ ആശുപത്രിസ്ഥാപിക്കാൻ പുറപ്പെടുന്നതിൽ ഭേദം "പാനൽസിസ്റ്റം" ഏർപ്പെടുത്തുന്നതു നന്നായിരിക്കും. ഇതിനെപ്പററി ഗവണ്മെൻറു മെമ്പർക്ക നല്ലവണ്ണം അറിവുള്ളതുകൊണ്ടു ഞാൻ ഇപ്പോൾ വിശദീകരിക്കുന്നില്ല. ആയുർവേദാശുപത്രികൾക്കും ഈ സിസ്റ്റം ഏർപ്പെടുത്തുന്നതു ഗ്രാൻറുകൊടുക്കുന്നതിനെക്കാൾ വളരെ നന്നായിരിക്കും.

കഴിഞ്ഞ ആണ്ടത്തെ ബഡ്ജററിൽ ആഡിററിലുള്ള ന്യൂനതകൊണ്ട് പല കുഴപ്പങ്ങളും ഉണ്ടായിട്ടുണ്ടെന്നു മി: കെ. പി. നീലകണ്ഠപിള്ള ഇവിടെ പ്രസ്ഥാപിക്കയുണ്ടായി. അതു മേലാലെങ്കിലും വരാതെ സൂക്ഷിക്കുന്നതിനു വേണ്ട ഏർപ്പാടു ചെയ്യേണ്ടതാണ്.

റെയിൽവേയെ സംബന്ധിച്ച പലതും കഴിഞ്ഞതവണയും ഇത്തവണയും ഇവിടെ പ്രത്യക്ഷമാക്കി. അതിൽ ഗവണ്മെൻറു എന്തെങ്കിലും പ്രവർത്തിച്ചിട്ടുണ്ടോ എന്നറിയുന്നില്ല. ഇതിനെ പററികുറെക്കൂടി നിഷ്കർഷയായിട്ട നോക്കേണ്ടതത്യാവശ്യമാണ്.

ഇനിഒരു സംഗതികൂടി പറയാനുണ്ട്. ഈ നാട്ടിൽ ഉണ്ടാകുന്ന "ടിഞ്ചറിനു" ഈയിടെ ഒരു നികുതി ചുമത്തീട്ടുള്ളതായിട്ടുകാണുന്നു. തന്നിമിത്തം ഇംഗ്ലണ്ടിൽനിന്നും വരുത്തുന്നതിനെക്കാൾ ഇവിടത്തെ ടിഞ്ചറിനു വില കൂടിയിരിക്കുന്നു. ഇതിനെ പററി എന്റെ ഒരു സ്നേഹിതൻ പൂർണ്ണവിവരങ്ങൾ അറിയിച്ചിട്ടുള്ളതു ഇവിടെ പ്രസ്താപിക്കുന്നു. കുടിക്കാൻ ഉപയോഗിക്കുന്നതിനല്ലാതെ ആൽക്കഹോൾ കൊണ്ടുണ്ടാക്കിയതുമാത്രംകൊണ്ടു ഒരു സാമാനത്തിനു കരം ചുമത്താൻ പാടില്ല. ആസ്ഥിതിക്ക ഔഷധത്തിന്നായി മാത്രം ഉപയോഗിക്കാവുന്ന സാധനങ്ങൾക്ക നികുതി

[Mr. L. R. Raja Raja Varma Koil Tampuran.]

ചുമത്തുന്നതു തെററാണ്. ഇതിനെ സംബന്ധിച്ചു എനിക്കു കിട്ടിയിട്ടുള്ള എഴുത്തിലെ ഭാഗം ഇവിടെ വായിക്കാം.

"An importation duty of Rs. 3-5-6 per bottle of Indian liquor is now charged at the customs. Indian tinctures and medicinal preparations which can never be used as portable spirits are included as Indian liquor and hence now are charged customs as Indian liquors.

	Indian tinctures		*English tinctures.*	
	Former price.	Present price.	Former price.	Present price.
Digitates	2-10-0	5-15-6	3-12-0	3-12 0
Hyoscyanus	1-13-0	4-2-6	3-0-0	3-0-0

Thus the Indian enterprise is killed by the duty. This ought to go. In other words non-portable medicinal tinctures (Indian) should be free from duties."

ഇങ്ങനെ ഒരു നികുതി ഏർപ്പെടുത്തിയിരിക്കുന്നതു ഈ നാട്ടിൽ ഇങ്ങനെയുള്ള സാമാനങ്ങൾ ഉണ്ടാക്കാൻ പാടില്ലെന്നു തടയുന്നതുപോലെ തോന്നുന്നു. തിരുവിതാംകൂറിൽ ഇങ്ങനെ ഒരു നിയമം ഉണ്ടാക്കുന്നതു ഒട്ടും ആശാസ്യമല്ല. ബ്രിട്ടീഷുഇൻഡ്യയിൽ ഏതുവിധം ചെയ്താലും അതിനെ അനുകരിച്ചേതീരു എന്നുള്ള നിർബ്ബന്ധമില്ലല്ലൊ. ഈ വക സംഗതികൾ ഗവൺമെൻറിൻെറ ഗാഢമായ ശ്രദ്ധയ്ക്കു വിഷയീഭവിക്കുമെന്നു വിശ്വസിക്കുന്നു.

MR. MURUVELIL PACHU PILLAI (*Shertallai*): സർ, നിയമസഭയുടെ നിരൂപണത്തിന്നായി ഫിനാൻഷ്യൽ സെക്രട്ടറി സമർപ്പിച്ചിട്ടുള്ള ബഡ്ജററ് ഒട്ടുംതന്നെ അഭിനന്ദനയോഗ്യമാണെന്നു എനിക്കു തോന്നുന്നില്ല. ഈ രാജ്യത്തിൻെറ ഐശ്വര്യത്തിനും ജനങ്ങളുടെ ക്ഷേമത്തിനും നിദാനമായിട്ടുള്ള യാതൊരു ഇനത്തിലേക്കും ബഡ്ജററിൽ പണം ചേർത്തിട്ടുള്ളതായിട്ടു കാണുന്നില്ല. ജനങ്ങളിൽനിന്നും ഈടാക്കാനുള്ള കരം പിരിക്കയും അതിൻെറ സിംഹഭാഗവും ഉദ്യോഗസ്ഥന്മാരുടെ ശമ്പളങ്ങൾക്കും പടിവകയ്ക്കും മററുമായി ചിലവു ചെയ്കയും മിച്ചമുള്ളതു ഒരുപയോഗവുമില്ലാതെ സൂക്ഷിക്കുകയും ചെയ്യുന്ന സാധാരണപതിവനുസരിച്ചു ഈ ബഡ്ജററും രൂപീകരിച്ചിട്ടുള്ളതായി കാണുന്നു.

സർ, ലോകത്തിൽ എവിടെ നോക്കിയാലും സകല പരിഷ്കൃത ഗവൺമെൻറുകളും ജനങ്ങളുടെ ധനസ്ഥിതി വർദ്ധിപ്പിക്കുന്നതിനും അവരെ ജീവിതായോധനത്തിൽ വിജയം നേടുന്നതിനു പ്രാപ്തന്മാരാക്കുന്നതിനും സദാ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നതായി കാണാം. നമ്മുടെ ഗവൺമെൻറാകട്ടെ അങ്ങനെയുള്ള നടപടികൾ ഒന്നും അറിഞ്ഞഭാവംപോലും കാണിക്കുന്നില്ല. ഇവിടെ ആദ്യമായിട്ടു ഗവൺമെൻറിൻെറ ശ്രദ്ധപതിയേണ്ടതു് ജനങ്ങളുടെ ധനസ്ഥിതി നന്നാക്കുന്നതിനാണ്. ഇതിലേക്കു ജനങ്ങളുടെസ്ഥിതി ഇപ്പോൾ എങ്ങിനെയിരിക്കുന്നു എന്നുള്ളതു

ന്നെ ആദ്യമായി അന്വേഷിക്കണം. ഇവിടെ ഒരാളിന്റെ ശരാശരി വരുമാനം എന്തുണ്ടെന്നു പറയാൻ ഒരു ശരിയായ കണക്കില്ല. അതറിയുന്നതിനു വേണ്ടിയാണു് ഒരു സാമ്പത്തീക നിർണ്ണയം നടത്തണമെന്നു ഈ കൌൺസിൽവഴി ഒരു പ്രമേയം പാസ്സാക്കിയതു്. ഏറ്റവും അത്യാവശ്യമായ ആ സംഗതിയിൽ ഗവൺമെൻറു എന്തെങ്കിലും പ്രവൎത്തിക്കയോ, അതിനെ സംബന്ധിച്ചു എന്തെങ്കിലും നടപടി നടത്താൻ ഗവൺമെൻറു ഉദ്ദേശിക്കയോ ചെയ്യുന്നതായിട്ടു ബഡ്ജറ്റുകൊണ്ടു കാണുന്നില്ല. അതുപോലെതന്നെയാണു ഭൂസ്വത്തുജാമ്യബാങ്കു കാൎയ്യവും. ഇവിടം കൃഷിപ്രധാനമായ ഒരു രാജ്യമാണു്. വിദ്യാഭ്യാസത്തിന്നായിട്ടു ഇവിടെ ഒരു വമ്പിച്ചതുക ചിലവിടുന്നുണ്ടെങ്കിലും വാസ്തവത്തിൽ ഇവിടത്തെ വിദ്യാഭ്യാസം ഒരു മനുഷ്യനെ ശരിയായ വിധം ജീവിതം നയിക്കാൻ പ്രാപ്തനാക്കുന്നില്ല. ഇവിടത്തെ വിദ്യാഭ്യാസപദ്ധതി കൊണ്ടുള്ള പ്രയോജനം സൎക്കാർ ഉദ്യോഗത്തിനു മാത്രമാണു്. ഈ സ്ഥിതിക്കു മാററം വരണമെങ്കിൽ ഇന്നത്തെ വിദ്യാഭ്യാസപദ്ധതി ഉടച്ചു വാൎക്കണം. ഇതിനെ സംബന്ധിച്ചു പ്രജാസഭയിലും ശ്രീമൂലം നിയമസഭയിലും പല നിവേദനങ്ങളും ഉണ്ടായിട്ടുണ്ടു്. ഗവൺമെൻറു പലപ്പോഴും അതിനനുകൂലമായ അഭിപ്രായവും പുറപ്പെടുവിച്ചിട്ടുണ്ടു്. ഇപ്പോഴത്തെ വിദ്യാഭ്യാസരീതി മാററുന്നതിനു ഗവൺമെൻറു വല്ലതും ആലോചിക്കുന്നുണ്ടോ എന്നുള്ളതും ഈ ബഡ്ജറ്റുകൊണ്ടു കാണുന്നില്ല. ഇതിൽനിന്നും മനസ്സിലാക്കേണ്ടതു ഈ പദ്ധതി തന്നെ തുടൎന്നു കൊണ്ടു പോകണമെന്നാണു് ഗവൺമെൻറു വിചാരിക്കുന്നതെന്നാണു്. ഇവിടെ ബി. ഏ. യോ ബി. എല്ലോ പാസ്സായ യുവാക്കന്മാർ ധാരാളമുണ്ടു്. എല്ലാവൎക്കും ഉദ്യോഗം കൊടുക്കാൻ ഗവൺമെൻറിനു സാധിക്കാത്തനിലയിൽ ഉദ്യോഗങ്ങളുടെ എണ്ണം അത്ര പരിമിതമാണു്. Unemployment Committee യുടെ റിപ്പോൎട്ടുകൊണ്ടു ഇവിടെയുള്ള വ്യവഹാരത്തിന്റെ സംഖ്യ ൧൨ ശതമാനമേ വൎദ്ധിക്കുന്നുള്ളു എന്നും നേരെമറിച്ചു വക്കീലന്മാരുടെ സംഖ്യ ൫൦ ശതമാനം വൎദ്ധിച്ചു വരുന്നു എന്നും കാണാം. അതു കൊണ്ടു വക്കീലുദ്യോഗം നിൎവ്വഹിച്ചു ഉപജീവനം കഴിക്കുന്നതിനും പ്രയാസമാണു്. തന്നിമിത്തം ഇവിടത്തെ തൊഴിലില്ലായ്മ വൎദ്ധമാനമായി യുവാക്കന്മാരുടെയിടയിൽ വേരുറച്ചു വരുന്നു. പരീക്ഷാവിജയികളല്ലാത്തവരുടെയിടയിലും തൊഴിലില്ലായ്മ ധാരാളമായിട്ടുണ്ടു്. ഈ നിലക്കു ഒരു പരിഹാരമുണ്ടാക്കണമെങ്കിൽ കൃഷി വ്യവസായം അഭിവൃദ്ധിപ്പെടുത്താതെ തരമില്ല. അതിലേക്കു ഗവൺമെൻറു എന്തു ചെയ്യാൻ പോകുന്നു എന്നു ബ

[Mr. Muruvelil Pachu Pillai]

ഡ്ജററുകൊണ്ടു കാണുന്നില്ല. ഇവിടത്തെ കൃഷിക്കാർ വാസ്തവത്തിൽ ദരിദ്രരാണ്. യഥാർത്ഥകൃഷിക്കാർക്കു അതിലേക്കു വേണ്ട ഉപകരണങ്ങളാകട്ടെ അതിനുള്ള മൂലധനമാകട്ടെ ഇല്ല. അവർ നാൾക്കുനാൾ ക്ഷയിച്ചു വരികയാണ് എന്നു ഡിപ്പാർട്ടുമെൻറുകാർ തന്നെ പ്രസിദ്ധപ്പെടുത്തുന്ന കണക്കുകൊണ്ടു കാണാം. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടുകൊണ്ടു കഴിഞ്ഞ കൊല്ലത്തിൽ ഭൂസ്വത്തുടമസ്ഥന്മാരായ കൃഷിക്കാർ ഏകദേശം ൻ ലക്ഷം രൂപായുടെ ഭൂസ്വത്തു കൈമാററം ചെയ്തിരിക്കുന്നതായിട്ടു കാണുന്നതു വാസ്തവത്തിൽ വളരെ പരിതാപകരമായ നിലയെയാണുകാണിക്കുന്നതു്. ഈ നിലക്കു കഴിയുകയാണെങ്കിൽകൃഷിക്കാരുടെവസ്തു ഒരു നിശ്ചിതകാലത്തിനകം നിശ്ശേഷംനശിച്ചുപോകും. ഈ കൃഷിക്കാരുടെ ബുദ്ധിമുട്ടിനെ പരിഹരിക്കാനുള്ള ഏകോപായം ഭൂസ്വത്തുജാമ്യബാങ്കിൻെറ സ്ഥാപനമല്ലാതെ മറെറാന്നുമില്ല. ഇതിനെസംബന്ധിച്ചു ഒരുപ്രമേയം ഈ കൌൺസിലിൽ തന്നെ പാസ്സാക്കിയതിനുംപുറമേ വെളിയിൽനിന്നും അനേകംപരസ്പരസഹായ സംഘക്കാരും ഇതേ പ്രമേയം പാസ്സാക്കി ഗവണ്മെൻറിലേക്കയച്ചിട്ടുണ്ടെങ്കിലും ആ സംഗതി ഗവണ്മെൻറിൻെറ ആലോചനക്കു വിഷയമായിട്ടുള്ളതായിട്ടു കാണുന്നില്ല. ജനങ്ങൾക്കത്യന്താപേക്ഷിതമായ കൃഷിമരാമത്തു, ഭൂസ്വത്തു ജാമ്യ ബാങ്കു, ആശുപത്രി ഇങ്ങനെയുള്ള വിഷയങ്ങൾക്കു പണം ചിലവു ചെയ്യുന്നതിനു ഗവണ്മെൻറു കടമപ്പെട്ടിട്ടുള്ളവരാണ്. തീവണ്ടി, വാട്ടർസപ്ലൈ എലക്ട്രിസിററി,ഇങ്ങനെയുള്ള റീ പ്രൊഡക്റ്റീവ് ജോലികൾക്കു വേണ്ടി മൂലധനത്തിൽനിന്നും ഗവണ്മെൻറു പണം ചിലവു ചെയ്തു കാണുന്നുണ്ടു്. അതു അന്യായമാണ്. ഗവണ്മെൻറിനു ആദായം ഉണ്ടാകുമെന്നുള്ള സംഗതികൾക്കെല്ലാം പണം കടം വാങ്ങിചിലവുചെയ്യണം. സാധാരണപരിഷ്കൃതഗവണ്മെൻറുകൾ ചിലവു കഴിച്ചുമിച്ചംവരുന്ന സംഖ്യകൊണ്ടു എത്രരൂപായുടെ പലിശ കൊടുക്കാൻ സാധിക്കുമോ അത്രയും രൂപാ കടം വാങ്ങി റീ പ്രൊഡക്റ്റീവ് വർക്കിനായിട്ടു ചിലവാക്കുകയാണ് ചെയ്തുവരുന്നതു. മൂലധനത്തിൽനിന്നും ജനങ്ങൾക്കു കുറേക്കൂടി പ്രയോജനമുള്ള ജോലികൾ ചെയ്യുന്നതിനുവേണ്ടിമാത്രമേ പണം ഉപയോഗിക്കാവൂ. ഇങ്ങനെ ജനങ്ങൾക്കു പൊതുവെ അത്യാവശ്യമായ പുതിയപുതിയ പദ്ധതികൾ ഒന്നുംതന്നെ ബഡ്ജററിൽ കാണുന്നില്ല.

റീപ്രൊഡക്റ്റീവ് വർക്സ് ആവശ്യംതന്നെ. പക്ഷേ ഗവണ്മെൻറു അതിലേക്കു കണ്ടു പിടിച്ചിരിക്കുന്ന വഴി പൊതുമരാമത്തു വേലകൾക്കാ

ട്ട നീക്കിവെച്ചിരിക്കുന്ന പണത്തിൽനിന്നും എടുത്തു ചിലവാക്കുക എ ള്ളതാണ്. അതു ആക്ഷേപകരമാണ്.

ഗതാഗതസൌകര്യത്തിനുവേണ്ടി ബഡ്ജററിൽ ചേർത്തിട്ടുള്ള സം കഴിഞ്ഞ കൊല്ലത്തെ അപേക്ഷിച്ച് വളരെ കുറവായിട്ടാണു കാണു ന്നു്. ചേർത്തലതാലൂക്കിൽതന്നെ കഴിഞ്ഞകൊല്ലം ഏകദേശം ഒരുലക്ഷ താളം രൂപ ഗതാഗതസൌകര്യത്തിനായിട്ടു ചേർത്തിരുന്നു. ഇത്തവണ തിയ വേലകൾക്കായി ഗണ്യമായസംഖ്യ ഒന്നുംതന്നെചേർത്തുകാണുന്നി എന്നാൽ ഏതെങ്കിലും ഒരു തോതിനെ ആസ്പദമാക്കിആണ്ടോടാണ്ടു ഗതങ്ങൾക്കു പണം ചിലവാക്കിയാൽ നന്നായിരിക്കും. ഒന്നുകിൽ താതുതാലൂക്കിൽനിന്നും കിട്ടികൊണ്ടിരിക്കുന്ന ആദായംഅനുസരിച്ചു തിൻെറ ഒരു ശതമാനം ആ താലൂക്കിലെ ഗതാഗതസൌകര്യത്തിനു ലവു ചെയ്യണം. അല്ലെങ്കിൽ ആകെ പൊതുമരാമത്തു ഡിപ്പാർട്ടു ൻറിലേക്കു ചിലവു ചെയ്യുന്ന പണത്തെ ജനസംഖ്യ അനുസരിച്ചു വീ ച്ചു ചിലവു ചെയ്യണം. ആകെ ൪൦ ലക്ഷം രൂപാ ഈഇനത്തിലേ ചിലവു ചെയ്യുവരുന്നുണ്ടു്. ഇവിടത്തെ ജനസംഖ്യ കണക്കനുസരി ഒരാൾക്കു ഒരു രൂപാ വീതം ചിലവു ചെയ്യാം. അങ്ങിനെയാണെ ൽ അതാതു താലൂക്കിലെ ജനസംഖ്യയനുസരിച്ചുള്ള തുക കിട്ടിയാലും ി. ചേർത്തലതാലൂക്കിനെ ഗവണ്മെൻറു വളരെകാലമായിട്ടു ഉപേ ിച്ചിട്ടിരിക്കയായിരുന്നു. ഇപ്പോൾ ചിലറോഡുകൾ വെട്ടീട്ടുണ്ടു്. ന്നാൽ ആരംഭിച്ച റോഡുകൾതന്നെ ഇനിയും പൂർത്തിയാകാതെ കിട ന്നു. ഗവണ്മെൻറിൻെറ ഈ നിർദ്ദയമായ പെരുമാററവും ആക്ഷേ ിയോഗ്യമത്രേ.

എൻെറ ചിലസ്നേഹിതന്മാർ പറഞ്ഞതുപോലെ റാക്ക്ഫെല്ലർ ഫൌണ്ടേഷൻ സ്കീമിനു ൬൫,൦൦൦ രൂപാ ആവശ്യപ്പെട്ടതിൽ ൦,൦൦൦ രൂപാ മാത്രമേ ബഡ്ജററിൽ ചേർത്തു കാണുന്നുള്ളൂ. ൫,൦൦൦ രൂപതന്നെ ആവശ്യപ്പെട്ടതെന്തിനു്? ആ സ്കീം എന്താ ?വാസ്തവത്തിൽ ൬൫,൦൦൦ രൂപഅനുവദിച്ചുകൊടുക്കേണ്ടതാണൊ? തിൽ ൧൫,൦൦൦ രൂപാ ലാഭം പിടിച്ചതു ഏതുദ്ദേശത്തിന്മേലാ ? ഈ സംഗതികളെ പററി ഒരഭിപ്രായം പറയുവാൻ ആ സ്കീം കാ ാതെ ഞങ്ങൾക്കു നിവൃത്തിയില്ല. ആ സ്കീം എന്താണെന്നു അറിയുന്ന ന ആറു മാസത്തിനു മുമ്പെ തന്നെ ഞാൻ അതിനെപ്പററി ചോദ്യം യച്ചിരുന്നു. ഇനിയും അതിനു മറുപടികിട്ടിയിട്ടില്ല. ഇപ്പോൾഇതിനേ ററി കട്മോഷനും അയച്ചിട്ടുണ്ടു്. അതുകൊണ്ടു ഇതിനെപ്പററി വാദ തിവാദംനടത്തുന്നതിനുമുമ്പായി ആ സ്കീം ഇന്നതാണെന്നു ഞങ്ങളെഅ

[Mr. Muruvelil Pachu Pillai.]

റിയാച്ചാൽകൊള്ളാം. തിരുവിതാംകൂറിൻെറനന്മയ്ക്കായിട്ടാണു റാക്ക്ഫെല്ലർഫൌണ്ടേഷൻ ഇവിടെവന്നതെന്നുള്ളതിനു യാതൊരുസംശയവുമില്ല. അവരെ വേണ്ടവിധം പ്രോത്സാഹിപ്പിക്കയും സഹകരിക്കയും ചെയ്യേണ്ടതാണ്. അതിനു വിപരീതമായിട്ടു ൧൫,൦൦൦ രൂപാ അവർ ആവശ്യപ്പെട്ടതിൽ നിന്നും ൪൫,൦൦൦ രൂപ കുറച്ചതു ഒട്ടുംനന്നായില്ല.

ഇനിപറയാനുള്ളതു ഉദ്യോഗത്തിൽ ആളുകളെ നിയമിക്കുന്നതിനെ പററിയാണ്. ഉദ്യോഗ നിയമനം കാലാകാലങ്ങളിൽ ശരിയായവിധത്തിൽ സർവീസും അവകാശവും നോക്കികൊടുക്കുന്നില്ലെന്നുള്ള പരാതിധാരാളമുണ്ടു്. ഇവിടെ നടക്കുന്നതു ഉദ്യോഗത്തിനു ആരം നിയമിക്കുക എന്നുള്ളതല്ല. നേരെ മറിച്ചു ആളിനു ഉദ്യോഗം സൃഷ്ടിക്കഎന്നുള്ളതാണ്. ഇതു നിമിത്തം സമുദായങ്ങൾ തമ്മിൽ മത്സരത്തിനു ഇടയാകുന്നു. അതിനും ക്ലിപ്തമായ ഒരു തോതു ഗവണ്മെൻറു സ്വീകരിച്ചിട്ടില്ല. ചിലപ്പോൾ എഫിഷ്യൻസിനോക്കി കൊടുക്കുന്നു. ചിലപ്പോൾ സമുദായപ്രാതിനിധ്യത്തെ അടിസ്ഥാനപ്പെടുത്തി കൊടുക്കുന്നു. ഇതിലേക്കു എന്താണു ഒരു പ്രമാണമായിഗവണ്മെൻറു സ്വീകരിക്കുന്നതെന്നുള്ളതിനു ഒരു നിശ്ചയവുമില്ല. യഥാൎത്ഥം തുറന്നുപറയുകയാണെങ്കിൽ ഇതാരുടേയും കുററമല്ല. ഒരധികാരിയാൽ മാത്രം ഭരിക്കപ്പെടുന്ന സ്വേച്ഛാധികാരത്തിൻെറ ചിഹ്നങ്ങൾ ആണ്. ഇവയെല്ലാം ഈ നിലയേ ഭേദപ്പെടുത്തണം. രാജ്യഭരണ കാൎയ്യത്തിൽ ജനപ്രതിനിധികൾക്കു കൂടുതലായഅവകാശവും സ്വാതന്ത്ര്യവും നൾകണം. അങ്ങിനെയുള്ള ഒരു ഭരണരീതി അചിരേണ ഇവിടെ നടപ്പിലാകുന്നതിനു സംഗതി വരട്ടെ എന്നു മാത്രം പറഞ്ഞുകൊണ്ടു എൻെറ പ്രസംഗം ഇവിടെ അവസാനിപ്പിക്കുന്നു.

MRS. ELIZABETH KURUVILA (*Nominated*): I wish to say a few words on the Budget which has been placed before the House. I do not claim to be a financial expert. But in going through the Budget it appeared to me that the policy of Government was just to keep the machinery of Government going and merely to carry on the already existing work of the Government. I think that the Budget of a State would indicate not merely the allotment of money to various works but it would be also an indication of the general programme of the Government for the year; but it was very disappointing in going through the Budget for this year, to find that the general programme of the State for the next year was going to be very much the same as in previous years.

s not a forward looking and forward moving programme, especially ıg lines of social advance. I wish only to indicate a few of these. It been expressed in this House many times in unmistakable terms ıt the general feeling of the people in this State is with regard to the ject of prohibition. The attitude of the Government on this matter been most disappointing. I do not wish to go into the evils of ık on the social, physical and moral welfare and happiness of people. I do not think that the Government would for instant try to gainsay any of these points. Such being the case, the vernment can be offered no congratulations on its large income from source. It is tainted money. I am aware that sanction has been ən in certain places like Changanacherry for the experiment local option. But until Government make it clear that their cy is gradually to decrease the drink traffic until it is altogether lished from this State,until this is clearly expressed to the people, ı experiments can have little permanent influence. I would have d to see a good proportion of this revenue being used for propaganda ·k against drink to educate the people against the evils of drink. ıt work has been taken up in Madras and in other places: and it is hly necessary that Government should co-operate with the strongly ressed desire of the people.

Then, with regard to education, a laudable amount of money is ıg spent year after year. But one would wish to see it expended along ıain lines to better advantage. One matter of special interest to was the very slight amount of money-indicative of perhaps the ht attention it has received from the Education Department and vernment—that has been allotted for the development of child educa- ı. In many countries in the west and elsewhere in India all kinds xperiments and methods of child education are being tried along this for the development and education of the child mind before the ordi- y school standard. On going through the Budget I found a sum of 100 set apart for Kindergarten work. Without further explanation an be seen how little attention has been paid to this highly impor- t part of educational work.

Then with regard to the encouragement of reading and the eading of ideas on the right kind of education among the children teachers. I found a very negligible sum set apart for books periodicals and magazines. One would wish to see an cient, up to date Teacher's Journal subsidised or run by the vernment for the education of teachers. A very much larger amount ;ht to be set apart for the encouragement of reading in schools, both artmental and private. The Education Department ought to take a more up to date programme. Many methods are being tried in these s in other parts of the world; and in a State where education has ead to such a large extent one would expect, that more experiments ıld be tried along the lines of making this education of real benefit he children and the State. I may say that the serious problem of mployment may, to a large extent, be solved by putting our educa- ıal system on a sounder basis.

[Mrs. Elizabeth Kuruvila.]

As regards the problem of unemployment, which was referred to by several speakers yesterday, I only wish to refer to the unemployment among women. I shall perhaps be calling down upon myself the wrath of some of my sisters when I say what I strongly feel on this subject, namely, that it would greatly relieve this stress of unemployment among women, if unmarried women were given preference to married women in Government appointments. The only basis that Government ought to recognise in the matter is the basis of economic necessity, of course, with due regard to qualifications. In the higher appointments, very few married women work because of financial necessity. There are social reasons for this as well, which I do not propose to go into now. Therefore Government should make it a point to give preference to unmarried women applicants against married women applicants. I refer specially to the higher services.

Then as regards the Medical Department I shall have to say more about it when we come to the discussion on the department itself. But I have to say something here in connection with the supply of medicines. During the last year, half a lakh of rupees more was allotted for the supply of medicines to the hospitals. That showed that the department was to a certain degree aware that the supply of medicines in the hospitals was goving out before the close of the year. The department might have gone further into the matter and seen whether even that half a lakh was sufficient for medicines in hospitals, because, as I know, and other members have also mentioned, the supply of medicines has gone out before the end of the year. In several hospitals the patients were either denied the medicines as they had run short of them or were provided only with feeble mixture of water. A mere investigation might have resulted in allotting a more adequate amount for the supply of medicines.

Then with regard to medical relief for women, I am most surprised to find that in an enlightened State like Travancore, the extent of medical relief for women should be in such a backward stage. It is four years since a scheme was sent up to the Government with regard to further developing the Medical Relief for women, and I understand that nothing has come out of it so far.

I shall have to speak on this subject later, when the Budget for the Medical Department comes up for discussion. There is a very great need for more medical reief in rural areas. Through lack of proper communication and other reasons, many parts of the State are cut off from proper medical aid. If the Government had been more conscious of this they might havegone to their relief and established more rural dispensaries and appointed midwives and nurses and if possible, doctors to go into the rural areas and visit the villages regularly and attend to the people in distress.

A few years ago I think the subject of the depressed classes was taken up by the Government, and a Depressed Classes' Protector was appointed. I am not aware how far the work of the Depressed Classes

Protector has gone to benefit that class. I have not seen any report of his work. One would expect to see that this State would be ready to discharge its duties and devote its attention to this less fortunate section of its people who also are subjects of Her Highness. They have held several conferences and the Government officers should have attended them and studied the needs of these people and helped them in every possible way. The social welfare of the State always reacts favourably on economic advancement. Most of the speeches made here have been on the economic welfare and prosperity of the State. I realise that it is the responsibility of the public also and not merely of the Government, if we want to progress in social reform. But wherever public opinion is lagging behind, it is the duty of the Government to lead the way advising and directing and supporting the public in every possible way to alleviate these great needs of the people, and to increase the welfare and prosperity of the State.

MR. A. C. KURIAKOSE (*Minachil* cum *Devicolam*) : സർ, ഇപ്പോൾ നിരൂപണത്തിനു വിഷയമായിരിക്കുന്ന ബഡ്ജററ് തൃപ്തികരമായ നിലയിൽ ആയിരിക്കുന്നില്ലെന്നു പറയേണ്ടിവന്നതിൽ വളരെ മനസ്താപമുണ്ട്. ഏതാനും വർഷങ്ങളായിട്ടുരാജ്യത്തിൻെറ വരവിനങ്ങൾതൃപ്തികരമായും അതിൽ നിന്നും സാരമായ ഒരു സംഖ്യമിച്ചമായും കാണുന്നു എന്നുള്ളതു സന്തോഷകരമാണ്. ൧൧൦൯-ൽ ൨൪ ലക്ഷം രൂപാ മിച്ചം വന്നു. ൧൧൦൪-ൽ ൨൦ ലക്ഷംരൂപാമിച്ചം വരുമെന്നു പ്രതീക്ഷിക്കുന്നു. വർഷത്തിൻെറ ആദ്യത്തിൽ ഒരു ബഡ്ജററ്സംഖ്യ കണക്കാക്കി രാജ്യത്തിൻെറ നാനാഭാഗങ്ങളിലെ വിവിധമായവിഷയങ്ങളിൽ ധനവിനിയോഗം ചെയ്യണമെന്നു ഗവമ്മെൻറു വ്യവസ്ഥചെയ്യുമ്പോൾ, ൪-൦ ൯-൦ ലക്ഷം രൂപ മാത്രം ബഡ്ജററിൽ മിച്ചമിരിക്കുന്നതായിട്ടാണു കാണുന്നതു്. അങ്ങിനെ വരുന്നതായ മിച്ചം ഇടയ്ക്കുണ്ടാകുന്ന അപ്രതീക്ഷിതമായ ചിലവുകൾക്കു വിനിയോഗിക്കുന്നു എന്നാണു സങ്കല്പം എന്നത്രേ സാധാരണ വിശ്വസിക്കേണ്ടതു്. വർഷാവസാനത്തിൽ കാണുന്ന ഈ മിച്ചം എങ്ങിനെ ഉണ്ടാകുന്നു എന്നുള്ള അന്വേഷണത്തിൽ ബഡ്ജററിൽ നിശ്ചയിച്ചിരിക്കുന്ന ഓരോ ഇനങ്ങൾക്കും വേണ്ടതുപോലെ പണം വിനിയോഗിക്കാതെ വന്നിട്ടുള്ള ബാക്കിയാണു ഈ വലിയ സംഖ്യയായി പരിണമിക്കുന്നതു എന്നുകാണാൻ കഴിയും. ഈസംഖ്യകൂട്ടിമൂലധനത്തിലേക്കു കൂട്ടിച്ചേക്കയാണുചെയ്യുന്നതു്. ൧൧൦൯-ൽ ൧൩൪ ലക്ഷം രൂപ മൂലധനമായി ഉണ്ടായിരുന്നതു ൧൧൦൪ അവസാനത്തിലാകുമ്പോൾ ൧൩൧ ലക്ഷമായി കുറയാൻ ഇടയുണ്ടെന്നും കാണുന്നു. അതിനാൽ പ്രതിവർഷം കാണുന്ന

[Mr. A. C. Kuriakose].

തായ മിച്ചം മൂലധനത്തെ വർദ്ധിപ്പിച്ചുകൊണ്ടല്ലാവരുന്നതു എന്നു സ്പഷ്ടമാണ്. ഇതിൽനിന്നും ഒരു തുകമറെറാരു ഇനത്തിനു ചിലവാകുന്നു എന്നുള്ളതു പ്രത്യക്ഷംതന്നെ. ആണ്ടോടാണ്ടു രാജ്യത്തിൻെറ പ്രത്യേകമായ ആവശ്യത്തിനു അവശ്യം സ്ഥാപിച്ചേതീരു എന്നുള്ള ചില സ്ഥാപനങ്ങൾക്കായി, എന്നാൽ, അവയുടെപരിപൂർണ്ണമായ വളർച്ചയിൽ അല്ലെങ്കിൽ പൂർണ്ണനിലയിൽ ഇത്രആദായംവരത്തക്കവണ്ണമുള്ള പദ്ധതിയാണ് എന്നുള്ള സങ്കല്പത്തിൽ, ഗവണ്മെൻറു ഉപയോഗിച്ചുപോരുന്നതായ മൂലധനം മററുപ്രകാരത്തിൽ സൂക്ഷിക്കണം എന്നോ കെട്ടിവയ്ക്കേണമെന്നോഎനിക്കഭിപ്രായമില്ല. തിരുവനന്തപുരംപട്ടണത്തിൽ തന്നെ അടുത്തഒരു വർഷത്തിലേക്കു മാത്രമായി മൂലധനത്തിൽ നിന്നു ൨൫ ലക്ഷത്തിൽ പരം രൂപാ ചിലവു വരുന്നതായ വേലകൾ നിർവഹിക്കാൻ പോകുന്നു എന്നു കാണുന്നു. ൧൯൨൧ ലെ ജനസംഖ്യ കണക്കനുസരിച്ചു തിരുവനന്തപുരം പട്ടണത്തിൽ ആകെ ജനസംഖ്യ ൭൨൭൮൪ ആണ്. കഴിഞ്ഞപ്രജാസഭയിൽ ദിവാൻജി ചെയ്തതായപ്രസംഗത്തിൽ രാജ്യത്തിലെ ജനസംഖ്യ ഒട്ടാകെ ൪൪ ലക്ഷം വരുമെന്നു പ്രസ്താവിച്ചിരിക്കുന്നു. ൧൯൨൧-ലെ ജനസംഖ്യകണക്കനുസരിച്ചു ൪൦ ലക്ഷം ജനങ്ങളുള്ളതായ തിരുവിതാംകൂർ രാജ്യത്തിൽ ഇപ്പോൾ സ്വാഭാവികമായ വർദ്ധനകൊണ്ടു് ൪൪ ലക്ഷം ജനങ്ങൾ ഉണ്ടെന്നുള്ളതു ഒരിക്കലും അബദ്ധമല്ല. ഈ ൪൪ ലക്ഷം ജനങ്ങൾ അധിവസിച്ചു പോരുന്ന രാജ്യത്തിൽ ൧൯൨൧-ൽ ൭൨ ആയിരത്തിൽ ചില്വാനം ജനങ്ങൾ മാത്രമേ തിരുവനന്തപുരം പട്ടണത്തിൽ ഉണ്ടായിരുന്നുള്ളു. സ്വാഭാവികമായ വർദ്ധനകൊണ്ടും, സാധാരണ ആളുകൾ നാട്ടിൻപുറങ്ങളിൽ നിന്നു വന്നുകൊണ്ടും പോയിക്കൊണ്ടും ഇരിക്കാറുള്ളതു കൊണ്ടും, ഇപ്പോൾ തിരുവനന്തപുരം പട്ടണത്തിൽ ഒരു ലക്ഷം ജനങ്ങൾ ഉണ്ടെന്നു സങ്കല്പിക്കാം. ഈ അവസരത്തിൽ തന്നെ ൪൩ ലക്ഷം ജനങ്ങളും തിരുവിതാംകൂറിലെ നാനാഭാഗങ്ങളിൽ ആണു അധിവസിക്കുന്നതെന്നുള്ളതു ഗവണ്മെൻറു വിസ്മരിക്കരുതാത്തതാണു. അങ്ങിനെയാണെങ്കിൽ തിരുവിതാംകൂറിലെ ൪൪ ലക്ഷം ജനങ്ങളിൽ നിന്നും ഭൂനികുതിയായും മററും പ്രതിവർഷം ഗവണ്മെൻറിനു ലഭിച്ചു കൊണ്ടിരിക്കുന്നതായ മുതൽ അവരുടെ സംരക്ഷണത്തിന്നായി വിനിയോഗിക്കാതെ, വ്യാപകമായവിധത്തിൽ ഔദാര്യപൂർവ്വമായി പ്രാദേശികങ്ങളായ ആവശ്യങ്ങളെ നിർവഹിക്കുന്നതിനു വിനിയോഗിക്കാതെ, ഒരു പദ്ധതി തുടരുന്നതു ഭൂഷണമല്ലെന്നു ഗവണ്മെൻറു സദയം ആലോചിക്കേണ്ടതാണ്.

The Council rose for lunch at 2 p. m. and reassembled at 2-30. p. m.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): സർ, മൂലധനത്തിൽ നിന്നും ഒരു തുകഎടുത്തു. പ്രയോജനകരങ്ങളായ വേലകൾ നിർവ്വഹിപ്പിച്ച്, രാജധാനി പട്ടണത്തിന്റെ വലുതായ ആവശ്യങ്ങളെ നിറവേററുകയെന്നുള്ളതു്. രാജ്യത്തിന്റെ പൊതു വിഷയമല്ലായ്കയല്ല എന്നു ഞാൻ സമ്മതിക്കുന്നു. ഇതു രാജ്യവാസികൾക്കു പൊതുവിൽ സമ്മതമായ കാര്യമാണു്. എന്തു കൊണ്ടെന്നാൽ, രാജ്യത്തിന്റെ നാനാ ഭാഗങ്ങളിൽനിന്നും, രാജ്യത്തിലെ വിവിധപട്ടണങ്ങളിൽ നിന്നും വന്നുചേരുന്ന ആളുകളുടെ സുഖസൌകര്യങ്ങൾക്കും കൂടി പര്യാപ്തമായിട്ടുള്ള വേലകളാൽ രാജധാനി പട്ടണത്തെ പലതരത്തിൽ മേന്മപ്പെടുത്തുകയും, കൂടുതൽ സൌകര്യപ്രദമാക്കുകയും ചെയ്യുന്നതു് ഏററവും ശ്രേയസ്കരമാണെന്നുള്ളതിനു തക്കമില്ല. ആകയാൽ ആ നടപടിയെപ്പററി എനിക്കു യാതൊരാക്ഷേപവുമില്ല. എന്നാൽ രാജ്യത്തിന്റെ നാനാഭാഗങ്ങളിലേക്കും അതാതു വർഷത്തെ വരവിൽ നിന്നു അതാതു, വർഷം ചിലവാക്കാനായി നിശ്ചയിക്കുന്ന തുക—അല്പം മാത്രമായിട്ടു നിശ്ചയിക്കാറുള്ള തുക—അതാതു വർഷത്തിൽ ചിലവാക്കി കാര്യം നിർവ്വഹിക്കുന്നതിൽ എന്താണു പ്രതിബന്ധം എന്നു എനിക്കു തീരെ മനസ്സിലാകുന്നില്ല. രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും പ്രതിവർഷം ഇവിടെ വന്നു കൊണ്ടിരിക്കുന്ന ജനപ്രതിനിധികൾ—പ്രജാസഭയിലേയും നിയമസഭയിലേയും സാമാജികന്മാർ—ഒരു പോലെ പ്രാദേശികങ്ങളായ ആവശ്യങ്ങളെപ്പററി ഗവണ്മെന്റിനെ പ്രബോധിപ്പിക്കാറുണ്ടു്. എന്റെ താലൂക്കിൽ നിന്നും പ്രതിവർഷം രണ്ടു പ്രജാസഭാ മെമ്പർമാർ വന്നു കൊണ്ടിരിക്കുന്നു. അവർ ഓരോ സമയത്തും ലഭിക്കുന്നതായ പരിമിതമായ സമയം കൊണ്ടു ആ താലൂക്കിലെ വിവിധ ഭാഗങ്ങളിലേയും ആവശ്യങ്ങളെ ഗവണ്മെൻറിനെ അറിയിക്കുന്നു. പലേ കാര്യങ്ങൾ ഏകകാലത്തിൽ ഗവണ്മെൻറിനെ ധരിപ്പിച്ചാൽ അവ എളുപ്പം ചെയ്തു തീർക്കാൻ പ്രയാസമാണു്. പ്രധാനമായ ഏതാനും കാര്യങ്ങൾ പറഞ്ഞാൽ അവ സാധിച്ചു തരുന്നതിനു കഴിയുന്നതും ജാഗ്രതചെയ്യാം. എന്നിങ്ങനേയും മററും മറുപടി പറഞ്ഞിട്ടുള്ള സന്ദർഭങ്ങൾ ഈ കൂട്ടത്തിൽ പലതും ഉണ്ടു്. ഗവണ്മെൻറിന്റെ വാഗ്ദാനത്തിൽ വിശ്വസിച്ചു ഇങ്ങിനെ ഗവണ്മെൻറിനെ പ്രത്യേകാവശ്യങ്ങൾ ധരിപ്പിച്ചിട്ടുള്ള അവസരങ്ങൾ പലതും കഴിഞ്ഞു പോയി. ഈ ഇനത്തിൽപെട്ട അത്യാവശ്യവേലകളുടെലിസ്റ്റ് വേണമെങ്കിൽ ഇവിടെ വായിക്കാം. പക്ഷേ അങ്ങ

[Mr. A. C. Kuriakose.]

നെ വായിച്ചു ഇവിടെ സമയം കളയണമെന്നു ഞാൻ വിചാരിക്കുന്നില്ല.

ആകെക്കൂടെ ഈ അണ്ടത്തെബഡ്ജററിൽ മീനച്ചിൽ താലൂക്കിൽപുതിയ വേലകൾക്കായി നിർദ്ദേശിച്ചിരിക്കുന്ന രൂപായുടെ തുക ൪൦൦൦ ആണു്. ഈ ൪൦൦൦ രൂപാ കൊണ്ടു ഒന്നേമുക്കാൽ ലക്ഷം ജനങ്ങൾ അധിവസിച്ചു വരുന്ന ഒരു പ്രദേശത്തു (ഇതു ൧൯൨൧-ലെ കണക്കനുസരിച്ചാണു്) സ്വാഭാവികമായ വദ്ധന കൊണ്ടു ന്യായമായി ഇപ്പോൾ രണ്ടു ലക്ഷം ജനങ്ങൾ അധിവസിച്ചു വരുന്നു എന്നു വിശ്വസിക്കാവുന്നതായ മീനച്ചിൽ-താലൂക്കിൽ തിരുവിതാംകൂറിലെ മുതലെടുപ്പുള്ള താലൂക്കുകളുടെ കൂട്ടത്തിൽ ഒട്ടും പിന്നോക്കമല്ലാത്ത മീനച്ചിൽ താലൂക്കിൽ-പുതിയ വേലകൾക്കായി നീക്കിവച്ചിരിക്കുന്ന ഈ തുഛമായ തുകകൊണ്ടു ജനങ്ങളുടെ ആവശ്യം ഭംഗിയായി നിർവ്വഹിച്ചു എന്നഭിമാനിക്കുവാനോ, ഏതെങ്കിലും വേല പറയത്തക്ക നിലയിൽ നടത്തുവാനോ കഴിയുന്നതാണോ എന്നു സംശയമാണു്. അനുവദിച്ചിട്ടുള്ള തുകതന്നേയും പുതിയ വേലകൾക്കല്ലതാനും. ഒരു രണ്ടായിരം രൂപാ ളാലം തൊടുപുഴ റോഡിൽ ൧ മുതൽ മൂന്നു മയിൽ വരുന്ന ഭാഗം റീ മെററൽ ചെയ്യുവാനാണു നിശ്ചയിച്ചിരിക്കുന്നതു്. ബാക്കിയുള്ള തുകയാകട്ടെ അതിരമ്പുഴ-ളാലം റോഡിൽ ൪-ാം മയിലിനു ശേഷമുള്ള ഭാഗങ്ങളിൽ വഴി വിസ്താരപ്പെടുത്തുവാനാകുന്നു. ഇതു പുതിയ വേലകളല്ലല്ലോ. ൧൦൯൭-ൽ ളാലം-തൊടുപുഴ റോഡു മെററൽ ചെയ്യുമ്പോൾ അതു വളരെ മോശമായ നിലയിൽ ആയിരിക്കുന്നു എന്നു ഞാൻ പ്രജാസഭാമെമ്പരുടെ നിലയിൽ ചീഫ് എൻജിനീയൎക്കു എഴുതി അയക്കയുണ്ടായി. എന്നാൽ എക്സിക്യൂട്ടിവു എൻജിനീയർ വേല ശരിയായിട്ടാണു നടക്കുന്നതു് എന്നു എഴുതിയിരിക്കുന്നതായി എനിക്കു മറുപടി കിട്ടുകയാണുണ്ടായതു്. ഈമറുപടിക്കു ശേഷം വീണ്ടും ഞാൻ ചീഫ് എൻജിനീയരുടെ പേൎക്കു എഴുതി അയച്ചു അതു ഏകദേശം ഇതിന്മണ്ണമായിരുന്നു:

"കീഴിലുള്ള ഉദ്യോഗസ്ഥന്മാർ പറയുന്ന അഭിപ്രായങ്ങളെ വിശ്വസിക്കാതിരിക്കരുതു്. അങ്ങിനെ വിശ്വസിക്കാതിരുന്നാൽ ഡിപ്പാർട്ടുമെൻറു കാൎയ്യങ്ങൾ നടത്തിക്കൊണ്ടു പോകുവാൻ പ്രയാസമാണു്. എന്നാൽ ജനപ്രതിനിധി എന്ന നിലയിൽ എൻെറ അഭിപ്രായവും വിശ്വസിക്കത്തക്കതും വിശ്വസിക്കേണ്ടതുമാണു്. പിന്നെ ചീഫ് എൻജിനീയരുടെ ഇഷ്ടം പോലെ ചെയ്യാം എന്നേ യുള്ളൂ. കീഴുദ്യോഗസ്ഥന്മാർ

മേലധികാരികളെ ധരിപ്പിക്കുന്ന സംഗതികളുടെ വാസ്തവ സ്ഥിതി മനസ്സിലാക്കണമെന്നുണ്ടെങ്കിൽ സ്ഥലംവന്നു സന്ദർശിച്ചെങ്കിൽ മാത്രമേ അതു സാധിക്കയൊള്ളു." ഈ ലററിനു മറുപടിയുമില്ല. മേൽ നടപടിയുമുണ്ടായില്ല. ഇപ്പോൾ റീമെററലിംഗിനു പണം അനുവദിക്കേണ്ടിവന്നിരിക്കുന്നു. പിന്നീടു ളാലം- അതിരമ്പുഴ റോഡിനെ വിസ്താരപ്പെടുത്താനാണ് ൨,൦൦൦ രൂപാ അനുവദിച്ചിട്ടുള്ളതു്. ഇത്ര ശുഷ്കമായ നിലയിലാണ് രാജ്യത്തിലെ ഓരോ താലൂക്കുകളിലും നൂതനമായ വേലകൾക്കു പണം അനുവദിച്ചിട്ടുള്ളതു് എന്നു പറയേണ്ടിവന്നതിൽ ലജ്ജയും വ്യസനവുമുണ്ടു്. പരമാത്ഥത്തിൽ ഇത്തരത്തിൽ ഒരു ബഡ്ജററു എവിടെയെങ്കിലും ഉണ്ടോ എന്നു സംശയമാണ്. മീനച്ചിൽ താലൂക്കിലേക്കു എന്റെ നേരിട്ടുള്ള പരിചയം കൊണ്ടു പലപ്പോഴും ഗവണ്മെൻറു വാഗ്ദാനം ചെയ്കയും ചിലപ്പോൾ പണം അനുവദിക്കയും ചെയ്തിട്ടുള്ളതല്ലാതെ അവിടെ ഉദ്ദേശിക്കുന്ന വേലകൾ നടക്കുന്നില്ലെന്നു വ്യസനസമേതം ഈ സദസ്സിൽ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ൨൦ കൊല്ലമായിട്ടു അനേകം ജനങ്ങൾ ഗവണ്മെൻറിലേക്കു വിവിധവിഷയങ്ങളെപ്പററി ചെയ്തിട്ടുള്ള അപേക്ഷകളേയും നിവേദനങ്ങളേയും സംബന്ധിച്ചു എന്തു നടപടി നടത്തിഎന്നു ഞാൻ ചോദിച്ച ചോദ്യത്തിനു ഗവണ്മെൻറു അവയെപ്പററി ആലോചിക്കുന്നു എന്നു മറുപടി കിട്ടി. മീനച്ചിൽ താലൂക്കിൽ ഒരു പാലത്തിനു ൪,൭൦൦ രൂപാ അനുവദിച്ചിരിക്കുന്നു എന്നു ചീഫ് സെക്രട്ടറി ഒരു ഉത്തരവയച്ചിട്ടു മാസം ൩ കഴിഞ്ഞിരിക്കുന്നു എങ്കിലും കടനാട്ടു പാലത്തിന്നായി അനുവദിച്ചിട്ടുള്ള പ്രസ്തുതസംഖ്യപോലും ബഡ്ജററിൽ കൊള്ളിച്ചിട്ടില്ല. കോട്ടയം എക്സിക്യൂട്ടീവ് ഡിവിഷനെപ്പററി പറയുകയാണെങ്കിൽ മെയിൻററനൻസ് ഇനത്തിൽ കഴിഞ്ഞവഷത്തെക്കാൾ ഏഴായിരത്തിലധികം രൂപാ കുറച്ചു് അനുവദിച്ചിട്ടുള്ളതായിട്ടാണ് കാണുന്നതു്. പഴയ പണികളുടെ അററകുററം തീത്തു സംരക്ഷിക്കയെന്നുള്ളതാണല്ലോ മെയിൻററനൻസിന്റെ ഉദ്ദേശം. ഒരു എക്സിക്യൂട്ടീവ് ഡിവിഷനിലെ മെയിൻററനൻസു ചിലവിന് ഏഴായിരത്തിൽ ചില്വാനം രൂപാ കുറച്ച് അനുവദിച്ചിരിക്കുന്നു എന്ന് പറയുമ്പോൾ കോട്ടയത്തെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറു എന്തു് തത്വമാണ് അംഗീകരിച്ചിരിക്കുന്നതെന്ന് മനസ്സിലാകുന്നില്ല. പ്രതിവഷം പുതിയ വേലകൾ നടന്നു കൊണ്ടിരിക്കുന്നു എങ്കിൽ മെയിൻററനൻസ് ഇനത്തിലും പണം കൂടുതൽ അനുവദിച്ചുകൊണ്ടിരിക്കണം. അങ്ങിനെ നടക്കുന്നില്ലാത്തതുകൊണ്ടാണ് മെയിൻററനൻസിന്റെ ചിലവുകുറക്കാൻ കഴിയുന്നതു്, ഇതിന്റെ പ്രത്യക്ഷഫലം

[Mr. A. C. Kuriakose.]

ഉള്ളതും ക്രമേണ മോശമാകുകയെന്നുള്ളതാണ. എല്ലാതാലൂക്കുകളിൽ നിന്നുംജനപ്രതിനിധികൾ അറിയിക്കുന്ന നിവേദനങ്ങളെ കേട്ട് അതാതു താലൂക്കിലെ ആവശ്യങ്ങളെ നിവ്വഹിക്കാൻ വരവിൽ നിന്നും ശരിയായ ഒരോഅംശം അനുവദിച്ചു കൊടുക്കണമെന്നുള്ള ഒരു തത്വം അംഗീകരിച്ച് അതിന്നനുരൂപമായ ഒരു ബഡ്ജററ് തയാറാക്കുന്നപക്ഷം ജനങ്ങളുടെ സങ്കടം പരിഹരിക്കപ്പെടുന്നതിനും അവൎക്ക് ആഹ്ളാദമായിട്ട് കഴിച്ചുകൂട്ടുന്നതിനും ഇടവരുമായിരുന്നു. പൊതുമരാമത്തു് വിഷയത്തെപ്പററി ദീൎഘമായി പറഞ്ഞുകൊണ്ടിരുന്നാൽ അതിൽ സംബന്ധപ്പെടാത്തതും അത്യാവശ്യമായതുമായ മററു പലസംഗതികളും പറയാൻ അവസരം കിട്ടുകയില്ല. അതുകൊണ്ടു ചുരുക്കമായി പറയാനുള്ളതു് ഉത്തരതിരുവിതാംകൂറിലേക്ക് പൊതു മരാമത്താവശ്യത്തിന്നനുവദിക്കുന്നതുക വൎഷാവസാനത്തിൽ ലാപ്സായിപ്പോകാതെ അതാതു വേലകൾ നടത്തുന്നതിന് ഉപയോഗിക്കണമെന്നുള്ള സംഗതി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ വരണം എന്നുമാത്രം ആകുന്നു. രാജധാനിയെ സംബന്ധിച്ചുള്ള കാൎയ്യം എങ്ങിനെയും ഇരിക്കട്ടെ. മുൻസിപ്പാലിററി പട്ടണങ്ങളുടെ അതൃത്തിക്കകത്തുള്ള വേലകൾ നടത്തുന്നതിന് ആ മുൻസിപ്പാലിററിയെ തന്നെ ചുമതലപ്പെടുത്തിക്കൊടുക്കുന്നപക്ഷം ഡിപ്പാൎട്ടുമെൻറുദ്യോഗസ്ഥന്മാൎക്ക് മററു വേലകൾ നടത്താൻ കുറെക്കൂടി കൂടുതൽ സൌകൎയ്യം ലഭിക്കും.

തിരുവിതാംകൂറിലെ പൊതുവെയുള്ള വരവിൽ മൂന്നിലൊരുഭാഗം പടിയും ശമ്പളവുമായിട്ട് പോകുന്നുണ്ട്. ബാക്കിയുള്ളതിൽ അഞ്ചിലൊരുഭാഗത്തിലധികം വിദ്യാഭ്യാസത്തിനായിട്ടു് ചിലവാക്കിവരുന്നു. പിന്നീട്ട് പരിമിതമായ ഒരു സംഖ്യമാത്രമെ ബാക്കിയുള്ളു. കൃഷിഡിപ്പാൎട്ടുമെൻറിന് രണ്ടു ലക്ഷം രൂപാതികച്ചു അനുവദിച്ചു കാണുന്നില്ല. ഉദ്യോഗസ്ഥന്മാരുടെ ഉപദേശം കൊണ്ടും ഡിപ്പാൎട്ടുമെൻറുകാരുടെ പ്രവൎത്തനം— മാതൃകായോഗ്യമായ പ്രവൎത്തനം—കൊണ്ടും ആ ഡിപ്പാൎട്ടുമെൻറു കൃഷിക്കാരെ ധാരാളം സഹായിക്കേണ്ടതായിട്ടുണ്ടെന്നുള്ളതു ഒരു പരമാൎത്ഥംമാത്രമാണ്. അങ്ങിനെയുള്ള ഒരു ഡിപ്പാൎട്ടുമെൻറിലേക്കു അനുവദിച്ചിരിക്കുന്നതുകയൊ തുച്ഛം. അതിൻവണ്ണം തന്നെ വ്യവസായ ഡിപ്പാൎട്ടുമെൻറിലേക്കു കൂടുതൽ പണം അനുവദിക്കുകയും വ്യവസായോൽക്കൎഷത്തിനു ഉതകുന്നതായപദ്ധതികൾ രൂപീകരിക്കുകയും ചെയ്താൽ രാജ്യത്തിൽ പല തരത്തിലുള്ള ഐശ്വൎയ്യങ്ങൾ വൎദ്ധിച്ചുവരുന്നതാണ്. ഒരു കാലത്തു ഈ നാട്ടുകാൎക്ക് കച്ചവടത്തിൽ താല്പൎയ്യമില്ലാതിരുന്നപ്പോൾ അന്യരാജ്യത്തിൽ നിന്നും കച്ചവടക്കാരെ വരുത്തി തുറമുഖങ്ങളിൽ താമസിപ്പിച്ചു കച്ചവടം

നടത്തിക്കയും അവരെക്കണ്ടു ഈ നാട്ടുകാർ ക്രമേണ കച്ചവടത്തിൽ വൈദഗ്ദ്ധ്യം സമ്പാദിക്കുകയുംചെയ്തു. അതുപോലെതന്നെ നെയ്ത്തിൽ ആളുകൾക്കു താല്പര്യമില്ലാതിരുന്നപ്പോൾ അന്യനാട്ടിൽ നിന്നും നെയ്ത്തുകാരെവരുത്തി ഇവിടെയുള്ള ജനങ്ങളെ പരിശീലിപ്പിച്ചു.

ഇവിടത്തെ വനങ്ങളെ സംരക്ഷിക്കുന്നതിന് പാശ്ചാത്യരാജ്യങ്ങളിൽ പോയി പാണ്ഡിത്യം സമ്പാദിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാർ ഉണ്ടെങ്കിലും അവർയാതൊരു പരിഷ്കാരവും ചെയ്തിട്ടില്ലഎന്നുള്ളതു് സ്പഷ്ടമാണ്. ഈ വനങ്ങളിലുള്ള മുളമുതലായ വ്യവസായപരമായിട്ടു ഉപയോഗപ്പെടുത്താവുന്ന സാധനങ്ങൾ കാലാകാലത്തുള്ള അന്വേഷണക്കുറവു നിമിത്തം തീപിടിച്ചു് നശിച്ചുപോകുന്നുണ്ട്. ഇതിൽ നിന്നും ആദായം കിട്ടത്തക്കവണ്ണമുള്ള ഒരു പദ്ധതി ഡിപ്പാർട്ടുമെൻറിൽ നിന്നും രൂപീകരിക്കേണ്ടതാണ്.

ജപ്പാൻ മുതലായ രാജ്യങ്ങളിൽ നിന്ന് ഈ രാജ്യത്തിലേക്ക് നല്ല വിദഗ്ദ്ധന്മാരെ വരുത്തിത്താമസിപ്പിക്കണം. അവരെക്കൊണ്ടു് ശരിയായ വ്യവസായങ്ങൾ നടപ്പിൽ വരുത്തിക്കണം. ജനങ്ങൾ അതുകണ്ടു് ആ മാർഗ്ഗത്തിൽ പ്രവർത്തിച്ചുതുടങ്ങുമ്പോൾ രാജ്യത്തിൻെറ ശ്രേയസ്സു വളരെ വർദ്ധിക്കും. ഈവക ആവശ്യത്തിന് മൂലധനത്തിൽ നിന്നും ഒരു തുക മുടക്കുന്നപക്ഷം ഇവിടെ എന്തെല്ലാം വ്യവസായങ്ങൾ നടത്താൻ കഴിയും എന്നുശരിയായ സ്വരൂപം ഉണ്ടാകും. തീപ്പെട്ടി വ്യവസായം തന്നേ ഇവിടെഎത്രഭംഗിയായിട്ടു് നടത്താം. കടലാസിനുപയുക്തമായ പേപ്പർപൾപ്പ് എത്ര ലഘുവായും സുലഭമായും ഉണ്ടാക്കാമെന്നുള്ളതു് ഗവണ്മെൻറു ശ്രദ്ധിച്ചിട്ടേ ഇല്ല.

വനം വക ഡിപ്പാർട്ടുമെൻറിൽ നിന്ന് ഒരുതുക ആണ്ടുതോറും വരുന്നതായി കാണുന്നു. അതിനെ സംബന്ധിച്ചിടത്തോളം എനിക്കു പറയാനുള്ളതു് ഗവണ്മെൻറ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നാട്ടിൻ പുറങ്ങളിലുള്ള കുടിവക പുരയിടങ്ങളിൽ നില്ക്കുന്നതേക്കു് ഈട്ടി മുതലായവൃക്ഷം അല്ലങ്കിൽ രാജകീയവൃക്ഷങ്ങൾ വെട്ടിയിറക്കി അതിൽ നിന്നും കിട്ടുന്ന ആദായം കൂടി ചേർത്തിട്ടാണ് ഇപ്പോഴത്തേ ഫാറസ്റ്റ് റവന്യൂ ആയിട്ടു് കാണിക്കുന്നതു്. അഞ്ചോ ആറോവഷം കഴിയുമ്പോൾ കുടിവക പുരയിടങ്ങളിൽ നില്ക്കുന്ന രാജകീയ വൃക്ഷങ്ങളിൽ നിന്നും കിട്ടുന്ന ആദായം കുറഞ്ഞുപോകും. പിന്നീടു തുച്ഛമായ ഒരുതുകയെ കാണുകയുള്ളു. അതിൽനിന്നും കിട്ടുന്ന ആദായം കൊണ്ടു് ആ ഡിപ്പാർട്ടുമെൻറിനെ സംരക്ഷിക്കാൻപോലും മതിയാകാതെ വരുന്നതു് കഷ്ടമല്ലേ. രാജ്യത്തിലെ മൂന്നിലൊരുഭാഗമുള്ള വനങ്ങളിൽ പ്രവേശിക്കുന്നതിന് ഒരുമൈൽ ദൂരംപോലും റോഡില്ല. സ്ഥിതിവിവരണക്കണക്കിൽ

[Mr. A. C. Kuriakose.]

ഫാറസ്റ്റ് റോഡുകൾ എന്ന തലക്കെട്ടിൽ ഒരു ഭാഗം കാണുന്നുണ്ട്. അതുകൊണ്ട് ഫാറസ്റ്റ് റോഡുകൾ വേണം എന്നു ഗവണ്മെന്റിനു വിചാരമുള്ളതായി തോന്നുന്നു. എന്നാൽ എത്ര മൈൽ നീളം റോഡുണ്ടെന്ന് നോക്കിയതിൽ കണ്ടതു് പൂജ്യമാണ്. വിദഗ്ദ്ധതയോടുകൂടി വനം ഭരിക്കുന്നപക്ഷം ഇപ്പോഴത്തെ ആദായം വർദ്ധിപ്പിച്ചുകൊണ്ടു പോകാൻ സാധിക്കുന്നതാണ്. അതാണ് ചെയ്യേണ്ടതും. കുടി പുരയിടങ്ങളിൽ നില്ക്കുന്ന രാജകീയ വൃക്ഷങ്ങളെ കുടികൾക്ക് തന്നെ വിട്ടുകൊടുക്കണമെന്നുള്ള ജനപ്രതിനിധികളുടെ അഭിലാഷം അവർ ഒരു പ്രമേയം ഈ കൌൺസിലിൽ പാസാക്കി പ്രകാശിപ്പിച്ചിട്ടുണ്ട്. അതിന്മേൽ ഗവണ്മെന്റു എന്തു ചെയ്വാൻ പോകുന്നു എന്ന് എനിക്കറിഞ്ഞുകൂടാ എങ്കിലും അതിൽപിന്നീടു കുടിവകപുരയിടങ്ങളിൽനിന്നു ചെറുതരം വൃക്ഷങ്ങൾകൂടി മുറിച്ചുകൊണ്ടു പോകുന്നതിൽ ഡിപ്പാർട്ടുമെന്റുകാർ ശ്രദ്ധകാണിക്കുന്നു എന്നിവിടെ പറയാതിരിക്കാൻ നിവൃത്തിയില്ല. പ്രമേയത്തിന്റെ തത്വം ഗവണ്മെന്റ് അംഗീകരിക്കുമ്പോഴേക്കു കുടിവക പുരയിടങ്ങളിൽ തടികൾ ശേഷിക്കുകയില്ല എന്നാണ് വരുന്നതു്. ഇതു് അഭിലഷണീയമായ നയമല്ല.

പ്രാദേശികാവശ്യങ്ങൾക്ക് മതിയാകാവുന്നതായ തുക ഓരോ എക്സിക്യൂട്ടീവ് ഡിവിഷനിലേക്കും അനുവദിക്കണം. പൊതുമരാമത്തു് ഡിപ്പാർട്ടുമെന്റിലെ വേലകൾ മുഴുവനും കൺട്രാക്ട് കൊടുത്താണ് ഇപ്പോൾ ചെയ്യിക്കുന്നതു്. ഒരു മേലന്വേഷണം മാത്രമെ ഈ ഉദ്യോഗസ്ഥന്മാർക്കുള്ളൂ. അതിനാൽ അവർക്ക് വേണ്ടിടത്തോളം വേലകൾ കൊടുക്കണം.

ആകെ വരവിൽ അഞ്ചിലൊരു ഭാഗം വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിലേക്കു ചിലവാക്കിവരുന്നു എന്ന് ഞാൻ മുമ്പു് പറഞ്ഞല്ലോ. ഇങ്ങനെ ധാരാളം പണം ചിലവു ചെയ്തുകൊണ്ടിരിക്കുന്നതായ ഒരു ഡിപ്പാർട്ടുമെന്റു് ഏതെല്ലാം വിധത്തിൽ പരിഷ്കരിക്കാൻ കഴിയുമെന്നുള്ളതിനെപ്പറ്റി ഗവണ്മെന്റ് വിദഗ്ദ്ധന്മാരോടു് ആലോചിച്ചു് പ്രവർത്തിക്കേണ്ടതാണ്. ഇന്നത്തെ ഇൻഡ്യൻ ഡയറക്ടർ ഭരണം കയ്യേറ്റതിൽ പിന്നീടു ഹൈസ്കൂൾ, കാളേജ് എന്നുള്ള ഭേദം കൂടാതെ അനേക തരത്തിലുള്ള പാഠശാലകൾ പരിശോധിച്ചിട്ടുണ്ട്. അതിന്റെ ഫലമായിട്ടു് അനേകം നാട്ടുഭാഷാ പാഠശാലകൾ നിരാധാരമായിട്ടു് കിടക്കുന്നു എന്നദ്ദേഹം അറിഞ്ഞുകഴിഞ്ഞു. വളരെ പണം ചിലവുചെയ്താൽമാത്രമെ അതിനെ നന്നാക്കാൻ സാധിക്കുകയുള്ളു എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുണ്ട്. അദ്ദേഹം അഭിപ്രായപ്പെടുന്നതുപോലെ ധാരാളം പണം ചിലവു ചെയ്യുകയാണെങ്കിൽ ഈ പള്ളിക്കൂടങ്ങളെ ക്രമപ്പെടുത്തികൊണ്ടുപോകാം

ൻ നമുക്കുകഴിയും. പള്ളിവാശൽ-നേരിയമംഗലം റോഡുമുതലായ വമ്പിച്ച വേലകൾക്കു പണം ചിലവാക്കിയാൽ ടോൾഗേററ് മുതലായഇനത്തിൽനിന്നും അതു തിരിച്ചെടുക്കാൻ കഴിയും. ആവക ജോലികൾക്കാവശ്യമുള്ള പണം മൂലധനത്തിൽനിന്നുമാണ് ചിലവുചെയ്യേണ്ടതു്. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിനെ പരിഷ്കരിക്കുന്നതിനാവശ്യമുള്ള പണം മൂലധനത്തിൽനിന്നും ചിലവുചെയ്യണം. ശരിയായ മാനേജ്മെൻറിൽ പള്ളിക്കൂടം നടത്താൻ ത്രാണിയുള്ളവർക്കു അതു വിട്ടുകൊടുക്കുന്നതു നന്നായിരിക്കും. ചിലവുക്രമേണ കുറച്ച് പ്രയാസംകൂടാതെ വിദ്യാഭ്യാസാവശ്യം നിർവഹിച്ചുകൊണ്ടുപോകുവാൻ ഇതുമാത്രമാണ് ശരിയായമാർഗ്ഗം. ഇതു് ഗവണ്മെൻറു അംഗീകരിച്ചിട്ടുള്ള ഒരു പദ്ധതിയാണ്. പക്ഷേ അനുഭവത്തിൽ വരുന്നില്ലാ എന്നേയുള്ളു. രാജ്യത്തെ വിദ്യാഭ്യാസത്തെ പരിഷ്കരിക്കുന്നതിനു സാമർത്ഥ്യമുള്ള ഒരു ഡയറക്ടർ നമുക്കുണ്ടെങ്കിലും അദ്ദേഹം ആവശ്യപ്പെടുന്നതോ അല്ലെങ്കിൽ ആ ഡിപ്പാർട്ടുമെൻറുതന്നെ സ്വാഭാവികമായിട്ടു ആവശ്യപ്പെടുന്നതോആയ പണം കൊടുക്കാൻ ഗവണ്മെൻറിനു ശക്തിയില്ല. നാട്ടുകാരുടെ വിദ്യാഭ്യാസാവശ്യത്തിനു പണം കൊടുക്കാൻ ശക്തിയില്ലാത്ത ഒരു രാജ്യത്തിൽ വിദ്യാഭ്യാസാഭിവൃദ്ധിക്കു ഏതൊരു പദ്ധതിയാണ് അനുകരിക്കേണ്ടതെന്നു നല്ലവണ്ണം ആലോചിക്കണം.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): May I draw the attention of the President to the time limit? The time allotted for the member has expired.

PRESIDENT: No.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): He began 5 minutes before we adjourned for lunch.

PRESIDENT: Four minutes.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): എനിക്കിനി അധികമായിട്ടു ഒന്നും പറയാനില്ല. പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിലേക്കനുവദിക്കുന്ന പണം എല്ലാ താലൂക്കിലേക്കും സാമാന്യം സമമായിരിക്കണം. വിദ്യാഭ്യാസത്തെ ക്രമീകരിക്കുന്നതിനു വേണ്ട പദ്ധതിരൂപീകരിക്കണം. കൃഷി, വ്യവസായം എന്നീ ഡിപ്പാർട്ടുമെൻറുകളിലേക്കു കൂടുതൽ പണം അനുവദിച്ചു കൂടുതൽ പ്രയോജനകരമാക്കണം. വനംവക ഡിപ്പാർട്ടുമെൻറു കൊണ്ടു രാജ്യനന്മയ്ക്കുപയുക്തമായ വ്യവസായങ്ങൾ പോഷിപ്പിക്കുവാനുള്ള പദ്ധതികൾ സുലഭമായി ഏർപ്പെടുത്തുകയും വേണം. ഈ നിർദ്ദേശങ്ങളോടുകൂടി ബഡ്ജററിനെപ്പററിയുള്ള എൻെറ പൊതുനിരൂപണം അവസാനിപ്പിച്ചുകൊള്ളുന്നു.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*) : I beg permission, Sir, to have my speech in Malayalam.

PRESIDENT : I believe you have been speaking in English !

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): Yes, Sir.

PRESIDENT : Then you must speak in English this time too.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*) : Some of my friends on this side were dealing with village reconstruction, corruption, retrenchment and unnecessary creation of appointments. I would like to emphasise the various principal heads of criticism placed before you, Sir, the Dewan President, for your kind consideration. The discussions of the Budget are generally treated as a formality often times by some of the Governments. Some of the previous speakers were dealing with the subject of corruption, just to make mention of that evil practice before this Council, so that it may draw the attention of the ideal Dewan who has risen to his present position through his character and sternness. Now, without taking any time on that particular aspect, I would refer to Irrigation, Excise, Education and Medicine. So far as irrigation is concerned one of my predecessors was giving figures about the importation of paddy into Travancore which amounts to 45,000 lakhs of sacks. Sir, is there a more regrettable situation to see in any part of the world, *viz.*, that the inhabitants of the country are without food and are forced to get it from foreign countries especially in a country like Travancore where paddy can be got easily on account of the natural resources of the country and on account of the facilities to cultivate paddy sufficient to meet the demands of the country. I would strongly request you, Sir, the Dewan President, to specialise on this point. What I mean is that you should make a special study of the question. This is the most important item so far as any particular individual or citizen of Travancore is concerned in such a discussion and we members on this side of the House place before the Government the various aspects of the importance of making the country self-sufficient so far as its important food-stuffs are concerned. According to Mr. Mahadeva Aiyar's Report six lakhs of acres of land are available in Travancore now. On a calculation I find four lakhs more are required to make the paddy supply sufficient to meet the requirements of the country. For this purpose I would suggest four processes *viz.*, disafforestation, reclamation, intensive cultivation and conversion of dry lands into wet lands by coaxing the Public Works Department to work out the irrigation scheme. My friends from North Travancore were complaining about constant floods, but I would request Government to concentrate their attention in that direction and see that such floods are diverted to places where there is not enough water, as in South Travancore, that is, through particular gradients by the side of the Western Ghats, say, about 3 or 4 thousand feet above the level where we can have beautiful reservoirs, and it is not very difficult to have a channel from North Travancore to South Travancore to supplement the existing dams. I am sure that the experts would say that this is an important project. I simply want to convince Government of

the real necessity for such a thing. As regards the allotment for irrigation it is a very meagre amount that has been set apart for minor irrigation works. The amount is only Rs. 70,000 odd. It is very regrettable to note that the amount is so small, but I am sure that the Chief Engineer would pay special attention to the matter and give instructions to his subordinates to see that the estimates are prepared and sent at the proper time so that the work may be carried out soon. I also regret to note that many estimates so far as the Kalkulam and Vilavankod taluks are concerned are pending before Government. Last year we were disappointed by some of the Heads of Departments especially during the time of cholera when we lost 15,000 souls; we were promised a decent amount for the restoration of tanks. But unfortunately not even 5,000 Rs. work has been completed. So, I would request the Dewan-President to pay special attention to that matter.

As regards the Excise policy of the Government, I would request the Excise Commissioner to improve the production of salt in Travancore. A comparative study of the figures shows that more than half the supply is being imported from outside. On examination it is found that salt produced in this country is much superior to the salt imported *(Mr. S. Piraviperumal Pillai: No.)*

As regards Education, I have suggested at the beginning I would strongly request the Dewan-President and also the Director of Public Instruction to see that the morals of Professors and Principals are kept up. We see scandalous articles in Newspapers about their morals.

MR. S. PIRAVIPERUMAL PILLAI *(Commerce and Industry, South)*: I rise to a point of order. The member is not in order in referring to articles in Newspapers.

MR. T. C. KESAVA PILLAI *(Kalkulam cum Vilavankod)* : I would strongly request the Government to take action and see that the morals of Principals and Professors are kept up.

Then, as regards medicine, the income from the sale of quinine is estimated to be Rs. 800. This article is generally purchased by Kanikars and other depressed classes. I know lakhs and lakhs are spent in the shape of travelling allowances, consumption of petrol, etc. I do not think, therefore, that the Government will be justified in getting an income by the sale of this article, a packet of which costs only a chackram.

Various suggestions are often made from the non-official side but they are seldom carried out; for instance, the Economic Development Board make recommendations which are rarely given effect to. From the report for 1928 (*vide* page 5) it is seen that they have made recommendations for the improvement and conservation of irrigation tanks and channels and for transferring them to the control of the Agricultural Department. I understand the scheme is pending before the Government and I hope the Dewan who is a born subject of Her Highness the Maha Rani Regent would see that permanent good is done to the country in this matter. Sir, I may also point out that, in 920 M. E.,

[Mr. T. C. Kesava Pillai.]

the Maha Rajas of Travancore used to take pains to go and make a personal inspection of every irrigation scheme. Though cars and car allowances are provided for officers now, I don't see why they are reluctant to do their work properly in this matter. We come from rural parts and we do not want appointments. The public of Travancore expect Her Highness the Maha Rani Regent to see that the various subordinate officers do their work properly. We are more concerned about the economic condition of the people than about anything else. There is a proposal pending before the Government. The Chief Engineer has made the recommendation for the appointment of a special staff for irrigation scheme. I interpellated on the matter. I never wanted to put a supplementary question, but I see no provision has been made for it in the Budget. I hope the President would enquire about it whether such a recommendation is pending before Government, and if so, kindly consider and sanction the recommendation.

MR. K. MADHAVAN (*Nominated*): ஸர், இந்த வருஷத்து பட்ஜெட்டை முழுதும் நான் படித்துப்பார்த்தேன். வருஷா வருஷம் பிரித்துவைக்கப்பட்ட 2000 ரூபாய் இவ்வருஷமும் பிரித்து வைக்கப்பட்டிருப்பதாகத் தெரிகிறது. அதைப்பற்றி சங்கடப்படவேண்டாம். இந்த 2000 ரூபாயும் திரும்பி வருமென்று தெரியுமே. கடந்த சில காலங்களாக குடியிருப்புக்கு ஸ்தலம் ஏழைகளுக்குக் கொடுக்கவேண்டுமென்று அஸம்பளி மெம்பர்களும், நியமன சபை மெம்பர்களும் கேட்டதுண்டு. இதுவரையிலும் சரியான நிலைமையில் நடைபெறாதிருப்பது மிகவும் சங்கடம். போன வருஷம் எவ்விதமான காரியமும் இந்த தாழ்த்தப்பட்ட வகுப்பினருக்குச் செய்யவில்லை. ராஜ்ஜியத்தின் பலபாகங்களிலுமுள்ள மிகவும் மோசமான நிலைமையில் ஜீவிக்கும் தாழ்த்தப்பட்டவர்களின் குறைகளை நேற்படுத்த ஒன்றும் இப்பட்ஜெட்டில் காணோம். இவ்வேழைகளின் குறைகளை நிவர்த்தி செய்யவேண்டியிருக்கிறது. இப்போது கண்டிருக்கிற 7, 8 லக்ஷம் ஜனங்கள் இந்த ராஜ்ஜியத்தின் வருமானத்திற்கு பல பல பாகங்களிலும் பல நிலைமைகளிலும் கஷ்டம் அனுபவிக்கிறார்கள். இவர்களுக்கு தங்குவதற்கு வீடில்லை. இந்த ஏழை ஜனங்கள் காடுகளிலும், மலைகளிலும் வசிக்கிறார்கள். இந்த இடங்களில் தங்களுடைய குழந்தைகுட்டிகளுடைய நலங்களையும் கருதாமல் இரவும் பகலும் உழைக்கிறார்கள். இந்த ஏழை ஜனங்களின் நிலைமையை கவர்மெண்டு கவனிக்கவேண்டுமென்று கவர்மெண்டின் அறிவிற்குக் கொண்டுவந்திருக்கிறேன். இவர்கள் குடியிருக்கும் ஸ்தலங்களோ மிகப்பரிதாபகரமாயிருக்கிறதென்று சொல்லவேண்டியிருக்கிறது. அவர்களுடைய நிலைமை, தண்ணீரில் ஒருவித பாசியுண்டு. அது தண்ணீரின்மேலிருக்கும். அது தண்ணீர் கூடும்போது உயரும், தாழும்போது தாழும். அதுபோல் இந்தஜனங்கள் இந்நாட்டின் பல பாகங்களிலும் அங்கங்கே வசித்து, நிலையற்ற நிலைமையில் அலைந்து சங்கடம் அனுபவித்துக் கொண்டிருக்கிறார்கள். ஒரு இடத்தில் குடிசை கட்டிக் கொண்டிருக்கிறார்கள். அவர்கள் தங்களது இடங்களிலிருந்து போகச்சொன்னபோது வேறுயிடத்திற்குப் போகவேண்டியிருக்கிறது. இதுமாதிரி ஒரு இட

த்திலிருந்து மற்றொரு இடத்திற்கு அலைந்து அவர்கள் அனுபவிக்கும் சங்கடங்களை கவர்மெண்டுக்கு கூறினதுண்டு. ஆனால் இதுவரையில் சங்கடங்கள் அனுபவிக்கிறோமல்லாமல் ஒருவிதத்திலும் நிவர்த்தியொன்றுமில்லை. இந்த ஏழை ஜனங்களுக்கு சில பொறம்போக்கு நிலங்களை இனமாகப் பதித்துக்கொடுக்க கவர்மெண்டு உத்தரவு உண்டு. இந்த புதுவல் பூமிகளை இந்த ஏழை ஜனங்களுக்கு பதித்துக்கொடுப்பதின் மூலமாய் உண்டாகும் கஷ்ட நஷ்டங்களை யார்தான் சகிக்கக்கூடும். இந்த ஜனங்கள் அனுபவிக்கிற சங்கடங்கள் ஏராளம். இவர்களும் புதுவலுக்கு அபேக்ஷிக்கிறார்கள். ஆனால் மற்றவர்களுக்காக இவர்களுடைய அபேக்ஷகள் தள்ளப்பட்டு மற்றவர்களுக்கு கொடுக்கவேண்டுமென்று உத்தரவிடுகிறார்கள், வடசேரியில் கிருஷ்ணசமுத்திரமென்ற குளத்தின் புறம்போக்கு ஸ்தலத்தை அநேக ஏழை ஜனங்கள் அபேக்ஷித்தும் வீடுகள்கெட்டி குடிபார்த்தும் வந்தார்கள். ஒரு பெரிய லாண்டுலார்டு (Land-Lord) க்காக கவர்மெண்டார் 31 ஸெண்டு ஸ்தலம் பதிவுசெய்து கொடுத்ததுண்டு. இந்த இடத்தில் 27 ஏழைக்குடிகள் தாமதித்தார்கள். இக்குடிகளை இடித்து இந்த ஏழை ஜனங்களின் வீட்டுக் கூரைக் கம்புகளைப் பிரித்து எடுத்துக்கொண்டு இவர்களை மிக்கபரிதாபகரமான நிலைமையில் விட்டுவிட்டார்கள். இவர்களின் கஷ்டங்களைப்பார்த்த ஒரு கனவானும், பாய்னியர் சர்வீஸ் மானேஜரும் இவர்களுக்காக ஒரு இடம் கொடுத்து, இவர்களுக்கு சகாயம் செய்தார்கள். மறுபடியும் அதே பகுதியில் ஸர்வே நம்பர் 1731-ல் லக்ஷ்மணசாஸ்திரிக்கு 1 ஏக்கர் 36 ஸெண்டு பதித்துக் கொடுக்கப்பட்டிருக்கிறது. பாவங்களுக்காக கொடுக்கவில்லையே!

புனலூருக்குப் போயிருந்தேன். அங்கே ஒரு ஏழை மனிதனும் அவர் சகோதரனும் 6 வருஷகாலமாக 6 ஏக்கர் பூமியில் ஒரு வீடுகட்டிக்கொண்டு 76 பிலா, 64 மிளகுகொடிகளையும் இன்னும் பல விருக்ஷங்களையும் நட்டு வளர்த்து கிருஷிசெய்து கொண்டிருந்தார்கள். அதில் இன்னும் பல விருக்ஷங்களுமுண்டு. மிளகுகொடிகள் காய்ப்பலனடைந்திருந்தன. நெடுநாளாக அனுபவித்துவரும் அந்த புறம்போக்கு நிலத்தைபதித்துக்கொடுக்காதே, போலீஸ்காரர் சகிதம்வந்து அந்த வீட்டை இடித்து அதிலிருந்தவர்கள் வெளியில் இறக்கி மாற்றப்பட்டனர். இன்னும் அதே ஸ்தலத்திலிருந்து அவர்கள் வீடில்லாமல் சங்கடம் அனுபவிக்கிறார்கள். இந்த மனிதன் அந்த வீட்டைப் பொளித்து இடித்துப்போட்ட அதேயிடத்தில் அவன் பிள்ளைகளையும் சேர்த்துக்கொண்டு வரம்போரத்தில் சில ஓலைகள் மாத்திரம் போட்டுக்கொண்டு கிடக்கிறார்கள். அன்று இரவு பூரா நான் அங்கே காலந்தள்ளவேண்டியதாயிற்று. இவ்விதமாக அநேக வருஷமாக அனுபவித்து கஷ்டப்பட்டு வருகிறவர்களுடைய நிலங்களை அவர்களுக்கே பதிவுசெய்து கொடுக்கவேண்டும், வேறே ஒருவருக்கு பதிவுசெய்து கொடுப்பதினால் இந்த ஏழை ஜனங்கள் அநேக கஷ்டங்களை அனுபவிக்கக் காரணமாகும். வட்டியூர்காவு இரண்டாமடப்பகுதியில் ஸர்வே நம்பர் 1628—ல் 30 வருஷத்துக்கு அதிகமாய் அனுபவித்து பொன்விலைகட்டி பதித்து இதுவரையும் கரம்தீர்த்து வருகிறவர்களை இந்த இடத்தைவிட்டு ஒழிந்துபோக உத்தரவு பிறப்பிக்கப்பட்டிருக்கிறது. கொட்டாரக்கரைத் தாலூகா குளக்கடைப்பகுதி 28/1, 29/1-ல் ஏழை ஜனங்கள் தாமதித்து வருகிறா

[Mr. K. Madhavan.]

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*): I do not think I can take the responsibility of accepting any amendment like that. All that I can say is that we are following the policy suggested by the members, but I do not think I can accept on my own responsibility the position that a committee should be appointed.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): സർ, മിസ്റ്റർ രാമൻപിള്ളയുടെ ഉപക്ഷേപത്തെ ഞാനും പിൻതാങ്ങിക്കൊള്ളുന്നു.

ഈ രാജ്യത്തെ വിവിധജനവിഭാഗങ്ങളിൽപെട്ട പ്രജകൾക്കു ഗവണ്മെന്റിനോടുള്ള കടമ ഒരുപോലെയുള്ളതാണ്. ഗവണ്മെന്റിനു അവരോടുള്ള കടമയും അതുപോലെ തന്നെ. രാജ്യമാകുന്ന ഭവനത്തിൽ തുല്യാവകാശമുള്ള സഹോദരന്മാരാണ് ഇവിടത്തെ പൌരന്മാർ. എന്നാൽ ഗവണ്മെന്റു ഈ തത്വം ഉദ്യോഗനിയമനങ്ങളിൽ തീരെവിസ്മരിച്ചു പ്രവൎത്തിച്ചു വരികയും തന്മൂലം ജനങ്ങളുടെയിടയിൽ കക്ഷിമത്സരങ്ങളും വഴക്കുകളും, രാജ്യത്തു പൊതുവെ അസ്വസ്ഥതയും നേരിട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതിനെ പരിഹരിക്കുന്നതിനു ജനപ്രതിനിധികളായ ഞങ്ങൾ തുടൎന്നു വേണ്ട മാറ്റങ്ങളെ നിർദ്ദേശിച്ചു കൊണ്ടും ഇരിക്കുന്നുണ്ട്. ഗവണ്മെന്റു ഉദ്യോഗദാനവിഷയത്തിൽ സമഭാവനയോടുകൂടി പ്രവൎത്തിക്കുന്ന പക്ഷം ജനതതിയുടെ ഇടയിലുള്ള വഴക്കുകൾ ശമിക്കുമായിരുന്നു. ഉദ്യോഗദാനത്തെപററി ഈ തുച്ഛമായ സംഗതി പ്രതിനിധിസഭയിൽ എന്തിനാണ് പറയുന്നതു്. ഇതു രാജ്യകാൎയ്യമാണോ എന്നു ചിലർ ചോദിക്കാം. ഉദ്യോഗസ്ഥന്മാർ അവരുടെ കൃത്യങ്ങൾ, നികുതി പിരിക്ക, അതു മുഴുവൻ വ്യയംചെയ്ക, ഗവണ്മെന്റിന്റെ സകലഅധികാരങ്ങളും ജനങ്ങളുടെ നേൎക്കു പ്രയോഗിച്ചു അവരെ ഭരിക്ക, ഇവയെല്ലാം നീക്കിയാൽപിന്നെ രാജ്യകാൎയ്യങ്ങളിൽ എന്താണുള്ളതു്? ഒന്നും തന്നെയില്ല. അതിനാൽ ഉദ്യോഗവിഷയം പ്രധാന രാജ്യകാൎയ്യം തന്നെ.

ലാൻറു റവന്യൂ വകുപ്പിലാണ് വൎഗ്ഗീയപക്ഷപാതപരമായ നിയമനം ഏററവും നടന്നുകൊണ്ടിരിക്കുന്നതു്. ഇതിനൊരു സമാധാനംഉണ്ടാകണമെങ്കിൽ ഗവണ്മെന്റു ഉദ്യോഗനിയമനവിഷയത്തിൽ ശരിയായ ഒ

[Mr. Tariatu Kunjitomman.]

രു വ്യവസ്ഥ സ്വീകരിക്കണം. റവന്യൂ ദേവസ്വം വിഭജനം കഴിഞ്ഞിട്ടു ഏഴുകൊല്ലത്തോളമായി എന്നിട്ടും പല വൎഗ്ഗക്കാൎക്കും റവന്യൂ ഡിപ്പാർട്ടുമെൻറിൽ പറയത്തക്ക പ്രവേശനം ലഭിച്ചിട്ടില്ല. അതു മുഴുവൻ ഗവൎമ്മെൻറിൻെറ തെററല്ല. റവന്യൂ വകുപ്പുകാരുടെ തെററാണ്. അവരെ ഈ വിഷയത്തിൽ ശരിപ്പെടുത്തിവയ്ക്കാത്ത വീഴ്ച ഗവൎമ്മെൻറിനും ഉണ്ട്. നികുതി പിരിയ്ക്കു, പുതുവൽ പതിയ്ക്കു, പുറമ്പോക്കുകൾ കണ്ടെടുക്ക, എന്നുവേണ്ട പലതിലും കൃഷിക്കാരോടു നേരിട്ടു ഇടപെടുക ഇവയെല്ലാം ഈ വകുപ്പുകാരുടെ ജോലിയാണ്. പോരെങ്കിൽ ജനപ്രതിനിധിസഭകളിലേക്കുള്ള ആളുകളെ തിരഞ്ഞെടുത്തയക്കുന്നതിനു ലിസ്റ്റ് തയ്യാറാക്കേണ്ട ചുമതലയും ഇവൎക്കുതന്നെ. ഈ രാജ്യത്തെ വിവിധവകുപ്പുകളുടെ നട്ടെല്ലെന്നവണ്ണം സ്ഥിതിചെയ്യുന്ന ഈ ഡിപ്പാർട്ടുമെൻറിൽ രാജ്യത്തെ വിവിധസമുദായങ്ങൾ അടങ്ങിയ നര ലക്ഷം അസമത്വവൎഗ്ഗങ്ങൾക്കു വേണ്ട പ്രവേശനം ഇല്ലാതെയാണിരിക്കുന്നതെന്നുള്ളതു വളരെ ലജ്ജാകരമായ അവസ്ഥയാണ്. ജനപ്രതിനിധികൾ ഇതിനെപ്പററി പ്രസ്താവിക്കുമ്പോൾ ശ്രദ്ധിക്കാം, ആലോചിക്കാം, എന്നിങ്ങനെ ഓരോന്നു പറഞ്ഞു കഴിക്കയാണ് ചെയ്യുന്നതു്. ഞാൻ ഉൾപ്പെടുന്ന കത്തോലിക്ക് ജനവിഭാഗത്തെത്തന്നെ നോക്കുക. രാജ്യത്തെ ഏതു ജനവിഭാഗത്തോടും കിടപിടിക്കുന്നതും ൩൭ ലക്ഷം ജനസംഖ്യ ഉള്ളതുമായ കത്തോലിക്കൎക്കു ഈ ഡിപ്പാർട്ടുമെൻറിൽ എന്താണ് കിട്ടീട്ടുള്ളതു്. ഒരു പേഷ്കാരില്ല, ഡിവിഷൻ അസിസ്റ്റൻറു ഇല്ല, തഹശീൽദാരില്ല, ഒരു ഹെഡ് അക്കൌണ്ടൻറു ഇല്ല, ഹെഡ് ക്ലാൎക്കില്ല, ശിരസ്തദാരില്ല, ഷെറോറില്ല, അസിസ്റ്റൻറു തഹശീൽദാർമാരുടെ സ്ഥാനത്തു ഇന്നു സ്ഥിതിചെയ്യുന്ന റവന്യൂസൂപ്രവൈസർ ഇല്ല, ഒരു പ്രവൎത്തികാർ മാത്രമുണ്ട്. ക്ലാൎക്കുകളുടെ സ്ഥാനത്തിൽ കത്തോലിക്കരിൽ നിന്നും പറയത്തക്കവണ്ണം ആരും തന്നെയില്ല. ഇങ്ങനെ ആയിരിക്കാം മററു ചില സമുദായങ്ങളുടെയും സ്ഥിതി. ഈ വകുപ്പിൽ പല സമുദായക്കാൎക്കു പ്രവേശനം നൽകാതെ വച്ചുകൊണ്ടിരിക്കുന്നതു കാൎയ്യക്ഷമതക്കു തന്നെ ഹാനികരവും ഏത്രയും വലിയ അനീതിയുമാണെന്നു ഖണ്ഡിച്ചു പറയാതെ നിവൃത്തിയില്ല.

മനുഷ്യൎക്കുള്ള പല വിധ ന്യൂനതകളിൽ ഒന്നു അസ്ഥാനത്തുള്ള വൎഗ്ഗീയപ്രതിപത്തിയാണല്ലോ. ഉദ്യോഗദാനവിഷയത്തിൽ ഈ ദുഷിച്ച വൎഗ്ഗീയപ്രതിപത്തിയുള്ളവർ ഉദ്യോഗകൃത്യങ്ങളിലും ഏറെക്കുറെ അതിനു അധീനന്മാരായിരിക്കും. അതു പ്രവൃത്തിയിൽ നല്ലവണ്ണം കാണുന്നുമുണ്ട്.

ലോകത്തിൽ എവിടേയും അധികാരങ്ങളും അവകാശങ്ങളും ശരിയായി കിട്ടുന്നതിനു ജനസമുദായങ്ങളുടെയിടയിൽ വിവിധമത്സരങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. മഹായുദ്ധങ്ങൾക്കും കാരണം ഇതുതന്നെ. അതിൻെറ സ്വഭാവത്തിനുമാത്രം വ്യത്യാസമുണ്ടായിരിക്കും. ചില വർഗ്ഗക്കാർ എന്നും അധികാരം പ്രയോഗിക്കുന്നതിനും മററു വർഗ്ഗക്കാർ എന്നും അതിനു വിധേയരായി കഴിഞ്ഞുകൂടുന്നതിനും സമാധാനത്തേയും നീതിയേയും കാംക്ഷിക്കുന്ന ഗവൺമെൻറു അനുവദിക്കരുതാത്തതാണ്. ഉദ്യോഗസ്ഥന്മാരുടെ ... ങ്ങളിൽ കാണിക്കുന്ന പക്ഷപാതം ഉദ്യോഗനിയമനങ്ങളിലെന്നപോലെ കണക്കുകൊണ്ടു കാണാൻ നമുക്കു നിവൃത്തിയില്ലെങ്കിലും അങ്ങിനെ നടക്കുന്നുണ്ടെന്നുള്ളതു സത്യത്തെ സമ്മതിക്കുന്ന ആൎക്കും നിഷേധിക്കുവാൻ സാധിക്കയില്ല. ഉദ്യോഗമില്ലാത്തവർഗ്ഗക്കാർ ഉള്ളവർഗ്ഗക്കാരെ പല വിഷയങ്ങളിലും ആശ്രയിച്ചു ദാസ്യനിലയിൽ കഴിയേണ്ട ഒരവസ്ഥയാണ് ഇന്നുള്ളതു്. ഇതു മുഴുവൻ ഗവൺമെൻറിൻെറ തെററല്ല. നിയമനാധികാരമുള്ള ഉദ്യോഗസ്ഥന്മാരുടെ തെററാണെങ്കിലും ഗവൺമെൻറും പരോക്ഷമായി ഇതിനെ അനുകൂലിക്കുന്നുണ്ടെന്നു തോന്നും. ഈ സംഗതിയെ സംബന്ധിച്ചു ഒരു പ്രമേയം പരിഷ്കരിച്ചു നിയമസഭയുടെ ആദ്യഘട്ടത്തിൽ ഞാൻതന്നെ ഹാജരാക്കി. അന്നു ഗവൺമെൻറുഭാഗത്തുനിന്നും ഇതിനേപററി ആലോചിക്കുന്നതാണെന്നും വേണ്ട പ്രതിവിധി ഉണ്ടാക്കാമെന്നും പറഞ്ഞതുകൊണ്ടു ഞാൻ പ്രമേയം പിൻവലിക്കയാണുണ്ടായതു്. അതനുസരിച്ചു മി: രാഘവയ്യായുടെ കാലത്തു ഗവൺമെൻറ ഒരു ജി. ഒ. പുറപ്പെടുവിച്ചു. അതായതു ഗവൺമെൻറുദ്യോഗങ്ങളിൽ പ്രാതിനിധ്യം കുറഞ്ഞ യോഗ്യതയുള്ള വർഗ്ഗക്കാരുടെ അപേക്ഷകൾ വന്നാൽ അവൎക്കു പ്രാമുഖ്യം കൊടുക്കണമെന്നും ഈ തത്വത്തിനു വിപരീതമായി പ്രവൎത്തിക്കുന്ന ഉദ്യോഗസ്ഥന്മാർ സമാധാനം തരണമെന്നും മററുമാണ് ജി. ഒ. ആ ജി. ഒ. ഉണ്ടായിട്ടും ഈ വിഷയത്തിലുള്ള സങ്കടത്തിനു പരിഹാരമുണ്ടായില്ല. മദ്രാസ് ഗവൺമെൻറും മൈസൂർ ഗവൺമെൻറും വർഗ്ഗീയ പ്രാതിനിധ്യതത്വം സ്വീകരിച്ചു നടപ്പിലാക്കി കഴിഞ്ഞു. തിരുവിതാംകൂർ ഗവൺമെൻറു എല്ലാവിഷയത്തിലും അനുകരിച്ചുവരുന്ന ബ്രിട്ടീഷ് ഗവൺമെൻറു തന്നെയും ഈ നയം സ്വീകരിച്ചു കഴിഞ്ഞിരിക്കെ ജനങ്ങളുടെ ആവശ്യവും അഭിലാഷവും അനുസരിച്ചു നമ്മുടെ ഗവൺമെൻറു ഇനിയെങ്കിലും ഈ കാൎയ്യത്തിൽ നിഷ്കർഷിച്ചു പ്രവൎത്തിക്കാത്തതു കഷ്ടമാണ്. പരിഷ്കൃതഗവൺമെൻറുകൾ ജനഹിതമനുസരിച്ചു് ഭരണം നടത്തേണ്ടതാണല്ലോ. രാജ്യത്തു നീതിയും ന്യായവും നടക്കണമെന്നു

[Mr. Tariatu Kunjitomman.]

വിചാരിക്കുന്ന ഏതൊരു പൌരനും ഇതിനായി ഗവണ്മെൻറിനോടാവശ്യപ്പെട്ടും. ഞാൻ ഇക്കാൎയ്യം വളരെനാളായി ഗവണ്മെൻറിൻെറ ശ്രവണപുടങ്ങളിൽ മുഴക്കിക്കൊണ്ടിരിക്കയാണ്. ഇനിയും ഗവണ്മെൻറു ഇതിനെ വിട്ടുകളഞ്ഞാൽ അതു രാജ്യനന്മയെ സാരമായി ബാധിക്കാതിരിക്കയില്ല. രാജ്യത്തെ ധനസ്ഥിതിഎത്രഉയൎന്നാലും എന്തെല്ലാം പരിഷ്കാരങ്ങൾ ഉണ്ടായാലും നീതിയും സമാധാനവും രാജ്യത്തു വളൎന്നില്ലെങ്കിൽ എന്തു ഫലം. പേഷ്കാരന്മാരും, തഹശീൽദാരന്മാരും നടത്തുന്ന നിയമനങ്ങൾ ശരിയാണോയെന്നു ഗവണ്മെൻറു പരിശോധിച്ചു തിരുത്തികൊണ്ടിരുന്നാൽ ഈ സംകടം ഇവിടെ അറിയിക്കേണ്ട ഇടവരികയില്ലായിരുന്നു. അവരുടെ നിയമനങ്ങളുടെ ലീസ്ററുവരുത്തി ഗവണ്മെൻറു പരിശോധിച്ച് തെററുള്ളപക്ഷം അവരോടു സമാധാനം ചോദിച്ചു അവരെ കൎശനമായി ശാസിച്ചിരുന്നാൽ റവന്യൂവകുപ്പിലെ നിയമനം സംബന്ധിച്ചു അനീതി അവമാനിക്കുമായിരുന്നു. ഈ സംഗതി ഈ കൌൺസിലിൽ കൊണ്ടുവരുന്നതിനു ഞങ്ങൾക്കു സ്വതേ വൈമനസ്യമാണുള്ളതു എങ്കിലും വേറെഗത്യന്തരമില്ലല്ലോ. എല്ലാവകുപ്പിലും പ്രത്യേകിച്ചു ലാൻഡ റവന്യൂ വകുപ്പിലും ജനസംഖ്യ അനുസരിച്ചു ഓരോവൎഗ്ഗത്തിലും നിന്നു യോഗ്യതയുള്ളവൎക്കു വേണ്ടപോലെ ഉദ്യോഗങ്ങൾ നൽകി ഇപ്പോഴത്തെ വൎഗ്ഗീയ സംകടം പരിഹരിക്കണം.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): എല്ലാവകുപ്പിലും ഈ തത്വം സ്വീകരിക്കുന്നതുകൊണ്ടു് മെംബൎക്കു വിരോധമുണ്ടോ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): എല്ലാ വകുപ്പിലും പ്രത്യേകിച്ചു ലാൻഡ് റവന്യൂവകുപ്പിലും ഈ തത്വമനുസരിച്ചു പ്രവൎത്തിക്കണമെന്നു ഞാൻ വ്യക്തമായി പറഞ്ഞുകഴിഞ്ഞു. പ്രധാനപ്പെട്ട ഈ വകുപ്പിൽ മററുള്ളവയെ അപേക്ഷിച്ച് വിവിധ സമുദായക്കാൎക്കു പ്രാതിനിധ്യം കുറവാണ്. ഈ ദുസ്സ്ഥിതിയെ എത്രയും വേഗത്തിൽ പരിഹരിക്കണമെന്നുള്ള അഭിപ്രായത്തെവീണ്ടും പ്രസ്താവിച്ചുകൊണ്ടു ഉപക്ഷേപത്തെ ബലമായി പിൻതാങ്ങികൊള്ളുന്നു.

MR. L. R RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): രാജ്യത്തിൻെറ ഭരണനയത്തെ സൎവ്വപ്രധാനമായിട്ടു ബാധിക്കുന്ന ഈ ഉപക്ഷേപത്തെ സംബന്ധിച്ചു ഞാൻ ഒന്നും തന്നെ പറയാതെ വോട്ടുചെയ്യുന്നതു ശരിയല്ലെന്നു തോന്നുന്നു. മി: കുഞ്ഞിത്തൊ

മ്മൻ പരിഷ്ക്കരിക്കപ്പെട്ട കൌൺസിലിന്റെ ആദ്യഘട്ടത്തിൽ ഇതിനെ സംബന്ധിച്ച ഒരു പ്രമേയം അവതരിപ്പിച്ച അവസരത്തിൽ ഞാനും ഉണ്ടായിരുന്നു. അന്നു ആ പ്രമേയം പാസ്സാക്കാൻ സാധിക്കുകയില്ലായിരുന്നു.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): ഗവണ്മെൻറു ഭാഗത്തുനിന്നും വർഗ്ഗീയപ്രാതിനിധ്യതത്വം സ്വീകരിച്ചു നടപ്പിൽ വരുത്താമെന്നു പറഞ്ഞതുകൊണ്ടാണ് ആ പ്രമേയം പിൻവലിച്ചതെന്നു മെംബർക്കു ഓർമ്മയുണ്ടോ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): പിൻവലിച്ചുഎന്നു ഓർമ്മ ഉണ്ട്. ഇതിനെപ്പററി ഇന്നും സമസമ്മതനായിതന്നെയിരിക്കുന്ന മി: പി. കെ. നാരായണപിള്ള അന്നുപറഞ്ഞതു് വിവിധജാതിമതക്കാരാൽ അലങ്കരിക്കപ്പെടുന്ന ഒരു കാഴ്ചബംഗ്ലാവ് അല്ല പബ്ലിക്ക് സർവ്വീസ് എന്നാണ്.

MR. MATTHEW MURIKKAN (*Vaikam*) : ആഅഭിപ്രായംതന്നെയാണോ മെംബർക്കും ഉള്ളതു്?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): അല്പം അഭിപ്രായ വ്യത്യാസമുണ്ട്.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): പബ്ലിക്ക് സർവ്വീസ് ഒരു തരംവൃക്ഷങ്ങളോ ചെടികളോവളത്തുന്ന ഒരു റബ്ബർതോട്ടമോ തേയിലതോട്ടമോ പോലെ ആയിരിക്കണമെന്നാണോ മെംബർ പറയുന്നതു്?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*) അല്ല. ഇപ്പോഴത്തെ ഗവണ്മെൻറിന്റെ ഈ നയം കൊണ്ടു ഏതാനും ചില സമുദായക്കാർ വളരെ ബുദ്ധിമുട്ടു അനുഭവിക്കുന്നുണ്ടെന്നു എനിക്കറിയാം. ഇവിടെകൊണ്ടു വന്നിട്ടുള്ള ഉപക്ഷേപമാണോ അതിലേക്കു ശരിയായ നിവൃത്തിമാർഗ്ഗമെന്നു സ്വതന്ത്രനിലയിൽ ഞാൻ സംശയിക്കുന്നു. ഡപ്യൂട്ടി പ്രസിഡൻറു പറഞ്ഞതു പോലെ ഗവണ്മെൻറുഭാഗത്തു നിന്നുംമിക്കവാറും ഒരു സ്റ്റാൻറിങ്ങ് ബോർഡോ കമ്മിററിയോ ഉണ്ടാക്കും എന്നാണ് ഞാൻ വിചാരിച്ചിരുന്നതു്.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): ഇതിനു മുമ്പുണ്ടായിട്ടുള്ള പല കമ്മിററികൾകൊണ്ടു ഉപയോഗം ഒന്നും ഉണ്ടായിട്ടില്ലെന്നു അറിയാമോ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*) : പല കമ്മിററികൾകൊണ്ടു ഉപയോഗം ഉണ്ടായിട്ടില്ലെങ്കിലും ചിലതുകൊണ്ടു ഉപയോഗം ഉണ്ടായിട്ടുണ്ട്.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): പലതു കൊണ്ടും പ്രയോജനം ഉണ്ടായിട്ടില്ലാത്ത സ്ഥിതിക്കു ഇതുകൊണ്ടും ഉപയോഗം ഉണ്ടാകയില്ല എന്നു വേണ്ടേ വിചാരിക്കാൻ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): ഒരു കമ്മിററി വേണമെന്നു എനിക്കഭിപ്രായമില്ല. ഞാൻ പറയുന്നതു ഒരു സെലക്ഷൻ ബോർഡു വേണമെന്നാണ്. അതായതു അനുദ്യോഗസ്ഥ ഭൂരിപക്ഷമുള്ള ഒരു സ്ഥിരമായ ബോർഡു ഏർപ്പെടുത്തി പബ്ലിക്ക് സർവീസിന് ആളുകളെ തിരഞ്ഞെടുക്കുന്നതു നന്നായിരിക്കും എന്നാണ് എന്റെ അഭിപ്രായം. അല്ലാതെ ഒരു കമ്മിററി ഏർപ്പെടുത്തി അവർ എന്തെങ്കിലും ഒരു റിപ്പോർട്ടെഴുതി ഇട്ടിട്ടു പോകണമെന്ന അഭിപ്രായം എനിക്കില്ല. ഗവണ്മെന്റു ഭാഗത്തു നിന്നും അങ്ങിനെ ഒരു മറുപടി തരാത്തതുകൊണ്ടു ഏതു വിധം വോട്ടുചെയ്യണമെന്നു ഞാൻ സംശയിക്കുന്നു. ന്യൂനവർഗ്ഗക്കാരുടെ പ്രാതിനിധ്യവും അവരുടെ അവകാശവും സംരക്ഷിക്കേണ്ടതു ഗവണ്മെന്റിന്റെ ചുമതലയാണ്.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): അതിനു ബാധകമായിട്ടു ഈ ഉപക്ഷേപത്തിൽ വല്ലതുമുണ്ടോ? ജനസംഖ്യയനുസരിച്ചു കൊടുക്കണമെന്നു വ്യക്തമായിട്ടു പറഞ്ഞിട്ടില്ലേ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): ഉണ്ട്. എന്നാൽ തന്നെയും ഒരുനൂറുകൊല്ലത്തേക്കു ഉദ്യോഗം കിട്ടാൻ സാധിക്കാത്തതായ ചിലസമുദായങ്ങളും ഇവിടെ ഉണ്ടെന്നുള്ള കഥ ഓർക്കണം.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): സമുദായ പ്രാതിനിധ്യതത്വം അംഗീകരിച്ചു നടപ്പിൽ വരുത്തിയിട്ടുള്ള മദ്രാസ് സംസ്ഥാനത്ത് ഈ വിഷയമുണ്ടോ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): മദ്രാസ് ഗവണ്മെന്റു ഈ തത്വം സ്വീകരിച്ചിട്ടുണ്ട് എന്നു ഇവിടെ പ്രസംഗത്തിൽ കേട്ടതല്ലാതെ അതിനെപ്പററി ഒരു വിവരവും എനിക്കറിഞ്ഞുകൂടാ. അതിനാൽ ഇതിനു ഞാൻ മറുപടിപറയുന്നില്ല. ഈ തത്വം അംഗീകരിക്കുന്നതിൽ എനിക്കു വിരോധമുണ്ടോ എന്നുള്ളതു ഞാൻ വോട്ടുചെയ്യുമ്പോൾ അറിയാം. ഞാൻ എന്റെ അഭിപ്രായം രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. ഈ ഉപക്ഷേപത്തിൽ പല ന്യൂനതകളും കാണുന്നുണ്ട്. ആളെണ്ണി ഉദ്യോഗം കൊടുക്കണമെന്നു പറയുന്നതു കൊണ്ടു പ്യൂൺ ഉദ്യോഗത്തിനു ഒരു ൨൦൦ പേരെ നിയമിച്ചാൽ ഒരു സമുദായം സമാധാനപ്പെടുമോ എന്നു എനിക്കു സംശയമുണ്ട്.

MR. MATTHEW MURIKKAN (*Vaikam*): പ്യൂൺ ഉദ്യോഗം എന്നു ഉപക്ഷേപത്തിൽ പറഞ്ഞിട്ടുണ്ടോ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): ഉയൎന്ന ഉദ്യോഗങ്ങൾ എന്നും പറഞ്ഞിട്ടില്ലാത്ത സ്ഥിതിക്ക് ഇതും ഉൾപ്പെട്ടമെല്ലോ.

MR. REVATI NAL RAMA VARMA RAJA (*Edavagai*): രാജ്യത്തു എത്ര പേഷ്കാരന്മാർ ഉണ്ടെന്നറിയാമോ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanacherry cum Peermade*): അറിയാം.

MR. REVATI NAL RAMA VARMA RAJA (*Edavagai*): ഇവിടെ എത്ര ജനവിഭാഗം ഉണ്ടെന്നറിയാമോ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): അതു ഇതുവരെയും തീർച്ചപ്പെടുത്തിട്ടില്ലാത്ത ഒന്നാണ്. ഗവൺമെൻറിൽനിന്നും തരാവുള്ള സ്റ്റേററ്മെൻറ്കൊണ്ടു അവർ അംഗീകരിച്ചിട്ടുള്ള വിഭാഗമല്ലാതെ ഇവിടെ എത്ര വിഭാഗമുണ്ടെന്നൊരം ചോദ്യകൎത്താവിനോ ഇവിടെ ആൎക്കും തന്നെയോ പറവാൻ സാധിക്കയില്ല.

MR. R. RAMAN PILLAI (*Kottayam*): മദ്രാസ് സംസ്ഥാനത്തെക്കാൾ കൂടുതൽ ജനവിഭാഗം ഇവിടെ ഉണ്ടോ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*). അതു മെമ്പൎക്കു തന്നെ അറിയാവുന്ന സംഗതിയാണ്.

MR. REVATI NAL RAMA VARMA RAJA (*Edavagai*). പേഷ്കാരന്മാരുടെയിടയിൽ തന്നെ എല്ലാ ജാതിക്കാൎക്കും ഒരേ സമയത്തു പ്രാതിനിധ്യം കിട്ടത്തക്കവണ്ണം ആളെ നിയമിക്കാൻ സാധിക്കുമോ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*). ൧൦ കൊല്ലത്തിനിടക്കു ഒരുപക്ഷെ ഒരു സമുദായത്തിലെ ഒരാൾക്കു കിട്ടി എന്നു വരാം.

MR. TARIATU KUNJITCMMAN (*Muvattupuzha cum Todupuzha*): എല്ലാ വൎഗ്ഗക്കാൎക്കും ഒരേ സമയത്തു പേഷ്കാരുദ്യോഗം കിട്ടാൻ സാധിക്കാത്ത സ്ഥിതിയിൽ ആ ഉദ്യോഗം അത്ര പരിമിതമായിരിക്കുന്നതുകൊണ്ടു ഒരേ വൎഗ്ഗക്കാർ തന്നെ ആ ഉദ്യോഗം വച്ചുകൊള്ളട്ടെ എന്നുവയ്ക്കുന്നതു നല്ലതാണോ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): ഒരിക്കലും നന്നായിരിക്കയില്ല. അങ്ങിനെ ആരെങ്കിലും പറയുന്നപക്ഷം ഞാൻ ശക്തിയായിട്ടു എതിൎക്കും.

MR. REVATI NAL RAMA VARMA RAJA (*Edavagai*): ഇതിലേക്ക ഒരു Solution മെമ്പക്ക പറയാമോ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): ഒരു സ്റ്റാഫ് സിലക്ഷൻ ബോർഡ് ഉണ്ടായിരിക്കുന്നതു നന്നായിരിക്കുമെന്നു ഞാൻ പറഞ്ഞല്ലോ.

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): മദ്രാസിൽ സ്റ്റാഫ് സിലക്ഷൻ ബോർഡ് നിൎത്തുന്നതിനു ആലോചനയുള്ളതായിട്ടറിയാമോ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): എനിക്കറിഞ്ഞുകൂടാ. എങ്കിലും മെമ്പർ പറഞ്ഞതു കൊണ്ടു അതു ശരിയായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

ഈ സംഗതി ഇന്നു സൎവ്വപ്രധാനമായിട്ടു തീൎന്നിട്ടുണ്ട്. ഇതിനാൽ ഈ കൌൺസിലിൽ ജനപക്ഷത്തു തന്നെയും ഭിന്നിപ്പു ഉണ്ടാകാൻ ഇടയുണ്ടെന്നാണ് എന്റെ അഭിപ്രായം.

MR. MATTHEW MURIKKAN (*Vaikam*). ഭിന്നിപ്പു ഉണ്ടായിട്ടില്ലെന്നു അറിയാമോ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*). ഉണ്ടായിക്കഴിഞ്ഞില്ല. അങ്ങിനെ ഉണ്ടാകാൻ ഇതൊരുവഴിയായിരിക്കുമെന്നാണ് ഞാൻ പറഞ്ഞതു്.

അതിനാൽ ഗവൎമ്മെന്റു ഞാൻ പറഞ്ഞിട്ടുള്ള അഭിപ്രായങ്ങളെ ശരിയായിട്ടു ഗൌനിച്ചു പ്രവൎത്തിച്ചാൽ കൊള്ളാമെന്നു എനിക്ക താല്പൎയ്യമുണ്ട്.

MR. R. RAMAN PILLAI (*Kottayam*). സർ, എന്റെ ഉപക്ഷേപത്തെ പററി ഞാൻ സംസാരിച്ചതിനു തക്കതായ സമാധാനം റവന്യൂ കമ്മീഷണർ അവർകൾ പറഞ്ഞു കാണുന്നില്ല. പണ്ഡിതനായ ഡപ്യൂട്ടി പ്രസിഡന്റു അവർകളുടെ അഭിപ്രായം ദീർഘകാലമായിട്ടു വിലവച്ചു കൊണ്ടിരിക്കുന്ന ഒരുവനാണ് ഞാൻ. എന്നാൽ ഇതിനെ സംബന്ധിച്ചു മറിച്ചു പറയേണ്ടിവന്നതിൽ ഞാൻ അത്യന്തം വ്യസനിക്കുന്നു. എന്റെ സ്നേഹിതൻ മിസ്റ്റർ മുഹമ്മദിന്റെ അഭിനന്ദനത്തെ ഉദ്ദേശിച്ചല്ല ഞാൻ ഈ ഉപക്ഷേപം ഇവിടെ ഹാജരാക്കിയതു്. എന്റെ നിയോജകമണ്ഡലത്തിന്റെ അനുഗ്രഹം എന്റെ ആശയത്തിനു എതിരല്ലാതെയുള്ളതായാൽ അതിനെ ശിരസാവഹിക്കേണ്ടതു എന്റെ ചുമതലയാണ് എന്നു ഞാൻ വിചാരിക്കുന്നു. അവിടത്തെ ആളുകൾ ഈ സംഗതി

യിൽ എന്നെ നിർബന്ധിച്ചു കൊണ്ടിരിക്കുന്നതിനാൽആണ് ഞാൻ ഇവിടെ ഈ ഉപക്ഷേപം ഹാജരാക്കിയത്. സമുദായമത്സരം നിമിത്തമുള്ള സങ്കടങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നവനാണ് ഞാൻ. ഇതിലേക്കു കാരണം ഉദ്യോഗാപ്പക്ഷണമല്ലാതെമറെറാന്നുമല്ല. അതിലേക്കു ഗവണ്മെൻറ് എന്തെങ്കിലും സുസ്ഥിരവും സംസ്ഥാപിതവുമായ ഒരു നയം സ്വീകരിക്കണം. അടുത്തകാലത്തുതന്നെ നായന്മാരേയും ബ്രാഹ്മണരേയും മേലാൽ ലാൻഡ്റവന്യൂഡിപ്പാർട്ടുമെൻറിൽ പ്രവേശിപ്പിക്കരുതെന്നു ഒരു സർക്കുലർ പുറപ്പെട്ടിട്ടുള്ളതായി എനിക്കുസൂക്ഷ്മമായിട്ടറിയാം.

PRESIDENT. That statement was definitely denied by the Land Revenue Commissioner.

MR. R. RAMAN PILLAI (*Kottayam*): ഞാൻ അതു കേട്ടില്ല. ആ ഭാഗം ഞാൻ പിൻവലിച്ചിരിക്കുന്നു. എങ്കിലും ഉദ്യോഗനിയമനത്തിലുള്ള അനുഭവംകാണുന്നതു് ഇങ്ങനെയാണ്. മലയാളബ്രാഹ്മണർ ഒട്ടുംതന്നെ പ്രാതിനിധ്യമില്ലാത്ത സമുദായക്കാരാണ് എന്നുള്ളതിന് സംശയമില്ല. സർക്കാർ ഉദ്യോഗസ്ഥന്മാർക്കോ പട്ടണത്തിൽ നിവസിക്കുന്ന ആളുകൾക്കോ ക്ഷത്രിയർക്കോ, ബ്രാഹ്മണർക്കോ, ഈ സമുദായമത്സരം നിമിത്തം ഉണ്ടാകുന്ന ദോഷങ്ങളെപ്പററി ലേശവും അറിവില്ല. ഉൾനാട്ടിൽ നിവസിക്കുന്ന എന്നേപ്പോലെയുള്ളവർ ഈ സങ്കടം അനുഭവിക്കുന്നുണ്ടു്. അയൽപക്കക്കാർ കണ്ടാൽ സംസാരിക്കുന്നില്ല. ഇതിൽപ്പരം വലിയ സങ്കടം മറെറാന്നുണ്ടോ? ഗവണ്മെൻറ് ഇതിന് ഒരു സമാധാനം ഉണ്ടാക്കേണ്ടതാണ്. ദീർഘകാലമായിട്ടു നടന്നുകൊണ്ടിരിക്കുന്ന ഈ സങ്കടത്തെ പരിഹരിക്കണമെന്നുള്ള എന്റെ ഉപക്ഷേപത്തെ വോട്ടിനിടണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*): Sir, I have only to say that Government will remember all these recommendations and suggestions of the members. But they cannot accept the motion in the form in which it is now seen here.

MR. K. P. NILAKANTA PILLAI (*Chirayinkil*): In view of the fact that a notification referred to by Mr. Raman Pillai has been denied by the Land Revenue Commissioner, may I know whether any notification giving the spirit of the previous notification has been issued, that is, preventing the Land Revenue Commissioner from preferring other caste people to initial appointments? May I know whether such a notification has been circulated recently.

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*): No. The only policy adopted by the department is in strict accordance with the wishes of the members of this Council recorded on a previous occasion. So, I am afraid I cannot accept the motion in the

[Mr. S. C. H. Robinson.]

form in which it is put. Under the circumstances I trust the member will withdraw his motion.

MR. R. RAMAN PILLAI (*Kottayam*): മേലാൽ സമുദായ മത്സരം ഉണ്ടാകാത്ത വിധത്തിൽ ഗവൺമെൻറു എന്തെങ്കിലും ചെയ്യാൻ തയാറുണ്ടെങ്കിൽ ഞാൻ ഉപക്ഷേപം പിൻവലിക്കാം. ഇല്ലെങ്കിൽ അതു വോട്ടിനിടണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

PRESIDENT: In winding up the discussion on this matter I should like to say a few words. Government recognise the desire of all members of this Council to have a solution of this communal question that is agitating the minds of us all. Government also have been trying to find a solution for this question and as Mr. Robinson said Government have been trying to remove the inequalities that exist at present, by as far as possible preferring for initial appointments members of the unrepresented or less represented communities who are qualified for appointments and whose appointment to places will not in any way detrimentally affect the efficiency of the administration. It may be that in carrying out this policy there have been defects here and there. To cure those defects Government, I may say, are prepared to consider the various suggestions that have been made in this Council today in the discussion of this motion and are prepared to take action which on a consideration of all these various aspects of the question Government may think necessary. At present Government cannot accept any particular remedy suggested as the appropriate remedy. All that I can say is Government will consider all the suggestions of the members and they may probably require the help of the Council itself to find out a proper way to deal with this question, to the satisfaction of all.

MR. R. RAMAN PILLAI (*Kottayam*): ഗവൺമെൻറു വേണ്ടവണ്ണം പര്യാലോചിക്കാമെന്നു സമ്മതിച്ചിരിക്കുന്നതു കൊണ്ടു തൽക്കാലം ഇതിനെ വോട്ടിനിടണമെന്നു എനിക്കപേക്ഷയില്ല.

PRESIDENT: Has the member the leave of the House to withdraw his motion?

The motion was, by leave, withdrawn.

Motion 15.

MR. K. P. NILAKANTA PILLAI (*Chirayinkil*): I beg to move the following motion :—

To reduce the allotment of Rs. 19,560 for Land Revenue and Income Tax Commissioner by Rs 100.

Sir, At the very outset I request the members of this side of the House to understand the object of the motion in the spirit in which I have tabled the motion. It is not with any intention about a particular question that I have tabled this motion for the consideration of the House. This general question of land assignment policy of our Government has been mooted in various forms in this Council for the last so

many years and the merits and demerits of the question have been threshed out in all its aspects on the floor of this House. Therefore to convince the members on this side of the House or on the other side of the House, I need not elaborate on what ought to be the policy of the Government in assiging lands in future in Travancore. Sir, it is not my intention that lands should not be assigned to anybody, whether a Travancorean or an outsider. But it is my intention, Sir, to inform the Government that by adopting a policy of land assignment there should not be heart burn to some sections of the communities in Travancore. To put it more clearly, the land assignment policy of the Government should be conceived and worked out in a spirit which will advance the interest of the people in the country as far as practicable. It is a well-known fact that for the last so many years a big game is going on in Travancore. That has to be conceded by the Government; and nobody will dispute that. Whether land is to be assigned in favour of x, y or z, the question that has to be solved by this House is what ought to be the maximum acreage that should be assigned to any particular individual in the State. Government have recognised the desire of the members on this side of the House that in future the land assignment policy of the Government should be directed in that way. By this particular motion I submit, for the consideration of this side of the House, that in view of the limited extent of *puduval* lands available in Travancore it should be ruled that more than 100 acres should not be registered to one individual during his life time. That aspect of the question I put forward with all force for the serious consideration of this side of the House. I need not enumerate the figures referring to the acreage of *puduval* lands availabe in Travancore hereafter for registry. It may not be more than 12 to 13 thousand acres and it may come to 30 to 32 cents per head. From these figures it would be clear that the fact has to be recognised by Government that there are people who want even small bits for occupation and even for living. There is a clamour for the registry of lands in the name of the depressed classes. We find that all these communities find it very difficult to get a few cents of land even for building a hut to live in. That is the state of affairs in Travancore today. If we really had plenty of lands to be registered, Government may order registry of large extents. Then, there will be no real grievance in assigning large areas in the name of a single individual. Therefore, my main object in tabling this motion is that this game should not be continued. The capitalists and the land jobbers should be stopped from proceeding further. That is my main object. Coming to more particulars—I speak subject to correction, because I have no peep into the Government records; what I submit with reference to a particular matter-I say with the help of the information that I was able to get—in central Travancore, something like 1,500 acres have been ordered to be surveyed as a preliminary to the registry in the name of a single individual. He may be X, Y or Z. That is not my concern now.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): Is it in the Kottayam Division or central Travancore?

MR. K. P. NILAKANTA PILLAI (*Chirayinkil*): In the Kottayam Division, Todupuzha taluk. I ask Government in all seriousness whether the policy underlying this particular instance is justifiable from *any* point of view. Sir, therefore, the main point which I want to press for the consideration of this House is that hereafter it should not be possible to register more than 100 acres of land to a single individual during his life time. I exclude in this motion those highland regions which are fit only for the cultivation of tea and cardamom. I speak, on this motion, with reference to the lands available in the low-lying middle regions which are useful for other cultivation. Therefore, Government ought to lay down a policy that hereafter they would not allow more than 100 acres of land to be registered in the name of a single individual. That is the main purpose with which I am moving this motion. Coming back to the particular question which I have quoted, Sir, if, by want of a careful consideration or in a hurry, the Government had committed themselves in any way in regard to the instance which I have quoted in this House, I request by this motion that Government must consider this question and stay their hands not to proceed further in the particular registry. With these words, I place the motion for the consideration of the House.

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*): Sir, I may, first of all, assure Mr. K. P. Nilakanta Pillai that no order of registry has been passed.

MR. K. P. NILAKANTA PILLAI (*Chirayinkil*): May I know whether any individual has been asked to deposit the survey charges so that this area may be surveyed on his behalf?

MR. S. C. H. ROBINSON (*Land Revenue aud Income Tax Commissioner*): I believe that has been done. No order of registry has been passed.

MR. K. P. NILAKANTA PILLAI (*Chirayinkil*): Will he please answer the question, Sir?

PRESIDENT: I think that it would perhaps be better if I make a short statement about that matter.

With regard to an area of about 1200 acres there has been an application from Mr. Subrahmanya Aiyar, his name is mentioned in the token motion itself and there is no reason why it should not be mentioned. That is part of a large minor circuit where a much larger area may be available for registry. There are also a few other applicants for land out of that minor circuit. An order seems to have been passed that before the registry can be sanctioned a survey of the land has to be made in order to find out what exactly the extent of land available for registry is, and that order said that the survey charges might be recovered from the applicant. On a further consideration, seeing that there are many applicants for smaller areas out of the large minor circuit, Government have formed the opinion that the whole minor circuit might be surveyed in order to find out the extent of the whole area available for registry, and that the survey might be conducted initially at Government cost so that under the Rules the cost might be

proportionately recovered subsequently from any parties in whose favour the Government may order the registry by assignment or by auction. That is the position with regard to it.

MR. K. P. NILAKANTA PILLAI (*Chirayinkil*): In view of the statement made by the President, I would drop the last part in my statement of the object of my motion *i. e.*, the proposed registry of 1,200 acres in the name of Mr. Subrahmanya Aiyar.

MR. R. RAMAN PILLAI (*Kuttayam*): സർ, ഇതിൽ വ്യക്തിപരമായി പറഞ്ഞിട്ടുള്ള ഏതാനും ഭാഗങ്ങൾ ഒഴിച്ചു ശേഷംഭാഗത്തെ ഞാനും പിൻതാങ്ങുന്നു. തിരുവിതാംകൂറിൽ ൪൦ ലക്ഷം ജനങ്ങൾ എന്നു പറയുന്നതു ൩൭ ലക്ഷത്തിൽ കുറയാതെയുണ്ട്. ക്രിസ്ത്യാനികൾ പണ്ടേതന്നെ ഭാഗംകൊണ്ടും നായന്മാർ ഈഴവർമുതലായവർ ഇപ്പോഴത്തെഭാഗംകൊണ്ടും സെൻറുകാരരായിട്ടാണു തീർന്നിരിക്കുന്നത്. കുറച്ചുസെൻറുസ്ഥലംമാത്രമെ അവർക്കുള്ളു. പിന്നീട് അധഃകൃതന്മാരായ ആളുകൾക്കു ലേശവും ഭൂമിയില്ല. ഇത്രയും ജനങ്ങൾക്കു കിടപ്പാടം ഉണ്ടാക്കിക്കൊടുക്കാനുള്ള ചുമതല ഗവണ്മെൻറിനുള്ളതുകൊണ്ടും തിരുവിതാംകൂർസംസ്ഥാനത്തിൻെറ വിസ്താരം പരിമിതമായ അവസ്ഥയിലും വർദ്ധിപ്പിക്കാൻ നിവൃത്തിയില്ലാത്തനിലയിലും ആയിരിക്കുന്നതുകൊണ്ടും ഈ അവസരത്തിൽ തരിശുഭൂമികൾ ബ്ലോക്കുബ്ലോക്കായിട്ടു ധാരാളം പണമുള്ളവർക്കു പതിച്ചുകൊടുക്കുന്നതിൽ ജനങ്ങൾക്കു വലിയ സങ്കടമുണ്ട്. അതിൽ ഒട്ടും കുറയാത്ത സങ്കടം എനിക്കുമുണ്ട്. അതിനാൽ മേലാൽ ൫൦൦ ഏക്കറിൽകവിഞ്ഞഭൂമി ആർക്കും പതിച്ചുകൊടുക്കരുത്. ഒരാൾക്കു ൫൦൦ ഏക്കർ കൊടുത്താൽ അതിൽ അയാൾ കൃഷിചെയ്തു എന്നുകണ്ടാൽ കുറച്ചുകൂടി കൊടുക്കുന്നതുകൊണ്ടു വിരോധമില്ല. അല്ലാതെ ആ സ്ഥലം കച്ചവടംചെയ്തു ആദായം ഉണ്ടാക്കാൻ അനുവദിച്ചുകൂടാ.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): സർ, ഈ ഉപക്ഷേപത്തെ പററി രണ്ടു വാക്കു ഞാനും സംസാരിക്കേണ്ടതത്യാവശ്യമാണ്. എൻെറ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട തൊടുപുഴതാലൂക്കിൽ ആയിരത്തിലധികം ഏക്കർഭൂമി ഒരാൾക്കു ശേഖരമായിട്ടു പതിച്ചുകൊടുക്കുന്നു എന്നും അതു അരുതെന്നുമാണു മിസ്റ്റർ നീലകണ്ഠപ്പിള്ള പറയുന്നത്. എന്നാൽ മൂവാററുപുഴ, തൊടുപുഴ മുതലായ താലൂക്കുകളിൽ കൃഷിക്കാർക്കു ഭൂമിയില്ലാത്ത ബുദ്ധിമുട്ടു വളരേയുണ്ട്. ചില്ലറയായിട്ടു കൊടുക്കാതെ ഒരാൾക്കുതന്നെ ശേഖരമായിട്ടു കൊടുക്കുന്നതു മററുള്ളവർക്കു ഭൂമികിട്ടുവാൻ വിഷമമുണ്ടാക്കും. പ്രസിഡൻറു അവർകൾ അങ്ങിനെ കൊടുക്കുന്നതല്ലെന്നാണല്ലോ മുമ്പു പറഞ്ഞത്.

PRESIDENT. I didn't say how it was going to be registered. I said nothing about that.

[Mr. Tariatu Kunjitomman.]

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*). ഞാൻ അങ്ങനെയാണു ധരിച്ചത്. ശേഖരമായിട്ടു ഭൂമി പതിച്ചുകൊടുക്കുന്നതു സാധാരണ ജനങ്ങൾക്കു ഭൂമികിട്ടാതെ കഷ്ടതയുണ്ടാക്കുന്ന കാൎയ്യമായിരിക്കും. മൂവാററുപുഴ, തൊടുപുഴ മുതലായ താലൂക്കുകളിൽ ജനങ്ങൾക്കു കൃഷിയല്ലാതെ മറെറാരു തൊഴിലുമില്ല. മുമ്പു മലവാരം കൃഷിചെയ്തുകൊണ്ടിരുന്ന സ്ഥലമെല്ലാം റിസൎവ്വാക്കിയതുകൊണ്ടു കൃഷിക്കു സ്ഥലമില്ലാതെ കൃഷിക്കാർ വളരെ ദാരിദ്ര്യത്തിലും കഷ്ടതയിലും കഴിച്ചുകൂട്ടുകയാണ്. അന്നു കൃഷിചെയ്യുന്നഭൂമികൾക്കുമാത്രം കരംകൊടുത്താൽ മതിഎന്നുണ്ടായിരുന്നു. റവന്യൂകാർ മല വിരിപ്പു ഓരോകൊല്ലവും കണ്ടെഴുതി കരം പിരിക്കയായിരുന്നു. അന്നു മലവാരം കൃഷിചെയ്തിരുന്ന സ്ഥലങ്ങളെല്ലാം ഇന്നു റിസൎവ്വാക്കിയിട്ടിരിക്കയാണ്. പേരിൽപതിവു ഭൂമികൾ വിഭജിച്ചു വിഭജിച്ചു ആളാംപ്രതി വളരെ ചുരുങ്ങി. ഇങ്ങനെ കൃഷിക്കാർ ഭൂമിയില്ലാതെ കഷ്ടപ്പെടുമ്പോൾ തെങ്ങും മുളകും ഉണ്ടാകുന്നതും ഫലപുഷ്ടിയുള്ളതുമായ തൊടുപുഴതാലൂക്കിലെ മീനച്ചിലോടടുത്തുള്ള ഭൂമികളെ ചിലൎക്കു ശേഖരമായിട്ടു പതിച്ചുകൊടുക്കുന്നതു് വലിയ കഷ്ടമാണ്. ഇന്നാൎക്കു് എന്നു് ഞാൻ പറയുന്നില്ല. ആൎക്കായിരുന്നാലുംശരി. ഗവൎമ്മെൻറു അങ്ങിനെ പതിച്ചുകൊടുക്കുന്നു എന്നോ കൊടുക്കാൻ പോകുന്നുഎന്നോ ഉള്ള അഭിപ്രായം വിശ്വസിക്കുന്നതിനു വേണ്ടിടത്തോളം ന്യായം ഉണ്ടെന്നു എനിക്കു തോന്നുന്നില്ല. ചില ഉദ്യോഗസ്ഥന്മാൎക്കോ (പെൻഷൻ ഉദ്യോഗസ്ഥന്മാരല്ല) അവരുടെ ചില ചാൎച്ചക്കാൎക്കോ ഇങ്ങനെ ശേഖരമായി ഭൂമി പതിച്ചുകൊടുക്കാൻ പോകുന്നുഎന്നു അവിടെ ജനങ്ങളുടെയിടയിൽനിന്നും എനിയ്ക്കറിയുന്നതിനിടയായി. അതിനെ ഞാൻ കാൎയ്യമായിട്ടു ഗണിച്ചില്ല. അങ്ങിനെ സംഭവിക്കുമെന്നു എനിയ്ക്കു വിശ്വാസമില്ലാത്തതിനാൽ ഞാൻഗവൎമ്മെൻറിനെ അതറിയിച്ചിട്ടുമില്ല.

ഈ ഭൂമിപതിപ്പിൽ ഗവൎമ്മെൻറു സുസ്ഥിരമായ ഒരു നയം സ്വീകരിക്കേണ്ടതാണ്. അധഃകൃതവൎഗ്ഗക്കാൎക്കു ആളൊന്നിനു മൂന്നു ഏക്കർവീതം തറവിലകൂടാതെ കൊടുക്കയും ബാക്കിയെല്ലാം അംശങ്ങളായിട്ടുലേലം ചെയ്കയുംവേണം. പുതുവൽ റൂൾസ് ൧൨-ാം വകുപ്പനുസരിച്ചു് വിലപിടിച്ച വലിയദേഹണ്ഡങ്ങളുള്ള സ്ഥലം അവൎക്കുതന്നെപതിച്ചുകൊടുക്കണം. സാധുക്കൾക്കു ഭൂമിപതിച്ചുകൊടുത്താൽ ഗവൎമ്മെൻറിനും ആദായംജനങ്ങൾക്കും സൌകൎയ്യം. മൂവാററുപുഴ, തൊടുപുഴ ഈ താലൂക്കുകളിലുള്ള തരിശുഭൂമികളെല്ലാംഇങ്ങനെകൊടുക്കണം. റിസൎവ്വിനകത്തും നെൽകൃഷിക്കുംമററു കൃഷികൾക്കുമുപയോഗിക്കാവുന്ന സ്ഥലങ്ങൾ ധാരാളമുണ്ടു. അവയുംപതി

ച്ചുകൊടുക്കണം. അതു് ശേഖരമായിട്ടു ഒരിക്കലും പതിച്ചുകൊടുക്കരുതു്. ഇങ്ങനെയുള്ള സംഗതികളിൽ ജനങ്ങളുടെസങ്കടത്തെ അവക്കുവേണ്ടി ഗവണ്മെൻറിനെ ധരിപ്പിക്കേണ്ടതു എൻെറ കടമയാണെന്നു ഞാൻ വിശ്വസിക്കുന്നു.

സർ, എൻെറ നിയോജകമണ്ഡലത്തിൽ ശേഖരമായി ഈ വിധം ഭൂമിപതിച്ചുകൊടുക്കാൻ പോകുന്നുഎന്നു് അറിയാതെയിരുന്നതുകൊണ്ടാണു് ഞാൻ അങ്ങിനെചെയ്യരുതു് അതു ജനങ്ങൾക്കു സങ്കടമാണു് എന്നു ഗവർമെൻറിനെ പ്രത്യേകം അറിയിക്കാതിരുന്നതു്. ഇങ്ങനെശേഖരമായിട്ടു പതിച്ചുകൊടുക്കാൻ പോകുന്നുഎന്നുള്ളതു വാസ്തവമാണെങ്കിൽ അതിനെ ഞാൻ ശക്തിയായിട്ടു പ്രതിഷേധിക്കുന്നു.

MR. MURUVELIL PACHU PILLAI (*Shertallai*). സർ, ഈ ഉപക്ഷേപത്തെ ഞാനും ബലമായിട്ടു പിൻതാങ്ങുന്നു. ഈ രാജ്യത്തു പുതുവൽ പതിവിനെപററി കൂടക്കൂടെ പലപരാതികളും കേൾക്കാറുണ്ടു്. മുമ്പുതന്നെ പുതുവൽ പല വലിയ കമ്പനികളുടേയും പേരിൽ പതിച്ചുകൊടുത്തു പോയിട്ടുണ്ടു്. ഇനി ശേഷിക്കുന്നതു വളരെ കുറച്ചുമാത്രമേയുള്ളു. യൂറോപ്യൻ കമ്പനിക്കാക്കു ഈ രാജ്യത്തു അനേകായിരം ഏക്കർ സ്ഥലം പതിച്ചുകൊടുത്തു അവർ അതിൽ ഏലം, ടീ മുതലായവ വളരെ ഭംഗിയായിട്ടു കൃഷിചെയ്തുവരുന്നു. കണ്ണൻ ദേവൻ മലകൾതന്നെ ൯൯ വർഷത്തേയ്ക്കു തുച്ഛമായ ഒരു സംഖ്യ പാട്ടത്തിന്മേൽ ഗവണ്മെൻറു എഴുതികൊടുത്തിരിക്കയാണു്. ആസ്ഥലം ഇപ്പോൾ തിരുവിതാംകൂറിൽ സ്വിററ്സർലണ്ഡിനു തുല്യമായിരിക്കുന്നു. ഈ വസ്തുക്കളെല്ലാം തിരിയെ കിട്ടാൻ ഒരു നിവൃത്തിയുമില്ല. ഈരാജ്യം ൭൬൨൫ ചതുരശ്രമൈൽ വിസ്താരമേയുള്ളു. അതിൽ ജലവിഭാഗവും വനവും ഒഴിച്ചാൽ ബാക്കിയുള്ള സ്ഥലത്താണു് ൪൨ ലക്ഷത്തിൽ ചില്വാനം ജനങ്ങൾ അധിവസിച്ചു വരുന്നതു്. ഇവിടത്തെ ജനസംഖ്യയനുസരിച്ചു ഒരു ചതുരശ്രമൈൽ സ്ഥലത്തിൽ ൭൦൦-ൽ ചില്വാനം ജനങ്ങൾതാമസിച്ചുവരുന്നതായിട്ടു കാണാം. മററു രാജ്യങ്ങളെ സാമ്യപ്പെടുത്തുമ്പോൾ ഇവിടെ ഒരു ചതുരശ്രമൈലിനകത്തു പാക്കുന്ന ജനങ്ങൾ തുലോം അധികമാണെന്നു ബോദ്ധ്യപ്പെടും.

ഇനി ഒരാൾക്കു ശരാശരി കൃഷിസ്ഥലം എത്രയുണ്ടെന്നു നോക്കാം. സക്കാർ കണക്കിൽ നിന്നും മനസ്സിലാകുന്നതു് ഒരാളിൻെറ വീതത്തിനു ൫൪ സെൻറു സ്ഥലമേയുള്ളു എന്നാണു്. ഇതാണു് ഇവിടത്തെ ജനങ്ങളുടെ അവസ്ഥ. ഈ സ്ഥിതിക്കു ഒരു ക്ലിപ്തം കൂടാതെ ഇത്രയധികം

[Mr. Muruvelil Pachu Pillai.]

ഏക്കർ സ്ഥലം ഓരോരുത്തൎക്കും പതിച്ചു കൊടുത്താൽ വാസ്തവത്തിൽ ഈ രാജ്യത്തിനും, ജനങ്ങൾക്കും അതു വളരെ സങ്കടകരമായിട്ടു തീരും. പ്രഭുത്വവും സ്വാധീനശക്തിയും ഉള്ളവൎക്ക് എത്ര ഏക്കർ സ്ഥലംവേണമെങ്കിലും പതിച്ചു വാങ്ങിക്കാൻ കഴിയും എന്നുള്ള ഇന്നത്തെ നിലയെ ഭേദപ്പെടുത്തേണ്ടതു എത്രയും അത്യാവശ്യമായിട്ടുള്ളതാണ്. അതുകൊണ്ടു ൫ ൦ ൦ ഏക്കറിൽക്കൂടുതൽ സ്ഥലം ഒരപേക്ഷകന് ഒരിക്കലും പതിച്ചുകൊടുക്കാൻപാടില്ല എന്നുള്ള നയം ഗവണ്മെന്റു സ്വീകരിക്കേണ്ടതാണ്. ഇത്രയും പറഞ്ഞുകൊണ്ടു ഈ ഉപക്ഷേപത്തിലടങ്ങിയിരിക്കുന്നതത്വത്തെ ഞാൻബലമായിട്ടു പിൻതാങ്ങിക്കൊള്ളുന്നു.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): Sir, I support the motion moved by Mr. K. P. Nilakanta Pillai. In the year 1090 one Mr. Subrahmanya Aiyar got nearly 700 acres of land in the Kaliyal Pakuti as a special case.

PRESIDENT: It is perhaps better, Mr. Kesava Pillai, if you do not refer to individual instances since it is a matter of policy that is being discussed under a token motion.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): In the Neyyattinkara taluk the very same individual has made another speculative attempt.

PRESIDENT: You are still harping upon individual instances, which, I told you, may better be avoided.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): I support the motion of Mr. K. P. Nilakanta Pillai and most emphatically say that such big areas should not be registered in the name of one particular individual.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): The principle underlying this motion is, as I understand it, that our lands after registration should be cultivated and should be conserved for our people. Sir, being one who courted defeat 12 months back in this Council for advocating this principle, I have very great pleasure to support the principle underlying this motion now. Last year, if I remember correct, Sir, there was a resolution tabled by my friend Mr. Kunjitomman that not more than 5 acres of land should be registered to anyone foreigner included. I moved an amendment then that his object could not be achieved unless.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അഞ്ചേക്കറിൽ കൂടുതൽസ്ഥലം ആൎക്കും പതിച്ചു കൊടുക്കരുതെന്നു ഞാൻ പ്രമേയം കൊണ്ടുവന്നു എന്നാണോ പറയുന്നതു?

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Exactly.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*: ഞാൻ അങ്ങിനെ കൊണ്ടുവന്നിട്ടില്ല.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): If I remember correctly that was his resolution.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): വിദേശികൾക്കു പതിച്ചുകൊടുക്കരുതു് എന്നാണു ഞാൻ കൊണ്ടുവന്നിരുന്നതു്.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Any one includes foreigner. Now also no mention is made of Travancorean or foreigner by the mover or any one who spoke. My object in moving that amendment then was that lands should be registered for cultivation and conserved for Travancoreans and Travancoreans alone. I then suggested an amendment that legislation should be introduced to the effect that lands so registered should not be sold to anybody. But I had a defeat. It therefore gives me now very great pleasure to support the principles underlying the motion. From the speeches of Mr. K. P. Nilakanta Pillai and Mr. Raman Pillai it is evident that land jobbers should not get lands registered for selling them away. If that be the object I would urge as I stated even last year that some arrangement be made so that lands may not be registered to land jobbers for the purpose of selling them after registration. With these observations I support the principle enunciated.

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*): Sir, I take it from what Mr. K. P. Nilakanta Pillai said that his main idea is to prevent lands getting into the hands of speculators who intend to keep them idle and eventually sell them at a profit to somebody else instead of getting them cultivated for the good of the country and removing unemployment. The assignment of lands under *Puduval* Rules is a judicial proceeding as it is known, and every step is laid down as to the extent that can be assigned to anyone. Rule 16 lays down that the maximum that can be sold in auction to a single individual is 50 acres; that is already provided for under the Rules, and the powers of the several officers are curtailed as to the amount of land they could sell of occupied lands for *bona fide* valuable improvement as it is defined and of unoccupied lands. Mr. K. P. Nilakanta Pillai said he has no objection to large areas in high elevations like Peermade being registered on a bigger scale for tea cultivation and so on. That is what I think he said. I am open to correction.

MR. K. P. NILAKANTA PILLAI (*Chirayinkil*): More than 100 acres may be registered in high land regions but not in low lands.

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*): Of course, that is necessary because I gather that you cannot manage tea estates with less than 200 acres. It does not pay you to put up a factory. So the least extent is 200 acres in any high elevation. Another thing is that these lands in a high elevation are quite unsuitable for ordinary purposes like the cultivation of tapioca, cocoanut, arrecanut and so on. In Karikode pakuty there is a very big area of land. It is being surveyed in 5 acre blocks and the area applied

[Mr. S. C. H. Robinson.]

for by Dr. Subrahmanya Aiyar is on an elevation of 2,900 feet. The lands applied for by Mr. Itty and by Mr. Minachil Joseph and others are further down the slopes and the question is if we can restrict any Travancorean from going in for tea cultivation, as at present, we have only very few Travancoreans who have got tea estates.

There is Mr. S. Krishna Aiyar at Vandiperiyar. He owns an estate there. Mr. P. John of Kottayam owns the Karinkulam Estate. And there is the Bison Valley Estate in Devicolam, which belongs to some gentleman in Trivandrum itself. Then there is another gentleman who has applied for about three hundred acres near Punalur. It is for a new industry, Sir. That is being started by Travancoreans and it has got great prospects. There are several applications for blocks of more than 100 acres in extent. Under the present Rules, Sir, every application for registry of more than fifty acres of land has to go to Government for sanction. So, I do not think there is any need for any further restriction in the matter. Moreover, even if we put a maximum on the area that could be registered in favour of a single individual, what is there to prevent him from making a lot of his servants, dependents and relations, apply for contiguous blocks of land and then get them transferred in his name after registry? We hear of this being done frequently all over Travancore; and unless you prevent alienation of land altogether, I do not think there is any good in fixing the maximum limit alone.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Is the member agreeable to the alienation of these lands being prevented altogether?

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*): That point has been considered in several meetings of this Council in the past. The question was threshed out, and it was found very difficult to interfere with the rights of individuals over their property, especially in these days of partition of big *tarwads* on account of which such alienations have to be made in many cases. Such prevention of alienation will certainly be inconsistent with individual rights of ownership.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*); How does the question of the partition of big *tarwads* enter into this question of future registration?

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*): As I pointed out, the matter has been threshed out in this Council itself, and it has been found out that it would be inconsistent with individual rights if we prevent alienation. They tried to do it, I believe, in Mysore, and found that it would not work well. There are some similar rules in some of the colonies where lands are given under certain conditions. It is laid down that the people should bring the land under cultivation within a certain time. After careful consideration it was found that such conditions would not work in Travancore, A man may be in affluent circumstances when he gets the land

registered, and so he might then agree to the condition that it should be brought under cultivation within a fixed period; and as a matter of fact he might do some work soon after registry. Unfortunately, it may turn out subsequently that he has grown poor or ill. In such cases it would be very hard if we impose such conditions. Then again, another man may plant some tapioca cuttings in the four corners of the land and call it cultivation. And, in each case, difference of opinion will arise as to what is cultivation of the land. There cannot be any hard and fast rule with regard to that. So, the question of registering lands under such restrictions and conditions is also not practicable.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): When any land is available for registry, do you give sufficient publicity?

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*): I think so. The rules require publicity too.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): I asked '*sufficient* publicity', in order to attract a larger number of applications.

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*): It is published in the Gazette. Recently, when lands were made available in Kottayam and Muvattupuzha we reserved 100 acres for the depressed classes, and the rest is being put up for auction. The notification has been published in the Travancore Government Gazette and also in many papers.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Was it published in the Taluk Offices and Village Offices also?

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*): I think so. It is being published in some of the local newspapers as well.

I certainly think that you do a lot of harm to Travancoreans when you try to restrict the area that one can get. Particularly is it the case if you apply the restriction to the High Ranges where the people *do* require large extents of land for tea estates. As I said, we have only few Travancoreans who have such estates. Besides, these high level lands are fit only for tea cultivation. Such new industries are sure to be handicapped if such restrictions are imposed. The land that Dr. Subrahmanya Aiyar has applied for is simply for tea cultivation and for nothing else. It is 2,900 feet above the sea level; and so he would not be able to cultivate anything else.

MR. A. THANU PILLAI (*Trivandrum*): Is it for cultivation by him?

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*): I understand that he wants it for tea cultivation for one of his sons who has no employment.

MR. A. THANU PILLAI (*Trivandrum*): Has he stated so in his application?

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*): That is what his son told me.

I think I have made the point clear. Under the circumstances, I hope the member would withdraw the motion.

MR. A. THANU PILLAI (*Trivandrum*): It is high time that Government realise the necessity for bringing into force some rules, or some legislation, making it compulsory, for people getting *puduval* lands registered in their names, to bring such lands under cultivation. It is now conceded both by the officials and by the non-officials, by Mr. Robinson himself, that it is now quite easy for any person, who is able to exert sufficient influence with the officers responsible for effecting such registries, to get any extent of land that he wants.

MR. G. P. NILAKANTA PILLAI (*Karunagapalli*): Suppose the land is to be sold in public auction?

MR. A. THANU PILLAI (*Trivandrum*): Yes, suppose that is done; what follows?

MR. G. P. NILAKANTA PILLAI (*Karunagapalli*): Then, how can the capitalist induce the officers to register lands for lower prices?

MR. A. THANU PILLAI (*Trivandrum*): Lands are assigned not only by public auction, but also by registry and otherwise. Whatever that be, my point is, in the interest of the people in general, it is highly necessary that some measure should be devised for enforcing the cultivation of such lands by the persons in whose names they are registered.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): What does he say in regard to the prevention of alienation?

MR. A. THANU PILLAI (*Trivandrum*): In regard to the alienation of these lands by the people who get them registered in their favour I do not think it is impossible to prevent it. Mr. Robinson seems to suggest that Government are helpless in that matter.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Is it not possible to prevent it by legislation?

MR. A. THANU PILLAI (*Trivandrum*): That is just my point. I do not think that the Government are so powerless in the matter. If they really want to do it it is quite possible to insist on such lands being cultivated by the registered holders themselves. If they really care for the interests of the people at large, there is no meaning in influential persons getting thousands and thousands of acres from them.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Has the member any objection in capitalists getting large areas of lands by public auction?

MR. A. THANU PILLAI (*Trivandrum*): I have objection to that; because the whole land available in the State should not be divided among a few persons who are able to command money, especially when such persons do not intend to bring the land under cultivation but want to sell it away and make a huge profit thereby.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Has the member any objection if capitalists purchase large blocks of land in public auction and, by cultivating them, increase the food supply of the country and thereby make it *unnecessary* for us to *import* food-stuffs?

MR. A. THANU PILLAI (*Trivandrum*): I should think that, considering that the area of land available in Travancore is limited while the population is growing rapidly, restrictions on the sale of large extents to one individual, may very well be imposed. That is my personal view. Anyhow, I am strongly of opinion that when a person wants the registry of land merely for speculation, that should be prevented with a stern hand. The object of my friend Mr. Nilakanta Pillai's motion is to see that land is made available to as many persons as possible, and that as much land as possible is brought under cultivation. The difficulty pointed out by Mr. Robinson seems to me to be chimerical, because Government, if they really mean business in the matter, *can* find out measures to prevent such speculation, and there will be public support in the matter.

As for the land to be assigned to Dr. Subrahmanya Aiyar, I do not think we are very much concerned with the person because whether it is for Dr. Srubrahmanya Aiyar or for any one else it is all the same so far as the principle involved is concerned. As I stated a little while ago, some measure has to be devised to see that large areas *are not* registered away iu favour of particular individuals, and also that the lands granted by registry *are* brought under cultivation by the persons in whose names they are registered. With these words, I support the motion.

MR. P. S. MAHOMED (*Nominated*): സർ, ഈ കൌൺസിലിന്റെ ആലോചനയിൽ ഇരിക്കുന്ന ഉപക്ഷേപത്തെ സംബന്ധിച്ചു നടന്നിട്ടുള്ള പ്രസംഗങ്ങൾ മുഴുവനും ഞാൻ ശ്രദ്ധയോടുകൂടി കേൾക്കയുണ്ടായി. എന്റെ സ്നേഹിതൻ മി: നീലകണ്ഠപിള്ളയുടെ ഉദ്ദേശം ഈ ഉപക്ഷേപം കൊണ്ടു സാധിക്കുമെന്നു എനിക്കു തോന്നുന്നില്ല. നാട്ടുകാൎക്കു ഏതെങ്കിലും ഒരു ക്ലിപ്തം നിശ്ചയിച്ച് അതായത് ൫൦൦ ഏക്കറിൽ കൂടുതൽ ഭൂമി കൊടുക്കാൻപാടില്ലെന്നു നിശ്ചയിച്ചു ഭൂമിപതിച്ചു കൊടുക്കണമെന്ന നിലയിൽ ഈ ഉപക്ഷേപം പാസ്സാകുന്നപക്ഷം മി: റാബിൻസൺ പറഞ്ഞപ്രകാരം നാട്ടുകാരിൽ പണമുള്ളവൎക്കു ചായകൽട്ടിവേഷൻ ചെയ്യാൻനിവൃത്തിയില്ലാതെവരും. നമ്മുടെ നാട്ടിൽ പണമുള്ളവൎക്കു കൂടുതൽ ആദായം ഉണ്ടാക്കാനുള്ള സൌകൎയ്യത്തെ തടഞ്ഞു അവരെമടിയന്മാരാക്കി മററുള്ളവരെ പോലെ ദാരിദ്ര്യം അനുഭവിപ്പിക്കണം എന്നു ഞാൻ വിചാരിക്കുന്നില്ല. നമ്മുടെനാട്ടുകാരിൽ പണമുള്ളവർ ധാരാളം സ്ഥലം പതിച്ചു വാങ്ങികൃഷിനടത്തുമ്പോൾമററുള്ളവരുടെഇടയിലുള്ളതൊഴിലില്ലായ്മയ്ക്കു അതൊരുപരിഹാരമായിട്ടു തീരും. പിന്നീടു അനേകം ഏക്കർ പതിച്ചു വാങ്ങി അതിനെ മറെറാരാൾക്കു വിററു പണമുണ്ടാക്കുന്നുവെങ്കിൽ അതിനെ തടയേണ്ടതത്യാവശ്യമാണ്. ഈ ഉപക്ഷേപംകൊണ്ടു ആ ഉദ്ദേശം സാധിക്കുന്നതല്ല. ഈ ഉപക്ഷേപത്തിലെ താല്പൎയ്യപ്രകാരം ൫൦൦

[Mr. P. S. Mahomed.]

ഏക്കറിൽ കൂടുതൽ ഒരാൾക്കു പതിച്ചുകൊടുക്കാൻ പാടില്ലെന്നിരുന്നാലും സ്വന്തത്തിലുള്ള ഏതാനും പേരുടെ പേരിൽ ഭൂമിപതിപ്പിച്ചു പിന്നീടു അതിനെ കൈമാററം ചെയ്യുന്നതിനു ഈ ഉപക്ഷേപം ബാധകമാകുന്നില്ല. അതുകൊണ്ടു ൫ ൦ ൦ ഏക്കറിൽ കൂടുതൽ ഭൂമി കൊടുത്തുകൂടാ എന്നുള്ള നിലയിൽ ഗവണ്മെൻറിൻെറകൈകളെ ബന്ധിക്കരുതു്. ഇതുകൊണ്ടുധാരാളംപണമുള്ളവർക്കു കൃഷിചെയ്യണമെന്നുള്ള ആഗ്രഹം ഉണ്ടായിരുന്നാൽ അതിനെ തടയാമെന്നല്ലാതെ നാം ഉദ്ദേശിക്കുന്ന ഫലംഉണ്ടാകയില്ല.

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): സർ, ഈ ഉപക്ഷേപം തേയിലകൃഷിക്കു വലിയ പ്രതിബന്ധമായിട്ടുള്ളതാണു്. ഹൈറേഞ്ചിലും, റാന്നി, കോന്നി മുതലായ പ്രദേശങ്ങളിലും തേയില കൃഷി ധാരാളം നടന്നുവരുന്നുണ്ടു്. കോന്നിയിൽ ൨ ൫, ൦ ൦ ൦ ഏക്കറിൽ മുക്കാൽ ഭാഗവും തേയിലതോട്ടങ്ങളാണു്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ആ ഭാഗങ്ങളിൽ വേറെ വല്ലതും കൃഷി ചെയ്യാമോ?

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): ചെയ്യാം. റബ്ബറും തേയിലയും കൃഷി ചെയ്യുന്നതിനു് ൫ ൦ ൦ ഏക്കർ സ്ഥലം കൊണ്ടു തീരെ സാധിക്കയില്ല.

MR. R. RAMAN PILLAI (*Kottayam*): ൫ ഏക്കർ സ്ഥലം കൊണ്ടു തേയിലകൃഷി നടത്തിവരുന്നതായിട്ടു അറിയാമോ?

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): ഉണ്ടായിരിക്കാം. പക്ഷെ അതിൽനിന്നും ആദായം കിട്ടുവാൻ സാധിക്കയില്ല.

MR. R. RAMAN PILLAI (*Kottayam*): ഹാൻഡു മിഷ്യൻകൊണ്ടു ആദായം എടുക്കാൻ സാധിക്കയില്ലെ?

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): തേയില കൃഷിയിൽ നിന്നും ആദായം എടുക്കണമെങ്കിൽ ഫ്ാക്ടറി സ്ഥാപിക്കണം.

MR. R. RAMAN PILLAI (*Kottayam*): റാണികോവിൽ എസ്റ്റേററു അറിയാമോ?

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): അറിഞ്ഞുകൂടാ.

MR. R. RAMAN PILLAI (*Kottayam*): അതു യൂറോപ്യന്മാരുടെ തോട്ടമാണെന്നറിയാമോ?

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): അറിഞ്ഞുകൂടാ. കുറഞ്ഞപക്ഷം ഫ്ാക്ടറിക്കു ൫൦,൦൦൦ രൂപാ വേണം. അതിനാൽ തേയില, റബ്ബർ ഇവ കൃഷിചെയ്യുന്നതിനു ൩൦൦ ഏക്കറിൽ കുറയാതെയുള്ള സ്ഥലം ആവശ്യമാണ്.

MR. R. RAMAN PILLAI (*Kottayum*): ക്ലാമല എസ്റ്റേററു എത്ര ഏക്കർ ഉണ്ടെന്നറിയാമോ ?

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): ൪൦൦ ഏക്കർ ഉണ്ടെന്നു തോന്നുന്നു.

MR. R. RAMAN PILLAI (*Kottayam*): ൧൭൧ ഏക്കറേയൊള്ളു എന്നറിയാമോ?

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): അറിഞ്ഞുകൂടാ.

MR. R. RAMAN PILLAI (*Kottayam*): മെമ്പർക്കു തേയില തോട്ടം കണ്ടുപരിചയമുണ്ടോ?

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): ധാരാളം പരിചയമുണ്ട്.

Another question that I would like to bring to the notice of the Council is this. In fixing the jurisdiction of the various Sub-Registry offices, many mistakes are being committed. For instance the people from Pullampara pakuti in the Neduvangad taluk have to pass through the Vamanapuram Sub-Registry office in order to attend the Sub-Registry office at Attingal to get documents registered. I don't understand why there should be this foreign travel without scholarship. People are put to the necessity of passing through one Sub-Registry office to another taluk to get their documents registered. The Neduvangad people have to go to Attingal.

MR. P. N. KRISHNA PILLAI (*Secretary to Government*): May I know what the distance between Attingal and Pullampara is?

MR. K. MADHAVAN PILLAI (*Trivandrum* cum *Neduvangad*): I don't know. Anyhow, they pass through the Vamanapuram Sub-Registry office. They are nearer to this Sub-Registry office than to Attingal. That much I can say. The great disadvantage arising out of these frequent changes in regard to the jurisdiction of Sub-Registry offices is that everywhere people are put to great inconvenience in

[Mr. K. Madhavan Pillai.]

getting copies of documents. That is one of the evils. When an application is made to one Sub-Registry office those people say that the copy has to be obtained from another. I think a re-allocation of the jurisdiction of the Sub-Registry offices is a very great necessity. There are very many instances of this kind where people are put to very great difficulty by the Sub-Registry offices being located in inconvenient places.

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*) : ഞാൻ മി: ആശാന്റെ ഉപക്ഷേപത്തെ പിൻതാങ്ങുന്നു

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Can he speak twice ? He has already spoken (*Laughter.*)

MR. N. K. KRISHNA PILLAI (*Neyyattinkara*): I am not fully satisfied with the answer given by the Government member. For instance he has not given us any assurance with regard to the re-entertainment of clerks who have passed the Entrance examination who were acting for sometime and who are now out of work. As for that, we will bring another resolution or motion in the proper place on another occasion. But in the light of the assurance given in regard to other points I think I should withdraw the motion.

The motion was, by leave, withdrawn.

The following motions were not moved.

Motions 162 and 163.

MR. S. PIRAVIPERUMAL PILLAI :

162 To reduce the allotment of Rs. 20,785 for Direction by Rs. 100.

MR. ITTOOP ITTEECHAN :

163. To reduce the allotment of Rs. 20,785 for Direction by Rs. 100.

Motions 164.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : Sir, I beg to move the following motion :

To reduce the allotment of Rs. 1,78,012 for establishment by Rs. 220.

The reason for moving this motion. is to show that the transfer of the Registration jurisdiction of the Thazhakara pakuti from Mavelikara is highly inconvenient to the people of Mavelikara. I have already given the reasons for the same. But the Government member had not the courtesy even to say that it would be considered. He has not answered it. So I move that this amount of Rs. 220 be reduced from the allotment.

MR. P. N. KRISHNA PILLAI (*Secretary to Government*) : The member has charged me with want of courtesy. I don't know whether it is not an unparliamentary language. I thought I had finished all the points and I was asked to sit down. It was a mere omission on my part if I did not advert to this matter.

PRESIDENT: Who asked you to sit down?

MR. P. N. KRISHNA PILLAI (*Secretary to Government*): I thought I had finished all the points.

PRESIDENT: It was your fault.

MR. P. N. KRISHNA PILLAI (*Secretary to Government*): It was an omission.

It is true that the Director of Registration has submitted a proposition of that kind. But no final orders have been passed on the subject. Government will consider that question before final orders are passed.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): I withdraw the motion.

The motion was, by leave, withdrawn.

The following motion was not moved.

Motion 165.

MR. K. MADHAVAN PILLAI:

To reduce the allotment of Rs. 3,02,954 for Sub-Registrars by Rs. 14,462.

Motion 166.

To reduce the allotment of Rs. 3,02,954 for Sub-Registrars by Rs. 5.

MR. MURUVELIL PACHU PILLAI (*Shertallai*): സർ, ഞാൻ ഈ ഉപക്ഷേപത്തെ സഭമുമ്പാകെ അവതരിപ്പിച്ചുകൊള്ളുന്നു. ഞാൻ ഈ ഉപക്ഷേപം അയച്ചിട്ടുള്ളതിന്റെ ഉദ്ദേശം ചേർത്തലതാലൂക്കിൽഒരു സബ്‌രജിസ്ട്രാർ കച്ചേരികൂടി ഏർപ്പെടുത്തേണ്ട ആവശ്യത്തെപ്പററി കൌൺസിൽ പ്രതിപാദിക്കുന്നതിനു വേണ്ടിയാണ്. ചേർത്തലതാലൂക്ക് ചേർത്തലയും അതിനുസമീപമുള്ള വൈയ്ക്കം അമ്പലപ്പുഴ ഈ താലൂക്കുകൾ അതിർത്തികളിലും ഉൾപ്പെട്ടതായ നാലു സബ്‌രജിസ്ട്രാർകച്ചേരിയുടെ അധികാരാതിർത്തിയിൽ ഇപ്പോൾ ഉൾപ്പെട്ടിരിക്കുന്നു.

ഇതിൽ പകുതിയും അന്യതാലൂക്കുകളിലെ സബ്‌രജിസ്ട്രാർകച്ചേരിയുടെ അധികാരാതിർത്തിയിലാണ്. ചേർത്തലതാലൂക്കിൽ ഇപ്പോൾരണ്ടു കച്ചേരികൾ മാത്രമെയുള്ളു. അതു കുത്തിയതോടും ചേർത്തലയുമാണു. അവിടെയുള്ള ആധാരങ്ങളുടെ എണ്ണം സാമാന്യത്തിലധികം വർദ്ധിച്ചുഒരു കച്ചേരിയിൽ പതിയാനുള്ളതിൽ കൂടുതൽ ആധാരം പതിയുന്നു എന്നു ബോധ്യപ്പെട്ടിട്ടാണു ഡയറക്ടരുംഡിസ്ട്രിക്ട്‌രജിസ്ട്രാരും സ്ഥലത്തുവന്നുപരിശോധിച്ചു ഈ താലൂക്കിൽനിന്നും അടുത്ത താലൂക്കിൽ പതിയുന്ന ആധാരങ്ങളുടെ കണക്കെടുത്തു അവിടെ ഒരു കച്ചേരികൂടി സ്ഥാപിക്കണമെന്നു ശുപാർശചെയ്തിട്ടുള്ളതു്. ഇതിനുമുമ്പു ഈ കൌൺസിലിൽതന്നെ വാദം ഉണ്ടായതനുസരിച്ചാണ് അതിനെപ്പററി അന്വേഷണം നടത്താൻ ഇടയായതു. അഞ്ചു കച്ചേരികൾ പുത്തനായിട്ടു അനുവദിക്കണമെന്നു

[MR. Muruvelil Pachu Pillai.]

ഡയറക്ടർ ശുപാർശ ചെയ്തു എങ്കിലും മൂന്നു കച്ചേരികൾക്കു മാത്രമെ അനുവാദം നൽകിയുള്ളു. എന്നാൽ ഒരു കച്ചേരികൂടി ചേർത്തല താലൂക്കിലേക്കു വളരെ അത്യാവശ്യമാണ്. അതിനെപ്പററി വീണ്ടും അധികം താമസിക്കാതെ തന്നെ ഗവണ്മെൻറ ആലോചിക്കുമെന്നു വിശ്വസിക്കുന്നു.

ചേർത്തല കുത്തിയതോട്ടിൽ ഒരു കച്ചേരി ഉണ്ടു. അതിന് പേർ കൊടുത്തിരിക്കുന്നതു അരൂക്കുററി സബ്രജിസ്ത്രാർകച്ചേരി എന്നാണ്. അരൂക്കുററി എന്നു വേറൊരുസ്ഥലമുണ്ട്. അവിടെ അഞ്ചലാഫീസും ഉണ്ടു.

MR. V. J. OOMMEN (*Commerce and Industry, North*): അരൂക്കുററി ചേർത്തലതാലൂക്കിൽതന്നേയാണോ?

MR. MURUVELIL PACHU PILLAI (*Shertalli*): അതേ, സംശയമില്ല. കുത്തിയതോട്ടിലെ കച്ചേരി അവിടെനിന്നും മാററണമെന്നെനിക്കഭിപ്രായമില്ല. "കൃഷ്ണപിള്ള, സബ്രജിസ്ത്രാർ ആഫീസ്, അരൂക്കുററി" എന്നു ഒരുമേൽവിലാസം എഴുതി ഇപ്പോൾ ഒരുകത്തയച്ചാൽ അതു നേരെപോകുന്നതു അരൂക്കുററിയിലാണു. മേൽവിലാസക്കാരൻ ഇരിക്കുന്നതു കുത്തിയതോട്ടിലുമായിരിക്കും. അതുകൊണ്ട് ആ പേരുമാററി കുത്തിയതോടു സബ്രജിസ്ത്രാർകച്ചേരിഎന്നാക്കണം. ഇതിനെ സംബന്ധിച്ചു ഞാൻ ഒരു ചോദ്യം അയച്ചിട്ടുണ്ടായിരുന്നു. അതിനു "The member suggests a course of action" എന്നുപറഞ്ഞുഎനിക്കു മറുപടിതന്നില്ല. ഈ കച്ചേരിയുടെ പേരും അതു സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തിൻെറ പേരും തമ്മിലുള്ള വ്യത്യാസം നിമിത്തം പലകുഴപ്പങ്ങൾക്കും ഇടവരുന്നതാണ്. ഈ പേരു വ്യത്യാസത്തിനുള്ള കാരണം അരൂക്കുററിയിൽ കച്ചേരി സ്ഥാപിക്കണമെന്നുവിചാരിച്ച് ആദ്യം അതിനനുവാദം കൊടുത്തു. അനുവദിച്ചു വന്നശേഷം സ്ഥലം അന്വേഷിച്ചു എടുത്തതു കുത്തിയതോട്ടിൽ ആണ്. ഇപ്പോൾ 'അരൂക്കുററി കച്ചേരി' എന്നാണു മുദ്ര. അതിനാൽ അതിൻെറ പേർ സ്ഥലത്തിനു യോജിക്കത്തക്കവിധത്തിൽ മാററണം. ഇതു എൻെറ വിഷയത്തിനു സംബന്ധമുള്ളതല്ലെങ്കിലും ഗവണ്മെൻറിൻെറ ആലോചനയ്ക്കു വിഷയമാകേണ്ട ഒരു കാര്യമാണ്.

ഇനി എനിക്കു പറവാനുള്ള ഒരു കാര്യം ആധാരത്തിൻെറ ഫീസിനെ സംബന്ധിച്ചാണ്. കച്ചേരിയിൽ ഹാജരാക്കുന്നആധാരങ്ങളെ സംബന്ധിച്ചിടത്തോളം ആധാരത്തിൽ കാണുന്ന തുകയുടെ ക്രമമനുസരിച്ചു മ

ദ്രവില ചുമത്തണമെന്നു പറയുന്നതിൽ ന്യായമുണ്ട്. ൧൦൦ രൂപാക്കു് ഇത്ര രൂപായുടെ പത്രം വേണമെന്നു പറയുന്നതനുസരിച്ച് ഈ ആധാരങ്ങൾക്കെല്ലാം അതിന്റെ തുകയുടെ രീതി അനുസരിച്ച് ഫീസും ചുമത്തണമെന്നു വച്ചിരിക്കുന്നതിന്റെ അർത്ഥം മനസ്സിലാകുന്നില്ല.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Sir the time allotted for the Demand has expired.

PRESIDENT: Half a minute more.

MR. MURUVELIL PACHU PILLAI (*Shertallai*): ആധാരത്തുക എത്രയായിരുന്നാലും എല്ലാ ആധാരങ്ങളുടേയും പുറത്തു് സബ് രജിസ്ട്രാർ എഴുതുന്ന വാചകം ഒന്നുതന്നെയാണ്. ഈ വാചകത്തിനു വ്യത്യാസമില്ല. അതിനാൽ അതിനും ആധാരത്തിലെതുക വ്യത്യാസമനുസരിച്ചു മുദ്രവിലക്കു പുറമേ ഫീസുംകൂടി ചുമത്തുന്നതു ഒട്ടും ശരിയല്ല. ഈ സംഗതികൾ ഈ സഭയുടെ പര്യാലോചനയ്ക്കു വിഷയീഭവിക്കേണ്ടതു ആവശ്യമായിരിക്കുന്നു.

PRESIDENT: The time allotted for this Demand has expired. All the other motions lapse.

The above and the following motions lapsed on account of the expiry of time allotted for the Demand.

Motions 167 to 175.

MR. R. KESAVA PILLAI:

167. To reduce the allotment of Rs. 3,470 for establishment by Re. 1.

MR. R. RAMAN PILLAI:

168. To reduce the total allotment of Rs. 3,42,110 under Demand VI by Rs. 25,000.

MR. K. P. NILAKANTA PILLAI:

169. To reduce the total allotment of Rs. 3,42,110 under Demand VI by Re. 1.

MR. N. R. KRISHNAN:

170. To reduce the total allotment of Rs. 3,42,110 under Demand VI by Re. 1.

MR. T. C. KESAVA PILLAI:

171. To reduce the total allotment of Rs. 3,42,110 under Demand VI by Rs. 2.

MR. MURUVELIL PACHU PILLAI:

172. To reduce the total allotment of Rs. 3,42,110 under Demand VI by Rs. 5

MR. A. C. KURIAKOSE:

173. To reduce the total allotment of Rs. 3,42,110 under Demand VI by Rs. 100.

MR. P. S. MAHOMED:

174. To reduce the total allotment of Rs. 3,42,110 under Demand VI by Rs. 100.

MR. K. MADHAVAN PILLAI:

175. To reduce the total allotment of Rs 3,42,110 under Demand VI by Rs. 100.

PRESIDENT: I now put before the House Demand No. VI—Registration Rs. 3,42,110, I take it that it is passed.

The grant was made.

PRESIDENT: The House will now pass on to Demand No. VII—General Administration—heads other than Account Office.

DEMAND VII—GENERAL ADMINISTRATION—HEADS OTHER THAN ACCOUNT OFFICE.

MR. K. GEORGE (*Chief Secretary to Government*); Sir, I move for a grant not exceeding Rs. 2,05,646 under Demand VII—General Administration—heads other than Account Office.

The following motions were not moved:—

Motions 176 to 178.

MR. A. THANU PILLAI:

176. To reduce the allotment of Rs. 54,938 for Higher Grade clerks by Rs. 481.

MR. R. RAMAN PILLAI:

177. To reduce the allotment of Rs. 54,938 for Higher Grade clerks by Re. 1.

MR. R. RAMAN PILLAI:

178. To reduce the allotment of Rs. 54,938 for Higher Grade clerks by Re. 1.

Motion 179.

To reduce the allotment of Rs. 54,938 for Higher Grade clerks by Rs. 5.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): സർ, ഹജൂരിൽ ഹയർ ഗ്രേഡ് ക്ലാർക്കന്മാർക്കായി അനുവദിച്ചിട്ടുള്ള ൫൪,൯൩൮ രൂപായിൽനിന്നും ൫ രൂപാ കുറക്കണമെന്നുള്ള ഉപക്ഷേപത്തെ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു. ഞാൻ ഈ ഉപക്ഷേപം ഹാജരാക്കിയതിന്റെ ഉദ്ദേശം സിക്രട്ടറിയേറ്റിലുള്ള B. A; യും B. L-ം ബിരുദധാരികളായ ക്ലാർക്കന്മാർക്ക് പുറമെയുള്ള മറ്റു ഡിപ്പാർട്ടുമെന്റുകളിലേക്കു ഇപ്പോൾ പ്രവേശനം ലഭിക്കുന്നില്ലെന്നും ഡിപ്പാർട്ടുമെന്റിലെ പ്രമോഷൻ തന്നേയും ലഭിക്കാതിരിക്കുന്നു എന്നും ഉള്ള സംഗതികളെ ഗവമ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ്. കൃഷ്ണൻ നായർ ദിവാൻജി അവർകളുടെ ഉദ്യോഗകാലാവസാനംവരെ ഹജൂരിലുള്ള ഉയർന്ന തരം ക്ലാർക്കന്മാരുടെ കൂട്ടത്തിൽ ഉയർന്ന പദവിയിലിരുന്നിരുന്ന ആളുകളെ അവരുടെ യോഗ്യതക്കനുരൂപമായ വിധത്തിൽ പുറമെ ഇതരഡിപ്പാർട്ടുമെന്റുകളിൽ ഒഴിവു വരുമ്പോൾ നിയമിക്കുക പതിവായിരുന്നു. ഇപ്പോൾ ആ പതിവിനെ നിർത്തലാക്കിയിട്ടുണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ. എങ്കിലും എന്റെ അനുഭവത്തിൽ ഏതാനും കൊല്ലങ്ങളായിട്ട് അവരുടെ യോഗ്യതക്ക് തക്കവണ്ണം ഉദ്യോഗകയറ്റം കൊടുത്തു പുറമേ അയക്കുന്നില്ല എന്നു പറയേണ്ടിയിരിക്കുന്നു. ഇങ്ങനെയിരിക്കുന്നതുകൊണ്ട് വളരെ പോരായ്മയുണ്ട്. കാര്യക്ഷമത ഏറ്റവും പ്രാധാന്യമായി കരുതിവരുന്ന ഗവണ്മെന്റിൽനിന്ന് അതിനെപ്പറ്റി പലപ്പോഴും പറഞ്ഞു വരാറുള്ള സ്ഥിതിക്കു, ഗവണ്മെന്റിന്റെ ഒരു പ്രധാനപ്പെട്ട ആഫീസായിരിക്കു

ന്നതും രാജ്യഭരണത്തിന്റെ വിവിധശാഖകളിൽനിന്നുമുള്ള അറിവുകൾ സംഭരിക്കപ്പെടുകയും ആ അറിവുകളെ വേണ്ടവിധത്തിൽ പ്രയോഗിക്കപ്പെടുകയും ചെയ്യുന്ന ഒരു സ്ഥാനത്തിലിരിക്കുന്ന ഉൽകൃഷ്ടബിരുദധാരികളെ വിവിധ ശാഖകളിൽ ഉദ്യോഗം വഹിക്കത്തക്കവണ്ണം മുൻപതിവുപോലെ പുറമെയുള്ള ഡിപ്പാർട്ടുമെന്റുകളിൽ അതാതു അവസരങ്ങളിൽ പ്രവേശനം അനുവദിച്ചയക്കാതിരിക്കുന്നതു് നിമിത്തം, രാജ്യത്തിന്റെ എല്ലാഭാഗങ്ങളിലുമായി സ്ഥിതിചെയ്യുന്ന വിവിധ ശാഖകളുടേയും ക്രമീകരണവും ഭരണവും വിജയപ്രദമായി പര്യവസാനിക്കുമോ എന്നുള്ളതു് സംശയമാണ്. ക്ലാക്കന്മാരുടെ ന്യായമായ അവകാശങ്ങളെ അവക്കു് നൽകാതിരിക്കുന്നതു ഒരുപോരായ്മയാണെന്നാണു് എന്റെ അഭിപ്രായം. സകല ഡിപ്പാർട്ടുമെന്റുകളിൽ നിന്നും സകല പരിജ്ഞാനങ്ങളും സമ്പാദിച്ചുകൊണ്ടിരിക്കുന്ന ഇവർക്കു വളരെക്കാലമായിട്ടു് അർഹതയുള്ള പ്രമോഷൻപോലും ലഭിക്കാതേയും ചിലസംഗതികളിൽ ഇവരെ സ്ഥിരപ്പെടുത്തുകതന്നേ ചെയ്യാതേയും ഇരിക്കുന്നു. ഈ സംഗതി ഗവണ്മെന്റു് പ്രത്യേകം ശ്രദ്ധയിൽ വക്കേണ്ട ഒരു വിഷയമാണു്. മിസ്റ്റർ രാഘവയ്യായുടേയും മിസ്റ്റർ വാട്ട്സിന്റേയും ഭരണകാലത്തു് ഇപ്പോഴത്തേപ്പോലെ ധാരാളമായി ഹജൂരിലും അക്കൌണ്ടാഫീസിലും കാണുന്നതായ ആക്ടിംഗ് ക്ലാക്കന്മാരെ അതാതു പടിയിലും നിലയിലും ഉറപ്പിക്കത്തക്കവണ്ണം ചില പ്രത്യേകവ്യവസ്ഥകൾ ചെയ്യാൻ മാർഗ്ഗം ഉണ്ടായിരുന്നു എങ്കിലും അങ്ങിനെ ചെയ്തിരുന്നില്ലാ എന്നു തോന്നുന്നു. എന്നാൽ ഇപ്പോൾ ഇങ്ങനെയുള്ള ക്ലാക്കന്മാക്കു് കാലോചിതമായ് അർഹിക്കുംവണ്ണം പ്രമോഷൻ ലഭിക്കാതെ അവർ വളരെക്കാലം ആക്ടിംഗ് പടിയിൽ തന്നെ ഇരുന്നു പോരുന്നതുകൊണ്ടുള്ള ഫലം എന്താണെന്നു് സാമാന്യമായിട്ടു് ഒന്നു ആലോചിക്കേണ്ടതുണ്ടു്. ഒരാൾ ഉൽകൃഷ്ടബിരുദധാരിയായിതീരുന്നതു് ഇന്നത്തെസ്ഥിതിക്കു് സാധാരണയായി ഇരുപത്തിമൂന്നോ ഇരുപത്തിനാലോ വയസ്സിലായിരിക്കണം എന്നുവേണം വിചാരിക്കാൻ. അതിൽ പ്രായം കുറഞ്ഞവരും സാമത്ഥ്യപൂവ്വം ഉൽകൃഷ്ടബിരുദു് സമ്പാദിക്കുന്നവരും ചിലർ കണ്ടേയ്ക്കാം. അവർ കുറേക്കൂടി ചെറുപ്പത്തിലേ ബിരുദധാരികളായുംതീരാം. ഇങ്ങനെബിരുദു് സമ്പാദിച്ചശേഷം ഇരുപത്തഞ്ചു് വയസ്സിനുമുൻപു് സവ്വീസിൽ പ്രവേശിച്ചിരിക്കണമെന്നു വ്യവസ്ഥയുണ്ടു്. ദുല്ലഭം ചിലക്കു് ഈ വ്യവസ്ഥയെ ഭേദപ്പെടുത്തിക്കൊടുക്കുന്നുമുണ്ടു്. ഈ നിലയിൽ ഗവണ്മെന്റുസർവ്വീസിൽപ്രവേശനം വേണമെന്നു് ആശിക്കുന്ന ഒരു യുവാ

[Mr. A. C. Kuriakose.]

വിസ് ഉദ്യോഗത്തിൽ പ്രവേശിക്കുവാനുള്ള തിടുക്കംകൊണ്ടു കിട്ടുന്നശമ്പളംകൊണ്ടുതൃപ്തിപ്പെട്ടിട്ടാണ് ക്ലാർക്കന്മാരായിട്ടു പ്രവേശിക്കുന്നതു. ഇങ്ങനെ പ്രവേശിച്ചുരണ്ടുമൂന്നുവർഷംകഴിയുമ്പോൾ അതതുഡിപ്പാർട്ടുമെൻറുകളിൽ ഉയർത്തി അവരെ പുറമേ അയക്കാറുണ്ടായിരുന്നു. ഹജൂരിൽനിന്നും ഇപ്രകാരമുള്ള ക്ലാർക്കന്മാരെ നാനാഭാഗങ്ങളിലേക്കും അയച്ചുകൊണ്ടിരുന്ന പതിവുനിറുത്തിയ വിധത്തിലായതിനാൽ അവർ ആദ്യം പ്രവേശിച്ചകാലത്തുണ്ടായിരുന്ന ശമ്പളം മാത്രം വാങ്ങിച്ചുംകൊണ്ട് ആറും ഏഴുംവർഷങ്ങളോളം ആക്ടിംഗായിതന്നെ ഇരിക്കുന്നതിനു ഇടവരുന്നു. ഈ ആക്ടിംഗ് കാലത്തെ സർവ്വീസ്സ് സ്ഥിരപ്പെടുത്തുന്നകാലത്ത് ഒരിക്കലും വകവച്ചുകൊടുക്കുന്നും ഇല്ല. ഇതിൻെറ ഫലമായി ജോലിനോക്കീട്ട് അൻപത്തഞ്ചു വയസ്സുകഴിയുമ്പോൾ പിരിച്ചുവിടുന്നകാലത്തു ഇരുപത്തഞ്ചു വർഷത്തെ സർവ്വീസിൻെറ പരമാവധികാലത്ത് പൂർണ്ണമായി അവർക്കു ലഭിക്കേണ്ടതായ അവരുടെ അടുത്തൂൺ ലഭിക്കുന്നതിന് മാർഗ്ഗമില്ലാതെവരുന്നു. ഇതു് ആറോ ഏഴോവർഷം കഴിഞ്ഞു് സ്ഥിരപ്പെടുത്തുന്നകാലത്ത് അവർക്ക് ശമ്പളക്കൂടുതൽ കൊടുക്കാതിരിക്കുന്നതുകൊണ്ടാണ്. ഇങ്ങനെ അനുഭവത്തിൽവരുന്ന എല്ലാ ചെറുപ്പക്കാരും ഗവർമ്മെൻറിനെ ആശ്രയിക്കുന്നതുകൊണ്ടു ശരിയായ അഭിവൃദ്ധിയുണ്ടാകുമെന്നു വിശ്വസിക്കുന്നവരാണ്. അവർക്കു നിരാശയാണ് ഫലം. അതു ശരിയല്ല. ന്യായമായി അർഹമായതു നൽകിയേ മതിയാവൂ. താമസംവിനാ സ്ഥിരമായ നിയമനവും യഥാർഹമായ കയററവും ശമ്പളവും ലഭിക്കാതെയിരിക്കയില്ല എന്നു വിശ്വസിക്കുന്ന ബിരുദധാരികളായ യുവാക്കന്മാർ; നിരാശയിലും കഷ്ടതയിലും ഉൾപ്പെട്ട് ജീവസന്ധാരണത്തിലുള്ള മാർഗ്ഗങ്ങൾപോലും തെളിഞ്ഞുകാണാതെ വലഞ്ഞുവരുന്നുണ്ട്. ജാതിമതഭേദം നോക്കാതെ ഇങ്ങനെയുള്ള സകല ആളുകൾക്കും ന്യായങ്ങളും അവകാശങ്ങളും അനുസരിച്ചു അവർക്കു ലഭിക്കേണ്ടിയിരുന്ന ഉദ്യോഗവും ശമ്പളക്കൂടുതലും അവർക്കു കൊടുക്കേണ്ടതാണ്. എപ്പോൾ ആർക്കെങ്കിലും കാരണവശാൽ ഗവർമ്മെൻറു ഉദ്യോഗത്തിൽ പ്രവേശനം കൊടുക്കുന്നോ, അപ്പോൾ മുതൽ സർവ്വീസിൽ പ്രവേശിക്കുന്നവർക്കു അവരുടെ അവകാശങ്ങളും വ്യവസ്ഥാനുസരണമുള്ള വേതനങ്ങളും അന്യൂനമായി ലഭ്യമാകത്തക്കവണ്ണം കൊടുക്കുന്നതിനു സന്നദ്ധമാണ് എന്ന് ഗവർമ്മെൻറു പ്രത്യക്ഷമായിട്ട് വാഗ്ദാനം ചെയ്യുകയാണ് ചെയ്യുന്നതു്. ആർക്കായാലും അവരുടെ അർഹതക്കും യോഗ്യതക്കും അനുരൂപമായ വിധത്തിൽ ശമ്പളം കൊടുത്തുകൊണ്ടു ഗവർമ്മെൻറിന് അവരെ

കൊണ്ടു ശരിയായി ജോലിനടത്തിക്കാവുന്നതാണ്. അതിന് പ്രതിബന്ധം ഉണ്ടാകുമ്പോൾ ഗവൺമെൻറു നടപടികളെ അധിക്ഷേപിക്കാതിരിപ്പാൻ ന്യായമില്ല. ഈ നിലയിൽ ഹജ്ജൂരിലിരിക്കുന്ന ഉയൎന്നതരം ക്ലാൎക്കന്മാരെ ഗവൺമെൻറിൻെറ വിവിധശാഖകളിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന ഒഴിവുകളിൽ അയക്കണം. ഗൗരവവും ഉൽകൃഷ്ടവും ആയ ഗവൺമെൻറാഫീസുകളിൽ ഇരിക്കുന്ന ആക്ടിംഗ് ക്ലാൎക്കന്മാരെ അവൎക്കൎഹമായവിധത്തിൽ ശരിയായപ്രമോഷനോടുകൂടി സ്ഥിരപ്പെടുത്തണം. അങ്ങനെ സ്ഥിരപ്പെടുത്തുന്നതിലേക്കുണ്ടാകുന്നകാലതാമസം ആക്ഷേപാൎഹമാണ്. സ്ഥിരപ്പെടുത്തുന്നതുവരെ ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന ശമ്പളം മാത്രം കൊടുത്താൽപോരാ. പ്രതിവൎഷം ക്രമമായ കൂടുതലോ ആക്ടിംഗ് അലവൻസൊകൂടി കൊടുക്കണം. ഇപ്പോൾ ആക്ടിംഗ് കാലത്തെ സൎവീസു വകവച്ചുകൊടുക്കുകയില്ല. ഈ വ്യവസ്ഥയെ ഭേദപ്പെടുത്തണം. മദ്രാസ്സ് ഗവൺമെൻറിൽ ആക്ടിംഗായിരിക്കുന്നകാലത്തും അവൎക്ക് ന്യായമായ ശമ്പളക്കയററം കൊടുക്കാറുണ്ട്. അങ്ങനെ ഇവിടേയും കൊടുത്തിരുന്നതായി അറിയുന്നു. തിരുവിതാംകൂറിലെ പ്രജകളായ ഏതാനും ആളുകൾക്കും ആക്ടിംഗ് കാലത്തു ശമ്പളം കൂട്ടിക്കൊടുക്കാറുണ്ട്. മുൻസിപ്പന്മാരുടെ സ്ഥിതി ഇപ്പോൾ അങ്ങിനേയാണ്. ഹജ്ജൂരിലെ ക്ലാൎക്കന്മാൎക്കു ധാരാളം ജോലിയുണ്ടെന്നു പ്രത്യേകം പറയേണ്ട ആവശ്യമില്ല. സെക്രട്ടറിയേററിലേ എല്ലാഉദ്യോഗസ്ഥന്മാൎക്കും ഇതു നന്നായിട്ടറിയാം. അവർ ചുമതലയുള്ള ജോലികളിൽ ഇടപെട്ടു പ്രവൎത്തിക്കുന്നു. ഈ കൌൺസലിൽ ഇൻറർപെല്ലേഷൻ അയക്കുന്നതിൽ അനേകം എണ്ണങ്ങളേസംബന്ധിച്ചുള്ള ഇവരുടെ കൃത്യനിൎവ്വഹണം പ്രശംസനീയമായിട്ടാണ് ഇരിക്കുന്നതു്. മററു് അനേകം തരം ചുമതലയുള്ള കൃത്യങ്ങളും ഇവർ ചെയ്യുന്നു. ഇവരുടെകാൎയ്യത്തിൽ വിവരിക്കപ്പെട്ടവിധം അശ്രദ്ധ തുടരുവാൻ പാടില്ല. ഭാവിയിൽ നമ്മുടെരാജ്യത്തിൻെറ നന്മക്കു വളരെ സഹായിക്കുകയും പരിശ്രമിക്കയും ചെയ്യേണ്ടവരായ ഇപ്രകാരമുള്ള ക്ലാൎക്കന്മാൎക്ക് ന്യായമായിട്ടുള്ളതും അൎഹതയുള്ളതുമായ പ്രമോഷൻകൊടുത്ത് പുറമേ അയക്കുകയും അയക്കാത്തവരായി ആഫീസിൽ സ്ഥിരപ്പെടുത്താത്തവരെ സ്ഥിരപ്പെടുത്തി കയററംകൊടുക്കുകയും ചെയ്യേണ്ടതു എത്രയും ആവശ്യമാണ്. ക്ലാൎക്കന്മാൎക്കു അൎഹതയുള്ള ശമ്പളക്കൂടുതൽകൊടുത്തു അവരെ ഉത്സാഹിപ്പിക്കുകയും ആക്ടിംഗായിട്ടുള്ളവരെസ്ഥിരപ്പെടുത്തികൊടുക്കുകയും ചെയ്യണമെന്നുള്ള ഈ വിഷയം ഗവൺമെൻറിൻെറ ഗാഢമായശ്രദ്ധയിൽ പതിയണം എന്നുള്ള നിൎദ്ദേശത്തോടുകൂടി

[Mr. A. C. Kuriakose.]

എന്റെ ഉപക്ഷേപത്തെ ഈ സഭമുൻപാകെ അവതരിപ്പിച്ചുകൊള്ളുന്നു.

MR. D. C. JOSEPH (*Agastisvaram*): Sir, I rise to support the motion which has been placed before this House. If there is any office in the State which deserves to be considered important for discussion in this Council, it is the Secretariat. If we look at the Civil List we find that the Secretariat is working without a number of these Higher, Grade First Class, clerks. It is mentioned in it that several of them are on other duty. That shows that the Secretariat does not get as much attention devoted to it as it deserves. This gives room for suspicion. Such a state of affairs is not at all satisfactory.

MR. K. GEORGE (*Chief Secretary to Government*): I may point out to the member that the places of those clerks, who are said to be on other duty, have been filled by acting hands.

MR. D. C. JOSEPH (*Agastisvaram*): There is no information here—I am referring to the latest Civil List.

MR. K. GEORGE (*Chief Secretary to Government*): The Civil List shows the acting hands also.

MR. D. C. JOSEPH (*Agastisvaram*): There is nothing here.

PRESIDENT: You will find that other people are acting for those clerks who are shown to be on other duty.

MR. D. C. JOSEPH (*Agastisvaram*): I do not find anything here.

MR. K. GEORGE (*Chief Secretary to Government*): It is there, on page 8.

MR. D. C. JOSEPH (*Agastisvaram*): There, I find the names of persons who have been appointed as Superintendents.

I want to draw the attention of the House to another point also. Now, there are 29 acting clerks in the Secretariat. Some of them have been acting there for something like 7 years. They are still acting. Generally, Sir, in Travancore, we copy the Rules and Regulations that are in force in British India. If we take into consideration the position of clerks in British India, we find that, whether permanent or not, they are entitled to all sorts of leave, and also to promotions. But here, these clerks are not confirmed for years together. They have to continue as acting clerks for a number of years. There is also another difficulty. Men of equal qualification, men who happened to enter service in other departments at the time when these clerks were appointed in the Secretariat, get confirmed far earlier. But, in the Secretariat confirmation is delayed for a number of years; and their service begins, for purposes of calculation, as though they had entered service afresh after the several years of acting period. I do not know wherein lies the defect, and who is responsible for this state of affairs. When two graduates enter Government service simultaneously, the man who entered the Secretariat is not given any promotion; he is not entitled to any leave and he is not confirmed at all for years

together; whereas the man who entered other departments gets confirmed earlier and is also entitled to leave and promotions. This is a serious matter which should engage the attention of this side of the House. There is no meaning in keeping these clerks acting for years together. I think their position is not at all encouraging. Formerly, they used to have better chances of promotion. They were, very soon after entry in the Secretariat, appointed as Magistrates; and were also given responsible posts in other departments. Now, they do not get such chances at all. So, in the interests of these clerks who are practically neglected, something must be done immediately. They should not be given a step-motherly treatment. When their brothren get proper encouragement in other departments, why should they be treated like this in the most important office of the State which ought to set up a good example to other departments? Why should there be such invidious distinctions between the several offices of Government? Government should take the earliest opportunities to confirm these acting clerks; and their acting periods should be taken into consideration and retrospective effect given to them. Something must be done immediately. With these words I support the motion.

MR. R. RAMAN PILLAI (*Kottayam*): ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന മിസ്റ്റർ കരിങ്ങാക്കോസിന്റെ ഉപക്ഷേപത്തെ പിൻതാങ്ങി രണ്ടു വാക്കു പറയണമെന്ന് ഞാനും വിചാരിക്കുന്നു. ഹജൂരാഫീസിലുള്ള ഗ്രാഡുവേററ്സ്, അണ്ടർഗ്രാർഡുവെററ്സ എന്നീതരത്തിലുള്ള ക്ലാർക്കന്മാർക്കു അതാതുകാലത്തു ശരിയായി കിട്ടേണ്ട പ്രോത്സാഹനം കൊടുക്കുന്നില്ല എന്നു ഞങ്ങൾ പറയേണ്ടിവന്നതിൽ അത്യന്തം മനസ്താപിക്കുന്നു. ൩൫ രൂപാ ശമ്പളത്തിൽ ഒരു ക്ലാർക്കായിരിക്കേ ൯൭-കർക്കടകം ൨൭-ാംനു- ആക്ടിംഗ് തഹശീൽദാരായിട്ടു നിയമിക്കപ്പെട്ടിട്ടുള്ള ഒരു ബി. എ. ബി. എൽ. ബിരുദധാരിയായ മിസ്റ്റർ വി. ആർ. ശങ്കരനാരായണപിള്ളയെ ഇതുവരെയും സ്ഥിരപ്പെടുത്തിയിട്ടില്ല.

൯൯ വൃശ്ചികം ൧-ാംനു- അതേശമ്പളത്തിലിരുന്നിരുന്ന വെറും ഒരു ഗ്രാഡുവേററായ മി: കെ. പരമേശ്വരൻപിള്ള എന്നൊരാളെ ൧൧൦൨ കന്നി ൧൩-ാംനു- സ്ഥിരപ്പെടുത്തിയിരിക്കുന്നു.

PRESIDENT: MR. Raman Pillai, they are all individual cases. I have already stated that we need not consider individual cases here. We discuss principles.

MR. R. RAMAN PILLAI (*Kottayam*): ഇങ്ങനെ ഓരോ ഉദ്യോഗസ്ഥന്മാർ ചെയ്യുന്നതിനെ ദൃഷ്ടാന്തമായിട്ടു ഇവിടെ എടുത്തുപറഞ്ഞു എന്നേയുള്ളൂ. ഒരു ജാതിക്കാരെമാത്രം ഇങ്ങനെ ചെയ്തു എന്നു സങ്കടംപറയുകയല്ല. എല്ലാജാതിക്കാരുടേയും അവകാശങ്ങളെ ഇങ്ങനെ അവഗണി

[Mr. R. Raman Pillai.]

ച്ചിട്ടുണ്ട്. അതുകൊണ്ട് സവ്വീസിലിരിക്കുന്ന ആളുകൾക്ക് ശരിയായിട്ടും ഉത്തമവിശ്വാസമായിട്ടും അവരുടെജോലി നിവ്വഹിക്കാൻ സാധിക്കാതെ വരുന്നു. നിരാശ അല്ലെങ്കിൽ പ്രോത്സാഹനം ഇല്ലായ്മ എപ്പോഴും തുടൎന്നു സംഭവിച്ചുകൊണ്ടിരിക്കുന്ന ആളുകൾക്ക് അവരുടെജോലി യോഗ്യമായവിധത്തിൽ നിറവേററികൊണ്ടുപോകാൻ സാധിക്കുമെന്നു തോന്നുന്നില്ല. ഹജൂരാഫീസിലിരിക്കുന്ന ഉയൎന്ന വിദ്യാഭ്യാസം സിദ്ധിച്ചവരായ ക്ലാക്കന്മാരെ അതാതുകാലം പ്രോത്സാഹിപ്പിച്ച് അവരെ പുറത്തയച്ചു നാട്ടിനുപൊതുവെ ഗുണം ചെയ്യത്തക്കവണ്ണം ഉത്സാഹഭരിതരാക്കിത്തീക്കണം എന്നുള്ള എൻെറ നിർദ്ദേശത്തെ ഗവമ്മെൻറിൻെറ മുമ്പാകെ സമപ്പിച്ചുകൊണ്ട് ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

MR. ITTOOP ITTEECHAN (*Kunnatnad*): മി: കയ്യാക്കോസിൻെറ ഉപക്ഷേപത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു. ഏകദേശം അഞ്ചാറു വർഷംകഴിഞ്ഞാലും ഒരു ക്ലാക്കിനെ ആ ജോലിയിൽ സ്ഥിരപ്പെടുത്താതിരിക്കുന്ന കാലത്തോളം അവർ എന്തു വിശ്വസിച്ചാണ് ആജോലിയിൽ ഇരുന്നുകഴിക്കുന്നതു എന്നു ആലോചിക്കേണ്ടതാണ്. അവർ ജോലിചെയ്യുന്നതു് അവക്കുകിട്ടുന്ന ഉത്സാഹത്തെ ആശ്രയിച്ചിരിക്കുന്നു. അഞ്ചുവഷം കഴിഞ്ഞാലെങ്കിലും അവരെ ആ ജോലിയിൽ സ്ഥിരപ്പെടുത്തേണ്ടതാണ്.

പിന്നീട് ഏജ്ബാറിനെ സംബന്ധിച്ച് എനിക്ക് രണ്ടുവാക്കുപറയാനുണ്ട്. ഇരുപത്തിഅഞ്ചുവയസ്സു പൂത്തിയാകുന്നതിനുമുമ്പ് ജോലിക്ക് ആവശ്യപ്പെട്ടില്ലെങ്കിൽ അയാൾക്കു ഒരിക്കലും ജോലിയിൽ പ്രവേശിക്കാൻ അവകാശമില്ല എന്ന് ഒരു നിയമം വച്ചിട്ടുണ്ട്. ഈ വ്യവസ്ഥമൂലം അസമത്വസമുദായത്തിലുള്ളവക്കു ഒരു സ്ഥാനത്തും ഉദ്യോഗം ലഭിക്കാൻ യാതൊരുമാഗ്ഗവും ഇല്ല. ഇരുപത്തഞ്ച്വയസ്സ് കഴിയുന്നതിനുമുൻപ് പരീക്ഷ ജയിക്കണമെങ്കിൽ സാധുക്കളായ അസമത്വ സമുദായത്തിൽപെട്ട ഒരാളിന് വളരെപ്രയാസമാണ്. അങ്ങിനേയുള്ളവർ ഉദ്യോഗത്തിന് അപേക്ഷകൊടുത്താൽ അവക്കു ൨൫ വയസ്സു തികഞ്ഞുപോയി അതുകൊണ്ടു ഉദ്യോഗം കൊടുക്കാൻ പാടില്ലാഎന്നു പറഞ്ഞുതള്ളിക്കളയരുത്. അങ്ങിനെതള്ളിക്കളയുന്നപക്ഷം പിന്നീട് അവക്ക് ഒരിക്കലും സക്കാർഉദ്യോഗം ലഭിക്കാൻ സാധിക്കയില്ല. ഇങ്ങനെയുള്ള സംഗതികളിൽ ഗവമ്മെൻറിൻെറ ദൃഷ്ടി ഗാഢമായിപതിയുകയും അവരുടെ ഈ സങ്കടത്തിനു പരിഹാരം ഉണ്ടാക്കിക്കൊടുക്കയും ചെയ്യണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ ബലമായി പിൻതാങ്ങിക്കൊള്ളുന്നു.

MR. F. S. MAHOMED (*Nominated*) : സിക്രട്ടറിയററിലുള്ള ഗ്രാഡുവെററ് ക്ലാർക്കന്മാരുടെ സങ്കടത്തെ ഏതെങ്കിലും ഒരു രീതിയിൽ പരിഹരിക്കേണ്ടതു് ഏററവും അത്യാവശ്യമെന്നാണ് എനിക്കുതോന്നുന്നതു്. സിക്രട്ടേറിയററിൽ അൻപത്തിഏഴു ഉദ്യോഗസ്ഥന്മാരാണ് ഗ്രാഡുവെററ്സായിട്ടുള്ളതു്. ഇതിൽ ഇരുപത്തൊൻപതുപേരും ആക്ടിംഗ്കാരാണ്. ഇതിൽ പലരും അഞ്ചും ആറും ഏഴും വർഷംവരെ ആക്ററ്ചെയ്യുന്നവരാണ്. ആയതുകൊണ്ടു ഇത്രത്തോളം ഒരു വലിയ സംഖ്യ വരുന്ന ആളുകൾ സങ്കടപ്പെടുന്നു എന്നുവരികിൽ ഗവമ്മെൻറിന്റെ ശ്രദ്ധ അതിൽ പതിയേണ്ടതാണ്. ഇതിനുപുറമെ സിക്രട്ടേറിയററിലെ ക്ലാർക്കന്മാരെ വെളിയിലുള്ള പല ഡിപ്പാർട്ടുമെൻറുകളിലും ഒഴിവുവരുമ്പോൾ നിയമിച്ച് അവക്കു വേണ്ട പ്രോത്സാഹനം നൽകണം.

MR. N. K. KRISHNA PILLAI (*Neyyattinkara*): അണ്ടർഗ്രാഡുവെററസ് ക്ലാർക്കന്മാക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്നതിൽ മെംബറിനു വിരോധമുണ്ടോ?

MR. P. S. MAHOMED (*Nominated*) : എനിക്കു വിരോധമില്ല.

എക്സൈസ് ഡിപ്പാർട്ടുമെൻറു തുടങ്ങിയുള്ള പല ഡിപ്പാർട്ടുമെൻറുകളിലും ഉത്തരവാദിത്വമുള്ള ജോലികളിൽ അവരെ കയററം ചെയ്തു അയച്ചാൽ അവിടെയും അവർ തൃപ്തികരമാംവണ്ണം ജോലിചെയ്യുമെന്നുള്ളതിൽ രണ്ടുപക്ഷമില്ല. ഇങ്ങനെയുള്ള സ്ഥാനങ്ങളിൽ അവക്കുവേണ്ട പ്രോത്സാഹനം നൽകണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ ബലമായി പിൻതാങ്ങിക്കൊള്ളുന്നു.

MR. K. GEORGE (*Chief Secretary to Government*) : Sir, as the Head of the Secretariat office, I am highly gratified that the Secretariat has the sympathy and support of this House; and, in that capacity, I am in perfect sympathy with the motion that has now been placed before the House. But I am afraid that there are one or two misunderstandings on the subject. Mr. Kuriakose has urged three points. His first point is that the senior clerks of the Secretariat should be sent out to other departments of the State.

We are at present sending out the senior clerks of the Secretariat who have law qualifications as Magistrates when chances occur. But as regards sending them out to other departments of the State there are two opinions about it. I am afraid those Heads of Departments sitting on the Government side may not appreciate such a proposition. Every body knows how keen is the contest for appointments and promotions in the various departments. That is the difficulty about sending the Secretariat clerks to other departments. But the Government are in sympathy with the principle underlying it, and I shall see whether anything could be done in that direction.

[Mr. K. George.]

Another point that was mentioned by Mr. D. C. Joseph was that clerks are left acting unnecessarily. That may be so, but it is not due to anybody's fault. It is due to the fact that there are no permanent vacancies, in which the acting men can be confirmed.

MR. D. C. JOSEPH (*Agastisvaram*): Are they not entitled to increments?

MR. K. GEORGE (*Chief Secretary to Government*): I will come to that presently. We have absolutely no objection to confirm the acting clerks when there are permanent vacancies. The first condition for making a man permanent is, that there should be a permanent vacancy.

MR. D. C. JOSEPH (*Agastisvaram*): Are there not vacancies now?

MR. K. GEORGE (*Chief Secretary to Government*): There may be one or two due to the confirmation of the Magistrates which took place recently. Confirmations in these vacancies will be immediately made.

MR. K. P. NILAKANTA PILLAI (*Chirayinki*): May I know whether the Civil List is correct in all its implications from all aspects with reference to matters contained in the Civil List?

MR. K. GEORGE (*Chief Secretary to Government*): If the member refers to the particular aspect of it I cannot say. The Civil List is issued by the Account Officer and he is responsible for it.

MR. K. P. NILAKANTA PILLAI (*Chirayinki*): Apart from that, may I know whether Government hold any responsibility for the correctness of such portions contained in the Civil List?

MR. K. GEORGE (*Chief Secretary to Government*): It is presumed to be correct.

Then another point was asked, why increment was not given to acting clerks. Under the T. S. R. those who are acting cannot get increments.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Is it an arrangement in the case of the Secretariat clerks alone?

MR. K. GEORGE (*Chief Secretary to Government*): This applies to clerks who are acting in all departments.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): In other departments some clerks are getting increments. What is it due to?

MR. K. GEORGE (*Chief Secretary to Government*): It may be due to the fact that that they are *sub-pro-tem* in their appointments.

MR. K. MADHAVAN PILLAI (*Trivandrum* cum *Neduvangad*): May I read the Fundamental Rules?

MR. K. GEORGE (*Chief Secretary to Government*): I know that.

MR. K. MADHAVAN PILLAI (*Trivandrum* cum *Neduvangad*): This is what the Fundamental Rules say.

MR. K. GEORGE (*Chief Secretary to Government*) : We have copied the old British Service Regulations. We have not corrected our Rules. The Government have under consideration a scheme for changing our existing Rules in regard to increments.

MR. K. MADHAVAN PILLAI (*Trivandrum* cum *Neduvangad*): I believe the acting clerks are likely to get that.

MR. K. GEORGE (*Chief Secretary to Government*): I cannot promise that.

The House must know the result of it. We cannot do it as a single measure. If we correct the T. S. R. we cannot do it as a measure for the Secretariat alone. And the result of giving increments to acting people will be a heavy addition of expenditure. That aspect of the question has to be considered.

MR. K. MADHAVAN PILLAI (*Trivandrum* cum *Neduvangad*) : Anyhow the Government will consider the matter sympathetically.

MR. K. GEORGE (*Chief Secretary to Government*) : Yes.

MR. R. RAMAN PILLAI (*Kottayam*) : രണ്ടുകൊല്ലത്തിനു മേൽകൂടെ ആക്ട് ചെയ്തുകൊണ്ടിരിക്കുന്ന മുൻസിഫന്മാൎക്കു ശമ്പളം കൂടുതലുണ്ടോ?

MR. K. GEORGE (*Chief Secretary to Government*): Yes, that was an exception to the general rules of the T. S., R.

MR. R. RAMAN PILLA (*Kottayam*): രണ്ടുകൊല്ലത്തിനുമേൽ ആക്ട് ചെയ്യുന്ന സൎക്കാർ വക്കീലിനും ശമ്പളക്കൂടുതലുണ്ടോ?

MR. K. GEORGE (*Chief Secretary to Government*) : That too is an exception.

MR. R. RAMAN PILLAI (*Kottayam*) : രണ്ടുകൊല്ലമായിട്ടു ആക്ട് ചെയ്തുകൊണ്ടിരിക്കുന്ന ടെമ്പററിജഡ്ജിമാൎക്ക് ശമ്പളക്കൂടുതലുണ്ടോ ?

MR. K. GEORGE (*Chief Secretary to Government*) : That is done in the Judicial Department. It is not done in any other department.

MR. R. RAMAN PILLAI (*Kottayam*) : അക്ടിങ്ങ് മുൻസിഫിനും സൎക്കാർ വക്കീലിനും ശമ്പളക്കൂടുതൽ സ്കെയിലനുസരിച്ചു കൊടുക്കയും അതുപോലെ തന്നെ ജോലിചെയ്യുന്ന ടെമ്പററി ജഡ്ജിമാൎക്കു കൊടുക്കാതെയും ഇരിക്കുന്നതിനു കാരണമെന്താണ്?

MR. K. GEORGE (*Chief Secretary to Government*) : That is being given. Every Temporary Second Judge is being paid increments.

MR. R. RAMAN PILLAI (*Kottayam*) : മൂന്നുകൊല്ലമായിട്ടും കൊടുത്തിട്ടില്ല?

MR. K. GEORGE (*Chief Secretary to Government*): Every one is getting.

MR. D. C. JOSEPH (*Agastisvaram*) : May I know from the Chief Secretary whether these acting clerks were given any increments ?

MR. K. GEORGE (*Chief Secretary to Government*): No. Not under the Rules.

MR. D. C. JOSEPH (*Agastisvaram*): Were they ever getting?

MR. K. GEORGE (*Chief Secretary to Government*): How could they get when they are acting?

MR. V. CHELLAM PILLAI (*Tovala*): May I know the number of clerks who have put in a continuous acting service for seven years?

MR. K. GEORGE (*Chief Secretary to Government*): One or two. There cannot be many.

MR. V. CHELLAM PILLAI (*Tovala*): Clerks who have the continuous acting service for five years?

MR. K. GEORGE (*Chief Secretary to Government*): 2 or 3 more.

MR. V. CHELLAM PILLAI (*Tovala*): Does it not follow from this that there is a necessity for additional four clerks in the Secretariat?

MR. K. GEORGE (*Chief Secretary to Government*): That does not follow.

MR. V. CHELLAM PILLAI (*Tovala*): There are 4 or 5 clerks who have put in a service of 5 years. So, does it not show that there is a necessity for an additional number of 4 clerks?

MR. K. GEORGE (*Chief Secretary to Government*): They are all acting in vacancies.

MR. V. CHELLAM PILLAI (*Tovala*): Four men have been put in a continuous vacancy for four years. Does it not follow from this that there should be another 3 or 4 clerks in their places?

MR. K. GEORGE (*Chief Secretary to Government*): There is no necessity for additional hands.

MR. V. CHELLAM PILLAI (*Tovala*): Cannot the Government appoint some hands in reserve vacancies as is being done in the Excise Department?

MR. K. GEORGE (*Chief Secretary to Government*): The question of creating a reserve for leave vacancies will be considered.

MR. N. K. KRISHNA PILLAI (*Neyyattinkara*): As a special case, cannot increment be given?

MR. K. GEORGE (*Chief Secretary to Government*): If a man on Rs. 40 to 70 has acted for 5 years and if the acting periods count for confirmation, he will be given increments from the date of confirmation. As a special case, as soon as a clerk who has put in 4 years or 5 years of service is confirmed, he gets some advance increments. That is being allowed, but only when they are confirmed.

MR. A. THANU PILLAI (*Trivandrum*): May I know whether it is a fact that recently when there were a large number of acting clerks in the waiting list fresh men were entertained from outside ignoring the claims of those who were in the waiting list?

MR. K. GEORGE (*Chief Secretary to Government*): I cannot say that any claims were ignored· Acting men are put in a list in which they are arranged in the order of seniority· Whenever vacancies occur their legitimate claims are considered for appoinments.

In the case of special temporary vacancies which were created, Government took one or two men from outside. But they go into those temporary vacancies only. They do not enter into the general list and they do not compete with the men in that list. The men in the general list get their turn in the order of seniority, when vacancies occur.

MR. D. C. JOSEPH (*Agastisvaram*): Was not one clerk relieved out of the 29 acting clerks and his place filled by a fresh man?

MR. K. GEORGE (*Chief Secretary to Government*): No, I do not think that has been done.

MR. D. C. JOSEPH (*Agastisvaram*): May I know from the member whether all these 29 clerks are still in service?

MR. K. GEORGE (*Chief Secretary to Government*): I cannot say that now.

MR. A. THANU PILLAI (*Trivandrum*): Why were not men in the general waiting list appointed in vacancies for special work?

MR. K. GEORGE (*Chief Secretary to Government*): It is not always possible to reserve men for special temporary vacancies.

MR. K. P. NILAKANTA PILLAI (*Chirayinkil*): How many kinds of lists are avilable in the Secretariat?

MR. K. GEORGE (*Chief Secretary to Government*): A general list and a special list for special vacancies.

MR. K. P. NILAKANTA PILLAI (*Chirayinkil*): That has exhausted the list?

MR. K. GEORGE (*Chief Secretary to Government*): Yes.

Somebody referred to the question of age-bar. There is an age-bar in the T. S. R. and the Government are enforcing that rule. But the Government are always considering sympathetically cases of young men who have any kind of special claim for exemption from age-bar. It is not unusual and such cases are numerous. When such applications are received they are as a rule granted.

MR. ITTOOP ITTEECHAN (*Kunnatnad*). ൨൩ വയസ്സിൽ പരീക്ഷ പാസ്സായ ഒരാൾ ഉദ്യോഗത്തിനപേക്ഷിക്കുമ്പോൾ ഗവണ്മെൻറു കൊടുക്കുന്നില്ലെങ്കിൽ അയാൾക്കു വയസ്സു തികയുന്നതു അയാളുടെ കുററമാണോ?

MR. K. GEORGE (*Chief Secretary to Government*): ഗവണ്മെൻറു അങ്ങനെയാണു് കൊടുക്കുന്നതു്.

MR. ITTOOP ITTEECHAN (*Kunnatnad*): ഒഴിവുള്ള സ്ഥാനത്തിനു് അപേക്ഷ കൊടുത്താൽ ഗവണ്മെൻറു നിയമിക്കുന്നുണ്ടോ?

MR. K. GEORGE (*Chief Secretary to Government*): അനേകംപേർ അങ്ങിനെ ഒരു സ്ഥാനത്തിന്നപേക്ഷിക്കുന്നുണ്ടു്.

MR. ITTOOP ITTEECHAN (*Kunnatnad*): അനേകംപേർ അപേക്ഷിച്ചാൽ ൨൫ വയസ്സു ഉടനെ തികയുമെന്നുള്ളവർക്കു ഗവൺമെന്റു കൊടുക്കുന്നുണ്ടോ?

MR. K. GEORGE (*Chief Secretary to Government*): അങ്ങിനെയുള്ളവരുടെ അപേക്ഷയെ ഗവൺമെന്റു വളരെ സഹതാപത്തോടു കൂടിയാണു നോക്കുന്നതു്.

MR. ITTOOP ITTEECHAN (*Kunnatnad*): വയസ്സു കൂടിപ്പോയതു അയാളുടെ കുററമാണോ?

MR. K. GEORGE (*Chief Secretary to Government*): അതിലേക്കപേക്ഷ വരുമ്പോൾ ഗവൺമെന്റു എക്സെംപ്‌ഷൻ കൊടുക്കാറുണ്ടു്.

MR. ITTOOP ITTEECHAN (*Kunnatnad*): അതിനെപ്പററി ഗവൺമെന്റു ആലോചിച്ചില്ലെങ്കിൽ വളരെ ഹൃദയവേദനയ്ക്കിടയുണ്ടെന്നു തോന്നുന്നുണ്ടോ?

MR. K. GEORGE (*Chief Secretary to Government*): ധാരാളംപേർ എക്സെംപ്‌ഷനു അപേക്ഷിക്കുന്നുണ്ടു, ഗവൺമെന്റു കൊടുക്കുന്നുമുണ്ടു.

MR. ITTOOP ITTEECHAN (*Kunnatnad*): എക്സെംപ്‌ഷനു അപേക്ഷ കൊടുക്കുന്നതിൽ ഏതെങ്കിലും അനുവദിക്കാതിരുന്നിട്ടുണ്ടോ?

MR. K. GEORGE (*Chief Secretary to Government*): തക്കതായ കാരണമില്ലെങ്കിൽ കൊടുക്കാതിരുന്നിട്ടുണ്ടു്.

MR. ITTOOP ITTEECHAN (*Kunnatnad*): തക്കതായ കാരണം എന്താണു്?

MR. K. GEORGE (*Chief Secretary to Government*): വയസ്സുക്ലിപ്തരാംസിനെ ലംഘിച്ചു ഗവൺമെന്റു പ്രവർത്തിക്കുന്നതിനു തക്കതായ കാരണം വല്ലതുമുണ്ടെങ്കിൽ ഗവൺമെന്റിനെ ധരിപ്പിക്കണം.

MR. ITTOOP ITTEECHAN (*Kunnatnad*): ഗവർണ്മെന്റു സർവീസിൽ കയറാതെ എങ്ങിനെ ധരിപ്പിക്കും.?

MR. K. GEORGE (*Chief Secretary to Government*): ഡിപ്പാർട്ടുമെന്റു മേധാവികൾ വഴി അയക്കാറുണ്ടു്. അല്ലാതെ അനേകംപേർ അപേക്ഷ അയക്കുമ്പോൾ അതിൽ കാണിക്കാറുണ്ടു്. അതിനെപ്പററി ഗവൺമെന്റു അന്വേഷിച്ചു എക്സെംപ്‌ഷൻ നൽകും.

MR. ITTOOP ITTEECHAN (*Kunnatnad*) : ഡിപ്പാർട്ടുമെൻറു വഴിയായിട്ടു എക്സംപ്ഷൻ കൊടുക്കേണ്ട ആവശ്യമുണ്ടോ എന്ന് അന്വേഷിക്കണമെന്നു ചട്ടമുണ്ടോ?

MR. K. GEORGE (*Chief Secretary to Government*): സാധാരണ ആവശ്യക്കാർ ഡിപ്പാർട്ടുമെൻറധികാരികളെക്കണ്ടു അവർമൂലമാണ് അപേക്ഷ അയക്കുന്നത്. അങ്ങിനെവരുമ്പോൾ തക്കതായകാരണം കണ്ടാൽ ഗവണ്മെൻറു അതനുവദിക്കും.

MR. ITTOOP ITTEECHAN (*Kunnatnad*): പരീക്ഷയിൽ മാർക്കിൻെറ കുറവാണൊ തക്കതായകാരണം?

MR. K. GEORGE (*Chief Secretary to Government*) : അല്ല.

MR. ITTOOP ITTEECHAN (*Kunnatnad*) : ഒരാൾ അഞ്ചുവർഷം തോററു. ആറാംകൊല്ലം കൂടുതൽ മാർക്കോടുകൂടി പാസ്സാകുന്നു. അയാൾക്കു എക്സംപ്ഷൻ കൊടുക്കുമോ?

MR. K. GEORGE (*Chief Secretary to Government*) : കൂടുതൽ മാർക്കോടുകൂടി പാസ്സായാലും അഞ്ചുകൊല്ലം തോററതിനു പരിഹാരമാകയില്ലല്ലോ?

MR. K. GEORGE (*Chief Secretary to Government*): I suppose I have answered all the points.

MR. K. P. NILAKANTA PILLAI (*Chirayinkil*): Sir, the learned Chief Secretary expressed before this House that he has the greatest sympathy for the well-being and security of the service of the clerks attached to the Huzur Secretariat. In this connection, it is also the duty of the Government and also the duty of the members on this side of the House to consider whether the sweet words expressed by the learned Chief Secretary are translated into action and whether by the policy now pursued by the Head of the Secretariat, it has caused any heart-burning to any individual say X, Y or Z; and if so, whether that requires remedy at the hands of Government and whether that requires the attention of the members on this side of this House.

Sir, apart from the question of giving increments to acting clerks, apart from the question of sending out competent clerks from the Secretariat to the other branches of the Administration in the country, is it not necessary also that a clerk who is enjoying a very secure position in the public service should not be thrown out and should not be given heart-burning by the ruthless or blind policy that the Government may pursue at one time or other to suit their purpose? Sir, there is no use of hiding facts here, and members on this side of the House will understand the object of my speech in the spirit in which it is placed before the House. I expressly bring in the treatment that was

[Mr. K. P. Nilakanta Pillai.]

offered to a clerk who was subsequently promoted as the Private Secretary to the Ex Dewan of the State. That is a matter in which much may be felt by some members. But I will present only a picture before the eyes of the members of this side of the House, to enable them to understand the gravity of the situation created by such silly, unexplainable action of the Government which cannot be expected from a Government of the type of the Travancore Government. Sir, I place this picture, a clerk in the Secretariat who was drawing Rs. 70 for some years and by sheer hard work or by merit he has been promoted in 1926 to a Magistrate's place, as a Gazetted Officer. Again, Sir, by the merit of his honest labour—

PRESIDENT: Mr. Nilakanta Pillai, will you please sit down? While the President is on his legs the member is expected to sit down. If you are referring to a particular individual, as I have been saying before an individual case cannot be discussed in this House.

MR. K. P. NILAKANTA PILLAI (*Chirayinkil*): On the face of it, I have not mentioned any individual at all. I took it as a type of instance

PRESIDENT: If you take an individual case as a type, you can only discuss the principle underlying it.

MR. K. P. NILAKANTA PILLAI (*Chirayinkil*): I am stating facts relating to a particular case. With regard to this particular case I have stated before the House, that a person was holding a substantive post carrying a salary of Rs. 200. Could that post be reverted to a post on 70 rupees, that of a clerk? I ask the question whether there is any injustice done in this particular case. If so, that requires an explanation and that ought to be remedied if it is a clear injustice done to a particular type of officer who worked up a particular post.

This is the picture that I wanted to present before the House. It is a clear injustice that every one will join hands with me in condemning. (Mr. T. C. Kesava Pillai, *Hear, hear*). And if this is the protection which the Government Secretariat and the Head of the Department offer to these Secretariat clerks, I again put the question whether there is any meaning in the sweet words expressed by the Chief Secretary.

Sir, I take this case and I never want to fight for a particular individual. But there is a principle of great importance underlying this particular instance of injustice. Sir, Dewans may come and go. But the Travancore Government have to continue and the servants in the service of the Government have to feel themselves secure. They have been given a particular position, a particular place and a particular means of maintaining their dignity and position as servants of the State. That is, apart from the duty of the non-official members on this side of the House, the Government ought to have protected a servant who has been found to do his work well. On silly grounds, and on mere prejudices a poor servant belonging to the lower strata of the public service, why should vengeance be wreaked upon that individual or that man who holds a particular post because of other political grounds? That is the matter which I place before the House. If from the facts which I have placed before

the House I have convinced this side of the House that a clear injustice which is supportable neither on principle nor on the merits of the case is done by the blind policy of the Secretariat, that has to be remedied. That is the duty of the non-official members on this side of the House. With these few words I support the motion before the House.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): In supporting the motion before the House, I must emphatically endorse each and every syllable uttered by Mr. Nilakanta Pillai. I simply place before this House that the most important centre of Administration will have to set an example to the other individual departments. We have been till now criticising the action of the Registration Director and one and all the departments. But as we have heard from Mr. Nilakanta Pillai no member on this side of the House is interested in any particular individual. It is to keep up the prestige of this venerable Government, noble Government; it is our duty to see that there should not be any scar seen in the Administration of Travancore. This will be a standing record. As such, the President or any member on the other side will have to feel otherwise. We also are one with you, Sir, in that and we cherish the good or bad that is likely to occur to the country, but neither Mr. Nilakanta Pillai nor any other member on this side of the House has any feeling other than what you feel towards that particular individual if at all there is any injustice done to any individual. So, at least with that respect with which "England expects every man to do his duty" that principle is to be dictated to each of the village peons even. You will have to set an example. With these words I support the motion placed before the House by Mr. Kuriakose.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): എന്റെ നിർദ്ദേശങ്ങളിൽ എത്രത്തോളം സംഗതികളെ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നോ അത്രത്തോളവും എന്റെ വിവരണത്തിൽനിന്ന് മനസ്സിലായിരിക്കുമെന്നു വിശ്വസിക്കുന്നു. ചീഫ്സിക്രട്ടറി അവർകളുടെ മറുപടികൊണ്ട് ഹജൂരിലിരിക്കുന്ന ക്ലാർക്കുമാരുടെ ന്യായമായ അവകാശത്തെ പുലർത്തുന്നതിന് ഗവണ്മെന്റിന് സന്നദ്ധതയും അവരുടെനേർക്ക് അനുഭാവവും ഉണ്ടെന്ന് സ്പഷ്ടമായിട്ടുണ്ട്. ആസ്ഥിതിക്ക് ഈ ഉപക്ഷേപത്തെ പരാമർശിച്ച് ദീർഘമായിട്ട് എന്തെങ്കിലും വാദപ്രതിവാദം നടത്തണമെന്ന് എനിക്കഭിപ്രായമില്ല. അതുകൊണ്ടു ഗവണ്മെന്റ് അവരുടെ സംഗതിയിൽ അനുഭാവപൂർവ്വം ശ്രദ്ധിക്കുകയും ന്യായമായി അർഹതയുള്ള അവകാശങ്ങളെ ഇത്തരം ക്ലാർക്കന്മാർക്കു നൽകുകയും ചെയ്യണം. ഈരാജ്യത്തിന്റെ നാനാഭാഗങ്ങളിലും വിവിധശാഖകളിലും പ്രയോജനകരമാംവണ്ണം വേല ചെയ്യുവാൻവേ

[Mr. A. C. Kuriakose.]

ണ്ടി ഹജൂരാഫീസിലെ ക്ളാക്കന്മാരെ മററു ഡിപ്പാർട്ടുമെൻറുകളിൽ അയച്ചു്—പൂർവ്വകാലത്തു് അവരുടെ മുൻഗാമികൾ അനുഭവിച്ചുവന്നിരുന്ന അവകാശത്തെ പരമ്പരയായി അനുഭവിക്കത്തക്കവണ്ണം സൌകര്യപ്പെടുത്തി—അവരുടെ അവകാശത്തെ സ്ഥാപിക്കുന്നതിലേക്കു ഗവണ്മെൻറു വേണ്ടതു ചെയ്യുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ എൻെറ ഉപക്ഷേപത്തെ പിൻവലിക്കുന്നതിന് അനുവാദം ചോദിച്ചുകൊള്ളുന്നു.

PRESIDENT : Does the House permit the motion to be withdrawn?

The motion was, by leave, with drawn.

Motions 180 to 187.

The following motions were not moved:

MR. A. C. KURIAKOSE:

180. To reduce the allotment of Rs. 54,938 for Higher Grade clerks by Rs. 10.

MR. R. RAMAN PILLAI:

181 To reduce the allotment of Rs. 25,668 for Lower Grade clerks by Rs. 1,808.

MR. A. THANU PILLAI:

182. To reduce the allotment of Rs. 25,668 for Lower Grade clerks by Rs. 1,808.

MR. R. RAMAN PILLAI:

183. To reduce the allotment of Rs. 25,668 for Lower Grade clerks by Re. 1.

MR. R. RAMAN PILLAI:

184. To reduce the allotment of Rs. 25,668 for Lower Grade clerks by Re. 1.

MR. A. THANU PILLAI:

185. To reduce the allotment of Rs. 1,28,202 for establishment by Re. 1.

MR. A. THANU PILLAI:

186. To reduce the allotment of Rs. 1,28,202 for establishment by Rs. 10.

MR. P. S. MAHOMED:

187. To reduce the allotment of Rs. 1,28,202 for establishment by Rs. 100.

Motion 188.

MR. K. PADMANABHA PANIKKAR (*Ambalapuzha*) : Sir,

PRESIDENT: I find from the list of motions tabled under this Demand that some members have brought under the head, motions which should legitimately go under other specific Budget heads. Where there is a specific Budget head and any particular motion relates to the subject matter of that Budget head, then the proper place for the motion is under that head. It cannot be brought under the head of General Administration. There are a few motions like that. I have noticed that on going through this list, and when I come to those motions, if the members are found desirous of moving them, I may have to disallow them under this head. This 188th motion is one like that, if the object given there is going to be pressed.

MR. K. PADMANABHA PANIKKAR (*Ambalapuzha*) : I do not make the motion.

Motions 188 to 192.

The following motions were not moved.

MR. K. PADMANABHA PANIKKAR:

188. To reduce the allotment of Rs. 11,000 for travelling allowance by Re. 1.

MR. K. PADMANABHA PANIKKAR:

189. To reduce the allotment of Rs. 11,000 for travelling allowance by Re. 1.

MR. R. RAMAN PILLAI:

190. To reduce the allotment of Rs. 11,000 for travelling allowance by Re. 1.

MR. K. N. KESAVAN NAMPUTIRIPAD:

191. To reduce the allotment of Rs. 11,000 for travelling allowance by Re. 1.

MR. TARIATU KUNJITOMMAN:

192. To reduce the allotment of Rs. 11,000 for travelling allowance by Rs. 5.

Motion 193.

PRESIDENT: The object that is mentioned against this motion, does not come under this head. It should come under the head of P. W. D. if it canreally come at all.

Motions 193 and 194.

The following motions were not moved:

MR. K. C. KARUNAKARAN:

193. To reduce the allotment of Rs. 11,000 for travelling allowance by Rs. 10.

MR. K. C. KARUNAKARAN:

194. To reduce the allotment of Rs. 11,000 for travelling allowance by Rs. 10.

Motion 195.

PRESIDENT: This again has a specific Budget head under which it can come. I may also tell you that if it is a motion which can properly and legitimately come under some head which we are going to take hereafter and if you want to bring that under that head, then there will be no objection to its being brought under that head, if you give notice to the Secretary to the Council that it should be brought under that head. There is no objection to that.

Motions 195 and 196.

The following motions were not moved:

MR. K. C. KARUNAKARAN:

195. To reduce the allotment ot Rs. 11,000 for travelling allowance by Rs. 10.

MR. K. PADMANABHA PANIKKAR:

196. To reduce the allotment of Rs. 11,000 for travelling allowance by Rs. 10

Motion 197.

PRESIDENT: That again should not really come under this head. If it is to be moved at all, it ought to come under Excise.

Motions 197 to 205

The following motions were not moved:

MR. K. C. KARUNAKARAN:

197. To reduce the allotment of Rs. 11,000 for travelling allowance by Rs. 10.

MR. K. C. KARUNAKARAN:

198. To reduce the allotment of Rs. 11,000 for travelling allowance by Rs. 10.

MR. K. C. KARUNAKARAN:

199. To reduce the allotment of Rs. 11,000 for travelling allowance by Rs. 10.

MR. K. C. KARUNAKARAN:

200. To reduce the allotment of Rs. 11,000 for travelling allowance by Rs. 10.

MR. K. PADMANABHA PANIKKAR:

201. To reduce the allotment of Rs. 11,000 for travelling allowance by Rs. 10.

MR. K. C. KARUNAKARAN:

202. To reduce the allotment of Rs. 11,000 for travelling allowance by Rs. 100.

MR. V. J. OOMMEN:

203. To reduce the allotment of Rs. 1,62,646 for Huzur Cutcherry by Rs. 1000.

MR. ITTOOP ITTEECHAN:

204. To reduce the allotment of Rs. 1,62,646 for Huzur Cutcherry by Rs. 600.

MR. V. CHELLAM PILLAI:

205. To reduce the allotment of Rs. 1,62,646 for Huzur Cutcherry by Re. 1.

നങ്ങളിൽ ഒന്ന് നിയമസഭയും മറെറാന്ന് പ്രജാസഭയുമാണ്. ഈ നിയമസഭയിൽ ഞങ്ങളെല്ലാവരും ഞങ്ങളുടെ നിയോജകമണ്ഡലത്തിൽ നിന്നും പ്രതിനിധികളായിട്ട് വരികയും പൊതുജനങ്ങൾക്കാവശ്യമുള്ള പലകാര്യങ്ങളെപ്പററിയും ഇവിടെ പ്രതിപാദിക്കുകയും പലപല നിശ്ചയങ്ങളെ പാസ്സാക്കുകയും ചെയ്യുന്നുണ്ട്. അവയിൽ ഒരെണ്ണംപോലും ഇതുവരെ ഗവണ്മെൻറ അംഗീകരിച്ചു അതിന്മേൽ യാതൊരു നടപടിയും നടത്തീട്ടുള്ളതായി കാണുന്നില്ല. അപ്രകാരംതന്നെ യാണ് ഞങ്ങളുടെ ചോദ്യങ്ങളെ സംബന്ധിച്ചു ഗവർമെൻറ നൽകുന്ന മറുപടിയും. അതിന് ഉദാഹരണം പറയുകയാണെങ്കിൽ സക്കാർ ഉദ്യോഗസ്ഥന്മാരെ ഓപ്പൺ എൻക്വയറി നടത്തി സർവീസിൽനിന്നും പിരിച്ചശേഷം അങ്ങിനെപിരിക്കാൻ ഹേതുവായ കമ്മീഷണർമാരുടെറിപ്പോർട്ടുമേശമേൽ വയ്ക്കുമോ എന്നുചോദിച്ചതിന് അതു് പേർസനൽആണ് ഞങ്ങളെ കാണിക്കാൻ പാടില്ലാഎന്നാണ് കിട്ടിയഉത്തരം. ഇതുകുററക്കാരനെ ശിക്ഷിച്ചതിനു ശേഷം അതിലേക്കുള്ള ജഡ്ജിമെൻറ് തരാൻ പാടില്ല എന്ന് പറയുന്നതുപോലെയിരിക്കുന്നു. അപ്രകാരംതന്നെ ഞങ്ങൾപാസ്സാക്കുന്ന ഉപക്ഷേപങ്ങളെ സംബന്ധിച്ചും ഗവണ്മെൻറ് യാതൊന്നും നടത്തുന്നില്ല. ഞങ്ങൾ ഇവിടെ വന്ന് ഉപക്ഷേപങ്ങൾ ഹാജരാക്കിവാദപ്രതിവാദം ചെയ്തു പാസ്സാക്കി തിരിച്ചു പോകുന്നതല്ലാതെ ഞങ്ങൾ ഇവിടെചിലവു ചെയ്യുന്നപണം കൊണ്ടു് യാതൊരു പ്രയോജനവും സിദ്ധിക്കുന്നില്ല. ഈ നിലയിൽ ഈ കൌൺസിൽ നടത്തിപോകുന്നതിനെക്കാൾ ഇതിനെ നിത്തൽ ചെയ്കയല്ലയൊ നല്ലതു എന്ന് തോന്നിപോകുന്നു. കൊച്ചിയിൽ നടന്നനിയമസഭയിൽ അഡ്മിനിസ്ട്രേഷനുള്ള മുഴുവൻ പണവും അനുവദിച്ചില്ല എന്ന് അറിയുന്നു.

MR. MATTHEW MURIKKAN (*Vaikam*) : അയൽ രാജ്യമായ കൊച്ചിയിൽ നടക്കുന്ന സംഗതികളെ അനുകരിക്കുന്നതിന് ഇവിടത്തെ പ്രജകൾ അപ്രാപ്തരല്ല എന്നു അറിയാമോ?

MR. MURUVELIL PACHU PILLAI (*Shertallai*) : അതിനെ അനുകരിക്കുന്നതിന് ഈ രാജ്യത്തെ പ്രജകൾ ഒട്ടും അപ്രാപ്തരല്ല എന്ന് എനിക്കു നല്ലവണ്ണം അറിയാം. എന്നാൽ അതിനെ അനുകരിക്കണമെന്നുള്ള വിചാരം ഇപ്പോൾ ഇവിടത്തെ പ്രജകൾക്കില്ലാത്തതുകൊണ്ടുമാത്രം അനുകരിക്കാതിരിക്കയാണ്. ഇതു കൌൺസിലിൻെറ ഗാഢമായ ശ്രദ്ധക്കു വിഷയമാകേണ്ടതാണ്. ഞങ്ങൾ ഇവിടെ പാസ്സാക്കുന്ന പ്രമേയങ്ങളേയും ഉപക്ഷേപങ്ങളേയും സംബന്ധിച്ചു് ഗവണ്മെൻറ യാതൊരു നടപടിയും

[Mr. Muruvelil Pachu Pillai]

നടത്തുന്നില്ല എന്നുവരുകിൽ ഞങ്ങൾ ഒരം നിയമസഭയിൽ പ്രതിനിധികളായിട്ട് വരുന്നതുകൊണ്ടും ഈ നിയമസഭകൊണ്ടും ഉള്ള പ്രയോജനമെന്താണെന്ന് എനിക്ക മനസ്സിലാകുന്നില്ല. അതുകൊണ്ട് പൊതുജനങ്ങളുടെ അഭിപ്രായത്തെ ആദരിച്ച പ്രവൎത്തിക്കുന്നതിൽ ഗവണ്മെണ്ടു ഗാഢമായി ശ്രദ്ധിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

ഈ രാജ്യത്തെ ഓരോഡിപ്പാർട്ടുമെൻറുകാൎയ്യങ്ങളെപ്പററി പറയുകയാണെങ്കിൽ പല ഡിപ്പാർട്ടുമെൻറുകളിലും പല വിധമായ കുഴപ്പങ്ങൾ നടന്നു വരുന്നുണ്ട്. ഇവ എല്ലാം പ്രത്യേകമായിട്ട് ശ്രദ്ധിച്ച കഴിയുന്നതും വേഗത്തിൽ പരിഹാരമുണ്ടാക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഒരം ഉപക്ഷേപത്തെ ഞാൻ ബലമായിപിൻതാങ്ങുന്നു.

MR. V. J. OOMMEN (*Commerce and Industry North*): സർ, മിസ്റ്റർ ദാമോദരൻ ആശാൻ അവതരിപ്പിച്ചിരിക്കുന്ന ഉപക്ഷേപത്തെ ഞാനും ബലമായി പിൻതാങ്ങുന്നു. തിരുവിതാംകൂർ രാജ്യഭരണം കാൎയ്യക്ഷമമായി നടക്കാതിരിക്കുന്നതിന് എനിക്ക തോന്നുന്ന ഒന്നു രണ്ടു കാരണങ്ങൾ പറയാം. പൊതു ജനദാസന്മാരായ ഉദ്യോഗസ്ഥന്മാർ—പ്രത്യേകിച്ച മേലുദ്യോഗസ്ഥന്മാർ—ആ വിചാരം കൂടാതെ എല്ലാകാൎയ്യങ്ങളിലും എല്ലാസമയങ്ങളിലും ഞങ്ങൾ പൊതുജന മേധാവികളാണെന്നുള്ള ഭാവത്തിൽ ഔദ്യോഗികകൃത്യങ്ങൾ ചെയ്തുവരുന്നതുകൊണ്ടു പൊതുജനഹിതമറിഞ്ഞു കാൎയ്യക്ഷമമായഭരണം നടത്തുന്നതിനു അവൎക്ക് സാധിക്കുന്നില്ല. അവരുടെ അധികാരപ്രമത്തതയും ദുഷ്പ്രഭുത്വവും എന്തുമാത്രം വൎദ്ധിച്ചിട്ടുണ്ടെന്നും തൻമൂലം ജനങ്ങൾ എന്തുമാത്രം സങ്കടങ്ങൾ അനുഭവിക്കുന്നുണ്ടെന്നും പറഞ്ഞറിയിക്കുവാൻ പ്രയാസം. ഉദ്യോഗസ്ഥന്മാരെ നേരിട്ടുകണ്ടോ ഹർജികൾ മുഖേനയൊ സങ്കടനിവൃത്തിവരുത്തുവാൻ കഴിവില്ലാതെയാണിരിക്കുന്നത്. ഹർജികൾ കൊടുത്താൽ തരമുണ്ടെങ്കിൽ സ്വീകരിക്കയില്ലാ. സ്വീകരിച്ചാൽ ഗൌനിക്കയുമില്ല. കാണ്മാൻ ചെന്നാൽ അനുവദിക്കയില്ല. കാണാൻ അനുവദിച്ചാൽ സംസാരിക്കാൻ സമ്മതിക്കുകയുമില്ല. സംസാരിക്കുകയാണെങ്കിൽ അതുമിതും പറഞ്ഞും അപമൎയ്യാദയായി പെരുമാറിയും സങ്കടപ്പെടുത്തിയും അയയ്ക്കുന്നു. പ്രജാവത്സലയായ മഹാറാണി റീജൻറു തിരുമേനിയേയോ തിരുവിതാംകൂർ ദിവാൻജി അവർകളെയൊ കാണുന്നതിനൊ സങ്കടമറിയിക്കുന്നതിനൊ ജനങ്ങൾക്ക ഇതുമേൽ വിഷമമില്ല.

ദൃഷ്ടാന്തമായി ഈ കൌൺസിലിൽ തന്നെ ജനപ്രതിനിധികൾ ഭരണവിഷയങ്ങളെപ്പററി പല നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും അദ്ധ്യക്ഷനായ ദിവാൻജി അവർകൾ അതെല്ലാം ക്ഷമാപൂർവ്വം കേട്ടു ആവശ്യാനുസരണം തൃപ്തികരമായ മറുപടികൾ നൽകുകയും ചെയ്യുന്നുണ്ട്. എന്നാൽ ഉദ്യോഗസ്ഥന്മാർ-ഈസഭയിൽ അംഗങ്ങളായിരിക്കുന്ന ഉദ്യോഗസ്ഥന്മാർ-അപ്രകാരം ചെയ്യുന്നില്ല. ഉദാഹരണമായിട്ടു ഫാറസ്റ്റ് കൺസർവേററർ അവർകളോടു വനത്തിൽ നിന്നും ഏതെങ്കിലും ചതുപ്പു നിലങ്ങൾ ആർക്കെങ്കിലും പതിച്ചു കൊടുക്കുന്നതിനു ഗവണ്മെൻറിനോടു ശുപാർശചെയ്തിട്ടുണ്ടോ എന്നു ഞാൻ ഇന്നലെ ചോദിച്ച ചോദ്യത്തിനു " I refuse to answer" എന്നാണു മറുപടി പറഞ്ഞതു്.

സർ, ആണ്ടിനാൽ ശരാശരി ഉദ്ദേശം ൨൮ രൂപാ ആദായമുള്ള ഓരൊ തിരുവിതാംകൂർ പൌരനിൽ നിന്നും ഉദ്ദേശം ആറു രൂപാ വീതം രാജ്യഭരണാർത്ഥമെന്ന സങ്കല്പത്തിൽ പിരിച്ചെടുത്തു അതിൻെറ സിംഹഭാഗവും ഉദ്യോഗസ്ഥന്മാരുടെ ഉദര പൂരണാർത്ഥം ചിലവഴിക്കുന്ന തിരുവിതാംകൂർ ഗവണ്മെൻറിൻെറ ചുമതലയേറിയ ഒരു ഡിപ്പാർട്ടുമെൻറു മേധാവിയായ ഫാറസ്റ്റ് കൺസർവേററർ പൊതുജനപ്രതിനിധി സ്ഥാപനമാകുന്ന ഈ നിയമസഭയിൽ വെച്ചു് തിരുവിതാംകൂർ മഹാറാണി റീജൻറു തിരുമനസ്സിലെ ദിവാൻെറ മുമ്പിൽ വെച്ചു്-നിയമസഭാ അദ്ധ്യക്ഷൻെറ മുൻപിൽവെച്ചു്-പൊതുജനപ്രതിനിധിയായ ഒരു മെംബറിൻെറ ചോദ്യത്തിനു് അഹങ്കാരമായിട്ടും അപമര്യാദയായിട്ടും, അക്രമമായിട്ടും 'എനിയ്ക്കു ഉത്തരം പറവാൻ മനസ്സില്ല' എന്നു് ധിക്കാരമായി മറുപടി പറയുന്നതിനു ധൈര്യപ്പെട്ട ഈ ഉദ്യോഗസ്ഥനൊ അല്ലെങ്കിൽ അദ്ദേഹത്തെപ്പോലെയുള്ള മററു ഉദ്യോഗസ്ഥന്മാരൊ ഈ കൌൺസിലിനു പുറത്തുവച്ചു് വെറും സാധാരണജനങ്ങളോടു പെരുമാറുന്ന രീതി എന്തായിരിക്കുമെന്നു ഞാൻ പറയുന്നതിനെക്കാൾ ഭേദം അവിടുന്നു് ഊഹിച്ചുകൊള്ളുകയാണു്.

സർ, പൊതുജനങ്ങൾ ഉദ്യോഗസ്ഥന്മാരുടെ അടുത്തുചെല്ലുന്നതു തക്കതായ ആവശ്യത്തിനാണെന്നും അല്ലെന്നും വരാം. തക്കതായ സങ്കടത്തോടുകൂടിയാണെന്നും അല്ലെന്നും വരാം. എന്നാൽ അവർ തിരുവിതാംകൂറിലെ പൌരന്മാരാണു്. മഹാറാണി തിരുമനസ്സിലെ വാത്സല്യപ്രജകളാണു എന്നുള്ളതു ആ ഉദ്യോഗസ്ഥന്മാർ നിഷേധിക്കുവാൻ പാടുള്ളതല്ല. ആയതുകൊണ്ടു ആ ബോധത്തോടുകൂടി ഉദ്യോഗസ്ഥന്മാർ ജനങ്ങളെ മര്യാദപൂർവ്വം സ്വീകരിക്കയും അവരുടെ സങ്കടങ്ങൾ

[Mr. V. J. Oommen.]

ശ്രദ്ധാപൂർവം കേൾക്കുകയും ചെയ്യേണ്ടതാണ്. അല്ലാതെ ഇപ്പോഴത്തെ മാതിരി ഉദ്യോഗസ്ഥന്മാരെ സാധാരണ ജനങ്ങൾ കാണാൻചെന്നാൽ അനുവദിക്കയില്ല. സങ്കടം കേൾക്കുകയില്ല. മര്യാദയായിപെരുമാറുകയില്ല എന്നീ ഭയങ്കരസ്ഥിതിയ്ക്കു അവിടുന്നു ഉടനെ നിവാരണം ഉണ്ടാക്കണം.

സർ, തിരുവിതാംകൂറിലെ ഭരണവൈകല്യങ്ങൾക്കുള്ള ഒരു പ്രധാന കാരണം ഉദ്യോഗസ്ഥന്മാരുടെ വർഗ്ഗീയപക്ഷപാതത്തോടുകൂടിയുള്ള പെരുമാററങ്ങളാണ്. തിരുവിതാംകൂറിൽ ഇന്നുകാണുന്ന വർഗ്ഗീയമത്സരങ്ങൾക്കും ഈ ഉദ്യോഗസ്ഥന്മാർതന്നെയാണു ഉത്തരവാദികൾ. ഗവണ്മെൻറിനെപ്പററി ജനങ്ങളുടെഇടയിൽ ഉണ്ടായിട്ടുള്ള ഭയങ്കരമായ അതൃപ്തിക്കും അവിശ്വാസത്തിനും കാരണക്കാരും ഇവർതന്നെയാണ്. വർത്തമാനപത്രറഗുലേഷൻെറ നിർമ്മാണത്തിനു ഗവണ്മെൻറിനെ പ്രേരിപ്പിച്ച സാഹചര്യങ്ങളും ഈ ഉദ്യോഗസ്ഥന്മാർതന്നെയാണുണ്ടാക്കിയതു്. മിസ്റ്റർ രാഘവയ്യാ ദിവാനായിരുന്നകാലത്തു ഈ വസ്തുത മനസ്സിലാക്കി ഇതിനു ചിലപരിഹാരമാർഗ്ഗങ്ങൾ നടപ്പിൽവരുത്തുകയുമുണ്ടായിട്ടുണ്ട്. ഓരോ ഡിപ്പാർട്ടുമെൻറിലും നടത്തുന്ന നിയമനങ്ങളുടെ ജാതിതിരിച്ചുള്ള ഒരു വിവരപ്പട്ടിക മുമ്മൂന്നുമാസത്തിലൊരിക്കൽ ഗവണ്മെൻറിലേക്കു അയച്ചുകൊടുക്കണം എന്നു അദ്ദേഹം ആജ്ഞാപിച്ചു. അദ്ദേഹത്തിൻെറകാലത്തു ഈ നിശ്ചയം നടപ്പിൽവന്നിരുന്നു അതിൽ പിന്നീടു ചില ഡിപ്പാർട്ടുമെൻറുകാർ മാത്രം അയച്ചുകൊടുക്കുക എന്നൊരു പതിവാണു വന്നിരിക്കുന്നതു്. ഗവണ്മെൻറുത്തരവുകളെ അനാദരിക്കുന്നതിൽ കുപ്രസിദ്ധിനേടിയിട്ടുള്ള മെഡിക്കൽബോർഡു് ഈ വിഷയത്തിലും അനാസ്ഥ പ്രദർശിപ്പിക്കുന്നു.

സർ, മഹാനും അതിബുദ്ധിമാനുമായിരുന്ന മിസ്റ്റർ രാഘവയ്യാ ഈ അഴിമതികളെ നിർത്തുന്നതിനു മറെറാരുമാർഗ്ഗംകൂടി സ്വീകരിച്ചിരുന്നു. ഓരോ ഡിപ്പാർട്ടുമെൻറുകളിലുംനിന്നും കിട്ടിയിരുന്ന നിയമനപ്പട്ടികകൾ അദ്ദേഹം ശരിയായി പരിശോധിച്ചു ഗവണ്മെൻറിൻെറ തീരുമാനങ്ങൾക്കെതിരായി വർഗ്ഗീയപക്ഷപാതം കാണിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരെ കഠിനമായി താക്കീതുചെയ്യും അവരോടു സമാധാനം ആവശ്യപ്പെട്ടുമുള്ള വിമർശനങ്ങളോടുകൂടി അദ്ദേഹം പട്ടികകൾ പ്രസിദ്ധപ്പെടുത്തിവന്നിരുന്നു. മിസ്റ്റർ രാഘവയ്യാ ഇതുസംബന്ധമായി ൧൯൨൫ ഏപ്രിൽ ൨൭-ാനു- ർ ൭൮൭ ജി. ഏ. നമ്പരായി പുറപ്പെടുവിച്ചിട്ടുള്ള ഗവണ്മെൻറു പ്രൊസീഡിംഗ്സ് ഇതിനൊരു ഉത്തമദൃഷ്ടാന്തമാണ്.

സർ, തിരുവിതാംകൂറിൽ നടക്കുന്ന വർഗ്ഗീയമത്സരങ്ങൾക്കും ഉദ്യോഗനിയമനങ്ങളിൽ കാണുന്ന അനീതികൾക്കും ഇതുതന്നെയാണു ശരിയായ പരിഹാരമാർഗ്ഗം. ഇതുതന്നെയാണു ശരിയായ പ്രതിവിധി. അതിനാൽ മേലാലെങ്കിലും മൂന്നുമാസത്തിലൊരിക്കൽ നിയമനപ്പട്ടികകൾ വരുത്തണം. ദിവാൻജിഅവർകൾതന്നെ അതു പരിശോധിക്കണം. കുററക്കാരെമാതൃകായോഗ്യമായി ശിക്ഷിക്കണം. ആപട്ടികകളും തീരുമാനങ്ങളും അപ്പോഴപ്പോൾ ഗവൺമെൻറുഗസററിൽ പരസ്യം ചെയ്യണം.

സർ, മേൽ പറഞ്ഞപ്രകാരം അവിടുന്നു ചെയ്യുന്നപക്ഷം തിരുവിതാംകൂറിൽ ഇന്നു കാണുന്ന സർവ വർഗ്ഗീയമത്സരങ്ങളും ശമിച്ചു ജനങ്ങൾ ഏകയോഗക്ഷേമമായി ജീവിക്കുന്നതിനിടയാകുന്നതാകുന്നു.

MR. D. C. JOSEPH (*Agastisvaram*); In supporting the motion brought forward by Mr. Asan, I want to make only a few observations on the subject.

That the general administration of the country is far from satisfactory is an open secret and is also an admitted fact. The administration of the various departments of the State has given room for complaint and dissatisfaction. The grievance in this matter is very serious. Unless something satisfactory is done immediately the feeling in the country will grow very serious. To quote just one instance, when interpellations are asked we do not get proper answers from the various departmental heads As regards the grievances that we, the representatives of the people, place before the Government, they are not properly redressed nor taken into any serious consideration. If I go on talking like this I may not have time. I want to be brief. With regard to the filling up of the vacancies in the High Court, the highest tribunal in the land, it took more than six months. This has caused great hardship to the people. The Education Department also has given room for complaint and has caused hardship to the people. The selection of text-books and giving unnecessary powers to the authorities, these matters have also given a lot of trouble to the people. Coming to the Land Revenue Department, the circuiting work of the executive officers of the department is not at all satisfactory. The action taken by the department in connection with the *poramboke* cases has caused unnecessary hardship to the people. With regard to the Secretariat administration, enough has been said yesterday, particularly in regard to the question of keeping vacancies indefinitely. That also has given room for unnecessary complaint. In reply to my enquiry yesterday it was stated that there are 29 vacancies in the Secretariat and that all of them have been filled up by the acting hands. I now hear from reliable source that three of the acting hands are now out of work and that two fresh men have been appointed to act in two of these 29 vacancies. These are matters which cause unnecessary hardship to the people. Coming to the Registration Department, there also we have serious complaints,

[Mr. D. C. Joseph.]

What I want to press before you, Sir, is that, unless you take prompt steps in regard to these matters and check these irregularities and inequalities in the various departments of the State, the people would be put to very great hardship. The treatment that the various officers give to the subjects represented here by the representatives of the people, is not at all encouraging. I want to give a note of warning to the officers of the Government that if they do not attend to their duties properly and if they do not bestow proper care and attention to the grievances of the people, they will have to feel for it, as the people will lose confidence in them. With these words, I support the motion brought forward by Mr. Asan.

MR. P. S. MAHOMED (*Nominated*): സർ, മിസ്റ്റർ ആശാൻ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ ഞാൻ ഹൃദയപൂർവ്വം പിൻതാങ്ങുന്നു. അങ്ങിനെ പിൻതാങ്ങുന്നതിനുള്ള പ്രധാനകാരണം ചില സംഗതികളെ പ്രത്യേകം ഗവൎമ്മെൻറിൻെറ ശ്രദ്ധയിൽകൊണ്ടുവരണമെന്നുദ്ദേശിച്ചിട്ടാണ്. തിരുവിതാംകൂറിലുള്ള സമുദായങ്ങൾക്ക് അവരുടെ അഭിമാനത്തേയും സ്വാതന്ത്ര്യത്തേയും നിലനിർത്തിക്കൊണ്ടുവരേണ്ട ഒരു സൌകര്യം ഓരോ സമുദായത്തിനും ഉണ്ടായിരിക്കേണ്ടതു അത്യാവശ്യമാണെന്നുള്ള സംഗതിയിൽ ആൎക്കും അഭിപ്രായ വ്യത്യാസം ഉണ്ടായിരിക്കാൻ ഇടയില്ലല്ലൊ. എന്നാൽ മുസ്ലിമീങ്ങളെ സംബന്ധിച്ചിടത്തോളം നോക്കിയാൽ ഇന്നു തിരുവിതാംകൂറിലുള്ള മറെറാരുസമുദായത്തിനും അപമാനം സഹിയ്ക്കാൻ ഇടവരാത്തവിധത്തിലുള്ള, അല്ലെങ്കിൽ അവൎക്ക് അനുഭവിക്കുന്നതിനു ഇടവരാത്തവിധത്തിലുള്ള, ഒരു സങ്കടം ഇപ്പോൾ ഈ സമുദായം അനുഭവിച്ചുകൊണ്ടിരിക്കുന്നു. അതായതു മുസ്ലീം സമുദായത്തിൻെറ സ്ഥാപകനും സമുദായത്തിൻെറ നേതാവാണെന്നു തിരുവിതാംകൂറിലെ മുസ്ലിമീങ്ങൾ എന്നല്ല ലോകമൊട്ടുക്കുള്ള മുസ്ലിമീങ്ങൾ ഏകോപിച്ചു വിശ്വസിച്ചുവരുന്നതായ മഹമ്മദ് നിബിയുടെ ജന്മദിവസത്തെ തിരുവിതാംകൂർ ഗവൎമ്മെൻറ് പബ്ലിക്ക് ഒഴിവായിട്ടു അനുവദിച്ചിട്ടില്ല.

MR. K. GEORGE (*Chief Secretary to Government*): I may assure the member that that has been done already. The notification will be shortly out. It has been declared a general holiday throughout the State.

MR. P. S. MAHOMED (*Nominated*): ഈ വിഷയത്തിൽ ഞാൻ ഗവൎമ്മെൻറിനെ അഭിനന്ദിക്കുകയും എൻെറസമുദായത്തിൻെറ നന്ദിയെ ഈ അവസരത്തിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നു.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): So you oppose the motion?

MR. P. S. MAHOMED (*Nominated*): I have got other things to say. ഇനി എനിക്കുപറയാനുള്ളതു സമുദായസ്വാതന്ത്ര്യത്തേയും മതസ്വാതന്ത്ര്യത്തേയും പററിയാണ്. സമുദായസ്വാതന്ത്ര്യമൊ മതസ്വാതന്ത്ര്യമൊ പരിപാലിച്ചുകൊണ്ടുവരുന്നതിനു ആ സമുദായക്കാക്കു ആരാധനസ്ഥലങ്ങളും ശവസംസ്കാരത്തിനുള്ള സ്ഥലങ്ങളും ഒഴിച്ചുകൂടാൻപാടില്ലാത്തതാണ്. ഇതിനെസംബന്ധിച്ചുകുറെക്കാലമായി മുസ്ലീമിങ്ങൾ അനുഭവിച്ചുവരുന്ന സങ്കടം അത്യധികമാണ്. കീഴുദ്യോഗസ്ഥന്മാരാണു ഇതിനെല്ലാം പ്രധാന കാരണക്കാർ എന്നുള്ളതിനു ഈ യിടപരവൂരിനടുത്തു ഒരുപള്ളി സ്ഥാപിക്കുന്നതിനു ശ്രമിച്ചപ്പോൾ ഉണ്ടായിട്ടുള്ള പ്രതിബന്ധങ്ങൾ ഒരു ദൃഷ്ടാന്തമാണ്. ഗവമ്മെൻറിൻെറ ദയാദൃഷ്ടിഇല്ലായിരുന്നുഎങ്കിൽ ഈ പള്ളിപണികൂട്ടാൻ സാധിക്കുകയില്ലായിരുന്നു. അതുപോലെ മൂവാററുപുഴയിൽ വളരെ പ്രയാസപ്പെട്ടശേഷമാണു ഒരുപള്ളി സ്ഥാപിക്കാൻ സാധിച്ചതു്. അവിടെ പള്ളിക്കടുത്തുതന്നെ ശവംഅടക്കാൻ ഉള്ള സൗകര്യമുള്ള സ്ഥലങ്ങൾ ലഭിച്ചിട്ടുണ്ടു്. അവക്കുപ്രത്യേകം ഒരു അനുവാദത്തിൻെറ ആവശ്യമേയില്ല. എന്നാൽചിലർഎന്തോ ചില കാരണംപറഞ്ഞു അവയെഇല്ലാതാക്കാൻ ശ്രമംചെയ്തുവരികയാണ്. ഇതു ഒരു സമുദായത്തിനോടു അനുകമ്പ കാണിക്കുന്നു എന്നുള്ളതിനു ലക്ഷ്യമായ ഒരു സംഗതിയല്ല. ജനങ്ങൾക്കു ദ്വേഷ്യമുണ്ടെങ്കിൽ അങ്ങിനെ അനുവദിക്കാത്തതിൽ യാതൊരു സങ്കടവുമില്ല. മൂവാററുപുഴ പള്ളിക്കടുത്തുള്ള സ്ഥലം കൽപ്രദേശമാണ്. അതുകൊണ്ടുവെള്ളം ഊറി വരുമെന്നു പറവാൻ നിവൃത്തിയില്ല. ഈ സംഗതിയിൽ മുസ്ലീമിങ്ങളെ സംബന്ധിച്ചു പ്രത്യേകതരത്തിൽ പെരുമാറുന്നതു ശരിയല്ല.

സിക്രട്ടേറിയററിൽ ഇന്നത്തെ കണക്കനുസരിച്ചു ൭൨ ഗ്രാഡുവെററ ഉദ്യോഗസ്ഥന്മാരിൽ ൨൯ പേരും ആക്ററിംഗു കാരാണെന്നു പറകയുണ്ടായി. ഇതിൽ ഒററ ഒരുത്തനെങ്കിലും മഹമ്മദീയനില്ല. അതുകൊണ്ടുവരുന്നദൂഷ്യം റവന്യൂ മുതലായ ഡിപ്പാർട്ടുമെൻറിൽ കയററംകിട്ടാൻമാർഗ്ഗമില്ലാ എന്നുള്ളതാണ്. കാരണം സെക്രിട്ടേറിയററിൽകൂടിവേണം മജിസ്ട്രേട്ടായിട്ടുകയററംകിട്ടാൻ. മജിസ്ട്രേട്ടായിരുന്നാൽ മാത്രമേ തഹശീൽദാരായിട്ടുപോകുന്നതിനു സാധിക്കുകയുള്ളു.

MR. K. MADHAVAN PILLAI (*Trivandrum cum Neduvangad*): ബാറിൽനിന്നും മജിസ്ട്രേട്ടായിട്ടു പോകരുതോ?

MR. P. S. MAHOMED (*Nominated*): ബാറിൽനിന്നു ഇതുവരെ ആയിട്ടും മജിസ്ട്രേട്ടാകുന്നതിനൊ തഹശീൽദാരാകുന്നതിനോ സാധിച്ചിട്ടില്ല.

[Mr. P. S. Mahomed.]

ഈ ൨൯ പേരുടേയും അവകാശം കഴിഞ്ഞതിനു ശേഷമെ വേറെരാളിനു പറയാൻ അവകാശമുള്ളൂ. ഇങ്ങിനെ വരുമ്പോൾ ൨൯ കൊല്ലം കഴിഞ്ഞാലും ഒരു മഹമ്മദീയനു തഹശീൽദാരൊ മജിസ്ത്രേട്ടൊ ആകുന്നതിനു പ്രയാസമായിരിക്കുന്നു. ഈ സംഗതി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെടേണ്ട ഒന്നാണ്.

എക്സൈസ് ഡിപ്പാർട്ടുമെൻറിൽ ഒരു കാലത്തു മഹമ്മദീയരിൽ പലരും എക്സൈസ് അസിസ്റ്റൻറ് കമ്മീഷണർവരെയുള്ള ഉദ്യോഗത്തിൽ ഇരുന്നതായിട്ടു ഞാൻ ഓർക്കുന്നുണ്ട്. ഇൻസ്പെക്ടർമാരായിട്ടു പലരും ഉണ്ടായിരുന്നു. സാധാരണ മഹമ്മദീയർക്കു പ്രമോഷൻ ന്യായമായികിട്ടേണ്ടസന്ദർഭം വരുമ്പോൾ എന്തെങ്കിലും ചില പ്രതിബന്ധങ്ങൾ കണ്ടുവരുന്നുണ്ട്. ഈസ്ഥിതിയിൽ ഇപ്പോൾ ഒരു മഹമ്മദീയനു അവകാശപ്പെട്ടഒഴിവു വന്നപ്പോൾ അതു ശരിപ്പെടുത്തുന്നതിനു പകരം ആളെ നിയമിക്കാതെ എന്തൊ കാലതാമസം ഉണ്ടെന്നോ എന്തോശങ്കിക്കത്തക്കനിലയിൽ പല പ്രസ്താവനകളും കേൾക്കുന്നു. പരീക്ഷ പോര എന്നു പറയുകയാണെങ്കിൽ അണ്ടർ ഗ്രാഡ്വെറ്റുകാർക്കൂടി കമ്മീഷണർവരെയുള്ള സ്ഥാനംഭരിച്ചിട്ടുണ്ട്. എന്നുപറയുവാൻ എനിക്കുസാധിക്കും. ആ സ്ഥിതിയിൽ നോക്കുകയാണെങ്കിൽ അസിസ്റ്റൻറു കമ്മീഷണർക്കുമാത്രം പ്രത്യേകം ഒരു പരീക്ഷായോഗ്യതവേണമെന്നു ശഠിക്കുമെന്നു തോന്നുന്നില്ല. ഇങ്ങനെയുള്ള ആളുമുണ്ടെങ്കിൽ അങ്ങനെയുള്ളവരും ധാരാളമുണ്ട്. അതിനാൽയഥാർത്ഥമായ ഒഴിവിൽ ഒരുമഹമ്മദീയനെതന്നെനിയമിക്കണം.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): ഹജൂരിലെ പൊതുഭരണത്തെപ്പററി വിമർശിക്കുന്നതിനുദ്ദിഷ്ടമായ മി: ആശാൻെറ ഉപക്ഷേപത്തെ ഞാൻ ബലമായിപിൻതാങ്ങിക്കൊള്ളുന്നു. ഭരണവിഷയത്തിൽ ഗവണ്മെൻറു പ്രധാനമായി ഗണിക്കേണ്ടതു ജനങ്ങളുടെ ക്ഷേമമാണെന്നുള്ളതിനു യാതൊരു സംശയവുമില്ല ജനക്ഷേമത്തെ മുൻനിറുത്തി ഓരോ ഡിപ്പാർട്ടുമെൻറിലെ മേലുദ്യോഗസ്ഥന്മാരുടെ നടപടികളിലും ജനങ്ങൾക്കു എത്രമാത്രം സുഖദുഃഖങ്ങൾ ഉണ്ടായികൊണ്ടിരിക്കുന്നു എന്നെല്ലാം അന്വേഷിച്ചു വേണ്ടവിധത്തിൽ അവരെ നിയന്ത്രിച്ചുജനക്ഷേമകരമാംവണ്ണം അവരെ നയിക്കേണ്ടതു ഹജൂരിൽനിന്നാണല്ലോ. ഈവക സംഗതികളെ സംബന്ധിച്ചു പറയുമ്പോൾ ഹജൂർ രാഷ്ട്രീയശരീരത്തിൻെറ ശിരസ്സും ഹൃദയവുമായി കല്പിക്കുന്നതിൽ യാതൊരാക്ഷേപവുമില്ല ഇവിടെ നിന്നുമാണു സകല ഭാഗങ്ങളിലേക്കും ആജ്ഞകൊടുത്തു സകലരേയും ക്രമപ്പെടുത്തി നടത്തേണ്ടതു്. പ്രത്യ

ക്ഷമായിട്ടല്ലെങ്കിൽ പരോക്ഷമായിട്ടെങ്കിലും ഭരണവിഷയമായ എല്ലാ ദ്രവ്യങ്ങൾക്കും ഉത്തരവാദം വഹിയ്ക്കുന്നതു ഹജ്ജൂർവകപ്പു തന്നെയാണ്. രാജ്യത്തിന്റെ നാനാഭാഗങ്ങളിലേയ്ക്കും, പ്രജകളിലെ എല്ലാവിഭാഗങ്ങളിലേയ്ക്കും, സമഭാവനയോടെ ഗവമ്മെന്റിന്റെ ദൃഷ്ടിപതിയണം. തലസ്ഥാന നഗരത്തിൽ നിന്നധികദൂരത്തു കിടക്കുന്നതിനാൽ ഗവമ്മെന്റു ദൃഷ്ടിവേണ്ടപോലെ പതിയാത്ത ഉത്തരതിരുവിതാംകൂറിലേക്കും സവീസിൽ അസമത്വമനുഭവിക്കുന്ന സമുദായങ്ങളിലേക്കും ഗവമ്മെന്റിന്റെ ശ്രദ്ധവേണ്ടപോലെ പതിയുന്നില്ല. കഴിഞ്ഞകാലങ്ങളിൽ ഈ വിഷയത്തിൽ സംഭവിച്ചന്യൂനതകൾക്കു ഇനിയെങ്കിലും പരിഹാരമുണ്ടാക്കണം. ഉത്തരതിരുവിതാംകൂറിലെ ഉൾഭാഗത്തെ താലൂക്കുകൾ ഉപേക്ഷിയ്ക്കപ്പെട്ടനിലയിൽ ഗണിക്കപ്പെട്ടവരുന്നോ എന്നു മററു ഭാഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾതോന്നും. അവിടങ്ങളിൽറോഡുകൾ, ആശുപത്രികൾ, പള്ളിക്കൂടങ്ങൾ, കൃഷിസേചനവേലകൾ ഇവയൊന്നുംവേണ്ടിടത്തോളമില്ല. ഈ കാര്യങ്ങളിലെല്ലാം ഹജ്ജൂരിൽനിന്നുവേണം വേണ്ടതുപ്രവത്തിയ്ക്കാൻ. മദ്ധ്യതിരുവിതാംകൂറിലേയ്ക്കും, തെക്കൻതിരുവിതാംകൂറിലേയ്ക്കും പണ്ടേതന്നെ ഗവമ്മെന്റു ആവശ്യമുള്ള പലതും ചെയ്തുകൊടുത്തിട്ടുണ്ട്. ഞാൻ രാജ്യത്തിന്റെ എല്ലാഭാഗങ്ങളിലും പലതവണ സഞ്ചരിച്ചിട്ടുണ്ട്. എനിക്കു രാജ്യത്തിലെ എല്ലാഭാഗത്തേ സ്ഥിതിയും ഒരു വിധം അറിയാം. ഉത്തരതിരുവിതാംകൂറിൽനിന്നുവന്ന ഒരു ജനപ്രതിനിധിയാകകൊണ്ടു അവിടത്തെകാര്യങ്ങൾ പ്രത്യേകംഎടുത്തു പറയുന്നതല്ല. പരിത്യജിച്ചവണ്ണം കിടക്കുന്ന പ്രദേശങ്ങളിലെ കാര്യങ്ങൾ പറയുകയാണ്. മദ്ധ്യതിരുവിതാംകൂറിലും തെക്കൻതിരുവിതാംകൂറിലും വേണ്ടതു മുമ്പേതന്നേ ഗവമ്മെന്റു ചെയ്യാനിടയായതു് അവിടേനിന്നുമുള്ള ആളുകൾ ഉദ്യോഗങ്ങളിൽ പണ്ടേധാരാളമുള്ളതുകൊണ്ടു കൂടിയാണെന്നുപറയാം. ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെണ്ടിൽ ഒരുദ്യോഗസ്ഥൻ ഉണ്ടെങ്കിൽ മറെറാരുഡിപ്പാർട്ടുമെണ്ടിൽനിന്നു സാധിച്ചുകിട്ടേണ്ട കാര്യമായാലും ആ ഉദ്യോഗസ്ഥന്റെ സ്വദേശത്തെ സംബന്ധിച്ചടത്തോളം സാധിക്കാൻകഴിയും. ഉദ്യോഗസ്ഥന്മാർ പ്രായേണ പരസ്പരം സ്നേഹിതന്മാരും പല സ്ഥലങ്ങളിലുംവച്ചു കണ്ടുമുട്ടുന്നവരുമാണ്. എന്റെ താലൂക്കിൽ ഇന്ന സ്ഥലത്തു സ്കൂളില്ല, ഇന്നസ്ഥലത്തു ആശുപത്രിയില്ല റോഡില്ല അവ ഉണ്ടാക്കിത്തരണം എന്നു അവർ തമ്മിൽ പറഞ്ഞു കാര്യങ്ങൾ സാധിച്ചു കൊള്ളും. ഇങ്ങനെ ഉദ്യോഗസ്ഥന്മാരുള്ള താലൂക്കുകളിലേക്കു പലസംഗതികളും നിഷ്പ്രയാസം സാധിച്ചുകിട്ടും. ഞങ്ങൾക്കു ആ ഭാഗ്യം ഇനിയും

[Mr. Tariatu Kunjitommen:]

ഉണ്ടായിട്ടില്ല. മോട്ടാറില്ലാതിരുന്ന കാലങ്ങളിൽ ഉദ്യോഗസ്ഥന്മാരുടെ സർക്ക്യൂട്ടം ഉത്തരതിരുവിതാംകൂറിലേക്കു വളരെ കുറവായിരുന്നു. മററുള്ള സ്ഥലങ്ങളിൽ പല സംഗതികളും ഗവണ്മെണ്ടു ചെയ്തുകഴിഞ്ഞുവെന്നു ഞാൻ മുമ്പെ പ്രസ്താവിച്ചുവല്ലൊ. വടക്കൻതിരുവിതാംകൂറിൽ ഒരു റോഡുവേണമെന്നു ഗവണ്മെണ്ടിനോടപേക്ഷിച്ചാൽ ഭൂമി ജനങ്ങൾകൊടുക്കുന്നതിനും പുറമെ ജനങ്ങൾതന്നെ അതു വെട്ടിക്കൊടുക്കുകയും വേണം. ആശുപത്രിക്കും ജനങ്ങൾതന്നെ കെട്ടിടമുണ്ടാക്കിക്കൊടുക്കണം. ഏകദേശം ഒരുരീതിയിൽ ന്യായമായിട്ടു വേണ്ടതെല്ലാം എല്ലാ താലൂക്കുകൾക്കും കൊടുത്തുകഴിഞ്ഞതിനുശേഷം കൂടുതൽ വേണമെന്നു പറയുമ്പോൾ അവരോടു നിങ്ങളും കുറെഭാഗംവഹിക്കണമെന്നു പറയുന്നതിൽ യാതൊരാക്ഷേപവുമില്ല. തലസ്ഥാനനഗരിയിലും പട്ടണങ്ങളിലും മററുംവേണ്ട സുഖസൌകര്യങ്ങൾ ഗവണ്മെണ്ടുണ്ടാക്കിക്കൊടുത്തിട്ടുള്ളതുകൊണ്ടു ആ സ്ഥലനിവാസികളോടും ഇനിവേണ്ടവക്കു നിങ്ങളും ചെലവുചെയ്യിൻ എന്നുപറയാം. എന്നാൽ ചിരകാലമായി ഉപേക്ഷിക്കപ്പെട്ടനിലയിൽ കിടക്കുന്ന വടക്കൻ തിരുവിതാംകൂറിലെ ഉൾഭാഗത്തെ താലൂക്കുകളിൽ നിന്നും ആവശ്യപ്പെടുമ്പോൾ അവിടേയും ജനങ്ങൾതന്നെ വേണ്ടതു ചെയ്യണമെന്നു ഇപ്പോൾ പറഞ്ഞു വരുന്നതു ഒരിക്കലും നീതിയായിട്ടുള്ളതല്ല.

പൊതുഭരണത്തെപ്പററി പിന്നെ പ്രത്യേകമൊന്നുപറയുവാനുള്ളതു് ഹജൂരിൽനിന്നും ബലമായ ഒരുകരം എല്ലാഡിപ്പാർട്ടുമെണ്ടുകളുടേയും തലക്കൽതന്നെപിടിച്ചു ശക്തിയായി ഒന്നുകുലുക്കി അതിലെമാലിന്യങ്ങളെ തെറിപ്പിച്ചുകളയണമെന്നാണു്. മടി, ഔദാസീന്യം, സ്വേച്ഛാപ്രഭുത്വം, കൈക്കൂലിഇവകൾ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽധാരാളമുണ്ടു്. അവരിൽ പലരും ജനോപദ്രവത്തിൽ തല്പരന്മാരായി കാണുന്നു. മേലുദ്യോഗസ്ഥന്മാർ ഗവണ്മെൻറിലേക്കുള്ള മുതലെടുപ്പിനു കുറവുവരുത്താതിരുന്നാൽ മതി, ജനങ്ങളെ ഏതുവിധവും തങ്ങളുടെകീഴിലുള്ളവർ ഞെക്കിപ്പിഴിഞ്ഞുകൊള്ളട്ടെഎന്നു വിട്ടിരിക്കയാണോ എന്നുതോന്നും. മുതലെടുപ്പു വർദ്ധിപ്പിക്കാൻ ശ്രദ്ധിച്ചാൽ മതി, ജനസാമാന്യത്തിനു എന്തുദോഷം വന്നാലും തരക്കേടില്ല, എന്നു അവർ പറയുന്നതായി അവരുടെ നടത്തകൊണ്ടു തോന്നും. മേലുദ്യോഗസ്ഥൻ മുതലെടുപ്പു കാണിക്കേണ്ട കീഴുദ്യോഗസ്ഥൻെറ ആഫീസുപരിശോധിക്കുമ്പോൾ പണത്തിൻെറ കാര്യത്തിലുള്ള വീഴ്ചയെ ഗൌരവമായി ഗണിക്കൂഎന്നു മനസ്സിലാക്കി മുതലെടുപ്പുണ്ടാക്കേണ്ട തുറകളിലുള്ളവർ നിയമത്തിനപ്പുറമായി ജനങ്ങളെ പീഡിപ്പിച്ചു പണമുണ്ടാ

ക്കാൻ ശ്രമിക്കുന്നു. തൻനിമിത്തം പരക്കെജനസങ്കടമുണ്ടായി കൊണ്ടിരിക്കുന്നു. ജനക്ഷേമത്തെ സാധിക്കുന്നതിനുള്ള ഒരുസാധനം ഗവർമ്മെണ്ടിന്റെ ധനമെന്നും സാധ്യം ജനക്ഷേമമാണെന്നുമുള്ളസംഗതി വിസ്മരിച്ചാണു പലഡിപ്പാർട്ടുമെണ്ടിലേയും ഉദ്യോഗസ്ഥന്മാരുടെ പ്രവൃത്തി. ഉദ്യോഗസ്ഥന്മാർ സക്കീട്ടുവരുമ്പോൾ ജനങ്ങൾ സങ്കടംപറയാൻ ഒരുമ്പെട്ടാലും പലരും കേൾക്കാൻ തയ്യാറില്ല. കീഴിലുള്ളവർ കേൾപ്പിക്കാതിരിക്കാനും നോക്കും. ഹർജിയോമററാ കൊടുത്താൽ അതും ഗൌനിക്കുന്നില്ല. ഡിപ്പാർട്ടുമെൻറു മേധാവികൾ കീഴുദ്യോഗസ്ഥന്മാരുടെ വാക്കുകളെമാത്രം വിശ്വസിച്ചു പ്രവൎത്തിക്കാതെ ജനങ്ങളുടെ സങ്കടംകൂടിനേരിട്ടുകേട്ടു് അവയെ ഗൌനിച്ചു പ്രവൎത്തിക്കണം. അതിലേക്കു ഹജൂർ വകുപ്പിൽനിന്നും വേണ്ടചട്ടംകെട്ടുകൾ ചെയ്യണം. ജനങ്ങളുടെ സങ്കടങ്ങൾ നേരിട്ടറിയുന്നതു പോരാത്തതാണെന്നുള്ള ഒരു വിചാരഗതിയാണു് വലിയഉദ്യോഗസ്ഥരുടെയിടയിൽ അധികവും കാണുന്നതു്. കീഴുദ്യോഗസ്ഥന്മാരുടെ കൃത്യമാണു് പരാതികേൾക്കേണ്ടതെന്നും അവർപറയുന്നതിനെകേട്ടു് അവരുടെ ഇഷ്ടപ്രകാരംനടന്നുകൊണ്ടാൽ തങ്ങൾക്കു കുറവൊന്നുംവരാനില്ലെന്നും ഇവർകരുതുന്നു. ജനങ്ങളുടെ സങ്കടങ്ങളെപററിയെല്ലാം എനിക്കിവിടെ ഈവിധം തുറന്നുപറയാതെയിരിക്കാൻ നിവൃത്തിയില്ല. പബ്ലിക്കിനെ അപമാനിച്ചും ഉപദ്രവിച്ചും അടിമകളെപോലെ വിചാരിച്ചുമാണു് ഓരോ സ്ഥലങ്ങളിലേയും ഉദ്യോഗസ്ഥന്മാർ പ്രായേണ നടക്കുന്നതു്. കഷ്ടതയിലും ഉദ്യോഗസ്ഥദാസ്യത്തിലും കഴിച്ചുകൂട്ടുന്ന ജനതതിയിൽനിന്നു എങ്ങനെയാണു് സ്വാതന്ത്ര്യബോധവും ആത്മാഭിമാനവും ദേശാഭിമാനവുമുള്ള പൌരസഞ്ചയം ഉണ്ടാകുന്നതെന്നോക്കുമ്പോൾ ഏതുദേശാഭിമാനിക്കും വ്യസനംതോന്നും. ഈരാജ്യത്തെ ജനങ്ങളുടെ സ്വാതന്ത്ര്യബോധത്തിലും പൌരുഷത്തിലും ദേശാഭിമാനത്തിലുംആണു് ഈരാജ്യത്തിൻറഭാവി ഉന്നമനം ഇരിക്കുന്നതു. പരിഷ്കൃതരാജ്യങ്ങളിൽ ഒരിക്കലും ഉദ്യോഗസ്ഥന്മാർ ജനങ്ങളെ അടിമകളായിട്ടു വിചാരിച്ചു പെരുമാറുകയില്ല. ഒരു ഭവനത്തിൽ നല്ലആഹാരസാധനങ്ങളും വല്യൂൽ ദീപങ്ങളും പങ്കായും ധാരാളം ഭൃത്യന്മാരും മററുസുഖസൌകര്യങ്ങളും ഉണ്ടായാലും അതിലെ ചെറുകുഞ്ഞുങ്ങളെപോലും സെവ്ൻറുകൾ ഉപദ്രവിക്കയും അപമാനിക്കയും ചെയ്താൽ ആഭവനത്തിൽ എന്തുസുഖമായിരിക്കും? രാജ്യമാകുന്ന ഭവനത്തിലെ സ്ഥിതിയും ഇപ്രകാരംതന്നെ. ഈ സ്ഥിതി ഭേദപ്പെടുത്തുവാൻ ഹജൂരിൽനിന്നുതന്നെപ്രത്യേകം ശ്രദ്ധിക്കണം. ചിലവലിയ ഉദ്യോഗസ്ഥന്മാൎക്കു ദയവുണ്ടു്. അസ്ഥാനത്താണു അതു പ്രായേണ അവർ ഉപയോഗിക്കു

[Mr. Tariatu Kunjitomman].

ന്നതു്. ആദയവു ക്രൂരതയായിട്ടു ഗണിക്കണം. അക്രമംചെയ്യുന്ന ഒരു കീഴ് ഉദ്യോഗസ്ഥനോടു ദയവുകാണിക്കുന്നതു ആയിരത്തിൽപരം ജനങ്ങളോടു കാണിക്കുന്ന ക്രൂരതയാണു്. ചില്ലറഉദ്യോഗസ്ഥന്മാർ അവരുടെ ദാരിദ്ര്യംനിമിത്തമാണല്ലോ കൈക്കൂലിവാങ്ങിക്കുന്നതു. അവർ സാധുക്കളല്ലേ എന്നകാരണംവച്ചു മേലുദ്യോഗസ്ഥന്മാർ ക്ഷമിക്കുന്നുണ്ടു്. സ്വല്പശമ്പളക്കാർക്കു ശമ്പളം കൂട്ടികൊടുക്കണം. അവർ ആരോടു കയ്ക്കൂലി വാങ്ങിക്കുന്നോ ആജനങ്ങൾ മുഴുവനും ദരിദ്രരാണു്. ചില്ലറ ഉദ്യോഗസ്ഥന്മാർ ഭൂരിപക്ഷക്കാരായ സാധുക്കളോടാണു് കൈക്കൂലിവാങ്ങുന്നതു് എന്നോർക്കണം. വലിയഉദ്യോഗസ്ഥന്മാർ താഴ്ന്നതരക്കാരായ ഉദ്യോഗസ്ഥന്മാരെ ജനങ്ങളിൽനിന്നും കൊള്ളയടിക്കാൻ അനുവദിച്ചുകൊണ്ടിരിക്കയാണെങ്കിൽ വളരെ ആപൽക്കരമായ രീതിയിൽ ഈരാജ്യം എത്തിച്ചേരുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഈ സംഗതികൾ അധികമായി നടക്കുന്ന ഉൾനാട്ടിലെ ഒരു ജനപ്രതിനിധിയെന്ന നിലയിൽ ഞാൻ ഗവർണ്മെൻറിനോടു ആവർത്തിച്ചാവർത്തിച്ചു പറയുന്നതു ഉദ്യോഗസ്ഥന്മാരിൽ നിന്നും ജനങ്ങളെ രക്ഷിക്കണമെന്നുതന്നെയാണു്. ഇതു ഗവണ്മെൻറു പ്രത്യേകം ഗൌനിക്കണം. ഹജൂർ വകുപ്പിൽനിന്നും ഈ ഉദ്യോഗസ്ഥന്മാരെ മേലിലെങ്കിലും ശരിയായി നിയന്ത്രിച്ചു ജനക്ഷേമത്തെ പരിപാലിക്കണമെന്നു പ്രസ്താപിച്ചുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

PRESIDENT: It is time, Mr. Kunjitomman,

MR. K. MADHAVAN (*Nominated*): *தாழ்த்தப்பட்ட வகுப்பினர்க்கான பிரதானப்பட்டைகளை கவர்மெண்டின் கருணைக்குக் கொண்டுவரவேண்டுமென்பதினால் நான் மிஸ்டர் ஆசான் அவர்களுடைய அபிப்பிராயத்தைப்பின்தாங்கிச் சொல்கிறேன். இந்த சமஸ்தானத்தில் ஏழை ஜனங்கள் மிக்க கஷ்டங்களை அனுபவித்து வருகிறார்களென்று நான் சொல்லவேண்டுவதில்லை. இந்த சபையிலுள்ள மற்றமெம்பர்களுக்குத் தெரியும். ஏழை ஜனங்கள் இந்த சமஸ்தானத்தின் பலபாகங்களிலும் இருந்துகொண்டு இந்நாட்டின் கிருஷிக்கு ஆதாரமாக இருக்கின்றனர். இவர்கள் வயல் ஓரங்களிலும், காயல் குளக்கரை ஓரங்களிலும் தாமதித்து வருகிறார்கள். இப்படிப்பட்டவர்களுக்கு உதவி செய்யவேண்டியது கவர்மெண்டின் கடமையாயிருக்கிறது. இந்த பட்ஜெட்டில் இந்த ஏழை ஜனங்களுக்காக எவ்வளவோ உதவிகள் செய்யவேண்டியிருக்கிறது. இவ்வெள்ளப்பெருக்கினால்ஏற்பட்டநஷ்டத்தில் மற்றவர்களுக்கு கவர்மெண்டு உதவிபுரியாவிட்டாலும் ஏழைஜனங்களுக்கு உதவிசெய்யகடமைப்பட்டிருக்கிறது. ஆனால்இந்த ஏழை ஜனங்களுக்குவெள்ளத்தினால் நேரிட்ட நஷ்டத்திற்குக்கணக்கில்லை. அம்பலப்புழை, மாவேலிக்கரை, திருவல்லா,*

இந்த இடங்களிலுள்ள ஏழைகள் இந்த வெள்ளத்தால் பட்ட கஷ்டங்கள் பல. இவர்களுக்கு வீடில்லை. ஒவ்வொரு இடத்திலும் ஒவ்வொரு ஏழைக்குடிக்கும் நேர்ந்த நஷ்டத்திற்கு ஒரு லிஸ்டு இங்கே இருக்கிறது. இந்த லிஸ்டை கவுன்ஸிலுக்குக் காண்பிக்கிறேன்.

தோவாளைத் தாலுக்காவில் 16 குடிகளில் 15 ஏழைகளின் வீடுகள் தீப் பிடித்துப் போயின. அவர்களுக்கு வீடுகள் கெட்டிக்கொடுக்கவேண்டியிருக்கின்றது. இப்படிப்பட்ட நஷ்டங்களில் கவர்மெண்டு நிச்சயமாய் உதவி செய்யவேண்டும்.

கல்வி.

இந்த ஏழை ஜனங்களுக்கு தங்களுடைய பிள்ளைகளைப் படிப்பிக்க ஆசையிருக்கிறது. ஆனால் பணமில்லையே. பாவமே பாவம்! அவர்களுடைய எளிமையினால் அவர்களுடைய பிள்ளைகளைப் பள்ளிக்கூடங்களுக்கு அனுப்ப முடியவில்லையே. பீஸு இல்லாவிட்டாலும் அவர்களுடைய புஸ்தகம், துணி முதலிய செலவுகள் செய்து கொள்வதினால் இப்பிள்ளைகளுக்கு மத்தியான ஆகாரம் கிடைப்பது கஷ்டமாயிருக்கிறது. ஆதலால் இந்த ஏழைப் பிள்ளைகளுக்கு மத்தியான ஆகாரம் கொடுத்து உதவி செய்தால் மிக்க உபகாரமாயிருக்கும். பீஸ் குறைத்துக்கொடுத்திருக்கிறது. அதற்காக கவர்மெண்டுக்கு நன்றியாயிருக்கிறோம். புஸ்தகங்கள் வாங்க வேண்டியிருக்கின்றது. இவர்களுக்கு புஸ்தகம் வாங்க கையில் பணம் இல்லை. மற்றப் பிள்ளைகள் புஸ்தகங்களுடன் பள்ளிக்கூடங்களுக்கு வரும்போது இவர்கள் புஸ்தகங்கள் இல்லாமல் வருவது மிக்க பரிதாபமாயிருக்கிறது. இவர்களுக்குப் புஸ்தகங்கள் இல்லாததினால் மற்றப் பிள்ளைகளைப் போல் படிக்கவும், பரிக்ஷையில் தேறவும் முடியவில்லை. மேல் வகுப்புக்குப் போகமுடியவில்லை.

இந்த ஏழைப் பிள்ளைகளில் காலேஜ்கிளாஸுக்கு போகிறவர்களுக்கு பீஸ் குறைத்துக் கொடுக்கவேண்டும். பீஸ் கொடுத்து படிக்க அவர்களைத்தரித்திரம் தடுக்கிறது. இப்போது ஒன்று, இரண்டு பிள்ளைகள் தான் காலேஜ் கிளாஸில் படிக்கிறார்களென்று நினைக்கிறேன். இவர்களும் கஷ்டப்பட்டு தான் படிக்கிறார்கள். இந்த விதமான ஏழை ஜனங்கட்கு பீஸ் குறைத்துக்கொடுக்கவும் ஸ்காலர்ஷிப் கொடுக்கவும் மத்தியானம் ஆகாரம் கொடுக்கவும் கவர்மெண்டைக் கேட்டுக்கொள்ளுகிறேன்.

புதுவல்.

இந்த ஏழை ஜனங்களுக்கு புதுவல் பதித்துக் கொடுக்கவேண்டுமென்று இந்தக் கவுன்ஸிலில் சொல்லிக்கொண்டே வருகிறேன்: இவர்கள் கிருஷிக்கு அடுத்து இருக்கிற புதுவல் ஸ்தலங்களில் தங்கிக் கொண்டிருக்கிறார்கள். இவர்கள் ஸௌகாதாரம் இல்லாத இடங்களிலும் கிருஷிக்கு உபயோகமற்ற இடங்களிலிருந்து மூன்றும் நான்கும் மைலுகளுக்கு அப்பாலுள்ள ஸ்தலங்களிலும் தாமதிக்கிறார்கள். இந்த ஸ்தலங்களையாவது பதித்துக் கொடுப்பீர்களா என்று கவர்மெண்டுடன் கேட்டால் பதித்துக்கொடுப்போம் என்கிறார்கள். ஆனால் அதிகம் பதித்துக் கொடுத்ததாக இல்லை. ஆகையால் ஏழை ஜனங்களாகிய இவர்களுக்கு அங்கங்கு உபயோகமுள்ள இடங்களில் கிருஷி பாகங்களில் இவர்களை தாம

[Mr. K. Madhavan]

திக்கச் செய்தால் இவர்களுக்கும் கிருஷிக்காரர்களாகிய மற்றவர்களுக்கும் மிக்கஉபகாரமாயிருக்கும். அவர்கள் இருந்து வருகிற இடங்களை அவர்களுக்கே விலையில்லாமல் பதித்துக் கொடுக்கவேண்டும். இவ்விதமாகப் பதித்துக் கொடுக்கும் ஸ்தலங்கள் இதரவகுப்பாரால் கவர்ந்து கொள்ளாத நிலையில் பின்வருமாறு செய்தால் நல்லது: அதாவது சிலர் ஏதாவது வகையில் ஏழைகள் அனுபவிக்கும் ஸ்தலங்களை கவர்ந்துகொள்ள யோஜித்து கொஞ்சம் பணம் கொடுத்தோ வேறுவழியிலோ கேஸ் எடுத்து வெகு சுலபமாகக் கவர்ந்துகொள்ளும் வழியைத் தடுக்க தாழ்த்தப்பட்டவர்களுக்கு பதிவு செய்த ஸ்தலங்களை தாழ்த்தப்பட்டவர்கள் அல்லாத மற்றவர்கள் ஏது காரணத்திலாவது அடுத்தால் அப்படிப்பட்ட ஸ்தலம் உடன் கவர்மெண்டைச் சேரவேண்டும் என்ற நிலைமையில் பதிவுசெய்து கொடுக்கவேண்டும். ஆதலால் தாழ்த்தப்பட்டவர்களின் அனுபவத்திலுள்ள ஸ்தலங்களை மேலாகிலும் தந்திரமாய் கவர்ந்து கொள்ளாத நிலைமையில் செய்துகொடுக்கவேண்டும்.

தொழில்.

பிரம்பு, ஈறல், கோரை, ஓலை, பனையோலை இவைகளால் இந்த ஏழை ஜனங்கள் தொழில்செய்துகொண்டு வருகிறார்கள். இத்தொழிலை முன்னுக்குக்கொண்டுவரவேண்டுவது கவர்மெண்டின் கடமை. ஆதலால் இவர்களுக்கு வேண்டிய உதவிகள் கொடுத்து இந்தத் தொழிலை முன்னுக்குக்கொண்டுவந்தால் ஏழை ஜனங்களுக்கு மிக்க உபகாரமாயிருக்கும்.

ஸானிடேரி.

ஸானிடேரி விஷயமாக இந்த டிபார்ட்மெண்டு இந்த ஏழை ஜனங்களுக்கு என்ன செய்திருக்கிறார்களென்று சொல்ல சாத்தியப்படவில்லை. இப்போது மெடிகல் விஷயமாக ஏழை ஜனங்களுக்கு அவ்வளவு உதவி இல்லை என்றே சொல்லவேண்டும். அவர்கள் நடுவில் அதிகஉயிர் நஷ்டமும் பொருள் நஷ்டமும் நேரிடாதிருக்கவேண்டுமானால் தாழ்த்தப்பட்டவர்களில மெடிகல் விஷயமாய்ப் படித்த பெண்களை நியமித்து ஒவ்வொரு கிராமங்களுக்கும் போய் வேண்டிய சீர்திருத்தங்கள் செய்யவேண்டியது கட்டாயமாயிருக்கிறது.

கிரேவ்யார்டு. (கல்லறைஸ்தலங்கள்).

தாழ்த்தப்பட்டவர்களாகிய இவர்களுக்கு கிரேவ்யார்டுக்கு ஸ்தலங்களில்லை. இவர்களுக்குக் கொடுத்த ஸ்தலங்கள் எல்லாம் கிருஷியாகிவிட்டன. இவர்கள் கிரேவ்யார்டு இல்லாமல் கஷ்டப்படுகிறார்கள். இந்த நிலைமையில் வடசேரிப்பகுதி குன்னுவிளை என்ற வில்லேஜ் ஜனங்கள் 100வருஷம்களுக்கு முன்னதாகவே கல்லறைத்தோட்டயாக உபயோகித்துவந்த ஸ்தலத்தில் நாகர்கோயில் முனிஸிபாலிட்டியிலிருந்து கேஸ் எடுத்து பலகஷ்டநஷ்டத்திற்கு ஆளாக்கிவருகிறார்கள். நாகர்கோவில் லிமிட்டுக்குள் 19 கல்லறைத்தோட்டங்கள் உண்டு. இந்த ஸ்தலங்களை எல்லாம் விட்டுவிட்டு இந்த ஏழை ஜனங்களை மாத்திரம் தொந்திரவு செய்வது எவ்வளவு சங்கடம். அடிக்கடி இந்த ஜனங்கள் பேரில் ஒவ்வொரு அடக்கத்துக்கும் கேஸ் எடுத்து கஷ்டப்படுத்துகிறார்கள். இந்த விஷ

யத்திலும் இந்த ஏழை ஜனங்களின் சங்கடத்தை தீர்க்கவும், மற்றும் அநேக கிராமங்களுக்கு சரியான இடங்களில் கல்லறைக்கு ஸ்தலங்கள் கொடுக்கவும் உத்தரவுண்டாகக் கேட்டுக்கொள்ளுகிறேன்.

தலைமை டிபார்ட்மெண்டின் உத்தியோகஸ்தர்களின் சங்கடங்கள்.

இந்த ஏழை ஜனங்கள் தங்களது சங்கடங்களை டிபார்ட்மெண்டின் தலைவர்களிடம் கொண்டுபோனால் அவர்கள் இவர்களை கவனிப்பதில்லை. இந்தத் தாழ்த்தப்பட்டவருக்கு நேரிடும் சங்கடங்களில் சரியானபடி உதவி செய்யவேண்டும். வேண்டிய காரியங்களைக் கவனித்துச் செய்து கொடுக்கவேண்டும். இவ்விதம் ஏழைகளின் சங்கடம் கவனிக்கப்படாவிட்டால் இவர்களால் ஏழைகளுக்கு என்ன பிரயோஜனம். 50 மைலுக்கு அப்பாலிருந்து ஒருவர் ஒருதலைமை உத்தியோகஸ்தரைப் பார்க்கப்போய், துண்டு அனுப்பினதற்கு பதில், அவ்வளவு அத்தியாவசியமான காரியமோ, அப்படியானால் வந்தால் போதும் என்று பியூணிடம் பதில் சொல்லி அனுப்புகிறார். அத்யாவசியம் இல்லாமல் 50 மைலுக்கு அப்பாலிருந்து வருவாரா? ஒரு இடத்தில் ஒருகுழந்தை பாலுக்கு அழுகிறது.

MR. A. G. MENON (*Parur*) : I beg to give my hearty support to Mr. Asan's motion. Yesterday he mentioned the necessity for a few committees for the efficient administration of the Government, and I would add to that, the necessity also for creating an independent committee for the establishment of the Popular Assembly on a statutory basis and for the creation of a separate Secretariat to deal with the work of the Popular Assembly and the Legislative Council. I have nothing to say against the present Secretary to the Legislative Council. He is perhaps the fittest man. But unfortunately he deals with a department, one of the biggest in the State, and he cannot devote even a hundredth part of his time to the work in connection with the Legislative Council. The one vital defect of this Government, I may say, is excessive centralisation. It is high time that this centralisation is done away with and the process of decentralisation is begun. This process, I may also add, will be for the efficient and popular administration. One of the painful facts of this centr alisation is the inordinate delay in the Secretariat in the disposal of the files. Last Session, I asked for statistics relating to the undisposed of files in the Secretariat. Of course, I did not expect an answer and I did not get an answer to that interpellation. It was not rejected but all the same it was as good as rejected. I fear that if the present system is to be continued there is absolutely no likelihood of the files being disposed of in time. It is likely that the number of files to be disposed of will rise higher and higher as time goes on. If what your predecessor has stated, namely, that it is humanly impossible for a Dewan to go through all these papers and give orders promptly is true, I think it is high time to consider whenther another system should not be adopted for the disposal of these files. Just this morning an instance came to light. The four men, two of whom have to be sent to America and the other two to England, though they have booked their passage and arranged to start from here, in a day or two have not yet got their orders. This

[Mr. A. G. Menon.]

is the state of affairs here. Any how, the fact remains that there is inordinate delay in the disposal of the files even in the Secretariat. Already so many members have complained about the number of vacancies that remain to be filled up in the several departments of Government. I think it cannot be attributed to a man but should be attributed to the system which unfortunately lords over the Government instead of Government lording over the system. I have only this much to say.

MR. A. THANU PILLAI (*Trivandrum*): Sir, whether we attribute it to the faults of the system or to the persons responsible for carrying on the administration, I am obliged to say that the Government is not functioning properly in the interests of the people. We find in the Government the domination of personal and private interests to the great detriment of public interests. That is the effect that is discernible wherever we look. In every department of the administration, in every branch of the Government activity, we find that the effect of this tendency is to administer the country not in the best interests of the State. Sir, while speaking on the occasion of the general discussion on the Budget I referred to the way in which vacancies of very important offices of the State were allowed to be pending for inordinately long periods and how afterwards they were filled up in a dramatic, ununderstandable fashion. I may have occasion again to refer to that topic when we discuss the demand on the Administration of Justice. At present I merely advert to that fact to emphasise the prominent feature of the administration which I have referred to. This is discernible also in other directions. There is no policy so far as the Government is concerned in the administration of the country. Everywhere we find personal interests taking predominance. We find for instance an Engineer becoming the head of the Devaswom Department and the Survey Superintendent becoming the head of the Devaswom Department, though only temporarily. We find several such instances. How are we to explain these facts if we presume that the Government is functioning in the interests of the State. We find looseness everywhere. The central authority has no control over the Officers. I put a question in this House regarding a subordinate officer of the P. W. D. as to whether he spent a lakh of rupees without the sanction of the authorities and the amazing reply I got was that the Chief Engineer came to know of it only in Mithunam. While the Officer was spending this large amount from the beginning of the year till Medam, the Chief Engineer or the Government had no idea of the officer spending this large amount, and I have been told that the officer is still in active service. What can I say about this? What hold has the central authority over the officers? Sir, I refer to the Education Department where it is a well—known fact that the officers are pulling in different directions. There is absolutely no concord between the officers. We can imagine what will be the effect of such a condition of affairs in a big department as the Education Department. I may also mention numerous other cases of inefficiency. This time last

year a loud cry was raised in this House in regard to the corruption in the Registration Department, and yesterday the official benches had only to tell us that the Government did nothing in regard to that during all these twelve months. They again say that they will see that everything is done. (*Hear, hear*). This is the way in which these departments are administered. As for the Huzur Secretariat, yesterday the Chief Secretary told me that certain appointments were recently made in the Secretariat overlooking the claims of persons who are already acting there. But we were given the wonderful explanation, namely, that these men were put not in acting vacancies but in temporary vacancies. The men who had already acted are waiting for appointment and they were not unwilling to act in these temporary places. That was the sort of explanation which the Chief Secretary had to give us in justification of the Government's action. Then how can we expect the subordinate officers to act properly and justly? It is impossible. Unless Government take it into their heads to administer the country in the best interests of the State, disregarding all other motives and considerations, we cannot expect the State to be well administered and we cannot expect the Government to receive the approbation of the people inside or outside the State.

Sir, I have but five minutes and I cannot dwell in detail on all these points. I will only refer to one or two matters more. It was this time last year that the President told me that a Council Chamber would be soon constructed. Well, Sir, that may be considered a trivial matter, but I wish to bring it to the notice of the House that it was in association with the revered name of the late, lamented Ruler, His Highness Sri Mulam Tirunal that this Council accepted the resolution to put up a Council Chamber. It is now several years and the Council Chamber has not been put up. Government may forget their past Rulers, but, Sir, we the non-officials cannot. Government have to offer an explanation why they are not taking steps in the matter. What justification have they for their neglect of duty?

One other matter I wish to refer to and that is the treatment accorded to ex-war service men. It was this Government that gave a promise of free gift of land on favourable terms to men who went out on service in connection with the Great War. We have heard, Sir, on many occasions that people who returned after warservice and who applied for lands have not been getting them. Government issued certain circulars; but they were unworkable. They were modified and the revenue officers were directed to assign lands to these people. The result is very little as the Land Revenue Commissioner will be able to tell us. After all only a few hundreds of acres have been thus assigned.

I know of instances where the heads of departments would not even carry out the orders of Government. I know at least one instance where Government passed orders several months ago to the effect that the seniority of an ex-war service man should be recognised and his increments of pay paid. The head of that department has not given effect to this order and nothing has been done in pursuance to that. I may refer to many other instances of Government's inefficiency

[Mr. A. Thanu Pillai.]

but I do not want to take up the time of the Council any longer, because others also have to speak and I would wish to hear what the Government officials have to say on the points raised by us on this side of the House.

MR. K. P. NILAKANTA PILLAI (*Chirayinkil*): Sir, I also wish to support the motion to emphasise before the House the general inefficiency of the administration of this State as a whole. Sir, questions are put as to who is responsible for this general inefficiency of the State and what contributes to this general inefficiency being kept and continued. Year year after strong representations about the same have been made in this House. Sir, it is our object to strengthen the hands of the Head of the Administration so that this general inefficiency should not be continued in the administration of the State as a whole. But apart from that, there is the other side of the question to be considered, namely, who contributes to, who tolerates, this general inefficiency in the administration of this State? The only man so far as we can understand is the Dewan who is held mostly responsible for this general inefficiency and looseness and corruption among the officers representing the several branches of the departments of the State. Sir, how the administration of the various departments would become inefficient is a question which ought to be considered by the Head of the Administration. First of all the Government have committed themselves to so many unjustifiable positions and thus given precedents to subordinate officers to justify their unjustifiable and sometimes illegal acts which are detrimental to the country and the general interest and welfare of the people. A single instance of undeserved promotion and a single instance of undeserved de-promotion, though matters silly in themselves, will cut at the root of the administrative efficiency. For example if you go through the history of the responsible officers and the history of the appointments made by them, you will find officers who were reported, to be inefficient, who were reported to be corrupt, who were punished degraded, suspended and fined, promoted over the heads of several officers who had better claims, better record of efficiency, and better service in the departments as clearly indicated by their immediate superiors. Even if it is found that there is one instance it will cut the administrative purity and would contribute to inefficiency. Sir, I have come across several officers disregarding and disobeying deliberately the orders of the Administrative Head saying "I know after all what will come out of it. I have so and so here, and so and so there and I will manage in this way or that so that nothing would come out of it against me." That seems to be the view of the officers of the departments with regard to the administrative matters of the State. They have no time to work, are not qualified to do their duties, and they do not want to hold themselves responsible to the country. On the other hand, for the sake of promoting their ambitious and selfish career some men enter into cliques, play big games, set one officer against the other and do all sorts of mischief, so that the

whole administration becomes loose and inefficient. If this state of things is allowed to continue during the present regime, then it will be impossible for any man, however strong he may be, however powerful he may be, to make matters right. Then things would reach such a crisis when the whole administration would be in topsy-turvydom, and the result would be great unhappiness and misery to the subjects of Her Highness.

Then there is another matter also which you ought to consider in this connection. What are the principles by which Government should decide the merits and demerits, the claims of promotion and superiority and inferiority of the offfcers serving the various departments? Sir, when a vacancy arises that vacancy is kept unfilled for months and months, however responsible that office may be. Why should the Government bemoan that there is delay here and inefficiency there? If the Government by their acts of omission and commission allow matters to drift on without any principle, without any foresight, who else could be responsible for these things? Sir, if such a state of affairs is to continue, I think the whole thing will become unworkable and the whole administrative machinery is likely to collapse sooner or later.

PRESIDENT: You have taken six minutes. How much more time do you want?

MR. K. P. NILAKANTA PILLAI (*Chirayinkil*): I shall sit down.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): ഇപ്പോഠം നിരൂപണ വിഷയമായിരിക്കുന്ന ഉപക്ഷേപത്തെ അനുകൂലിച്ചു കൊണ്ടു എനിക്കും ഈ സന്ദർഭത്തിൽ രണ്ടു വാക്കു പറയേണ്ടതായിട്ടുണ്ടു. രാജ്യത്തിൽ നടക്കേണ്ട വിവിധ നടപടികളെ പററിയും ഗവമ്മെൻറിൻെറ ഓരോ പ്രവൃത്തികളെപ്പററിയും വേണ്ട നിരൂപണം ചെയ്യുന്നതിനു അവസരം ലഭിച്ചതുകൊണ്ടു ധാരാളമായി നിരൂപണം ചെയ്യണമെന്നുള്ള നിർബന്ധത്തോടു കൂടിയ ഒരാളല്ലാ ഞാൻ. എന്നാൽ രാജ്യത്തിൽ നീതി പരിപാലനം ശരിയായിഉണ്ടാകേണ്ട അവസ്ഥയിൽ, അതിൻവണ്ണം തന്നെ ശരിയായി നടക്കുന്നില്ലെന്നുള്ള സത്യാവസ്ഥയെ കാണിക്കേണ്ടിവരുന്ന അവസരത്തെ നഷ്ടപ്പെടുത്തേണമെന്നു ഞാൻ വിചാരിക്കുന്നില്ലാത്തതുകൊണ്ടു മാത്രമാണ് ഞാനും രണ്ടു വാക്കു പറയാമെന്നുദ്ദേശിച്ചതു. തിരുവിതാംകൂറിലെ ഏററവും പ്രബലവും എല്ലാവക്കും സംബന്ധമുള്ളതുമായ ജോലിയാണ് ലാൻറു റവന്യു ഡിപ്പാർട്ടുമെൻറു നിവഹിച്ചു പോരുന്നതു്. ആ ഡിപ്പാർട്ടുമെൻറിലെ മേലന്വേഷണം യഥാവിധി നിവഹിക്കുന്നതു ഹജൂർ വകുപ്പാണെന്നും, അതിൽനിന്നും ഈ ഡിപ്പാർട്ടുമെൻറിലെ നാനാഭാഗങ്ങളിലും നടക്കുന്ന നടപടികളെപ്പററി നല്ലവണ്ണം അന്വേഷിക്കാതെയും ആലോചിക്കാതെയും ഇരുന്നാൽ പെ

[Mr. A. C. Kuriakose.]

തുജനങ്ങൾക്കു നേരിടുന്ന ഉപദ്രവം എത്ര വലുതായിരിക്കുമെന്നും ആലോചിക്കുമെങ്കിൽ, അതിന്റെ ശരിയല്ലാത്ത ക്രമീകരണം വളരെ ഉപദ്രവത്തെ ചെയ്യും എന്നു നിസ്സംശയം അറിയാം. എന്റെ അറിവിൽപെട്ടിടത്തോളം രണ്ടു സംവത്സരം ജനങ്ങൾക്കു ഉപദ്രവകരമായിട്ടു പ്രവൎത്തിക്കുന്നുണ്ടെന്നു ജനങ്ങൾ തുടൎന്നു സങ്കടം പറഞ്ഞുകൊണ്ടിരിക്കുന്നതും ലാൻറു റവന്യൂ കമ്മീഷണരുടെ ശ്രദ്ധയിൽ പെട്ടില്ലെന്നോ, അഥവാ പെട്ടിരുന്നാൽ തന്നെയും നീതിപരമായിട്ടു തീരുമാനിക്കാനുള്ള ശ്രദ്ധയില്ലെന്നോ, കണ്ടുവരുന്ന തെററുകളെ വ്യക്തിപരമായ നിലയിൽ ആക്ഷേപിച്ചുകൊണ്ടു ഈ സഭയിൽ പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. നീതി നടക്കുന്നതായി വിശ്വസിക്കാൻ മാൎഗ്ഗം ഉണ്ടാകേണമെന്നു ജനങ്ങൾ ആഗ്രഹിക്കുമ്പോൾ ഗവൺമെൻറു അതു സാധിച്ചുകൊടുക്കേണ്ടതാണ്. അങ്ങിനെ നടക്കാതെ ഇരിക്കുന്നുവെങ്കിൽ ജനങ്ങൾക്കു സങ്കടമുണ്ടാകുമെന്നുള്ളതു സ്പഷ്ടംതന്നെ. രണ്ടു വൎഷത്തിലധികമായിഗൌരവതരമായ ഒരു പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്. തൽസംബന്ധമായനടപടി ജനങ്ങളേയും ഗവൺമെൻറിനേയുംഒരുപോലെ ബാധിക്കുന്നതായിരിക്കുന്നു. തുറന്നു പറയാതെ തന്നെ ഗവൺമെൻറിനു കാൎയ്യം ഗ്രഹിക്കാം. ഗവൺമെൻറിനു നഷ്ടമുള്ളതുമാണ്. എന്നുമാത്രമല്ല ആക്ഷേപാൎഹമായ ഈ നടപടിയിൽ ലാൻറുറവന്യൂ ഡിപ്പാൎട്ടുമെൻറുംഗവൺമെൻറും തുടരുന്ന നയം അഭിലഷണീയവുമല്ല. ജനങ്ങളെ ഉപദ്രവിക്കുന്ന ഡിപ്പാൎട്ടുമെൻറധികൃതന്മാരുണ്ടു്. അവരെ കാണിച്ചു കൊടുക്കാം. അതിനെപ്പററി അന്വേഷിച്ചു അവരുടെ പ്രവൃത്തി അനീതിപരമായിരുന്നാൽ അവരെ ശിക്ഷിക്കയും അല്ലെങ്കിൽ പരാതി പറയുന്നവരെ ശിക്ഷിക്കയും ചെയ്യണം. ഇങ്ങനെയിരിക്കേ തുടൎന്നു രണ്ടു സംവത്സരകാലമായിട്ടു ലഭിച്ചു കൊണ്ടിരിക്കുന്ന അപേക്ഷകളെപററി ലാൻറു റവന്യൂ കമ്മിഷണർ എന്തു ചെയ്തു എന്നു ഇതുവരെ അറിഞ്ഞുകൂടാ. അതിന്മണ്ണം തന്നെ നാട്ടിന്റെ നാനാഭാഗങ്ങളിലും പുതുവൽ കേസ്സുകളും പുറമ്പോക്കു കേസ്സുകളും തീരുമാനിക്കുന്ന വിഷയത്തിലുണ്ടാകുന്ന കാലതാമസത്തിനും കണക്കില്ല. ഓരോ സ്ഥലത്തെ കീഴ്ജീവനക്കാരാണ് ജനങ്ങളെ വളരെ ബുദ്ധിമുട്ടിക്കുന്നതു്. അവരെപ്പററി ഇവിടെ പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. മീനച്ചിൽ താലൂക്കിൽ തന്നെ പത്തും ഒൻപതും വൎഷമായിട്ടു സ്ഥിരമായിട്ടിരിക്കുന്ന ക്ലാക്കുകൾ ഉണ്ടു്. അതുപോലെ മററു പല താലൂക്കുകളിലും കാണുമെന്നു തന്നെ ഞാൻ വിശ്വസിക്കുന്നു.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) ഡിവിഷനിലും വളരെക്കാലമായി സ്ഥിരമായിട്ടിരിക്കുന്ന ക്ലാർക്കന്മാരില്ലേ?

MR. A. C. KURIAKOSE (*Minachil* cum *Devicolam*) . ഉണ്ടായിരിക്കാം.

ഇങ്ങനെ എട്ടും പത്തും കൊല്ലം ഒരേ താലൂക്കിൽ സ്ഥിരമായിട്ടിരിക്കുന്ന കീഴ്ജീവനക്കാർ അവിടത്തെ ജനങ്ങളുടെ സ്ഥിതി എന്താണെന്നും അവർക്കു ആവശ്യമുള്ള കാര്യങ്ങൾ എന്തെല്ലാമാണെന്നും അറിഞ്ഞു അതു തങ്ങൾ നിർവ്വഹിച്ചു കൊടുക്കാനുള്ള ത്രാണിയുണ്ടെന്നു ജനങ്ങളെ മനസ്സിലാക്കി അവർക്കതു സാധിച്ചുകൊടുക്കുന്നതിനു ബദ്ധശ്രദ്ധന്മാരായി കാണുന്നുണ്ട്. തന്നിമിത്തം ജനങ്ങളെ പല പ്രകാരത്തിലും ഇവർക്കു ഉപദ്രവിക്കാൻ കഴിയും. ലാൻഡു റവന്യൂ ഡിപ്പാർട്ടുമെന്റിൽ മലയാളത്തിലെഴുതുന്ന റിക്കാർഡുകൾ പരിശോധിക്കയും എഴുതുകയും ചെയ്യുന്ന ആളുകളുടെ നടപടികളെ നിഷ്കർഷയായിട്ടു പേഷ്കാർ നോക്കണം. "ഇവിടത്തെ ചെയ്തി ആവതു" എന്നു തുടങ്ങി എഴുതുന്ന ചെയ്തികളെ ക്ലാർക്കുകൾ പറയുന്നതിനെയോ എഴുതുന്നതിനേയോ വിശ്വസിക്കാതെയിരിക്കാൻ സൌകര്യമില്ലാത്ത, ഭാഷാജ്ഞാനം ലേശവുമില്ലാത്ത മേലുദ്യോഗസ്ഥന്മാർ അതിന്മണ്ണം വിശ്വസിക്കുവാനല്ലാതെ തരമില്ല. ഞാൻ ആരേയും കുറ്റപ്പെടുത്തുകയല്ല. പൊതുജനങ്ങളോടു അധികമായിട്ടിടപെടുന്ന ക്ലാർക്കുകളിൽ നിന്നും ഉപദ്രവം ഉണ്ടാകുന്നു എന്നും അതിനാൽ അവരെ മൂന്നു കൊല്ലത്തിലധികം ഒരേ സ്ഥലത്തു സ്ഥിരമായിട്ടു വച്ചുകൊണ്ടിരിക്കരുതെന്നുമുള്ള നയം ഡിപ്പാർട്ടുമെന്റംഗീകരിക്കണം. പരാതി ഹർജികൾ അയച്ചാൽ അവയെപ്പറ്റി അന്വേഷിച്ചു കുറ്റക്കാരെ നിർദ്ദയം ശിക്ഷിക്കണം. ദീർഘകാലം പരാതി പാത്രമായിട്ടു തീരാൻ ഇടവരുത്തരുത്. ഇതിൽ കൂടുതലായിട്ടു പറഞ്ഞു ഈ സന്ദർഭത്തെ ദുരുപയോഗപ്പെടുത്തണമെന്നു ഞാൻ വിചാരിക്കുന്നില്ലാത്തതുകൊണ്ടു തൽക്കാലം എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

MR. K. GEORGE (*Chief Secretary to Government*): Sir, the discussion on this motion has ranged over a variety of topics. (*Louder, please*). After hearing the various members who have spoken, I find that two or three things emerge from the discussion. The first is that there is unnecessary delay in the disposal of files in the Government Secretariat and there is consequently inefficiency and looseness in the whole administration. Sir, I am free to admit that there are cases when some matters are delayed. But that the delay is chronic is not a charge which will stand scrutiny, because the delays are only exceptonal and occasional. There are causes which contribute to some extent

[Mr. K. George.]

and at certain times to this delay. If I may be allowed to mention one or two causes, I may say that one cause of the delay is the interruption of work caused by the Legislative Council and the Popular Assembly meetings. I do not blame anybody, but I only mention the fact. Delay is also caused to some extent by excessive centralisation. Government have already done a lot in the direction of decentralisation and they are still at it. Whenever Government find that unnecessary and trivial matters are sent up to them for orders, they are taking steps to give the power to the Departmental Heads.

The next charge that was levelled against the Government was that the attitude of the Government towards representative institutions was not satisfactory, and that they paid scant courtesy to the expressed wishes of the representatives of the people. Reference was made to a few matters from which it is assumed that the attitude of Government is unsympathetic. I take the liberty to deny the charges. Government's attitude in these matters is far from unsympathetic. Take for instance the representations in the Assembly. For the last two or three years at least, it will be noticed that the Government are placing in the hands of the Assembly members a statement of what they have done in the matter of representations.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Was not a Committee appointed for considering the suggestion regarding the remodelling of the Assembly?

MR. K. GEORGE (*Chief Secretary to Government*): I wish not to be interrupted. I have very little time at my disposal.

From the Statement of Action taken on the representations it will be seen that there is not a single item of representation on which the Government do not take action. It may be that it is not possible in every instance to accede to the respresentations or the desire of a member; but it will be found that there is no instance on which action is not taken. Soon after the Proceedings of the Assembly are over, the items on which action is to be taken, that is to say, the items on which final answers have not been given by the Head of the Administration are taken out, and all possible steps are taken to give effect to the representations of the members.

Then turning to the Legislative Council, it is being repeatedly said that the Government are flouting the wishes of the members of this Council. That is not so. Government try as far as possible to meet the wishes of the Legislative Council members.

MR. D. C. JOSEPH (*Agastisvaram*): Why not fill up the Headmasters' vacancies?

MR. K. GEORGE (*Chief Secretary to Government*): It does not arise now.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): May I know from the member whether any expert knowledge of motoring is necessary to decide whether a driver can drive properly or not?

Mr. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): What I submit is that the person who tests must be competent to test.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*); Will Mr. Asan kindly give one concrete instance to show that testing requires expert knowledge on the part of the tester?

MR. A. S. DAMODARAN ASAN: (*Mavelikara* cum *Kartikapalli*): What *concrete* instance? I do not follow the question.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): For example, if the tester wants to see whether the driver is able to steer properly, anybody can find it out by merely observing him driving. All of us can see whether he observes the rules of the road and whether he controls the car properly. It does not seem to require any expert knowledge on the part of the tester.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): There are several points, Sir, that have to be noted. In applying sudden brakes, the driver must be very agile. He must know how to turn the car even in sharp corners. He must be able to avoid risks and accidents when another car or other vehicle comes against him or when any pedestrian crosses the road in front of his car. These are all matters, Sir, in which, I submit, expert knowledge is necessary on the part of the tester.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): I think Mr. Asan has not understood my question. I know that motor driving requires experience. My question is, what is the nature of the expert knowledge that, Mr. Asan says, the tester must have to test whether a driver deserves to get a driving license or not?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): I am not an expert in motor driving, Sir, to be able to give an answer to the learned Law Member. But, I know, as a matter of fact, that most of the persons who have now been given licenses should not have been given. That is all I can say. The learned Law Member may explain the whole matter when his turn comes.

MR. MATTHEW MURIKKAN (*Vaikam*): Does Mr. Asan suggest that the agency now employed for testing the drivers is not sufficient for the purpose?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Yes, that is what I am saying.

The person who issues the licenses should also bear in mind the fact that those to whom licenses are issued are men of sufficient character,

[Mr. A. S. Damodaran Asan.]

culture and education. As a matter of fact, Sir, many of the accidents that we now come across are due to the want of self-control on the part of the drivers. Most of them are rash and negligent. Accidents are due more to their rashness and negligence than to overloading. And the Police Department does not seem to pay much attention to these matters. Sir, it has been observed by an English Judge that drunkards, persons who are not sufficiently sober, should not be allowed to drive motor cars. I think, the Police Department, if it is going to exercise control over motor traffic, must be very strict in these matters and see that persons addicted to the drink evil are never allowed to drive motor vehicles. Such motor drivers do harm not only to persons who are in the buses but also to persons who chance to be on the road either seated in other buses or walking up and down. Is it not very hard, Sir, that, when we increase the mileage of roads, we should allow the amount of risk, to be run by the ordinary citizen, also to increase?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Will Mr. Asan suggest that an age-limit should be fixed for motor drivers?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): I never mentioned that.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): I am asking whether Mr. Asan would advocate an age-limit being fixed for the motor drivers?

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): May I point out to the learned Law Member that there is an age-limit already?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): If there is an age-limit, well and good.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): What is the age-limit that Mr. Asan would suggest?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): If experts say that an age-limit *is* necessary, I have absolutely no objection to it. I am not an expert in this matter. I *want* an expert to see that proper men alone are granted driving licenses and that motor cars in perfect order, cars which have good brakes, good lights and other necessary accessories, are alone allowed to be driven on the roads.

MR. REVATI NAL RAMA VARMA RAJA (*Edavagai*): ടെസ്റ്റ് ചെയ്യാൻ കൊണ്ടുവരുമ്പോൾ നല്ല ബ്രേക്ക് ഇട്ടുകൊണ്ടുവരികയും ടെസ്റ്റ് ചെയ്തുകഴിഞ്ഞാൽ പിന്നീട് അതിനെ മാററുകയും ചെയ്യുന്നുണ്ടെന്നു മെമ്പർക്കറിയാമോ?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): I do not know what these people do. I know that they do not do the

thing properly. I would even suggest that an expert motor engineer may be appointed to examine these motor cars periodically and to see that they are in perfect order. Now, these matters, even in regard to the mechanism of the car, are asked to be supervised by the Police who do not know much of these things. I do not deny that there may be one or two among them who know something of motor mechanism. But, in the generality of cases we can presume that the officers of the Police Department know little of these matters.

As regards the checking of these motor cars, it is now done by Police Constables who are posted at fixed centres. Overloading, overspeeding, rash driving, these have to be found out and checked by particular Police Constables who are posted in particular spots on the road. I do not see, Sir, how these Constables, who are posted in fixed centres will be able to find out whether there has been rash driving or overloading or overspeeding. If a motor driver wants to avoid detection of overloading he has simply to ask some of the passengers to get down some yards before the station of the Police Constables and to take them again some distance after the car passes the Constables. Therefore, Sir, a more efficient machinery is necessary for regulating motor traffic. Otherwise, as I suggested, not only those who are actually travelling by these buses but also others who happen to pass along these roads, and even animals that happen to be on the roads, are sure to be in danger always. This is a very serious matter, Sir, and the Government ought to know that the motor traffic in the State has been increasing by leaps and bounds by the very fact that their income under this item has now nearly been quadrupled during the last three or four years. So, this is a very serious matter to which I wish to draw the attention of the Government. And, I hope the motion will receive the acceptance of the House.

MR. ITTOOP ITTEECHAN (*Kunnatnad*): സർ, മിസ്റ്റർ ആശാന്റെ ഉപക്ഷേപത്തെ ഞാൻ ഹൃദയപൂർവ്വം അനുകൂലിച്ചുകൊള്ളുന്നു. ഇന്നു തിരുവിതാംകൂറിൽ ഓടിവരുന്ന ബസ്സുകളുടേയും കാറുകളുടേയും കണക്കു നോക്കിയാൽ ൩൫൦൦-ൽ കൂടുതൽ എണ്ണം ഈ രാജ്യത്തുണ്ടെന്നു ടി. വി. ആർ. നമ്പർകളെ കൊണ്ടു ഏകദേശം അറിയാവുന്നതാണ്. ടെസ്റ്റ് ചെയ്യുന്നതിനു നിയമത്താൽ ആവശ്യമില്ലാത്തതായ കാറുകളേയും ലോറികളേയും മോട്ടാർ സൈക്കിളുകളേയും നീക്കി കണക്കുനോക്കിയാൽ ഏകദേശം രണ്ടായിരത്തോളം ബസ്സുകൾ ഉണ്ടെന്നുകാണാം. ഇവയെ ആണ്ടിൽ രണ്ടുതവണ ടെസ്റ്റ് ചെയ്യണമെന്നു വെച്ചിട്ടുണ്ടു. ടെസ്റ്റ് ചെയ്യുന്നതിനു ബസ്സുകൾക്കു ൨൦ രൂപായും എയിറൂസീററർകൾക്കു ൫൰ രൂപായും ആണു ഫീസ്. ഈ ടെസ്റ്റ് ചെയ്യുന്നതിൽ നിന്നു ലഭിക്കുന്നതായ പണത്തിന്റെ കണക്കുനോക്കിയാൽ ആണ്ടുതോറും ൭൨,൦൦൦ രൂപ

[Mr. Ittoop Itteechan.]

യോളം തിരുവിതാംകൂർ ഗവണ്മെൻറിലേക്ക മുതൽ വരേണ്ടതാണെന്നു കാണാം. ഈ ബസ്സുകൾ ടെസ്റ്റ് ചെയ്യുന്നതു ഗവണ്മെൻറിനാൽ നിയുക്തരായ എക്സിക്യൂട്ടീവ് ഇഞ്ചിനീയർമാരോ അല്ലെങ്കിൽ റിട്ടയർഡു ഉദ്യോഗസ്ഥന്മാരോ ആണ്. ടെസ്റ്റ്ചെയ്യുകിട്ടുന്നതിൽപകുതി ഈ ഉദ്യോഗസ്ഥന്മാർക്ക കൊടുക്കണം. പകുതിമാത്രമേ ഗവണ്മെണ്ടിനു കിട്ടുന്നുള്ളു. എന്നാൽ റിട്ടയഡു ഉദ്യോഗസ്ഥന്മാരിൽ നിന്നു പകുതി സംഖ്യ കിട്ടുന്നുണ്ടോ എന്നു എനിക്കു സംശയമാകുന്നു. അതിനാൽ മോട്ടാർ സംബന്ധിച്ചുള്ള മെക്കാനിസം പരിചയമുള്ള രണ്ടോ മൂന്നോ ഉദ്യോഗസ്ഥന്മാരെ ഇതിലേക്ക നിയമിക്കുന്നതായിരുന്നാൽ ഗവണ്മെൻറിനു ഒരു വലിയ സംഖ്യ ഇന്നു കിട്ടുന്നതിനെക്കാൾ കൂടുതൽ കിട്ടുന്നതാണ്. എന്നാൽ ഈ ഇനത്തിൽ കിട്ടുമെന്നു പ്രതീക്ഷിച്ചു ബഡ്ജറ്റിൽ ചേർത്തിരിക്കുന്നതു് ൨൦,൦൦൦ രൂപയാണ്.

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): ഇതിൽ കൂടുതൽ കിട്ടുമെന്നാണോ മെമ്പറുടെ അഭിപ്രായം?

MR. ITTOOP ITTEECHAN (*Kunnatnad*): എൻെറ കണക്കുകൊണ്ടു കൂടുതൽ വരുമെന്നാണ് ഞാൻ വിചാരിക്കുന്നതു.

ഇപ്പോൾ ടെസ്റ്റ്ചെയ്തുവരുന്നതു തൃപ്തികരമായിട്ടുള്ള ഒരു നിലയിലല്ല. എന്നാൽ മോട്ടാർവാഹന നിയന്ത്രണത്തിൽ നിയുക്തരായിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ സ്ഥിതി ആലോചിച്ചാൽ അവരുംഅതിലേക്ക പ്രാപ്തന്മാരല്ല എന്നുകാണാം. ട്രാഫിക്ക്ഇൻസ്പെക്ടർമാരിൽ പലക്കും മോട്ടാർസംബന്ധിച്ചുള്ള യാതൊരറിവും ഇല്ല. ടൈംഷീററ് എല്ലാഡിസ്ട്രിക്ട്സൂപ്രണ്ടാഫീസിലും കൊടുക്കുന്നുണ്ടെങ്കിലും അതു ജനങ്ങൾക്ക തീരെ സൌകര്യപ്രദമല്ല എന്നു പലബസ്സുടമസ്ഥന്മാരിൽനിന്നും എനിക്കറിയാൻ ഇടയായിട്ടുണ്ട്. അതുകൂടാതെ ഒരു ഡിസ്ട്രിക്ട്സൂപ്രണ്ടിനു ടൈംഷീററ് കൊടുക്കാൻ അധികാരംതന്നേ ഇല്ലെന്നാണ് എൻെറ അറിവിൽ പെട്ടിടത്തോളം സംഗതികളിൽനിന്നു ഞാൻ മനസ്സിലാക്കുന്നതു്. എന്നാൽ അവർ കൊടുത്തുവരുന്നുണ്ട്. ആ പതിവിനെ മാററി കമ്മിഷണരാഫീസിൽ വച്ചുതന്നെ ടൈംഷീററു കൊടുക്കുന്നതായാൽ ബസ്സുടമസ്ഥന്മാർക്ക സൌകര്യപ്രദമായിരിക്കും.

ഇപ്പോൾ മോട്ടാർവാഹനങ്ങൾ ഓടിക്കുന്ന വഴികളിൽ പലസ്ഥലത്തും ചെക്കിങ്ങ്സ്റ്റേഷൻ ഉണ്ടു ഓരോ ചെക്കിങ്ങ്സ്റ്റേഷനിലും വച്ചിരിക്കുന്ന ടൈംപീസ്സ് ഒന്നിനൊന്നു വിപരീതമായിട്ടാണു സമയംകാണിക്കുന്നതു എന്നു എനിക്കുതന്നെ അനുഭവമുണ്ട്. ഞാൻ ഒരിക്കൽ

കോട്ടയത്തുനിന്നും മൂന്നുമണിക്കു ബസ്സിൽകയറി ചങ്ങനാശേരിയിൽ വന്നപ്പോഠം രണ്ടേമുക്കാൽ മണിയായി (ചിരി). ഈ സ്ഥിതിക്കു ടൈംലിമിററനുസരിച്ചു ഒരു ഡ്രൈവർക്കെങ്ങനെയാണു മോട്ടാർ ഓടിക്കാൻ സാധിക്കുന്നതു? ഇതിനെസംബന്ധിച്ചുപല വാദപ്രതിവാദവും നടന്നു. അര മണിക്കൂറിലധികം ഞങ്ങഠം അവിടത്തന്നെ ഇരിക്കേണ്ടതായിവന്നു. പിന്നീടു മാത്രമെ ആ ബസ്സുവിടാൻസാധിച്ചൊള്ളു.

ടൈംലിമിററനുസരിച്ചു വണ്ടി ഓടിക്കാൻ സാധിക്കുന്നില്ലെന്നു ഞാൻ പറഞ്ഞുവല്ലോ. ഹൈറേഞ്ചിൽ ഒരു ബസ്സിനു പന്ത്രണ്ടു മയിൽ സ്പീഡാണു വച്ചിട്ടുള്ളതു്. ആ സ്പീഡനുസരിച്ചു ഓടിച്ചാൽതന്നെയും ഹൈറേഞ്ചിൽ ഒരു മണിക്കൂറിനു ഏഴും എട്ടും മൈലിൽകൂടുതൽ പോകാൻ സാധിക്കയില്ല. ഈടൈം ലിമിററനുസരിച്ചു തിരിയെ എത്താൻ അയാഠംക്കു സമയം കാണുകയില്ല. ഇതാണു് ഇപ്പോഴത്തെ സ്പീഡ്ലിമിററിന്റെ അവസ്ഥ.

ഒരു ഡ്രൈവർ മൂന്നുപ്രാവശ്യം കുററംചെയ്താൽ അയാളുടെ ബാഡ്ജും ലൈസൻസും ആറു മാസത്തേക്കു സസ്പെൻറു ചെയ്യുമെന്നും, മൂന്നു പ്രാവശ്യത്തിൽ കൂടുതൽ കുററംചെയ്താൽ ഒരു കൊല്ലത്തേക്കു സസ്പെൻറു ചെയ്യുമെന്നും കമ്മീഷണരുടെ ഉത്തരവുകളിൽ പറഞ്ഞുകാണുന്നു. ടൈംഷീററിന്റെ രീതിയും, പ്രകൃതിയും, സ്വഭാവവും അനുസരിച്ചു നോക്കുന്നതായാൽ ഒരുഡ്രൈവരെ ശിക്ഷയിൽ വരുത്താൻ പോലീസ്സിനു വളരെ എളുപ്പമുണ്ടു്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ഡ്രൈവർമാരുടെ മേൽ കേസ്സെടുക്കേണ്ടതു് ആരാണു്?

MR. ITTOOP ITTEECHAN (*Kunnatnad*): ഏഴൊ എട്ടോ രൂപാ ശമ്പളമുള്ള ഒരു വെറും പോലീസ്കാരനു എടുക്കാൻ സാധിക്കും. കോഴിക്കോടു, മദ്രാസ് മുതലായ സ്ഥലങ്ങളിൽ ചെക്കിംഗ്സ്റ്റേഷനിലുള്ള ഉദ്യോഗസ്ഥന്മാക്കു വിസിൽ കൊടുത്തിട്ടുണ്ടു്. അവർ വിസിൽ ഊതിയാൽ പോകേണ്ടവണ്ടി ഉടനെ പോകണം എന്നു നിർബ്ബന്ധിച്ചിട്ടുണ്ടു്.

MR. H. B. MAHOMED ROWTHER (*Pattanapuram cum Shencotta*): മെംബർ മദ്രാസിൽ പോയിട്ടുണ്ടോ? (ചിരി).

MR. ITTOOP ITTEECHAN (*Kunnatnad*): ഉണ്ടു്. ഇന്നത്തെ മോട്ടാർവാഹനനിയന്ത്രണം തൃപ്തികരമല്ല എന്നു പറയാൻ എനിക്കുശേഷം മടിയില്ല. അതിനെ ശരിപ്പെടുത്തുന്നതിനു ഗവണ്മെൻറിൽനിന്നും ഒരു കമ്മിററിസ്ഥാപിച്ചു വേണ്ട ഏർപ്പാടുണ്ടാക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

MR. V. J. OOMMEN (*Commerce and Industry, North*): സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ൧൧൦൧-ൽ ആലപ്പുഴ കച്ചവരുടെ പ്രതിനിധിയായി ഞാൻ പ്രജാസഭയിൽ വന്നിരുന്ന അവസരത്തിൽ എന്റെ നിവേദനവിഷയങ്ങളിൽ ഒന്നു മോട്ടാർ വാഹനനിയന്ത്രണത്തെ പററിയായിരുന്നു. ഇതേ സംബന്ധിച്ചു മെംബറന്മാരിൽ പലരും വേണ്ട വിമർശനങ്ങൾ ഇന്നു ഇവിടെ കഴിച്ചിരിക്കുന്നതായ ഈ അവസരത്തിൽ വീണ്ടും അതിനെ സംബന്ധിച്ചുതന്നെ വിമർശനം ചെയ്യാതെ അവരിൽ പലരും വിട്ടുപോയ ഒന്നു രണ്ടു സംഗതികളെപ്പററി പറയാമെന്നു ഞാൻ വിചാരിക്കുന്നു. ഒന്നാമതായി ഇപ്പൊഴത്തെകാർ ടെസ്റ്റിംഗ് സമ്പ്രദായത്തെ കുറിച്ചാണ് എനിക്കു പറവാനുള്ളതു. ഇപ്പോൾ ഡിപ്പാർട്ടുമെൻറിൽനിന്നും ഇതിലേക്കായി എക്സിക്യൂട്ടീവ് ഇഞ്ചിനീയറന്മാർ, അസിസ്റ്റൻറു ഇഞ്ചിനീയറന്മാർ, പെൻഷൻഡ് ഉദ്യോഗസ്ഥന്മാർ, ചില പ്രൈവററു കമ്പനികൾ എന്നിങ്ങനെ പലരെ അധികാരപ്പെടുത്തി നിയമിച്ചിട്ടുണ്ട്. ഓരോ ലൈനുകളിലും ഓടിക്കൊണ്ടിരിക്കുന്നതായ കാറുകൾ ആറാറുമാസം കൂടുമ്പോൾ അധികാരപ്പെടുത്തീട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥന്മാരെക്കൊണ്ടു ടെസ്ററുചെയ്യിച്ചു സർട്ടിഫിക്കെററുവാങ്ങിച്ചു കൊള്ളണമെന്നാണ് ഗവൺമെൻറിൽനിന്നും ഏർപ്പാടുചെയ്തിരിക്കുന്നതു്. ഇതിലേക്കു ടെസ്ററുചെയ്യുന്ന ഉദ്യോഗസ്ഥന്മാർ ഓരോപ്രാവശ്യവും ൧൫ മുതൽ ൨൦ വരെ രൂപാവീതം പ്രതിഫലം വാങ്ങിക്കൊള്ളുന്നതിനും ഗവൺമെൻറിൽനിന്നും അനുമതി നൽകിയിട്ടുണ്ട്. ടെസ്ററിങ്ങിനു അധികാരപ്പെടുത്തിയിട്ടുള്ള ആളുകൾക്കു ഇന്നഇന്ന സ്ഥലങ്ങളിൽപ്പെട്ടകാറുകളെ ടെസ്ററു ചെയ്യാവൂ എന്നു അതൃത്തി ക്ലിപ്തപ്പെടുത്തികൊടുത്തിട്ടില്ല. അതിനാൽ നാമ മാത്രമായി ടെസ്റ്റ്ചെയ്യുന്നു എന്നുള്ള പേരു് വരുത്തുകയല്ലാതെ സാക്ഷാൽ ഗവൺമെൻറുദ്ദേശിക്കുന്നതുപോലെയുള്ള ഫലം ഇതുകൊണ്ടു സിദ്ധിക്കുന്നില്ല. കുറെക്കാലങ്ങളായിട്ടു പണത്തെമാത്രം മോഹിച്ചിട്ട് ആലുവായിൽ അധികാരപ്പെടുത്തീട്ടുള്ളയാൾ നാഗർകോവിലിലും നാഗർകോവിലിൽ അധികാരപ്പെടുത്തിയിട്ടുള്ളയാൾ തിരുവനന്തപുരത്തും തിരുവനന്തപുരത്തു അധികാരപ്പെടുത്തിയിട്ടുള്ളയാൾ കോട്ടയത്തും കോട്ടയത്തു അധികാരപ്പെടുത്തിയിരിക്കുന്നയാൾ ആലപ്പുഴയും, വേണ്ട ഓരോരുത്തർക്കും തോന്നുന്നസ്ഥലത്തു, വേറൊരുത്തന്റെ അതൃത്തിയിൽകൂടുന്ന കാറുകൾ ടെസ്റ്റ്ചെയ്തുവെന്നുള്ള നാട്യത്തിൽ സർട്ടിഫിക്കെററുകൾ കൊടുത്തുവരുന്നു. കൂടാതെ ഇവർക്കു ചില ഏജൻറന്മാരുംഉണ്ട്. ഈ ഏജൻറന്മാർ ടെസ്റ്റ്ചെയ്യേ

ണ്ട. കാറുകഠം എല്ലാം ചേൎത്തുവച്ചിട്ട ഒരു കമ്പിഅടിച്ച് ടെസ്റ്റ്ചെയ്യേണ്ട ആളുകളെ വരുത്തി പണം വാങ്ങി സൎട്ടിഫിക്കേററ് കൊടുത്തുപോകുന്നുണ്ട്. ഇപ്രകാരമുള്ള അനീതിയെ തടയുന്നതിനു ഗവമ്മെൻറു ഇതേവരെ യാതൊരുവ്യവസ്ഥയും ചെയ്തിട്ടില്ല. ഇപ്രകാരമുള്ള മത്സരം വൎദ്ധിച്ച ഒരുത്തൻെറ അതൃത്തിയിൽ വേറൊരുത്തൻ പ്രവേശിച്ച ടെസ്റ്റിങ്ങ നടത്തി വരുന്നകാരണംകൊണ്ടും ഗവമ്മെൻറിൽനിന്നും പ്രതിഫലമായി നിശ്ചയിച്ചിരിക്കുന്ന പതിനഞ്ചുരൂപായിൽ നിന്നു കുറഞ്ഞു പത്തുരൂപാ അഞ്ചുരൂപാ ഈ ക്രമത്തിനു വാങ്ങിച്ചുകൊണ്ടു സൎട്ടിഫിക്കെററുകഠം കൊടുത്തുവരുന്നു.

MR. R. RAMAN PILLAI (*Kottayam*): ടെസ്റ്റ് ചെയ്യുന്ന ഇനത്തിൽനിന്നും കിട്ടുന്ന ആദായത്തിൽ ഏതാനും സംഖ്യ ഗവമ്മെൻറിനും കൊടുക്കണമെന്നൊരു ഏർപ്പാടുണ്ടെന്നറിയാമൊ?

MR. V. J. OOMMEN (*Commerce and Industry, North*): ഗവണ്മെൻറുദ്യോഗസ്ഥന്മാർ കൊടുക്കണമെന്നു അറിയാം.

MR. R. RAMAN PILLAI (*Kottayam*): അതിനാൽ നിശ്ചയിച്ചിട്ടുള്ള റേററിൽ കുറഞ്ഞ സംഖ്യയ്ക്കു ടെസ്റ്റ് ചെയ്യുമൊ?

MR. V. J. OOMMEN (*Commerce and Industry, North*): ഗവമ്മെൻറുദ്യോഗസ്ഥന്മാരല്ല അങ്ങിനെ ചെയ്യുന്നത്. മററുള്ളവർ-ടെസ്റ്റ്ചെയ്യുന്നതിനു ഗവർമ്മെൻറധികാരംകൊടുത്തിട്ടുള്ള അനുദ്യോഗസ്ഥന്മാർ-ധാരാളം അങ്ങിനെ ചെയ്യുന്നുണ്ട്.

ഇപ്രകാരംയാതൊരു വ്യവസ്ഥയുമില്ലാതെയിരിക്കുന്ന കാരണത്താൽപലപഴയകാറുകളും ടെസ്റ്റിങ്ങിൻെറആവശ്യത്തിലേക്കു മാത്രമായി പുതിയകാറുകളുടെബ്രേയ്ക്കു മുതലായസാധനങ്ങഠം എടുത്തിട്ട ഫിററുചെയ്തു സർട്ടിഫിക്കെററുവാങ്ങുകയും പിന്നീടുഇത്തരം കാറുകളുമായി ഓരോസ്ഥലങ്ങളിലേക്കുംയാത്രക്കാരെ കയററികൊണ്ടുപോയി വഴിയിൽ വെച്ചുപലകേടുകളുംസംഭവിച്ച് യാത്രക്കാൎക്കു പലവിധബുദ്ധിമുട്ടുകഠം ഉണ്ടാക്കുകയും ചെയ്യുന്നു. ഇപ്രകാരമുള്ള അനീതികളേയും അഴിമതികളേയും തടയുന്നതിനു മോട്ടാർ വാഹനങ്ങഠം സംബന്ധിച്ചു ഞാൻ പറയുന്ന നിർദ്ദേശങ്ങഠം ഗവണ്മെൻറു നടപ്പിൽ വരുത്തണമെന്നു ആഗ്രഹിക്കുന്നു.

(1) മോട്ടർ മെക്കാനിസം സംബന്ധിച്ചു നല്ല പരിജ്ഞാനമില്ലാത്ത ആളുകളെ കാർടെസ്റ്റിങ്ങിന് അധികാരപ്പെടുത്തരുത്.

(2) ഈ ഡിപ്പാർട്ടുമെൻറിനെ പോലീസുഡിപ്പാർട്ടുമെൻറിൻെറ കീഴിലുള്ള ഒരു പ്രത്യേക വകുപ്പായി വേർതിരിക്കണം.

[Mr. V. J. Oommen.]

(3) ഇതിൻെറ മേലാവായി ഒരു പോലീസു ഡിസ്ട്രിക്ട്സൂപ്ര ണ്ടിൻെറ ഗ്രേഡിൽ കുറയാത്ത ഒരാളിനെ നിയമിക്കണം.

(4) ഈ ഉദ്യോഗസ്ഥൻ മെക്കാനിസം സംബന്ധിച്ച് നല്ല പരിശീലനം സിദ്ധിച്ചിട്ടുള്ള ആളായിരിക്കണം.

(5) പരിശീലനം കഴിഞ്ഞിട്ടില്ലാത്ത ആളാണെങ്കിൽ ഗവണ്മെ ൻറിൽ നിന്നും അയച്ച പരിശീലനം കഴിപ്പിച്ചുവരുത്തണം.

(6) കൂടുതലായി പരിശീലനം സിദ്ധിച്ചിട്ടുള്ള നാലു ട്രാഫിക്ക് ഇൻസ്പെക്ടറന്മാരെ കൂടിനിയമിച്ച് ഇവർക്കെല്ലാം പ്രത്യേക അതൃത്തി ക്ലിപ്തപ്പെടുത്തി കൊടുക്കണം.

ഇനിയും എനിക്കു പറവാനുള്ളതു് ഓവർലോഡിങ്ങ്, ഓവർ സ്പീഡിങ്ങ് ഇവയെപ്പററി ആണ്. ഇപ്പോൾ ട്രാഫിക്ക് ഇൻസ്പെക്ടറന്മാരും പോലീസുഇൻസ്പെക്ടറന്മാരും ഇടക്കിടക്കുചെക്കിങ്ങ്സ്റ്റേഷനുകളും ഉണ്ടെങ്കിലും നിരുത്തരവാദികളായ ഡ്രൈവറന്മാരിൽ പലരും അവക്കുതോന്നിയതുപോലെ ആളുകളെകയററുകയും യാതൊരു ക്ലിപ്തവുമില്ലാത്ത വേഗത്തിൽ കാറോടിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഡ്രൈവറന്മാരിൽ മര്യാദക്കാരില്ലെന്നു ഞാൻ പറയുന്നില്ല. എന്നാൽ അവിവേകികളായ ഡ്രൈവർന്മാരെ നിയന്ത്രിക്കുന്നതിനു ഇതുവരെ ഡിപ്പാർട്ടുമെൻറിനാൽ സാധിച്ചിട്ടില്ല. ഇപ്പോഴത്തെ നിയന്ത്രണം പോലീസുകാക്കു കൈക്കൂലിക്ക് ഒരു മാർഗ്ഗമെന്നല്ലാതെ മററു യാതൊരു പ്രയോജനവും ഉണ്ടെന്നുള്ളതായി ഞാൻ കരുതുന്നില്ല.

ഇനിയും അവസാനമായി എനിക്കു പറവാനുള്ളതു് ബോട്ടുട്രാഫിക്കിനെ സംബന്ധിച്ചാണ്. പബ്ലിക്ക്വർക്സ്ഡിപ്പാർട്ടുമെൻറിൻെറ കീഴിലുള്ള ഇതിൻെറഭരണവും തൃപ്തികരമായി നടക്കുന്നില്ല. അതിനാൽ ഇതിൻെറഭരണവും കൂടെ പോലീസുഡിപ്പാർട്ടുമെൻറിൻെറ കീഴിൽ വിട്ടു കൊടുത്താൽരണ്ടും ഒരു ഡിപ്പാർട്ടുമെൻറു് മേധാവിയുടെ മേൽനോട്ടത്തിൽ ആകുന്നതും തൻമൂലം ഇവ രണ്ടിനേയും കൂടുതൽ കാര്യക്ഷമമായും ഉപകാരപ്രദമായും ജനങ്ങൾക്കു സൌകര്യപ്പെടുത്തികൊടുക്കുന്നതിന് സാധിക്കുമെന്നുള്ള എൻെറ ഈ അഭിപ്രായം ഗവണ്മെൻറിൻെറ വേണ്ടവിധത്തിലുള്ള പര്യാലോചനയ്ക്കു വിഷയീഭവിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു.

MR. R. RAMAN PILLAI (*Kottayam*) : സർ, ഞാനും മിസ്റ്റർ ആശാൻെറ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. മോട്ടാർ ഡ്രൈവ്ചെയ്യുന്ന ആളു

കഠംക്ക വിശേഷവിധിയായ വൈദഗ്ദ്ധ്യമൊന്നുമില്ലെന്നും, ഇപ്രകാരം ഒരു ജ്ഞാനവുമില്ലാതെ ഡ്രൈവ്ചെയ്യുന്നതു ഭംഗിയല്ലെന്നും എൻെറ മാന്യസ്നേഹിതൻ മിസ്റ്റർ ആശാൻ ഇവിടെ സമത്ഥിച്ചു. അതിനെപ്പററി പണ്ഡിതനായ ലാമെമ്പർ ചോദിച്ച ചോദ്യത്തിന ആശാൻഉത്തരം പറയേണ്ടതായിട്ടുണ്ട്. ഒരു മോട്ടാർ ഡ്രൈവറക്കു ഏതുവിധമായ വിശേഷജ്ഞാനമാണുണ്ടായിരിക്കേണ്ടതു എന്നാണു പണ്ഡിതനായ ലാമെമ്പരുടെ ചോദ്യം. ഡ്രൈവർമാക്കു വണ്ടി ശരിയായി ഓടിക്കുന്നതിനും, വഴിക്കു വണ്ടിക്കു അപകടമൊന്നും ഉണ്ടാകാതെസൂക്ഷിക്കുന്നതിനും, അഥവാ വല്ല അപകടവും നേരിട്ടാൽ അതിനെ ശരിപ്പെടുത്തി കൊണ്ടു പോകുന്നതിനും ഉള്ള ജ്ഞാനമാണ് ഉണ്ടായിരിക്കേണ്ടതു. അങ്ങിനെയുള്ള ഡ്രൈവർമാർ ഉണ്ടോ എന്നു ഞാൻ വളരെ സംശയിക്കുന്നു. വണ്ടി ടെസ്റ്റ്ചെയ്യുന്നതിനുള്ള ചുമതല സക്കാർ ഉദ്യോഗസ്ഥന്മാക്കല്ലാതെ മററാക്കും പാടില്ലെന്നും, അതിലേക്കു ഓരോദേശത്തേക്കു പ്രത്യേകം പ്രത്യേകം ആളുകളെ നിശ്ചയിക്കേണ്ടതാണെന്നും, എൻെറ സ്നേഹിതൻ പറയുകയുണ്ടായി.

ഡ്രൈവർമാരെ വിളിച്ചുനിത്തി ബസ്സിൽകയറി ഗീയർ ഒന്നു പിടിച്ചുനോക്കും. അപാകം ഒന്നുമില്ലല്ലോ എന്നു ഡ്രൈവറോടു ചോദിച്ചു സമാധാനപ്പെടും. നമ്പർ ചോദിച്ചു പണംവാങ്ങി രസീതുകൊടുത്തുപോകും. പരിശോധനയും കഴിഞ്ഞു. ഇതാണ് ഇന്നത്തെ പരിശോധന. ഈ പരിശോധനാരീതിയെ പാടേ ഭേദപ്പെടുത്തണം. സക്കാർ ഉദ്യോഗസ്ഥന്മാർതന്നെ പരിശോധിക്കണം. വണ്ടികഠം നിശ്ചിതദിവസങ്ങളിൽ പരിശോധകന്മാരുടെ ആഫീസിൽ കൊണ്ടുചെല്ലുന്നതിനു വ്യവസ്ഥചെയ്യണം.

MR. MATTHEW MURIKKAN (*Vaikam*): Will the member tell me what is inside the Motor Car?

MR. R. RAMAN PILLAI (*Kottayam*): അതിൻെറ ഇഞ്ചിൻ, യന്ത്രം. യന്ത്രനിയന്ത്രണം ചെയ്യുന്നതിനുള്ള സാമത്ഥ്യം, സ്റ്റീയർപിടിക്കുന്നതിലും കാലുകൊണ്ടു ചവുട്ടുന്നതിലും മാത്രമാണെന്നു വിചാരിക്കാൻ പാടില്ല. അതിൻെറ മെക്കാനിസം ഏതുവിധമിരിക്കുന്നു എന്നു മനസ്സിലാക്കണം. ഇപ്പോഠം ഒന്നോ രണ്ടോ ട്രാഫിക് ഇൻസ്പെക്ടർമാരുണ്ട്. അതിലേക്കു കൂടുതൽ ആളുകളെ നിയമിക്കണമെന്നും അവരെ ഭരിക്കുന്നതിനു പ്രത്യേകമായിട്ടു ഡിസ്ട്രിക്ട്സൂപ്രണ്ടിൻെറ സ്റ്റാററസിൽ ഒട്ടും കുറവില്ലാത്തനിലയിലുള്ള ഒരു മേലധികാരി ഉണ്ടായിരിക്കണമെന്നും ഉള്ള എൻെറ

[Mr. R. Raman Pillai.]

സ്നേഹിതന്റെ അഭിപ്രായത്തോടു ഞാൻ വിയോജിക്കുന്നു. ട്രാഫിക്ക് ഇൻസ്പെക്ടർമാക്കു സ്കാളർഷിപ്പു കൊടുത്തു് അവരെ വെളിയിൽ അയച്ചു മെക്കാനിസം പഠിപ്പിച്ചുവരുത്തി മോട്ടാർവാഹനങ്ങളേയും ഡ്രൈവർമാരെയും ടെസ്റ്റ് ചെയ്യാനുള്ള അധികാരം അവരിൽ സ്ഥാപിക്കണം. ഇപ്പോൾ കാൺസ്റ്റബിൾമാർ കൊടുക്കുന്ന ചാർജ്ജിന്മേൽ അനേകം ഡ്രൈവർമാർ ശിക്ഷിക്കപ്പെടുന്നു. ഈ കാൺസ്റ്റബിൾമാരുടെയിടയിൽ എന്തെങ്കിലും കിട്ടണമെന്നുള്ള താല്പര്യമുള്ളവരല്ലാതെ മോട്ടാർസംബന്ധിച്ചോ ഡ്രൈവിങ്ങ്സംബന്ധിച്ചോ പരിചയമുള്ളവർ തുലോം ചുരുക്കമാണ്. മോട്ടാർസ്റ്റാർട്ടിങ്ങ്പായിൻറിൽനിന്നു നിയന്ത്രിക്കുന്നതിനുള്ള അധികാരമല്ലാതെ ഡ്രൈവർമാരോടു എന്തെങ്കിലും ചോദിക്കുന്നതിനോ അവരെ തടയുന്നതിനൊ ഉള്ള അധികാരം ഈ കാൺസ്റ്റബിൾമാരിൽനിന്നും എടുക്കണം. മോട്ടാർവാഹനങ്ങളുടെ നിയന്ത്രണത്തിനു യോഗ്യന്മാരും പ്രാപ്തന്മാരുമായ ഹെഡ്കാൺസ്റ്റബിൾമാരേക്കൂടി ചുമതലപ്പെടുത്തുന്നതുകൊണ്ടു ദോഷമില്ല. ട്രാഫിക്ക്ഇൻസ്പെക്ടർമാക്കും ഹെഡ്കാൺസ്റ്റബിൾമാക്കും ഗവൺമെൻറിൽ നിന്നുതന്നെ മോട്ടാർ സൈക്കിൾ വാങ്ങിച്ചു കൊടുക്കണം.

സാധാരണ മോട്ടാർ വാഹനങ്ങൾ സ്റ്റാർട്ടിങ്ങ് പായിൻറിൽ നിന്നും വിടുമ്പോൾ ശരിയായിരിക്കും. അതുകഴിഞ്ഞാൽ ധാരാളം ആളുകളെ ഓവർലോഡായിട്ടു കയററാറുണ്ട്. ചെക്കിങ്ങ്സ്റ്റേഷനു ഒരു ഫർലാങ്ങ് ദൂരത്തുവച്ചു ഈ കൂടുതലായ ആളുകളെ ഇറക്കിവിടും. അവിടെനിന്നും ഒരു ഫർലാങ്ങുകൂടിപോയി ഇറക്കിവിട്ടവരെ തിരിയെകയററും. ഇത്രയും ദൂരം അവർ നടന്നുവേണം പോകാൻ. ശരിയായി സൂക്ഷിച്ചു നോക്കുന്നപക്ഷം ചെക്കിങ്ങ് സ്റ്റേഷനിൽ ഇരിക്കുന്നവക്കു ഇതു കാണാൻ സാധിക്കും. അതുകൊണ്ടു ഈ മാതിരി അഴിമതികളെ തടയുന്നതിനു മോട്ടാർ സൈക്കിളിൽ ട്രാഫിക്ക് ഉദ്യോഗസ്ഥന്മാർ കയറി സഞ്ചരിച്ചു വഴിക്കുവച്ചു ബസ്സുകളെ ചെക്ക് ചെയ്താൽ മാത്രമെ സാധിക്കയൊള്ളു.

കാൺസ്റ്റബിൾമാരുടെ ചെക്കിങ്ങ് തീരെ നിത്തണം. സ്റ്റാർട്ടിങ്ങ പായിൻറിൽ ഇരുന്നു സമയത്തിനു പോകുന്നുണ്ടോ എന്നു നോക്കുക, സമയത്തിനു മുമ്പു പോകുന്നുവെങ്കിൽ അതിനെ തടയുക, ഈ അധികാരമേ കാൺസ്റ്റബിൾമാക്കു കൊടുക്കാൻ പാടുള്ളു.

ഈ വിധത്തിൽ ഒരു വ്യവസ്ഥചെയ്താലല്ലാതെ മോട്ടാർ ട്രാഫിക്ക് ഈ രാജ്യത്തു ജനങ്ങൾക്കു പ്രയോജനകരമായ വിധത്തിൽ വരികയില്ല. ഒരു മോട്ടാറിൽ കയറി സഞ്ചരിക്കുന്നതിന്റെ ഉദ്ദേശം നിശ്ചിതസ്ഥ

ചരിത്തു കഴിയുന്നതും വേഗത്തിൽ എത്തണമെന്നുള്ളതാണല്ലോ. എന്നാൽ അതിൽ തന്റെയോ അന്യമനുഷ്യരുടെയോ ജീവന്നു അപകടം ഉണ്ടാകരുത് എന്നുള്ള വിചാരം സാധാരണ എല്ലാവൎക്കും ഉണ്ടായിരിക്കും. അങ്ങിനെ ഇപ്പോഴും നിൎഭയം സഞ്ചരിക്കാൻ നിവൃത്തിയില്ല. അതിനെപ്പററി കമ്മീഷണരോ ഗവണ്മെന്റോ പ്രത്യേകം ശ്രദ്ധിക്കണം.

പിന്നെയൊന്നു പറയാനുള്ളതു അടുത്തകാലത്തു കമ്മീഷണർ പുറപ്പെടുവിച്ചിട്ടുള്ള സൎക്കുലറിനെപ്പററിയാണ്. ഇതു തവണ കുററം ചെയ്തിട്ടുള്ളവരുടെ ബാഡ്ജും ലൈസൻസും സസ്പെൻറു ചെയ്യപ്പെടുമെന്നാണ് സൎക്കുലർ. നിയമപ്രകാരം കൎത്തവ്യമായതു ചെയ്യാതിരിക്കയോ അല്ലാത്തതു ചെയ്കയോ ആണല്ലോ കുററം. എന്നാൽ ഈ നിയമം ഉണ്ടാകുന്നതിനു മുമ്പു ചെയ്തിട്ടുള്ള കുററങ്ങളെ കൂടി ഉൾപ്പെടുത്തി ശിക്ഷിക്കുന്നത് അനുചിതമല്ലേ എന്നാണ് എന്റെ ചോദ്യം. ഒരു നിയമം ഉണ്ടാകുന്നതിനു മുമ്പു അതിലടങ്ങിയ വല്ല കുററവും ചെയ്തിട്ടുണ്ടെങ്കിൽ അതു ചെയ്തിട്ടില്ലാത്തവണ്ണം ഗണിക്കണം.

MR. ITTOOP ITTEECHAN (*Kunnatnad*): വല്ല സ്റ്റേഷനിലും ചെല്ലേണ്ട സമയത്തിനു ൫ മിനിട്ടിനു മുമ്പു ഒരു വണ്ടി ചെന്നാൽ അതു കുററകരമാണോ?

MR. R. RAMAN PILLAI (*Kottayam*): ഒരു മിനിട്ടിനു മുമ്പേ ചെന്നാലും കുററകരമാണ്.

MR. ITTOOP ITTEECHAN (*Kunnatnad*): എല്ലാസ്റ്റേഷനിലും ഇരിക്കുന്ന ടൈംപീസ്സ് ശരിയാണോ?

MR. R. RAMAN PILLAI (*Kottayam*): അതിനെപ്പററി മി: ഇട്ടീച്ചൻ പറഞ്ഞു കഴിഞ്ഞതുകൊണ്ടു ചൎവ്വിതചൎവ്വണം ചെയ്യണ്ടാ എന്നു വിചാരിച്ചാണ് ഞാൻ ഒന്നും പറയാത്തത്.

നിയമമുണ്ടാക്കുന്നതു ജനങ്ങളെ നിയന്ത്രിക്കാനാണ്. എന്നാൽ ആ നിയമം ഉണ്ടാകുന്നതിനു മുമ്പു ചെയ്തിട്ടുള്ള കുററങ്ങൾക്കു കൂടി ശിക്ഷിക്കപ്പെടുമെന്നുണ്ടെങ്കിൽ അതു ദുസ്സഹമായ സങ്കടമാണ്. ഇതിനെ പോലീസുകമ്മീഷണരോ ഗവണ്മെന്റോ ഉടനടി പരിഹരിക്കേണ്ടതാണ്. ഇവിടത്തെ ഡ്രൈവർമാർ ധനവാന്മാരല്ല. മറെറാരു വിധത്തിലും കാലക്ഷേപം ചെയ്വാൻ മാൎഗ്ഗമില്ലാത്തവരായിരിക്കും ഇവരിൽ ൯൫ ശതമാനവും. ആറുമാസത്തേക്കു ബാഡ്ജ് സസ്പെൻഡ് ചെയ്തു പോയാൽ അവരുടേയും അവരെ ആശ്രയിച്ചു നില്ക്കുന്ന കുടുംബങ്ങളുടേയും സ്ഥിതി എന്തായിരിക്കുമെന്നു ഗവണ്മെൻറു വിചാരിച്ചു നോക്കേണ്ടതാണ്.

[Mr. R. Raman Pillai.]

ടൈമിനെ സംബന്ധിച്ചു മിസ്റ്റർ ഇട്ടീച്ചൻ പറഞ്ഞുകഴിഞ്ഞതുകൊണ്ടു ഞാൻ ഒന്നും പറയേണ്ടാ എന്നാണ് വിചാരിച്ചിരുന്നതു. മദ്രാസിൽ ഒരു സ്റ്റാൻഡേർഡ് ടൈം ഉണ്ട്. ആ സമയം എല്ലാ ആഫീസുകളിലും അറിവു കൊടുക്കുന്നതു പോലെ നമ്മുടെ ഗൺടൈം ഓരോ ആഫീസിലേക്കും അറിവു കൊടുക്കാതെ വച്ചു കൊണ്ടിരിക്കുന്നതു വലിയ കഷ്ടമാണ്. സാധാരണ ചെക്കിംഗ് സ്റ്റേഷനിൽ ഇരിക്കുന്ന മണി പോലീസ് ഇൻസ്പെക്ടർ പൂട്ടിതാക്കോൽ കയ്യിൽ കൊണ്ടുപോകും. രണ്ടാഴ്ച മൂന്നാഴ്ചകഴിഞ്ഞാണ് അദ്ദേഹം വരുന്നത്. പിന്നീടു മാത്രമേ അതിനു താക്കോൽ കൊടുക്കാൻ നിവൃത്തിയൊള്ളു. ഇങ്ങനെ ഒരു പതിവു കോട്ടയത്തുണ്ടായിരുന്നു.

MR. S. PIRAVI PERUMAL PILLAI (*Commerce and Industry, South*) ഇൻസ്പെക്ടർ രണ്ടാഴ്ചവരെ സ്റ്റേഷനിൽ ഇല്ലാതിരിക്കുമോ?

MR. R. RAMAN PILLAI (*Kottayam*) : ഞാൻ പറയുന്നതു ചെക്കിങ്ങ് സ്റ്റേഷനിലുള്ള മണിയെ സംബന്ധിച്ചാണ്.

ഞാൻ കോട്ടയത്തെ ഒരു കാൺസ്റ്റബിളിനോടു എന്താണ് ഠരം മണി നിന്നിരിക്കുന്നതു, താക്കോൽ കൊടുക്കരുതോ എന്നു ചോദിച്ചപ്പോൾ ഇൻസ്പെക്ടർ യജമാനന്റെ കയ്യിലാണ് താക്കോൽ ഇരിക്കുന്നത് എന്നു പറഞ്ഞു. ഒടുവിൽ ഇതു ഇൻസ്പെക്ടരെ കണ്ടു പറയുന്നതിനിടയാകയും അദ്ദേഹം അതു ശരിപ്പെടുത്തി വയ്ക്കുകയും ചെയ്തു. അതുകൊണ്ടു ചെക്കിങ്ങ് സ്റ്റേഷനിൽ ഇരിക്കുന്ന മണി കാൺസ്റ്റബിൾമാരുടെ ആധീനത്തിൽ തന്നെ വിട്ടുകൊടുക്കണം.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ചെക്കിങ്ങ് സ്റ്റേഷനിൽ കാൺസ്റ്റബിൾമാർ ഇരുന്നാൽ മതി എന്നാണോ മെമ്പറിന്റെ അഭിപ്രായം?

MR. R. RAMAN PILLAI (*Kottayam*) : മതി എന്നാണ് എന്റെ അഭിപ്രായം. ചെക്കിങ്ങ് സ്റ്റേഷനിൽ തന്നെ ആവശ്യമില്ല. സ്റ്റാർട്ടിങ്ങ് പായിൻറിൽ ഇരുന്നാൽ മതി. അനേകം സ്ഥലങ്ങളിൽ —

PRESIDENT : You have exceeded your time.

MR. R. RAMAN PILLAI (*Kottayam*) : രണ്ടു മിനിട്ടുകൂടി തന്നാൽ കൊള്ളാം.

PRESIDENT : You have already taken eight minutes.

MR. N. K. KRISHNA PILLAI (*Neyyattinkara*) : Sir, I rise to support the motion. Mr. Asan, Sir, has dealt with the question in an exustive manner and we have found that several other speakers also

have offered several other suggestions with regard to the traffic control. I would only refer to one or two matters which I think are important and which must receive the serious attention of the Government. We know, Sir, as a matter of fact that, several of the motor prosecutions now-a-days are really false ones and the charged offenders are not really offenders. These drivers are charged because they do not satisfy the need and the greed of the checking Constables. What is generally done is, the drivers who are charged by the Police Constables appear before the Magistrate even on the first hearing and they pay off the small fine that is imposed on them and go away. They do not think of defending that case because of the expense and worry that it involves. I would suggest, Sir, that it will be desirable if the Commissioner of Police directs these Constables or other better Policemen who are entrusted with this work to see that, when such motor offences are detected, they receive the signatures of the driver and also of one or two respectable persons who chance to travel in that particular bus. That, I submit, will be a sure safeguard against many of the false prosecutions which are the order of the day for that will in most cases afford proper and reliable evidence.

Another suggestion that I would offer is that it would be desirable to have a scheduled rate of fares. Now the fare depends only on the will and pleasure and caprice of the bus owners. On several occasions I know that persons who are not well off and who are in very poor circumstances come with just that sum which they used to pay on former occasions. But the conductor or driver very often requires from them a larger sum than they used to receive from these passengers. Now, my submission is that the masses are really handicapped by such unreasonable and uncertain demands and it will be therefore desirable in the interests of the public to have a scheduled rate of uniform charges. I have at present only to offer these two suggestions and I think that these suggestions will engage the serious attention of the Government. With these few observations I support the motion before the House.

MR. D. C. JOSEPH (*Agastisvaram*): Sir, I support the motion before the House. A dreadful disease has broken out in the State which is spreading from one end of the State to the other with a meteoric haste. That disease is not under the control of anybody except the Police Commissioner himself. When cholera was prevailing in south Travancore life was in danger and man had to yield to the inevitable and he had to suffer a natural death. But today when a man gets into a motor car his life is rather unsteady. Now if a man starts from Nagercoil to Trivandrum he cannot expect to reach the Council House. But there is one consolation that he can suffer a violent death. But this should not be tolerated. Not only this, but when one's children go out to school there is no safety, when a man sees the reckless speed and the irregular way in which motor cars are driven. When a man leaves his native place, he cannot be sure that when he returns back, any of his friends will be spared or whether there will be so many calamities and violent deaths. We are advancing in civilisation and that is a good sign. But until and unless we bring under proper control the things

[Mr. D. C. Joseph.]

which go directly against our own interests and against our safety, it is the duty of the Government and the authorities concerned to take the necessary measures to stop such things at once. Motor cars are giving sufficient advantages and travelling facilities and other proper conveniences for the travelling public. But the way in which these cars are driven or controlled or managed, gives room for complaint. There is no proper control, as several of the previous speakers remarked, except at the checking stations. As soon as the driver leaves the place or a particular station he has no other control except at the next checking station. He could have his own time. When he meets a car coming from the opposite direction he does not lower his speed. I am not a motor expert, but while he sees a car at a distance the driver does not diminish the lighting power or dim off. Anyhow all these things give room for complaint and some of these drivers are practically gambling with lives. If we are to undergo serious difficulties because of the irresponsible way in which these drivers are behaving, I think some serious action must be taken and it is not an easy thing. If the Police Commissioner takes a serious view of the matter he could easily rectify the defect and alleviate or avert the serious dangers which are likely to befall the poor travelling public. He should entrust this important matter which deals with many lives to a responsible officer like the District Superintendent of Police or if he can find time the Police Commissioner himself can directly see all these things. But, as it is not possible for him to control these things from one end of the State to the other, he must entrust these things to officers who are not below the rank of a District Superintendent of Police. With these words I strongly support the motion before the House.

MR. TAMARAPALLIL KOCHU TOMMAN (*Pattanamtitta*): സർ, മോട്ടോർ വാഹനങ്ങളിൽ ഓവർലോഡ് കയറുന്നതു കൊണ്ടാണ് അധികം ദോഷങ്ങൾ നേരിടുന്നതെന്ന് ചില സാമാജികന്മാർ ഇവിടെ പ്രസ്താവിക്കയുണ്ടായി. എന്നാൽ ഓവർലോടു കൊണ്ടു യാത്രക്കാർക്കു പറയത്തക്ക ദോഷമൊന്നുമില്ല. അതിൽനിന്നും ഉണ്ടാകുന്ന ദോഷം അതിന്റെ ഉടമസ്ഥനാണ്. അതുകൊണ്ടു അതിലേക്കായിട്ടു ഡ്രൈവർമാരെ ശിക്ഷിക്കാൻ പാടില്ല. സമയം തെറ്റി ഓടിക്കയൊ റോഡിൽ സൈഡ് കൊടുക്കാതെ ഓടിക്കയൊ ചെയ്താൽ അതിനു കേസ്സെടുക്കാം. എന്നാൽ അങ്ങിനെ ചെയ്തു വരുന്നതായി കാണുന്നില്ല. സ്റ്റാർട്ടിങ്ങ് പായിന്റിൽ നിന്നും തിരിച്ചു പല സ്റ്റേഷനും കടന്നു ചെല്ലുമ്പോൾ ഓരോ സ്റ്റേഷനിലേയും മണി പോലീസുകാരുടെ ഇഷ്ടം പോലെ തിരിച്ചു വയ്ക്കാറുണ്ട്. അതുവലിയ അക്രമമാണ്.

ചെക്കിങ്ങ് സ്റ്റേഷൻ ഇപ്പോഠം ടോഠംഗേററ് പോലെ ആയി തീൎന്നിട്ടുണ്ട്. ചെക്കിങ്ങ് സ്റ്റേഷൻ കടക്കണമെങ്കിൽ ൧൨ അണ അ വിടെനിൽക്കുന്ന കാൺസ്റ്റബിളിനു കൊടുക്കണം. അതു കൊടുത്തില്ലെങ്കിൽ, ഓവർലോഡില്ലെങ്കിലും, ഓവർലോഡ് കയററിയിരിക്കുന്നതായി എഴുതിഅയച്ചു പല ബുദ്ധിമുട്ടുകളും ഉണ്ടാക്കും. അതുകൊണ്ടു ഈ സംഖ്യ കൊടുക്കുന്നതിനു ഡ്രൈവർമാർ നിർബ്ബന്ധിതരായിട്ടുതീരുന്നു.

MR. N. K. KRISHNA PILLAI (*Neyyattinkara*): ഓവർലോഡ് കൊണ്ടു മെക്കാനിസത്തിനു വലിയ ദോഷമില്ലേ?

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): യാത്രക്കാൎക്കു ഒരു തരക്കേടുമില്ല.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): യന്ത്രങ്ങൾക്കു കേടുവരികയില്ലയോ?

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): വരും.

ഈ പോലീസുകാൎക്കുപണം എന്തിനു കൊടുക്കുന്നു എന്നുള്ളതിനെ പററി ഞാൻ അന്വേഷിച്ചതിൽ ഡ്രൈവർമാർ പറയുന്ന സമാധാനം ഇതാണ് "ഞങ്ങൾ ഇതുകൊടുത്തില്ലെങ്കിൽ ഓവർലോഡിനു കേസെടുക്കും. അപ്പോഠം ഉത്തരം പറയണം. അതുകൊണ്ടാണ് ഇതു കൊടുക്കുന്നത്" ഇതാണ് ഡ്രൈവർമാർ പറയുന്നത്. ഇങ്ങനെ ചെക്കിങ്ങ് സ്റ്റേഷനിലുള്ള കാൺസ്റ്റബിഠംമാരെ തൃപ്തിപ്പെടുത്തുന്നതുകൊണ്ടു ഡ്രൈവർമാൎക്കു കൂടുതൽ അക്രമങ്ങൾ കാണിക്കുന്നതിനും സാധിക്കുന്നുണ്ട്.

MR. V. J. OOMMEN (*Commerce and Industry, North*): ഈ ചെക്കിങ്ങ്സ്റ്റേഷൻ നിൎത്തണമെന്നാണോ മെമ്പർ പറയുന്നത്?

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): അതേ.

അതുകൊണ്ടു ട്രാഫിക്ക്ഇൻസ്പെക്ടർമാൎക്കു മോട്ടാർസൈക്കിഠം കൊടുത്തു വഴിയിൽവച്ചു മോട്ടാർ ചെക്കു ചെയ്യുന്നതിനുവേണ്ട ഏർപ്പാടുകൾചെയ്യണം.

MR. N. K. KRISHNA PILLAI (*Neyyattinkara*): ഓവർലോടിനെ നിയന്ത്രിക്കാൻ വ്യവസ്ഥവേണ്ടേ?

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): അതിനു വ്യവസ്ഥ ഉണ്ടായിരിക്കുന്നതുകൊള്ളാം. പക്ഷേ അതുകൊണ്ടു വലിയ അപകടം യാത്രക്കാൎക്കില്ല.

MR. R. KESAVA PLLAI (*Kottarakara* cum *Kunnattur*): ചെക്കിങ്ങ് സ്റ്റേഷൻ നിൎത്തിവരുന്നതായിട്ടറിയാമോ?

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): അറിഞ്ഞുകൂടാ.

പബ്ലിക്ക് റോഡുകളിൽ എല്ലാപേക്കും സ്വാതന്ത്ര്യമായി സഞ്ചരിക്കാവുന്നതാണ്. ചില ജംഗ്ഷനിൽ നാലും അഞ്ചുംപേർ കൂട്ടംകൂടിനിൽക്കുന്നതു ഡ്രൈവർമാൎക്കു പലപ്പോഴും ബുദ്ധിമുട്ടിനിടയാകുന്നു. എത്രഹാറൺ അടിച്ചാലും അവർ വഴിമാറികൊടുക്കയില്ല. അതുപോലെതന്നെ വഴിയിൽ കൂടി സഞ്ചരിക്കുന്നവരും മോട്ടാറിന്റെ മുമ്പെ എടുത്തു ചാടാറുണ്ട്. ഇതിൽനിന്നും ഉണ്ടാകുന്ന അപായങ്ങൾക്കും ഡ്രൈവർ ഉത്തരവാദിയായിതീരുന്നു. അതിനാൽ പ്രാഥമിക വിദ്യാലയങ്ങളിൽ റോഡിൽകൂടി സഞ്ചരിക്കേണ്ടവിധം മുതലായവയെപററിപഠിപ്പിക്കണം

MR. A. C. KURIAKOSE (*Minachil cum Devicolam*): ഇങ്ങനേ റോഡിൽ കൂട്ടംകൂടിനില്ക്കുന്നതു കുട്ടികളോ പ്രായം ആയ ആളുകളോ?

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): യുവാക്കന്മാരായിരിക്കും അധികവും.

൧൯൨൯ ജൂലൈ ൨൧-൩-യിലെ ഗസററിൽ, ഒരു കൊല്ലത്തിൽ ൩ തവണ ശിക്ഷ അനുഭവിച്ചവരുടെ ലൈസൻസ് ൬ മാസത്തേയ്ക്കും നാലിൽ കൂടുതൽ ശിക്ഷ അനുഭവിച്ചിട്ടുള്ളവരുടെ ലൈസൻസ് ഒരു കൊല്ലത്തേയ്ക്കും സസ്പെൻറുചെയ്യപ്പെടുമെന്നും കാണുന്നുണ്ട്.

MR. S. PIRVIPERUMAL PILLAI (*Commerce and Industry, South*): ഹാറൺഅടിച്ചാലും കൂടി കുററകരമായിട്ടു പോലീസുകാൎക്കു ചാൎജ്ജു ചെയ്യാൻ അധികാരമുണ്ടോ?

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): അനാവശ്യമായിട്ടു ഹാറൺ അടിച്ചാൽചാൎജ്ജുചെയ്യാം.

ഈ ചട്ടം ഗസററിൽ പരസ്യം ചെയ്തതീയതിക്കു മുമ്പുചെയ്തിട്ടുള്ള കുററത്തെ ഇതിൽനിന്നും ഒഴിവാക്കേണ്ടതാണ്. ഇങ്ങനെ ചെയ്യാത്തപക്ഷം ഈ തിരുവിതാംകൂറിൽ മോട്ടാർ ട്രാഫിക്ക് കൂടി നിന്നു പോകാൻ ഇടയുണ്ട്. അതിനാൽ ഈ റൂൾസിനെ ഒന്നുകൂടി പരിഷ്കരിക്കണമെന്നും ഞാൻ അഭിപ്രായപ്പെടുന്നു.

MR. V. CHELLAM PILLAI (*Tovala*): Sir, I have very great pleasure in supporting the motion moved by Mr. Damodaran Asan. It is generally said, that the Police are the friends of the people and the custodians of their person and property. Now-a-days it seems to be otherwise. They are the greatest enemies of the people in the matter of motor traffic. Some companies have been given timings. Other companies and syndicates also applied for timings and they were also granted

But how far these timings have been used or are being used is a question which has to be considered. When these companies are not able to get sufficient passengers they stop running some buses. They do not use all the buses. Persons who want to start at a certain time are disappointed because these buses have been stopped. Sometimes the people suffer great loss on this account. Moreover when new enterprises come into the field and ask for timings, the authorities concerned deny them timings on the ground that no time is available, thus causing further inconvenience to the passengers.

Coming to overloading, I think it is a very serious problem that is engaging the attention of the people and also the Commissioner. It has become the rule now-a-days to overload as much as possible whenever passengers are available. I have seen one or two instances where passengers were taken even on the tops of buses, and that too during the dead of night. When these buses are overloaded, the breaks will not act efficiently. As has been observed by my friend Mr. Damodaran Asan, most of the drivers are very rash and sometimes they also use intoxicants.

MR. K. P. NILAKANTA PILLAI (*Chirayinkil*): May I know from the member whether it is against the will of the passengers that they are taken on the tops of buses?

MR. V. CHELLAM PILLAI (*Tovala*): In many cases it is. Moreover, there is no necessity for the Government to interfere with the number of persons that can be taken in a bus and limit the speed if it is done with the consent of the people, whereas, they really prescribe the space limit for a bus. That is what I cannot understand. It is the duty of the Government to see that the poor people are not put to trouble. I have suggested, during the discussion of this demand last year, the division of seats into as many compartments as possible. I have also heard that the Commissioner has sent in a recommendation to the Government on these lines and I do not see why it should not be carried into effect.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Does the member know what the recommendations are?

MR. V. CHELLAM PILLAI (*Tovala*): As far as I know the Commissioner of Police has recommended that the seats should be divided into compartments. I particularly draw the attention of the Government to give effect to that scheme and at least try it for some time. One thing more and I am done. Some of my friends here complained that the Constables are taking bribes. I just want to suggest that only men of character should be appointed for checking timings and overloadings. The other day, I was given to understand by Mr. Vattaparambil Raman Pillai that certain Inspectors are also receiving bribes. What is the use of appointing Inspectors of such character? The number of crimes will be greater and nobody will suspect the persons if they are men of good status. I would therefore suggest again that only persons of good character should be appointed in this service.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): May I ask the member whether he knows that conductors have got to obtain a character certificate from these Inspectors?

MR. V. CHELLAM PILLAI (*Tovala*): Yes; many of the drivers have got character certificates but what is the use of such certificates? I know there are many drivers and conductors who are refusing seats to passengers when seats are available and also are not behaving properly towards them. If it is for a short distance they refuse tickets.

MR. V. J. OOMMEN (*Commerce and Industry, North*): Has the member any objection to the character being tested in schools?

MR. V. CHELLAM PILLAI (*Tovala*): I would be the last person to object to it.

With regard to the notice issued by the Police Commissioner just mentioned by my friends here, that the conviction of drivers three times will deprive them of their license, in view of the opinion of members on this side of the House that constables are not above bribery, I wish to draw the attention of the House to the fact that this notice should be put into operation only after Inspectors of good character are appointed in the service to control motor traffic. With these words I support the motion.

MR. P. S. MAHOMED (*Nominated*): സർ, മോട്ടോർ വാഹന നിയന്ത്രണത്തെപ്പറ്റി പല പ്രസംഗങ്ങളും ഇവിടെ ഉണ്ടാകയും ഓരോരുത്തരുടെ അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു കഴിഞ്ഞു. എന്നാൽ ഒന്നു രണ്ടു കാര്യങ്ങൾകൂടി എനിക്കും പ്രസ്താവിക്കേണ്ടതായിട്ടുണ്ട്. എന്റെ സ്നേഹിതൻ മിസ്റ്റർ ഉമ്മൻ മോട്ടോർ വാഹനങ്ങളെ പരിശോധിക്കുന്നതിനുള്ള അധികാരം കൊടുത്തിട്ടുള്ള ആളുകളുടെ ജൂറിസ്ഡിക്ഷൻ ക്ലിപ്തപ്പെടുത്തീട്ടില്ലാത്തതുകൊണ്ടുണ്ടാകുന്ന ഉപദ്രവങ്ങളെക്കുറിച്ചു പറയുകയുണ്ടായി. അദ്ദേഹം പ്രധാനമായിട്ടു പറഞ്ഞതു് ടെസ്റ്റ് ചെയ്യുന്നതിനുള്ള ഫീസ് ടെസ്റ്റ് ചെയ്യുന്ന ആളുകൾ തമ്മിലുള്ള മത്സരം നിമിത്തം കുറയ്ക്കുന്നു എന്നുള്ളതാണ്. ഇതിനും പുറമേ ഇവർക്കു പ്രത്യേകാധികാരാതൃത്തി നിശ്ചയിച്ചിട്ടില്ലാത്തതു കൊണ്ടുള്ള ദൂഷ്യത്തേയും എടുത്തു പ്രസ്താവിച്ചു. അതായതു ഒരു വിധം ഉത്തരവാദിത്വബോധത്തോടുകൂടി കണിശമായിട്ടു ടെസ്റ്റ് ചെയ്യുന്ന ആളുകളുടെ അടുക്കൽ ബസ്സുടമസ്ഥന്മാർ കൊണ്ടുപോകാതിരിക്കുന്നതിന് ഇതു കാരണമാകുന്നു. ആലപ്പുഴയുള്ള ഒരു മോട്ടോർ ഉടമസ്ഥൻ, അവിടത്തെ പരിശോധകൻ കണിശമായിട്ടിരുന്നാൽ അവിടെ ടെസ്റ്റ് ചെയ്യാൻ കൊണ്ടുപോകയില്ല. കണിശമായിട്ടിരുന്നാൽ ഗുണം കിട്ടുകയില്ലെന്നുള്ള വിചാര

ത്തോടുകൂടി സൌജന്യം കാണിച്ചു കൊണ്ടിരിക്കുന്നവരുടെ അടുക്കൽപോയി ഇവർ ടെസ്റ്റ്ചെയ്തു സട്ടിഫിക്കററ് മേടിക്കുന്നു. ഇങ്ങനെ സട്ടിഫിക്കററു കൊടുക്കുന്നവർ ഫീസ് പണത്തെ മാത്രം വിചാരിച്ചു, പരിശോധന ശരിയായി നടത്തുകയില്ലെന്നുള്ളതും തീച്ചതന്നെ. ആ സ്ഥിതിക്കു ഗണ്യമായ ഒരു തുക ഗവണ്മെൻറു ഓരോരുത്തക്കു ഇങ്ങനെ ദാനം കൊടുക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇപ്പോഠംതന്നെ ഇവിടെ ധാരാളം ഉദ്യോഗസ്ഥന്മാരുണ്ട്. അവരെ മോട്ടാർ നിയന്ത്രണവിഷയത്തിൽ പരിശീലിപ്പിച്ചു വരുത്തുകയോ അല്ലെങ്കിൽ പരിശീലനം നടത്തീട്ടുള്ളവരെ നിയമിക്കയോ ചെയ്താൽ അതു നന്നായിരിക്കും. മററുള്ളവക്കു ധമ്മം കൊടുക്കേണ്ട ഒരാവശ്യവുമില്ല.

പിന്നെ ഒന്നു മുതലാളി പറഞ്ഞതു പോലെ ചെക്കിങ്ങ് സ്റ്റേഷൻ കൊണ്ടു ഇവിടെയുള്ള പോലീസുകാരുടെ പാക്കററു നിറയ്ക്കാമെന്നല്ലാതെ മററു പ്രയോജനമൊന്നും ഉണ്ടാകയില്ല. ഇതിനും പുറമെ ഇവിടെയുള്ള ചെക്കിങ്ങ് സ്റ്റേഷൻെറ എണ്ണം വളരെ കൂടുതലാണ്. ആലപ്പുഴ മുതൽ കൊല്ലംവരെ ഒൻപതു ചെക്കിങ്ങ് സ്റ്റേഷനുണ്ടു. കുറഞ്ഞതു ൫ മിനിട്ടെങ്കിലും ഓരോ ചെക്കിങ്ങ് സ്റ്റേഷനിലും കാർ നില്ക്കണം. വണ്ടിനിറുത്തിയാൽ പോര. ഡ്രൈവരും കൺഡക്ടരുംഇറങ്ങണം. ചെക്കിങ്ങ് സ്റ്റേഷനുള്ളിൽ പോകണം. അവിടെയിരിക്കുന്ന പുസ്തകം ഒപ്പിട്ടു കൊടുക്കണം. ചുരുക്കി പറയുകയാണെങ്കിൽ കുറഞ്ഞതു ഏഴു മിന്നിട്ടു സമയമെങ്കിലും ഇതിലേക്കു വേണം. ഇങ്ങിനെ ഒൻപതു സ്റ്റേഷനിലുംകൂടി ൪൫ മിന്നിട്ടു താമസം വേണ്ടിവരുന്നു. ആലപ്പുഴനിന്നും കൊല്ലത്തേക്കു മോട്ടാറിൽ പോകുന്നതിനുള്ള സമയത്തിൽ മൂന്നിൽ ഒരു ഭാഗം സമയം ഇതിന്നായിട്ടു ചിലവാകുന്നു.

MR. V. J. OOMMEN (*Commerce and Industry, North*): ഓവർ ലോഡിനെ ഉദ്ദേശിച്ചു മാത്രമല്ല ഫീസ് ചെക്കിങ്ങ് സ്റ്റേഷൻ വച്ചിട്ടുള്ളതെന്നറിയാമോ?

MR. P. S. MAHOMED (*Nominated*): ഓവർലോഡിനെ മാത്രമല്ല ടൈമിനെക്കൂടി ഉദ്ദേശിച്ചായിരിക്കാം. ടൈമിനെപററി എൻെറ സ്നേഹിതൻ മിസ്റ്റർ ഇട്ടിച്ചൻ പറഞ്ഞു കഴിഞ്ഞു. ഇനിയും അതിനെ പററി ആവത്തിച്ചു പറഞ്ഞു സമയം കളയണമെന്നു ഞാൻ വിചാരിക്കുന്നില്ല.

അതിനാൽ കൊല്ലത്തിനും ആലപ്പുഴയ്ക്കും മദ്ധ്യേ ഒന്നോ രണ്ടോ ചെക്കിങ്ങ് സ്റ്റേഷനുണ്ടായിരുന്നാൽ ധാരാളം മതിയാകും. എന്നാൽ

[Mr. P. S. Mhomed.]

ഠരം ചെക്കിങ്ങ് സ്റ്റേഷനിൽ ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥന്മാരെത്തന്നെ പരിശോധിക്കാൻ ആക്കണം. അവർ മുഖേന മാത്രമേ ചാർജ്ജ് ചെയ്യാൻ പാടുള്ളു. അല്ലെങ്കിൽ കമ്മിഷണരുടെ പുതിയ ആർഡർ അനുസരിച്ചു സാധുക്കളായഡ്രൈവർമാർ അവരുടെ സ്വഭാവം നല്ലതോ ചീത്തയോ ഏതുരീതിയിലായിരുന്നാലും വളരെ സങ്കടം അനുഭവിക്കേണ്ടതായിട്ടു വന്നുകൂടും. യോഗ്യന്മാരായഡ്രൈവർമാർ ഈ ജോലികൊണ്ട് ഉപജീവനം കഴിച്ചുകൂട്ടാമെന്നുള്ളവരാണ്. അവർ ഈ പോലീസുകാർക്കു പണം കൊടുക്കാതെ കഴിക്കും. പോലീസുകാർക്കുപണം കൊടുക്കുന്ന തോതനുസരിച്ചാണ് ഡ്രൈവർമാരുടെ മേൽ കേസ്സുകൾ ഉണ്ടാകുന്നതു്. അതിനാൽ ഇങ്ങിനെ ഉള്ള സംഗതികളിൽ ചാർജ്ജ് ചെയ്യുന്നതിനു ഉത്തരവാദിത്വമുള്ളവരെത്തന്നെ നിയമിക്കണം. ഠരം അഭിപ്രായങ്ങളോടുകൂടി ഞാൻ ഠരം ഉപക്ഷേപത്തെ പിൻതാങ്ങികൊള്ളുന്നു.

Mr A. C. KURIAKOSE (*Minachil cum Devicolam*). സർ, മിസ്റ്റർ ആശാന്റെ ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടു എനിക്കും ഇവിടെ ചില നിർദ്ദേശങ്ങൾ ചെയ്യാനുണ്ട്. മോട്ടാർ വാഹനങ്ങളുടെ നിയന്ത്രണത്തെ സംബന്ധിച്ചുള്ള വാദപ്രതിവാദത്തിൽ അതിന്റെ ദോഷവശങ്ങളെ പററി എന്റെ സ്നേഹിതന്മാർ പലതുംപ്രസ്താവിച്ചുകഴിഞ്ഞു. അതുകൊണ്ടുഅവയെല്ലാം പുനരുക്തി ന്യായേന എടുത്തുപറയണമെന്നു ഞാൻവിചാരിക്കുന്നില്ല. എനിക്കു ചെയ്യാനുള്ള നിർദ്ദേശങ്ങൾ വളരെ ചുരുക്കമാണ്. ഒന്നാമതായിട്ടും പ്രധാനമായിട്ടും ഗവണ്മെന്റും ജനങ്ങളും ഉത്തരവാദിത്വമില്ലാത്ത ഏതാനും ജനങ്ങളേ വിശ്വസിച്ചു വളരേ ഉത്തരവാദിത്വത്തോടുകൂടിനടത്തേണ്ട കാര്യങ്ങളേ നിർവഹിക്കുന്നതിനു ചുമതലപ്പെടുത്തുന്നതിനേപ്പററിയാണു എനിക്കു പറയേണ്ടതു്. ഡ്രൈവർക്കു പരിശീലനമുണ്ടെന്നു സർട്ടിഫിക്കറെറുകാണിക്കുമ്പോൾ ഗവണ്മെന്റു അവർക്കുലൈസൻസുകൊടുത്തുവരുന്നു. ഇങ്ങനേയുള്ള ഡ്രൈവർമാർ വണ്ടിനടത്തുമ്പോൾ അവർക്കുഎത്രത്തോളം പരിശീലനമുണ്ടു, എന്തുമാത്രം യോഗ്യതയുണ്ടു, എന്നിവകളൊന്നുംഗണിക്കാതേ, ഒരു സ്ഥലത്തുനിന്നും മറെറാരുസ്ഥലത്തേക്കു പോകേണ്ടിവരുന്ന ആളുകൾ വണ്ടിയിൽപോയി കയറുന്നു. ഈ ആളുകളെല്ലാം യാതൊന്നും ആലോചിക്കാതെ ആയുസ്സിനെ അല്ലെങ്കിൽ ജീവനേ ഈ ഡ്രൈവർമാരുടേകയ്യിൽ സമർപ്പിക്കയാണു ചെയ്യുന്നതു്. ഡ്രൈവർമാർ ഉത്തരവാദിത്വബോധത്തോടുകൂടിയല്ലാതേ വണ്ടി നടത്തിയാൽ നിശ്ചയമായിട്ടും മനുഷ്യർക്കുണ്ടാകുന്ന ഉപദ്രവം എത്രമാത്രം കഷ്ടമായിരിക്കു

മെന്നുള്ളതു ഇവിടേ പറയേണ്ടതാവശ്യമില്ല. അതുപോലേതന്നെ ഈ വണ്ടി നടത്തുന്നവരുടെ ഉദ്ദേശം ആദായം ലഭിക്കണമെന്നുള്ളതാണെങ്കിലും ഈ വണ്ടിയിൽ യാത്രചെയ്യുന്ന ആളുകൾ സമയലാഭത്തേ ഉദ്ദേശിച്ചുപോകുന്നവരാണ്. അവരെ അന്യായമായിട്ടു താമസിപ്പിക്കുന്നതു ശരിയല്ല. ഡ്രൈവർമാരെ ഏതെങ്കിലുംതരത്തിൽ കുററക്കാരാക്കണം അല്ലെങ്കിൽതനിക്കു അല്പം ആദായം കിട്ടണമെന്നുള്ള വിചാരത്തോടുകൂടി പോലീസുകാർ സമയം നഷ്ടപ്പെടുത്താൻ ബദ്ധശ്രദ്ധരായി കാണാറുണ്ട്. ഡ്രൈവരെ ശിക്ഷിപ്പിക്കുന്നതിനുള്ള സാഹചര്യം അവരിൽ ഇരിക്കുന്നതുകൊണ്ടു അവർ അങ്ങിനേയും ചെയ്യാറുണ്ട്. അതിനാൽ ഡ്രൈവർമാരെ ചാർജ്ചെയ്യുന്ന സന്ദർഭത്തിൽ ആ വാഹനത്തിൽ ഉണ്ടായിരിക്കുന്നതിൽ ഏതെങ്കിലുംചില വ്യക്തികളുടേ ഒരു സാക്ഷ്യംകൂടാതേ ആ കേസു പ്രമാണരൂപേണ അംഗീകരിക്കത്തക്കതല്ല എന്നു തീർച്ച് ചെയ്യേണ്ടതാണു. അങ്ങനേചെയ്താൽ മാന്യന്മാരുടെ സഹായംകൊണ്ടു പോലീസുകാരുടേ യോഗ്യത വേണ്ടവിധത്തിൽ വെളിപ്പെടുത്തുന്നതിനു ഇടവരുമെന്നുള്ളതു പ്രത്യക്ഷംതന്നെ. ക്രമമായവിധത്തിൽ കൃത്യം നിർവ്വഹിച്ചുപോരുന്ന ഡ്രൈവർമാരുടെമേൽ അക്രമമായി പോലീസുകാർ കേസെടുക്കുന്നുഎങ്കിൽ ഞാൻ മേൽപ്രസ്താവിച്ച വ്യവസ്ഥ ഉണ്ടാകുന്നപക്ഷം ഈഡ്രൈവർമാർക്കു കോടതിയെ അവരുടെ നിർദ്ദോഷത്വത്തെധരിപ്പിയ്ക്കാൻസാധിക്കും. ഇവിടെ നിർദ്ദേശിച്ചിട്ടുള്ള നിർദ്ദേശങ്ങളനുസരിച്ചു അനേകംപരിഷ്കാരങ്ങൾ ചെയ്കയെന്നുള്ളതു ക്ഷണസാദ്ധ്യമല്ല. ഈ വിഷയത്തിൽ എന്റെ അഭിപ്രായത്തോടുകൂടി എന്റെ സ്നേഹിതന്റെ അഭിപ്രായവുംകൂടി അംഗീകരിക്കുന്നതു നന്നായിരിക്കും.

പട്ടണങ്ങളിലുംമററും അനേകം വഴികൾ ഒരുമിച്ചുചേരുന്നസ്ഥലത്തുആളുകൾ ഒന്നിച്ചുനിന്നുകൊണ്ടുവാഹനങ്ങൾക്കുവഴിമാറികൊടുക്കുന്നില്ലെന്നു ഇവിടെ പ്രതിവാദിച്ചു. അതു പരമാർത്ഥമാണ്. ഇങ്ങിനെ വഴികൾ ഒരുമിച്ചുചേരുന്ന സ്ഥലങ്ങളിൽ അനേകം ആളുകൾകൂടി നില്ക്കുകയും അഞ്ചുമിന്നിട്ടു ഇടവിട്ടു മോട്ടാർവാഹനങ്ങൾ സഞ്ചരിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു എന്നുള്ളതു സാധാരണയാണ്. ഇങ്ങനെ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന വാഹനങ്ങളുടെ രക്ഷയ്ക്കും ആളുകളുടെ രക്ഷയ്ക്കും മററു പ്രകാരത്തിലും വേണ്ടനിയന്ത്രണം ഉണ്ടായിരിക്കേണ്ടതത്യാവശ്യമാണ്. അതിലേക്കു തിരുവനന്തപുരം പട്ടണത്തിൽ ഇപ്പോൾകാണുന്നതുപോലെ ട്രാഫിക്ക്പോലിസുകാരെ നിർത്തി നിയന്ത്രിക്കണം.

MR. N. K. KRISHNA PILLAI (*Neyyattinkara*) : വണ്ടി നിൎത്തുന്നസ്ഥലങ്ങളിൽ പ്രായേണകള്ളുഷാപ്പും ഉണ്ടായിരിക്കുമെന്നറിയാമോ?

MR. A. C. KURIAKOSE (*Minachil cum Devicolam*) : എനിക്കറിഞ്ഞുകൂടാ. ഞാൻ സാധാരണ എന്റെ യാത്രാഗതിയിൽ വണ്ടിനിൎത്തുന്ന സ്ഥലം മാത്രമേ ശ്രദ്ധിക്കാറൊള്ളു. മിസ്റ്റർ കൃഷ്ണപിള്ള പറയുന്നതുപോലെയുള്ള ഒരു സ്ഥലം ഞാൻ കണ്ടിട്ടില്ല. അപ്രകാരമുള്ള സ്ഥലങ്ങൾ ഉണ്ടായിരുന്നാൽതന്നെ വണ്ടിയിൽ യാത്രചെയ്യുന്നവൎക്ക അതുകൊണ്ടു ഗുണമോ ദോഷമൊ ഉണ്ടോ എന്നുതന്നെയും ഞാൻ ചിന്തിച്ചിട്ടില്ല.

ഈ പാളയത്തിൽതന്നെ വണ്ടി കടന്നുപോകുന്ന പ്രദേശങ്ങളിൽ ആളുകൾ ധാരാളം നില്ക്കുന്നതുകാണാം. അവിടെയും കള്ളുഷാപ്പുള്ളതായി എനിക്കറിവില്ല. ആലപ്പുഴയുമില്ല.

അതുപോലെ പോലീസുകാരെ നിൎത്തി ഇങ്ങനെയുള്ള സ്ഥലങ്ങളിലൊക്കെ നിയന്ത്രിക്കുന്നതിനു ഏൎപ്പാടുചെയ്താൽ നന്നായിരിക്കും. തിരുവനന്തപുരത്തു ഇപ്പോഴുള്ളതുപോലെ മററുസ്ഥലങ്ങളിലും എപ്പോഴും നിയന്ത്രിക്കണമെന്നു ഞാൻ പറയുന്നില്ല. അവർ രാപകൽ ഈ വെയിലത്തും മഴയത്തും നിന്നുഎന്തുമാത്രം ജനരക്ഷചെയ്യുന്നു! നിസ്സാരമായ ശമ്പളം വാങ്ങിച്ചുകൊണ്ടു ജോലിചെയ്യുന്ന പോലീസുകാരെ കുററംപറഞ്ഞാൽമാത്രം പോരാ. അവരുടെ ഉപജീവനമാൎഗ്ഗംകൂടി ആലോചിക്കണം. അവൎക്ക ആണ്ടിൽ നാലോ അഞ്ചോ ചെരിപ്പുവാങ്ങിക്കൊടുക്കണം. അവർ ഉച്ചവെയിലത്തുചെയ്യുന്ന വേലയെ പരിഗണിച്ചു മനുഷ്യസാധാരണമായ അനുകമ്പ വച്ചുകൊണ്ടു അവരുടെസ്ഥിതിയിൽ നാം അനുഭാവം കാണിക്കണം. അതുപോലെയുള്ള നിയന്ത്രകന്മാരെ വേണ്ടപോലെ പരിശീലിപ്പിക്കുകയും അവൎക്ക അവരുടെ ശമ്പളത്തിൽപകുതിയെങ്കിലും വരുന്നതുക അലവൻസായി കൊടുക്കയും ചെയ്യണം.

മോട്ടാർഡ്രൈവർമാരെ സംബന്ധിച്ചിടത്തോളം അതാതുസ്ഥലത്തുള്ള മാന്യന്മാരുടെ സർട്ടിഫിക്കെററുകളെ വിശ്വസിക്കയും അങ്ങിനെ മാന്യന്മാരുടെ സർട്ടിഫിക്കെററുകൾ ഹാജരാക്കുന്ന ഡ്രൈവർമാരുടെ മേൽ ഉണ്ടാകുന്ന കേസ്സുകളിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കയും ചെയ്യണം.

നാലുപ്രാവശ്യത്തിലധികം കുററംചെയ്തിട്ടുള്ള ഡ്രൈവർമാരുടെ ബാഡ്ജും ലൈസൻസും ഒരുകൊല്ലത്തേക്കു സസ്പെൻഡുചെയ്തു അവ

റെ പിരിച്ചയക്കണമെന്നാണ് ഇപ്പോഴത്തെ നിയമം. ഇങ്ങനെ പിരിച്ചയച്ചാൽ പുതിയപുതിയ ഡ്രൈവർമാർക്കു ജോലികിട്ടുമെങ്കിലും പഴയ ഡ്രൈവർമാർക്കു പോലീസുകാരുടെ വിരോധംനിമിത്തം ജോലികിട്ടുന്ന കാര്യത്തിൽ ബുദ്ധിമുട്ടിനു ഇടവരുമെന്നുള്ളതു പ്രത്യേകം ചിന്തിക്കേണ്ട വിഷയമാണ്. ഇത്രയും നിർദ്ദേശങ്ങളോടുകൂടി ഈ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*) : വെയിലത്തുനില്ക്കുന്ന പോലീസുകാർക്കു എന്തുശമ്പളം ഉണ്ട്?

MR. A. C. KURIAKOSE (*Minachil* cum *Devicolam*) : എന്തുശമ്പളമുണ്ടെന്നോ അല്ലെങ്കിൽ എന്തുശമ്പളംകൊടുക്കണമെന്നോ ഞാൻ പറയുന്നില്ല. അവർക്കു നൽകുന്ന ശമ്പളത്തിൽ പകുതിയെങ്കിലും അലവൻസായി കൊടുക്കണമെന്നേ പറഞ്ഞൊള്ളു.

MR. V. S. KRISHNA PILLAI (*Tiruvalla*): മി: ആശാൻെറ ഉപക്ഷേപത്തെ ഞാനും പിൻതാങ്ങിക്കൊള്ളുന്നു. ഡ്രൈവർമാരുടെ സ്ഥിതിയെ പററിയും ഇപ്പോൾ ഏർപ്പെടുത്തീട്ടുള്ള ചട്ടത്തിൽ വരുത്തേണ്ട ഭേദഗതികളെപററിയും എൻെറ സ്നേഹിതന്മാർ പലരും ഇവിടെ പ്രതിവാദിക്കയുണ്ടായി. എന്നാൽ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള ചട്ടത്തിൽ ഭേദഗതിവരുത്തുന്നതിനു മുമ്പായി അതിനെ ശരിയായി അനുഷ്ഠിക്കുന്നുണ്ടോ എന്നു നോക്കേണ്ടതാണ്. ഇപ്പോൾ ചെക്കിങ്ങ് സ്റ്റേഷൻ ഉണ്ട്. ഇന്ന സമയത്തു വണ്ടി സ്റ്റാർട്ടുചെയ്യണമെന്നും, ഇന്നയിന്നസ്റ്റേഷനിൽ ബസ്സുകൾ നില്ക്കണമെന്നും, ഇത്രയിത്ര മിന്നിട്ടു നില്ക്കണമെന്നും, ഇന്നപ്പോൾ ഇന്നസ്ഥലത്തു ചെന്നു ചേരണമെന്നും, ചട്ടത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതനുസരിച്ചു യാതൊന്നും തന്നെ അനുഷ്ഠിക്കുന്നില്ലെന്നുള്ളതു ബസ്സിൽ യാത്രചെയ്യുന്ന ആരും സമ്മതിക്കുന്നതാണ്. ചെക്കിങ്ങ് സ്റ്റേഷനിൽ വച്ചിരിക്കുന്ന സമയത്തെപ്പററി എൻെറ സ്നേഹിതൻ ഇവിടെ പറയുകയുണ്ടായി. ഓരോ സ്ഥലത്തും വച്ചിരിക്കുന്നസമയം ഓരോമാതിരി. നമുക്ക് ഇവിടെറയിൽവെ ടൈം ഉണ്ട്. ഗൺ ടൈം ഉണ്ട്. എന്നാൽ ബസ്സ് ടൈമിനു യാതൊരു ഐക്യരൂപ്യവുമില്ല. ചെക്കിങ്ങ സ്റ്റേഷനിൽ സൂക്ഷിച്ചിരിക്കുന്ന മണി ഇഷ്ടം പോലെ തിരിച്ചുവയ്ക്കാറുണ്ട്.

MR. ITTOOP ITTEECHAN (*Kunnatnad*): ടൈം ശരിയല്ലാതെ ഇരിക്കുമ്പോൾ ഡ്രൈവർക്കു നിയമത്തെ അനുഷ്ഠിക്കാൻ സാധിക്കുമോ?

MR. V. S. KRISHNA PILLAI (*Tiruvalla*): സാധിക്കും. ടൈം ശരിയായിട്ടുപോകുന്നതിനു പോലീസ് ഉദ്യോഗസ്ഥന്മാരും ഡ്രൈവർമാരും തമ്മിൽ യോജിച്ചാൽ ഒരു പ്രയാസവുമില്ല.

MR. ITTOOP ITTEECHAN (*Kunnatnad*): എന്റെ ചോദ്യം അതല്ല. മോട്ടാർ വാഹനനിയന്ത്രണാർത്ഥം സന്തതിച്ചുള്ള ചട്ടത്തെ അനുഷ്ഠിക്കുന്നതിനു, ഈ സമയവ്യത്യാസംകൊണ്ടു ഒരു ഡ്രൈവർക്കു സാധിക്കുമോ എന്നാണു ചോദ്യം.

MR. V. S. KRISHNA PILLAI (*Tiruvalla*): ഡ്രൈവർമാരല്ല സാധിക്കേണ്ടതു്. ആ വകുപ്പിനെ ഭരിക്കുന്നതായ ചുമതലയുള്ള ഉദ്യോഗസ്ഥന്മാരാണു ചട്ടം ശരിയായി അനുഷ്ഠിക്കുന്നുണ്ടോ എന്നു സൂക്ഷിക്കേണ്ടതു്. ഡ്രൈവർമാരോടു 'നീ അങ്ങോട്ടുപോ' എന്നു പറഞ്ഞാൽ അങ്ങോട്ടു പോകുന്നതിനും 'ഇങ്ങോട്ടുപോ' എന്നു പറഞ്ഞാൽ ഇങ്ങോട്ടു പോകുന്നതിനും അല്ലാതെ ഈ വകചുമതല അവർക്കില്ല.

MR. ITTOOP ITTEECHAN (*Kunnatnad*). ഒരു സ്റ്റേഷനിൽ നിന്നും വണ്ടി പുറപ്പെട്ടു അടുത്ത സ്റ്റേഷനിൽ ചെല്ലുമ്പോൾ അവിടത്തെ സമയം ശരിയല്ലെങ്കിൽ ഈ ഡ്രൈവർ നിയമപ്രകാരം കുററക്കാരനാണോ?

MR. V. S. KRISHNA PILLAI (*Tiruvalla*): നിയമപ്രകാരം കുററക്കാരനാകാതിരിക്കുന്നതിനു പോലീസു ഉദ്യോഗസ്ഥന്മാരും അവിടെ ചെന്നുചേരുന്ന ഡ്രൈവർമാരും തമ്മിൽ യോജിച്ചു പ്രവർത്തിക്കണം.

MR. P. S. MAHOMED (*Nominated*): അങ്ങിനെ യോജിക്കണമെങ്കിൽ പോലീസുകാർക്കു ഈ ഡ്രൈവർമാർ എന്തെങ്കിലും കൊടുക്കണ്ടേ?

MR. V. S. KRISHNA PILLAI (*Tiruvalla*): ആ ഭാഗത്തെപററി വിമർശിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല.

ഈ ട്രാഫിക്കു വകുപ്പിനെപററി അധികമൊന്നും എനിക്കുപറയാനില്ല. അതിലേക്കു ഏർപ്പെടുത്തീട്ടുള്ള ചട്ടങ്ങൾ ശരിയായി അനുഷ്ഠിക്കുന്നുണ്ടോ എന്നുള്ള സംഗതിയിൽ പോലീസു കമ്മീഷണർ പ്രത്യേകം ശ്രദ്ധവയ്ക്കണം. പോലീസു കമ്മീഷണരുടെ താഴെ ഡിസ്ട്രിക്ട് സൂപ്രണ്ടു, അസിസ്റ്റന്റു സൂപ്രണ്ടു, ഇൻസ്പെക്ടർമാർ ഇവരെല്ലാം ഉണ്ടെങ്കിലും ചട്ടം അനുസരിച്ചു പ്രവർത്തിക്കുന്നില്ലെന്നു അനുഭവംകൊണ്ടറിയാം. അതിനാൽ ഇപ്പോഴത്തെ ചട്ടം ശരിയായി അനുഷ്ഠിക്കുന്നതിനും, അതിൽ ജനങ്ങൾക്കു ഉപദ്രവമുള്ള വല്ലഭാഗവും ഉണ്ടായിരുന്നാൽ അവയെ പരിഹരിക്കത്തക്ക വിധത്തിൽ ഏതാനും ഭാഗങ്ങൾ കൂട്ടിച്ചേർത്തു ആ ചട്ടത്തെ പരിഷ്കരിക്കുന്നതിനും, അതിനെ നടപ്പിൽ കൊണ്ടുവരുന്നതിനും കീഴ്

ദ്യോഗസ്ഥന്മാരെ നിഷ്കർഷിക്കുന്നതിനും വേണ്ട നടപടികൾ നടത്തണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ ബലമായി പിൻതാങ്ങിക്കൊള്ളുന്നു.

MR. L. A. BISHOP (*Commissioner of Police*): Sir, some of the members have been dealing with the problem of traffic control. This is still a problem in America and other countries. Here in Travancore there are about 2000 people to one motor car. In America there are about four persons to a car and yet the problem is not solved there yet. I must remind members that we are continuing with the same police staff that was in existence when there were but few motor vehicles in the State. In the Trivandrum District alone we have diverted eleven Head Constables and about one hundred and eighty constables from their normal duties such as beats, process service, patrols and investigation work.

I gather from members who have just spoken that they consider traffic conditions in Travancore to have reached a dangerous state. I am not sure that they are altogether correct. I think that conditions are not worse here than they are in other parts of the world. I may say that in Trivandrum in the last twelve months only two persons have been killed by motor accidents and there were only about a dozen smashes. Traffic in Travancore is far heavier than anywhere else in India and I believe that the Nagercoil-Trivandrum road carries the heaviest traffic for any road in India. If we combine the total mileage run by buses in one day it comes to 4882 miles and yet in the past twelve months only five persons have been killed and only fourteen persons injured. I know, of course, that even five deaths are deplorable but when you consider the enormous traffic on this road it is astonishing that there have not been more. If you walk along the Main Bazaar Road here between five and six o'clock in the evening you will see it absolutely full of pedestrians walking in the middle, sides and across. You have to blow the horn continually. Now in America if you cross the street where there is no crossing you are taken by the constables, you are put in the lock-up and you are charged. Here I am afraid it is the motor driver who is taken over to the lock-up and charged (*Laughter*).

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): May I know from the Police Commissioner whether pedestrians have at any time been charged for crossing the street here?

MR. L. A. BISHOP (*Commissioner of Police*): No.

Now, Sir, some of the members mentioned just now that I was very unfair in my circular regarding the suspension of the badges of drivers who are convicted. The members say that it was very unfair on my part to have issued the circular with retrospective effect but at the same time they want me to deal with drivers very strictly and rigorously.

[Mr L. A. Bishop.]

Well, I know that these drivers plead guilty so as to get off with a small fine. We do the same thing in England. If we do something said to be wrong although we may consider it to have been right, we usually plead guilty and we usually get off with a small fine. If we do not plead guilty, the magistrate gets annoyed and we get a heavy fine. And even there an accumulation of such fines leads to suspension and ultimately the cancellation of the license.

Just after my arrival I issued instructions that cases are not to be prosecuted on the mere uncorroborated evidence of the constabulary. You will find that that order is being carried out. If it is not I shall be glad to have instances brought to my notice. Therefore my presumption is that the offences noted in the endorsement form are real offences. I want to see that traffic is controlled as well as I can do so. I must deal with drivers who transgress the rules. My duty is not to deal out charity to drivers. My duty is to punish drivers. It is better to be unfair to a driver, even, provided the public gets better safety.

Mr. Damodaran Asan raised the point that these drivers come to the roads unqualified and that their morals are not looked into. Well, if I get a cook what is the best way of finding out if he is a good cook or not? I have to get him to cook and eat what he cooks. If I die it is to be presumed that he is not a good cook. Testing is the best way (*Laughter*).

The best test is to get the driver to drive one along a typical road through the bazaar and traffic and round bad corners. In British India I did the testing myself, I believe that to be the best way of testing. After all we cannot interfere too much with the liberty of the subject. We cannot interfere beyond a certain degree and I am sure that this House would not approve if I made confidential enquiries into morals and so on. What we do is to look into police records and see if the particular applicant is a rowdy, whether he has convictions, whether his character is good or not. If it is not he will not get a license. Every man must get a temporary license to learn to drive and must have a driver with a permanent license beside him when he drives. After six months he is tested by the A. S. P. or D. S. P. and in some cases by the Traffic Inspector when the other officers are not available. I cannot consider that there is any better method than that or a better test.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): How is it done in America?

MR. L. A. BISHOP (*Commissioner of Police*): I cannot say. But in England you go to an office. You may be blind or deaf or have no limbs but you pay five shillings over the counter and you get your license. We do not do the same thing in Travancore. I do not know how it is done in America.

As regards driving the public a driver has to have 24 months' experience before he can do so. That is, I think, a good period. In Cochin it is three years but I think that is unnecessarily long.

MR. V. CHELLAM PILLAI (*Tovala*): May I know from the Commissioner of Police whether all checking officers have got driving licenses?

MR. L. A. BISHOP (*Commissioner of Police*): Some have and some have not.

MR. V. CHELLAM PILLAI (*Tovala*): Will persons who have no licenses be able to detect defects?

MR. L. A. BISHOP (*Commissioner of Police*): The testing officer can tell from the way the applicant drives. If he drives into a wall or badly round corners, he can presume him to be bad. If he drives straight along the road and steers well and manoeuvres well through traffic, he can be presumed to be efficient (*Laughter*). Many other points have been raised during the debate. Some members have urged that checking stations are too numerous and should be abolished. I know that the checking is not altogether good and as a matter of fact the checking of timings between starting and arrival points is of no value at all from the point of view of the law as it has not been supported in a High Court ruling. I have already reduced the number of checking stations experimentally and I hope that in time we shall merely have stations at termini and junctions. Thus less inconvenience will be caused to bus owners and the travelling public.

As regards the inconvenience to the public by companies charging different fares I hope to evolve a scheme by which every passenger will be able to see a schedule of fares on each bus.

These are all matters which Government are considering. We have about fifty amendments to the Rules under consideration and when the new Traffic Scheme is instituted I hope that this House and the public will realise that we have tried our best in regard to traffic control. With these words I trust that the member will withdraw the motion.

MR. N. K. KRISHNA PILLAI (*Neyyattinkara*): Is the member aware that some of the old checking stations have been abolished of late?

MR. L. A. BISHOP (*Commissioner of Police*): Yes.

MR. N. K. KRISHNA PILLAI (*Neyyattinkara*): May I know from the member whether prosecutions in connection with motor accidents have increased or decreased of late?

MR. L. A. BISHOP (*Commissioner of Police*): I cannot say as I have not got the figures.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): I must candidly admit that I was not able to follow the Police Commissioner. Anyhow, I wish to make a few observations, in my reply. It has been brought to the notice of this House that the Police men are to take the initiative in instituting prosecutions for offences. It has also been repeatedly brought to the attention of this House that the Police is always corrupt.

PRESIDENT: Mr. Asan, you said that you were not able to follow the Police Commissioner. This is what Mr. Bishop said. He has issued a circular to the effect that no prosecutions are to be launched on the uncorroborated evidence of the police men alone.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Even though such a circular was issued, my friends were saying that in the case of convictions before the issue of the circular, those convictions were taken as offences and consequently the badges of drivers were suspended. With reference to this point, I wish to draw the attention of the Government to a sentence which occurs in the Administration Report about traffic. "In view of the danger to life involved in offences against the Motor Vehicles Regulation, the Government hope that the Magistracy will realise the responsibility to safeguard the public by visiting deterrent punishment on the offender".

PRESIDENT: Administration Report of what year, please?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): 1103. I think that this sentence compels the Magistracy to be more strict or very severe in those cases. The Magistracy fully knows how to deal with these cases and if they go wrong the High Court will say on what principle punishment is to be given. This sentence in the Administration Report will have a very great effect against the poor drivers when prosecution is launched at the instance of the constables.

The Commissioner was saying that in America traffic is more heavy and so on. But he was not able to say how the testing of the motor drivers is conducted in America. He referred to the practice which is prevalent elsewhere and said what is being done in England. He does not compare.

MR. L. A. BISHOP (*Commissioner of Police*): I said I have no knowledge of the system in America regarding the testing of the drivers.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): When the Commissioner admits that the traffic here is much more than that in other parts in India and when he quotes America to show that the traffic conditions are a little better here when compared to America I think in order to make the comparison complete he must be able to say what method is adopted in America for testing the capacity of the drivers. I would suggest that since some of the accidents are due to the lack of knowledge of the public about the rules of the road and the Motor Regulations it is better to circulate leaflets among the public in general as to how they should conduct themselves when they are on the high road where motor traffic is prevalent. Then accidents could be avoided to a large extent.

My friend Mr. Chellam Pillai was saying that some traffic scheme is in preparation and it is likely to be brought into force. What I have to suggest is that the traffic system is in urgent need of improvement and if at all any improvement has to be effected it must be done after

the scheme is brought for the consideration of this House, and the House should be given an opportunity to examine it. With these few words I withdraw the motion.

PRESIDENT : Does the House permit the motion to be withdrawn?

The motion was, by leave, withdrawn.

Motion 342.

The following motion was not moved :

MR. P. S. MAHOMED :

To reduce the allotment of Rs. 16,523 for establishment by Rs. 10.

Motion 343.

To reduce the allotment of Rs. 16,523 for establishment by Rs. 100.

MR. V. S. KRISHNA PILLAI (*Tiruvalla*): സർ, പോലീസ് വകുപ്പിന്റെ പൊതുവെയുള്ള ഭരണനയത്തെപ്പററി രണ്ടു പ്രധാന സംഗതികൾ ഇവിടെ ചൂണ്ടിക്കാണിക്കാൻ വേണ്ടി മാത്രമാണ് ഞാൻ ഈ ഉപക്ഷേപം ഇവിടെ ഹാജരാക്കീട്ടുള്ളത്. ൧൧൦൩-ാമാണ്ടത്തെ രാജ്യഭരണറിപ്പോർട്ടിൽ ൪൦-ാം പുറം ൬-ാം പാരാവിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു

In the Administration Report for 1103 it is said : "The Police arrested 3,256 persons of whom 709 were convicted"

Again it is said "one of the noteworthy features of the department during the previous year was that every member of the Police force was able to read and write."

ഈ രാജ്യത്തു ൩,൨൫൬ നിരപരാധികളായ ആളുകളെ അറസ്റ്റു ചെയ്തിട്ടുണ്ടു്. എന്നാൽ അതിൽ കൺവിക്ററ് ചെയ്തിട്ടുള്ളതു് ൭൦൯ പേരെ മാത്രമാണ്. ഇപ്രകാരം ൨൫൦൦-ൽ ചില്വാനം ജീവികളെ ഈ വിധത്തിൽ അറസ്റ്റ് ചെയ്തു് ആ കേസുകളുടെ അവസാനംവരെ— ചിലക്കു ജാമ്യം അനുവദിക്കാതെയും-വച്ചു സങ്കടപ്പെടുത്തിവരുന്നതായി കാണുന്നുണ്ടു്. ഈ ഡിപ്പാർട്ടുമെന്റിൽ എഴുതാനും വായിക്കാനും അറിയാൻ പാടില്ലാത്തവരായി ആരുമില്ലെന്നു അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന ഭാഗം വായിച്ചു നോക്കിയാൽ അതിന്റെ ആകപ്പാടെയുള്ള സ്വഭാവം ആരും പറയാതെതന്നെ വെളിവാകുന്നതാണ്. സാധാരണ ഉൾനാടുകളിൽ ഈ പോലീസ് സൈന്യം പ്രജാരക്ഷകന്മാരാണെന്നുള്ള തത്വത്തിനു വിപരീതമായി പ്രവർത്തിക്കുന്നില്ലെങ്കിലും അവരുടെ ആകപ്പാടെയുള്ള നടപടി കൊണ്ടു അവർ ഏതോ ഒരു ഭയങ്കരരൂപികളാണെന്നും അവരുടെ കയ്യിൽ അകപ്പെട്ടുപോയാൽ ന്യായമെന്നും അന്യായമെന്നും ഉള്ള ഭാഗത്തെ അവർ ചിന്തിക്കയില്ലെന്നും അതിനാൽ അക്ഷരംപ്രതി അവരുടെ കല്പനകളെ അനുസരിക്കയല്ലാതെ ഗത്യന്തരമില്ലെന്നുമാണ് ഉൾനാട്ടിലെ ജനങ്ങളുടെ വിശ്വാസം.

[Mr. V. S. Krishna Pillai.]

൫൦൦-൦ ൧൦൦-൦ രൂപാ ശമ്പളം വാങ്ങിക്കുന്ന ഒരു കാളേജു പ്രൊഫസരും ഏഴോ എട്ടോ രൂപാ ശമ്പളം വാങ്ങിക്കുന്ന ഒരു പോലീസ് കാൺസ്റ്റബിളും കൂടി ഒരു നാട്ടിൻപുറത്തു ചെന്നാൽ ഈ പോലീസ്കാരനേയാണ് അവിടത്തെ ജനങ്ങൾ വലിയ ഉദ്യോഗസ്ഥനായി വിചാരിച്ചു ഉപചരിക്കുന്നതു്.

MR. N. K. KRISHNA PILLAI (*Neyyattinkara*): അതു് ആരുടെ തെററാണ്? നാട്ടിൻപുറത്തുകാരുടെ തെററല്ലേ?

MR. V. S. KRISHNA PILLAI (*Tiruvalla*): നിരക്ഷരകുക്ഷികളായ ആളുകളെ ഡിപ്പാർട്ടുമെൻറിൽ സ്വീകരിക്കുന്നതുകൊണ്ടു് ഏതെല്ലാം വിധത്തിലുള്ള തന്ത്രങ്ങൾ പ്രയോഗിച്ചാൽ നാട്ടിൻപുറത്തെ ജനങ്ങളുടെ ബുദ്ധിയെ ചലിപ്പിക്കാൻ സാധിക്കുമെന്നുള്ളതു് അവൎക്കു നല്ലവണ്ണം അറിയാം. ആ തന്ത്രങ്ങളെ സൌകൎയ്യംപോലെ സമയാസമയം പ്രയോഗിക്കുന്നതിനു ഡിപ്പാർട്ടുമെൻറിലെ പരിചയംകൊണ്ടു അവർ വിദഗ്ദ്ധന്മാരായി തീൎന്നിട്ടുണ്ടു്. പോലീസ് ചട്ടം നോക്കിയാൽ ആക്ഷേപയോഗ്യമായിട്ടു അതിൽ ഒന്നുംതന്നെ ഇല്ലെന്നു കാണും. എന്നാൽ ചട്ടങ്ങൾ വായിച്ചു രസിക്കുന്നതിനുള്ളവയല്ലെന്നും അനുഭവത്തിൽ വരുത്തേണ്ടവയാണെന്നും കൂടി ഓൎക്കണം.

൩൦൦൦-ൽ ചില്വാനം പേരെ അറസ്റ്റ് ചെയ്തതിൽ ൨൦൦൦ ത്തിൽ ചില്വാനംപേരെ നിരപരാധികളായിട്ടു വിട്ടിരിക്കുന്നു. ഇത്രയും ആളുകളെ ആ കേസ് തീരുമാനിക്കുന്നതുവരെ ലാക്കപ്പിൽ അടച്ചു സൂക്ഷിക്കനിമിത്തം ഏതെല്ലാം തരത്തിലുള്ള ഉപദ്രവങ്ങളാണ് സഹിക്കേണ്ടതായി വന്നിട്ടുള്ളതു്?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): പോലീസ് ലാക്കപ്പിൽ സൂക്ഷിക്കുന്നതു് ആരുടെ വരുതി അനുസരിച്ചാണു? പോലീസ് ഉദ്യോഗസ്ഥൻെറയോ മജിസ്ട്രേട്ടിൻെറയോ?

MR. V. S. KRISHNA PILLAI (*Tiruvalla*): പോലീസ്കാർ റിമാൻറ് അനുവദിച്ചു തരണമെന്നു അപേക്ഷിക്കും. അവർ ൧൫ ദിവസത്തേക്കപേക്ഷിച്ചാൽ മജിസ്ട്രേട്ട് ഒരാഴ്ചകൂടി അനുവദിക്കാറുണ്ടു്. പിന്നെയും ആവശ്യപ്പെട്ടാൽ പിന്നെയും അതുപോലെ അനുവദിക്കാറുണ്ടു്.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry South*): Sir, I rise to a point of order. The member is talking about the decisions of the Magistrates.

MR. V. S. KRISHNA PILLAI (*Tiruvalla*): Sir, I am sorry, the member has not understood me correctly.

ഞാൻ എൻെറ പായിൻറ വിട്ടിട്ടല്ല സംസാരിച്ചതു്. റിവിഷനെ പററിയോ മജിസ്രേട്ടിൻെറ നടപടികളെ പററിയോ ഞാൻ സംസാരിക്കുന്നില്ല. പോലീസുകാർ പുള്ളികളെ ലാക്കപ്പിൽ സൂക്ഷിക്കുന്നതു് സ്വയമായിട്ടോ, മജിസ്രേട്ടിൻെറ വരുതിയോടുകൂടിയോ എന്നുള്ള ചോദ്യത്തിനു ഉത്തരം പറയുകയാണു് ചെയ്യതു്. മി: പിറവിപെരുമാൾപിള്ള ഇതു ശ്രദ്ധിച്ചിരുന്നുവെങ്കിൽ അനാവശ്യമായി എൻെറ സമയത്തെനഷ്ടപ്പെടുത്തുകയില്ലായിരുന്നു.

MR. ITTOOP ITTEECHAN (*Kunnatnad*): മജിസ്രേട്ടിൻെറ അനുമതികൂടാതെ തന്നെ ൨൪ മണിക്കൂർ നേരത്തേയ്ക്കു പോലീസുകാൎക്കു ഒരു പുള്ളിയെ ലാക്കപ്പിൽ സൂക്ഷിക്കുന്നതിനു് അധികാരമില്ലേ?

MR. V. S. KRISHNA PILLAI (*Tiruvalla*): അങ്ങിനെ വയ്ക്കാം. ഇങ്ങിനെ നിരപരാധികളായ നമ്മുടെ രാജ്യത്തെ സാധുജനങ്ങളെ വലിയ വിദ്യാഭ്യാസമൊന്നുമില്ലാത്ത ഒരുകൂട്ടം ആളുകളുടെ കയ്യിൽ അകപ്പെടുത്താതിരിക്കുന്നതിനും, അകപ്പെട്ടുപോയാൽ മനുഷ്യസാധാരണമല്ലാത്ത സങ്കടമനുഭവിക്കുന്നതിനു ഇടവരുത്താതിരിക്കുന്നതിനും ഏതെങ്കിലും ഒരു രക്ഷാമാൎഗ്ഗം ഗവണ്മെൻറ ചെയ്യേണ്ടതാണു്.

MR. N. K. KRISHNA PILLAI (*Neyyattinkara*): കൂടുതൽ വിദ്യാഭ്യാസമുള്ളവരെകാൺസ്ററബിൾമാരായിട്ടു നിയമിക്കണമെന്നാണോ മെമ്പരുടെ അഭിപ്രായം?

MR. V. S. KRISHNA PILLAI (*Tiruvalla*): കൂടുതൽ വിദ്യാഭ്യാസമുള്ളവരെമാത്രമേ കാൺസ്ററബിൾമാരായി നിയമിക്കാവൂ എന്നു ഞാൻ പറയുന്നതായാൽ അതിനു അൎത്ഥമില്ല. ഞാൻ ഇവിടെ ഉദ്ധരിച്ചപ്രകാരം എഴുതാനും വായിക്കാനും അറിഞ്ഞുകൂടാത്തവർ ഈ ഡിപ്പാർട്ടുമെൻറിൽ ഇല്ല എന്നു വളരെ ആഹ്ളാദമായിട്ടും അഭിമാനമായിട്ടും ഗവണ്മെൻറു പറയേണ്ട ആവശ്യമില്ല. ഒരാൾ ഞാൻ ജനിച്ചതിൽപിന്നെ ഇതുവരെ മോഷണം ചെയ്തിട്ടില്ല' എന്നു അഭിമാനമായിട്ടു പറയേണ്ട ആവശ്യമില്ല. സാമാന്യവിദ്യാഭ്യാസമെങ്കിലും ഉള്ളവരെമാത്രമേ ഈ ഡിപ്പാർട്ടുമെൻറിൽപ്രവേശിപ്പിക്കാവൂ. സ്വല്പം ആത്മാഭിമാനമുള്ളആളുകൾക്കു് ഏതെങ്കിലും ഒന്നോ രണ്ടോ നിരുത്തരവാദികളായ ആളുകളുടെ മൊഴിയെ അടിസ്ഥാനമാക്കി ലാക്കപ്പിൽ ആകത്തക്കവിധത്തിൽ വന്നുപോയാൽ അവർ അതിൽനിന്നും രക്ഷപ്രാപിക്കുന്നതിനു ശ്രമിക്കുമെന്നുള്ളതു മനുഷ്യസാധാരണമാണു്. നിയമവിരുദ്ധമായ നടപടികൾക്കുകൂടിയും ഇതുകാരണമായിതീരുന്നുണ്ടു്. ഈ നടപടിദൂഷ്യം എന്താണെന്നു ഇവിടെ വിവരിച്ചുപറയാൻ സമയമില്ല. തൻെറ അഭിമാനരക്ഷയ്ക്കുവേ

[Mr. V. S. Krishna Pillai.]

ണ്ടി അവക്കു എന്തെങ്കിലും കൊടുക്കുന്നതിനു അയാൾ തയ്യാറാവുകയും, അയാളെ ഭയപ്പെടുത്തി എന്തെങ്കിലും മേടിക്കുന്നതിനു സ്വല്പശമ്പളക്കാരായ പോലീസുകാർ തുനിയുകയും ചെയ്യും എന്നുള്ളതും സാധാരണമാണ്. ഇതിലേക്കു ഏതെങ്കിലും ഒരു ദൃഷ്ടാന്തം ഇവിടെ ഉദ്ധരിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. എന്നുമാത്രമല്ല പോലീസുകാർ നാലോ അഞ്ചോ രൂപാ കൈക്കൂലി വാങ്ങി എന്നുള്ളതിനു കേസുകൊടുത്തു തെളിവിൽ കൊണ്ടുവരണമെങ്കിൽ അതിനും കുറഞ്ഞപക്ഷം ൧൫൦, ൨൦൦ രൂപാവരെ ചിലവാക്കിയാൽ മാത്രമേ സാധിക്കയൊള്ളു എന്നുള്ളതുകൊണ്ട് ഇതിൽ മൌനം ദീക്ഷിക്കയേ നിവൃത്തിയൊള്ളു. അതിനാൽ പൊതുജനങ്ങൾ അനുഭവിക്കുന്ന സങ്കടത്തിനു ഡിപ്പാർട്ടുമെൻറിൽനിന്നും എന്തെങ്കിലുംതരത്തിൽ ഒരു നിവൃത്തിഉണ്ടാക്കണമെന്നു പറയുന്നതിനാണ്ഞാൻഈഉപക്ഷേപംഇവിടെഅവതരിപ്പിച്ചിട്ടുള്ളതു്.

MR R. RAMAN PILLAI (*Kottayam*) : സർ, ഞാൻ എൻെറ സ്നേഹിതൻ മിസ്റ്റർ കൃഷ്ണപിള്ളയുടെ ഉപക്ഷേപത്തെ പ്രതികൂലിക്കുന്നില്ലെങ്കിലും അദ്ദേഹത്തിൻെറ പല അഭിപ്രായങ്ങളോടും ഞാൻ വിയോജിക്കുന്നു. ഇപ്പോഴത്തെ കമ്മീഷണർ ചാർജ്ജെടുത്തതിനു ശേഷം പോലീസുസൈന്യത്തിൽ ആൾ എടുക്കുന്നതിൽ പ്രത്യേകം ദൃഷ്ടിവയ്ക്കുന്നതായിട്ടു എനിക്കറിവുണ്ട്. കഴിയുന്നിടത്തോളം വിദ്യാഭ്യാസമുള്ള ആളുകളെ തന്നെ കാൺസ്റ്റബിൾമാരായിട്ടു തിരഞ്ഞെടുക്കുന്നതിൽ അദ്ദേഹം കാണിക്കുന്ന ശ്രദ്ധനോക്കിയാൽ അദ്ദേഹത്തിൻെറ പ്രവൃത്തിയെ അഭിനന്ദിക്കാതിരിക്കാൻ നിവൃത്തിയില്ല. പഴയ ആളുകളിൽ ചിലർ ഡിപ്പാർട്ടുമെൻറിൽ കടന്നു കൂടി പോയിട്ടുണ്ട്. അവരെ പിരിച്ചയക്കാൻ സാധിക്കയില്ല. അതിനാൽ അചിരേണ ഈ ഡിപ്പാർട്ടുമെൻറിനെ നന്നാക്കാൻ അദ്ദേഹം മനഃപൂർവം പരിശ്രമിക്കുമെന്നു നമുക്കു വിശ്വസിക്കാം. ഏഴോ എട്ടോ രൂപാ മുതൽ പത്തോ പതിമൂന്നോ രൂപാ വരെ ശമ്പളം പത്തോ മുപ്പതോ കൊല്ലം കൊണ്ടു കിട്ടത്തക്കവണ്ണമുള്ള വ്യവസ്ഥയിൽ രാപ്പകൽ വേല ചെയ്യുന്ന അവർക്കെങ്ങിനെ ജീവിക്കാൻ സാധിക്കുമെന്നു പോലീസു കമ്മീഷണർ തന്നെ ആലോചിക്കേണ്ടതാണ്. വലിയ ഉദ്യോഗസ്ഥന്മാരുടെ എണ്ണം കുറഞ്ഞിരിക്കുന്നതു കൊണ്ടു അവക്കു ശമ്പളം കൂട്ടിക്കൊടുക്കാൻ മടിയില്ല. എന്നാൽ താഴ്ന്ന ശമ്പളക്കാരുടെ എണ്ണം അധികമുള്ളതുകൊണ്ടു ഒരു രൂപാ വീതം കൂട്ടിക്കൊടുത്താലും ഒരു വലിയ സംഖ്യ ചിലവാക്കേണ്ടിവരുമെന്നു എല്ലാപേക്കും അറിയാം. ഉപജീവനം എന്നുള്ളതു എല്ലാപേക്കും ഒരു പോലെയുള്ളതാണ്. വ

സ്ത്രാലങ്കാരങ്ങളിലോ, സഞ്ചാരസൌകര്യങ്ങളിലോ, വ്യത്യാസം കാണിക്കാമെന്നല്ലാതെ മററു സംഗതികളിൽ വലിയ വ്യത്യാസം ചെയ്യാമെന്നു എനിക്കു തോന്നുന്നില്ല.

ആഹാരവിഭവങ്ങളുടെ രീതിയിൽ വ്യത്യാസം വരുത്താം. അരവയറെങ്കിലും ആഹാരം കഴിക്കാതെ ജോലി ചെയ്യാൻ നിവൃത്തിയില്ലല്ലോ? തിരുവിതാംകൂറിലെ താഴ്ന്ന ശമ്പളക്കാരുടെ അവസ്ഥ വളരെ ശോചനീയമാണ്. വലിയ ഉദ്യോഗസ്ഥന്മാരുടെ വീടുകളേയും കച്ചേരികളേയും എപ്പോഴും ചുററി നോക്കി പ്രയാസപ്പെട്ടു രാപ്പകൽ കഷ്ടപ്പെട്ടുകൊണ്ടു ജീവിക്കുന്ന കാൺസ്റ്റബിൾമാരുടേയും ശിപായിമാരുടേയും അവസ്ഥ പരമസങ്കടകരമായിട്ടുള്ളതാണ്.

പോലീസ് സൈന്യത്തിൽ ഡി. എസ്. പി., എ. എസ്. പി. എന്നു രണ്ടുതരം ഉദ്യോഗസ്ഥന്മാരുണ്ട്. സാധാരണയായിട്ടു ഇപ്പോൾ കണ്ടുവരുന്നതു ഇങ്ങിനെയാണ്. എ. എസ്. പി. ഒരു വഴിക്കു പോയാൽ ഡി. എസ്. പി. മറെറാരു വഴിക്കു പോകും. ഇങ്ങനെയായാൽ പോലീസു ഭരണത്തിൽ കൂടുതൽ കുഴപ്പത്തിനേ അവകാശമൊള്ളൂ. അതിനാൽ ഇപ്പോൾ മൂന്നു ഡി. എസ്. പി. മാരുള്ളതിനെ ഒന്നു കുറച്ചു രണ്ടാക്കുകയും, ആറു എ. എസ്. പി. മാരെ സെക്കൻഡ് ഗ്രേഡ് ഡി. എസ്. പി. മാരാക്കുകയും, അവൎക്കു ഓരോ സ്ഥലം തിരിച്ചു കൊടുത്തു അവരുടെ അധികാരാതൃത്തി നിൎണ്ണയിക്കയും ചെയ്താൽ പോലീസ് ഭരണം നന്നായിരിക്കുമെന്നാണ് എനിക്കു തോന്നുന്നതു്. ഇങ്ങനെ ഭരണം നടത്തിയാൽ കീഴുദ്യോഗസ്ഥന്മാരുടെ അക്രമങ്ങൾക്കു കുറവു വരുത്താം. കാൺസ്റ്റബിൾമാരുടെ ശമ്പളം കുറഞ്ഞതു് ൧൫ രൂപായാക്കണം. ഹെഡ്കാൺസ്റ്റബിൾമാരുടെ ശമ്പളം കുറഞ്ഞപക്ഷം ൨൦ രൂപാ മുതൽ ൩൫ രൂപാ വരെ ആക്കണം. ഇൻസ്പെക്ടർമാരുടെ ശമ്പളം ഇപ്പോഴത്തേതിൽ നിന്നു കൂടുതൽ കൊടുക്കേണ്ട ആവശ്യമില്ല. ഇത്രയും അഭിപ്രായങ്ങൾ നിൎദ്ദേശിച്ചു കൊണ്ടു ഞാൻ വിരമിക്കുന്നു.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): സർ, ഈ രാജ്യത്തിലെ പല വകുപ്പുകളിലേയും ഉദ്യോഗസ്ഥന്മാർ പ്രായേണ കൈക്കൂലിക്കാരും ജനോപദ്രവികളുമാണ്.

അതിലൊക്കെവെച്ചു കൂടുതൽ ഉപദ്രവകാരികൾ പോലീസ് വകുപ്പിലെ അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരാണ്. മററു വകുപ്പിലുള്ള ഉദ്യോഗസ്ഥന്മാർ ജനങ്ങളുടെ ധനത്തെയാണ് മിക്കവാറും അപഹരിക്കുന്നതു്. ഇവർ അഭിമാനത്തേയും ധനത്തേയും ആരോഗ്യത്തേയും ജീവനെത്തന്നെയും നശിപ്പിക്കുന്നതിനു പ്രാപ്തന്മാരാണ്. പോലീസിലെ ചില്ല

[Mr. Tariatu Kunjitomman.]

ഉദ്യോഗസ്ഥന്മാരും സ്ഥലത്തെ ഒരു ഡാക്ടരുംകൂടി ചേൎന്നാൽ മനുഷ്യരെ കൊന്നുകളഞ്ഞാൽ കൂടി ഒന്നുമില്ലെന്നാണ് ജനങ്ങൾ പറയുന്നതു്. ജനങ്ങളുടെ ജീവനെക്കൂടി കാക്കേണ്ട ചുമതലയുള്ളവർ വളരെ ഉത്തരവാദിത്വബോധത്തോടു കൂടി പ്രവൎത്തിച്ചില്ലെങ്കിൽ ജനങ്ങളുടെ സ്ഥിതി എന്തായിരിക്കും?

കാൻസ്റ്റബിൾമാൎക്കു ശമ്പളം തീരെ കുറവാണെന്നുള്ളതു വാസ്തവം തന്നെ. ശമ്പളംകൂട്ടി കൊടുക്കണം. എന്നാൽ ശമ്പളക്കൂടുതൽ കൊടുത്തും ജനങ്ങളെ പിന്നെയും ഉപദ്രവിക്കാനിടയാകരുതു്. എല്ലായിടത്തും അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാർ തിങ്ങിക്കയറിയിട്ടുണ്ടു്. യോഗ്യന്മാരും ചിലരുണ്ടു്. എങ്കിലും അവർ കീഴിലുള്ളവരെ നിയന്ത്രിക്കുന്നതിനു ഉത്സുകന്മാരല്ല. ഇതിനു കാരണം ഇവരാൽ ചിലരുടെ അസ്ഥാനത്തുള്ള ദയയും അപ്രാപ്തിയുമാണ്. അസ്ഥാനത്തു കാണിക്കുന്ന ദയ കാഠിന്യമായിട്ടു പരിണമിക്കുന്നു. മേലുദ്യോഗസ്ഥന്മാർ കീഴിലുള്ളവരിൽ കാണിക്കുന്ന ദയ നിമിത്തം ചിലപ്പോൾ ആയിരക്കണക്കായ ജനങ്ങൾ കഷ്ടത അനുഭവിക്കേണ്ടതായിട്ടുവരുന്നു എന്നു ഞാൻ കഴിഞ്ഞ ദിവസം പ്രസ്താവിച്ചുവല്ലോ. മററു ചില ഉദ്യോഗസ്ഥന്മാർ നേരെ വിപരീതമായിട്ടു അഴിമതിക്കാരായ കീഴുദ്യോഗസ്ഥന്മാരോടു ചേൎന്നു പ്രവൎത്തിക്കുന്നു. നല്ലആളുകൾ ഇവരുടെയിടയിൽ വന്നാൽ പ്രായേണ അവരും ചീത്തയായികാണുന്നു. ആററിലെ ശുദ്ധജലവും സമുദ്രത്തിൽ ചേൎന്നാൽ ഉപ്പുരസമാകുമല്ലോ.

ഇതിനെല്ലാം നിവൃത്തി ശമ്പളക്കൂടുതൽ നൽകുന്നതു കൊണ്ടുമാത്രം ഉണ്ടാകുന്നതല്ല. തലസ്ഥാനത്തിൽനിന്നു ശരിയായ കൺട്രോൾ ഉണ്ടാകണം. കുറെക്കാലങ്ങൾക്കുമുമ്പു ഇവിടെ മി: ജാജ് പോലീസ്കമ്മീഷണരായിരുന്നു. ജനങ്ങൾക്കു ഇന്നും അദ്ദേഹത്തെ പററിവലിയ ബഹുമാനമാണ്. അക്രമങ്ങളേയും അഴിമതികളേയും നിൎത്തുന്നതിന് അദ്ദേഹം വളരെ ശ്രമിച്ചിട്ടുണ്ടു്. കീഴിലുള്ളവരുടെ അഭിപ്രായങ്ങളെമാത്രം ഗണിച്ചല്ലായിരുന്നു അദ്ദേഹത്തിന്റെ പ്രവൃത്തി. ഒരു വശത്തുനിന്നു മാത്രം ഗുണവും ദോഷവും അറിയാൻ സാധിക്കയില്ലല്ലോ. രണ്ടുവശവും നോക്കണം. കീഴിലുള്ളവരുടെ അഭിപ്രായം മാത്രം കേട്ടും അവരുടെ പ്രവൃത്തിയെ മാത്രം വിശ്വസിച്ചും ഭരണം നടത്തുന്നതായാൽ യഥാൎത്ഥ സംഗതികൾ ഗ്രഹിക്കുവാനും ജനങ്ങളുടെ ഇടയിൽ സമാധാനവും ക്ഷേമവും പാലിക്കുവാനും സാധിക്കയില്ല.

മേലുദ്യോഗസ്ഥന്മാരുടെ സഞ്ചീട്ടിൽവേണം ഈ അഴിമതികളെ പ്രധാനമായി കണ്ടുപിടിച്ചൊതുക്കുവാൻ. അധികം അഴിമതിനടക്കുന്നതായി കേൾക്കുന്ന ഓരോസ്ഥലത്തും പോകണം. ഒരു സ്ഥലത്തു ഉടൻചെല്ലണമെന്നു ചുമതലയുള്ള ജനങ്ങളുടെ കമ്പിയോ ഹർജിയോ കിട്ടിയാൽ ഉടനേ ആ സ്ഥലത്തുഎത്തി അതിനേപ്പററി അന്വേഷണം ചെയ്യുമ്പോൾ പല സംഗതികളും വെളിപ്പെടും. അങ്ങനേയായിരുന്നു മിസ്റ്റർ ജാർജ്ജ് ചെയ്തുവന്നിരുന്നതു്. അദ്ദേഹം ഓരോസ്ഥലത്തും സഞ്ചീട്ടുവന്നു ജനങ്ങളെ നേരിട്ടുകണ്ടു ഇവിടത്തെ ഇൻസ്പെക്ടർ എങ്ങനേയിരിക്കുന്നു, അഴിമതിക്കാരനാണോ എന്നെല്ലാം അവരോടു ചോദിച്ചും അന്വേഷിച്ചും വാസ്തവം അറിയുക പതിവുണ്ടായിരുന്നു. അങ്ങനേഅറിഞ്ഞു അഴിമതിക്കാരെ ഒട്ടെല്ലാം ഒതുക്കി. അതുകൊണ്ടാണു് അദ്ദേഹത്തെ ജനങ്ങൾ ഇന്നും ബഹുമാനിക്കുന്നതു്. ഒരു സംഗതിയേപ്പററി കീഴുദ്യോഗസ്ഥന്മാരോടു എഴുതി ചോദിക്കമാത്രം ചെയ്താൽ അവർവസ്തുതയേമറച്ചു ഒരുവിധം എഴുതിയേക്കും. എ. എസ്. പി., ഡി. എസ്. പി. ഇവരുടെ കയ്യിലെല്ലാം അതു കടന്നു കമ്മീഷണരുടെ അടുക്കൽ എത്തുമ്പോൾ ആസംഗതി ഏതെല്ലാം തരത്തിലാണു വാസ്തവസ്ഥിതിയിൽ നിന്നു രൂപാന്തരപ്പെട്ടുവന്നിട്ടുള്ളതെന്നു കമ്മീഷണക്കറിയാൻ തരമില്ല. ഒരു തുണികൊണ്ടു കണ്ണുമൂടിയാൽ തന്നെ ശരിയായി കണ്ടുകൂടാ. ആ സ്ഥിതിക്കു പടിപ്പടിയായിട്ടു രണ്ടുമൂന്നുതുണികൊണ്ടു കണ്ണുമൂടുമ്പോൾ എങ്ങനേയാണു പരമാൎത്ഥം കാണുന്നതു്? പലപ്പൊഴും ഇവർ സത്യാവസ്ഥയേ മറിച്ചുമറിച്ചു ധരിപ്പിച്ചുകളയുന്നു. അതുകൊണ്ടു ഗൌരവമുള്ള കാൎയ്യത്തേസംബന്ധിച്ചു ഒരു ഹർജിയോ കമ്പിയോ ജനങ്ങളിൽനിന്നും കിട്ടിയാൽ കമ്മീഷണർ ഉടനെ നേരിട്ടുതന്നെ ചെന്നു അന്വേഷണം നടത്തണം. എപ്പോഴും ഓരോസ്ഥലങ്ങളിൽ സഞ്ചീട്ടു പോകയും ആഫീസിൽ ഇരുന്നു ജോലി നടത്തിക്കുകയും ചെയ്യുന്നതിനു സാധ്യമില്ല എന്നു എനിക്കുതന്നേഅറിയാം. എപ്പോഴും പോകണ്ടാ. ഗൌരവമായ അഴിമതി നടക്കുന്ന സ്ഥലത്തെത്തണമെന്നു ചുമതലയുള്ളവർ അറിയിച്ചാൽ ഉടനെ സ്ഥലത്തെത്തി വേണ്ടുന്ന അന്വേഷണം നടത്തുമ്പോൾ അഴിമതിക്കാരായ കീഴുദ്യോഗസ്ഥന്മാൎക്ക തന്നെ ഒരു ഭയം പരക്കേ ഉണ്ടാകും. മുന്നറിവുകൊടുക്കാതെ സഞ്ചീട്ടുപോകണം. ജനങ്ങളോടു നേരിട്ടു ചോദിക്കണം. ജനങ്ങൾതന്നെ കമ്പിയോ ഹർജിയോ അയക്കാൻ വളരെ ഭയപ്പെടും. എന്തെന്നാൽ പോലീസുകാർ പരാതിക്കാരേ വെറുതേ വിടുകയില്ല. ഗത്യന്തരമില്ലാത്തനില വന്നാലേ പോലീസുകാരുടെപേരിൽ പരാതിഹർജി അയക്കുവാൻ ജന

[Mr. Tariatu Kunjitomman.]

ങ്ങൾ ഒരുമ്പെട്ടു. അപ്പോഴും അതിന്മേൽ മേലാവു നിർദ്ദാക്ഷിണ്യമായ ഒര ന്വേഷണം നടത്തിയില്ലെങ്കിൽ പോലീസുകാരുടെ വിരോധം വർദ്ധി ക്കും. സാധുജനങ്ങളുടെ പിന്നത്തേസ്ഥിതി എന്തായിരിക്കും? പോലീസു ദ്യോഗസ്ഥന്മാർക്ക് വേണമെങ്കിൽ ജനങ്ങളെ ഉപദ്രവിക്കാൻ ധാരാളം കാരണമുണ്ടാക്കാം. ജനപ്രതിനിധികൾകൂടി സംഗതിതുറന്നുപറയാൻ വളരെ വൈഷമിക്കുന്നുണ്ട്. അവർ ത്യാഗികളായാൽ തന്നെയും ത്യാഗി കൾക്കും ജീവൻ അകാലത്തു വെടിയാൻ മടികാണും. മററുള്ളവരുടെ കഥ പറയാനുമില്ല.

നാൾക്കുനാൾ അഴിമതിയും കുഴപ്പവും ഈ ഡിപ്പാർട്ടുമെണ്ടിൽ വ ർദ്ധിച്ചുകൊണ്ടിരിക്കുന്നു. ശസ്ത്രക്രിയചെയ്യുന്ന ഒരുഡാക്ടർ നിർദ്ദയം ഒരാളി ൻെറ ദേഹത്തിൽ മൂർച്ചയുള്ള കത്തി പ്രയോഗിക്കുന്നതു ആ രോഗിയുടെ ഗുണത്തിനാണ്. അതുപോലെ ഞാൻ ഈ സംഗതി ജനക്ഷേമത്തെ ഉ ദ്ദേശിച്ചുമാത്രം ഈ സഭാസമക്ഷം പ്രസ്താവിക്കുന്നതാണ്. നിർദ്ദാക്ഷിണ്യ മായി ജനങ്ങൾക്കുവേണ്ടി കാര്യംപറയേണ്ടതു ജനപ്രതിനിധികളുടെ കട മയാണല്ലോ. അക്രമികളുടേയും ആക്രമിക്കപ്പെടുന്നവരുടേയും സാക്ഷാൽ ഗുണത്തിനും അനേകം ജനങ്ങളുടെ ക്ഷേമത്തിനും വേണ്ടി ജനങ്ങളനു ഭവിക്കുന്ന സങ്കടങ്ങളെ ഇവിടെ പറയാതിരിക്കാൻ എനിക്കു നിവൃത്തി യില്ല. മിസ്റ്റർ ജാജ്ജിൻെറ കാലത്തു അദ്ദേഹം ഈ ഡിപ്പാർട്ടുമെ ൻറിനെ നന്നാക്കുവാൻ ശ്രമിച്ചിരുന്നപ്പോൾ ഞാൻ പ്രജാസഭാമെമ്പറാ യിരുന്നു. പല സംഗതികളും ജനക്ഷേമത്തിനായി ഞാൻ അദ്ദേഹ ത്തെ അറിയിക്കയും അദ്ദേഹം അതനുസരിച്ചു അന്വേഷിച്ചു ഉദ്യോഗ സ്ഥന്മാരുടെ അഴിമതികൾ നിർത്തുകയും ചെയ്തിട്ടുണ്ട്. അഴിമതിക്കാരെ കഠിനമായി ശിക്ഷിച്ചുവന്നിരുന്നു. എന്നാൽ ജനപ്രതിനിധികൾ പറ യുന്നതുകേട്ടു ഒരുദ്യോഗസ്ഥനെ ഉടനേ ശിക്ഷിക്കണമെന്നു ഞാൻ പറയു ന്നില്ല. അതിനേപ്പററി വേണ്ട അന്വേഷണംനടത്തണം. ഉദ്യോഗസ്ഥ ന്മാരിൽനിന്നുംകിട്ടുന്ന അറിവിനെമാത്രം നോക്കാതേ സ്ഥലത്തുചെന്നു നേ രിട്ടറിഞ്ഞു വീഴ്ചക്കാരെന്നു കാണുന്നവരെ നിർദ്ദാക്ഷിണ്യം ശിക്ഷിച്ചാൽ മതി. കാര്യങ്ങൾ ക്രമേണ ശരിയായിക്കൊള്ളും. കീഴുദ്യോഗസ്ഥന്മാരേ പററിയുള്ള പരാതിയെക്കുറിച്ചു അവരോടുതന്നെ ചോദിക്കുന്നപക്ഷം സ്വാതന്ത്ര്യത്തിനു വഴിപ്പെടാതിരുന്നതിനാൽ ചിലർ കള്ളമായി പരാതി കൊടുത്തിരിക്കയാണെന്നോ അതുപോലെ മറെറന്തെങ്കിലുമോ ഒക്കേകീഴു ദ്യോഗസ്ഥന്മാർ പറഞ്ഞുകഴിയും. അതിനേമാത്രം വിശ്വസിക്കരുത്. രണ്ടു വശത്തെ കാര്യവും അറിയണം. എന്നാലേ സത്യം മനസ്സിലാകൂ. പോ

ലീസുകമ്മീഷണർ നല്ല ഉദ്ദേശമുള്ള ആളാണ്. പക്ഷേ കീഴുദ്യോഗസ്ഥന്മാരിൽനിന്ന് അദ്ദേഹം സൂക്ഷിക്കണം. അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഉദ്ദേശം ഫലത്തിൽ വരികയില്ല. കമ്മീഷണർ ഡിപ്പാർട്ടുമെന്റിലെ അഴിമതിക്കാരുടെ മേൽ പ്രത്യേകം ശ്രദ്ധപതിക്കണമെന്നു വീണ്ടും പ്രസ്താവിച്ചുകൊണ്ടു വിരമിക്കുന്നു.

MR. MURUVELIL PACHU PILLAI (*Shertallai*) : സർ, പോലീസ് ഡിപ്പാർട്ടുമെന്റിനെ വളരെ ഭംഗിയായിട്ടു ഭരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി അതിന്റെ ഇപ്പോഴത്തെ മേലദ്ധ്യക്ഷൻ ജാഗ്രതയായി പ്രവൃത്തിക്കുന്നുണ്ടെന്നു കാണുന്നതിൽ പ്രത്യേകം സന്തോഷിക്കേണ്ടതാണ്.

MR. TARIATU KUNJITOMMAN (*Muattupuzha* cum *Todupuzha*) : അതിന്റെ ഫലമായിട്ടു അഴിമതിക്കു വല്ല കുറവും ഉണ്ടോ?

MR. MURUVELIL PACHU PILLAI (*Shertallai*): അഴിമതി കുറക്കുവാനായി കമ്മീഷണർ വളരെ ശ്രദ്ധിക്കുന്നുണ്ട്.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*); (Arose to put a question.)

PRESIDENT. Let him finish a sentence. Then you can ask him your question.

MR. MURUVELIL PACHU PILLAI (*Shertallai*): പോലീസ്കാർ നടത്തുന്ന അഴിമതി കമ്മീഷണർമാത്രംവിചാരിച്ചാൽനിൎത്താൻപ്രയാസമാണ്. അഴിമതികളെ നിർത്തുന്നതിന് കമ്മീഷണരോടു സഹകരിച്ചു പ്രവൃത്തിക്കേണ്ടതു ജനങ്ങളുടേയും ചുമതലയാണ്.

MR. S. PIRAVIPERUMAL PILLAI (*Commerce* and *Industry, South*): എക്സൈസ് ഡിപ്പാർട്ടുമെന്റു നിൎത്തണമെന്നാണോ പറയുന്നതു്?

MR. MURUVELIL PACHU PILLAI (*Shertallai*): ഈ ചോദ്യത്തിനും ഇപ്പോൾ ഞാൻ സംസാരിക്കുന്നവിഷയത്തിനും തമ്മിൽഎന്തു സംബന്ധമാണ് ഉള്ളതെന്ന് എനിക്കു മനസ്സിലാകുന്നില്ല. പോലീസ്ഡിപ്പാർട്ടുമെന്റിനെപററി പറയുമ്പോൾ എക്സൈസ്ഡിപ്പാർട്ടുമെന്റു നിൎത്തണമെന്നാണോ പറയുന്നതു് എന്നുള്ള ചോദ്യത്തിന്റെ അൎത്ഥമെന്താണെന്നും എനിക്കു മനസ്സിലാകുന്നില്ല.

MR. ITTOOP ITTEECHAN (*Kunnatnad*) : പോലീസുകാരോടു ജനങ്ങൾ എങ്ങിനെയാണ് സഹകരിക്കേണ്ടതു്?

MR. MURUVELIL PACHU PILLAI (*Shertallai*): ഓരോസ്ഥലത്തുംനടത്തുന്ന അഴിമതികളെ അപ്പഴപ്പോൾ കമ്മീഷണൎക്കു അറിവുകൊടുക്കുക. അതിലേക്കു വേണ്ടുന്ന തെളിവുകൾകൊടുത്തു അഴിമതിക്കാരരായ ഉദ്യോഗ

[Mr. Muruvelil Pachu Pillai.]

സ്ഥന്മാരെ ശിക്ഷയിൽ കൊണ്ടുവരുന്നതിനുത്സാഹിക്കുക. പോലീസുകാൎക്കു ആരും കൈക്കൂലി കൊടുക്കരുതെന്നു ജനസാമാന്യത്തെ ഉപദേശിക്കുക. കൊടുക്കാതെ നിവൃത്തിയില്ലെന്നുവരുന്ന കാൎയ്യങ്ങളിൽ പോലീസ് കാരോടു എതിൎത്തുനിന്നു ന്യായം പുലൎത്തുന്നതിനു ശ്രമിക്കുക. മോഷണം, കൊലമുതലായ കേസുകളിൽ കുററക്കാരെ കണ്ടുപിടിക്കുന്നതിനും ശിക്ഷയിൽവരുത്തുന്നതിനും പോലീസ്കാരെ സന്ദൎഭോചിതമായിട്ടു സഹായിക്ക, ഒളിച്ചുപോകുന്ന കുററക്കാരെ കണ്ടുപിടിക്കുന്നതിനു പോലീസുകാൎക്കു വേണ്ടസഹായങ്ങൾ ചെയ്തുകൊടുക്കുക, ഇങ്ങനെയുള്ള പല സഹായങ്ങൾ ജനങ്ങളും ജനപ്രതിനിധികളും ചെയ്തുകൊടുക്കേണ്ടതാണ്. അങ്ങിനെ ഒന്നും ചെയ്യാതെ പോലീസ്കാർ കയ്ക്കൂലിവാങ്ങിക്കുന്നുവെന്നൊ, അഴിമതികാണിക്കുന്നുവെന്നൊ പറഞ്ഞതുകൊണ്ടു ഗണ്യമായ യാതൊരുഫലവും ഉണ്ടാകാനിടയില്ല. എന്നാൽ ഗവൺമെൻറിൻേറയും ഡിപ്പാർട്ടുമെൻറിൻേറയും ഗാഢമായ ശ്രദ്ധയ്ക്കു വിഷയമാകേണ്ട ഏതാനും സംഗതികൾ ഈ സന്ദൎഭത്തിൽ ഇവിടെ പ്രസ്ഥാവിക്കുന്നതു ഉചിതമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

പോലീസ്കാർ സാധാരണ കേസ് രജിസ്റ്റർചെയ്താൽ ഉടൻതന്നെ ഫസ്റ്റ്ഇൻഫർമേഷൻ റിപ്പോർട്ടു മജിസ്ട്രേട്ടിനയക്കണമെന്നും അതിന്മേൽ ഇത്രവാരത്തിനകം ഫയിനൽ റിപ്പോർട്ടയക്കണമെന്നു മജിസ്ട്രേട്ടു ഉത്തരവുകൊടുക്കണമെന്നും ഇപ്പോൾ വ്യവസ്ഥചെയ്തിട്ടുണ്ട്. എന്നാൽ ൟ കാൎയ്യത്തിൽ പോലീസ് ഉദ്യോഗസ്ഥന്മാർ ഇപ്പോൾ അത്രതന്നെ ശ്രദ്ധിക്കുന്നില്ല. ഫസ്റ്റ് ഇൻഫർമേഷൻ റിപ്പോർട്ടു അയച്ചു കഴിഞ്ഞിട്ടുള്ള ഒരുകേസിൻെറ അന്വേഷണം പൂൎത്തിയാക്കി നിശ്ചിതസമയത്തിനകം ഫയിനൽ റിപ്പോർട്ടു സമൎപ്പിക്കുന്നുണ്ടോ ഇല്ലയോഎന്നുള്ള സംഗതിയിൽമേലധികാരികളുടെ ശ്രദ്ധവേണ്ടപോലെ പതിഞ്ഞുകാണുന്നില്ല. ചിലപ്പോൾ പോലീസ്കാർ അന്വേഷണം പൂൎത്തിയാക്കി ഫയിനൽ റിപ്പോർട്ടു അയയ്ക്കുന്നതുവരെ ൟ വക കേസുകൾ പോലീസിൽ കിടന്നുപോകുന്നുണ്ട്. ഇതു് വളരേനാൾ പോലീസ്ഉദ്യോഗസ്ഥന്മാരെപററി ജനങ്ങളുടെ ഇടയിൽ അഭിപ്രായവ്യത്യാസത്തിനും അഴിമതി നടത്തുന്നതിനു പോലീസുകാൎക്കു സൌകൎയ്യം കിട്ടുന്നതിനും കാരണമാകുന്നു. അതിനാൽ ഇത്രവാരത്തിനകം ഫയിനൽ റിപ്പോർട്ടയക്കണമെന്നുത്തരവുകൊടുത്താൽ അതനുസരിച്ചുനടക്കുന്നതിനുമേലധികാരികൾ വേണ്ടനിഷ്കൎഷകൾചെയ്യണം. അസിസ്റ്റൻറു സൂപ്രണ്ടോ ഡിസ്ട്രിക്ട് സൂപ്രണ്ടോ പരിശോധ

നയ്ക്കപ്പെടുകയോ ഫഷ്ട് ഇൻഫർമേഷൻറിപ്പോർട്ട് അയച്ചതിനുശേഷം ഫയിനൽറിപ്പോർട്ടു അയയ്ക്കാതെ പോലീസിൽ കിടപ്പുള്ള കേസുകളെ പരിശോധിക്കയും, താമസത്തിനുള്ള കാരണം തൃപ്തികരമല്ലെന്നു കാണുന്നപക്ഷം അതിലേയ്ക്കുത്തരവാദിയായ ഉദ്യോഗസ്ഥനോടു സമാധാനം ചോദിച്ച് ശിക്ഷാർഹനാണെന്നു കാണുന്നപക്ഷം ശിക്ഷിക്കയുംചെയ്യേണ്ടതാണ്. പോലീസുഡിപ്പാർട്ടുമെൻറിൻെറ നടപടികളെപററി കഴിഞ്ഞ ആണ്ടത്തെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"Complaints of laxity and delay in the submission of final reports on occurrences reported to the Magistracy by the Police are still common The Commissioner is requested to arrange for the prompt submission of such reports in future."

MR. P. GOMATINAYAKAM PILLAI (*Excise Commissioner*): May I know the page?

MR. MURUVELIL PACHU PILLAI (*Shertallai*): This is the G. O. on the Administration Report of the Police Department for 1103. Page 1, para 8. In para 7 of the G. O. it is stated:

"The Government view with disatisfaction that in spite of the instructions contained in the previous reviews the Magistrates took on an average 81.3 days for the disposal of cases charged before them by the Police against 74.5 days in 1102, 59 days in 1101 and 47 days in 1100. This progressive deterioration in the work of Magistrate cannot but be condemned in the strongest, terms. The District Magistrates are requested to devote their personal attention to this matter and report cases of abnormal delay to Government for discipinary action."

അതിനാൽ പോലീസുദ്യോഗസ്ഥന്മാർ കേസുകൾ അന്വേഷണം നടത്തി പൂർത്തിയാക്കി മജിസ്ട്രേട്ടിൽ ചാർജ്ജ് ചെയ്തു കഴിഞ്ഞാൽ നിവൃത്തിയുള്ളിടത്തോളം വേഗത്തിൽ മജിസ്ട്രേട്ടന്മാർ ആ കേസുകളെ തീരുമാനിക്കുന്നതിനെ സംബന്ധിച്ചും പ്രത്യേകം ശ്രദ്ധവെയ്ക്കേണ്ടതാണ്. പോലീസുകാർ കേസുചാർജ്ജ് ചെയ്തതിനുശേഷം വളരെനാൾ മജിസ്ട്രേട്ടിൽ കിടന്നുപോകുന്നതുകൊണ്ടു കാലതാമസം നിമിത്തം ചിലപ്പോൾ തെളിവു നശിക്കുന്നതിനും ന്യായം കിട്ടാതെ പോകുന്നതിനും ഇടയാകുന്നു. അങ്ങിനെ വരാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ കാലതാമസത്തിനുള്ള ഒരു പ്രധാനകാരണം ചില മജിസ്ട്രേട്ടുകോടതികളിൽ ഇപ്പോൾ ഫയലായി കൊണ്ടിരിക്കുന്ന കേസുകളുടെ എണ്ണംകൂടുതലാണെന്നുള്ളതാണ്.

അതിലേക്കു വേണ്ടിയിരുന്നാൽ ക്രിമിനൽ കോടതികളുടെ അധികാരാതൃത്തി ഭേദപ്പെടുത്തുകയും അവശ്യം വേണമെന്നു തോന്നുന്ന സ്ഥലങ്ങളിൽ കൂടുതൽ കോടതികൾ വേണ്ടിവന്നാൽ ഏർപ്പെടുത്തുകയും ചെയ്യണം. ഈ കാലതാമസം അധികവും ഇപ്പോൾ ഡിവിഷൻ അ

[MR. Muruvelil Pachu Pillai.]

സിസ്റ്റൻറന്മാരുടെ ഒന്നാംക്ലാസ് മജിസ്ത്രേട്ടുകോടതികളിലാണ് കണ്ടുവരുന്നതു്. ഇതിലേക്കു സ്റ്റേഷനറി ഫസ്ററ് ക്ലാസ് മജിസ്ത്രേട്ടുകോടതികാം അത്യാവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കണം. ചേത്തല താലൂക്കിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഒന്നാം ക്ലാസു മജിസ്ത്രേട്ടധികാരത്തിലുള്ള കേസുകഠംക്കായി ചേത്തലക്കാർ ഇപ്പോഠം കോട്ടയത്തേക്കു പോകേണ്ടിയിരിക്കുന്നു. വേമ്പനാട്ടുകായൽ കടന്നു കോട്ടയത്തുപോകുന്നതിലുള്ള വൈഷമ്യവും ബുദ്ധിമുട്ടും വിചാരിച്ചു പോലീസുകാർപോലും ഇങ്ങനെയുള്ള കേസുകഠം എടുക്കുന്നതിൽ ഇപ്പോഠം അമാന്തിക്കുന്നുണ്ടു്. ഇതു ഗവമെൻറു പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു വിഷയമാണ്.

ഇനി എനിക്കു പറവാനുള്ളതു് പോലീസ് ഇൻസ്പെക്ടർമാരുടെ നിയമനത്തെപ്പററിയാണ്. ഇൻസ്പെക്ടർമാരായിട്ടു സാധാരണ ഇപ്പോഠം റിക്രൂട്ടു ചെയ്യുന്നതു ബി. എ. പാസായിട്ടുള്ളവരെയാണു. എന്നാൽ ഡിപ്പാർട്ടുമെൻറിൽതന്നെ അതിലേക്കു പ്രാപ്തിയുള്ള ഹെഡ്കാൺസ്റ്റബിഠംമാർ ധാരാളമുണ്ടു്. ഈ ഡിപ്പാട്ടുമെൻറിലെ ഹെഡ്കാൺസ്റ്റബിഠംമാരിൽചിലർ ഈ സ്ഥാനത്തിനു അയോഗ്യരായിരിക്കാം. എന്നാൽ അവരെ എല്ലാപേരേയും ഒരേതോതിൽ എണ്ണുവാൻ പാടില്ലാ. എല്ലാക്കൂട്ടത്തിലും എല്ലാതരത്തിലുമുള്ള ആളുകഠം ഉണ്ടായിരിയ്ക്കും. ഈ കൂട്ടത്തിൽ ഡിപ്പാർട്ടുമെൻറിൽ വളരെ ശേഷിയോടും സാമത്ഥ്യത്തോടുംകൂടി ജോലിചെയ്യുന്ന ഹെഡ്കാസ്റ്റബിഠംമാരുമുണ്ടു്. അവരെ ഇൻസ്പെക്ടർമാരായിട്ടു കയററം ചെയ്യണം.

MR. V. J. OOMMEN (*Commerce and Indstry, North*): അനേകം തവണഇൻസ്പെക്ടർമാരായിട്ടു ആക്ററു ചെയ്തവർ തന്നെ ധാരാളമില്ലയോ?

MR. MURUVELIL PACHU PILLAI (*Shertallai*): ധാരാളമുണ്ടു്. അവക്കു പ്രമോഷൻ കൊടുക്കേണ്ട അവസരം വരുമ്പോഠം അങ്ങനെ ചെയ്യാതെ ഗ്രാഡുവേററ്സിനെ നിയമിക്കുന്നുണ്ടു്. അതു പാടില്ല. അവരിൽ യോഗ്യതയുള്ളവക്കുകൂടി പ്രമോഷൻ കൊടുക്കണം എന്നാണു ഞാൻ പറയുന്നതു്.

പ്രധാനപ്പെട്ട പട്ടണങ്ങളിലല്ലാതെയുള്ള ഉഠംനാട്ടുകളിൽ ചാജിംഗു സ്റ്റേഷൻ ധാരാളമുണ്ടു്. അങ്ങനെയുള്ള സ്റ്റേഷനിൽ ഈ ഹെഡുകാൺസ്റ്റബിഠംമാരെ സബ് ഇൻസ്പെക്ടർമാർ എന്നുള്ള പേരു കൊടുത്തു ൩൫ രൂപാ മുതൽ ൫൦ രൂപാവരെ ശമ്പളത്തിൽ നിയമിക്കുന്നതു

നന്നായിരിയ്ക്കും. ഡി. എസ്. പി. മാരെ കുറയ്ക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ യോജിയ്ക്കുന്നില്ല. ഏ. എസ്. പി. മാർ ആറുള്ളതിനെ പത്താക്കുകയും മൂന്നു താലൂക്കുകൾ വീതം അവരുടെ അധീനതയിൽ വെയ്ക്കുകയും ചെയ്യുന്നതു നന്നായിരിയ്ക്കുമെന്നാണ് എന്റെ അഭിപ്രായം.

MR. K. P. NILAKANTA PILLAI (*Chirayinkil*): പോലീസുകാരെ പ്രതിയാക്കികൊടുത്തിട്ടുള്ള കേസുകൾ ൧൦൯൬-ൽ അതിനു മുമ്പിലത്തെ വഷത്തേക്കാൾ കൂടുതലാണെന്നുള്ള ഭാഗം മെമ്പർ വായിച്ചിട്ടുണ്ടോ?

MR. MURUVELIL PACHU PILLAI (*Shertallai*): അതു മെമ്പർ തന്നെ വായിച്ചു നോക്കാവുന്നതാണ്. ഞാൻ പറയണമെന്നില്ല.

MR. K. P. NILAKANTA PILLAI (*Chirayinkil*): ഞാൻ വായിച്ചിട്ടുണ്ട്. പോലീസുകാരെ പ്രതിയാക്കിയുള്ള കേസുകൾ കൂടുന്നതിന്റെ കാരണം ജനങ്ങളുടെ ഉപേക്ഷകൊണ്ടോ, അതല്ല പോലീസുകാരുടെ ഇടയിലുള്ള അക്രമം കൊണ്ടോ?

MR. MURUVELIL PACHU PILLAI (*Shertallai*): ഈ മാതിരികേസ്സുകളുടെ എണ്ണം കൂടിയാലും അവരിൽ ശിക്ഷിക്കപ്പെടുന്ന പോലീസുകാർ എത്രയാണെന്ന് മെമ്പർക്ക് അറിയാമോ?

MR. K. P. NILAKANTA PILLAI (*Chirayinkil*): The member is not in order in putting a counter question instead of answering a question put to him.

MR. MURUVELIL PACHU PILLAI (*Shertallai*): പോലീസുകാർ പ്രതികളായുള്ള കേസുകളുടെ എണ്ണം പ്രസ്തുതവഷത്തിൽ കൂടുതലായിരിക്കുന്നു.

MR. K. P. NILAKANTA PILLAI (*Chirayinkil*): അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ എട്ടാമത്തെ പാരാവിൽ ഉള്ളഭാഗം മെംബർ വായിച്ചിട്ടുണ്ടോ? പോലീസുകാർ കോർട്ടിൽനിന്നും കൊടുക്കുന്ന സമൻസും വാറണ്ടും നടത്താതെ റിട്ടേൺചെയ്യുന്നതു് കൂടുതലാണെന്നറിയാമോ?

MR. MURUVELIL PACHU PILLAI (*Shertallai*): പോലീസുകാക്കു പലജോലികളിലും ശ്രദ്ധിക്കേണ്ടതായിട്ടുള്ളതുകൊണ്ടു പ്രാസസ്സുമുഴുവനും അപ്പഴപ്പോൾ നടത്തികൊടുക്കാൻ സാധിച്ചില്ല എന്നുവന്നേക്കാം.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): പോലീസുകാർ ചീത്തയായിരിക്കുന്നതു ജനങ്ങളുടെ സഹായം ഇല്ലാത്തതുകൊണ്ടാണെന്നു പറഞ്ഞല്ലോ. ജനങ്ങൾ എങ്ങനെയാണ് സഹായിക്കേണ്ടതു്?

MR. MURUVELIL PACHU PILLAI (*Shertallai*): പോലീസുകാർ ചീത്തയാകുന്നതു് ജനങ്ങളുടെ സഹായം ഇല്ലാത്തതുകൊണ്ടാണെന്നു് ഞാൻ പറഞ്ഞില്ല. അവരുടെ ഉദ്യോഗസംബന്ധമായ നടപടികളിൽ അവരെ സഹായിക്കയും സഹകരിക്കയും ചെയ്യേണ്ട ചുമതല ജനങ്ങൾക്കു കൂടി ഉണ്ടെന്നാണ് ഞാൻ പറഞ്ഞതു്.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): പോലീസുകാരെ ജനങ്ങൾ സഹായിക്കാത്തതു കൊണ്ടാണ് ചീത്തയാകുന്ന എന്നു മെംബർ പറഞ്ഞതുകൊണ്ടാണ് ഞാൻ ഈ ചോദ്യം ചോദിച്ചതു്.

MR. MURUVELIL PACHU PILLAI (*Shertallai*): ഞാൻ പറഞ്ഞതിനെ എന്റെ സ്നേഹിതൻ ശരിയായിമനസ്സിലാക്കാതെയാണ് ഈ ചോദ്യം ചോദിക്കുന്നതു്. അതിനു ഞാൻഉത്തരംപറയണമെന്നു വിചാരിക്കുന്നില്ല.

MR. K. MADHAVAN (*Nominated*): ஸர், நானும் எனக்குமுன் பேசினவரின் அபிப்பிராயத்தை பின்தாங்கிச்சிலவார்த்தைகள்சொல்லுகிறேன்.

போலீஸ் உத்தியோகஸ்தர்களுக்கு குறைந்த சம்பளம் கொடுப்பதினால் காலக்ஷேபவிஷயமாய் சங்கடம் அனுபவிக்கிறார்கள். தாழ்த்தப்பட்டவரும் இந்த சம்பளக்குறைவினால் சங்கடம் அனுபவிக்கிறார்கள். எப்படியென்றால் போலீஸ் உத்தியோகஸ்தர்கள் கேஸ் விஷயமாய் ஏதாவது உதவிதேடினால் உயர்ந்தவகுப்பாரிடத்தில் உதவி தற்காலம் கிடையாது. தாழ்ந்தவகுப்பாரிடத்தில் ஏதாவது அர்ஜி கிடைத்தால், அவர்களைக் கஷ்டப்படுத்தி பணம் வாங்குகிறார்கள். இவ்விதம் அவர்கள்செய்வது அவர்கள் வறுமையினால். ஆனதினால் போலீஸாருக்கு சம்பளம் கூட்டிக்கொடுத்தால் எனது வகுப்பாரின் சங்கடம் தீரும் என்று நம்புகிறேன்.

மேலும் போலீஸார் புதுவல் ஸ்தலங்களை ஒழிப்பிக்கவும் ஆரம்பித்திருக்கிறார்கள். அதாவது ஓர் ஏழையானவன் கவர்மெண்டு புறம்போக்கோ, புதுவலோ கண்டுபிடித்து, காடுவெட்டி தேகண்டம் செய்து மரங்கள் நட்டு நல்ல நிலைமையில் கொண்டுவருகிறபோது, மேற்படி ஸ்தலத்தின்மேல் அடுத்த ஒருவர் கண்வைத்து, ஸ்தலத்தைதனக்கு அபகரிக்கத் தீர்மானித்து சில தந்திரவழிகள் ஏற்பாடுசெய்து, போலீஸாரின் உதவியைத் தேடுகிறார். அப்போது போலீஸார் ஆதாயத்தைக் கருதி பலாத்காரமாய் ஏழைகளை தங்கள் தேகண்டத்தால்வீடுகெட்டி தாமசிக்கும் புதுவலோ, புறம்போக்கோ ஸ்தலங்களிலிருந்து இறக்க உதவிசெய்கிறார்கள். இவ்விதம் நேரிடாதபடி மேலாவது கவனிக்கவேண்டுகிறேன்.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): பெரியவர்கள் பதித்திருக்கிறார்களா?

MR. K. MADHAVAN (*Nominated*): பல உத்தியோகஸ்தர்கள் பதித்திருக்கிறார்கள்,

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): இதைப்பற்றி பெரிய உத்தியோகஸ்தர்களிடம் கூறியிருக்கிறீரா?

MR. K. MADHAVAN (*Nominated*): இதைப்பற்றி மேல் உத்தியோகஸ்தர்களிடம் கூறியிருக்கிறேன். பிரயோஜனமில்லை. அவர்கள் தங்கள் கீழ் உத்தியோகஸ்தர்கள் சொல்வதையே கேட்கிறார்கள்.

டிராபிக் இன்ஸ்பெக்டர்.

பஸ்களையோ, கார்களையோ பரீக்ஷித்துக் காணும் குறைகளைக் கண்டுபிடிக்க மிக்க பிரயத்தனம் எடுக்கிறார்கள். அதில் ஒரு ஒழுங்கு என் மனதில் சரியில்லை என்று படுகிறது. ஆதாவது டிராபிக் இன்ஸ்பெக்டர் பிரயாணம் செய்யும் ஒரு பஸ்ஸிலோ, காரிலோ, முன் வசத்திலிருந்து பரீக்ஷித்துக்கொண்டு போகிறார். ஆனால் முன்னும் பின்னும் கடந்துபோகும் காரிலிருப்பவர்கள் அங்கங்கே அறிவு கொடுத்துக்கொண்டு போகிறார்கள். இதனால், பஸ்ஸுகளிலோ, கார்களிலோ நடக்கும் குற்றங்களைக் கண்டுபிடிப்பது சாத்தியமில்லை. ஆனதினால் பிரத்தியேகமான காரிலோ, பஸ்ஸிலோ, மோட்டார் சைக்கிளிலோ இன்ஸ்பெக்டர்கள் போவதுதான் சரியானவழி என்பது என் அபிப்பிராயம்.

செக்கிங் ஸ்தலங்கள்.

செக்கிங் ஸ்தலங்கள் நியமித்து, செக்கிங் ஆபிசர் வைப்பதினால் டிரைவர்கள், மேற்படி ஸ்தலங்கள் வரும்போது தங்கள்பேரில் குற்றமில்லாமல் வந்துசேருவார்கள். ஆதலால் செக்கிங் ஸ்தலத்தை நிறுத்தல் செய்து, அவர்கள் நினையாதயிடத்தில் அவர்களை சந்திக்க ஏற்பாடு செய்யும்போது கண்டக்டர்கள் தங்களை ஏது விதத்திலும் குற்றம் வாராமல் காத்துவருவார்கள்.

டிரைவர்கள்.

டிரைவர்களுக்கு இப்போது நேரிட்டிருக்கும் சங்கடமாவது, மூன்று தடவை ஒரு டிரைவர் சார்ஜ் செய்யப்பட்டுக் குற்றப்பட்டால் அவருடைய லைசென்ஸை பிடுங்கிக்கொள்வதாய் ஏற்பாடு புதிதாக நியமிக்கப்பட்டிருக்கிறது. இந்த ஏற்பாடு மிகவும் சங்கடம். கேவலமான போலீஸ்காறர் சார்ஜ் செய்கிறார்கள். இரண்டுசக்கரம் காப்பிகுடிக்கக்கொடுக்காவிட்டால் உடன் சார்ஜ் செய்கிறார்கள்; இப்படிப்பட்ட சார்ஜ் 100-க்கு 90-ம் தள்ளப்படுகிறது. இவ்விதமான உத்தியோகஸ்தர்கள் கொடுக்கும் சார்ஜ் காரணமாக வைத்து டிரைவர்களுக்கு தொந்தரவு வருத்துவது எவ்வளவு சங்கடம். ஆனதினால் இன்ஸ்பெக்டர் முதலிய உத்திரவாதமுள்ள உத்தியோகஸ்தர் வழியாய்க் கண்டுபிடிக்கும் சார்ஜ்களுக்கோ திடீரென்று கவலையீனமாய் நேரிடும் கேஸ் விஷயமாய் உண்டாகும் சார்ஜுக்கோ விலைகொடுத்து ஏதாவது தீர்மானம் செய்யவேண்டியதே அல்லாது போலீஸ் சார்ஜைக் காரணமாகவைத்து டிரைவர்களைக் கெடுக்கக்கூடாது.

The Council adjourned for lunch at 2-2 P. M. and re-assembled at 2-35 P. M.

MR. K. P. NILAKANTA PILLAI (*Chirayinkil*): Sir, the charge which the learned mover of the motion under discussion before the House

[Mr. K. P. Nilakanta Pillai.]

wanted to lay at the door of the Police Department is one of general corruption that is prevailing in the department as a whole. Sir, what ever may be the intention of the Police Commissioner, the facts we gather from the Administration Report lead us to infer in a certain way. Sir, the learned member said that it is on account of lack of vigilance on the part of the public that this corruption and unnecessary annoyance on the part of the Police officers is increasing year after year. The facts which I want to place before the House are these. The G. O. passed on the Administration Report of the Police Department for 1103 will show that offences in which Police men were prosecuted have increased more than in the previous year. Again, the G. O. will show that there is a general laxity among the departmental officers in carrying out the instructions issued by the superior officers. If these two facts are taken into consideration, the only inference which could be drawn is that the public are more vigilant than they were in bringing to book the erring Police officers than during the previous year. Sir, the very fact that the public are prosecuting so many more Police officers this time than on previous occasions shows that more and more annoyance is caused to the general public by the corrupt police officers. That is the only inference that I could draw. Again, the returning of summons and warrants unserved also would show that these officers were indirectly impressed upon by the persons concerned. Therefore the general laxity is on account of the indirect impression made upon Police officers by self-seeking private persons. Analysing and trying to understand the situation from these two pronounced facts, the only thing that the House can infer is that corruption and undue influence have increased in the department more than in the previous year. The learned supporter of the motion under discussion also made a suggestion that all the under-graduate Inspectors of the Police Department who have some experience in the department should be confirmed. Sir, I speak impartially. If the Commissioner of Police is particular of knowing the seat of corruption in his department, I can assure him before the House that it is corrupt and experienced undergraduates who are the seat of corruption. Therefore, I am of opinion that these undergraduates who have put in so many years of service in the department should not be confirmed as Police Inspectors with full charging powers. These people, because of their long experience in the department, know how to manipulate a particular case and how to annoy the general public. By that great annoyance, loss of money, loss of reputation, liberty and everything is caused to the general public. If the learned Commissioner is very particular he may go and visit those stations where the charging Inspector is an undergraduate and if he is very earnest in making a real enquiry about these things he will be convinced that the corruption in the Police Department rests mainly with these officers. Sir, as a Vakil many things have come to my knowledge. Now, the game played by these Police Inspectors who have no status is that they are receiving money from both parties to the detriment of the

general public. This fact, the members on this side will not be able to deny. The learned Commissioner may, if necessary, cause enquiries to be made. In murder cases there is laxity in collecting evidence, making proper enquiries and charge sheeting the cases throughout the State. Whenever the Police get a murder case after preparing the F. I. R. with the eye-witnesses they may get any number of witnesses, but as lawyers we know these witnesses are useless and the Magistrate will not give any weight to these witnesses. Therein lies the whole corruption of the Police Department. In ordinary cases the Policeman may cause some delay. This is general and is insignificant. But it will be serious as regards murder cases. If the Commissioner is very particular about knowing it I may say that I know half a dozen murder cases in which the evidence is complete, in which the enquiry is complete but they are being dragged on without the charge sheet being presented, because they expect something. We know that when a case like that is prolonged the parties themselves get tired, with the result that the accused escape in many cases. Again the way in which the Policemen behave towards responsible public men is not at all satisfactory. They say one thing and do another for their own selfish and private ends and not for the convenience of the people or the security of property or for the general peace of the country. Sir, it is very fresh in our memory that a member of this House even specified an instance before the House, and I would like to know what the learned Commissioner has to say in reply to that specific charge. Therefore, instances are not wanting if the Commissioner is very particular about doing away with corruption in his department. It is not a question of wanting, instances not a question that the public are not feeling the responsibility as they ought to feel. But the common public are helpless against the mean action of the subordinate officers of the Police Department. That is how matters really stand today. Our main grievance is against that also. There are responsible officers controlling the Police Department; we have no quarrel with them, but the officers who come in contact with the ordinary general public, if they are not up to the mark, there is no use of some particular good officers controlling the whole department. If a cure is to be effected at all it has to be done in the lowest rung of the department. With these words I support the motion.

PRESIDENT: I may tell the House that the time allotted to this demand expires at 2-49 P. M. You have got 4 minutes more.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): I also support the motion before the House. The Police are spoken of as guardians of the life and property of the public and they are given a very important place in the administration of every Government. We know that in British India itself the department is brought under the category of reserved subjects. The life of every body is under the merciful and tender care of the Police. Instead of securing the life and property of the people they have turned otherwise. They try to help the destruction of life and property. I know instances in which the Police have not continuously taken any action for six months. In a murder

[Mr. R. Kesava Pillai.]

case they have not tried even to find out the accused. In another case they did not try to charge-sheet him after he was caught. I think this is mainly due to corruption prevailing in the department. My friends suggested that corruption is prevailing only in the lower ranks. I differ from them. Even in the higher ranks I know instances where A. S. P's. and D. S. P's. have taken bribes. But I do not—

MR. L. A. BISHOP (*Commissioner of Police*): How does he know, Sir; can he tell me?

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): From investigation and from enquiry made in places.

MR. L. A. BISHOP (*Commissioner of Police*): Personal investigation?

MR. R. KESAVA PLLAI (*Kottarakara* cum *Kunnattur*): Yes.

MR. L. A. BISHOP (*Commissioner of Police*): Has he brought it to my notice, Sir?

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): I have not brought it to his notice. The power vested in the District Police and the Inspectors is very large and they are misusing it like anything. I know that in cognizable offences only the Police have power to arres without warrants. In non-cognizable cases without taking warrants from Magistrates they arrest persons and extort money. Superior officers do not try to investigate into the conduct of these lower subordinates. They sit quiet and connive at the faults of the inferior officers. It is within the knowledge of everybody that there is no co-operation between the Police and the Magistrate at Kottarakara. I brought it to the notice of the Commissioner, and I am sorry that he has not taken any action hitherto. On account of rivalry between the Magistrate and the Police at Kottarakara we are getting the worst sort of administration of criminal justice. When accuseds are presented before the Magistrates for bail, on account of the ill-feeling existing between him and the Police he may let the accuseds go on bail, though the Police want to retain them in custody for collection of further evidence. The same is the case also with the Police. If any investigation is to be made, if any matter is referred to them, they would not comply with it readily. If the Commissioner of Police had been very careful to go through Sessions judgments and judgments declared in open courts by Magistrates, he will find a large number of officers in the Police Department corrupt.

MR. N. K. KRISHNA PILLAI (*Neyyattinkara*): Are not such judgments sent to the Police Commissioner generally?

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*); They are sent. If he rakes up the Sessions judgments declared in the Quilon Sessions Court, he will find such instances.

MR. V. J. OOMMEN (*Commerce and Industry, North*): വേറെ ഒരു കോർട്ടിലും അങ്ങിനെയില്ലേ?

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): So far as the Quilon Sessions Court is concerned—

PRESIDENT: The time allotted to this demand has expired and all the remaining motions lapse.

The above and the following motions lapsed on account of the expiry of the time allotted for the demand.

Motions 344 to 385.

MR. K. PADMANABHA PANIKKAR:

344. To reduce the allotment of Rs. 2,000 for travelling allowance by Re. 1.

MR. R. RAMAN PILLAI:

345. To reduce the allotment of Rs. 2,000 for travelling allowance by Re. 1.

MR. K. PADMANABHA PANIKKAR:

346. To reduce the allotment of Rs. 2,000 for travelling allowance by Rs. 5.

MR. TARIATU KUNJITOMMAN:

347. To reduce the allotment of Rs. 2,000 for travelling allowance by Rs. 5.

MR. K. C. KARUNAKARAN:

348. To reduce the allotment of Rs. 2,000 for travelling allowance by Rs. 10.

MR. A. C. KURIAKOSE:

349. To reduce the allotment of Rs. 2,000 for travelling allowance by Rs. 5.

MR. K. C. KARUNAKARAN:

RAO BAHADUR K. V. RANGASWAMI AIYANGAR (*Ag. Director of Public Instruction*): I will be at the disposal of Mr. Itteechan in a minute. I am dealing with a more important question. I have now gone into a different topic. He is going to the topic of confirmation of teachers. I am now dealing with Mr. Kuriakose's question of grant under the revised scheme.

PRESIDENT: പ്രസംഗം കഴിഞ്ഞിട്ടു ഉത്തരംപറയാമെന്നു ഡയറക്ടർ പറയുന്നുണ്ട്. Mr. Rangaswami Aiyangar, you may go on.

RAO BAHADUR K. V. RANGASWAMI AIYANGAR (*Ag. Director of Public Instruction*): Some schools would get less grant than others. I shall return to Mr. Itteechan after finishing with Mr. Kuriakose's observations. Mr. Kuriakose raised a point. The point is that the new scheme is going to improve the position of the departmental teachers, and that the position of teachers in aided schools will be conceivably worse than it was before. Mr. Kuriakose suggested that this could not have been intended. I do not think that there has been any intention to make the position of aided school teachers worse than it was. This question was raised in the discussion at the beginning but I have not been able to understand arithmetically how it is going to be so. I am willing to look into the matter. Mr. Kuriakose himself has spoken of education in aided schools and I may tell him that the aim of Government is to improve the condition of the teachers both in aided schools and departmental schools because all schools are in a sense Government schools. The department is equally interested in both.

There has been no intention on the part of the Government or on the part of the department to take away what the grant-in-aid teachers were getting. If he shows that there is anything like real hardship, it will be my duty to bring the matter to the notice of the Government for proper orders. As I said, I was not able to understand Mr. Kuriakose when he said that the position was a reality and not a mere apprehension. If I find injustice being done I shall be the first person to bring the matter to the notice of the Government. These are the only points raised by Mr. Kuriakose. I am now at the disposal of Mr. Itteechan.

MR ITTOOP ITTEECHAN (*Kunnatnad*): ൧൧൦൧ നുമുമ്പു നാട്ടുഭാഷാപള്ളിക്കൂടങ്ങളിൽ ആക്റ്റിംഗായി ജോലിനോക്കിവന്നിരുന്ന അദ്ധ്യാപകന്മാരെ പിരിച്ചുവിടണമെന്നു വിചാരിക്കുന്നുണ്ടോ?

RAO BAHADUR K. V. RANGASWAMI AIYANGAR (*Ag. Director of Public Instruction*): This is the subject of a cut motion coming later on, and it cannot be answered in one or two words. When that motion comes or the mover raises the question I will give a reply which I hope will satisfy Mr. Itteechan. There is a motion on the identical subject lower down.

MR. A. C. KURIAKOSE (*Minachil cum Devicolam*): ഞാൻ ഏതുദ്ദേശത്തോടുകൂടി ഈ ഉപക്ഷേപം ഹാജരാക്കിയോ ആ ഉദ്ദേശത്തിന്റെ നിർവഹണത്തിനു പര്യാപ്തമായ പല വാഗ്ദാനങ്ങളും ഡിപ്പാർട്ടുമെന്റുമേലദ്ധ്യക്ഷൻ ചെയ്തിട്ടുള്ളതുകൊണ്ടു ഉപക്ഷേപം പിൻവലിക്കുന്നതിനു അനുവാദം ചോദിച്ചുകൊള്ളുന്നു.

PRESIDENT: Has he the leave of the House to withdraw the motion?

The motion was, by leave, withdrawn.

***Motion* 389.**

To reduce the allotment of Rs. 15,484 for establishment by Rs. 10.

MR. P. S. MAHOMED (*Nominated*): എസ്റ്റാബ്ലിഷമെന്റു വകയിലേക്കതിരുച്ചുവച്ചിട്ടുള്ള ൧൫,൪൮൪ രൂപായിൽനിന്നു പത്തുരൂപാകുറയ്ക്കണമെന്നുള്ള ഈ ഉപക്ഷേപത്തെ സഭാസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു. ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിക്കുന്നതിന്റെ പ്രധാനഉദ്ദേശം വിദ്യാഭ്യാസവകുപ്പിൽ മുസ്ലീമീങ്ങൾക്കു ലഭിക്കേണ്ടപ്രോത്സാഹനം മുഴുവനും ലഭിക്കുന്നില്ല എന്നു ഗവമ്മെന്റിനെ ധരിപ്പിക്കുന്നതിനു വേണ്ടിയാകുന്നു. മുസ്ലിമീങ്ങളുടെ അസമത്വത്തെക്കുറിച്ചു യഥാർത്ഥമായി മനസ്സിലാക്കീട്ടുള്ള ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെന്റുണ്ടെങ്കിൽ അതു വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റു മാത്രമാകുന്നു. ഈ ഡിപ്പാർട്ടുമെന്റു ഞങ്ങളുടെ എല്ലാ അശക്തികളേയും മനസ്സിലാക്കീട്ടുണ്ടു്. വിദ്യാഭ്യാസത്തിൽ ഈ സമുദായം പിന്നണിയിൽ നില്ക്കുന്നു എന്നു കണ്ട

[MR. P. S. MAHOMED.]

ത്തിന്റെ ഫലമായിട്ടാണു ആ സമുദായത്തിനു ഗവൺമെന്റിൽ നിന്നും, ഡിപ്പാർട്ടുമെന്റിൽ നിന്നു തന്നെയും പല ആനുകൂല്യങ്ങളും ചെയ്തു തന്നിട്ടുള്ളതു്. എന്നാൽ ഇനിയും പല സംഗതികൾ അവരുടെ വിദ്യാഭ്യാസത്തിന്റെ അഭിവൃദ്ധിക്കായിട്ടു ചെയ്യേണ്ടതായിട്ടുണ്ടു്. ഇതിൽ ഏററവും പ്രധാനമായിട്ടുള്ളതിനെ ഞാൻ ഇവിടെ പ്രസ്താവിക്കാം. പരീക്ഷാവിജയികളായി വെളിയിൽ വരുന്ന മുസ്ലീം വിദ്യാർത്ഥികളുടെ സംഖ്യ വളരെ തുച്ഛമാണു്. ഇങ്ങനെ ഒരു തുച്ഛമായ സംഖ്യയേ പാസ്സായി വെളിയിൽ വരുന്നുള്ളു എങ്കിലും അതിൽ എത്ര പേർക്കു ഉദ്യോഗം നൽകീട്ടുണ്ടെന്നുള്ള സംഗതി ആലോചിക്കേണ്ടതാണു്. ഇന്നലേയും ഇന്നും ഇവിടെ നടന്നിട്ടുള്ള പ്രസംഗങ്ങളിൽ നിന്നും ഇന്നത്തെ വിദ്യാഭ്യാസം ഉദ്യോഗത്തിന്നു ആളുകളെ സംഭരിക്കുന്നതിനു വേണ്ടിമാത്രം ഏർപ്പെടുത്തീട്ടുള്ളതാണെന്നു മനസ്സിലാക്കികഴിഞ്ഞിരിക്കുന്നു. സാധാരണയായിട്ടു പാസ്സായിട്ടുള്ള ആളുകൾക്കു ഉദ്യോഗം ലഭിക്കുന്നില്ല എന്നുള്ളതു അവരുടെ പ്രോത്സാഹനത്തിനു ഏററവും തടസ്ഥമായിട്ടു തീരുന്ന ഒരു സംഗതിയാണു്. എന്നാൽ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരുടെ സംഖ്യനോക്കിയാൽ മുസ്ലീം സമുദായത്തിൽ നിന്നും പാസ്സായിവരുന്നവർക്കെല്ലാം ആ ഡിപ്പാർട്ടുമെന്റിൽതന്നെ ഉദ്യോഗംകൊടുത്താലും, മററുള്ള ഉദ്യോഗങ്ങളുടെ സംഖ്യയും ആയി തുലനം ചെയ്തു നോക്കുമ്പോൾ അതു് ഒരിക്കലും കൂടിപ്പോയി എന്നു വരുന്നതല്ല. കഴിഞ്ഞ സ്ക്കൂൾ ഫൈനൽ പരീക്ഷയിൽ ഇതിന് മുൻപു് ഒരിക്കലും പാസ്സായിട്ടില്ലാത്തവിധം മുസ്ലിമുകൾ പാസ്സായിട്ടുണ്ടു്. അകപ്പാടെ ൨,൩൪൩ പേർ പാസ്സായകൂട്ടത്തിൽ മുസ്ലിമീങ്ങൾ ൪൨ പേർ മാത്രമേ ഉള്ളു. ഇംഗ്ലീഷ് വിദ്യാഭ്യാസവകുപ്പിനെ മാത്രം നോക്കിയാൽ — അതായതു് പുരുഷന്മാർക്കായിട്ടുള്ള വിദ്യാഭ്യാസവകുപ്പിനെമാത്രം എടുത്തു നോക്കിയാൽ — പ്രിൻസിപ്പാൽ ആയിട്ടും പ്രൊഫസർമാരായിട്ടും കാളേജിൽ ൩൨൩ ഉദ്യോഗങ്ങൾ ഉണ്ടു്. ഹൈസ്ക്കൂൾ ക്ലാസ്സുകളിൽ അദ്ധ്യാപകന്മാരും മുൻഷിമാരും (അറബിക്കു് മുൻഷിമാർ ഇതിൽ ഉൾപ്പെടുകയില്ല. ഡ്രായിങ്ങ് മാസ്റ്റർമാരും ഡ്രിൽമാസ്റ്റർമാരും എല്ലാവരും കൂടി ൧൦൩ ആളുകൾ ഉണ്ടു്. എന്നാൽ മുസ്ലീം സമുദായത്തിൽ നിന്നും പരീക്ഷയിൽ ൪൨ പേരേ ജയിച്ചിട്ടുള്ളു. അതിൽ പകുതിയിലധികവും കാളേജിൽ പോയിട്ടുണ്ടു്.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): Does the member say that promotion also should be given on communal basis?

MR. P. S. MAHOMED (*Nominated*): പ്രമോഷൻ സംബന്ധിച്ച് ഞാൻ സംസാരിച്ചിട്ടില്ല. അതിനെ കുറിച്ചു സംസാരിക്കുമ്പോൾ പറയാം.

അങ്ങനെ നോക്കുകയാണെങ്കിൽ ഇരുപതു് ആളുകൾ മാത്രമേ ജയിച്ചവരിൽ ഉദ്യോഗാർത്ഥികളായിട്ട് അലഞ്ഞു തിരിഞ്ഞു നടക്കാനുള്ളൂ. പാസ്സായവരിൽ അധികം ആളുകളും ഉദ്യോഗം ഇല്ലാതെ ഇരിക്കയാണ്. മുസ്സ്‌ലീം സമുദായത്തെ വിദ്യാഭ്യാസത്തിലേക്കു പ്രോത്സാഹിപ്പിക്കേണ്ട ആഡിപ്പാർട്ടുമെൻറു വേണ്ടപ്രകാരത്തിൽ പ്രോത്സാഹിപ്പിച്ചിരുന്നു എങ്കിൽ ഇത്രവലുതായ സങ്കടം ഇവർ അനുഭവിക്കേണ്ടിവരികയില്ലായിരുന്നു.

മലയാളം വിദ്യാലയങ്ങളെസംബന്ധിച്ചു നോക്കുകയാണെങ്കിൽ ഹൈസ്ക്കൂളിലും മിഡിൽസ്ക്കൂളിലും ഉള്ള ഡ്രായിങ്ങ് മാസ്റ്റർമാർ ഡ്രിൽമാസ്റ്റർമാർ ഉൾപ്പടെ (അറബിക്ക് മുൻഷികൂടാതെ) ൨,൨൨൭ പേർ ഉണ്ടു്. പ്രൈമറിസ്ക്കൂളുകളിൽ ൩,൩൮൩ പേർഉണ്ടു്. ഇത്ര വലുതായ ഒരു സംഖ്യയുള്ള ഈ ഡിപ്പാർട്ടുമെൻറിൽ മുസ്ലീമീങ്ങളുടെ സംഖ്യ കഷ്ടിച്ചു ൫൦-തിൽ കൂടുതൽ വരികയില്ല. അതുകൊണ്ടു ഈ ഒരു ഡിപ്പാർട്ടുമെൻറുമാത്രം വേണ്ടവിധത്തിൽ ശ്രദ്ധിക്കയാണെങ്കിൽ വിദ്യാഭ്യാസ വിഷയത്തിൽ മുസ്ലീമീങ്ങൾക്കു കുറെക്കൂടി മുന്നോട്ടുവരുന്നതിനു കഴിയും. മററുള്ള ഡിപ്പാർട്ടുമെൻറുകളിലും ഇവർക്കു കേറാൻസാധിക്കും. ഇവർക്കു കൊടുക്കേണ്ട സംഖ്യമാത്രം കൊടുത്താൽ മതി. ഒരു സംഗതി പ്രത്യേകം ഞാൻ ഡിപ്പാർട്ടുമെൻറു മേലധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. ഇപ്പോൾ ഡയറക്ടർ ഏർപ്പെടുത്തിയിട്ടുള്ള പുതിയസർക്കുലർ അനുസരിച്ചു ആക്ടിംഗ്നോക്കീട്ടുള്ളവരുടെ ലിസ്റ്റ് എടുത്തിട്ടുണ്ടു. ആ ലിസ്റ്റിൽ ഉൾപ്പെട്ടവർക്കു ഉദ്യോഗം കിട്ടികഴിഞ്ഞിട്ടുമാത്രമേ മററുള്ളവർക്കു ഉദ്യോഗംകിട്ടാൻ സാധിക്കയുള്ളൂ. ആക്ട് ചെയ്തിട്ടുള്ളവരുടെഅവകാശം തീരെ അവഗണിക്കണം എന്നു ഞാൻ പറയുന്നില്ല. ഈ ആക്ട് ചെയ്യുന്നവരുടെ കൂട്ടത്തിൽ മുസ്ലീമീങ്ങളുടെ സംഖ്യ വളരെ തുഛമാണു. അതു ഒരു സംഖ്യ എന്നു കൂടിപറയാൻ പാടില്ലാത്തവിധം അത്ര തുഛമാണ്. ഈ ആക്ടിംഗ് അദ്ധ്യാപകന്മാരെതന്നെ നിയമിച്ചിട്ടുള്ളതു ഇന്നത്തെ മേലദ്ധ്യക്ഷൻെറ കാലത്തല്ല. ഇതിനു മുമ്പിരുന്ന മേലദ്ധ്യക്ഷൻെറ കാലത്താണ്. ഇപ്രകാരം ആക്ടിംഗ് നോക്കീട്ടുള്ളവരെ സ്ഥിരപ്പെടുത്തിയശേഷമല്ലാതെ ഈ അസമത്വം അനുഭവിക്കുന്ന മുസ്ലീം സമുദായക്കാർക്കു ഒരു ഗുണവും ലഭിക്കാൻ മാർഗ്ഗമില്ല. അതുകൊണ്ടു ആ ലിസ്റ്റിനെ സംബന്ധിച്ചു ഡയറക്ടർ പ്രത്യേകം ശ്രദ്ധിക്കണം. അന്നു ഉ

[Mr. P. S. Mhomed].

ദ്യോഗത്തിനപേക്ഷിച്ചിരുന്ന മുസ്ലീമീങ്ങൾക്കു ശരിയായി ഉദ്യോഗം നൽകിയിരുന്നുവെങ്കിൽ ഈ ആക്ലിംഗ് ലിസ്റ്റിലും മുസ്ലിമീങ്ങളുടെ പേരുകാണുമായിരുന്നു.

MR. MURUVELIL PACHU PILLAI (*Shertallai*): അന്നു അപേക്ഷിച്ചതിൽ ആർക്കെങ്കിലും കിട്ടാതെയിരുന്നിട്ടുണ്ടോ?

MR. P. S. MAHOMED (*Nominated*): പലരും അപേക്ഷിച്ചിരുന്നു. ഇന്നേവരെ കിട്ടിയിട്ടില്ല.

MR. MURUVELIL PACHU PILLAI (*Shertallai*): എത്രപേർ അപേക്ഷി അയച്ചിട്ടുണ്ട്?

MR. P. S. MAHOMED (*Nominated*): നാൻപതുപേരോളം അപേക്ഷിച്ചിട്ടുണ്ട്.

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): ആക്ലിംഗ് കാരുടെ അവകാശത്തെ അവഗണിക്കണമെന്നാണൊ മെമ്പർ അഭിപ്രായപ്പെടുന്നതു്?

MR. P. S. MAHOMED (*Nominated*): അവരുടെ അവകാശങ്ങളെ ന്യായമായിട്ടു പരിഗണിക്കണം. എന്നാൽ അതിനു സൌകര്യം ലഭിക്കാത്തവരുടെ കാര്യത്തിൽ ഡയറക്ടർ പ്രത്യേകം ശ്രദ്ധിക്കണമെന്നാണു ഞാൻ പറയുന്നതു്.

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): ഇതു രണ്ടും കൂടെ സാധിക്കുന്നതാണോ?

MR. P. S. MAHOMED (*Nominated*): രണ്ടും സാധിക്കും. വിശാലഹൃദയത്തോടുകൂടി പെരുമാറിയാൽ ധാരാളം സാധിക്കും.

കൊറാൻ ററീച്ചേഴ്സ്സിന്റെ ശമ്പളക്കുടുതലിനെ സംബന്ധിച്ചു ഒന്നും ഈ ആണ്ടത്തെ ബഡ്ജററിൽ കാണുന്നില്ല. പത്തു രൂപായാണു അവക്കു ഇപ്പോഠം കൊടുത്തുവരുന്നതു്. പതിനാലുരൂപാകൊടുക്കുന്ന അദ്ധ്യാപകന്മാർ പട്ടിണികിടക്കുന്നു എന്നു കൌൺസിലിൽ മുറവിളികൂട്ടിയതു നിമിത്തം അതിനുപരിഹാരമുണ്ടാക്കാൻ വിചാരിച്ച ഗവമെൻറ ഈ പത്തു രൂപാക്കാരുടെ കാര്യം എന്തുകൊണ്ടു ആലോചിച്ചില്ല എന്നുള്ളതു പരിതാപകരമായ ഒരു സംഗതിയാണ്.

MR. K. MADHAVAN PILLAI (*Trivandrum cum Nedumangad*): ഒരു ദിവസത്തിൽ ഈ അറബിക്ക് മൻഷിമാക്കു എത്രമണിക്കൂർ ജോലയുണ്ടെന്നറിയാമോ?

MR. P. S. MAHOMED (*Nominated*) : അവർ കൂട്ടതൽ സമയം ജോലിചെയ്യാൻ തയ്യാറാണ്. അവക്കു കൂടുതൽ ജോലികൊടുക്കാത്തതു അവരുടെ കുററമല്ല.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): കാളേജിൽപ്രൊഫസർമാക്കു ഒരുദിവസം എത്രമണിക്കൂർ ജോലിയുണ്ടെന്നറിയാമോ?

MR. P. S. MAHOMED (*Nominated*): അവക്കു ഈ അറബിക്കു മുൻഷിമാരേക്കാൾ ജോലി കുറവാണെന്നറിയാം.

ഈ മുൻഷിമാർ മററദ്ധ്യാപകന്മാർ വരുന്നതിനു ഒരു മണിക്കൂർ മുമ്പുവരണം. ശേഷമുള്ളവർ പോയി അരമണിക്കൂർ കഴിഞ്ഞേ പോകാവൂ. ഇതിനിടയ്ക്കു സമയമുണ്ടെങ്കിൽ അതു മററു ജോലികൾചെയ്യാൻ സാധിക്കാത്തതുമാണു. സാധാരണ ൧൦ മണിക്കുമേൽ ൩ മണിക്കകം ഒരു ജോലിയും അവക്കുംതന്നെ ചെയ്യാൻ സാധിക്കയില്ല.

MR. N. K. KRISHNA PILLAI (*Neyyatinkara*): ഡിപ്പാർട്ടുമെൻറിൽ ഇപ്പോൾ ഒരു മഹമ്മദൻ ഇൻസ്പെക്ടർ ഉണ്ടല്ലോ. അദ്ദേഹം അറബിക്കു മുൻഷിമാരുടെ കാര്യത്തെപ്പററി എന്തെങ്കിലും ഗവണ്മെൻറിലേക്കു എഴുതിഅയച്ചിട്ടുണ്ടോ?

MR. P. S. MAHOMED (*Nominated*) : അങ്ങനേ ചെയ്തിരിക്കണം എന്നാണ് എൻെറ അഭിപ്രായം. ഗവണ്മെൻറും ഡിപ്പാർട്ടുമെൻറും ഇതിൽ എന്തുചെയ്തുഎന്നു ഞാൻ അന്വേഷിച്ചിട്ടില്ല. ഈ സംഗതിയിൽ വേണ്ട ആനുകൂല്യം ചെയ്തുകൊടുക്കണമെന്നുള്ള അപേക്ഷയോടുകൂടി ഈ ഉപക്ഷേപത്തെ ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

RAO BAHADUR K. V. RANGASWAMI AIYANGAR (*Ag. Director of Public Instruction*) : Sir, when I read Mr. P. S. Mahomed's notice of motion I had some difficulty in finding what it was that he was going to say but on the very few occasions on which I have been able to meet Mr. Mahomed I have found him an extremely reasonable gentleman and I expected that he might ventilate some grievances in regard to Mahomedan education of which I was unaware and to which I was to pay attention. I must say with great deference to Mr. Mahomed that on this occasion he has made a strong indictment against the Education Department as compared with other departments, which is not, I beg to submit, merited by the Education Department. He said, compared with other departments, the Education Department is the only department in which Mahomedan interests are most neglected.

MR. P. S. MAHOMED (*Nominated*) : I did not say that.

RAO BAHADUR K. V. RANGASWAMI AIYANGAR (*Ag. Director of Public of Instruction*) : Beg your pardon, it is my inability to understand Malayalam, I am afraid. But I am glad of it. I do not know how much generosity the other departments might show, but from a perusal of what has been done by the department for Mahomedan education, I would consider that this department is treating the Mahomedans with extreme favour. I do not grudge it. I am very glad it has been so. It has been recognised that there has been great backwardness in the matter of Mahomedan education, and we do not get a proper percentage of literacy unless certain inducements of an out-of-the-way character are offered in order that Mahomedan pupils may get into schools and get educated. For instance, the attitude of the Government in regard to religious neutrality which has been strictly adhered to in all cases has been broken only in regard to Mahomedan education, and a most expensive school, considered by the number of persons and staff engaged, is being maintained for the benefit of that one community in the town of Alleppey, where there are two exceedingly good private schools in one of which Mahomedan parents are getting their children even now educated. For 110 students there, we are keeping a fully developed English High School with a full staff which causes a net loss of somewhere about Rs. 9,000. I do not think any other school, however big it be, causes the same deficit. Is that a sign of want of interest towards the Mahomedan community ?

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*) : Is it for the Mahomedan boys or for the Mahomedan girls also ?

RAO BAHADUR K. V. RANGASWAMI AIYANGAR (*Ag. Director of Public Instruction*) : Boys alone. I do not think Mahomedan ladies will agree to co-education.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*) : I do not think that the Director———

RAO BAHADUR K. V. RANGASWAMI AIYANGAR (*Ag. Director of Public Instruction*) : I do not think I am called upon to discuss a question of policy which has been raised.

That is the sort of sympathy which has been displayed by the Travancore Government and the Travancore Education Department towards Mahomedan education. If any other community has been given a separate school to itself and the various concessions that have been given to Mahomedans in the matter of education and if any community has been given this special exemption from the Government's following the path of religious neutrality by allowing Koran to be taught to Mahomedan population in schools, I think that that community would consider itself to be a fortunate community. I do not think that, even in some provinces in British India where there is a predominence of Mahomedan population, such a concession is given. Every Mahomedan boy here gets a half fee concession now as a matter of course even if he happens to be the son of the richest man in Travancore, and such rich people are found in abundance among the Mahomedan community because they are more wise than other people. The Mahomedan community gets this fee concession and every Mahomedan girl gets

full fee concession, not only in schools but even in colleges. The veriest pauper even though he is one who is eligible for scholarship by his distinction in examination if he gets into the college, cannot get a fee concession. Members of the depressed class have very often brought forward this question that they cannot get this concession. Even the richest Mahomedan when he goes to the college gets this concession. If he has got a daughter he can get her educated free and in addition gets scholarship also. Mahomedans can also compete open scholarships. There are very many clever men among them. Otherwise they would not have captured our trade and they would not have ruled over the country for 500 years. These are some of the points which might enable the House to decide whether there is any justification for the complaint that the Government are not treating Mahomedans properly in the matter of education. There is, of course, the other question in regard to the employment of Mahomedans and Mr. Mahomed has brought forward a number of figures to show that Mahomedans are not properly represented in the Education Department. Is it my fault? I am talking in a representative capacity. Is it the fault of the department? The fact is that when a Mahomedan passes examination he is regarded as a rare being and he ordinarily disdains small appointments which we can confer upon him. A clerk on Rs. 20 was appointed as a Stationary Magistrate when he passed his B. L. There is competition between various departments to show consideration to the Mahomedan community, with the result, that the Education Department is not able to get a Mahomedan for a tutorship. Unfortunately I am not able to get a man who has got the necessary qualifications. They have got the right to get appointments by selection and they can apply for competitive examination on communal claims, in a manner in which no other communities can claim. The result is, we are unable to get qualified Mahomedans and this is our difficulty.

I do not presume that anybody wants a smaller percentage to be fixed, as the minimum for promotion, for Mahomedan candidates alone. I am merely mentioning this to show that all that is possible is being done to carry out to the fullest extent the spirit of the G. O. on the education of Mahomedans. My department has always been anxious to do all that is possible to Mahomedans in the matter of appointments also whenever we get qualified gentlemen belonging to the community. But the only difficulty is that for appointment in my department qualified Mahomedans are not as a matter of fact available.

There is one definite suggestion which Mr. Mahomed has made and that is that in confirming teachers in Vernacular schools the communal claims of Mahomedans should be considered. Certainly that will be considered. But I cannot hold out a promise that their claims will be considered in preference to better and just claims of other communities. The Mahomedans are not the only class of people who are regarded as backward in education. So, we have got to hold the balance between the claims of the several communities. And, where there is weakness, we endeavour to support; where there is inadequate representation we

[Rao Bahadur K. V. Rangaswami Aiyangar.]

give preference and give more representation than to adequately represented communities. As a matter of fact, in the case of Mahomedans, we are doing as much as possible even by relaxing the rules sometimes. There have been one or two cases, Sir, in which special appeals came to me in regard to scholarships for Mahomedan girls; and I have exercised my discretionary powers, suspended the rules and allowed the scholarships to be continued even in the case of girls who have been ploughed in the examination. I have done so deliberately because, according to me, the education of Mahomedan girls deserves special consideration. This is the attitude that the department has been following in the case of Mahomedans; and this is the attitude, I presume, the department will continue to adopt in future also. I would therefore submit to the House and to Mr. Mahomed that it is not fair to charge the department with having ignored the case of Mahomedans. That may be the case perhaps with individual officers. But the Head of the Department has always been showing special consideration to members of the community as they justly deserve. I can only assure Mr. Mahomed that if he would bring to my notice any case in which their just claims have been overlooked I shall investigate it and do the needful. More than that, is not possible. If I may be allowed to make a personal statement, Sir, I may say that what is now being done for Mahomedan education in the country is very generous. I am sure Mr. Mahomed will admit that equally good and equally fair treatment has to be given to other equally backward communities also. Therefore, there will be absolutely no justification, in extending it any further in the case of Mahomedans alone. I do not say this with any envy of what is being done to my Mahomedan brethren. My only point is that similar just claims of other communities have also to be given equally just treatment along with this.

MR. V. J. OOMMEN (*Commerce and Industry, North*): ഞാൻ മിസ്റ്റർ പി. എസ്. മഹമ്മദിന്റെ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. ഞാൻ ഇതിനെ അനുകൂലിക്കാൻ ഉദ്ദേശിക്കുന്നതു രണ്ടു സംഗതികളെപ്പറ്റി പറയാനാണ്. അതിൽ ഒന്നു മലയാളം പള്ളിക്കൂടം അദ്ധ്യാപകന്മാരായി പകരം നോക്കിയിരുന്ന ആളുകളിൽ ൧൦൧൧-ാമാണ്ടിനു ശേഷമുള്ള ആളുകളെമാത്രമേ സ്ഥിരപ്പെടുത്താൻ ആലോചിക്കുന്നുള്ളു എന്നും അതിനുമുമ്പു പകരംനോക്കിയിരുന്ന ആളുകളുടെ അവകാശങ്ങളെ ഗവർണ്മെന്റ അവഗണിച്ചിരിക്കുന്നു എന്നുംആണ് എന്റെഅറിവു, ഗവർണ്മെന്റുദ്യോഗത്തിൽ മുമ്പിൽകൂട്ടി കയറിപ്പോയതു ഒരു അയോഗ്യതയായിട്ടു ഗണിച്ചിരിക്കുന്നു എന്നാണു തോന്നുന്നതു്, ഇതു വളരെ സങ്കടകരവും, ഒരിക്കലും നീതീകരിക്കത്തക്കതും അല്ല. ആയതുകൊണ്ടു മുൻകൂട്ടി ആക്ടറ് ചെയ്തവരുടെ അവകാശത്തെക്കൂടി ഗൌനിച്ചു ഇതരനിയമനങ്ങൾ ചെയ്യണമെന്നു അപേക്ഷിക്കുന്നു.

രണ്ടാമത്തു ഇന്നലെയുള്ള ചോദ്യോത്തരം വന്നപ്പോൾ ഇംഗ്ലീഷ് സ്കൂൾ ഇൻസ്പെക്ടർഅവർകൾ അദ്ദേഹം ഡിപ്പാർട്ടുമെൻറിൽ ചാർജ്ജെടുത്തതിൽപിന്നെ നടത്തിയിട്ടുള്ള നിയമനങ്ങളുടെ പട്ടിക ആവശ്യപ്പെട്ടിരുന്നതിനു നൽകിയ ഉത്തരത്തെക്കുറിച്ചാണു എനിക്കു പറയുവാനുള്ളതു്. അദ്ദേഹം ഡിപ്പാർട്ടുമെൻറിൽ ചാർജ്ജെടുത്തതിൽപിന്നീടു ൩൨ നിയമനങ്ങൾ നടത്തീട്ടുണ്ടു്. ഈ നിയമനങ്ങളെസംബന്ധിച്ചു അദ്ദേഹം വർഗ്ഗീയപക്ഷപാതത്തോടുകൂടി പ്രവർത്തിക്കുന്നു എന്നല്ലാതെ അതിൽ ഓരോന്നും ഈ സഭാസമക്ഷം പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. അതുകൊണ്ടു് ആ ലിസ്റ്റിനെ ഡയറക്ടർ അവർകളും പ്രത്യേകിച്ചു ദിവാൻജിഅവർകളും ഒന്നു പരിശോധിച്ചു മേലാൽ വർഗ്ഗീയപക്ഷപാതംകൂടാതെ ഇരിക്കുന്നതിനു ഡിപ്പാർട്ടുമെൻറു മേധാവികൾക്കു വേണ്ട ഉപദേശങ്ങൾ കൊടുക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഈ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു.

MR. ITTOOP ITTEECHAN (*Kunnatnad*): ഞാനും മിസ്റ്റർ പി. എസ്. മഹമ്മദിൻെറ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. ൧൧൦൧-നുമേൽ ആക്ടിംഗ് അദ്ധ്യാപകന്മാരായിട്ടു് ഇരുന്നവക്കു മാത്രമെ സവീസിൽ പ്രവേശനം കൊടുക്കാൻ ഇടയുള്ളു എന്നാണു് തീർച്ചപ്പെടുത്തിയിരിക്കുന്നതു്. അതിനുമുമ്പു ആക്ടിംഗ് ആയിരുന്നവരുടെ സർവീസിനെ അവഗണിച്ചുപ്രവൃത്തിക്കുന്നതു നീതിയല്ലെന്നു മാത്രമല്ല ഇതു അക്രമവുംഅനീതിയുമാണെന്നു ഈ സഭാസമക്ഷം പറഞ്ഞുകൊള്ളുന്നു. എന്നു തന്നെയല്ല ഈ അദ്ധ്യാപകന്മാരെ നിയമിച്ചതു ഇന്നത്തെ എഡ്യുക്കേഷൻഡിപ്പാർട്ടുമെൻറിലെ ഡയറക്ടരേയും ചീഫ് ഇൻസ്പെക്ടരേയുംപോലെ അന്നു ഈ ഡിപ്പാർട്ടുമെൻറിൽ ഉണ്ടായിരുന്നിട്ടുള്ളവരാകുന്നു. അതിനാൽ പിരിച്ചുവിടാനുദ്ദേശിക്കുന്ന അദ്ധ്യാപകന്മാരുടെ സങ്കടത്തെപ്പററി ഗൌനിച്ചു ആയതിനു ഡിപ്പാർട്ടുമെൻറും ഗവൺമെൻറും പരിഹാരമുണ്ടാക്കികൊടുക്കണമെന്നുള്ള എൻെറ അഭിപ്രായത്തെ ഈ സഭാസമക്ഷം അറിയിച്ചുകൊണ്ടു ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

MR. K. MADHAVAN (*Nominated*): *ஸர், மிஸ்டர் பி. எஸ். மொகமத் அவர்களுடைய அபிப்பிராயத்தை நானும் பின்தாங்கிச் சொல்லுகிறேன். தாழ்த்தப்பட்டவர்களான இந்த ஏழை ஜனங்கள் வாஸ்தவத்தில் கல்வியில் பின்னுக்கு நிற்கிறார்கள் என்று நான் கவர்மெண்டுக்கு வருப்புருத்திச் சொல்லவேண்டியதில்லை. இந்த நிலைமையிலிருக்கிற ஜனங்கள் முன்னுக்கு வரக்கஷ்டமாயிருக்கிறது. அவர்கள் ஏழைகள். அவர்களுக்குப் பணமில்லை. அவர்கள் கவர்மெண்டின் சகாயங்கொண்டுதான் முன்னுக்கு வரவேண்டியவர்களாய் இருக்கிறார்கள். இந்த ஏழை*

[Mr. K. Madhavan.]

ஜனங்களுடைய கல்வி நிலைமையையும், மற்ற வகுப்பாருடைய கல்வி நிலைமையையும் ஒப்பிட்டுப் பார்த்தால் இவர்களுடைய நிலைமை மிக்கப் பரிதாபம். ஆதலால் இவர்களுக்கு ஏதாவது உதவிசெய்யவேண்டுமென்று கேட்டுக்கொள்ளுகிறேன். ஒன்று இரண்டு வகுப்பினர் முன்னுக்கு வரும்போதும் தாழ்த்தப்பட்ட வகுப்பினர் படிக்க சக்தியற்றவர்களாகயிருக்கிறார்கள். கவர்மெண்டு எவ்வளவு சகாயம் இந்த தாழ்த்தப்பட்டவர்களுக்குச் செய்யலாமோ அவ்வளவும் செய்வதனால் பரவாயில்லை, என்று சொல்லவேண்டும். நேற்று சாயங்காலம் செங்கோட்டையிலிருந்து ஒரு பையன் அவனுடைய படிப்பைவிட்டுப் போகவேண்டியிருக்கிறதென்று என்னுடன் சங்கடத்தோடு தெரிவிக்கவேண்டிவந்தது. தாவது கவர்மெண்டு சகாயிக்கத்தக்கதாக தாங்கள் ஏற்பாடு செய்யாவிட்டால் என் படிப்பை விடவேண்டியிருக்கிறதென்று இந்தப்பையன் என்னிடம் கண்ணீரோடு சொன்னான். என்ன சங்கடம். இந்த ஏழை ஜனங்களுக்கு இப்படியும் சங்கடம் நேரிடுமா? இந்த ஏழை ஜனங்களுக்கு ஸ்காலர்ஷிப்புகள் கொடுக்கவேண்டுமென்று கவர்மெண்டைக் கேட்டுக்கொள்ளுகிறேன். டைரக்டர் அவர்கள் ஒரு மாதத்திற்கு முன்பு தென் திருவிதாங்கூரில் சுற்றிவரும்போது தாழ்த்தப்பட்டவர்களுடைய பிள்ளைகளின் பள்ளிக்கூடங்களை பார்த்ததற்கு நான் அவர்களுக்கு நன்றி கூறுகிறேன். அங்கே 31-ப்ள்ளிக்கூடங்கள் உண்டு. அவைகளில் 187-உபாத்தியாயர்கள் உண்டு. இவர்களில் ஒன்றோ இரண்டோ தாழ்த்தப்பட்டவர்கள் உண்டு. வேறுயில்லை. இந்த நிலைமையைப்பற்றி டைரக்டர் சிரத்தை எடுத்துக்கொண்டிருக்கிறார். ஆதலால் இந்தத் தாழ்த்தப்பட்ட வகுப்பினருக்கும் வேண்டிய உதவிகள் செய்தும், ஸகாலர்ஷிப்புகள் கொடுத்தும், பீஸ்களில்லாமலும் எடுத்துக்கொள்ள கவர்மெண்டைக் கேட்டுக்கொண்டு என்னுடைய விஷயத்தை முடித்துக்கொள்ளுகிறேன்.

MR. P. S. MAHOMED (*Nominated*): സർ, എന്റെ പ്രസംഗത്തിൽ പല ഭാഗങ്ങളും ഡയറക്ടർ അവർകൾ തെററിധരിച്ചിരിക്കുന്നു എന്നാണു എനിക്കു തോന്നുന്നതു്. വിദ്യാഭ്യാസത്തെ സംബന്ധിച്ചു് മുസ്ലിം സമുദായത്തിനു ഡിപ്പാർട്ടുമെൻറിൽനിന്നു ചെയ്തുതരുന്ന ആനുകൂല്യത്തെ ഞാൻ അവഗണിച്ചിട്ടില്ല. വേണ്ടവിധത്തിൽ ചെയ്തുതരുന്നില്ല എന്നു് പരാതിയും പറഞ്ഞിട്ടില്ല. എന്നാൽ ആ കാര്യത്തിൽ ഗവണ്മെൻറിന്റെ ശ്രദ്ധ നല്ലവണ്ണം പതിഞ്ഞിട്ടുണ്ടു് എന്നുതന്നെയാണു് ഞാൻ പറഞ്ഞതു്. അതിനുള്ള പ്രധാനകാരണം മഹമ്മദീയർ ഒരുകാലത്തു് വിദ്യാഭ്യാസം എന്നു കേട്ടാൽ അതു് ഒരു മതവിരോധംപോലെയാണു് പലരും വിചാരിച്ചിരുന്നതു്. ഇന്നു് സ്ത്രീകളുടെ വിദ്യാഭ്യാസത്തിനെപ്പററി ഏതുരീതിയിൽ വിചാരിച്ചിരുന്നുവൊ ആ രീതിയിലാണു് അന്നു ഈ സമുദായത്തിലെ പുരുഷന്മാരുടെ വിദ്യാഭ്യാസത്തെപ്പററിയും വിചാ

രിച്ചിരുന്നത്. ഇംഗ്ലീഷ് വിദ്യാഭ്യാസം ഇവിടെ പ്രവേശിച്ച മാറ്റമാണ് മുസ്ലിമീങ്ങളെ വിദ്യാഭ്യാസത്തിൽ പിന്നോക്കമാക്കിയത്. ആരംഭത്തിൽ മുസ്ലിം സമുദായത്തിലെ മതാസക്തന്മാരുടെയിടയിൽ ഈ വിദ്യാഭ്യാസത്തിന്റെനേക്കു ജനിച്ച വെറുപ്പ് അധികം കാലം ദീർഘിച്ചുനില്ക്കുകയും തന്നിമിത്തം ഈ സമുദായം വിദ്യാഭ്യാസമില്ലാത്തതായി തീരുകയും ചെയ്തു. അതിന്റെഫലമായിട്ടാണ് മഹമ്മദീയരുടെയിടയിൽ വിദ്യാഭ്യാസം മുന്നോട്ടുവരാതിരുന്നിട്ടുള്ളത്. ഒരു ഘട്ടത്തിൽ, നാടുനീങ്ങിയ മഹാരാജാവ് തിരുമനസ്സുകൊണ്ട് ആലപ്പുഴ വന്ന അവസരത്തിൽ ഞങ്ങൾ ഒരു ഡെപ്യൂട്ടേഷൻപോയി തിരുമനസ്സിനെസങ്കടമറിയിച്ചതിൽ തിരുമനസ്സുകൊണ്ട് ഇങ്ങിനെ മറുപടിനൾകി. "മുസ്ലീമിങ്ങൾ കച്ചവടക്കാർ എന്ന നിലയിലും വ്യവസായികൾ എന്ന നിലയിലും ജന്മികൾ എന്ന നിലയിലും രാജ്യത്തിന്റെ ധനാഗമമാർഗ്ഗങ്ങളിൽ സാരതരമായി പ്രവർത്തിച്ചിട്ടുണ്ടെന്ന് നമുക്കറിയാം. അതുകൊണ്ടു നിങ്ങളുടെ വിദ്യാഭ്യാസത്തെ സംബന്ധിച്ച് വേണ്ടതുപ്രവർത്തിക്കാൻ ഞാൻ എന്റെ ദിവാൻജിയോട് ആജ്ഞാപിക്കാം." അതിനുശേഷം കൃഷ്ണൻനായർ ദിവാൻജി അവർകളുടെ കാലത്ത് അന്നത്തെ ഡയറക്ടർ ആയിരുന്ന മിസ്റ്റർ ഹഡ്സനെ മുസ്ലീമിങ്ങളുടെ പല കേന്ദ്രസ്ഥലങ്ങളിലും അയക്കുകയും അവരുടെ ആവശ്യങ്ങൾ എന്തെല്ലാമാണെന്നു മനസ്സിലാക്കുകയും ചെയ്തു. അദ്ദേഹം മഹമ്മദീയന്മാരുടെ പല പ്രധാന സ്ഥലങ്ങളിലും പോയി പലവിധമായി അന്വേഷണം നടത്തിയതിന്റെഫലമായി ൧൦൮൧-ൽ ഗവൺമെന്റു ഒരു ജി. ഒ. പുറപ്പെടുവിച്ചു. ഇവിടത്തെ മുസ്ലീമിങ്ങളുടെ വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം വേണ്ട പ്രോത്സാഹനം നൾകുന്നതിനു നിർദ്ദേശിച്ചു എന്നുള്ള സംഗതി ഞങ്ങൾമറക്കുന്നില്ല. അതിൽ വേണ്ടകാര്യങ്ങൾമിക്കവാറും എല്ലാഭാഗങ്ങളിലും നടപ്പിൽ വരുത്തിയതു അന്നത്തെ ഡയറക്ടർ അവർകളായിരുന്നു. അതുപോലെഇന്നിരിക്കുന്ന ഡയറക്ടരവർകളും ഈ സംഗതിയിൽ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടെന്നാണ് ഞാൻ പറയുന്നത്.

പരീക്ഷയിൽ പാസ്സായവർ ഏററവും കുറഞ്ഞസംഖ്യയാണെങ്കിലും അവൎക്കും വേണ്ടവിധം ഉദ്യോഗം ലഭിക്കുന്നില്ല. വിശേഷിച്ചും എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിൽ കിട്ടുന്നില്ല. മററു ഡിപ്പാർട്ടുമെൻറുകളിലും വിദേശങ്ങളിൽനിന്നും വരുന്ന ഈ സമുദായത്തിൽപെട്ട യോഗ്യന്മാരായ ആളുകൾ അത്രയത്ത് ഗ്രാഡ്വെസ്റ്റ്കൾക്ക ഉദ്യോഗം ലഭിക്കാതെ അലഞ്ഞുനടക്കുന്നുണ്ട് എന്നുള്ളതു പരമാർത്ഥമാണ്. ആക്ക്

[Mr. P. S. Mahomed.]

ചെയ്തിട്ടുള്ളവരുടെ അവകാശത്തെ അവഗണിച്ചുപ്രവൎത്തിക്കണമെന്നല്ല എന്റെ ഉദ്ദേശം. മുസ്ലിമീങ്ങളെ തനിച്ചു നോക്കണമെന്നും ഞാൻ പറയുന്നില്ല. അസമത്വം അനുഭവിക്കുന്ന സമുദായങ്ങൾക്കുകൂടി പ്രവേശനം ലഭിക്കത്തക്കനിലയിൽ സൎക്കുലറിൽ അടങ്ങീട്ടുള്ള സംഗതികളെ ശ്രദ്ധിച്ചു പ്രവൎത്തിക്കണമെന്നു മാത്രമേയുള്ളു. ജി. ഒ. അനുസരിച്ചു പ്രവൎത്തിക്കുന്നതായാൽ അസമത്വസമുദായങ്ങൾക്കു കുറെക്കൂടി പ്രവേശനം സിദ്ധിക്കും. അതിനെപ്പററി പ്രത്യേകം ശ്രദ്ധിച്ചു പ്രവൎത്തിക്കണമെന്നു മാത്രമേ എനിക്കഭിപ്രായമുള്ളു എന്നു് പ്രസ്താവിച്ചുകൊണ്ടു് ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു ഞാൻ അനുവാദംചോദിച്ചുകൊള്ളുന്നു.

RAO BAHADUR K. V. RANGASWAMI AIYANGAR (*Ag. Director of Public Instruction*): May I say a word by way of explanation, Sir?

Mr. Mahomed's concluding speech has been couched in the spirit of reasonableness in which I have accustomed to see him. He has told me that I have not grasped aright what he said at the beginning. I am sorry I did not do so. Anyway, I am in great sympathy with what he said in his second speech. There is one point which he raised in his first speech to which I forgot to make any reference. That relates to what has been done to the Koran teachers. Mr. Mahomed complains that they are being given only Rs. 10.

MR. D. C. JOSEPH (*Agastisvaram*): The motion has already been withdrawn, Sir.

PRESIDENT: No. You may go on, Mr. Rangaswami Aiyangar.

RAO BAHADUR K. V. RANGASWAMI AIYANGAR (*Ag. Director of Public Instruction*); He asked, Sir, whether Rs. 10 could be considered as living wages. I merely want to tell the House what the position is. The Committee which was appointed to consider the revision of the salary of Vernacular School teachers went into this question also. It was found that the Koran teachers were part-time instructors and that they were being paid only an *allowance* for their part-time work. The original allowance was Rs. 6 only and the Committee recommended Rs. 10 as allowance for this part-time work; and their recommendation was accepted. At the present moment, with such knowledge as I have of the duties of these gentlemen and of their qualification I do not think that, for their part-time work, this allowance of Rs. 10 now given to them is very small.

MR. P. S. MAHOMED (*Nominated*): അവൎക്കു വേറെ ജോലിചെയ്യാൻ സൌകൎയ്യമില്ലെന്നുള്ളതുകൊണ്ടു ഈ ൧൫ രൂപാ അവൎക്കും കൊടുക്കാൻ സാധിക്കയില്ലയോ?

RAO BAHADUR K. V. RANGASWAMI AIYANGAR (*Ag. Director of Public Instruction*): Sir, I put in a strong plea at that time for living wages

for the Vernacular School teachers, and that plea of mine remains applicable to all teachers alike. If I am satisfied that the lot of these Koran teachers is hard, and that they deserve an increment in the allowance now paid to them, I shall be at one with Mr. Mahomed in doing all that I can to consider the way in which a rectification could be made in the matter. I have always been of the opinion of Mr Mahomed, Sir, that teachers are always willing to do more work and that therefore their emoluments should not be fixed low simply because they are not actually given much work. This view of mine is of course applicable to the Koran teachers also.

MR. K. MADHAVAN PILLAI (*Trivandrum* cum *Neduvangad*): Have these Koran teachers any general qualification?

RAO BAHADUR K. V. RANGASWAMI AIYANGAR (*Ag. Director of Public Instruction*): They do not have any general qualification. Probably, in future, we may have to insist on their having general qualification also so that we may be able to appoint qualified men to teach Koran also in addition to their other teaching work and pay them this extra allowance of Rs. 10 in addition to their salaries. As I have already stated, Sir, from what knowledge I possess of the nature of the work of these Koran teachers, I think that, for their part-time work, the allowance of Rs. 10 now paid to them is not very small. If and when I am satisfied that this allowance is inadequate I can promise that I will champion the cause of these Koran teachers also as I would like to champion the cause of any distressed man.

The motion was, by leave, withdrawn.

Motion 390

MR. R. RAMAN PILLAI:

To reduce the allotment of Rs. 3,000 for travelling allowance by Re. 1

MR. R. RAMAN PILLAI (*Kottayam*): സർ, അർദ്ധപട്ടിണിക്കാരായ അദ്ധ്യാപകന്മാരുടെ ശമ്പളത്തെ വർദ്ധിപ്പിക്കുന്നതിനുവേണ്ടി കഴിഞ്ഞവാർഷികത്തിൽ ഈ സഭ അനുവദിച്ചിട്ടുള്ള പണം ചിലവാക്കാതെ—പട്ടിണിക്കാരുടെ ആഹാരത്തിനു വേണ്ടികൊടുക്കാതെ— ലാപ്സാക്കിക്കളഞ്ഞതിനെപ്പററിയും മററും സംസാരിക്കാനാണ് ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിലെ പരിഷ്കാരത്തെപ്പററിപറഞ്ഞപ്പോൾ ഗവൺമെന്റുഭാഗത്തുനിന്നും നൽകിയമറുപടികൊണ്ടു ലാപ്സായവിഷയത്തെപ്പററി സംസാരിക്കണമെന്നു എനിക്കു തോന്നുന്നില്ല.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*); Sir, the member has not moved the motion.

PRESIDENT: That is just what he is doing.

MR. R. RAMAN PILLAI (*Kottayam*); വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ കാണുന്നതായ ചില നടപടികളെ പററിയാണ് എനിക്കു സംസാ

[Mr. R. Raman Pillai.]

രിക്കാനുള്ളതു്. പ്രഥമതഃപ്രതിപാദിക്കുന്നതിനു ഞാൻ ഉദ്ദേശിച്ചിരിക്കുന്നതു പാഠശാലകളിലെ ഫീസ് പിരിവിനെ സംബന്ധിച്ചാണ്. കണിശമായിട്ടു ൧൦-ാംനു- ഫീസു കൊടുക്കണം. ൧-ാംനു- മുതൽ ൯-ാംനു-വരെ ആരു ഫീസു കൊണ്ടു ചെന്നാലും വാങ്ങിക്കയില്ല. ൧൦-നു- കൊടുത്തില്ലെങ്കിൽ ൨൦-നു-ക്കകം ൪ ചക്രം ഫയിനോടുകൂടി കൊടുക്കണം. പത്തും അഞ്ചൂറും രൂപാ കരം കൊടുക്കാനുള്ളവർ സമയത്തു കൊടുത്തില്ലെങ്കിൽ ഡിമാൻറു നോട്ടീസു അയക്കും. അതിനും ൪ ചക്രമേ പടിയൊള്ളൂ. ആ സ്ഥിതിക്കു രണ്ടോ മൂന്നോ രൂപാ ഫീസ് കൊടുക്കുന്ന വിദ്യാർത്ഥികൾ സമയത്തു കൊടുത്തില്ലെങ്കിൽ അതിനും ൪ ചക്രം ഡിമാൻറുനോട്ടീസുപടി പോലെ പിഴ കൊടുക്കണമെന്നു പറയുന്നതു വലിയ സങ്കടമാണ്. പള്ളിക്കൂടത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ ഭൂരിപക്ഷവും സമ്പന്നന്മാരല്ലാത്ത സാധുക്കളുടെ കുട്ടികളാണ്. ഫീസു കൊടുക്കുന്നതിനു വല്ല സ്ഥലത്തു നിന്നും പണം കടം വാങ്ങിച്ചു കൊണ്ടു വച്ചിരുന്നാൽ,ക്ലിപ്തതീയതിയിലല്ലാതെഫീസു വാങ്ങിക്കാത്തതു കൊണ്ടു, ഒഴിച്ചുകൂടാത്തതായ മററു ആവശ്യങ്ങൾ നേരിടുമ്പോൾ എടുത്തു ചിലവാക്കി സമയത്തിനു കൊടുക്കാൻ സാധിക്കാതെ വരും. അതിനാൽ ഇപ്പോഴത്തെ ഫീസു പിരിവിൽ വച്ചിരിക്കുന്ന ഏർപ്പാടു ദുസ്സഹമാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഇതിനു കഴിയുന്നതും വേഗത്തിൽ ഒരു നിയമമുണ്ടാക്കി വേണ്ട ഭേദഗതി ചെയ്യണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ൧-ാംനു- മുതൽ ൨൫-ാംനു-വരെ ഏതു ദിവസത്തിലും ആരു ഫീസ് കൊണ്ടു ചെന്നാലും വാങ്ങിക്കണമെന്ന് കർശനമായ ഉത്തരവു കൊടുക്കണം. ഒരു ചക്രത്തിൽകൂടുതൽ പിഴയും ഈടാക്കരുതു്.

പിന്നീടു എനിക്കു പറവാനുള്ളതു സഹായധനം വാങ്ങിക്കുന്ന പള്ളിക്കൂടങ്ങളെ പററിയാണ്. ഇങ്ങനെയുള്ള പാഠശാലകൾ ഈ നാട്ടിൽ ധാരാളം വർദ്ധിച്ചിട്ടുണ്ടു്. ഇംഗ്ലീഷു മിഡിൽസ്കൂളുകൾ നടത്തുന്നവരുടെ പ്രധാന ഉദ്ദേശം കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കണമെന്നുള്ളതുമാത്രമല്ല. ഇതിനെ ഒരു ആദായകരമായ തൊഴിലായിട്ടു കൂടി സ്വീകരിച്ചു് നടത്തിവരുന്നതായിട്ടാണ് അനുഭവം കൊണ്ടു കാണുന്നതു്. ൧൧൫൨ രൂപാ ഫീസു പിരിയുന്ന ഒരു പള്ളിക്കൂടത്തിൽ ൧൬ രൂപായും ൧൨ രൂപായും ഓരോ അദ്ധ്യാപകന്മാരെവച്ചു ആണ്ടിൽ ൩൬൦ രൂപാമാത്രമേ ചിലവാക്കിയിട്ടുള്ളൂ എന്ന സംഗതി എനിക്കു ഏറ

ക്കുറേ അറിയാം. ഈ തുക കഴിച്ചു ബാക്കിയുള്ള തുക മുഴുവനും ഗ്രാന്റുകിട്ടുന്ന സംഖ്യയും മാനേജർ ലാഭമായിട്ടു എടുത്തു വരുന്നു. ഇത്രയും ഭീമമായ ഒരു സംഖ്യ ലാഭമായിട്ടു എടുത്തു വരുന്ന മാനേജർ ശേഷിയുള്ള അദ്ധ്യാപകന്മാരെ വച്ചു കുട്ടികളുടെ അഭ്യസനം നടത്തുന്നില്ലെന്നുള്ളതാണ് എന്റെ വ്യസനത്തിനു കാരണം. ലാഭം എടുത്തു കൊള്ളട്ടേ. അതിൽ എനിക്കു സങ്കടമില്ല. ഇംഗ്ലീഷ് സ്കൂളുകളിൽ ൧൦൦-നു ൯൯·൦ ഇങ്ങനേയാണ്. „ഗംഗാദത്തൻ എന്നുള്ള പദത്തിനു പരമേശ്വരൻ" എന്ന അർത്ഥം പറഞ്ഞു കൊടുക്കുന്ന അദ്ധ്യാപകന്മാരെയാണ് പള്ളിക്കൂടങ്ങളിൽ വച്ചു കൊണ്ടിരിക്കുന്നത്. (ചിരി.) ഗംഗാദത്തൻ എന്നുള്ളതു ഗംഗാധരൻ എന്നു അദ്ധ്യാപകൻ ഗ്രഹിച്ചുപോയി എന്നുചെയ്യാം.

ഇനി മലയാളം പള്ളിക്കൂടങ്ങളുടെ കഥ നോക്കാം. പള്ളിക്കൂടമാകട്ടേ, അദ്ധ്യാപകന്മാരാകട്ടേ, വിദ്യാർത്ഥികളാകട്ടേഇല്ലാത്തതും സഹായധനം വാങ്ങിക്കുന്നതുമായ പള്ളിക്കൂടങ്ങളും ഉണ്ടെന്നാണു. ഞാൻ കേട്ടിട്ടുള്ളതു്. അതിനെപ്പററി പൂർണ്ണമായിട്ടു മനസ്സിലാക്കാൻ എനിക്കുസാധിച്ചിട്ടില്ല. ആലുവായിലും,തിരുവല്ലായിലുംഇങ്ങനെപലപള്ളിക്കൂടങ്ങളുംഉണ്ടെന്നുപലരും പറഞ്ഞുഎനിക്കു കേൾക്കാനിടയായിട്ടുണ്ടു്. ആപള്ളിക്കൂടങ്ങളിലെ മാനേജർമാർ അയക്കുന്ന ശമ്പളബില്ലുകളെ ശരിയായിട്ടു പരിശോധിച്ചെന്ന നിലയിൽ പാസ്സാക്കുന്നതിനു സാമർത്ഥ്യമുള്ള ഇൻസ്പെക്ടർമാരുണ്ടെന്നാണു കേൾക്കുന്നതു. അതിന്റെ പരമാർത്ഥം ഡയറക്ടർ ഏറക്കുറെ കണ്ടുപിടിച്ചിരിക്കുമെന്നാണു എന്റെ വിശ്വാസം. അല്ലെങ്കിൽ അദ്ദേഹം അതു കണ്ടുപിടിച്ചുകൊള്ളും. ഏഴരരൂപായോ എട്ടുരൂപായോ ഗ്രാന്റു കിട്ടുന്നതിൽ ൩ രൂപായിൽ കൂടുതലായിട്ട് അദ്ധ്യാപകന്മാർക്കു ശമ്പളം കൊടുക്കാത്ത മാനേജർമാരാണ് ൯൯ ശതമാനവും എന്നു പറയുന്നതിനു എനിക്കുശേഷം മടിയില്ല. ഏട്ടുകെട്ടു പരീക്ഷ ജയിച്ചു ഒരു പുസ്തകവും കയ്യിലുണ്ടു. മൺവെട്ടിയോ തൂമ്പായോ കയ്യിൽ എടുക്കുന്നതു വലിയ ആക്ഷേപവുമാണു. ഇങ്ങനെയുള്ളവരാണു ഗ്രാന്റുസ്കൂളുകളിൽ അദ്ധ്യാപകവൃത്തിക്കു വന്നു ചേരുന്നതു. അവർക്കു കുട്ടികളുടെ അഭിവൃദ്ധിയിൽ യാതൊരു താല്പര്യവുമില്ലെന്നു അവരുടെ അദ്ധ്യയനരീതികണ്ടാൽ മനസ്സിലാകും.

ഇവർ ൧൧ മണിക്കൊ ൧൨ മണിക്കൊ സ്കൂളിൽവരും. തിരിയെ മൂന്നു മണിയാകുമ്പോൾ പോവുകയും ചെയ്യും. ഇതാണു ഇന്നു കണ്ടുവരുന്നതു.

MR. N. K. KRISHNA PILLAI (*Neyyattinkara*): അതുകൊണ്ടു പ്രൈവറ്റു സ്കൂൾ നിൎത്തണമെന്നാണോ മെമ്പർ അഭിപ്രായപ്പെടുന്നതു?

MR. R. RAMAN PILLAI (*Kottayam*). എന്റെ പ്രസംഗം തീരുമ്പോൾ മനസ്സിലാകും. ഒടുവിൽ മനസ്സിലായില്ലെങ്കിൽ അപ്പോൾ ചോദിച്ചാൽ മറുപടി പറയാം.

ഗ്രാന്റു പള്ളിക്കൂടങ്ങൾ വൎഗ്ഗം തിരിച്ചു സ്ഥാപിക്കുന്നതായിട്ടാണു കണ്ടു വരുന്നതു. ഇങ്ങനെ വൎഗ്ഗം തിരിച്ചു പള്ളിക്കൂടങ്ങൾ സ്ഥാപിക്കുന്നതുതന്നെ മനുഷ്യർ തമ്മിലുള്ള യോജിപ്പിനും, അവരുടെ അഭിവൃദ്ധിക്കും വലിയ തടസ്ഥമായിട്ടു തീൎന്നിരിക്കുന്നു.

MR A. C. KURIAKOSE (*Minachil cum Devicolam*): വൎഗ്ഗം തിരിച്ചു--

MR. R. RAMAN PILLAI (*Kottayam*): ഞാൻ സംസാരിച്ചു കഴിഞ്ഞിട്ടു ചോദ്യം ചോദിച്ചാൽ മറുപടി പറയാമെന്നു പറഞ്ഞു കഴിഞ്ഞു. എനിക്കു പരിമിതമായ സമയമേയൊള്ളു.

ഇപ്രകാരം വൎഗ്ഗം തിരിച്ചു ഒററയായാം മാനേജരായി സ്ഥാപിക്കുന്ന പള്ളിക്കൂടങ്ങൾക്കു ഗ്രാന്റു കൊടുക്കാൻ പാടില്ല. നായന്മാരുടെതായാലും നമ്പൂതിരിമാരുടെതായാലും, ക്രിസ്ത്യാനികളുടെതായാലും ക്രിസ്ത്യൻ വകക്കാരുടെതായാലും, വൎഗ്ഗീയമായ സ്കൂളുകൾ ഒരു കമ്മ്യൂണിറ്റിയുടെ മാനേജ്മെന്റിൽ സ്ഥാപിച്ചാൽ ഗ്രാന്റു കൊടുക്കരുതു. ഇംഗ്ലീഷുഹൈസ്കൂളോ കാളേജോ സ്ഥാപിക്കണമെന്നപേക്ഷിക്കുന്നപക്ഷം ഗ്രാന്റുകൊടുക്കാം. എനിക്കതിൽ വിരോധമില്ല, അതിൽ പഠിക്കുന്ന വിദ്യാൎത്ഥികൾ മിക്കവാറും പ്രായപൂൎത്തിയുള്ളവരും അദ്ധ്യാപകന്മാർ നല്ലമനസ്സംസ്കാരം സിദ്ധിച്ചവരും ആയിരിക്കും. അതുകൊണ്ടു അങ്ങിനെനടത്തപ്പെടുന്ന പള്ളിക്കൂടങ്ങൾ ഏതുവൎഗ്ഗക്കാർ കൂട്ടായോ ഒററയായോ നടത്തിയാലും എത്ര വേണമെങ്കിലും സഹായധനം നൽകാം. താഴ്ന്ന ക്ലാസുകൾ ഉള്ള പാഠശാലകളിലെ മാനേജർമാർ ഒരുതരം വക്രമനഃസ്ഥിതിയുള്ളവരായിട്ടാണു ഞാൻ കണ്ടിട്ടുള്ളതു. ഇവരിൽ പലരേയും എനിക്കു നേരിട്ടുതന്നെ പരിചയമുണ്ടു. ഇങ്ങനെ മനസ്സംസ്കാരം സിദ്ധിച്ചിട്ടില്ലാത്ത മാനേജർമാരാൽ നടത്തപ്പെടുന്ന വിദ്യാലയങ്ങളിൽ മററുവൎഗ്ഗങ്ങളിലുള്ള വിദ്യാൎത്ഥികൾ അകപ്പെട്ടാലത്തെ ഫലമെന്താണെന്നു കോട്ടയം ബുക്കാനൻ സ്കൂളിലേയും തിരുവനന്തപുരത്തെ സെനാനാസ്കൂളിലേയും സംഭവങ്ങൾ ധാരാളം തെളിയിക്കുന്നുണ്ടു്. വൎഗ്ഗീയമനഃസ്ഥിതിവൎദ്ധിക്കാതിരിക്കുന്നതിനു ഇത്തരം പള്ളിക്കൂടങ്ങൾ സ്ഥാപിക്കാൻ അനുവാദം കൊടുക്കാതിരിക്കുന്നതു നന്നായിരിക്കും. ഇൗ വിദ്യാലയങ്ങൾ ഏതൊരുവൎഗ്ഗത്തിലെ മാനേജരുടെ അധീനതയിൽ ഇ

രിക്കുന്നുവോ ആവർഗ്ഗത്തിൽ ഉൾപ്പെടാത്ത അദ്ധ്യാപകന്മാർ ആരെങ്കിലും ഉണ്ടായിരുന്നാൽ അവരെ യാതൊരുകാരണവും കൂടാതെ പിരിച്ചുവിട്ടുകളയുന്നുണ്ട്. ഇങ്ങനെ പിരിച്ചു വിടുന്നതിനുള്ള മാനേജർമാരുടെ അധികാരത്തെ നിശ്ചയമായും ഗവൺമെൻറു നിയന്ത്രിക്കേണ്ടതാണ്. ഇപ്രകാരം പിരിച്ചുവിട്ടാൽ അതിന്മേൽ അപ്പീൽ കേൾക്കുന്നതിനുള്ള അധികാരം ഡയറക്ടർക്കും കൊടുക്കുന്നതിനുള്ള അവകാശം അദ്ധ്യാപകനും ഉണ്ടായിരിക്കണം.

ഓരോ ബോഡിൻെറ അധീനതയിൽ ഓരോ താലൂക്കിലേയും എലിമെൻറി വിദ്യാഭ്യാസം മുഴുവൻ വിട്ടുകൊടുക്കണം. ആ ബോഡിനു ഇതിൻെറ ഭരണത്തിനു വേണ്ട ഗ്രാൻറു നൽകണം. എന്നാൽ മാത്രമേ ഈ രാജ്യത്തു ശരിയായവിദ്യാഭ്യാസം (Nationalized education) ഉണ്ടാകയൊള്ളൂ.

MR. N. K. KRISHNA PILLAI (*Neyyattinkara*): Has he not exceeded the time, Sir?

PRESIDENT: No, not yet.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): തിരുവിതാംകൂറിൽ വർഗ്ഗീയമായി സ്ഥാപിച്ചുനടത്തപ്പെടുന്ന പള്ളിക്കൂടങ്ങൾ എത്രയുണ്ട്?

MR. R. RAMAN PILLAI (*Kottayam*): ധാരാളമുണ്ട്. നായന്മാരുടെ പള്ളിക്കൂടങ്ങളുണ്ട്. ക്രിസ്ത്യാനികളുടെതുണ്ട്. ഈഴവരുടെതുണ്ട്. ഇങ്ങിനെ പലതുണ്ട്.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): വർഗ്ഗീയ പള്ളിക്കൂടം എന്നു മെമ്പർ ഉദ്ദേശിച്ചതു് ഏതിനെയാണ്?

MR. R. RAMAN PILLAI (*Kottayam*): ഒരു വർഗ്ഗത്തിലെ ഏകനാൽ നടത്തപ്പെടുന്ന പള്ളിക്കൂടം എന്നുള്ള അർത്ഥമാണു ഞാൻ അതിനു കൊടുത്തിരിക്കുന്നതു്.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): അങ്ങിനെ നടത്തപ്പെടുന്ന ഏതെങ്കിലും പള്ളിക്കൂടങ്ങളിൽ ഇന്ന വർഗ്ഗക്കാർക്കു മാത്രമേ പഠിക്കാവൂ എന്നു വല്ല വ്യവസ്ഥയുമുണ്ടോ?

MR. R. RAMAN PILLAI (*Kottayam*): അങ്ങിനെ ഒരു വ്യവസ്ഥയില്ലാത്തതാണു അബദ്ധം. പല സംഗതികളും എനിക്കനുഭവമുള്ളതുകൊണ്ടാണു ഞാൻ ഇതു പറയുന്നതു്. ഒററവർഗ്ഗത്തിലെ ഏകനാൽ നടത്തപ്പെടുന്ന പള്ളിക്കൂടങ്ങൾക്കു അംഗീകരണം കൊടുക്കുന്നതിൽ എനിക്കു ഒരു വിരോധവുമില്ല. പക്ഷേ മററു വർഗ്ഗക്കാരെ ചേർത്തു പഠിപ്പിക്കരുതെന്നു ഒരു വ്യവസ്ഥ കൂടി ഉണ്ടായിരിക്കണം.

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): ഈ പള്ളിക്കൂടങ്ങളെ ഇൻസ്പെക്ടർമാർ പരിശോധിക്കുന്നില്ലേ?

MR. R. RAMAN PILLAI (*Kottayam*): ധാരാളം പരിശോധിക്കുന്നുണ്ട്. പക്ഷേ ഈ സംഗതിയിൽ അവരുടെ ശ്രദ്ധ പതിയുന്നില്ല.

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): മാനേജർമാരുടെ മേലുള്ള പരിശോധന മെമ്പർക്കാണോ?

MR. R. RAMAN PILLAI (*Kottayam*): എന്നാണു മനസ്സിലാക്കിയിരിക്കുന്നതെങ്കിൽ ഞാൻ മറുപടി പറയേണ്ട ആവശ്യമില്ല.

പള്ളിക്കൂടങ്ങൾക്കു സഹായധനം കൊടുക്കുന്നതു പൊതുമുതലിൽ നിന്നാണ്. അല്ലാതെ ഒരു വർഗ്ഗക്കാരുടെ സ്വന്തം മുതലിൽ നിന്നല്ല. അങ്ങനെ പൊതു മുതലിൽനിന്നും ചിലവു ചെയ്യുമ്പോൾ അതു കിട്ടുന്നതിനു എല്ലാ സമുദായക്കാർക്കും അവകാശമുണ്ട്. (Mr. Piraviperumal Pillai *hear, hear*). അതിനാൽ ഗവമ്മെന്റു സഹായധനം നൽകുന്ന എല്ലാ പള്ളിക്കൂടങ്ങളിലും എല്ലാ സമുദായത്തിൽപെട്ട അദ്ധ്യാപകന്മാർക്കും പ്രവേശനം ഉണ്ടായിരിക്കേണ്ടതത്യാവശ്യമാണ്. ഈ സംഗതികളെ കുറിച്ചു ഗവമ്മെന്റും വിദ്യാഭ്യാസ ഡയറക്ടരും വേണ്ടതു ശ്രദ്ധിക്കണം. ഉത്സാഹശീലന്മാരും സമർത്ഥന്മാരും ആയ ഇൻസ്പെക്ടന്മാരുടെ സഹായസഹകരണങ്ങളോടുകൂടി നമ്മുടെ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിനെ ഭാവിപൌരന്മാരെ ജീവിത മത്സരത്തിൽ വിജയികളാക്കത്തക്കവണ്ണം ശക്തിമത്താക്കി തീർക്കുന്നതിനു വിദ്യാഭ്യാസ ഡയറക്ടരുടെ Mind, spirit and body ദീർഘകാലം ബലവത്തരമായി വർത്തിക്കുമാറാകട്ടെ.

RAO BAHADUR K. V. RANGASWAMI AIYANGAR (*Ag. Director of Public Instruction*): Sir, Mr. Raman Pillai has traversed a wide field. I have noted down here some of the points which were raised and I will briefly refer to them, so that the discussion may be concentrated on points which are not admitted and not on points which are admitted.

His first criticism was in regard to the enforcement of the existing fee rules. He pointed out that heavy fines are levied and that on the other hand on the initial dates on which the fees are due, fees are not being received. My reading of the fee rules has made me feel that even in the intervening days, fees must be received by teachers if fees are tendered.

MR. A. THANU PILLAI (*Trivandrum*): Is that the practice now?

RAO BAHADUR K. V. RANGASWAMI AIYANGAR (*Ag. Director of Public Instruction*). I am not aware.

MR. R. RAMAN PILLAI (*Kottayam*): May I know whether the member is in a position to tell me the amount of fines collected during the last school year?

RAO BAHADUR K. V. RANGASWAMI AIYANGAR (*Ag. Director of Public Instruction*): I will reply to that.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): Will the Director issue a circular to the schools not to insist on the fees being paid on the stipulated day?

RAO BAHADUR K. V. RANGASWAMI AIYANGAR (*Ag. Director of Public Instruction*): Sir, I have already given instructions to my Personal Assistant and he will attend to that.

MR. K. P. NILAKANTA PILLAI (*Chirayinkil*): Sir, conversation is going on between the members.

PRESIDENT: Though they are not looking at the Chair they are supposed to address the Chair and not members.

RAO BAHADUR K. V. RANGASWAMI AIYANGAR (*Ag. Director of Public Instruction*): I am not addressing the member by name. I may submit to the House to prevent further discussion, that the existing fee rules have already been recognised by the department to be in need of some revision and that I recognise that there are some harsh features which have got to be toned down.

As the Principal of the Arts College, I discovered this, and raised the question, and I propose to take the matter up and I will bear in mind the criticism raised by Mr. R. Raman Pillai and see that extortionate fines are not received and that as far as possible reasonable facilities are given for poor children to pay the fees. I am in sympathy with what Mr. Raman Pillai said that this entails hardship and that most of the children are hardly able to pay fees. The suggestion of the member will receive sympathetic consideration.

The second point that Mr. Raman Pillai has raised is the existence of a large number of money-making English Middle Schools. For the one example which Mr. Raman Pillai has given, I can, from my experience of these schools, give a dozen. The English Middle Schools, of all the schools at the present time, are the only schools in which some kind of guaranteed income is possible to the manager. And consequently the efficiency of the English Middle Schools is lower relatively to the efficiency of the other schools. This is one of the things which has been burnt into me in the course of the inspection of a few dozen of English Middle Schools. At the present time we are not able to do much more than admonish, advise and pull up these schools slightly. It would be a very hard thing if these schools are allowed to become money-making institutions and to keep a sort of staff with low pay with the high fee collected. It is a very difficult question. I am not wanting in a certain amount of courage. I am trying by persuasive methods to make the condition of these schools satisfactory by insisting on the payment of adequate salaries to teachers. In the recent Headmasters' conference it was said that these Middle Schools should not be multiplied hereafter. The total number of students in the Middle Schools remain practically the same and the few Middle Schools which for their source of supply have the fee income, from which the English High Schools are run, are ordinarily normal.

[Rao Bahadur K. V. Rangaswami Aiyangar.]

An English High School can only be conducted with a deficit. If it is to be properly conducted, it must be with a big deficit and consequently multiplication of these English Middle Schools on one ground or other has been the cause of inefficiency of High Schools. The inefficiency of English High Schools was attributed by the headmasters, and I think very justly to the manner in which a large number of adventurous schools are allowed to come up. All that we can do is to improve them and I may assure Mr. Raman Pillai and the House that efforts are being made to tone up these schools.

MR. A. THANU PILLAI (*Trivandrum*): May I know whether distance is not also a factor in this matter?

RAO BAHADUR K. V. RANGASWAMI AIYANGAR (*Ag. Director of Public Instruction*) : That is always the plea that is put forward. Distance is not always a justification for the establishment of schools. I feel indignant at the manner in which certain schools are being treated with bad instruction. The department has not been slow in taking action against these schools.

Mr. Raman Pillai was not far from the right, when he said that some of them have been discovered and been stopped. Even then the managers go on appealing against the harsh decrees of the Director who objects to the existence of a school, which has only got a paper existence. Such things will continue to be till the Inspectorate and the department are vigilant. And I hope, with the co-operation of members of this House, it may be possible to give information and through awakened consciousness of the people who will recognise it to be their right and duty to give information and to put an end to such frauds, which are being played on the general public. We want to put an end to these unhealthy types of schools.

In regard to the attendance of teachers, I know, that it has been customary in many schools for teachers who might be engaged in the local Sub-Registrar's Cutcherry or in doing some other work, which is not their legitimate duty, to leave a number of blank leave application forms for signature afterwards. When the Inspector inspects the school these application forms are filled up and they will look like genuine application forms.

In the matter of attendance of pupils, this evil has been corrected this year. In the Budget we see that a provision is made for the supply of time-pieces to all schools. The excuse that used to be given when I went to schools and found headmasters and teachers meandering in these schools, was that they had not a good watch like the one which the *Swami* had. I can mention to the House that as far as the departmental teachers are concerned, strict action is being taken and every teacher is given an opportunity of meditating in compulsory retirement if he is not attending the schools at the proper time. In regard to grant-in-aid schools also the grant is withdrawn.

Then, it has been suggested by Mr. Raman Pillai, that the department must once for all make up its mind not to have denominational schools. I may say in regard to Mr. Raman Pillai's criticisms, that in my opinion these institutions are wanted for doing a certain work which departmental institutions cannot do.

MR. R. RAMAN PILLAI (*Kottayam*): പ്രാക്ടീസിൽ എങ്ങിനെയാണ്? ഒരു കമ്മ്യൂണിറ്റി വക സ്കൂളുകളുള്ള സ്ഥലത്തു വേറൊരു കമ്മ്യൂണിറ്റി സ്കൂളിനപേക്ഷിച്ചാൽ അനുവാദം കൊടുക്കുമോ?

RAO BAHADUR K. V. RANGASWAMI AIYANGAR (*Ag. Director of Public Instruction*): Let Mr. Raman Pillai himself try the experiment. There is a Latin expression which will apply to this case.

MR. R. RAMAN PILLAI (*Kottayam*): പരിശ്രമിച്ചിട്ടു കിട്ടാതെ ഇരുന്നതുകൊണ്ടാണ് ഞാൻ ചോദിക്കുന്നത്?

RAO BAHADUR K. V. RANGASWAMI AIYANGAR (*Ag. Director of Public Instruction*): If Mr. Raman Pillai will give precise instances as he is very often able to give, I will pay my attention to that.

Very well, the schools are dealt with on the score of educational merit and it appears to me that it is not possible for us to have any private schools which have not got a communal tinge. Of course, they are run on the explicit understanding that they should be open to members of all communities. No school is given a grant and no school is recognised in which the members of all communities cannot get admission. We cannot prevent the managers of schools giving religious instruction or giving a communal tinge to these institutions. Under the present policy adopted by the Education Department, this must go on.

MR. R. RAMAN PILLAI (*Kottayam*): വർഗ്ഗീയപരമായ സ്കൂളുകളിൽ മതപാഠം കൂടി നടത്തുന്നുണ്ടെന്നുള്ള വിവരം അറിവു കിട്ടീട്ടുണ്ടോ?

RAO BAHADUR K. V. RANGASWAMI AIYANGAR (*Ag. Director of Public Instruction*): Certainly. As a matter of fact the other day Mr. Murikkan made a reference to a circular which I was supposed to have issued *de novo*. On the other hand, the circular was issued by one of my predecessors and it was based upon the Education Act of 1876 in England and our Education Code. Now we have been asked whether this kind of religious education ought to be given at the end of secular instruction periods or at the beginning of secular instruction periods so that students who do not want to attend these instructions might go home or go for their lunch.

MR. MATTHEW MURIKKAN (*Vaikam*): Was this policy in existence last year?

RAO BAHADUR K. V. RANGASWAMI AIYANGAR (*Ag. Director of Public Instruction*): This has been in existence all through. It has been violated with the connivance of the departmental subordinates or by their indifference or by the manner in which the managers of schools

[Rao Bahadur K. V. Rangaswami Aiyangar.]

have overridden the rules. It is very often being done clandestinely. And clandestine action is one which the department exists to put an end to. The rule is there. The rule has been there and the department has a duty to enforce the rule. My first duty is to enforce the rule. This rule has been in existence from 1919.

PRESIDENT: Your time is up.

RAO BAHADUR K. V. RANGASWAMI AIYANGAR (*Ag. Director of Public Instruction*): Yes, Sir.

MR. K. P. NILAKANTA PILLAI (*Chirayinkil*): We do not know whether the member is opposing the motion or supporting it.

RAO BAHADUR K. V. RANGASWAMI AIYANGAR (*Ag. Director of Public Instruction*): This is my first speech.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): We often get heated discussions from this side of the House and criticism regarding the Department of Agriculture. Sir, the irrigation requirements and the resources to increase the material prosperity of the country, so far as agriculture is concerned, are allied together and as such it is the duty of the Government to see as far as possible that such sister departments are connected together so that the country may be benefited by such works. I have been emphasising this point in the Council even on previous occasions *viz.*, the improvement of irrigation. Here the amount allotted for the Agricultural Department is only a lakh odd rupees, whereas, in previous years our Director used to get a big sum. All the products that we see, all the money we get for the Government, all that we see, all convenience we get from the motherland, are through irrigation and such other resources. So, a major portion of the revenue of Travancore will have to be set apart for irrigational improvements. When we have irrigation facilities it is the duty of the Agricultural Department to increase the productive capacity of the motherland. Till then we have no business to criticise the Agricultural Department. Now, Sir, my friend Mr. Kochutomman was complaining about the washing away of the artificial manure spread on valleys by the side of the rivers. That is not the fault of the Agricultural Department. It is the fault of the administrative policy followed by the Government. The Government should take into careful consideration that such water is arrested and kept up for better use and that water does not inundate and destroy the crops, and thus wash away manures. This is a big subject and I never want to go into details. I simply want to draw the attention of the Government to the recommendation made by the Economic Development Board in the report for 1103 about irrigation and agriculture being placed under one individual.

MR. P. S. MAHOMED (*Nominated*): സർ, മാതൃകാ തോട്ടങ്ങൾകൊണ്ടു് എന്തുദ്ദേശിച്ചിരിക്കുന്നുവോ ആ ഫലം മിക്കവാറും കൃഷിക്കാർക്കു കിട്ടുന്നില്ലെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഏററവും ചുരുങ്ങിയ ചിലവിൽ കൂടുതൽ ആദായം കിട്ടത്തക്ക നിലയിൽ ഉള്ള മാർഗ്ഗങ്ങളെ കാണിച്ചുകൊടുക്കുകയാകുന്നു കൃഷി ഡിപ്പാർട്ടുമെൻറു പ്രധാനമായി ചെയ്യേണ്ട പ്രവൃത്തി. കൂടുതൽ ചിലവു ചെയ്തു കൂടുതൽ അനുഭവം കിട്ടത്തക്ക വിധത്തിലുള്ള പ്രവൃത്തികളിൽ സാധാരണ ജനങ്ങൾക്കു ആഗ്രഹം ഉണ്ടാകുമെന്നു തോന്നുന്നില്ല. നല്ല ആദായം ലഭിക്കുന്ന പ്രവൎത്തികളിൽ ശ്രദ്ധയോടുകൂടി ചിലവഴിക്കുന്ന ഇന്നത്തെ മാതൃകാതോട്ടങ്ങളുടെ കണക്കു പരിശോധിച്ചു് നോക്കുകയാണെങ്കിൽ മിക്കവാറും നഷ്ടത്തിലല്ലയോ കലാശിക്കുന്നതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. അങ്ങിനേയുള്ള മാതൃകയെ അടിസ്ഥാനമാക്കി ജനങ്ങൾ കൃഷി തുടങ്ങാൻ മുന്നോട്ടു വരുമെന്നു വിചാരിക്കാൻ തരമില്ല.

മാതൃകാ കൃഷിത്തോട്ടങ്ങൾ കാണുന്നതിനു വളരെ ഭംഗിയായിരിക്കുമെങ്കിലും അതു കൊണ്ടു പ്രയോജനമൊന്നുമില്ല. അതു ശരിയായി

പ്രയോജനപ്പെട്ടു വരണമെങ്കിൽ അതിൽനിന്നും ആദായം ലഭിക്കുന്നുണ്ടെന്നു കൂടി ജനങ്ങളെ മനസ്സിലാക്കി കൊടുക്കണം. ഇത്രയും മാത്രം പറഞ്ഞു കൊണ്ടു ഈ ഉപക്ഷേപത്തെ ഞാനും ബലമായി പിൻതാങ്ങുന്നു.

RAO SAHIB DR. N. KUNJAN PILLAI (*Director of Agriculture and Fisheries*) : Sir, Mr. Kochutomman's object in this motion is to draw the attention of Government to the fact that crops are being damaged by floods and drought and that the Department of Agriculture is not doing anything for preventing floods and drought. I admit, Sir, that my department has not done anything in this direction and I doubt whether it is possible for the department to do anything.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : May I know what are the practical difficulties ?

RAO SAHIB DR. N. KUNJAN PILLAI (*Director of Agriculture and Fisheries*) ; I shall explain them.

There are certain factors over which my department has no control and one of them is the question of pleasing or displeasing Varuna. The Agricultural Department has not yet discovered a method of pleasing or displeasing this Deity. It so happens sometimes that we do not get rain when we want it and we get it when we do not want it.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*) : Why can't there be offerings ?

RAO SAHIB DR. N. KUNJAN PILLAI (*Director of Agriculture and Fisheries*) : I know that the Punja cultivators suffered a great deal of hardship this year. Their crop was excellent but owing to rains in Minam and Medam many of them were not able to harvest it. I ask, in a situation of this kind, what can the Agricultural Department do ? Later on, there were heavy floods which caused much loss to crops. I ask, what can the Agricultural Department do in this matter? Speaking about drought Mr. Kochutomman referred to the question of irrigation. I admit a great deal could be done by providing irrigation facilities in times of drought to save crops. Government are, I believe, doing all that they could to improve the irrigational facilities. They have completed the Kodayar Irrigation Project which irrigates more than 40,000 acres of lands. The question of minor irrigation is also engaging their attention and year after year increased allotments are being provided for the improvement of the same.

MR. N. K. KRISHNA PILLAI (*Neyyattinkara*) ; May I know whether the Government have under consideration a scheme to amalgamate Irrigation with Agriculture ?

RAO SAHIB DR. N. KUNJAN PILLAI (*Director of Agriculture and Fisheries*) : I cannot say.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) ; Has the Director of Agriculture suggested to Government that irrigation must be brought under his control ?

RAO SAHIB DR. N. KUNJAN PILLAI (*Director of Agriculture and Fisheries*): The Economic Development Board passed a resolution on the subject and that resolution was sent up to the Government for consideration.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Does the Director think that he could improve agriculture if he is given scope for improving irrigation facilities?

RAO SAHIB DR. N. KUNJAN PILLAI (*Director of Agriculture and Fisheries*): Which department should have control over irrigation is a question concerning the policy of the Government? I am not able to answer it.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): I wish to know what is the opinion of the Director as regards control over irrigation works?

RAO SAHIB DR. N. KUNJAN PILLAI (*Director of Agriculture and Fisheries*): I have already answered that question.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*); May I know whether he has done anything in that direction?

RAO SAHIB DR. N. KUNJAN PILLAI (*Director of Agriculture and Fisheries*): In which direction?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): In the direction of increasing the irrigation facilities.

RAO SAHIB DR. N. KUNJAN PILLAI (*Director of Agriculture and Fisheries*): That is a question concerning the policy of the Government.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Have you suggested to the Government that you could do better work provided you are given control over irrigation works?

PRESIDENT: He has already said that it is a matter concerning the policy of the Government.

RAO SAHIB DR. N. KUNJAN PILLAI (*Director of Agriculture and Fisheries*): A resolution was passed by the Economic Development Board and I, as President of the Board, sent it to the Government for their consideration.

I admit that by increasing irrigation facilities, the outturn of crop could be increased. All that I wish to point out is that the Government are not oblivious of this fact. They are doing what they could by allotting more funds for the improvement of the irrigation works. Mr. Kochutomman, properly speaking, ought to bring up this subject under the Public Works Demand.

Mr. Kochutomman also spoke about the prevention of floods. As matters stand at present the Agricultural Department has nothing to do in preventing floods. This is also a matter which concerns the Public Works Department.

The only other point raised in connection with this motion is the one raised by Mr. Mahomed. He said that model farms are not models to be followed by the agriculturists; they are too expensive and the

ryots do not derive any benefit from them. At the outset let me assure my friend that we do not keep any model farms. There is a misconception about the farms that are being run by the Agricultural Department. We have certain experimental farms wherein we conduct experiments to find out the suitable crops that could be grown and the best manure that should be applied to the crops under particular conditions. We have about half a dozen such farms and in all these farms we conduct experiments. All the experiments we conduct may not succeed. Many of them may and do fail. But if one out of several succeeds it will amply repay the cost of all the experiments. The results of successful experiment are demonstrated on the ryots' lands. If the members read my departmental report for 1103, they will find on page 18, that I have pointed out the difference between experimental farms and demonstration farms. The policy adopted all over India is to conduct demonstrations on private lands and this policy is endorsed in the report of the Royal Commission on Agriculture. We have been conducting demonstrations on private lands for the last so many years. Probably my friend Mr. Mahomed has not seen any of these demonstration stations where we have been doing good work. I would refer him to page 18 of the report for 1103 from which it will be seen that improved methods of cultivating paddy were demonstrated on 83 plots. By the side of each demonstration plot there was a control in the cultivation of which the ordinary methods of the ryots were followed. All the work in the demonstration and control plots was done by the ryots themselves under the guidance and supervision of departmental officers. The average cost of the manure applied in the demonstration plots was about Rs. 21 per acre and of that applied to the control plots Rs. 12 per acre. The demonstration plots yielded on an average 1727 lbs of paddy per acre the increase over the control being 514 lbs or roughly 25 paras of paddy which at Re. (1) per para gave an increased return of Rs. 25 per acre. By spending Rs. 9 more on manure the outturn increased by Rs. 25. The true value of this result could be realised if only the fact were borne in mind that this was the average result obtained from 83 different plots scattered throughout the country and cultivated by the ryots themselves under the advice and guidance of the departmental officers. No further proof is necessary to convince the ryots of the advantages of cultivating paddy on scientific lines. It is men like Mr. P. S. Mahomed who conduct these demonstrations and give us the result. There ought not to be therefore a misconception about the so called model farms. As a rule, we maintain only experimental farms and conduct as far as possible demonstrations on private lands. The mover of the motion emphasised the importance of irrigation and drainage. On these questions I have nothing more to say. Mr. Kochutomman will do well to bring up these subjects under the Public Works Demand.

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): ഇറിഗേഷനും ഡ്രെയിനേജും പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിൽ നിന്നും ചെയ്യേണ്ടതാണെന്നു പറയുകയുണ്ടായി. അതിനാൽ ഈ സംഗതി പൊ

[Mr. Tamarapallil Kochutomman.]

ളുമരാമത്തു ഡിപ്പാർട്ടുമെൻറു ബഡ്ജററു വാദപ്രതിവാദത്തിനെടുക്കുമ്പോം പറഞ്ഞു കൊള്ളാമെന്നുള്ള ഉദ്ദേശത്തോടുകൂടി ഈ ഉപക്ഷേപം പിൻവലിക്കുന്നു.

PRESIDENT: Does the House permit the motion to be withdrawn?
The motion was, by leave, withdrawn.

Motion 447. A.

The following motion was not moved.

MR. A. THANU PILLAI:
To reduce the allotment of Rs. 8,305 for establishment by Re. 1.

Motion 448.

MR. A. C. KURIAKOSE:
To reduce the allotment of Rs. 8,305 for establishment by Rs. 5.

MR. A. C. KURIAKOSE (*Minachil* cum *Devicolum*): സർ, എസ്റ്റാബ്ലിഷ്മെൻറുവകക്കു നിശ്ചയിച്ചിട്ടുള്ള ൮,൩൦൫ രൂപയിൽനിന്നും അഞ്ചുരൂപ കുറയ്ക്കണമെന്നാണു എൻെറ ഉപക്ഷേപം. ഞാൻ ഈ ഉപക്ഷേപം ഹാജരാക്കിയിരിക്കുന്നതു കൃഷിഡിപ്പാർട്ടുമെൻറിലെ ഭരണത്തിൽ വരുത്തേണ്ടതായ ചില പരിഷ്കാരങ്ങളെ സംബന്ധിച്ചു നിർദ്ദേശിക്കുന്നതിനാണ്. കൃഷിയും മത്സ്യവ്യവസായവും ഡിപ്പാർട്ടുമെൻറിനു വേണ്ടി ഇപ്പോൾ ഡയറക്ടരാവശ്യപ്പെട്ടിരിക്കുന്ന തുക ൨,൩൩,൫൮൦ രൂപയാണ്. ഈ രണ്ടു ഡിപ്പാർട്ടുമെൻറുകളെ ഭരിക്കയും സംരക്ഷിക്കയും ചെയ്യുന്നതിനു ഗവണ്മെൻറിൽനിന്നും ഇപ്പോൾ അനുവദിക്കാൻ നിശ്ചയിച്ചിരിക്കുന്ന തുക കൊണ്ടു മതിയാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. അങ്ങനെയാണെങ്കിൽ ഈ രണ്ടു ഡിപ്പാർട്ടുമെൻറുകളുടേയും വളർച്ചയിൽ ഡയറക്ടർ പ്രവൃത്തിക്കേണ്ടതായ പദ്ധതികളെ വേണ്ടവിധത്തിൽ രൂപീകരിച്ചു നിർദ്ദേശിച്ചു നടത്തിക്കൊണ്ടുപോകുന്നതിലേക്ക് ഗവണ്മെൻറു എത്രത്തോളം അനുവദിക്കുന്നുണ്ടെന്നുള്ളതിനു ഒരു ലക്ഷ്യമായിട്ടു ഈ തുക നിർദ്ദേശിച്ചിരിക്കുന്നു എന്നാണ് എൻെറ അഭിപ്രായം.

തിരുവിതാംകൂറിലെ കൃഷിഡിപ്പാർട്ടുമെൻറു ഇവിടത്തെ പൗരാവലിക്കു എത്രമാത്രം സഹായമായിട്ടുതീരാവുന്ന ഒരു ഡിപ്പാർട്ടുമെൻറാണെന്നു ഒന്നാമതായി ചിന്തിക്കണം. തിരുവിതാംകൂറിലെ പ്രധാന തൊഴിൽ കൃഷിയാണ്. ഇവിടത്തെ കൃഷി പരിഷ്കൃതമായ രീതിയിൽ നടത്തപ്പെടുന്നില്ല. പല പ്രദേശങ്ങളെ സംബന്ധിച്ചും പരിഷ്കൃതമായ കൃഷിസമ്പ്രദായം ഏർപ്പെടുത്തുകയും നടപ്പിൽ വരുത്തുകയും ചെയ്കയാണെങ്കിൽ ആ വിഷയത്തിൽ അവയ്ക്കു അഭിവൃദ്ധി ഉണ്ടാകുമെന്നു ജനങ്ങൾ പറയുന്നുണ്ട്. ഗവണ്മെൻറും അതുതന്നെ പറയുന്നു. കൃഷി

യിൽ അഭിവൃദ്ധിയുണ്ടാകണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു കൃഷിഡി
പ്പാർട്ടുമെൻറു സ്ഥാപിച്ചിട്ടുള്ളതു്. എൻെറ ഓർമ്മ ശരിയാണെങ്കിൽ
ഈ ഡിപ്പാർട്ടുമേൻറു സ്ഥാപിച്ചിട്ടു ഇരുപതുകൊല്ലത്തോളംവരും. ഇ
ത്രയും കാലം കൊണ്ടു ഈ ഡിപ്പാർട്ടുമെൻറിൽനിന്നും എന്തെല്ലാം പരി
ഷ്കാരങ്ങൾ ചെയ്വാൻസാധിക്കുമായിരുന്നു എന്നുള്ളതും ഇവിടെ ചിന്താ
വിഷയമായിത്തീരേണ്ടതാണു് ഈ സാഹചര്യങ്ങളെപ്പററി ആലോചി
ക്കുന്ന അവസരത്തിൽ ഡിപ്പാർട്ടുമെൻറിൻെറ പരിഷ്കാരംകൊണ്ടും
കാര്യക്ഷമമായനടത്തിപ്പുകൊണ്ടും രാജ്യത്തിനു ഐശ്വര്യം വരുന്നതു
തെല്ലാം മാർഗ്ഗങ്ങളിൽകൂടി പ്രവൃത്തിക്കാമെന്നുള്ളതിനെപ്പററി ആലോ
ചിക്കേണ്ടതു ഈ കൌൺസിലിൻെറ മുഖ്യമായ ചുമതലയാകു
ന്നു എന്നാണു് എനിക്കു തോന്നുന്നതു്. ഇപ്പോൾ കൃഷിഡിപ്പാർട്ടു
മെൻറിൽ അനുവദിച്ചുപോരുന്ന തുക കേവലം തുച്ഛമാണെന്നാ
ണു എൻെറ അഭിപ്രായം. ദക്ഷിണതിരുവിതാംകൂറിലും ഉത്തരതിരുവി
താംകൂറിലുമായി പലേസ്ഥലങ്ങളിലും ഈ ഡിപ്പാർട്ടുമെൻറു ചുമതലയിലും
ജനങ്ങളുടെ സംരക്ഷണയിലും ചില സംരക്ഷിതസ്ഥലങ്ങളും ചില പരി
ശോധനസ്ഥലങ്ങളും ദുർല്ലഭംചില പരീക്ഷണസ്ഥലങ്ങളും ഏർപ്പെടുത്തി
ട്ടുണ്ടു്. അവയെ നോക്കാനും അന്വേഷിക്കാനും ഏതാനും ഉദ്യോഗ
സ്ഥന്മാരേയും അതിൻെറനിർദ്ദിഷ്ടമായ മാർഗ്ഗങ്ങളിൽ കൂടി പ്രവൃത്തിക്കാൻ
ഏതാനും ചില പദ്ധതികളേയും ഡയറക്ടർ നിർദ്ദേശിച്ചിട്ടുമുണ്ടു്. ഈ
നിർദ്ദേശങ്ങൾ അനുസരിച്ചു പ്രവൃത്തിക്കുന്നതിനോ, അവരുടെ പ്രവൃത്തി
മൂലം കൃഷിക്കാരായജനങ്ങൾക്കു അഭിവൃദ്ധിയുണ്ടാകുന്നതിനോ, ഉപയോ
ഗപ്രദമാകത്തക്ക നിലയിൽ അല്ലാ ഡിപ്പാർട്ടുമെൻറിൻെറ നടത്തിപ്പിൽ
ഗവൺമെൻറിൻെറ ഇപ്പോഴത്തെനയം. അതിനെപ്പററി പ്രതിപാദി
ക്കുന്നതിനു ഈ സന്ദർഭം പററിയതല്ലാത്തതുകൊണ്ടു ആ ഭാഗം ഞാൻ വി
ട്ടുകളയാം.

ഉത്തരതിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം കൃഷിഡിപ്പാർട്ടു
മെൻറിൻെറ പ്രവർത്തനം തൃപ്തികരമാകുന്നില്ല എന്നു കഴിഞ്ഞയാണ്ടിൽ
ബഡ്ജററുനിരൂപണാവസരത്തിൽ ഞാൻ തന്നെ പറയുകയുണ്ടായി. കൃഷി
ഡയറക്ടർ കൃഷിപരിഷ്കരണവിഷയത്തിൽ വേണ്ടതരത്തിലുള്ള ഒത്താശക
ൾചെയ്തുകൃഷിക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനുസന്നദ്ധനാണെന്നു മറുപ
ടിയും പറഞ്ഞു. അതിൻെറശേഷംഉത്തരതിരുവിതാംകൂർ അദ്ദേഹം സന്ദ
ർശിക്കയും എൻെറ നിയോജകമണ്ഡലമായമീനച്ചൽതാലൂക്കിൽ സാർവ്വ
ത്രികമായിട്ടു ചുററിസഞ്ചരിക്കാൻ അദ്ദേഹത്തിനു സംഗതിയാകുകയുംചെ

[Mr. A. C. Kuriakose.]

യ്യു. ഈ സർക്യൂട്ടിലും കൃഷിവിഷയകമായ ഡയറക്ടരുടെ അന്വേഷണത്തിന്റെയും താല്പര്യത്തിന്റെയും ഫലമായി മീനച്ചൽതാലൂക്കിൽ ഒരു കൃഷി ഇൻസ്പെക്ടരെ നിയമിച്ചിട്ടുണ്ടു് എന്നു തുറന്നുപറയാം. എന്നാൽ മീനച്ചൽ താലൂക്കിലേയ്ക്കു നിയമിക്കപ്പെട്ടിട്ടുള്ള ഇൻസ്പെക്ടർക്കു കൃഷിവിഷയത്തിൽ വേണ്ട ഉപദേശങ്ങൾ നൽകുന്നതിനോ വേണ്ട അന്വേഷണം നടത്തുന്നതിനോ സൌകര്യമില്ലാത്ത വിധത്തിലാണു ഇപ്പോൾ ഇരിക്കുന്നതു്.

MR. V. J. OOMMEN (*Commerce and Industry, North*): ആലുവായിൽ ഒരു കൃഷിപാഠശാലയുണ്ടെന്നു അറിയാമോ?

MR. A. C. KURIAKOSE (*Minachil cum Devicolam*): ഉണ്ടു്. എനിക്കു അതു ഓർമ്മയും ഉണ്ടു. അതിനെപ്പറ്റി പറയാം.

ഉത്തര തിരുവിതാംകൂർ സംബന്ധിച്ചു കൃഷിയുടെ അഭിവൃദ്ധിക്കു പര്യാപ്തമായ വിധത്തിൽ ഡിപ്പാർട്ടുമെന്റുകാർ പ്രവർത്തിക്കുന്നില്ല എന്നു കഴിഞ്ഞതയാണ്ടത്തെ ബഡ്ജറ്റുയോഗത്തിൽ ഞാൻ പ്രതിപാദിച്ചതിന്റെ ശേഷമാണു് മീനച്ചൽതാലൂക്കിലേക്കു ഒരു ഇൻസ്പെക്ടരെ നിയമിച്ചിട്ടുള്ളതു്. എന്നാൽ ഏതാനും ഇൻസ്പെക്ടർമാരേയും ഏതാനും സബ് ഇൻസ്പെക്ടർമാരേയും കൊണ്ടു ഈ രാജ്യത്തുള്ള കൃഷിക്കാരുടെ സ്ഥിതിഗതികൾ അന്വേഷിച്ചു അവർക്കു വേണ്ട ഒത്താശകൾ ചെയ്തുകൊടുക്കാൻ എത്രത്തോളം കഴിവുള്ളതാണു് എന്ന സംഗതിയെപ്പറ്റി ഒന്നാമതായി ആലോചിക്കേണ്ടതാണു്. ഏതാനും താലൂക്കുകളെ ചേർത്തു അവിടത്തെ കൃഷിക്കാർക്കു വേണ്ട ഉപദേശങ്ങൾ നൽകാൻ ഒരു ഇൻസ്പെക്ടരേയും ഇൻസ്പെക്ടരുടെ താഴെ ഈരണ്ടു താലൂക്കുകളിലായി ഓരോ സബ് ഇൻസ്പെക്ടർമാരേയും നിയമിച്ചിട്ടുണ്ടു്. അക്കൂട്ടത്തിൽ ഞങ്ങൾക്കും ഒരു സബ് ഇൻസ്പെക്ടരുണ്ടു്. ആ സബ് ഇൻസ്പെക്ടർക്കു മീനച്ചൽ കോട്ടയം ഈ രണ്ടു താലൂക്കുകളിലേയും കാര്യങ്ങൾ അന്വേഷിക്കണം. കുറഞ്ഞ ശമ്പളംമാത്രമെ കൊടുക്കുകയുള്ളു. ധാരാളം സർക്യൂട്ട സഞ്ചരിക്കയും വേണം. ആഫീസ് ഉണ്ടു്. പക്ഷെ ആഫീസിൽ ഒരു ക്ലാർക്കുപോലും ഇല്ല. ആഫീസുജോലികൾക്കു പുറമെ മീനച്ചൽ, കോട്ടയം ഈ രണ്ടുതാലൂക്കുകളിലും സഞ്ചരിച്ചു കൃഷിവിഷയത്തിൽ ജനങ്ങൾക്കു വേണ്ടുപദേശങ്ങൾ നൽകണമെന്നാണു ഡിപ്പാർട്ടുമെന്റു നിർദ്ദേശിച്ചിട്ടുള്ളതു്. ആഫീസുജോലികൾതന്നെ ചെയ്തുതീർക്കുന്നതിനു അവർക്കു സമയം പോരാതെയാണിരിക്കുന്നതു്. അതിനുംപുറമേ ഈ താലൂക്കുകളുടെ നാനാഭാഗങ്ങളിലും ചുറ്റി സഞ്ചരിക്കണം. കൃഷിക്കാർക്കു വേണ്ട ഉപദേശങ്ങൾ കൊടുക്കണം. ജനങ്ങൾക്കു മാതൃകാ

യോഗ്യമായ കൃഷികഠം ചെയ്തകാണിച്ചുകൊടുക്കണം. ഇതെല്ലാമാണ് ഒരു കൃഷി സബ്ഇൻസ്പെക്ടരുടെ ഉദ്യോഗാവസ്ഥയും ഉദ്യോഗകൃത്യങ്ങളും. തിരുവിതാംകൂറിനേപ്പോലെ കർഷകപ്രധാനമായ ഒരു രാജ്യത്തു ഓരോ താലൂക്കിലേക്കും ഓരോ ഇൻസ്പെക്ടറെ കൊടുക്കുന്നതിന നമ്മുടെ ഗവമ്മെൻറിനോ ഡിപ്പാർട്ടമെൻറിനോ ഇതുവരെ കഴിഞ്ഞിട്ടില്ലാഎന്നു വരുന്നതു ആക്ഷേപകരമായ ഒരവസ്ഥയാണ്. അങ്ങനേ കഴിഞ്ഞിരുന്നു വെങ്കിൽ നമ്മുടെരാജ്യത്തു ഇങ്ങനേ ഒരു ഡിപ്പാർട്ടമെൻറുണ്ടെന്നു കൃഷിക്കാർ മനസ്സിലാക്കുകയും അതിനെ ആശ്രയിച്ചു കൃഷിവിഷയമായ ഉപദേശങ്ങഠം ചോദിക്കുകയും അതുകൊടുക്കാനുള്ള ശക്തി ഡിപ്പാർട്ടമെൻറിനുണ്ടായിരിക്കുകയും ചെയ്യുമായിരുന്നു. നേരേമറിച്ചു രണ്ടോ മൂന്നോ താലൂക്കുകളിൽ ചുററിസഞ്ചരിച്ചു ആളുകളെ സഹായിച്ചു കൃഷിവിഷയത്തിൽ വേണ്ട ഉപദേശങ്ങഠം നഠംകാൻ ഒരു ഇൻസ്പെക്ടരെ നിയമിച്ചാൽ എത്രത്തോളം അതു പ്രായോഗികമായി വരുമെന്നു ഇപ്പോഴത്തെ അനുഭവംകൊണ്ടു പ്രത്യക്ഷവുമാണ്.

അതുപോലേതന്നെ ഒന്നോ രണ്ടോ കൃഷിപാഠശാലകഠം ഈ രാജ്യത്തുണ്ട്. ഈ രാജ്യത്തെ ഭാവി പൌരന്മാരെ കൃഷിവിഷയത്തിൽ വേണ്ടജ്ഞാനം ഉണ്ടാക്കിക്കൊടുത്തു കൃഷിയേ പോഷിപ്പിക്കണമെന്നുള്ളതാണ് ഈ സ്ഥാപനത്തിൻെറ ഉദ്ദേശം. രാജ്യത്തു ഒന്നോ രണ്ടോ ഭാഗത്തുമാത്രം പരിമിതമായ വിദ്യാത്ഥികഠംക്കു പ്രവേശനം നൽകത്തക്കവിധത്തിൽ പാഠശാലകഠം സ്ഥാപിച്ചിരിക്കുന്നതുകൊണ്ടു ഒരുവിശേഷവുമില്ല. ഈ പാഠശാലകളിൽ നിന്നും പുറത്തുവരുന്ന വിദ്യാത്ഥികഠംക്കു കൃഷിചെയ്യുന്നതിനു സ്വന്തമായി ഭൂമിയില്ല. മൂലധനം മുടക്കാൻ ആളില്ല. നിസ്സാരമായ ശമ്പളത്തിൽ എങ്കിലും ഇവരെ നിയമിച്ചു കൃഷി വിഷയം പഠിപ്പിക്കുന്നതിനു ഏർപ്പാടുചെയ്യാമെന്നുവച്ചാൽ അതിനു പയ്യാപ്തമായ പാഠശാലകളും ഇല്ല. അതിനാൽ ഓരോതാലൂക്കിലും കുറഞ്ഞ പക്ഷം ഓരോ മലയാളം മിഡിൽസ്കൂളുകളോടു കൃഷിപാഠശാലക്കൂടി യോജിപ്പിച്ചു കൃഷിസംബന്ധമായ പരിജ്ഞാനംഉണ്ടാക്കിക്കൊടുക്കുന്നതിനെ സംബന്ധിച്ചു കൃഷിഡയറക്ടർ വിദ്യാഭ്യാസഡയറക്ടരുമായി ആലോചിച്ചു പ്രവത്തിക്കുന്നതു നന്നായിരിക്കുമെന്നാണ് എൻെറ അഭിപ്രായം. ഇങ്ങനേ ചെയ്യുന്നപക്ഷം രണ്ടു ഡിപ്പാർട്ടമെൻറു അദ്ധ്യക്ഷന്മാരുടെ മേലന്വേഷണത്തിലിരിക്കുന്ന ഈ സ്ഥാപനം നടത്തിക്കൊണ്ടു പോകാൻ വിഷമം നേരിടാംഎന്നൊരാക്ഷേപം ന്യായമായി ഉണ്ടാകാവുന്നതാണ്. എന്നാൽ സാഹിത്യപരമായ വകുപ്പിൻെറമേലന്വേഷണം വിദ്യാഭ്യാസഡയറക്ടരും സാങ്കേതികമായ വിദ്യാഭ്യാസവകുപ്പിൻെറ

[Mr. A. C. Kuriakose.]

മേലന്വേഷണം കൃഷിഡയറക്ടറും നടത്തണമെന്നു ഒരു വ്യവസ്ഥചെയ്താൽ ധാരാളം മതിയാകുന്നതാണ്.

മൈനർ ഇറിഗേഷൻ വകുപ്പുകൂടി ഡയറക്ടരുടെ അധീനതയിൽ ആക്കണമെന്നു ഇവിടെ ഒരു സ്നേഹിതൻ അഭിപ്രായപ്പെടുകയുണ്ടായി. അങ്ങനെ വ്യവസ്ഥചെയ്യുന്നപക്ഷം ഡയറക്ടർക്ക് എന്തുചെയ്വാൻ സാധിക്കുമെന്നുള്ളതിനെപ്പററി ഞാനധികം ചിന്തിച്ചിട്ടില്ല. മൈനർ ഇറിഗേഷൻ വേലകൾ കൃഷിക്കു വളരെ അത്യാവശ്യമാണെന്നുള്ളതു എല്ലാപേരും സമ്മതിക്കുന്ന ഒരു വാസ്തവം. അതിലേക്കു ഒരു അസിസ്റ്റൻറു ഇഞ്ചിനീയർ കൃഷിഡയറക്ടരുടെ കീഴിൽ ഉണ്ടായിരുന്നാൽ മതിയാകും. ഓരോ സ്ഥലത്തും കൃഷിഡയറക്ടർതന്നെ സഞ്ചരിച്ചു ഇന്നഇന്ന സ്ഥലങ്ങളിൽ ഇറിഗേഷൻജോലി നടത്തണമെന്നു കണ്ടുപിടിച്ചു തൻെറ താഴേയുള്ള ഇഞ്ചിനീയരെക്കൊണ്ടു നടത്തിക്കണം.

ഈ നിർദ്ദേശങ്ങൾ കൂടാതെ എനിക്കനേകം സംഗതികൾ പറയാനുണ്ട്. അധികം സംഗതികൾ ഒരേസമയത്തു പ്രതിപാദിക്കുന്നതുകൊണ്ട് പ്രയോജനമുണ്ടാകുമോ എന്നു എനിക്കുതന്നെ സംശയമാണ്.

കൃഷിഡിപ്പാർട്ടുമെൻറിലേക്കനുവദിച്ചിട്ടുള്ള സംഖ്യ വളരെ കുറവാണെന്നു ഞാൻ മുമ്പു പ്രസ്ഥാപിച്ചല്ലോ. അതിനാൽ കൂടുതൽ സംഖ്യ നൽകണം. രാജ്യത്തിൻെറ നാനാഭാഗങ്ങളിലും കൃഷിഡിപ്പാർട്ടുമെൻറിൻെറ ശ്രദ്ധ പതിയത്തക്കവണ്ണം കുറഞ്ഞപക്ഷം ഒരു താലൂക്കിൽ ഒരു ഇൻസ്പെക്ടരെവീതമെങ്കിലും നിയമിക്കണം. ഒന്നോ രണ്ടോ കൃഷിപാഠശാലകൾ ഉള്ളതുകൊണ്ടുമാത്രം ഉദ്ദേശിക്കുന്ന ഫലം സിദ്ധിക്കയില്ല. മിഡിൽസ്കൂളുകളോടുചേർത്തു കൃഷിപാഠശാലകൾ കൂടി നടത്തണം. രാജ്യത്തിൻെറ നാനാഭാഗങ്ങളിലും സഞ്ചരിച്ചു ഇന്നഇന്നകൃഷി ഇന്നയിന്നസ്ഥലത്തു ചെയ്യാമെന്നു കണ്ടുപിടിച്ചു ജനങ്ങളെ ഉപദേശിക്കുന്നതിൽ ഡിപ്പാർട്ടുമെൻറു കൂടുതൽ ശ്രദ്ധിക്കണം.

ഇത്രയും നിർദ്ദേശങ്ങളെപററി ഗവൺമെൻറു പര്യാലോചിച്ചു വേണ്ടതു പ്രവർത്തിക്കുന്നപക്ഷം ഈരാജ്യം ശ്രേയസ്കരമായനിലയിൽ എത്തുമെന്നുള്ളതിനു യാതൊരുസംശയവുമില്ല. ഈ അഭിപ്രായത്തോടുകൂടി ഞാൻഎൻെറഉപക്ഷേപത്തെ സഭയുടെപര്യാലോചനയ്ക്കായിസമർപ്പിച്ചുകൊള്ളുന്നു.

MR. A. THANU PILLAI (*Trivandrum*): I rise to second the motion of Mr. Kuriakose. In addition to what he has suggested for the better working of this department, I would like to make one or two suggestions. The Director, a little while ago, told us that he is not in a position

to make it rain and that it is one of the reasons why the Travancore ryot is not able to do his business with any great success. It has been suggested here on many an occasion that irrigation works should as far as possible be placed under the Director of Agriculture. The Director of Agriculture refers also to the fact that he is trying to introduce new kinds of manure and that he is making experiments in the departmental farms and arriving at conclusions in regard to the applicability of particular manures and he induces the agriculturists to use these manures in their agricultural operations. But one important fact in connection with the application of manures is that the agriculturists of Travancore do not take to these manures to any considerable extent. In point of the extent to which these manures are applied, the results of the experiments cannot be said to be sufficiently beneficial. So, I would make a suggestion that the department be placed in a position to enable the ryots to apply manure when it is wanted, and not only that, to help the ryot in his agricultural operations generally. In that connection I would suggest that the control over the granting of agricultural loans be vested in the Agricultural Department. Sir, it seems to me to be an anomaly that the Revenue Department should issue agricultural loans. And in consequence we find that a very large part of the amount that is granted as loans for agricultural purposes is not really applied for agricultural purposes at all. It is a matter that everybody knows that many a lawyer, merchant and business man gets agricultural loans ostensibly with the object of applying them for agricultural purposes.

MR. MATTHEW MURIKKAN (*Vaikam*) : Could they not use for agricultural purposes?

MR. A. THANU PILLAI (*Trivandrum*) : They could. A portion of it may be applied for agricultural purposes. It is very doubtful whether all the money thus lent is really applied for agricultural purposes. So, I would suggest that the department that should deal with this matter of granting agricultural loans should be the Agricultural Department itself.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*) : May I know whether the Agricultural Department is not consulted before loans are sanctioned by the Revenue Department?

MR. A. THANU PILLAI (*Trivandrum*) : I think the department is not consulted. I would like to be enlightened myself by the Director of Agriculture when he replies. So far as my knowledge goes the department is not consulted at all.

MR. V. CHELLAM PILLAI (*Tovala*) : May I know how his suggestion to transfer the power of giving agricultural loans from the Revenue department to the Agricultural Department will remedy the defect?

MR. A. THANU PILLAI (*Trivandrum*) : That is to say, the Officers of the Agricultural Department will be able to find what amount of money will be required for doing an agricultural operation. Suppose an

[Mr. A. Thanu Pillai]

application was made by a certain individual for Rs. 1,000 to cultivate 5 acres of land. The Agricultural Officer may go to the spot and satisfy himself as to whether that amount is required, and whether it should be issued in one lump sum or in instalments. He would be in a position to say whether the money is really applied for the purpose for which it was obtained, and whether the crop was raised with the money obtained. All this can be done by these Agricultural Officers better than a Provertikar or a Tahsildar. This does not form part of the legitimate duty of a Tahsildar either. So, it is neglected. And then, it is not merely money that could be lent. The Agricultural Director may make arrangements for manure being lent and the price realised after the crop is raised. All this can be done only if the Agricultural Department is entrusted with the work, and that, I think, would be doing some real help to the poor ryots. As it is, practically these poor ryots get very little help. The idea of placing irrigation under the Agricultural Department is also very good. So, I would suggest that the Agricultural Department is made really responsible for the agricultural prosperity of the State. There is no meaning in asking the department merely to make a few experiments and do some demonstration work here and there. The department should be in a position to really help the ryot who wants the help of the department.

MR. N. K. KRISHNA PILLAI (*Neyyattinkara*) : With regard to industrial loans is it not the Director of Industries that grants the loan?

MR. A. THANU PILLAI (*Trivandrum*) : Yes. So, with these words I support the motion.

MR. V. J. OOMMEN (*Commerce and Industry, North*) : സർ, മിസ്റ്റർ കള്ളാക്കോസ് ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ ഞാനും ബലമായി പിന്താങ്ങിക്കൊള്ളുന്നു. കൃഷിഡിപ്പാർട്ടുമെൻറുമൂലം ഈ രാജ്യത്തേയ്ക്കുണ്ടായിക്കൊണ്ടിരിക്കുന്ന ഉപയോഗത്തേയും, മേലാൽ അതിനെ കൂടുതൽ പ്രയോജനകരമാക്കിത്തീർക്കേണ്ട ആവശ്യകതയേയും പററി എൻെറ സ്നേഹിതൻ ഇവിടെ പ്രതിവാദിച്ചുകഴിഞ്ഞു. അതിനാൽ അദ്ദേഹം പറയുന്നതിനു വിട്ടുപോയ ചില സംഗതികളെപ്പററി പ്രതിവാദിക്കാനാണു ഞാൻ ആഗ്രഹിക്കുന്നതു്.

ഈരാജ്യത്തു പ്രതിവർഷം ഏകദേശം മൂന്നുകോടിരൂപായുടെ നെല്ലും അരിയും പുറരാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്തുവരുന്നതായിട്ടു കണക്കുകൊണ്ടു കാണുന്നുണ്ടു്. ബർമ്മാ, റംഗൂൺ മുതലായരാജ്യങ്ങളിൽ ഈ ആണ്ടത്തേപ്പോലെയോ അല്ലെങ്കിൽ ൯൯-ൽ ഇവിടെ ഉണ്ടായതുപോലെയോ ഒരു വെള്ളപ്പൊക്കം ഉണ്ടാകുന്നപക്ഷം നിശ്ചയമായിട്ടും തിരുവിതാംകൂറിലെ ജനങ്ങൾ പട്ടിണികിടക്കയല്ലാതെ വേറെ ഒരു നിവൃത്തിയുമില്ല.

ആഹാരസാധനങ്ങൾക്കുവേണ്ടി അന്യരാജ്യത്തെ നാം ആശ്രയിച്ചു കഴിച്ചുകൂട്ടേണ്ടിവരുന്ന എന്നുള്ള സംഗതി നമുക്കു ഒട്ടും അഭിമാനകരമല്ല. അതുകൊണ്ടു തിരുവിതാംകൂറിലെ നെൽകൃഷിയെ അഭിവൃദ്ധിപ്പെടുത്തേണ്ടതെത്രയും അത്യാവശ്യമാണ്. അതിലേക്കു കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും ഏതെല്ലാംതരത്തിലുള്ള സഹായങ്ങൾ ചെയ്തുകൊടുക്കാമോ ആ തരത്തിലുള്ള സഹായങ്ങൾഎല്ലാം ചെയ്തുകൊടുക്കയും വേണം.

MR. K. MADHAVAN PILLAI (*Trivandrum cum Neduvangad*) : നിലം നികത്തി തെങ്ങുവച്ചുവരുന്നതായിട്ടറിയാമോ?

MR. V. J. OOMMEN (*Commerce and Industry, North*) : അങ്ങിനെ ചെയ്യുന്നില്ല എന്നു ഞാൻ പറയുന്നില്ല. കൂടുതൽ ആദായമുണ്ടെങ്കിൽ മാത്രമേ അങ്ങിനെ ചെയ്യാറൊള്ളു.

അതിനാൽ നെൽകൃഷി വർദ്ധിപ്പിക്കുന്നതിനു വനത്തിനകത്തുള്ള ചതുപ്പുനിലങ്ങൾ എത്രയുംവേഗത്തിൽ ചില്ലറ ചില്ലറയായിട്ടു പതിച്ചു കൊടുക്കണം. അതിലേക്കു കൺസർവേറ്റർ തടസ്സം പറയുന്നപക്ഷം ഗവണ്മെൻറു അതിൻെറ ഉപയോഗത്തേയും പ്രയോജനത്തേയും മനസ്സിലാക്കി തീർച്ചചെയ്യണം. അങ്ങിനെയുള്ള സ്ഥലങ്ങൾ ഒരു ക്ലിപ്തകാലത്തിനകത്തു കൃഷിചെയ്തില്ലെങ്കിൽ ഗവണ്മെൻറിൽനിന്നു അതു തിരിയെ എടുക്കുന്നതാണെന്നുള്ള വ്യവസ്ഥയോടുകൂടി കുടിയാനവന്മാൎക്കു പതിച്ചു കൊടുക്കണം.

ഇവിടത്തെ കൎഷകവൃത്തിക്കത്യന്താപേക്ഷിതമായിരിക്കുന്ന ഭൂസ്വത്തു ജാമ്യബാങ്കു എത്രയും വേഗത്തിൽ ഏൎപ്പെടുത്തണമെന്നു ശുപാൎശചെയ്യുന്ന ഒരു പ്രമേയം ഈ സഭ പാസ്സാക്കുകയുണ്ടായി. ഇവിടത്തെ കൃഷിയെ അഭിവൃദ്ധിപ്പെടുത്തണമെന്ന ഉദ്ദേശം ഗവണ്മെൻറിനുണ്ടെങ്കിൽ ഈ ബാങ്കു എത്രയുംവേഗത്തിൽ നടപ്പിൽ വരുത്തുകയാണ് വേണ്ടതു്. കൃഷിഡയറക്ടരുടെ ശുപാൎശയനുസരിച്ചു ശരിയായ ജാമ്യത്തിന്മേൽ പണം കൊടുക്കയും ആ പണം കൃഷിക്കായി ഉപയോഗിച്ചില്ലെങ്കിൽ തിരിയെ ഈടാക്കത്തക്കനിലയിലുള്ള വ്യവസ്ഥ ഉണ്ടായിരിക്കയും ചെയ്യുന്നതു നന്നായിരിക്കുമെന്നാണ് എൻെറ അഭിപ്രായം.

ഈ ഡിപ്പാർട്ടുമെൻറിലേക്കു ഇപ്പോൾ ചിലവാക്കിവരുന്നതുക തീരെ തുച്ഛമാണ്. നാലോ അഞ്ചോ ലക്ഷം രൂപ ചിലവാക്കിയാലും ഒരു ദോഷവും വരാനില്ല. കൃഷി, വ്യവസായം, ഈ ഡിപ്പാർട്ടുമെൻറുകളിൽനിന്നും ഗവണ്മെൻറു ആദായം ഇച്ഛിക്കരുതു്. റവന്യൂ, എക്സൈസ് ഇങ്ങനെയുള്ള ഡിപ്പാർട്ടുമെൻറുകൾ ആദായത്തെ ഉദ്ദേശിച്ചും, മെ

[Mr. V. J. Oommen.]

ഡിക്കൽ, കൃഷി, വ്യവസായം എന്നിങ്ങനെയുള്ള ഡിപ്പാർട്ടുമെൻറുകൾ ജനങ്ങളുടെആരോഗ്യം, സാമ്പത്തികസ്ഥിതിയുടെ അഭിവൃദ്ധി എന്നിവയെ ഉദ്ദേശിച്ചുമാണ് പ്രവർത്തിക്കേണ്ടതു്. അതിനാൽ കൃഷിഡിപ്പാർട്ടുമെൻറിലേക്കു കൂടുതൽ പണം അനുവദിച്ചു കൂടുതൽ ആളുകളെയും നിയമിച്ചു കുറേക്കൂടി ജനങ്ങൾക്കു ഈ ഡിപ്പാർട്ടുമെൻറിനെ ഉപയോഗയോഗ്യമാക്കിത്തീർക്കണം.

സീറിക്കൾച്ചർ കൃഷിഡിപ്പാർട്ടുമെൻറു നടത്തിയാൽകൊള്ളാമെന്നും റിസർവ്വിൽനിന്നും അതിലേക്കു കുറേസ്ഥലം പതിച്ചുകിട്ടണമെന്നും ഡയറക്ടർ ആവശ്യപ്പെട്ടതായി കേട്ടിട്ടുണ്ടു്. എന്നാൽഇതുവരെ അതു നടപ്പിലായികാണുന്നില്ല. പട്ടുനൂൽ വ്യവസായംസംബന്ധിച്ചു വേണ്ട പരിശീലനംസിദ്ധിച്ചിട്ടുള്ളവനാണു് ഞാൻ. ഇതു അനേകംപേക്കു തൊഴിലുണ്ടാക്കികൊടുക്കുന്നതിനു ഉതകുന്ന ഒരു വ്യവസായമാണു്. ഞാൻ പട്ടുനൂൽ വ്യവസായ പരിശീലനംനടത്തിയ മൈസൂർരാജ്യത്തു അനവധിജനങ്ങൾ ഈ വ്യവസായംകൊണ്ടാണു് കഴിച്ചുകൂട്ടുന്നതു്. വീട്ടിലുള്ള സ്ത്രീകൾക്കുകൂടിയും നടത്താവുന്ന ഒരു ചെറു വ്യവസായമാണു് ഇതു്. മൈസൂർഗവണ്മെൻറു ഈ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനു പല ഒത്താശകളും ചെയ്തുകൊടുക്കുന്നുണ്ടു്. ടാട്ടാസിൽക്കു വ്യവസായശാലയ്ക്കു ൨൫൦ രൂപ അവിടത്തെ ഗവണ്മെൻറു ഗ്രാൻറുകൊടുക്കുന്നുണ്ടു്.

MR. H. B. MAHOMED ROWTHER (*Shencotta cum Pattanapuram*) : മൈസൂർഗവർണ്മെൻറു ഇതിലേക്കു ധാരാളം പണം ചിലവുചെയ്യുന്നുണ്ടോ?

MR. V. J. OOMMEN (*Commerce and Industry, North*) : ധാരാളം പണം ചിലവുചെയ്യുന്നുണ്ടു്. അവരുടെ ഇങ്ങനെയുള്ള പരിശ്രമത്തിൻെറ ഫലമായി ഏഴെട്ടുതാലൂക്കുകളിൽ ഈ വ്യവസായംകൊണ്ടുമാത്രം കാലയാപനംചെയ്യുന്ന ആളുകൾ ധാരാളമുണ്ടു്.

അതിനാൽ ഡയറക്ടരുടെ ശുപാർശയനുസരിച്ചു ഇതുവരെ സ്ഥലം പതിച്ചുകൊടുത്തില്ലെങ്കിൽ പത്തോ നൂറോ ഏക്കർ സ്ഥലം ഇതിലേക്കായി പതിച്ചുകൊടുക്കയും ജനങ്ങളേക്കൂടി ഈ വ്യവസായത്തിൽ പ്രേരിപ്പിക്കുന്നതിനു വേണ്ട സൌകര്യങ്ങൾ നൽകുകയുംചെയ്യണം. കൂടാതെ പലതരത്തിലുള്ള കൃഷി ഇവിടെ നടപ്പാക്കുന്നവിഷയത്തിൽ കൃഷിഡിപ്പാർട്ടുമെൻറു പ്രത്യേകം ശ്രദ്ധിക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ വിരമിച്ചുകൊള്ളുന്നു.

MR. MURUVELIL PACHU PILLAI (*Shertallai*); സർ, മി: കയ്യാക്കോസിൻെറ ഉപക്ഷേപത്തെ ഞാനും പിൻതാങ്ങുന്നു. ഈ രാജ്യത്ത് കൃഷിഡിപ്പാർട്ടുമെൻറു ഏർപ്പെട്ടത്തിയിട്ട് ഇപ്പോൾ ൨൦ കൊല്ലത്തോളമായിരിക്കുന്നു. എന്നാൽ അതിനനുസരണമായിട്ടുള്ള അഭിവൃദ്ധി ഈ ഡിപ്പാർട്ടുമെൻറിൽ ഇതുവരെയായിട്ടും ഉണ്ടായിട്ടില്ല. ഈ ഡിപ്പാർട്ടുമെൻറു സ്ഥാപിച്ചകാലത്തുണ്ടായിരുന്ന ഉദ്ദേശം ഇവിടെ ശാസ്ത്രീയമായ കൃഷിയിൽ ജനങ്ങൾക്കഭിരുചി ഉണ്ടാക്കണമെന്നും, ആ വിധത്തിൽ ഈ രാജ്യത്തെ കൃഷി ക്രമേണ അഭിവൃദ്ധിയെ പ്രാപിക്കണമെന്നും, തൻനിമിത്തം പൊതുവെ കൃഷിക്കാരുടെയിടയിൽ ക്ഷേമമുണ്ടാകണമെന്നും, ഉള്ളതായിരുന്നു. ആ ഉദ്ദേശം ഇതുവരെ സാധിച്ചിട്ടുണ്ടെന്നുപറയാൻ നിവൃത്തിയില്ല. ഇവിടത്തെ ജനങ്ങൾക്കാവശ്യമുള്ള ആഹാരസാധനങ്ങൾപോലും ഇവിടെ ഉണ്ടാക്കാൻ സാധിക്കുന്നില്ല എന്നുള്ളതു വാസ്തവത്തിൽ വളരെ പരിതാപകരമായ ഒരു സംഗതിയാണ്. ഇവിടെ ആണ്ടുതോറും ഇറക്കുമതിചെയ്തുകൊണ്ടിരിക്കുന്ന നെല്ലിൻെറയും അരിയുടേയും കണക്കുനോക്കിയാൽ അതു ആണ്ടുതോറും വദ്ധിച്ചുവരുന്നതായിട്ടുകാണുന്നുണ്ട്. നമ്മുടെ രാജ്യത്തു ദൈവാനുഗ്രഹത്താൽ, നെല്ല്, കുരുമുളക്, മരച്ചീനി തുടങ്ങിയ ഏതു തരം കൃഷിയും നടത്തുന്നതിനുള്ള സൌകര്യം പ്രകൃതി നമുക്കു നൾകീട്ടുണ്ട്. ആ സ്ഥിതിക്കു ഇവിടത്തെ കൃഷി അഭിവൃദ്ധിയിൽ വരാതിരിക്കുന്നതിനു കാരണം ഒരു സ്ഥിരമായ നയത്തോടുകൂടി, അല്ലെങ്കിൽക്ലിപ്തമായ കാര്യപരിപാടിയനുസരിച്ചു കൃഷി നടത്തത്തക്കവണ്ണം കൃഷിഡിപ്പാർട്ടുമെൻറു വേണ്ട പ്രോത്സാഹനം നൾകുന്നില്ലെന്നുള്ളതാണ്.

MR. V. CHELLAM PILLAI (*Tovala*): ഗവർണ്മെൻറു സ്കാളർഷിപ്പു കൊടുത്തു അഞ്ചോ എട്ടോ പേരെ കൃഷിവിദ്യാഭ്യാസം പരിശീലിപ്പിച്ചു വരുത്തീട്ടുണ്ടെന്നു മെമ്പർക്കറിയാമോ?

MR. MURUVELIL PACHU PILLAI (*Shertallai*): ഒരു കൃഷിസ്കൂൾ ഏർപ്പെട്ടത്തി കുറെപേരെ വിദ്യാഭ്യാസം ചെയ്യിക്കുന്നുണ്ട്.

MR. V. CHELLAM PILLAI (*Tovala*); ഗവർമെൻറു സ്കാളർഷിപ്പു കൊടുത്ത് കോയമ്പത്തൂർ മുതലായ സ്ഥലങ്ങളിൽ അയച്ചു പഠിപ്പിച്ചു വരുത്തിയിട്ടുള്ള ചിലരെ ഇൻസ്പെക്ടർമാരായി നിയമിച്ചിട്ടുണ്ടെന്നറിയാമോ?

MR. MURUVELIL PACHU PLLAI (*Shertallai*): അറിയാം. കുറെപേരെ അങ്ങിനെ അയച്ചു പഠിപ്പിച്ചുവരുത്തിയതുകൊണ്ടുമാത്രം ഉദ്ദേശം പൂർണ്ണമായിട്ടുസാധിക്കയില്ല.

MR. V. CHELLAM PILLAI (*Tovala*): അങ്ങിനെ അയച്ചു പരിശീലിപ്പിച്ചു വരുത്തീട്ടുണ്ടോ എന്നാണു ചോദിച്ചതു്?

MR. MURUVELIL PACHU PILLAI (*Shertallai*); വരുത്തീട്ടുണ്ട്. അതുകൊണ്ടുദ്ദേശിക്കുന്ന പ്രയോജനമില്ല.

ഈ ഡിപ്പാർട്ടുമെൻറിലെ ചിലവിനു ഇപ്പോൾ അനുവദിച്ചിരിക്കുന്ന സംഖ്യ വളരെ കുറവാണ്. ബറോഡാ ഗവർമെൻറിൽനിന്നുതന്നെ ൨൫ ലക്ഷം രൂപയോളം കൃഷിഡിപ്പാർട്ടുമെൻറിലേക്കു നീക്കിവച്ചിട്ടുള്ളതായി കാണുന്നു. അതായതു് ആണ്ടുതോറും ൫ ലക്ഷം രൂപവീതം ൫ കൊല്ലംകൊണ്ടു ൨൫ ലക്ഷംരൂപാ ചിലവുചെയ്യുവാൻ നിശ്ചയിച്ചിട്ടുള്ളതായിട്ടാണ് കാണുന്നതു. അതിനാൽ Royal commission ശുപാർശ ചെയ്തിട്ടുള്ളതുപോലെയോ മറ്റോ ഒരു ശരിയായ കാര്യപരിപാടി തയ്യാറാക്കി ഈ രാജ്യത്തെ എല്ലാവിധത്തിലുമുള്ള കൃഷി സമ്പ്രദായങ്ങളെ വർദ്ധിപ്പിക്കത്തക്കവണ്ണം വേണ്ട സംഖ്യ കൃഷിഡിപ്പാർട്ടുമെൻറിലേക്കു നീക്കിവയ്ക്കുന്നതുനന്നായിരിക്കും.

കൃഷിവായ്പയെ സംബന്ധിച്ചുള്ള ചുമതല റവന്യൂഡിപ്പാർട്ടുമെൻറുകാർക്കാണിരിക്കുന്നതു്: വായ്പവേണമെന്നു ആവശ്യപ്പെടുന്നവരുടെ സ്ഥിതിയെന്താണെന്നോ, അവരുടെ വസ്തുക്കളുടെസ്ഥിതി എന്താണെന്നോപാർവ്വത്യകാർ മുഖാന്തിരം അറിയുന്നതിനു കൂടുതൽ സൌകര്യമുണ്ടു അതുപോലെതന്നെ കടം തിരിയെ ഈടാക്കുന്നതിനുള്ള കൂടുതൽ സൌകര്യവും അവർക്കുണ്ട്. എന്നാൽ ഈ കടം കൃഷി ആവശ്യത്തിനായിട്ടുപയോഗിക്കുന്നുണ്ടോ, അത്രയും പണം ആവശ്യമുണ്ടോ, ആവശ്യപ്പെട്ടിട്ടുള്ളതുക ഒന്നിച്ചുതന്നെ ചിലവാക്കേണ്ട ആവശ്യമുണ്ടോ, ഇൻസ്റ്റാൾമെൻറായിട്ടു ചിലവുചെയ്താൽപോരയോ എന്നെല്ലാം അന്വേഷിക്കുന്നതിനും നിശ്ചയിക്കുന്നതിനുമുള്ള ചുമതലയും ഇപ്പോൾ റവന്യൂഡിപ്പാർട്ടുമെൻറുകാർക്കാണ്. ഈ വക ജോലികൾ മേലാൽ കൃഷിഡയറക്ടരുടെ ചുമതലയിൽ വിട്ടുകൊടുക്കുന്നതു നന്നായിരിക്കും. കൃഷിവായ്പക്കുള്ള അപേക്ഷവന്നാൽ കൃഷിഡയറക്ടരോടുകൂടി ആ സ്ഥലംപരിശോധിച്ചു അദ്ദേഹത്തിൻെറ അഭിപ്രായമനുസരിച്ചു വായ്പകൊടുക്കുന്നതു കുറെക്കൂടിനന്നായിരിക്കുമെന്നാണ് എൻെറ അഭിപ്രായം.

അതുപോലെതന്നെ പീരിയാഡിക്കൽ ഇൻസ്പെക്ഷൻ നടത്തി കൃഷിവായ്പ കൊടുത്തപണം അതിലേക്കുതന്നെ ചിലവുചെയ്തിട്ടുണ്ടോ, ചെയ്യുന്നുണ്ടോ, കൃഷിയിൽ അഭിവൃദ്ധിവരുന്നുണ്ടോ എന്നുള്ള സംഗതികളെപ്പററി കൃഷി ഡയറക്ടർ പരിശോധിച്ചു ഗവൺമെൻറിലേക്കു റിപ്പോർട്ടുയക്കുന്നതിനും വ്യവസ്ഥചെയ്യണം.

MR. A. THANU PILLAI (*Trivandrum*): കൃഷിവായ്പ ഈടാക്കുന്നതു റവന്യൂക്കാരാണു് സൌകര്യമെന്നു പറഞ്ഞല്ലൊ. അതുപോലെ മററു ഡിപ്പാർട്ടുമെൻറിലേക്കു ഈടാകാനുള്ളപണവും റവന്യൂഡിപ്പാർട്ടുമെൻറുകാരാണു് ഈടാക്കിവരുന്നതെന്നറിയാമോ?

MR. MURUVELIL PACHU PILLAI (*Shertallai*) അറിയാം. എനിക്കതിനു വിരോധമുണ്ടായിട്ടു പറയുകയല്ല. ഇപ്പോൾ ഇരിക്കുന്ന രീതിയിൽ തന്നെയിരിക്കുന്നതാണു് കൂടുതൽ സൌകര്യമെന്നാണു് ഞാൻ പറഞ്ഞതു്. പണം കൊടുക്കണോ വേണ്ടയോ എന്നുള്ള വിദഗ്ദ്ധാഭിപ്രായം പറയേണ്ടതു കൃഷിഡയറക്ടരാണു്. അതു സംബന്ധിച്ചുള്ള പരിശോധന ജോലികളും കൃഷിഡയറക്ടരെകൊണ്ടുനടത്തിക്കണം. ഇതിനുംപുറമെ പണം കടംകൊടുക്കുകയുംഈടാക്കുകയും ചെയ്യേണ്ടചുമതലകൂടി കൃഷിഡിപ്പാർട്ടുമെൻറിനെഏല്പിക്കേണ്ട ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല.

ഇവിടെ ഏതുതരത്തിലുള്ള കൃഷികൾ നടത്താമെന്നു ആലോചിച്ചു ഒരു കാര്യപരിപാടി തയ്യാറാക്കുന്നതിനു കർമ്മകുശലതയുള്ള ആളുകൾ നമ്മുടെ രാജ്യത്തു ധാരാളമുണ്ടു്. അവക്കുവേണ്ട സൌകര്യം ലഭിക്കാത്തതുകൊണ്ടുമാത്രം അവർ വെറുതെയിരിക്കുകയാണു്. ഈ ഡിപ്പാർട്ടുമെൻറിലേക്കു വേണ്ടപണം ചിലവുചെയ്യുന്ന വിഷയത്തിൽ ഗവണ്മെൻറിൻെറ ശ്രദ്ധ ഗാഢമായി പതിയേണ്ടതാണു്. ജനങ്ങൾക്കു പൊതുവേ ക്ഷേമമുണ്ടാകണമെങ്കിൽ കൃഷി അഭിവൃദ്ധിപ്പെടുത്താതെ തരമില്ല. ഇത്രയും സംഗതികളെ ഈ സഭയുടെ പര്യാലോചനയ്ക്കായിട്ടു സമർപ്പിച്ചുകൊള്ളുന്നു.

MR. K. MADHAVAN (*Nominated*): ஸர், இந்தக் கிருஷி டிபார்ட்மெண்டில் கிருஷி டைரக்டர் முதலியவர்கள் சரியான விதத்தில், வேண்டிய சமயங்களில் செய்யவேண்டிய வேலை செய்யவில்லை என்பது என்னுடைய அபிப்பிராயம். நாஞ்சிநாடு—தோவாளை, அகஸ்தீஸ்வரம்—இவைகள் இச்சமஸ்தானத்தில் கிருஷிக்குப்பேர்போனவை. இந்த ஸ்தலங்களில் சமீபத்தில் கால்கள் வெட்டி இன்னும் அநேக ஸ்தலங்களும் கிருஷி ஆகின்றன. இந்த வயல்களுக்கு சரியானபடி வளங்கள் கிடைப்பது கஷ்டமாயிருக்கிறது. இந்த ஸ்தலங்களை சரியானபடி கிருஷி செய்யாததால் முன்போல் சரியானபடி பலனில்லை. இவைகளையும்

[Mr. K. Madhavan.]

சரியான நிலைமையில் கொண்டுவருவதற்கு மாதுர்கிருஷிகாஸ்தலங்கள் ஸ்தாபிக்கப்பட்டிருக்கின்றன. இந்த மாதுர்கிருஷிகா ஸ்தலங்கள் கிருஷிகர்களுக்கு யாதொரு பிரயோஜனமும் இல்லை. ஏனெனில் அவைகள் 5-மைல் தூரத்தில் இருக்கின்றன. இவைகள் இருந்தும் ஜனங்களுக்கு கிருஷி செய்ய சாத்தியமில்லை என்று என்னுடைய அபிப்பிராயம். தென் திருவிதாங்கூரில் ஒவ்வொரு சமீபஸ்தலங்களிலும் மாதுர் கிருஷிஸ்தலங்கள் வைத்து கிருஷிகர்களுக்கு எப்படிக் கிருஷி செய்யவேண்டுமென்கிறதைக்காட்டிக்கொடுக்கவேண்டியதாய் இருக்கிறது. அப்படியானால் அவர்கள் அதைக் கற்றுக்கொண்டு அதிகம் விளைவு கிடைக்கக்கூடிய வழியில் கிருஷி செய்துகொண்டுவருவார்கள்.

கிருஷிக்கடன்.

கிருஷிக்காகக் கடன் கொடுக்கப்படுகிறது. ஏராளமான ஸ்தலங்கள் சரியானபடி கிருஷி செய்யப்படவில்லை, கிருஷிக்காகக் கடன் வாங்குகிறவர்கள், அதாவது நில உடமஸ்தர்கள் தாங்கள் வாங்கும் பணத்தை வேறேவிதத்தில் சிலவு செய்கிறார்கள். கிருஷிக்காகச் சிலவு செய்வதில்லை. நில உடமஸ்தர்களிடமிருந்து மற்றவர்கள் நிலங்களை பாட்டத்திற்கு வாங்கி கிருஷி செய்கிறார்கள். வாஸ்தவத்தில் இவர்களுக்குக் கடன் கிடைப்பதில்லை. நில உடமஸ்தர்கள் தாங்கள் வாங்கும் பணத்தில் முக்கால் பாகத்தையும் வேறுவிதத்தில்த் தான் சிலவு செய்கிறார்கள். ஆதலால் இவர்களுக்குக் கடன் கொடுப்பதில் யாதொரு பிரயோஜனமுமில்லை

MR. V. CHELLAM PILLAI (*Tovala*): நாஞ்சிநாட்டில் கோவாப்பரேட்டிவ் ஸொஸைட்டி, இவ்வித காரியங்களுக்குப் பணம் செலவு செய்வதாகத் தெரியுமா?

MR. K. MADHAVAN (*Nominated*): தெரியும்.

MR. V. GHELLAM PILLAI (*Tovala*): கோவாப்பரேட்டிவ் ஸொஸைட்டி ஸ்தலங்களில் கடன் கொடுத்துவருகிறதா?

MR. K. MADHVAN (*Nominated*): கிருஷிக்கென்று அந்தப்பணம் உபயோகப்படுத்தப்படவில்லை. இதற்குமுன் எப்படிக் கிருஷிசெய்தார்களோ அது போலவே இப்பொழுதும் செய்துவருகிறார்கள். கொடுக்கிறபணத்தையெல்லாம் அந்த உடமஸ்தர்கள் தங்கள் சொந்த காரியங்களுக்கு உபயோகிக்கிறார்கள்.

MR. V. CHELLAM PILLAI (*Tovala*): இந்தமாதிரி விஷயமாக வேலை செய்ய நாஞ்சிநாட்டில் ஒரு கோவாப்பரேட்டிவ் ஸொஸைட்டி நியமித்திருப்பதாகத் தெரியுமா?

MR. K. MADHAVAN (*Nominated*): தெரியும் கிருஷிக்காகக்கடன் கொடுக்கிற பணம் இக்கக் கிருஷிக்காகத் தான் உபயோகப்படுத்தப்படுகிறதா என்று பார்க்கவேண்டுமென்று கேட்டுக்கொள்ளுகிறேன். நாஞ்சிநாட்டில் இதற்குமுன் எப்படி வளத்தை உபயோகித்துக்கொண்டு வந்தார்களோ அதே முறையாக உபயோகப்படுத்துகிறார்கள். ஆதலால் கிருஷிடைரைக்டர் அந்தந்த ஸ்தலங்களுக்குப் போய் அந்தந்த ஸ்தலத்தில்கிருஷிசெய்யும்வழிகளைப்பார்த்து, கிருஷிகர்களுக்குப்புதியமுறைகளைக் கற்றுக்கொடுக்கவேண்டும். நாஞ்சிநாடு புராதீனமாக நெல்கிருஷி

க்குப் பேர்ம்பானது. நாஞ்சிநாட்டார் இதற்கு முன் நெல்லோ அரிசியோ வாங்கி காலக்ஷேபம் செய்தது கிடையாது. கிருஷிக்காக இந்த ராஜ்யத்தில் ஒரு பெரிய டிபார்ட்மெண்டு ஸ்தாபிக்கப்பட்டிருக்கிறது. இந்த டிபார்ட்மெண்டுக்குப் பணம் வேண்டுமானால் இந்தக் கிருஷியிலிருந்துதான் வரவேண்டியிருக்கிறது. ஆதலால் கிருஷி டிபார்ட்மெண்டை விருத்தி செய்யவேண்டியது கவர்மெண்டின் கடமை

இவ்வளவு பெரிய கிருஷிஸ்தலமாகிய தென் திருவிதாங்கூரில் ஒரு கிருஷிப்பள்ளிக்கூடம்கூடயில்லை. ஏதோ வட திருவிதாங்கூரில் ஒன்று உண்டு. அதனால் யாதொரு பிரயோஜனமுமில்லை. ஆதலால் தென் திருவிதாங்கூரில் ஒரு கிருஷிப்பள்ளிக்கூடம் ஆரம்பித்து மாணவர்களைப் படிப்பிக்கவேண்டும்

தென் திருவிதாங்கூரில் மாதூர் கிருஷித்தோட்டம் ஒன்று இருக்கிறது. அது மலையின் உள் 5-மைலிலுக்கு அப்பாலிருக்கிறது. அது மலைப்பணி உள்ள ஸ்தலம். அந்தயிடத்திற்குப்போவது கஷ்டம். அது பக்கத்தில் இருந்தால் அதைப்பார்த்து ஜனங்கள் கிருஷி செய்தால் மிக்க உபகாரமாயிருக்கும். ஆதலால் அவர்களை கிருஷியில் நன்றாய் பழக்கச் செய்தால் மிக்க உபகாரமாயிருக்கும். ஆனதினால் நானும் Mr. குரியாக்கோஸின் அபிப்பிராயத்தைப் பின்தாங்கிச் சொல்லுகிறேன்.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): സർ, ഞാനും മി: കുര്യാക്കോസിൻെറ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു. ഈ കൃഷിഡിപ്പാർട്ടുമെൻറു ഇവിടെ സ്ഥാപിച്ചിട്ടു വളരെകാലമായെങ്കിലും അതിനുതക്കതായ ഒരു വളർച്ച ഉണ്ടായിട്ടില്ലെന്നാണ് എനിക്കു തോന്നുന്നതു് അതായതു് കാലത്തിൻെറ സ്ഥിതിഗതികളം അനുസരിച്ചുള്ള അഭിവൃദ്ധി ഉണ്ടായിട്ടില്ല. വളരെകോടി രൂപായ്ക്കുമേൽ ആദായമുള്ള ഈ നാട്ടിൽ, കൃഷിസർവ്വപ്രധാനമായ ഈ നാട്ടിൽ ഒന്നേമുക്കാൽ ലക്ഷം രൂപായാണ് കൃഷിഡിപ്പാർട്ടുമെൻറിലേക്കനുവദിച്ചിട്ടുള്ളതു്. അതിൽ കൺട്രോളിങ്ങ് ആഫീസേർസിൻെറ ശമ്പളം കഴിച്ചാൽ യഥാർത്ഥവേലക്കു പറയത്തക്ക യാതൊന്നുമില്ല. കൃഷിഡിപ്പാർട്ടുമെൻറിൻെറ ഉപദേശങ്ങളം പ്രായോഗികമായിട്ടു വരണമെങ്കിൽ നിശ്ചയമായിട്ടും കൃഷിക്കാരെ പണം കടംകൊടുത്തു സഹായിച്ചാൽ മാത്രമെ സാധിക്കയൊള്ളൂ. തിരുവിതാംകൂറിലെ കൃഷിക്കാർക്കു കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും നൽകുന്ന ഉപദേശങ്ങളനുസരിച്ചു ശാസ്ത്രീയമായ കാർഷികതത്വത്തെ അടിസ്ഥാനമാക്കി പ്രവർത്തിക്കാനുള്ള വിഷമം മൂലധനത്തിൻെറ കുറവാണ്. അതിനാൽ ഗവമെൻറിൽനിന്നും കൃഷിക്കാർക്കു പണം കടംകൊടുത്തു അവരെ പ്രോത്സാഹിപ്പിക്കേണ്ടതത്യാവശ്യമാണ്.

വളരെ നാളായിട്ടു ഒരു ഭൂസ്വത്തു ജാമ്യബാങ്ക് ഇവിടെ സ്ഥാപിക്കണമെന്നു ജനങ്ങളം മുറവിളികൂട്ടിക്കൊണ്ടിരിക്കയാണ്. അതു സ്ഥാപിക്ക

[Mr. L. R. Raja Raja Varma Koil Tampuran.]

ന്നതിനു വല്ല കാരണവശാലും താമസം വരുന്നുവെങ്കിൽ കൃഷി വായ്പയെങ്കിലും ജനങ്ങൾക്കു സൌകര്യമാക്കി കൊടുക്കേണ്ടതാണ്. കൃഷി വായ്പ നൽകുന്ന രീതിയെ സംബന്ധിച്ചു ഇവിടെ പലരും അഭിപ്രായപ്പെടുകയുണ്ടായി. Unemployment കമ്മിററിയിൽ ഇതിനെസംബന്ധിച്ചു മൊഴി കൊടുത്തിട്ടുള്ളവരിൽ പലരും കൃഷിവായ്പയെ സംബന്ധിച്ചു ഗവൺമെൻറു സ്വീകരിച്ചിരിക്കുന്ന നയം തെററാണെന്നു കാണിച്ചിട്ടുണ്ടു്. റവന്യൂ ഡിപ്പാർട്ടുമെൻറുകാക്കാണ് കൃഷിവായ്പ നൽകുന്നതിനുള്ള അധികാരം നൽകപ്പെട്ടിരിക്കുന്നതു്. പ്രമാണം വാങ്ങാനും, കൊടുക്കാനും, തിരിയെ വാങ്ങാനുമുള്ള അധികാരം അവക്ക് ഇരുന്നുകൊള്ളട്ടെ. ആവശ്യമാണൊ എന്നും ഇന്നപ്പോൾ കൊടുക്കണമെന്നും നിശ്ചയിക്കാൻ കൃഷിഡിപ്പാർട്ടുമെൻറാണ് വേണ്ടതു്. പിന്നീടു ഇപ്പോൾ നൽകുന്ന കൃഷിവായ്പ കൃഷി ആവശ്യത്തിന്നായി ഉപയോഗിച്ചുവരുന്നില്ല എന്നുള്ളതിനെപ്പററി പലരും പ്രതിപാദിച്ചു കഴിഞ്ഞതുകൊണ്ടു ഞാനൊന്നും പ്രസ്ഥാപിക്കണമെന്നു വിചാരിക്കുന്നില്ല. കൃഷിവായ്പ മററാവശ്യങ്ങൾക്കാണു സാധാരണ ഉപയോഗിച്ചുവരുന്നതു എന്നു Unemployment കമ്മിററിയിൽ ഞാൻതന്നെ മൊഴികൊടുത്തിട്ടുണ്ടു്. അതിനാൽ കൃഷിവായ്പക്കപേക്ഷിക്കുമ്പോൾ ഇന്ന ആവശ്യങ്ങൾക്കാണു കടം ആവശ്യപ്പെടുന്നതു എന്നൊരു സ്റ്റേററുമെൻറു ഗവൺമെൻറിലേക്കു സമർപ്പിക്കയും അതു ശരിയാണോ എന്നു കൃഷിഡയറക്ടർ പരിശോധിക്കയും ചെയ്തതിനുശേഷം മാത്രമേ കടംകൊടുക്കാവൂ എന്നു ഒരുനിർബന്ധം വയ്ക്കണം. ഉപയോഗം ശരിയാണോ എന്നു് കൃഷിഡിപ്പാർട്ടുമെൻറു പരിശോധിച്ചു ക്ലിപ്തകാലങ്ങളിൽ സർട്ടിഫൈ ചെയ്യണം.

കൃഷിവായ്പ ഇൻസ്റ്റാൾമെൻറായിട്ടു കൊടുക്കണമെന്നു ആരോ ഇവിടെ പറയുകയുണ്ടായി. ആ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നില്ല. ചിലപ്പോൾ പണം ഒന്നിച്ചുതന്നെ കൃഷിക്കാർക്കു ചിലവിടേണ്ടതായിട്ടു വന്നേയ്ക്കാം. അങ്ങിനെവരുന്ന സന്ദർഭങ്ങളിൽ പണം ഒന്നിച്ചുതന്നെ കൊടുക്കണം. ആവശ്യമനുസരിച്ചു കൊടുക്കുന്ന രീതി നിശ്ചയിക്കണം.

കൃഷിപാഠശാലകൾ മററു പാഠശാലകളോടുകൂടി യോജിപ്പിച്ചു നടത്തണമെന്നും ഇവിടെ നിർദ്ദേശിക്കയുണ്ടായി. അതും Unemployment കമ്മിററിയിൽ ആലോചിച്ച ഒരു സംഗതിയാണ്. ഇതിനേയും ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരാമെന്നല്ലാതെ ശരിയായ ഒരു നി

ർദ്ദേശം നൽകുന്നതിനു ഇപ്പോൾ നിവൃത്തിയില്ല. അതിൻെറ ഡീറക്ടർ ഗവൺമെൻറുതന്നെ രൂപീകരിച്ചു ചെയ്യണമെന്നാണ് എൻെറ അഭിപ്രായം.

ഇറിഗേഷനെസംബന്ധിച്ചു ഇവിടെനിർദ്ദേശിച്ച സംഗതികളും ഗവൺമെൻറിൻെറ ഗാഢമായ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതാണ്. ഈ കൌൺസിലിൽതന്നെയും പലസന്ദർഭങ്ങളിലും ഇതിനെപ്പററി വിമർശനം ചെയ്തു കഴിഞ്ഞിട്ടുണ്ട്. ൪൦ ലക്ഷത്തോളം രൂപാ ആണ്ടുതോറും ചിലവാക്കിവരുന്ന പൊതുമരാമത്തു ഡിപ്പാർട്ടുമെൻറു ഈവിഷയത്തിൽ ചെയ്യുന്നതിനെക്കാൾ അധികം നിഷ്കൃഷ്ടി ൧൫ ലക്ഷം രൂപാ ചിലവാക്കിവരുന്നകൃഷിഡിപ്പാർട്ടുമെൻറിനു ചെലുത്താൻ സാധിക്കുമെന്നാണ് എൻെറ അഭിപ്രായം. പൊതുമരാമത്തിലെ അപ്രധാനവകുപ്പു കൃഷിഡിപ്പാർട്ടുമെൻറിൽ വന്നാൽ ഒരു പ്രധാനവകുപ്പ് ആയിത്തീരും. പൊതുമരാമത്തു ഡിപ്പാർട്ടുമെൻറു ഈവിഷയത്തിൽ പ്രവർത്തിക്കുന്നതിനു മററു പല പ്രധാനജോലികളും ഉള്ളതുകൊണ്ടു പ്രായേണ ഉദാസീനന്മാരായിരിക്കും. കൃഷിഡിപ്പാർട്ടുമെൻറിലേക്കനുവദിച്ചിട്ടുള്ള സംഖ്യയ്ക്കുള്ളവേല പരിമിതമാകയാൽ ഇറിഗേഷൻജോലികൂടി അവരെ ഏല്പിക്കുന്നപക്ഷം ഭംഗിയായിട്ടു ചെയ്തുതീർക്കാൻ സാധിക്കും.

മററു പലഡിപ്പാർട്ടുമെൻറുകളിലും കാണാറുള്ള ന്യൂനതപോലെ കൃഷിഡിപ്പാർട്ടുമെൻറിലും കാണുന്നുണ്ടെന്നുപറയാതിരിക്കാൻ നിവൃത്തിയില്ല. ഒരു fixed policy യോ Programme of work ഓ ഇല്ല. അതിൽ ഗവൺമെൻറു പ്രത്യേകം ഉടനെ ശ്രദ്ധിക്കണം. അങ്ങും ഇങ്ങും ഒന്നോ രണ്ടോ അഭിപ്രായങ്ങൾ പലപ്പോഴും സ്വീകരിച്ചുപ്രവർത്തിക്കുന്നതുകൊണ്ടു വിശേഷമില്ല.

ഇത്രയും സംഗതികൾ പ്രസ്താവിച്ചുകൊണ്ടു ഞാൻ മി. ഖുർഷേക്കാസിൻെറ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): Sir, in addition to the measures suggested, I have to bring to the notice of the Agricultural Director that a contract is given in South Travancore, that is in my constituency, for conch shells. If it is not worked out well, it must be improved and to add to that there is the removal of bones from Travancore by European companies. If the department takes more care and gives some grants, that will be a great help in that direction. Bone-ash and other things which are now imported from other countries could be got cheaper here.

Then as far as the Vilavankod Taluk is concerned, the Government are aware that nearly 90 per cent of the land tax realised is by

[Mr. T. C. Kesava Pillai.]

auction sale of properties. Owing to the feverish nature of the place ordinary ploughs could not be used. Even iron ploughs could not be used and I brought to the notice of the Director the necessity for the motor plough for the malarial region of that taluk.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*) : Do the ordinary ploughs get fever ?

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*) : At times.

PRESIDENT : Mr. Kesava Pillai, even when you are answering a question put by a member from behind, you should not turn back, because members on this side cannot then hear what you say.

RAO SAHIB DR. N. KUNJAN PILLAI (*Director of Agriculture and Fisheries*) : Sir, I do not think, I need say much on this motion, because my friends on the other side, almost all those who spoke, have pleaded that more funds should be placed at the disposal of my department and I have only to thank them for the same.

I may speak, however, a few words in reply to some points raised by the members.

MR. A. THANU PILLAI (*Trivandrum*) : Does not the member think that the funds given to the department should also be properly utilised ?

RAO SAHIB DR. N. KUNJAN PILLAI (*Director of Agriculture and Fisheries*) : Yes, I shall deal with the question as to how the funds are to be utilised later on. Sir, one general complaint against the department is that it has not done anything substantial for the development of agriculture. I must say, Sir, with due deference to the members on the other side of the House, that this is a statement that cannot be fully justified. Somebody remarked in the course of the general discussion on the Budget that the man in the village has not heard even of the existence of the department. It is quite possible that all men in all the villages in the country have not heard of the existence of the department. But I must say that there are many men in several villages who have heard of the existence of the department and who have been benefited by its advice. I can quote instance after instance to prove my statement. Mr. Madhavan said that nobody in South Travancore was using any new manure or practising improved methods of cultivation. Sir, Mr. Chellam Pillai stated in his speech on the Budget that the people of Nanjinad were using Ammophos, Leunaphos and other phoses to the extent of Rs. 15,000. I know that the ryots of South Travancore are using much more chemical manures than that. This year they bought about Rs. 50,000 worth of chemical manures and the agents who sold these manures told me that they hoped to increase their business considerably next year. This shows clearly that chemical manures are becoming popular in South Travancore. I do not deny for a moment the value and importance of natural manures and I would certainly advocate that they should be used as far as possible. But in the absence of sufficient natural manures all that the

ryots can and should do is to supplement them with chemical manures and this is what the ryots of Nanjinad are doing. The Agricultural Department can certainly take credit for the introduction and popularisation of chemical manures in South Travancore.

MR. K. MADHAVAN (*Nominated*): பரஸ்பரஸஹாய சங்கத்திலிருந்தும் கொடுக்கப்பட்டிருக்கிற பணம் முழுதும் கிருஷிக்காக உபயோகப்படுத்தப்படுகிறதோ என்று தெரியுமா?

RAO SAHIB DR. N. KUNJAN PILLAI (*Director of Agriculture and Fisheries*): സാധാരണയായിട്ടു എല്ലാ വളങ്ങളും അവിടെയുള്ളവർ ഉപയോഗിക്കുന്നുണ്ട്. പരസ്പരസഹായസംഘത്തിൽനിന്നും കടംവാങ്ങിക്കുന്നപണം കൃഷിക്കുതന്നെ ഉപയോഗിക്കുന്നുണ്ടോ ഇല്ലയോ എന്നുള്ളതിനെപ്പറ്റി ഞാൻ അന്വേഷിച്ചിട്ടില്ല. പക്ഷേ എല്ലാം അതിലേക്കുപയോഗിക്കുന്നില്ലെങ്കിലും ധാരാളം ഉപയോഗിക്കുന്നുണ്ടെന്നു അന്വേഷണത്തിൽ കാണാമായിരിക്കാം.

Then, Sir, Mr. Madhavan complained that the department was maintaining only a few farms and was not conducting any demonstration at all on private lands. If the member had visited the villages he would have known that the department was conducting demonstrations on private lands. In 1103 the department demonstrated improved methods of cultivating paddy at 83 centres and all these demonstrations were conducted on private lands.

Another instance of the improveemnt introduced by the department is the application of lime to punja lands. There was a time when the punja cultivators were terribly afraid of putting lime into their soil, but now, as a result of the demonstrations conducted by the department, the application of lime to correct the defects in the punja soil has become a common practice.

Then again, light iron ploughs are becoming popular in several localities. There is an influential agriculturist at Pallikkal near Kayankulam who gets iron ploughs made by local smiths and sells them in tens and hundreds. These are some instances—many more can be cited—to show that the department is not idling and they are enough to prove that the statement made by the members on the other side of the House, that the department has not done anything substantial for the improvement of agriculture, is not justifiable.

MR. V. CHELLAM PILLAI (*Tovala*): May I know from the member whether he is going to conduct more demonstrations this year?

RAO SAHIB DR. N. KUNJAN PILLAI (*Director of Agriculture and Fisheries*): Yes. I propose to increase the number of demonstrations as far as the men and money at my disposal would permit.

MR. V. CHELLAM PILLAI (*Tovala*): In this connection, may I know whether he has demanded more money this year for demonstration charges?

RAO SAHIB DR. N. KUNJAN PILLAI (*Director of Agriculture and Fisheries*): I am sorry I cannot say what took place between the Government and me.

MR. N. K. KRISHNA PILLAI (*Neyyattinkara*) : What does the member say as to a school of agriculture in South Travancore ?

RAO SAHIB DR. N. KUNJAN PILLAI (*Director of Agriculture and Fisheries*) : My time is nearly up and I will not be able to finish what I have to say if I am interrupted like this.

PRESIDENT : I will give you more time. The members have gone in-to points not raised in the motion. So I will give you more time.

RAO SAHIB DR. N. KUNJAN PILLAI (*Director of Agriculture and Fisheries*) : Thank you, Sir. Mr. Kuriakose who moved this cut motion said that there was only one Sub-Inspector for a group of taluks and suggested that there should be at least one for each taluk. I admit, Sir, that this is what we should aim at. At present we have only one Sub-Inspector or Inspector for 2 or 3 taluks. The department is being developed gradually and it will not be long before we are able to post one Agricultural Officer in each taluk. The Director of Agriculture in Mysore said recently that he hoped to have one Inspector and two fieldmen in each taluk in that State. This is the goal which I also want to work up to in Travancore in course of time.

MR. V. CHELLAM PILLAI (*Tovala*) : May I know from the member whether there is urgent necessity for more Inspectors in the department ?

താണ്. ഈ താലൂക്കിനെ സംബന്ധിച്ചിടത്തോളം ശരിയായ മുതലെടുപ്പിനുള്ള മാർഗ്ഗം തെങ്ങുകൃഷിമാത്രമാണു. അതു സുലഭമായി ഉണ്ടായിരുന്നകാലത്ത് മീനച്ചൽതാലൂക്കിനെ സംബന്ധിച്ച് ഗവൺമെന്റും ജനങ്ങളും ഏതുപ്രകാരത്തിൽ വിചാരിച്ചിരുന്നുവോ അതിൽനിന്നും തുലോം അധഃപതിച്ചാണ് ഇന്നത്തെസ്ഥിതിയിരിക്കുന്നതു്. അതിനാൽ ഈ രോഗത്തിന്റെ നിവാരണത്തിനുവേണ്ടി ഗവൺമെന്റു കൂടുതൽ ശ്രദ്ധിക്കയും കൂടുതൽ ഉദ്യോഗസ്ഥന്മാരെ നിയമിച്ച് അന്വേഷണംനടത്തിച്ചു വേണ്ട പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കയും ചെയ്യേണ്ടതു അത്യാവശ്യമാണെന്നു ഗവൺമെന്റും ഡിപ്പാർട്ടുമെന്റും സമ്മതിക്കുമെന്നാണു എന്റെ വിശ്വാസം. എല്ലാ പകുതികളിലും കൃഷിയുടെ ആവശ്യത്തിനു വളം വിതരണം ചെയ്യത്തക്കവണ്ണം വേണ്ട നിർദ്ദേശങ്ങൾകൊടുത്തു് തെങ്ങുരോഗത്തിനു ഒരു പരിഹാരം ഉണ്ടാക്കണം. മററുകൃഷികൾ അഭിവൃദ്ധിപ്പെടത്തക്കവണ്ണം ഡിപ്പാർട്ടുമെന്റു പ്രവർത്തിക്കുന്നതിലും ഗവൺമെന്റു വേണ്ട ഒത്താശകൾ ചെയ്തുകൊടുക്കുന്നില്ല. ഇങ്ങിനെ കണക്കാക്കപ്പെടുമ്പോൾ ഉത്തരതിരുവിതാംകൂറിൽ കൃഷിയുടെ അഭിവൃദ്ധിക്കുവേണ്ടി അധികമൊന്നും ഡിപ്പാർട്ടുമെന്റിൽനിന്നും പ്രവർത്തിച്ചിട്ടില്ല എന്നും അതിലേക്ക് ഗവൺമെന്റു സന്ദർഭം കൊടുത്തിട്ടില്ലാഎന്നും കാണാവുന്നതാണ്

ആലുവായിൽ ഒരു കൃഷിപാഠശാല ഉള്ളതുകൊണ്ടു ഉത്തരതിരുവിതാംകൂറിലാണ് കൃഷിഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധമുഴുവൻ പതിപ്പിച്ചിരിക്കുന്നതു് എന്ന് ആരെങ്കിലുംവിചാരിക്കുന്നുണ്ടെങ്കിൽ അതുതെററാണ്. ഉത്തരതിരുവിതാംകൂറിൽ പ്രാദേശികങ്ങളായ ആവശ്യങ്ങൾക്കും പ്രാദേശികങ്ങളായ നഷ്ടങ്ങൾക്കും പരിഹാരം സൌകര്യമുള്ളിടത്തോളം ചെയ്തുതന്നിട്ടില്ലെന്നുതന്നെ പറയാം. മീനച്ചൽ താലൂക്കിൽ ഒരു വളം ഡിപ്പോ സ്ഥാപിച്ച് അവിടെ സാർവ്വത്രികമായിട്ടുള്ള തെങ്ങുരോഗത്തിനു പരിഹാരം വരത്തക്കവണ്ണം ശ്രദ്ധാപൂർവ്വമായ അന്വേഷണവുംപരിഹാരകൃത്യങ്ങളും നടത്തി അതിനെ ഫലപ്രദമാക്കിത്തീർക്കുവാനുള്ള സകലചുമതലകളും നിർവ്വഹിക്കുകയും അതേ അവസരത്തിൽ അവിടെ മാതൃകായോഗ്യമായ കൃഷിചെയ്തുകാണിക്കുന്നതിനുവേണ്ട തോട്ടങ്ങൾ ഉണ്ടാക്കുവാൻ ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധ പതിയുകയും ചെയ്യണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ഈ പ്രധാനകാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പതിയണമെന്നുള്ള എന്റെ ആഗ്രഹത്തെ പ്രത്യക്ഷപ്പെടുത്തിക്കൊണ്ടു ഈ ഉപക്ഷേപത്തെ സഭമുമ്പാകെ അവതരിപ്പിച്ചുകൊള്ളുന്നു.

RAO SAHIB DR. N. KUNJAN PILLAI (*Director of Agriculture and Fisheries*): Sir, this time last year Mr. Kuriakose pressed in this House the necessity for a separate Agricultural Officer for Minachil taluk and since then the Government decided to post an Agricultural Sub-Inspector at Minachil. It is not, I believe, more than a few months since he has been there. I have given him special instructions to go round the taluk, if possible with the local member for the Legislative Council, and select sites for conducting demonstrations at important places. It is too early to say whether he has been able to do any useful work. He is only an Agricultural Sub-Inspector who has had ordinary training in an Agricultural School and my idea is to make use of him for general propaganda work and for conducting demonstrations of the methods found successful in the experimental farms of the department.

The question of cocoanut palm disease is a very important one. It is not a matter that can be tackled by a man of the grade that we have posted at Minachil. The cocoanut palm disease and other diseases are being investigated by a specialist—the Mycologist. He is posted at Kayankulam but he also visits Minachil and other areas, where the diseases prevail. He is engaged very actively in the investigation of these diseases. There exist similar diseases in Ceylon and other countries and the Government intend to depute the Mycologist to Ceylon shortly so that he may acquaint himself with the methods of investigation followed and the remedial measures, if any, discovered there. I may say he is devoting his time mostly to the investigation of different diseases of the cocoanut palm. He has already discovered remedies for all except one. In course of time, he may be able to discover effective measures to combat this very serious disease also. Minachil being the centre wherefrom this cocoanut palm disease started in Travancore and where it is no doubt in a very virulent form I shall ask the specialist to visit Minachil as often as possible and study conditions there and find out some remedies for combating the evil. I shall certainly try to give effect to the suggestions made by Mr. Kuriakose both today and yesterday. Yesterday, he spoke about the jurisdiction of the officer posted at Minachil. If I remember correctly, that officer is intended for the Minachil taluk only. He has got nothing to do with Kottayam or any other taluk. But if I find that he has to work in other taluks also, I shall see that he confines himself to Minachil taluk alone. In the light of these remarks I hope the member will not press his motion.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): സാർ, തെങ്ങുരോഗത്തിന്റെ ഭയങ്കരതയെപ്പററി നല്ലവണ്ണം ഡയറക്ടർ അവർകൾ മനസ്സിലാക്കീട്ടുണ്ടെന്നും ഞാൻ പ്രസ്ഥാപിച്ചതായ കാര്യങ്ങളിൽ അദ്ദേഹത്തിന് അനുഭാവം ഉണ്ടെന്നും മററും അദ്ദേഹത്തിന്റെ പ്രസ്താവനയിൽ നിന്നു മനസ്സിലാകുന്നതുകൊണ്ട് ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

PRESIDENT: Has the member the leave of the House to withdraw the motion?

The motion was, by leave, withdrawn.

Motions 458 to 464.

The following motions were not moved.

MR. P. S. MAHOMED:

458. To reduce the allotment of Rs. 15,408 for establishment by Rs. 10.

MR. L. R. RAJA RAJA VARMA KOILTAMPURAN:

459. To reduce the allotment of Rs. 1,000 for purchase of live stock by Re. 1.

MR. L. R. RAJA RAJA VARMA KOILTAMPURAN:

460. To reduce the allotment of Rs. 5,000 for seeds, manures, implements, etc. by Re. 1.

MR. P. S. MAHOMED:

461. To reduce the allotment of Rs. 5,000 for seeds, manures, implements, etc. by Rs. 10.

MR. V. CHELLAM PILLAI:

462. To reduce the allotment of Rs. 81,264 for Experimental Farms and Manure Depots by Re. 1.

MR. V. CHELLAM PILLAI:

463. To reduce the allotment of Rs. 12,615 for Agricultural Schools by Re. 1.

MR. L. R. RAJA RAJA VARMA KOILTAMPURAN:

464. To reduce the allotment of Rs. 12,615 for Agricultural Schools by Re. 1.

Motion 465.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): Sir, I beg to make the following motion:

To reduce the allotment of Rs. 8,070 for Establishment by Rs. 10.

Sir, my object in bringing forward this motion is to ascertain from the Director of Agriculture and Fisheries what his opinion is, regarding the suggestion which I previously made, *viz.*, that, for efficient propaganda work, farms should be established in important centres like Trivandrum, Quilon, Kottayam and Alleppey, where people congregate in large numbers. In these places, demonstration plots must be opened, so that the attention of the public may be invited to them.

RAO SAHIB DR. N. KUNJAN PILLAI (*Director of Agriculture and Fisheries*): Sir, on what motion is the member speaking?

PRESIDENT: Motion No. 465.

RAO SAHIB DR. N. KUNJAN PILLAI (*Director of Agriculture and Fisheries*): That comes under Veterinary charges.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): If these farms are opened in important centres like these, people from the various *pakuties* who have to attend courts or who have to buy articles from bazaar will come to these places and their attention will be invited to the work done in these farms. If these farms are situated in out-of-the-way places these people may not care to go to these places. If these farms are therefore opened in centres, surely, the people will be able to derive benefit from them. I wish to ascertain the opinion of the member with regard to the advisability of opening such farms.

RAO SAHIB DR. N. KUNJAN PILLAI (*Director of Agriculture and Fisheries*): I believe, Sir, there are practical difficulties (*laughter*) in opening farms in the centre of towns. For instance, let us take the case of Trivandrum. The farm should be situated, I believe, somewhere near the Public Offices, because that is the centre of the town. If farms could be started in towns they would, no doubt, attract a larger number of visitors than the existing farms.

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): In the Trivandrum town we have the Putarikandam.

RAO SAHIB DR. N. KUNJAN PILLAI (*Director of Agriculture and Fisheries*): The proposal of the Municipality in regard to that plot of land is to leave it as play ground for children and it is for this purpose that it is being filled up.

MR. R. KESAVA PILLAI (*Kottarakara cum Kunnattur*). May I know whether it will help efficient propaganda?

RAO SAHIB DR. N. KUNJAN PILLAI (*Director of Agriculture and Fisheries*): I believe it may. But how could we get over the practical difficulty of finding suitable lands at central places in towns. There is the practical difficulty of obtaining suitable lands at this place and if private lands are available the cost of acquiring them will be prohibitive.

It must however be remembered that agriculture is carried on more in the mofussil than in towns.

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): Will not the establishment of farms in the heart of towns be of benefit in this sense that more people will be able to see them? That is the point for consideration.

RAO SAHIB DR. N. KUNJAN PILLAI (*Director of Agriculture and Fisheries*): Yes. Even those who come from outside would visit these farms.

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): But people who come from these rural areas will visit these farms in large numbers. But now they do not care to visit the present demonstration farms.

RAO SAHIB DR. N. KUNJAN PILLAI (*Director of Agriculture and Fisheries*): But we are trying to attract people to these farms by other means.

At Kottarakara we conducted recently a farm day celebration which was a whole day celebration. In the morning there were demonstrations, in the afternoon a largely attended meeting, after which refreshments were provided to visitors and then a lantern lecture was delivered.

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): May I know from the member whether he had to provide refreshments for attracting these people?

RAO SAHIB DR. N. KUNJAN PILLAI (*Director of Agriculture and Fisheries*). We had to give them some refreshments because they came and stayed in the farm till the evening and I thought it would be cruel not to give them at least some soda and biscuits.

MR L. R. RAJA RAJA VARMA KOILTAMPURAN (*Changanachery* cum *Peermade*): കഴിഞ്ഞവെള്ളപ്പൊക്കം മൂർദ്ധന്യത്തെ പ്രാപിച്ചിരുന്നസമയത്താണ് ഈ മീററിങ്ങ് ഉണ്ടായതെന്നറിയാമോ? മീററിങ്ങിലേക്കുള്ള ക്ഷണനക്കത്തുപോലും മീററിങ്ങുകഴിഞ്ഞ അടുത്തദിവസമാണ് ഒരോരുത്തർക്കും കിട്ടീട്ടുള്ളതെന്നും അറിയാമോ?

RAO SAHIB DR. N. KUNJAN PILLAI (*Director of Agriculture and Fisheries*): അവിടെ അങ്ങിനെ ഒരു ഫാറം ഡേ സെലിബ്രേഷൻ നടത്തണമെന്നു തീർച്ചപ്പെടുത്തിയതു രണ്ടു മൂന്നുമാസത്തിനുമുമ്പെ ആയിരുന്നു. മീററിങ്ങുസമയത്തു് വെള്ളപ്പൊക്കമുണ്ടായതുകൊണ്ടു എനിക്കു വലിയ മനസ്താപമുണ്ട്.

MR. L. R. RAJA RAJA VARMA KOILTAMPURAN (*Changanachery* cum *Peermade*): മീററിങ്ങുകഴിഞ്ഞു രണ്ടു മൂന്നു ദിവസം കഴിഞ്ഞതിൽ പിന്നീടാണ് ക്ഷണനക്കത്തു പലർക്കും കിട്ടീട്ടുള്ളതു എന്നു അറിയാമോ?

RAO SAHIB DR. N. KUNJAN PILLAI (*Director of Agriculture and Fisheries*): ഈ വെള്ളപ്പൊക്കസമയത്തുതന്നെ മീററിങ്ങു നടത്തണമെന്നുള്ള ഉദ്ദേശമില്ലായിരുന്നു എന്ന് മെമ്പർക്കുതന്നെ അറിയാമല്ലോ.

We are trying our best to attract people to the existing farms. In future when we open farms, the suggestions of Mr. Kesava Pillai will be borne in mind. I have nothing more to say on the subject.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): In the light of the explanation given by the member, I beg to withdraw the motion.

PRESIDENT: Does the House permit the member to withdraw the motion?

The motion was, by leave, withdrawn.

PRESIDENT: The time allotted for this demand has expired. The other motions lapse.

Motions 466 to 469.

The following motions lapsed on account of the expiry of the time allotted for the demand.

MR. V. CHELLAM PILLAI:

466. To reduce the allotment of Rs. 27,546 for veterinary charges by Re. 1.

MR. L. R. RAJA RAJA VARMA KOIL TAMPURAN:

467 To reduce the allotment of Rs 27,546 for veterinary charges by Re. 1.

MR. MURUVELIL PACHU PILLAI:

468. To reduce the total allotment of Rs. 1,84,087 under Demand XIII by Re. 1.

MR. P. S. MAHOMED:

469. To reduce the allotment of Rs. 1,84,087 under Demand XIII by Rs. 100.

PRESIDENT: I now put to the vote of the House Demand XIII—Agriculture and Fisheries for Rs. 1,84,087. I take it that the House sanctions it.

The grant was made.

DEMAND XIV—INDUSTRIES.

MR. I. C. CHACKO (*Director of Industries*): Sir, I move for a grant not exceeding Rs. 1,26,001 under Demand XIV—Industries.

Motion 470.

MR. P. S. MAHOMED:

To reduce the allotment of Rs. 6,106 for office establishment by Rs. 10.

MR. P. S. MAHOMED (*Nominated*): സർ, ഡയറക്ടരുടെ ആഫീസ് എസ്റ്റാബ്ലിഷ്മെൻറ ലേക്കുവേണ്ടി ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള ൬,൧൦൬ രൂപായിൽനിന്നും പത്തു രൂപാ കുറക്കണമെന്നുള്ള എന്റെ ഉപക്ഷേപത്തെ ഈ സഭമുമ്പാകെ അവതരിപ്പിച്ചുകൊള്ളുന്നു. ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിക്കുന്നതിന്റെ പ്രധാനഉദ്ദേശം ഇവിടത്തെ വ്യവസായം അഭിവൃദ്ധിയിൽവരുന്നില്ലെന്നും അതിലേക്കു നിയമിച്ചിട്ടുള്ള ഡിപ്പാർട്ടുമെൻറു് വേണ്ടവിധം പ്രവൃത്തിക്കുന്നില്ലെന്നും ഈ കൌൺസിലിന്റെ മുമ്പാകെ കൊണ്ടുവരുന്നതിനുവേണ്ടിയാകുന്നു. ഒരു രാജ്യത്തിന്റെ സാമ്പത്തികമായ ഔന്നത്യം ആ രാജ്യത്തിലെ വ്യവസായത്തിന്റെ അഭിവൃദ്ധിയെ ആശ്രയിച്ചിരിക്കുന്നു എന്നുള്ളതിൽ രണ്ടുപക്ഷമില്ല. അമേരിക്കയിലും അതുപോലെയുള്ള മററു പല രാജ്യങ്ങളിലും ഉള്ള കോടീശ്വരന്മാരുടെ സംഖ്യ എത്രമാത്രമാണെന്നു് ഇവിടെ പറഞ്ഞു അറിയിക്കേണ്ട ആവശ്യമില്ല. എന്നാൽ തിരുവിതാംകൂറിൽ ഇങ്ങിനെയുള്ള കോടീശ്വരന്മാരുടേയോ, അല്ലെങ്കിൽ അതിനോടു അടുത്തുള്ള ആളുകളുടേയൊ സംഖ്യ എത്ര തുഛമായിട്ടുമാത്രമെ ഉള്ളു എന്നും അറിയാം. കഴിഞ്ഞ ഒരുദിവസം ബഹുമാനപ്പെട്ട ഡെപ്യൂട്ടിപ്രസിഡൻറു് അവർകാം സാമ്പത്തികനിലയിൽ വളരെ ഉയന്നിരിക്കുന്ന അമേരിക്കയോടും നമ്മുടെ രാജ്യത്തെ സാമ്യപ്പെടുത്തുന്നതു സാഹസമാണു് എന്നു പറയുകയുണ്ടായി. ഒരു വ്യവസായരാജ്യവുമായിട്ടു് നമ്മുടെ രാജ്യത്തെ താരതമ്യപ്പെടുത്തിനോക്കിയാൽ എത്ര നിസ്സാരമായ ഒരു സ്ഥാനത്താണു് നാം സ്ഥിതിചെയ്യുന്നതെന്നു കാണാവുന്നതാണു്. നമ്മുടെരാജ്യം ഒരു കാഷികരാജ്യമാണെന്നുള്ളതിൽ അഭിപ്രായവ്യത്യാസത്തിനു വകയില്ല. വെറും കൃഷികൊണ്ടുതന്നെ നമ്മുടെ ജീവിതം മുഴുവൻ കഴിക്കാമെന്നു വിചാരിക്കുന്നപക്ഷം നാം എത്രകാലം തന്നെ പരിശ്രമിച്ചാലും നമ്മുടെ ജീവിതം ഒരുവിധം സുഖമായി കഴിച്ചുകൂട്ടാം എന്നല്ലാതെ നമ്മുടെ രാജ്യത്തിന്റെ സാമ്പത്തികമായ നില വേണ്ടവിധത്തിൽ ഉയത്തുന്നതിനു് സാധി

[Mr. P. S. Mahomed.]

ക്കന്നതല്ല. അതിന് എന്തെല്ലാം ചെയ്യണം എന്നു ആലോചിച്ചാൽ ഒന്നാമതായിട്ടുകാണുന്നതു് നമ്മുടെ വ്യവസായം അഭിവൃദ്ധിപ്പെടുത്തണമെന്നുള്ളതാണ്. നമ്മുടെരാജ്യം കാർഷികരാജ്യമായതുകൊണ്ടു് ഇങ്ങിനെയുള്ള പ്രവൃത്തികളിൽ മുന്നോട്ടു വരുന്നതിന് നമുക്കുള്ളപോലെ ഉള്ള സൌകര്യം മററുരാജ്യക്കാർക്കു അത്ര സുലഭമായി കിട്ടിയിട്ടുണ്ടോ എന്നു എനിക്കു സംശയമാണ്. എന്നാൽ പൊതുവെ ജനങ്ങളും ഗവണ്മെൻറും വേണ്ടവിധത്തിൽ ശ്രദ്ധ പതിപ്പിക്കാത്തതിൻെറ ഫലമായിട്ടാണ് നമ്മുടെരാജ്യം വ്യവസായത്തിൽ ഇനിയും അനാശാസ്യമായി കാണപ്പെടുന്നതു്.

ഈ രാജ്യത്തു് മരച്ചീനി ധാരാളം ഉണ്ടാകുന്നുണ്ടു്. ഡാക്ടർ ബാർക്കറുടെ ഇൻഡസ്ട്രിയൽസർവെ റിപ്പോർട്ടിൽ മരച്ചീനികൊണ്ടുള്ള വ്യവസായം നടത്തുന്നതിനു ഇവിടെ ധാരാളം സൌകര്യം ഉണ്ടെന്നുകാണുന്നുണ്ടു്. അതുപോലെ പെൻസിൽ വ്യവസായത്തിനു പന്തളം എന്നു പറയുന്ന സ്ഥലത്തു് വളരെ സൌകര്യം ഉണ്ടെന്നു പറയുന്നു.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Does the member know that the Economic Development Board has passed a resolution to the effect that reliance could not be made on Dr. Barker's report?

MR. P. S. MAHOMED (*Nominated*): അവർ നല്ലവണ്ണം പരിശോധിച്ചതിൻെറ ശേഷമാണോ ഇപ്രകാരം അഭിപ്രായം പുറപ്പെടുവിച്ചിട്ടുള്ളതു് എന്ന് എനിക്കുസംശയമാണ്. ഡാക്ടർ ബാർക്കറെപോലെ പരിജ്ഞാനമുള്ള ആളുകൾ ഉണ്ടായിരുന്നു എന്നുവരികിൽ തീർച്ചയായിട്ടും ഇങ്ങിനെ ഒരഭിപ്രായം പുറപ്പെടുവിക്കയില്ലാ എന്നാണ് എൻെറ വിശ്വാസം.

ഡാക്ടർ ബാർക്കറുടെ റിപ്പോർട്ടനുസരിച്ചു് ഒരു കൃഷ്ണപിള്ളയെ പെൻസിൽ വ്യവസായം പഠിക്കുന്നതിന് നിയോഗിച്ചു് അയക്കുകയും അദ്ദേഹം പഠിച്ചു തിരികെ വരികയും ചെയ്തുഎന്നാണ് എൻെറ അറിവു്. ഇപ്പോൾ ആ മനുഷ്യനെപ്പററി ഒന്നും തന്നെ അറിയുന്നതിന് സാധിക്കുന്നില്ല.

ഇവിടത്തെ ഓട്ടുകൽ വ്യവസായഫാക്ടറി തൃപ്തികരമായനിലയിലല്ല നടക്കുന്നതു്. അതുപോലെ പട്ടുനൂൽ നെയ്ത്തിനെ സംബന്ധിച്ചു നോക്കിയാലും ജനങ്ങളുടെ ആഗ്രഹത്തിന് അനുസരണമായ നിലയിൽ അതുംഅഭിവൃദ്ധിപ്പെട്ടുവരുന്നില്ല. ഇങ്ങനെ ഒരു സ്ഥാപനം തിരുവിതാംകൂ

റിൽ ഉണ്ടോ എന്നുതന്നെ പലക്കും അറിയുന്നതിന കൂടി സാധിച്ചിട്ടില്ല. ഈ സംഗതിയിൽ ഗവണ്മെൻറു പ്രത്യേകം ദൃഷ്ടി വയ്ക്കേണ്ടതിനുംപുറമേ ഗവണ്മെൻറിൻെറ സഹായം കൂടാതേയും ഡിപ്പാർട്ടുമെൻറിൻെറ പ്രോത്സാഹനം കൂടാതേയും ഈ രാജ്യത്തു വേണ്ടവിധത്തിൽ അഭിവൃദ്ധിപ്പെട്ടുവന്നിട്ടുള്ള ചില വ്യവസായങ്ങളും ഉണ്ട് എന്നു കൂടി ഗവണ്മെൻറു ആലോചിക്കണം. ഈ വ്യവസായങ്ങളിൽ പ്രധാനമായുള്ളതു് രാജ്യത്തിൻെറ സാമ്പത്തിക നിലയെ വളരെ ഉയത്തിക്കൊണ്ടുവരുന്നതും അനേകായിരം തൊഴിലില്ലാത്ത ആളുകൾക്കു തൊഴിൽ ഉണ്ടാക്കികൊടുത്തുകൊണ്ടിരിക്കുന്നതുമായ കയറുപാ നെയ്ത്തുവ്യവസായമാണ്. ഈ വ്യവസായത്തിനെ വേണ്ടവിധത്തിൽ സംരക്ഷിച്ചുകൊണ്ടുവരുന്നതിന് ഗവണ്മെൻറും ഡിപ്പാർട്ടുമെൻറും യാതൊന്നും പ്രവൃത്തിക്കുന്നില്ലന്നാണ് എൻെറ വിശ്വാസം. ഒരു കാലത്തു് അവരുടെ സ്വന്തപരിശ്രമത്തിൻെറ ഫലമായി വിദേശങ്ങളിൽ ഇതിനു സുസ്ഥിരമായ ഒരു മാക്കററു കണ്ടുപിടിച്ചു കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ മിക്കവാറും ആ ദേശങ്ങളിൽ നമ്മുടെ ഈ ചരക്കുകൾക്കു ചിലവില്ലാതെയായി തീരത്തക്കവണ്ണം ആ സ്ഥലങ്ങളിൽ തന്നെ നെയ്ത്തു് ആരംഭിക്കുകയും വളരെആദായകരമായ രീതിയിൽ പ്രവൃത്തിച്ചുവരികയും ചെയ്യുന്നു. ഇങ്ങനെ വളരെ ആദായകരമായ രീതിയിൽ പ്രവത്തിക്കുന്നു എന്നു എൻെറ ബഡ്ജററു പ്രസംഗത്തിൽ പ്രസിഡൻറു അവർകൾ അനുമതിതന്ന മൂന്നു മിന്നിട്ടു സമയംകൊണ്ട് ഞാൻ വളരെ സാഹസപ്പെട്ടു പ്രസ്ഥാവിക്കയുണ്ടായി.

അഞ്ചു പായ് ആലപ്പുഴനിന്ന് അമേരിയ്ക്കായിലേയ്ക്കോ ജമ്മനിയിലേയ്ക്കോ കൊണ്ടുപോകുന്നതിനും അഞ്ചു പായുണ്ടാക്കുന്നതിനുള്ള കയർ കൊണ്ടു പോകുന്നതിനും തമ്മിലുള്ള വ്യത്യാസം പതിനേഴുരൂപായാണെന്നുകാണുന്നു. ഇപ്രകാരം അഞ്ചു പായുണ്ടാക്കി ഇവിടെ നിന്നും അയക്കുന്നതിലും അഞ്ചു പായുണ്ടാക്കുന്നതിനുള്ള കയറു ഇവിടെനിന്നും അയക്കുന്നതിലും വ്യത്യാസം വരുന്നതായ പതിനേഴുരൂപായിൽ ഏഴുരൂപാ വേലക്കാക്ക് കൂലികൊടുക്കുന്നതിനു മാററിവച്ചാലും പത്തുരൂപാ ലാഭംകിട്ടുന്നുണ്ട്. ഇതുകൂടാതെ ഒരു പായ്ക്കു രണ്ടു രൂപാവീതം കറച്ച് അവക്കു ഇവിടെ വില്ക്കാൻ സാധിക്കുന്നു.

ഇതേരീതിയിൽ തന്നെ ഇവിടെ നിന്നും ചകരി കയററിഅയയ്ക്കുന്നുണ്ട് എന്നു മി: കരുണാകരൻ പറയുകയുണ്ടായി. കയറിനേക്കാൾ ലാഭമായും ചിലവു കറച്ചും ചകരി വാങ്ങിക്കാൻ സാധിക്കും. കയറിനേക്കാൾ ടണ്ണേജ് ചകരിക്ക് കറവായിരിക്കും. ഇതുകൊണ്ട് അവക്കു ക

[Mr. P. S. Mahomed.]

യററുപോ നെയ്യുണ്ടാക്കാൻ കൂടുതൽ സൗകര്യമുണ്ടാകുന്ന എന്നുമാത്രമല്ല കയറു പിരിക്കുന്ന തൊഴിൽ കൂടി അന്യ ദേശങ്ങളിലേക്കു അപഹരിച്ചു കൊണ്ടു പോകുവാനും ഇടയാകുന്നു. ഈ വിധത്തിലായാൽ ഒടുവിൽ തൊണ്ടു തല്ലുക എന്നൊരു വ്യവസായമല്ലാതെ നമുക്കു മറെറാന്നുമില്ലാതെവരും. അതിൻെറ ഫലം മുഴുവനും അന്യദേശക്കാർ അനുഭവിക്കയും ചെയ്യും.

സ്ക്രൂപ്പെയിൻ മാററിനെ സംബന്ധിച്ച് അതിലേക്കു മാർക്കററുകണ്ടുപിടിച്ചു കൊടുത്തില്ലെന്നു ഡയറക്ടരെ മി: ജി. പി. നീലകണ്ഠപിള്ള ഇവിടെ കുററപ്പെടുത്തുകയുണ്ടായി. എന്നാൽ ഈ വിഷയത്തിൽ മാർക്കററുകൾ കണ്ടുപിടിച്ചു അവയെ സംരക്ഷിക്കേണ്ടചുമതലകൂടി ഗവണ്മെൻറിനും ഡിപ്പാർട്ടുമെൻറിനും ഉണ്ടെന്നുള്ള സംഗതി ഞാൻ ഗവണ്മെൻറിനെ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

ഇതു കൂടാതെ മററുപല വ്യവസായങ്ങളും ഇവിടെ അഭിവൃദ്ധിപ്പെടുത്താൻ സാധിക്കും. അതിലേക്കു ഗവണ്മെൻറും ഡിപ്പാർട്ടുമെൻറും കുറെക്കൂടിശ്രദ്ധിച്ചാൽ മാത്രം മതിയാകുമെന്നുള്ള അഭിപ്രായത്തോടുകൂടി ഈ ഉപക്ഷേപത്തെ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

MR. MURUVELIL PACHU PILLAI (*Shertallai*): സർ, ഈ രാജ്യത്തുനാൾക്കുനാൾ വർദ്ധിച്ചു വരുന്ന തൊഴിൽ ഇല്ലായ്മയെ പരിഹരിക്കുന്നതിനും ജനങ്ങളുടെ സാമ്പത്തിക നിലയെ നന്നാക്കുന്നതിനും പ്രയോജനപ്പെടേണ്ട ഒന്നാണ് വ്യവസായ ഡിപ്പാർട്ടുമെൻറ്. ഈ ഡിപ്പാർട്ടുമെൻറിലേക്കു വേണ്ടി അടുത്ത കൊല്ലത്തിലേക്കു മൊത്തത്തിൽ ൧,൦൮,൩൦൬ രൂപാ ചിലവു ചെയ്യുന്നതിനു നീക്കിവച്ചിരിക്കുന്നു. ഈ ഡിപ്പാർട്ടുമെൻറു കൊണ്ടു ഇപ്പോൾ രാജ്യഭരണറിപ്പോർട്ടിനെ അലങ്കരിക്കുന്നതിനും ഈ ഡിപ്പാർട്ടുമെൻറിൽ ഉള്ള ഏതാനും ഉദ്യോഗസ്ഥന്മാരുടെ പേരുകൾ കൊണ്ടു ഇന്നത്തെ സിവിൽ ലിസ്റ്റ് നിറക്കുന്നതിനും അല്ലാതെ ഇതിൽ കൂടുതലായി ഈ ഡിപ്പാർട്ടുമെൻറു കൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാകുന്നില്ല എന്ന് സംശയം കൂടാതെ പറയാം. ഈ ഡിപ്പാർട്ടുമെൻറിൽ ഉള്ളതു പോലെ ഇത്ര വളരെ എക്സ്പെർട്സും അസിസ്റ്റൻറു എക്സ്പെർട്സും വേറെ ഒരു ഡിപ്പാർട്ടുമെൻറിലും ഇല്ല. ഇതു ഒരുഎക്സ്പെർടസ് ഡിപ്പാർട്ടുമെൻറാണെന്നുകൂടി വേണമെങ്കിൽ പറയാം. ഈഎക്സ്പെർട്സിൽ നാലു പേരെ ഗവണ്മെ

ൻറിൽ നിന്നും സഹായധനം കൊടുത്തു വിദേശങ്ങളിലയച്ചു പഠിപ്പിച്ചു വരുത്തിയിട്ടുള്ളവരാണ്.

MR. H. B. MAHOMED ROWTHER (*Pattanapuram cum Shenkotta*): ഈ ഡിപ്പാർട്ടുമെൻറുകൊണ്ടു ഉപയോഗമില്ലെങ്കിൽ നിൎത്തിക്കളയരുതൊ ?

MR. MURUVELIL PACHU PILLAI (*Shertallai*): ഇപ്പൊഴത്തെ രീതിയിൽ ഈ ഡിപ്പാർട്ടുമെൻറു നടത്തിക്കൊണ്ടു പോകുന്നതിനെക്കാൾ നിൎത്തുന്നതു തന്നെയാണു ഭേദം.

ഈ നാലു പേരെയും പഠിപ്പിച്ചു വരുത്തുന്നതിനു ഏകദേശം ഒരു ലക്ഷം രൂപായോളം ചിലവു വന്നിട്ടുണ്ട്. ഇവരുടെ പഠിത്തം കഴിഞ്ഞു് ഇവിടെ വന്നപ്പോൾ ഓരോരുത്തൎക്കും ൨൫൦-രൂപ മുതൽ ൪൦൦-രൂപവരെ ശമ്പളം നൽകി. ആവകയ്ക്കു് ആണ്ടിൽ ൧൯,൦൦൦ രൂപായോളം ഇപ്പോൾചിലവു വരുന്നുണ്ടു. എന്നാൽ അതിനനുസരണമായി ഈ എക്സ്പെർട്സുകളെക്കൊണ്ടും അസിസ്റ്റൻറുകളെക്കൊണ്ടും യാതൊരുപ്രയോജനവും ഈരാജ്യത്തിനൊ ജനങ്ങൾക്കൊ സിദ്ധിക്കുന്നില്ല.

MR. MATTHEW MURIKKAN (*Vaikam*): ഈ എക്സ്പെർട്സുകളെ ഡിപ്പാർട്ടുമെൻറിൽ നിന്നും കളഞ്ഞാൽ ഈ ഡിപ്പാർട്ടുമെൻറു നന്നാകുമെന്നു വിചാരിക്കുന്നുണ്ടൊ?

MR. MURUVELIL PACHU PILLAI (*Shertallai*): ഈ എക്സ്പെർട്സുകളെ കളയണമെന്നല്ലാ ഞാൻ പറയുന്നതു്. ധാരാളം പണം ചിലവു ചെയ്തു വിദേശങ്ങളിലയച്ചു് പഠിപ്പിച്ചു വരുത്തി അവരെ ഡിപ്പാർട്ടുമെൻറിൽ നിയമിച്ചു പുലൎത്തിക്കൊണ്ടു പോകുന്നതിൽ ഗവൺമെൻറാ അല്ലെങ്കിൽ ജനങ്ങളൊ പ്രതീക്ഷിക്കുന്ന പ്രയോജനം ഉണ്ടാകുന്നുണ്ടൊ എന്ന സംഗതി ഇവിടെ ആലോചനക്കു് വിഷയമാക്കണമെന്നാണു് എൻെറ ഉദ്ദേശം.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): ജനങ്ങൾക്കു് ഈ ഡിപ്പാർട്ടുമെൻറു കൊണ്ടു് ഉപയോഗപ്പെടുന്നില്ലെന്നാണൊ പറയുന്നതു?

MR. MURUVELIL PACHU PILLAI (*Shertallai*): ജനങ്ങൾക്കു് ഉപയോഗപ്പെടുന്നില്ലെന്നു മാത്രമല്ല ജനങ്ങൾക്കു ഉപയോഗപ്പെടത്തക്കവണ്ണം ഡിപ്പാർട്ടുമെൻറു ഒന്നും പ്രവൎത്തിക്കുന്നുമില്ല.

എൻെറ സ്നേഹിതന്മാൎക്കു് ഇതിനെ സംബന്ധിച്ചു് എന്തെങ്കിലും ചോദ്യം ചോദിക്കാനുണ്ടെങ്കിൽ എൻെറ പ്രസംഗം അവസാനിക്കുന്നതുവരെ ക്ഷമിച്ചിരിക്കുകയും അതിനു ശേഷം ചോദിച്ചാൽ അവരോടു് ഉ

[Mr. Muruvelil Pachu Pillai.]

ത്തരം പറയുകയും ചെയ്യാമെന്ന വാഗ്ദാനം ചെയ്തുകൊണ്ട് എന്റെ പ്രസംഗം തുടരുന്നതിന് അനുമതി ചോദിച്ചു കൊള്ളുന്നു.

ഇവിടെ ടാനിംഗ്എക്സ്പെർട്ട് എന്നൊരു തോൽവിദഗ്ദ്ധൻ ഉണ്ട്. ഈ രാജ്യത്തിൽ, അഞ്ചൽ പ്യൂൺസിന്റെ സഞ്ചികൾ, പോലീസുകാരുടെ ബെൽട്ട്, മിലിട്ടറിക്കു ആവശ്യമുള്ള സാമാനങ്ങൾ മുതലായി അനേകം തോൽ സാമാനങ്ങൾ ഉണ്ടാക്കേണ്ടതായിട്ടുണ്ട്. ഇതെല്ലാം ഇപ്പോൾ വിദേശങ്ങളിൽ നിന്നുമാണ് വരുത്തിക്കൊണ്ടിരിക്കുന്നത്. ഇവിടെയുള്ള തോൽ എല്ലാം മദ്രാസ്, ഡിൻഡിഗൽ, തൃശ്ശിനാപ്പള്ളി മുതലായ വിദേശരാജ്യങ്ങളിലേക്ക് കയററി അയച്ചുകൊണ്ടിരിക്കുന്നു. ഈ ഡിപ്പാർട്ടുമെൻറിൽ നിന്നും നടത്തിവരുന്ന പരീക്ഷണങ്ങൾ കൊണ്ട് വാസ്തവത്തിൽ ജനങ്ങൾക്ക് യാതൊരു വിധത്തിലുള്ള പ്രോത്സാഹനവും ലഭിക്കുന്നില്ല. തോൽ വ്യവസായത്തിനും തോൽ സാമാനങ്ങളുടെ പ്രചരണത്തിനും വേണ്ട വ്യവസ്ഥകൾ ചെയ്യുന്നതിനൊ പ്രോത്സാഹനങ്ങൾ നൾകുന്നതിനൊ ഈ തോൽ വിദഗ്ദ്ധനൊ ഡിപ്പാർട്ടുമെൻറിനൊ സാധിക്കുന്നില്ല. എത്ര ലക്ഷം രൂപായുടെ തോൽ ആണ്ടുതോറും ഈ രാജ്യത്ത് ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുന്നു. എത്ര ലക്ഷം രൂപായുടെ റാമെറ്റീറിയൽസാണ് അന്യരാജ്യങ്ങളിലേക്കു ഇവിടെ നിന്നും കയററി അയച്ചുകൊണ്ടിരിക്കുന്നത്. ഇതിനെപ്പററി ആലോചിക്കുമ്പോൾ തോൽവിദഗ്ദ്ധനെക്കൊണ്ടോ, ആ വകുപ്പിനെക്കൊണ്ടോ ഈ രാജ്യത്തേക്കു യാതൊരു പ്രയോജനവും ഉണ്ടാകുന്നില്ലെന്നു കാണാം. തോൽ ഊറയ്ക്കിടുന്നതിന് മരത്തിന്റെ പട്ട ഇല മുതലായ സാമാനങ്ങൾ വേണം. ഈ വക സകല സൌകര്യങ്ങളും ഇവിടെ കിട്ടത്തക്കവണ്ണം പ്രകൃതി നമ്മെ അനുഗ്രഹിച്ചിട്ടുണ്ട്. നമ്മുടെ വനങ്ങളിൽ ഇതിലേക്കു ആവശ്യമുള്ള സകല സാമാനങ്ങളും ഉണ്ട്. ഇതിലേക്ക് ഡിപ്പാർട്ടുമെൻറിനു താല്പര്യവും, അതിനെ ശരിപ്പെടുത്തിക്കൊണ്ടുവരാൻ തക്ക വൈദഗ്ദ്ധ്യമുള്ള ഉദ്യോഗസ്ഥന്മാരും ഉണ്ടെങ്കിൽ ഈ തോൽവ്യവസായം വളരെ പ്രചാരത്തിൽ വരുത്താൻ കഴിയുന്നതാണ്. ഈ രാജ്യത്തിന് വേണ്ടിടത്തോളമുള്ള തോൽ മുഴവനും ഈ രാജ്യത്തുതന്നെ ഉണ്ടാക്കാൻ കഴിയും. കുറഞ്ഞ വിലയ്ക്കു ധാരാളം തോൽഅന്യരാജ്യങ്ങളിലേക്ക് കയററി അയക്കേണ്ട ആവശ്യമില്ല. ഇതിൽനിന്നും തോൽ വകുപ്പുകൊണ്ടാകട്ടെ തോൽവിദഗ്ദ്ധനെ കൊണ്ടാകട്ടെ യാതൊരു പ്രയോജനവും ജനങ്ങൾക്കില്ലെന്ന് മനസ്സിലാക്കാം.

ഇനി ഇൻഡസ്ട്രിയൽ കെമിസ്റ്റ് എന്നൊരു വിദഗ്ദ്ധനുണ്ട്. ഈ വിദഗ്ദ്ധൻെറ മേൽനോട്ടത്തിലിരിക്കുന്ന വകുപ്പിൻെറ പ്രധാനജോലി മഷി ഉണ്ടാക്കുക, ഇലക്ട്രോപ്ലേററിംഗുകൊണ്ട് സ്വർണ്ണം വെള്ളി ഇവ പൂശുക മുതലായവയാണ്. ഇൻഡസ്ട്രിയൽ കെമിസ്റ്റ് ഉണ്ടാക്കീട്ടുള്ള മഷിയിൽ മുക്കിയ പേനയെ ഉടൻ വെള്ളം ഒഴിച്ചു കഴുകിയില്ലെങ്കിൽ പിന്നെ അതുകൊണ്ട് എഴുതാൻ സാധിക്കുകയില്ല. മഷി മുക്കണം. പേന കഴുകണം. പിന്നെയും മഷി മുക്കണം കഴുകണം. എന്നുവേണ്ട മഷി മുക്കുമ്പോഴൊക്കെ എല്ലാം പേനയും കഴുകണം. ഈ മാതിരി മഷികൊണ്ട് എത്രമാത്രം എഴുതുവാൻ സാധിക്കുമെന്ന് പറയേണ്ടതില്ലല്ലോ. ഇതുപോലെ പൂച്ചുവേലകൾ കൊണ്ടും പ്രയോജനം ഉണ്ടാകുന്നില്ല. യഥാർത്ഥം പറയുകയാണെങ്കിൽ ഈ ഡിപ്പാർട്ടുമെൻറു ഇപ്പോൾ വെറും പൂച്ചുവേലകൾകൊണ്ട് കഴിച്ചുകൂട്ടുകയാണ്. അല്ലാതെ ഇതു കൊണ്ട് പ്രയോജനമൊന്നുമില്ല. സ്വർണ്ണവും വെള്ളിയും പൂശുന്നതിന് ഇവിടെ എത്രപേർ പഠിച്ചിട്ടുണ്ട്? അതിനെ തൊഴിലാക്കി സ്വീകരിച്ച് അതുകൊണ്ടു കാലക്ഷേപം ചെയ്യുന്നവർ എത്രയുണ്ട്? എന്നന്വേഷിക്കുമ്പോൾ ഇതിൻെറ പരമാർത്ഥം ബോധ്യപ്പെടും.

MR. REVATINAL RAMA VARMA RAJA (*Edavagai*): ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെൻറിൽ നടത്തുന്ന സകല സംഗതികളും എക്സ്പെരിമെൻറൽ സ്റ്റേജിലാണ് ഇരിക്കുന്നതെന്ന് അറിയാമോ?

MR. MURUVELIL PACHU PILLAI (*Shertalai*): എക്സ്പെരിമെൻറൽ സ്റ്റേജിൽ ഇനി എത്ര കാലമിരിക്കണം? ഈ സ്റ്റേജ് കഴിഞ്ഞു മുന്നോട്ടു വരുന്നതിനു ഇനി എത്രകാലം വേണം? എല്ലാക്കാലത്തും എക്സ്പെരിമെൻറൽ സ്റ്റേജിൽ കഴിഞ്ഞാൽപോരെല്ലോ.

അതുപോലെ തന്നെ ഇൻഡസ്ട്രിയൽഇഞ്ചിനീയർ എന്നൊരുദ്യോഗസ്ഥൻ ഉണ്ടായിരുന്നു. അദ്ദേഹം ഡിപ്പാർട്ടുമെൻറിൽനിന്നും ഒരുവിധം പുറത്തുകടന്ന് നല്ല ജോലിചെയ്യത്തക്കവണ്ണം എലക്ട്രിക്കൽ ഇഞ്ചിനീയരായിട്ടു തീർന്നു. ഇപ്പോൾ അദ്ദേഹത്തിനു ഈ ഡിപ്പാർട്ടുമെൻറിൽനിന്നും മോക്ഷം കിട്ടി എന്നുപറയാം.

ഇനി ടെക്സ്റ്റയിൽ എക്സ്പെർട്ടും ആ ഉദ്യോഗസ്ഥന് ഒരു അസിസ്റ്റൻറുംഉണ്ട്. ഇവിടെ ധാരാളം വീവിംഗ് സ്കൂളുകൾഉണ്ട്. നമുക്ക് ആവശ്യമുള്ള വസ്ത്രങ്ങൾ ഇവിടെത്തന്നെ ഉണ്ടാക്കുക, നെയ്യുന്നതിന് ആളുകളെ പരിചയിപ്പിക്കുക, നെയ്ത്തിനു വേണ്ട പ്രചാരമുണ്ടാക്കുക ഈ

[Mr. Muruvelil Pachu Pillai.]

വക സംഗതികൾ ഒന്നുംതന്നെ നടത്തുന്നതിന് ഡിപ്പാർട്ടുമെൻറിനോ നെയ്ത്തു വിദഗ്ദ്ധനോ സാധിക്കുന്നില്ല. ഇതിനുള്ള പ്രതിബന്ധങ്ങൾ എന്തെല്ലാമാണെന്ന് പ്രത്യേകം അന്വേഷിക്കേണ്ടതാണ്.

ഇനി കാട്ടേജ് ഇൻഡസ്ട്രിയെ സംബന്ധിച്ച് ഡിപ്പാർട്ടുമെൻറിന്റെ ശ്രദ്ധ എങ്ങിനെയിരിക്കുന്നു എന്നു നോക്കാം. മരച്ചീനി അരിയുന്നതിനു വേണ്ടി ഒരു യന്ത്രം ഡിപ്പാർട്ടുമെൻറിൽനിന്നും കുറെ രൂപാ കൊടുത്തു വരുത്തിട്ടുണ്ട്. അതിനു വേണ്ടി ചിലവു ചെയ്ത സംഖ്യ നിരുപയോഗമാണ്. യന്ത്രത്തിന്റെ ദ്വാരത്തിനനുസരിച്ച് വണ്ണമുള്ള കിഴങ്ങ് ഇടുകയാണെങ്കിൽ അരിഞ്ഞു വീഴും. കിഴങ്ങിന്റെ വണ്ണം കുറഞ്ഞുപോയാൽ ആ കിഴങ്ങു അരിയാതെ തന്നെ താഴെ വീണുപോകും. കിഴങ്ങിന് വണ്ണം കൂടിയാൽ അരഞ്ഞുപോകും. ഈമാതിരിയന്ത്രംകൊണ്ട് എന്താണ് പ്രയോജനം? ഇതിനേക്കാൾ പത്തുപേരെ ഇരുത്തി ഈ കിഴങ്ങുകളെ അരിയിച്ചാൽ അവർക്കു കൊടുക്കുന്ന കൂലികൊണ്ട് ആ പത്തുപേരുടേയും ചിലവു നടക്കുകയും യന്ത്രത്തിൽ അരിയുന്നതിനേക്കാൾ കൂടുതൽ കിഴങ്ങ് അരിയുകയും ചെയ്യുമായിരുന്നു. തിരുവിതാംകൂറിലെ മരച്ചീനിയുടെ വണ്ണം എല്ലാം ഒരേ തരത്തിലിരിക്കുമെന്ന് വിചാരിച്ചാണ് ഈ യന്ത്രം വരുത്തിയത് എന്നു തോന്നിപ്പോകുന്നു.

ആതുപോലെ തന്നെ 'Assembling of umbrellas' ഇതിലേക്ക് തുണി, കമ്പി, കാല് ഇതൊക്കെ വിദേശങ്ങളിൽ നിന്നും വരുത്തണം. ഇതെല്ലാം ചേർത്തു തുന്നികെട്ടി കഴിയുമ്പോൾ ഒരു കുടയ്ക്കു ൩ രൂപാ വില വരും. പക്ഷെ ൩ രൂപാ വില കൊടുത്തു ആ കുട മേടിക്കാൻ ആളുകൾ ഉണ്ടായിരിക്കയില്ല.

MR. REVATI NAL RAMA VARMA RAJA (*Edavagai*): കോഴിക്കോട്ട് ഇങ്ങനെ വരുത്തി അസംബിൾ ചെയ്തു വിലയ്ക്കു കൊടുക്കുന്നതിൽ വളരെ ആദായം കിട്ടുന്നു എന്ന് അറിയാമോ?

MR. MURUVELIL PACHU PILLAI (*Shertallai*): ഉണ്ടായിരിക്കാം. ഇവിടത്തെ സ്ഥിതിയാണ് ഞാൻ പറയുന്നത്.

PRESIDENT: You have exceeded your time.

MR. MURUVELIL PACHU PILLAI (*Shertallai*): ഈ നിലയിൽ പ്രയോജനമില്ലാത്ത ഒരു ഡിപ്പാർട്ടുമെൻറിനെ നിറുത്തൽചെയ്യുന്നതാണ് ഉത്തമം.

MR. A. C. KURIAKOSE (*Minachil* cum *Devicolam*) : ഈ ഡിപ്പാർട്ടുമെൻറുകൊണ്ട് ഏതു തരത്തിൽ പ്രയോജനം വരുത്താമെന്ന് ഒരു നിർദ്ദേശം മെംബർ പറഞ്ഞതായി കേട്ടില്ല.

MR. MURUVELIL PACHU PILLAI (*Shertallai*) : ഈഡിപ്പാർട്ടുമെൻറുകൊണ്ട് എന്തെല്ലാംപ്രയോജനം ഉണ്ടാക്കാൻ കഴിയുമെന്നുള്ളതിലേക്കു വേണ്ട പദ്ധതികഠം നിർദ്ദേശിക്കാനാണ് നല്ല സംഖ്യ ശമ്പളവും കൊടുത്തു് വ്യവസായഡയറക്ടരെനിയമിച്ചിരിക്കുന്നതു്. ഡയറക്ടർ കൊടുക്കുന്ന നിർദ്ദേശങ്ങളെന്തെല്ലാമാണ്; അതിൽ സ്വീകാരയോഗ്യമായവ ഏതെല്ലാമാണ് എന്നുപരിശോധിക്കുമ്പോഴാണ് യാതൊന്നും ഡയറക്ടർ കാര്യമായി ചെയ്യുന്നില്ല എന്നു മനസ്സിലാകുന്നതു്. ഞാൻ വിദഗ്ദ്ധനല്ല. ഈ ഡിപ്പാർട്ടുമെൻറു നിമിത്തം യാതൊരു പ്രയോജനവും ഇപ്പോഠം ജനങ്ങഠംക്കില്ലെന്ന് കാണിക്കാനാണ് ഞാൻ ഈ വിമർശനം നടത്തിയതു്.

MR. A. C. KURIAKOSE (*Minachil* cum *Devicolam*) : ഡയറക്ടരെപ്പററിയല്ലല്ലോ ഡിപ്പാർട്ടുമെൻറിനെപ്പററിയല്ലേ സംസാരിച്ചതു്?

MR. MURUVELIL PACHU PILLAI (*Shertallai*) : ഡയറക്ടർ ഭരിക്കുന്ന ഡിപ്പാർട്ടുമെൻറിനെപ്പററിയാണ്.

MR. ITTOOP ITTEECHAN (*Kunnatnad*) : ഈ ഡിപ്പാർട്ടുമെൻറു കൊണ്ട് ജനങ്ങഠം ഉദ്ദേശിക്കുന്നതു പോലെയുള്ള ഗുണങ്ങഠംഒന്നും കിട്ടുന്നില്ല എന്ന് മെംബർ ഇവിടെ പറയുകയുണ്ടായി എന്നാൽ ജനങ്ങഠം ഉദ്ദേശിക്കുന്നതു പോലെയുള്ള ഗുണം കിട്ടുന്ന ഒരു ഡിപ്പാർട്ടുമെൻറ് ഏതാണെന്ന് പറഞ്ഞാൽ കൊള്ളാം.

MR. MURUVELIL PACHU PILLAI (*Shertallai*) : ഒരു ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു പറയുമ്പോഠം പ്രയോജനത്തെ സംബന്ധിച്ചു മററു ഡിപ്പാർട്ടുമെൻറുകളുമായി ഒരു താരതമ്യ വിവേചനം ആവശ്യമുണ്ടെന്ന് എനിക്കുതോന്നുന്നില്ല. എല്ലാഡിപ്പാർട്ടുമെൻറുകൊണ്ടും പ്രയോജനപ്പെടുത്തിയാൽ ധാരാളം പ്രയോജനമുണ്ടാകുവാൻ കഴിയും. ഈ സംഗതി ഡിപ്പാർട്ടുമെൻറുമേലധ്യക്ഷന്മാരുടെ വൈദഗ്ദ്ധ്യത്തെ ആശ്രയിച്ചിരിക്കുന്നു.

MR. D. FRANCIS (*Nominated*) : Does the member know that the department is in an infant stage?

PRESIDENT: The member has resumed his seat.

MR. K. P. NILAKANTA PILLAI (*Chirayink.l*) : I also wish to support the motion before the House. When members seem to entertain some doubts as to the utility or otherwise of the existence of the Industrial Department, I would like to continue where Mr. Pachu Pillai left by

[Mr. K. P. Nilakanta Pillai.]

taking the members through the annual reports of the department from 1098 to 1102 and up to date. From the survey which I am attempting, the members on this side of the House will be able to understand something about the working of the department. Before that I would say, Sir, what policy this department was following, I do not know. It has no working programme. There is no continuity of policy and what the department is going to do, what exactly was their business, what they want to achieve, what were their methods—all these things, we do not know. We are kept in the dark and even the Director does not know that. One other remark which I wish to make in this connection is, the attitude of the Government with reference to the working of this department. Government by passing the G. O's. on the departmental administration from the year 1098 to 1103 have adopted a method which is quite unsatisfactory. Government, from the year 1098, after reviewing the work of the department, were making some observations about the working of the department. Sometime ago the Director was given a particular direction in which he was expected to work so that the department may be more useful to the public of Travancore. In the next year's report the Director had nothing to say and the Government had also nothing to say on that. In the next year's report, that is in 1101, the Government repeat the same thing, the Director forgets the thing and the Government as if impotent, forget the same thing without taking any action on the indifference or the laxity in regard to the working of the Department of Industries. Sir, from 1098 onwards I shall give a short history of the experiments conducted by the department. They conducted the following experiments, on glazing, ginger syrup, rubber research, panama hat, a particular variety of fibre available in our State, lace school and the lace industry organised by the Department of Industries, bell metal industry, mapping of underground water supply in the arid tracts of the State, experiments on the minor products available from the forests, which could be worked out on a commercial basis, weaving, assemblage of umbrellas, investigations as to the depth and extent of lime stone bed discovered in Quilon which was subsequently discovered at Nedumgolam and several other artesian well experiments in South Travancore. I have not exhausted the list and every year the Director was spending two or three pages in the report holding out hopes to the Government as well as to the people that he is taking a good deal of interest with reference to the experiments carried on by himself and his subordinates and that he expects to produce good results. After all, Sir, none of these experiments has resulted in arriving at anything substantial to the good of the country or to the department. At one time the Director was saying that weaving and lace industry were nice things, that markets could be found and the Government said that all possible encouragement could be given and the Director must see that it is marketed profitably. For finding a market, I am sorry to tell the House, the Director carried on correspondence for six

years from 1098 onwards and he found no market. Even though this result was announced in 1102 he killed the lace industry by witholding the aid he gave to the school in the year 1098. I am referring to the Administration Report of the year 1098 when a lace industry was compelled to be stopped because the Director withdrew the help rendered to the same.

Then again, Sir, year after year, in 1099 and 1100, the Government were giving directions to the Director of Industries to make an underground survey of the water-supply of Travancore. The experiment was carried on in 1102, a magnificent result was arrived at and the Director said that 41 wells were dug and that from the experiment carried on he found that the deeper the well was dug the better the supply of water (*Laughter*). Another work which was carried on by the department was to trace the lime stone bed which was discovered at Quilon and which was re-discovered somewhere at Nedumgolam. No experiment seems to have been carried on further in regard to that. The people are not aware of the results of the experiments up to this day.

Then, about the economic value of the forest products of the State several experiments were conducted; and the Director will now say " I find that Thambakam bark is a good tanning material ". More than this discovery nothing further has been done and the Director may say ' I am making so many proposals'. But nothing has been done, and the Government were instructing the Director year after year. There is no use keeping this department unless you also have an instructional section attached to the tannery. I do not know what has been done with regard to that. Practically nothing has been done and the Government have taken no action in the matter.

Then, pyrrhotite was discovered at Mangamalai. A very costly boring machine was got down and several experiments were conducted at a high cost and nothing came out of that. Therefore the attempt was finally dropped by the department.

Then, the Director, in the Administration Report for the year 1098, said that Panama hats could be manufactured in Travancore because the necessary variety of fibre is found here. The Department was carrying on experiments about the making of Panama hats but nothing has resulted up to the present moment.

Sir, the time at my disposal is very limited. I would like to draw the attention of the members on this side of the House to the working of the department in the years 1101, 1102 and 1103. It is a serious matter. The whole working of the department seems to be just like what the angry mother-in-law said because the daughter-in-law, who had no right to give or to refuse alms, refused alms, the mother-in-law called the beggar back and herself refused alms. In the same way, the Director will not work the department himself nor will he allow others to work and he does not know how to work the department. The department is going on in a lifeless manner without any policy and without any object whatsoever. What is the use of keeping this department?

[Mr. K. P. Nilakanta Pillai.]

Sir, We have got so many experts. There is no use of these experts. I would ask the following question so that the members on the other side of the House may be convinced. What has this department done during the last 16 years of its existence? Even if a layman is appointed he will be able to organise at least half a dozen cottage industries in Travancore; but these experts have not done anything to improve the industries. The department is only a burden to the public of Travancore. With these few words, I also support the motion.

MR. G. P. NILAKANTA PILLAI (*Karunagapalli*): Sir, I would also rise to support the motion. The Industrial Department has now been in existence for 16 years and it is still only in the experimental stage. I would only suggest, Sir, that before embarking on further experiments, the department may devote its attention to the encouragement of cottage industry. If we examine we could see that every taluk has a special industry of its own. If we examine from the northern end of the State to the southern end, we see there are several industries in different parts. If the department would devote special attention to the encouragement of these industries on improved methods, then, I would say that the Industries department has done a great deal towards the material advancement of the State. Therefore, before embarking on other experiments and resulting in failure as in previous years, I would advise the Director not to spend money on new experiments but to devote his attention to the industries that now exist in our State.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): From the reports published for 1102 and 1103 I am inclined to think that the Director of Industries is attempting to show himself out which the country does not require. For instance, from the loans granted during the year 1102 we see that the Director has given a loan for bakery. This year he has given a loan to a Motor Workshop and another for a bell-metal work, and so on. I simply want to place before the House the fact that the Director of Industries is not in a position to understand the interests of the country and to find out where help should be given. I do not know whether any of the officers of the department has seen the industry that exists in the Kalkulam Taluk. The poor Mahomedans of Kalkulam and Tuckalay manufacture mats from palmyra leaves as well as from grass; and I am sure not even a single expert of the department has appreciated the beautiful work done by these poor half-starving gosha women of the locality. Sir, it is a disgrace, I would say, for the Co-operative Department as well as for the Industries Department not to encourage them. It is the duty of the department to find out the necessities of the people and to give them the necessary help and encouragement.

We do not want any new bell-metal combination. We have got the best Aranmula sort and other sorts which show the ability of our fore-fathers to prepare such rare combinations. We want the department to encourage indigenous industries and to increase the prosperity of the present craftsmen. I would draw the attention of the Director

to this fact. So far as south Travancore is concerned, the department should give suggestions to the weavers by sending instructors to direct these people to improve their dyeing industry and weaving industry. The department should finance such craftsmen. In regard to the bleaching of palmyra leaves and dyeing them the department will have to do the necessary experiments.

We have got facilities for brush manufacture. We have got plenty of good timber for making brush handles, and also palmyra leaves for the brushes. The palmyra leaves are now being exported to foreign countries. I would ask the Director to get the opinion of a Belgian expert. I have got detailed information and I shall give these details to the Director. I shall also suggest the name of a person, if the department would encourage that industry. That would require not more than Rs. 7,000. And there is ready market also. So, such industries must be encouraged, and I am sure these will form creditable progress for the Director of Industries.

As regards geological products, I hope, mica and other minerals would engage the attention of the Director. With these words I support the motion before the House.

MR. A. THANU PILLAI (*Trivandrum*): Sir, let me say a word on this motion. A perusal of the annual report of this department would convince anybody that the two characteristic features of this department are aimlessness and failure. As my friend Mr. K. P. Nilakanta Pillai pointed out, absolutely no aim is discernible in the working of this department. Sir, the Government themselves are to be blamed for this state of things. They sent up some years ago a number of stipendiary students to Europe and other places to train themselves in some sort of industrial work or other. They came back. The Government were compelled to provide them with appointments and they are getting fairly good salaries. But, Government did not know how to make good use of their services. I can substantiate that with the subsequent conduct of the Government. Originally, we had two gentlemen trained in geology. One of them had to retire. Then, the Government were satisfied with the other alone. Then came the vacancy of the Director of the Department of Industries and he was put in charge of this department. They did not then want the services of a full-time geologist. They gave him an expert assistant. The latter's place subsequently became vacant and nothing was done for filling up the vacancy. This shows fully what the Government are doing in the matter of geology.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Does the member know that they are carrying on experiments?

MR. A. THANU PILLAI (*Trivandrum*): I know that they are not. So, if the Industrial Chemist or the weaving expert, the tanning expert or any other expert happens to retire, I think the Government will decline to appoint a successor to him. That is an aspect of the matter which is very clearly seen from the departmental reports. We find

[Mr. A. Thanu Pillai.]

that the department has got a boring machine which they have lent to the Public Works Department. That shows how far the boring machine is wanted by the Department of Industries. There are some heads of cottage industries mentioned in the report. I shall refer to these one after another and show how far these have been successfully dealt with by the department. I refer to the departmental administration Report for 1103. As regards the lace industry, the attempts to find an opening for Travancore lace proved disappointing. Similar is the fate of the Travancore bell-metal ware. Regarding screwping basket work, the report says that further action cannot be taken usefully with regard to the marketing of articles of screwpine fancy work in the United Kingdom. With a view to popularise the improved method of flax spinning among the Chetties, a spinner was sent to Ayakudi with a spinning wheel. The Chetties looked upon this as an encroachment on their hereditary occupation and boycotted the spinner to such an extent that it was considered advisable to recall him from Ayakudi. The holding of competitive examinations was sanctioned in weaving, spinning and ivory carving in 1103 with a view to encourage cottage industries. But the response was so poor that it was not considered worthwhile to hold the examinations.

Reference has been made to the Leather Expert. I do not want to go to that branch of the activity of the department. But I want an explanation from the Director in regard to one matter which would show clearly the way in which the department is administered. I find from the reports of 1100 to 1103 that the expert in charge of the tannery, manufactured in these years leather to the value of over Rs. 10,000 and only leather to the value of about Rs. 5,000 was sold. The reports do not contain any financial statement or statement regarding leather in store. I should like to know whether they are storing leather. They ought to have leather now to the value of Rs. 5,000 odd in stock. I wish to know whether the department has got it. The omission of a clear statement on the reports show how the accounts are being kept and how they are audited. There may be many other things of this kind if we scrutinise these reports.

There are a few weaving schools controlled by the department. These schools may be handed over to the Director of Education. There are two schools relating to some kind of industrial education. There is one Sri Mulam Technical Institute here and one or two schools like that in other places which can be managed with greater efficiency by the Public Works Department.

There is also the Weaving Institute. We have got one weaving expert and an assistant. They trained two men in the Technological Institute and their work practically ceases with that. This can very well be abolished or put under the Director of Public Instruction. My point is, if the Government are not going to make use of the Department of Industries and make their experts do some really good work, there is no use of such a department.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): What should be done with the School of Commerce, Alleppey?

MR. A. THANU PILLAI (*Trivandrum*): This can be put under the Director of Public Instruction.

MR. K. P. NILAKANTA PILLAI (*Chirayinkil*): Are there not private institutions to coach up students in shorthand and type-writing?

MR. A. THANU PILLAI (*Trivandrum*): Certainly, there are.

I think therefore there is no necessity for maintaining a department like this.

MR. N. K. KRISHNA PILLAI (*Neyyattinkara*): What is the member's suggestion with regard to the disposal of these experts?

MR. A. THANU PILLAI (*Trivandrum*): It is very simple. If the period for which the Government have contracted to engage them is over, Government may either dispense with their services or make them turn out some good and useful work and thus make use of their services. Sir, with these few words I support the motion before the House.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Sir, I am sorry I am not able to support the motion. Sir, that this department is in many ways useful has been conceded even by the members who spoke on this side of the House. But none of them made any suggestion to help the Director as to how it should be conducted in future. Sir, from the motion paper itself it is found that there are motions which require the Government to give more facilities for cottage industries and giving more grants to factory industries and so forth. My friend Mr. Pachu Pillai said that the department was useless. But, I cannot agree with him. Sir, my friend Mr. Thanu Pillai said that the boring machine was taken by the Public Works Department and that itself was a fact to show how the department needed it. But for the Industrial Department the boring machine would not have been got down here. Sir, the boring machine which was in the Industrial Department has now gone to the P. W. D. and I am sure Mr. Vipan will make the best use of it. Then Mr. K. P. Nilakanta Pillai admitted that Thambakam bark is useful for tanning purposes. Now it is for the industrialists to make use of the experiments which have been conducted successfully by the department. Sir, Mr. Pachu Pillai said that the department was not supplying leather to the military and army for making boots, belts and other things. But the department has made industrialists understand that Travancore capitalists or industrialists can supply hides. This itself is a success of the department. But, Sir, a question arises whether the department is actually doing all that it could do. That is a matter a little bit controversial, and it cannot be dealt with within the five minutes allowed to me. Sir, I am sure that if there are enough funds the department could be made more useful to the industry of the capitalist. With these few words, I oppose the motion.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): Has the member any constructive suggestions to make?

MR. V. J. OOMMEN (*Commerce and Industry, North*): സർ, ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. എൻെറ മാന്യസ്നേഹിതന്മാരിൽ പലരും പത്തുപതിനഞ്ചു കൊല്ലങ്ങൾക്കു മുൻപു സ്ഥാപിച്ചിട്ടുള്ള നമ്മുടെ വ്യവസായ ഡിപ്പാർട്ടുമെൻറു മൂലം തിരുവിതാംകൂറിനു പറയത്തക്ക യാതൊരു പ്രയോജനവുംഉണ്ടായിട്ടില്ലെന്നും, ടെക്സ്റ്റയിൽ എക്സ്പേർട്ട്, കെമിക്കൽ എക്സ്പേർട്ടു, ടാനിങ്ങ് എക്സ്പേർട്ടു, ഇൻഡസ്ട്രിയൽ എക്സ്പെർട്ട്, ഇങ്ങിനെ പലയാളുകളെഗവണ്മെൻറുചിലവിന്മേൽ ശീമരാജ്യങ്ങളിലയച്ചു ബിരുദ സമ്പാദിപ്പിച്ചു വരുത്തിയിട്ടുണ്ടെന്നും അതിലേക്കു ഗവണ്മെൻറ് വളരെയധികംരൂപാ ചിലവാക്കിയിട്ടുണ്ടെന്നും കഴിഞ്ഞ അനേക വഷങ്ങൾ ഈവക ഓരോ പരീക്ഷണങ്ങൾനടത്തിയിട്ട് തിരുവിതാംകൂറിൽ ഒരൊററ വ്യവസായമെങ്കിലും അഭിവൃദ്ധിപ്പെടുത്തുവാൻ ഇവരാൽ സാധിച്ചിട്ടില്ലെന്നും, അതിനാൽ ഇത്രനിരുപയോഗമായ ഈ ഒരു ഡിപ്പാർട്ടുമെൻറു നടത്തിക്കൊണ്ടു പോകേണ്ടയാവശ്യമില്ലെന്നും, അതു് എത്രയും വേഗത്തിൽ നിറുത്തിക്കളയുകയാണ് നല്ലതെന്നും അഭിപ്രായപ്പെടുകയുണ്ടായി.

സർ, തിരുവിതാംകൂറിലെന്നല്ല പരിഷ്കാരത്തിൻെറ പരമകാഷ്ഠയെ പ്രാപിച്ചിട്ടുള്ള പാശ്ചാത്യ രാജ്യങ്ങളിലൊ ബ്രിട്ടീഷ് ഇൻഡ്യയിലൊ ഇൻഡ്യയിലെ ഏതെങ്കിലും നാട്ടു രാജ്യങ്ങളിലൊ വ്യവസായഡിപ്പാർട്ടുമെൻറു സ്ഥാപിച്ചു ഇരുപതൊ മുപ്പതൊ കൊല്ലംകൊണ്ട് പെട്ടെന്നു് വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തിയിട്ടുള്ളതായി ഞാൻ കേട്ടിട്ടില്ല. ഭൂലോകത്തിലെ യാതൊരു ഗവണ്മെൻറും വ്യവസായമൂലം ഗവണ്മെൻറിന് ആദായമുണ്ടാക്കണമെന്നുദ്ദേശിച്ചല്ല ഈ ഡിപ്പാർട്ടുമെൻറു സ്ഥാപിച്ചിട്ടുള്ളതു്. ജപ്പാൻ, യൂറോപ്പ്, അമേരിക്കാ മുതലായരാജ്യങ്ങളിലെ ഗവണ്മെൻറുകൾ വ്യവസായത്തിനുവേണ്ടി കോടിക്കണക്കിന് പണംചിലവുചെയ്തു് അനേകായിരം പരീക്ഷണനിരീക്ഷണങ്ങൾ നടത്തി അവകളിൽ ഫലപ്രദമായി കണ്ടതിനെ രാജ്യത്തുള്ളആളുകളെ മനസ്സിലാക്കി വേണ്ടവിധത്തിൽ ധനസഹായം ചെയ്തു് അവയെപുലത്തിക്കൊണ്ടു വന്നിട്ടുള്ളതിൻെറ ഫലമായിട്ടാണ് ആ രാജ്യങ്ങളിൽ വ്യവസായങ്ങൾ അഭിവൃദ്ധിപ്പെട്ടിട്ടുള്ളതു്.

സർ, നമ്മുടെ ഗവണ്മെൻറാകട്ടെ ഈ ഡിപ്പാർട്ടുമെൻറിനെവെറും ആഡംബരത്തിനായി മാത്രം സ്ഥാപിച്ചിരിക്കുന്നുവൊ എന്നു് തോന്നുമാറു് മൈനർ ഡിപ്പാർട്ടുമെൻറുകളുടെ കൂട്ടത്തിൽ തള്ളിയിട്ടിരിക്കുകയാണ്. ഇതിൻെറ മേധാവിയായ ഡയറക്ടറേയൊ അദ്ദേഹത്തിൻെറ കീഴുദ്യോഗസ്ഥന്മാരായ എക്സ്പേർട്ടുന്മാരെയൊകുററം പറയേണ്ട

ആവശ്യം ഞാൻ കാണുന്നില്ല. നമ്മുടെ ഗവണ്മെൻറ് ഈ ഡിപ്പാർട്ടുമെൻറുമൂലം രാജ്യത്തെവ്യവസായം വദ്ധിപ്പിച്ച് തൻമൂലം രാജ്യത്ത് ഇന്നുകാണുന്നതൊഴിലില്ലാഴികയ്ക്ക് നിവാരണമുണ്ടാകണമെന്ന് വിചാരിക്കുന്നുണ്ടെങ്കിൽ ലക്ഷക്കണക്കിന് പണം ചിലവാക്കി ഈ ഡിപ്പാർട്ടുമെൻറുമൂലം പലവ്യവസായങ്ങൾ പരീക്ഷണാത്ഥം നടത്തി അതിൽ ഫലപ്രദമായും ആദായകരമായും കാണുന്നതിനെ രാജ്യവാസികൾക്ക് മനസ്സിലാക്കിക്കൊടുത്ത് ഗവണ്മെൻറിൽനിന്നും അങ്ങിനെയുള്ളവക്ക് ധനസഹായംചെയ്യും, വളരെയധികം പണം ചിലവുചെയ്തുനടത്തേണ്ടിവരുന്നവയെ ഗവണ്മെൻറു ഉത്തരവാദിത്വത്തോടുകൂടി കമ്പനികൾ സ്ഥാപിച്ച് സാധാരണക്കാരെക്കൊണ്ട് ഓഹരികൾ എടുപ്പിയ്ക്കേണ്ടതും സിംഹഭാഗം ഓഹരികൾ കമ്പനി വളരെ ആദായകരമാണെന്ന് പൊതുജനങ്ങൾക്ക വിശ്വാസം വരുന്നകാലംവരെ ഗവണ്മെൻറു സ്വാധീനത്തിൽതന്നെ ഇരിക്കേണ്ടതും, ജനങ്ങൾക്ക വിശ്വാസം വരുന്നകാലത്ത് ആവക ഓഹരികൾ തിരുവിതാംകൂർ നിവാസികൾക്കുതന്നെ അസൽവിലയ്ക്ക് വില്ക്കേണ്ടതുമാകുന്നു. ഇപ്രകാരം ചെയ്യുന്നതിന് ഗവണ്മെൻറു മനസ്സുവയ്ക്കാത്തകാലത്തോളം ഈ ഡിപ്പാർട്ടുമെൻറിൽനിന്ന് രാജ്യവാസികൾക്ക് എന്തെങ്കിലും ഗുണമുണ്ടാകുമെന്നു വിശ്വസിക്കുവാൻ ഞാൻ മാർഗ്ഗം കാണുന്നില്ല.

യന്ത്രശാലകളിൽ നടത്തപ്പെടുന്ന വ്യവസായം കുടിൽ വ്യവസായം ഇങ്ങനെ രണ്ടു തരമാണല്ലോ വ്യവസായങ്ങൾ. ഫാക്ടറി ഇൻഡസ്ട്രി നടത്തുന്നതിനു് വലിയമൂലധനം ആവശ്യമായിരിക്കുന്നതിനാലും അതു് ഇവിടെ ആദ്യംവിജയപ്രദമായി തീരുമൊ എന്നു് സംശയിക്കുന്നതിനാലും സാധാരണ ജനങ്ങൾ അവയെ നടത്തുന്നതിനു് മുന്നോട്ടു് വരികയില്ല. ഗവണ്മെന്റു് തന്നെ വലിയമൂലധനം മുടക്കി നടത്തിക്കാണിച്ചു് അതു് ആദായകരമാണെന്നു് ജനങ്ങളെ ബോദ്ധ്യപ്പെടുത്തിയാൽ മാത്രമെ അവർ അതിലേക്കു് മുന്നോട്ടു വരികയുള്ളു. അതിലേക്കു് ഡിപ്പാർട്ടുമെന്റിനു് വേണ്ടതായ സൗകൎയ്യമില്ല. ഗവണ്മെന്റു് അതിലേക്കു വേണ്ട ധനവ്യയം ചെയ്വാൻ അനുവദിക്കുന്നുമില്ല. അങ്ങിനെ വലിയ വ്യവസായം ചെയ്യുന്നതിനു പുറപ്പെടുന്നതും ഇവിടത്തെസ്ഥിതിക്കു് ബുദ്ധിപൂൎവ്വമാണോ എന്നു് എനിക്കു് സംശയമുണ്ടു്. ഈ നിലക്കു് ഫാക്ടറി ഇൻഡസ്ട്രി വൎദ്ധിച്ചുവരാത്തതുകൊണ്ടു് ഇൻഡസ്ട്രിയൽ ഡയറക്ടരേയോ ഗവണ്മെന്റിനേയോ കുററം പറയേണ്ട ആവശ്യമുണ്ടെന്നു് തോന്നുന്നില്ല.

പിന്നെ കുടിൽ വ്യവസായമാണുള്ളതു്. അതും ഇവിടത്തെസ്ഥിതിക്കു് ഉടനടിവൎദ്ധിപ്പിക്കുന്നതിനു മാൎഗ്ഗമില്ല. വളരെകാലത്തെ പരിചയവും അധികമൂലധനവുമുള്ള വിദേശ കമ്പനികളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന പകിട്ടുള്ള സാധനങ്ങൾ ഇവിടെ കുറഞ്ഞവിലയ്ക്കു വിററു കൊ

[Mr. Tariatu Kunjitomman.]

ണ്ടിരിക്കുമ്പോൾ അതിനെക്കാൾ മേന്മയും വിലക്കുറവും ഉള്ള സാമാനങ്ങളെ ഇവിടെ ഉണ്ടാക്കി വ്യവസായത്തിൽ അവരെജയിച്ചു കളയാമെന്ന് ആശിക്കാൻ നമുക്ക് ഇപ്പോൾ വഴിയില്ല. പുറത്തു നിന്നും വരുന്ന വ്യവസായസാധനങ്ങളെ നിയന്ത്രിക്കുന്നതിന് അവക്കു വലിയനികുതിചുമത്തണം. എന്നാൽ മാത്രമെ ഇവിടത്തെ വ്യവസായത്തിന് അഭിവൃദ്ധിയുണ്ടാകുകയുള്ളു. വ്യവസായപ്രവൎത്തകന്മാർ ആദായമാണല്ലോ ഓൎക്കുക. ധാരാളം മരങ്ങൾ തിങ്ങിനില്ക്കുന്ന വനത്തിലൊ അല്ലെങ്കിൽ വൻമരങ്ങളുടെ ചുവട്ടിലൊ ഏതെങ്കിലും കൃഷി ചെയ്യുന്നവെങ്കിൽ ആ കൃഷിക്ക് അഭിവൃദ്ധി ഉണ്ടാകുന്നതല്ല. എന്നാൽ മരങ്ങളെ മുറിച്ച് നീക്കിയ ശേഷം കൃഷി ചെയ്യുകയാണെങ്കിൽ അതു അഭിവൃദ്ധിപ്പെട്ടുവരും. അതുപോലെ പുറത്തു നിന്നും കുറഞ്ഞവിലക്ക് വരുന്ന കിട്ടുള്ള സാമാനങ്ങളെ വലിയ നികുതിചുമത്തി ബഹിഷ്കരിക്കണം. ജപ്പാൻ രാജ്യത്ത് ഇങ്ങനെചെയ്താണ് വ്യവസായം അഭിവൃദ്ധിപ്പെടുത്തിയത്. വ്യവസായം അഭിവൃദ്ധിയിലിരിക്കുന്ന പല രാജ്യങ്ങളിലും ചില സാമാനങ്ങളെ സംബന്ധിച്ച് ഇപ്പോഴും നിയന്ത്രണമുണ്ട്. അമേരിക്കാ ഇററലിയിൽനിന്നും വരുന്ന ബട്ടൻസിനു വലിയ നികുതിചുമത്തിയാണ് അടുത്തകാലത്തും ബട്ടൺവ്യവസായത്തെ അമേരിക്കയിൽ പ്രോത്സാഹിപ്പിച്ച് അഭിവൃദ്ധിപ്പെടുത്തിയത്.

ജപ്പാൻ അൻപതുവൎഷങ്ങൾക്കുള്ളിലാണ് ഒരു വലിയവ്യവസായരാജ്യമായി തീൎന്നിട്ടുള്ളത്. അത് ഈവിധനിയന്ത്രണംകൊണ്ടാണെന്ന് അതിൻെറ ചരിത്രംകൊണ്ടറിയാം. കൂടിൽ വ്യവസായത്തിൽ ഇന്നു ലോകത്തിലേക്കുമുന്നിട്ട് നില്ക്കുന്ന ജപ്പാൻ രാജ്യത്തിൽ പുറത്തുനിന്നും വരുന്ന സാമാനങ്ങൾക്ക് നികുതിചുമത്തി വളരെകാലം നിയന്ത്രിച്ചിരുന്നു. അങ്ങിനെ ചെയ്യുന്നതിന് ഒരു സംരക്ഷിതരാജ്യത്തിൻെറ നിലയിൽ ഇവിടെ സാധിക്കുമോ എന്ന് സംശയമുണ്ട്. നാം വാങ്ങിക്കുന്ന സാമാനങ്ങളധികവും ബ്രിട്ടീഷ് സാമ്രാജ്യത്തിൻെറ പലഭാഗങ്ങളിൽ നിന്നും വന്നു കൊണ്ടിരിക്കുന്നവയാണ്. അവക്കു യഥേഷ്ടം നികുതിചുമത്തി നിയന്ത്രിക്ക സാദ്ധ്യമല്ല. വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിന് ഇവിടെയുള്ളവിഷമങ്ങളെ ചിന്തിക്കാതെ ഈ പുതിയവിഷയത്തിൽ വലിയ അഭിവൃദ്ധി വരുത്തിയില്ലെന്ന് കാരണംപറഞ്ഞ് ഡിപ്പാട്ടുമെൻറദ്ധ്യക്ഷനെ കുററപ്പെടുത്തുന്നതു ശരിയാണെന്ന് ഞാൻ വിചാരിക്കുന്നില്ല.

ഈവകുപ്പിൽ ഇപ്പോഠം പല വിദഗ്ദ്ധന്മാരും ഉണ്ട്. എൻെറ മാന്യസ്നേഹിതൻ മിസ്റ്റർ പരച്ചുപിള്ള പറഞ്ഞതുപോലെ അവരെക്കൊണ്ടു വളരെപ്രയോജനമുണ്ടെന്നു ഞാൻ പറയുന്നില്ല. കൃഷിഡിപ്പാർട്ടുമെൻറിലും എത്രയോ വിദഗ്ദ്ധന്മാരുണ്ട്. അവരെക്കൊണ്ടും പ്രയോജനമില്ലെന്നു ഞാൻമുമ്പു പറഞ്ഞു. കൃഷി ഇവിടെ പ്രായോഗികമായ തൊഴിലാണ്. എന്നിട്ടുപോലും വിദഗ്ദ്ധന്മാരുടെ പരിശ്രമം പ്രയോജനപ്പെടുന്നില്ല. ആ സ്ഥിതിക്കു ഇവിടെ അത്രപ്രായോഗികമല്ലാത്തതും നടപ്പില്ലാത്തതുമായ പുതിയകാര്യങ്ങളിൽ പ്രവത്തിക്കുന്ന ഈ വകുപ്പിലെ വിദഗ്ദ്ധന്മാരുടെ പരിശ്രമം സഫലമായി കാണാത്തതിൽ അത്ഭുതപ്പെടുന്നില്ല.

വ്യവസായങ്ങഠ ചെയ്തു് അതിൽ നിന്നും ആദായമുണ്ടാക്കുന്നതിനല്ലല്ലോ ഈ ഡിപ്പാർട്ടുമെൻറ് വച്ചിരിക്കുന്നതു്. പലതരത്തിലുള്ള പരീക്ഷണങ്ങഠ നടത്തി ഇവിടെ ആദായകരമായ വ്യവസായങ്ങഠ എന്തെല്ലാമെന്നറിഞ്ഞു് ജനങ്ങളെ ആ വിഷയങ്ങളിൽ പ്രോത്സാഹിപ്പിക്കുന്നതിനാണ് ഈ ഡിപ്പാട്ടുമെൻറ് സ്ഥാപിച്ചിരിക്കുന്നതു്. അതു് അവർ ഒരു വിധം ചെയ്യുന്നുമുണ്ട്. പുറത്തുനിന്നും വരുന്നസാധനങ്ങളോടു് മത്സരിച്ചു ജയിക്കാൻ നമുക്കു ഇപ്പോഠം സാധിക്കുകയില്ല. ജീവിത മത്സരത്തിൽ ഓരോവിഷയങ്ങളിൽ വൈദഗ്ദ്ധ്യം സമ്പാദിച്ചവരും വൈദഗ്ദ്ധ്യമില്ലാത്തവരും തമ്മിൽ കിടപിടിക്കുമ്പോഠ വൈദഗ്ദ്ധ്യമില്ലാത്തവർ പരാജയപ്പെട്ടുപോകുമെന്നുള്ളതു് സാധാരണമാണ്.

സോപ്പു്, തീപ്പെട്ടി, പെൻസിൽ എന്നിവ്യവസായങ്ങഠം നമ്മുടെ രാജ്യത്തിൽ മുന്നോട്ടുവരാത്തതിനുള്ള കാരണം അതിലേക്കു മുടക്കുന്ന മൂലധനത്തിൻെറ കുറവാണ് എന്നു പറയുന്നതു ശരിയല്ല. നേരെ മറിച്ചു് വളരെക്കാലത്തെ പരിചയമുള്ളവർ യന്ത്രശാലകളിൽ ഉണ്ടാക്കി അയക്കുന്ന സാമാനങ്ങളുടെ വിലക്കുറവും ഗുണവും കൊണ്ടാണ് നമുക്കു പരാജയം വരുന്നതു്. വിദേശസാമാനങ്ങളെ വാങ്ങിക്കരുതെന്നു ഒരു സ്വദേശിമൂവ്മെൻറുണ്ടാക്കി. ഇവയെതടുക്കയോ അല്ലെങ്കിൽ ഗവണ്മെൻറു തന്നെ ഇതിൽപ്രവേശിച്ചു് നിയന്ത്രിക്കയോ ചെയ്യാതെ പത്തു പതിനഞ്ചുകൊല്ലങ്ങളായി വ്യവസായ വകുപ്പിലെ വിദഗ്ദ്ധന്മാർ പരിശ്രമിച്ചുകൊണ്ടിരിരുന്നിട്ടും ഈ വകവ്യവസായങ്ങഠം അഭിവൃദ്ധിപ്പെട്ടുവരാത്തതു് കഷ്ടമാണെന്നു് പറയുന്നതിൽ വലിയ അത്ഥമുണ്ടെന്നു തോന്നുന്നില്ല.

കുടിൽവ്യവസായം ലോകത്തിലേക്കും വലിയഅഭിവൃദ്ധിയിൽ എത്തിയിരിക്കുന്ന ജപ്പാനിൽ കുറെപ്പേരെ അയച്ചു് പഠിപ്പിച്ചു വരുത്തി കുടിൽവ്യവസായത്തെ അഭിവൃദ്ധിപ്പെടുത്താൻ സാധിക്കുമോ എന്നു് ഒന്നു

[Mr. Tariatu Kunjitomman]

പരിശീലിച്ചുനാക്കേണ്ടതാണ്. അതിലേക്ക് മററു പാശ്ചാത്ത്യരാജ്യങ്ങളിലയച്ച് പഠിപ്പിക്കുന്നതിനുള്ളതുപോലെയുള്ള വലിയ ചിലവും വരികയില്ലായിരിക്കും.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): അതിലേക്ക് ഇപ്പോൾ ഉള്ള വിദഗ്ദന്മാരെ അയക്കണൊ, അതല്ല പുത്തനായിട്ട് ആരെയെങ്കിലും തിരഞ്ഞെടുത്ത് അയക്കണൊ?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): ഇപ്പോൾ കുടിൽ വ്യവസായം ജപ്പാനിൽ പോയിപരിശീലിച്ചിട്ടുള്ളവർ ആരും ഇവിടെ ഇല്ലെന്നു വിചാരിക്കുന്നു. അങ്ങനെ പരിശീലനം നടത്തിയിട്ടുള്ളവർ ഇവിടത്തെ വിദഗ്ദന്മാരുടെയിടയിൽ ഉണ്ടെങ്കിൽ അയക്കണമെന്നില്ല. ഇല്ലെങ്കിൽ കുറെയുവാക്കന്മാരെ അയച്ച് പരിശീലിപ്പിച്ചു വരുത്തിയാൽ കൊള്ളാം.

രാജ്യത്ത് ധനവാന്മാരും ദരിദ്രരും ഉണ്ട്. ദരിദ്രരാണ് അധികം. ഈ കുടിൽ വ്യവസായംകൊണ്ട് ദരിദ്രർക്കാണ് ഐശ്വര്യവും അഭിവൃദ്ധിയും ഉണ്ടാകാൻഇടയുള്ളത്. ഈ കാര്യം ഗവണ്മെൻറ് നല്ലവണ്ണം ശ്രദ്ധിക്കണം. ധനവാന്മാരുടെ ഐശ്വര്യത്തേക്കാൾ സാമാന്യ ജനങ്ങളുടെ ഐശ്വര്യത്തെ വേണം ഗവർണ്മെൻറ് അധികം നോക്കുവാൻ. വ്യവസായാഭിവൃദ്ധിയ്ക്കുള്ള തടസ്സങ്ങളെ നോക്കാതെ കേവലംകണ്ണുമടച്ചു ഡിപ്പാർട്ടുമെൻറ് അദ്ധ്യക്ഷനെ കുററംപറയുന്നതു ശരിയല്ല. അങ്ങിനെ പറയുന്നവരോട് ഞാൻ യോജിക്കുന്നില്ല. വ്യവസായാഭിവൃദ്ധിക്കായിട്ടു ഗവണ്മെൻറും ഡിപ്പാർട്ടുമെൻറും കൂട്ടതലായി എന്തെല്ലാം ചെയ്യാൻ കഴിയുമെന്നാലോചിച്ചു പ്രവൃത്തിക്കണം.

MR. P. S. MAHOMED (*Nominated*): സർ, ഞാൻ അവതരിപ്പിച്ച ഉപക്ഷേപത്തെ പരാമർശിച്ചുകൊണ്ട് ആവശ്യമുള്ളതും ഇല്ലാത്തതുമായ പലസംഗതികളേയും കൌൺസിലിൻെറ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ട്. ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെൻറു നിർത്തണമെന്നൊ അതു് ഇന്നു നില്ക്കുന്ന നിലയിൽ നിന്നും കുറെക്കൂടി കീഴ്പ്പോട്ട് ആക്കണമെന്നൊ ഉള്ള ആഗ്രഹം എനിക്കില്ല. എൻെറ ഉപക്ഷേപത്തെ എതൃത്തിട്ടുള്ളവർക്കുടിയും അതു് അഭിവൃദ്ധിപ്പെടുത്തണമെന്നുള്ള സംഗതിയെ ഈ കൌൺസിലിൻെറ ശ്രദ്ധയിൽ കൊണ്ടുവരണമെന്നുള്ളതായിരുന്നു ഉദ്ദേശം

എന്നു കാണുമ്പോൾ എൻെറ ഉദ്ദേശത്തെ ഒരിക്കലും എത്തുന്നില്ല എന്നാണ് എൻെറ പൂർണ്ണമായ വിശ്വാസം. ഡയറക്ടർ അവർകളുടെ പ്രസംഗത്തിൽനിന്നുംകയർ മാററിങ്സിനെസംബന്ധിച്ച് അന്യദേശത്തുള്ള മത്സരംക്രമത്തിലധികമായിട്ടുണ്ടെന്നും അതു അദ്ദേഹത്തിൻെറ ശ്രദ്ധയിൽ ഉണ്ടെന്നും അതു അദ്ദേഹത്തെ കൂടുതൽ വിഷമിപ്പിക്കുന്നു എന്നും എനിക്കുമനസ്സിലായി. അതു വളരെആശ്വാസം തന്നെ. നാം ഇവിടെ നിന്നും കയർകുറഞ്ഞ വിലക്ക് അയച്ചുകൊടുത്ത് അവക്ക് നമ്മെക്കാൾ ലാഭമായനിലയിൽ പാ നെയ്യുന്നതിനുള്ള ...കയ്യും ലഭിച്ചാൽ ...ന്നെയുംമററു സംഗതികളിൽ വേണ്ട പരിശീലനം അവക്ക് ലഭിക്കാൻ നിവൃത്തിയില്ലെന്ന് ഇവിടെപ്രസ്ഥാവിച്ചു. അതിനോട്ട് എനിക്കുയോജിക്കാൻ നിവൃത്തിയില്ല. നാം ഈ കയറിനെ എത്രയും കുറഞ്ഞവിലക്ക് അയച്ചുകൊടുത്താലും അവർ പരിശ്രമികളായതിനാൽ അവയെക്കൊണ്ട് കഴിയുന്നതും അവരുടെ രാജ്യത്ത് ഏതെല്ലാം ഉണ്ടാക്കാൻ സാധിക്കുമൊ അതെല്ലാം ഉണ്ടാക്കുന്നതിന് അവർ ശ്രമിക്കുകതന്നെ ചെയ്യും. അതുകൊണ്ട് നമ്മുടെ ഇൻഡസ്ട്രിയെ നാം പ്രൊട്ടക്റ്റ് ചെയ്യണം ഇങ്ങനെ നമ്മുടെ രാജ്യത്തെ പ്രധാന വ്യവസായത്തെ മററു രാജ്യക്കാർ അപഹരിക്കുന്നതിനെ നാം തടയുന്നതു കൊണ്ട് നമ്മുടെ രാജ്യത്തെ ചകരിയും കയറും അന്യരാജ്യങ്ങളിലേക്ക് അയക്കാൻഇടവരാതെ ആയിപോകുമെന്ന് അശേഷം സംശയിക്കേണ്ടതില്ല. വിദേശികൾ എത്ര തന്നെ ശ്രമിച്ചു നോക്കിയാലും ഇവിടെ ഉണ്ടാക്കുന്ന രീതിയിലുള്ള കയറ് ഉണ്ടാക്കാൻ അവക്ക് സാധിക്കുകയില്ല. ഇവിടത്തെ വ്യവസായത്തെ നശിപ്പിക്കുന്നതിന് ഇവിടത്തെ കയറും ചകരിയും കൊണ്ടല്ലാതെ സാധിക്കുകയില്ല. എന്നു മനസിലാക്കിയതു കൊണ്ടാണ് നമ്മുടെ കയറിന് ഡ്യൂട്ടിവയ്ക്കാതെയും നമ്മുടെ സാമാനങ്ങൾക്ക് ഡ്യൂട്ടി ചുമത്തിയും പ്രവത്തിച്ചിട്ടുള്ളത്. ഈ സംഗതി നാം നല്ലവണ്ണം മനസ്സിലാക്കി പ്രവത്തിക്കേണ്ടതാണ്. തിരുവിതാംകൂറിൽ പല സ്ഥലങ്ങളിലും കയറുണ്ടാക്കുന്നുണ്ട്. എങ്കിലും കടപ്പുറത്തു ഉണ്ടാക്കുന്ന കയറുപോലെഉണ്ടാക്കുന്നതിന് ഇവിടെ തന്നെ വേണ്ട ശ്രമം ചെയ്തിട്ടും സാധിക്കുകയില്ലെന്നാണ് കണ്ടതു്. ഇവിടതന്നെ സകല സൌകയ്യവും ഉണ്ടായിരുന്നിട്ടും ഒരു സ്ഥലത്തുണ്ടാക്കുന്ന കയറ് മറെറാരു സ്ഥലത്തുണ്ടാക്കാൻ സാധിക്കുന്നില്ല.

MR. K. C. KARUNAKARAN (*Nominated*): കടപ്പുറത്തു് ഉണ്ടാക്കുന്ന മാതിരിയുള്ള കയർ അന്യസ്ഥലത്തു് ഉണ്ടാക്കാറില്ലയോ?

MR. P. S. MAHOMED (*Nominated*): കായംകുളം ഓരങ്ങളിലുള്ള ചിലസ്ഥലങ്ങളിൽ ഉണ്ടാക്കുന്നതിന് സാധിച്ചിട്ടുണ്ട്. അവിടെ നന്നും ഇപ്പോൾ അന്യദേശങ്ങളിലേക്ക കൊണ്ടു പോകുന്ന കയർ അധികവും മാററിംഗ്സിനാണ ഉപയോഗിക്കുന്നതു്.

MR. K. C. KARUNAKARAN (*Nominated*): കടപ്പുറത്തുണ്ടാക്കുന്ന കയർ മാററിംഗ്സിന് ഉപയോഗിക്കുന്നില്ലയോ?

MR. P. S. MAHOMED (*Nominated*) ആ വിധത്തിൽ ഉപയോഗിക്കുന്നില്ല.

MR. K. C. KARUNAKARAN (*Nominated*): വിലകൂടിയ കയറു് ഏതെന്നറിയാമോ?

MR. P. S. MAHOMED (*Nominated*): കടപ്പുറംകയറാണ്. കയററിൻേറയും ചകരിയുടേയും വില അന്യദേശങ്ങളിലെ ഡിമാൻഡ് അനുസരിച്ചിരിക്കും. ധാരാളം കയറു വേണ്ടാ ആവശ്യമുണ്ടെങ്കിൽ കയററിനും ചകരിക്കും വിലകൂടിവരും. ഡിമാൻഡ് കുറയുന്നകാലത്തു് വിലയും ചുരുങ്ങിവരും. അതു സാധാരണയാണ്.

ഫാക്ടറി വ്യവസായം ഇവിടെ വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ പലതുമുണ്ട്. പല വ്യവസായവും പലവിധത്തിലും പരീക്ഷിച്ചുനോക്കി നല്ലതു് ഏതാണെന്ന് കണ്ടുപിടിച്ചിട്ട് അവയെനടപ്പിൽവരുത്തുകയാണ വേണ്ടതു്. അതിനെ ജനങ്ങളുടെയിടയിൽ മാതൃകയായി സ്വീകരിക്കത്തക്കവിധം അതു ആദായകരമാണെന്ന മനസ്സിലാക്കേണ്ടിയിരിക്കുന്നു. അങ്ങിനെയുള്ള തൊഴിൽശാലകളെ വർദ്ധിപ്പിക്കണം. ആയിൽമിൽ, ഒന്നുമാത്രമാണ് ആദ്യം സ്ഥാപിച്ചിരുന്നതു്. ആലപ്പുഴയിൽ അതില്ലായിരുന്നു. ആദായകരമാണെന്നുകണ്ടപ്പോൾ പലരും അതിലേക്ക പ്രവേശിച്ചു.

MR. MATTHEW MURIKKAN (*Vaikam*): അതുകൊണ്ടു ഗവണ്മെൻറു് ഫാക്ററി സ്ഥാപിക്കണമെന്നാണൊ മെമ്പർ പറയുന്നതു്?

MR. P. S. MAHOMED (*Nominated*): ഗവണ്മെൻറു് നല്ല നിലയിലുള്ള വ്യവസായമേതെന്ന് കണ്ടുപിടിച്ച് അതിനെ ഗവണ്മെൻറിൻെറ ചെലവിനിലയിൽ സ്ഥാപിച്ച് ജനങ്ങളെ മനസ്സിലാക്കണം. ജനങ്ങൾ അതിലേക്ക് ധാരാളമായി വരുമ്പോൾ ഗവണ്മെൻറു് അതിൽനിന്നും പിൻമാറി ജനങ്ങളെ ഏല്പിച്ചിട്ട് വേറെ ഒരു വ്യവസായം കണ്ടുപിടിച്ച് ജനങ്ങളെ മനസ്സിലാക്കണം.

MR. REVATI NAL RAMA VARMA RAJA (*Edaragai*): മദ്രാസ് ഗവണ്മെൻറിൽനിന്നും ഈമാതിരി ഫാക്ററികൾ ഏതെങ്കിലും നടത്തുന്നുണ്ടോ?

MR. P. S. MAHOMED (*Nominated*): വ്യവസായം ശരിയായനിലയിൽ വരണമെന്ന് ആഗ്രഹിക്കുന്ന പല ഗവണ്മെൻറും ഇങ്ങിനെപ്രവർത്തിച്ചിട്ടുണ്ട്. അതു സ്വന്തനിലയിലാണ്. ഒരു വ്യവസായശാലക്ക് നൂറ് ഷെയർ ഉണ്ടെങ്കിൽ തൊണ്ണൂറ് ഷെയറും ഗവണ്മെൻറിൻേറതായിരിക്കും. ജനങ്ങൾമുമ്പോട്ടുവരുമ്പോൾ ഗവണ്മെൻറ ഷെയർ ജനങ്ങൾക്കുവില്ക്കും. ഒടുവിൽ വ്യവസായം ജനങ്ങളുടേതായിതീരും.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): തിരുവിതാംകൂറിൽ എവിടെയെങ്കിലും ഗവണ്മെൻറു ഫാക്ററി വ്യവസായം തുടങ്ങിട്ടുണ്ടോ?

MR. P. S. MAHOMED (*Nominated*): ഗവണ്മെൻറ തുടങ്ങിയതായിട്ട് എനിക്കറിവില്ല.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): പുനലൂർ പേപ്പർമിൽ ഗവണ്മെൻറിൽനിന്നും തന്നെയാണൊ തുടങ്ങിയതു്?

MR. P. S. MAHOMED (*Nominated*): ഗവണ്മെൻറ് അതിൽ ശ്രദ്ധയോടുകൂടിയിരുന്നു. എത്രത്തോളം സാധിതപ്രായമാകുമെന്നുള്ള പരിശോധനയ്ക്കു ശേഷമല്ല ആരംഭിച്ചതു്. അതുകൊണ്ട് അപജയത്തിൽ കലാശിച്ചു. അതിലേക്കുവെളിയിൽ മാക്കററ് ഉണ്ടോ എന്ന് ഡയറക്ടർ കണ്ടുപിടിച്ചിട്ടില്ല.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): എക്കണോമിക്ക് ഡവലപ്പ്മെൻറ് ബോർഡിൽനിന്നും ശുപാർശ ചെയ്തിട്ടുള്ളതായി അറിയാമോ?

MR. P. S. MAHOMED (*Nominated*): എന്നു കേട്ടിട്ടുണ്ട്. ഈ സംഗതികളിൽ ഡയറക്ടർഅവർകൾ ശ്രദ്ധിക്കാമെന്നു പറഞ്ഞതുകൊണ്ട് ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു് അനുമതിചോദിച്ചുകൊള്ളുന്നു.

PRESIDENT: Has the member the leave of the House to withdraw his motion?

The motion was, by leave, withdrawn.

Motion 470 A.

The following motion was not moved.

MR. A. THANU PILLAI:

To reduce the allotment of Rs. 7,881 for establishment by Re. 1.

Motion 471.

MR. K. C. KARUNAKARAN (*Nominated*): I beg to move to reduce the allotment of Rs. 3,000 for travelling allowances by Rs. 10.

Sir, what I have to say with regard to the encouragement of local industry I have already dealt with in my Budget speech. I did not think of moving this motion, but on hearing my Friend, Mr. P. S. Mahomed handling a very difficult and important problem, I thought that I would take this opportunity to put before the House the real position of the most important of all our cottage industries, the coir yarn industry.

From the pleadings of Mr. P. S. Mahomed before this House, I understood that he is pleading for increasing the export duty of coir yarn. I remember that in 1924, when Dr. Kunjan Pillai was in England, he was discussing this problem with some eminent men, who were interested in the importation of coir yarn, and then he came to the conclusion that the increase in the export duty would kill one of the most important industries of this State. If I want to elaborate this question, I want really to take you to the position of the cottage industry of coir yarn in this country to-day. Sir, we are not producing one or two or half a dozen varieties of yarn. We are producing about ten qualities of coir yarn, which are very well-known in the world markets today The most important qualities are Anjengo and Alapad. The others are Ashtamudi, Mangadan, Beach yarn etc. I fully agree with the statement of Mr. P. S. Mahomed that no other country in the world can produce the best kind of coir yarn such as Anjengo. But I must inform him that the Mangadan yarn, which is confined to the districts of Ashtamudi hitherto, are being imitated in most of the British Indian States; for instance, this Mangadan yarn is very wellimitated in the Cochin State and they are exporting it to other countries and as a result the competition of these Cochin exporters is very keen, because, as you are aware, there is no export duty in Cochin, while we have to pay about Rs. 4-8-0 per candy on all yarns we export. The Beach yarn can be produced even in districts like Tanjore, Ganjam and also in Ceylon. Ceylon is best suited for the production of this yarn.

I have no objection in putting a duty with regard to Anjengo and Alapad yarns, because Travancore enjoys full monopoly with regard to these. The whole question is whether we can make a discrimination between these different varieties of coir yarn. Suppose I got an order for hundred bales of, say, Anjengo yarn, and you discriminate to increase the duty of Anjengo yarn and keep the duty on Beach yarn as it is. Suppose the bale is weighed and its weight is found to be 300 cwts. I can freely tell the Customs Officer that it is Beach yarn, instead of Anjengo yarn on which the Government may be justified in increasing the duty. What I want to say is that it will be a very impracticable scheme.

Another point I have to point out here is that when the Government or the public demand for increasing the tariff value or the duty on a particular article, they have to see very carefully whether the country is able to consume that article either for industrial purposes or for any

other purpose. I may explain here that the Travancore mats and matting industry will take a few decades more to be able to consume the whole quantity of coir yarn produced in this country and it is a mistake, a big blunder, when Mr. Mahomed said that owing to the facility with which the foreign buyer could obtain this yarn, the export duty ought to be increased. Even before Alleppey had seen its first dawn on coir industry, I can assure Mr. Mahomed, even before his own generation knew anything about this industry,—

PRESIDENT : You may assure this House.

MR. K. C. KARUNAKARAN (*Nominated*) : I can assure this House that countries like England, Holland, Belgium and Germany were carrying on this industry in a systematic way, and even today we are not able to compete with the big industrial factories in Germany, Holland and England, although somtimes we are able.

MR. P. S. MAHOMED (*Nominated*) : ഇവിടെനിന്നും അയക്കുന്ന മാറ്റ്സ് ആൻഡ് മാററിങ്ങിന് ഇമ്പോർട്ടുഡ്യൂട്ടി കൊടുക്കുന്നതായിട്ടറിയാമോ?

MR. K. C. KARUNAKARAN (*Nominated*) : ഇംഗ്ലണ്ടിൽ ഇല്ല.

MR. P. S. MAHOMED (*Nominated*) : അമേരിക്കയിലോ, ജമ്മനിയിലോ ഉണ്ടോ?

MR. K. C. KARUNAKARAN (*Nominated*) : ജമ്മനിയിലും അമേരിക്കയിലും ഉണ്ട്.

There also my friend is showing a big fallacy. If we are going to increase the export duty on mats and matting, because Holland, Germany and the United States of America increase their import duty on mats and matting, how are you going to differentiate between these countries and ours? We are now-a-days crying for free trade? There also I must admit that I will be the first man—

MR. MATTHEW MURIKKAN (*Vaikam*) : Does the member advocate free trade for Travancore?

MR. K. C. KARUNAKARAN (*Nominated*) : I said that as a general statement. Yes, sir, I maintain that we should have free trade in Travancore, when the conditions of our industry in Travancore rise to such a level as in other countries.

MR. MATTHEW MURIKKAN (*Vaikam*), Not at present?

MR. K. C. KARUNAKARAN (*Nominated*) : Not at present. I will be the first man to come and plead to the Government for increasing export duty, provided we are able to consume all the raw materials we produce. As long as we do not do so, I do not think that it would be a wise policy to adopt. What I say is that we are not able to consume all the coir yarn produced in Travancore in our own factories or in foreign factories established in this country.

[Mr. K. C. Karunakaran.]

Another thing that I want to place before the House is that there are many other countries today, where they are very busy with the development of coir yarn industry. Before the War, if you refer to the Statistics published in British India, you will be able to see that about 95 per cent of the requirements of Germany were drawn from the Cochin and Alleppey Ports. During the War Germany found it very difficult to get coir yarn from our country. But other countries were busy developing the coir industry and in 1920 the Director of Industries of Java came to Travancore to study the conditions under which the industry is being carried on in this country and he has published a book in the Dutch language about what he saw in Travancore and how this industry can be developed in Dutch Indies. Today Germany is one of the biggest buyers of coiryarn from Dutch Indies.

Dutch yarn is inferior to our coiryarn when compared with the colour of the yarn. I must also inform this House that before 1920, we have not been doing any colour or design work in mats and matting, because foreign countries liked our plain mattings better. Because Germany found that during the war they cannot get our yarn they got down half coloured yarn; they dyed it and made mattings of very good design and sold these fancy mattings at the same price as our plain mattings, which we used to export. Now we are not exporting even 5 per cent of the plain mattings we used to export before and during the war.

Another thing that I wish to mention is that in January last, Holland entered into a very keen competition with the Alleppey manufacturers in the London Market and I may tell the House that we have beaten them. I understand that some of the manufacturers are really suffering very much, but I maintain that it is simply owing to the inefficiency with which these factories are worked. It is not because the coir yarn is going out of the country. I am a manufacturer myself controlling over a thousand people daily and I tell you we are not capitalists but we are pushed up from above by the professional money lenders and from below by the so-called labour lenders. I recall in this connection the relations which exist between the employer and the employee. The workers are doing much harm to us and indirectly to the men who are engaged in the economic uplift of the country. These are some of the things which the Government should try to remedy. They have to interfere when they see that the industry is threatened by strike or lock-out.

MR. P. S. MAHOMED (*Nominated*): മാററിംഗ്സിന്റെ ഫാറിൻ മാൎക്കററു വില ഇപ്പോൾ കുറഞ്ഞു വരികയാണെന്നറിയാമോ?

MR. K. C. KARUNAKARAN (*Nominated*): Yes. But Mr. Mahomed must remember that competition is the life-blood of business and that those who have devoted their lives to industry and commerce are not going—

MR. P. S. MAHOMED (*Nominated*) : കോംപെററീഷൻ നിമിത്തം ഫാറിൻമാക്കററു വില കുറച്ചു കൊടുക്കയും വേലക്കാരുടെ കൂലി ദിവസംപ്രതി കുറയ്ക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്യുന്നതായിട്ട് അറിയാമോ?

MR. K. C. KARUNAKARAN (*Nominated*) : I cannot answer that question, Sir.

PRESIDENT : You need not answer the question.

MR. K. C. KARUNAKARAN (*Nominated*) : In this connection, it is pitiable that the Government sit still blindly and allow the workers, to go on as they like. The poor ignorant workers are being led by people who have no idea or conception of the economic condition of the State. When one man leads thousands follow him. Today in Mohamma the workers in a factory belonging to William Goodacre have gone on strike through the action of these leaders and as a result the families of these poor workers are suffering.

While on this subject, I will just read a line from a person who knows very intimately the economic condition of the country and also the relationship that exists between the workers and the employers of labour in the country. Sir, here is the reply written by our Deputy President, Rao Bahadur K. A. Krishna Aiyangar, to one of the English Firms in Alleppey which has been distributed by the Travancore Chamber of Commerce. He says:

"I told them that these industries are not run on philanthropic basis and that labourers should not assume that the whole concern is worked for the benefit of the labourers. I was under the impression that the local labourers are not likely to go on strike thoughtlessly. In the present unorganised condition of labour, some healthy external influence may have a sobering effect and the ideal condition would be where labour is led and organised by the members of the labour force themselves. Most of the self-styled leaders have no correct conception either of the economic position or the mischievous reaction which will result from thoughtless action. It is up to you and other employers of labour to help them to organise the movement on sound lines. Most of the leaders have no correct conception of the economic position or of the mischievous reaction which will result from their thoughtless actions. It is up to employers of labour to help them to organise a movement."

From this we can understand how we are working. We are all very much concerned about the workers and their families. We cannot carry on our industry without these employees and we will be the first to put down these labour strikes by giving them a wage which will keep them and their families living. It is not our interest to see strikes up. What we really want the Government to do is to devise some machinery with representatives of employers, employeês and Government to conciliate employers and employeês in the event of an anticipated strike or lock-out.

MR. V. CHELLAM PILLAI (*Tovala*) : What is the dividend that they declare every year to the share holders?

MR. K. C. KARUNAKARAN (*Nominated*): You may as well refer to the balance sheet.

PRESIDENT: It is a question which you need not answer.

MR. P. S. MAHOMED (*Nominated*): സർ, മിസ്റ്റർ കരുണാകരൻ ഇവിടെ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ എതിർത്തുകൊള്ളുന്നു. മാററിംഗ്സിനെ സംബന്ധിച്ച് എനിക്കു പറയാനുള്ള അഭിപ്രായം പറഞ്ഞുകഴിഞ്ഞു. അതിനെ സംബന്ധിച്ച സംഗതികൾക്കല്ല ഞാൻ ഇതിനെ പ്രത്യേകമായിട്ട് എതിർക്കുന്നത്. കൂലിക്കാരെ സംബന്ധിച്ച് പറയുന്നു എങ്കിൽ അത് ക്യാപ്പിററലിസ്റ്റിൻെറ ഇഷ്ടം പോലെ കൂലികുറയ്ക്കുകയും അവരുടെ ആഹാരത്തിനുപോലും കൊടുക്കാതെ പലവിധത്തിലും ഉപദ്രവിച്ചു വരികയും ചെയ്യുന്നുണ്ട്. ഇവർ കണ്ണുമടച്ച് മുതലാളിമാരുടെ കാലിൽ പിടിച്ചു കിടക്കണമെന്നാണ് എൻെറ സ്നേഹിതൻ പ്രസ്താവിക്കുന്നത്.

PRESIDENT: I do not think you need go into the details with regard to any proposed labour legislation. If you are going to talk about that, that is not exactly the point before the House.

MR. P. S. MAHOMED (*Nominated*): ഫാറിൻമാർക്കററിലുള്ള ദോഷങ്ങളെ തീർക്കുന്നതിന് ഇവിടത്തെ സാധുക്കളായ തൊഴിലാളികളുടെ കൂലി കുറയ്ക്കുകയാണ് ഇവർ ചെയ്യുന്നത്. അവരുടെ സംഗതികൾ ന്യായമായ മാർഗ്ഗങ്ങളിൽകൂടി ക്യാപ്പിററലിസ്റ്റിനെ ധരിപ്പിക്കാമെന്നു വിചാരിച്ചാൽ അതിനുള്ള സൌകര്യം അവർക്കു കൊടുക്കുകയില്ല. എൻെറ സ്നേഹിതൻ ഇവിടെ വായിച്ച എഴുത്തിൻെറ ഉത്ഭവം പരമാർത്ഥമാണ്.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): I rise to a point of order, Sir, as to how far this House is benefited by this discussion, so far as the Industries Department is concerned?

MR. P. S. MAHOMED (*Nominated*): ഈ ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെൻറിൽ വേണ്ടപോലെ.........

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): May I remind the House that the time allowed for the demand has expired?

PRESIDENT: Yes, the time is just expiring.

The time allotted for the Demand has now expired and this and the other motions lapse.

The above and the following motions lapsed on account of the expiry of the time allotted for the Demand.

Motions 472 to 490.

MR. K. C. KARUNAKARAN :

472. To reduce the allotment of Rs. 3,000 for travelling allowances by Rs. 10.

MR. A. C. KURIAKOSE :

473. To reduce the allotment of Rs. 3,000 for travelling allowances by Rs. 10.

MR. K. C. KARUNAKARAN :

474. To reduce the allotment of Rs. 3,000 for travelling allowances by Rs. 10.

MR. TAMARAPALLIL KOCHUTOMMAN :

475. To reduce the allotment of Rs. 3,000 for travelling allowances by Rs. 100.

MR. V. CHELLAM PILLAI :

476. To reduce the allotment of Rs. 17,098 for Direction by Re. 1.

MR. R. KESAVA PILLAI :

477. To reduce the allotment of Rs. 17,098 for Direction by Re. 1.

MR. T. C. KESAVA PILLAI :

478. To reduce the allotment of Rs. 17,098 for Direction by Re. 1.

MR. D. C. JOSEPH :

479. To reduce the allotment of Rs. 17,098 for Direction by Rs. 5.

MR. P. S. MAHOMED :

480. To reduce the allotment of Rs. 17,098 for Direction by Rs. 10.

MR. A. C. KURIAKOSE :

481. To reduce the allotment of Rs. 2,400 for establishment by Rs 5.

MR. A. C. KURIAKOSE :

482. To reduce the allotment of Rs. 1,142 for school establishment by Rs. 5.

MR. K. P. NILAKANTA PILLAI :

483. To omit the allotment of Rs. 300 for the pay of the Assistant Instructor in type-writing.

MR. K. C. KARUNAKARAN :

484. To omit the allotment of Rs. 10,257 for Government School of Commerce.

MR. K. PADMANABHA PANIKKAR :

485. To reduce the allotment of Rs. 20,000 for grants to industrial institutions by Rs. 10.

MR. REVATI NAL RAMA VARMA RAJA :

485 A. To reduce the allotment of Rs. 75,605 for Industrial Education by Rs. 10.

MR. K. C. KARUNAKARAN :

486. To omit the allotment of Rs. 5,614 for Experimental Tannery.

MR. T. C. KESAVA PILLAI :

487 To omit the total allotment of Rs. 1,26,001 under Demand XIV.

MR. K. P. NILAKANTA PILLAI :

488. To reduce the total allotment of Rs 1,26,001 under Demand XIV by Re. 1.

MR. MURUVELIL PACHU PILLAI :

489 To reduce the total allotment of Rs. 1,26,001 under Demand XIV by Re. 1.

MR. P. S MAHOMED :

490. To reduce the total allotment of Rs 1,26,001 under Demand XIV by Rs. 100.

PRESIDENT : I put to the House for its vote Demand No. XIV—Industries—Rs. 1,26,001. May I take it the Demand is passed ?

The grant was made.

DEMAND XV—MEDICAL DEPARTMENT INCLUDING GRANTS TO EUROPEAN MEDICAL INSTITUTIONS AND SCHOLARSHIPS FOR THE STUDY OF EUROPEAN MEDICINE.

PRESIDENT : The House will now pass on to Demand No. XV—Medical Department including Grants to European Medical Institutions and Scholarships for the study of European medicine.

DR. K. RAMAN TAMPI (*Inspecting Medical Officer*): I rise to move for a grant not exceeding Rs. 7,09,454, under Demand XV—Medical Department including Grants to European Medical Institutions and Scholarships for the study of European Medicine.

Motions 491 to 495.

The following motions were not moved:—

MR. ITTOOP ITTEECHAN :
491. To omit the allotment of Rs. 7,308 for establishment.

MR. MATTHEW MURIKKAN :
492. To omit the allotment of Rs. 7,308 for establishment.

MR. V. J. OOMMEN :
493. To omit the allotment of Rs. 7,308 for establishment.

MR. P. S. MAHOMED :
494. To omit the allotment of Rs. 7,308 for establishment.

MR. A. THANU PILLAI :
494 A. To omit the allotment of Rs. 7,308 for establishment.

MR. A. C. KURIAKOSE :
495. To omit the allotment of Rs. 180 for personal allowance

Motion 496.

MR. A. C. KURIAKOSE :
To reduce the allotment of Rs. 7,308 for establishment by Rs. 5.

MR. A. C. KURIAKOSE (*Minachil cum Devicolam*): സർ, എസ്റ്റാബ്ലിഷ്മെൻറു വകയിലേക്ക് അനുവദിക്കപ്പെട്ടിരിക്കുന്ന ൭,൩൦൮ രൂപായിൽനിന്നും ൫ രൂപാ കുറയ്ക്കണമെന്നുള്ള എന്റെ ഉപക്ഷേപത്തെ ഇവിടെ അവതരിപ്പിച്ചു കൊള്ളുന്നു. ഈ ഉപക്ഷേപം ഹാജരാക്കുന്നതിന്റെ പ്രധാനഉദ്ദേശം പൊതുവായി ഡിപ്പാർട്ടുമെൻറിനെയോ ഗവർണ്മെൻറിന്റെ നയത്തെയോ പററി എന്തെങ്കിലും പറയണമെന്നുള്ളതല്ല. നേരെമറിച്ച് പ്രാദേശികാവശ്യങ്ങളെപ്പററി ചില പ്രത്യേകകാര്യങ്ങൾ ഈ സന്ദർഭത്തിൽ ഗവർണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതു് ഉചിതമായിരിക്കുമെന്നുള്ള വിചാരം കൊണ്ടുമാത്രമാണ് ഈ ഉപക്ഷേപം ഹാജരാക്കുന്നതു്.

ളാലത്തു് ഒരു ഡിസ്ട്രിക്ട് ആസ്പത്രിഉണ്ടു്. ഈ ആസ്പത്രിയിൽ സുലഭമായി രോഗികൾ വരികയും ചികിത്സിച്ചു കൊണ്ടിരിക്കുകയും ചെയ്യു

ന്നമുണ്ട്. എന്നാൽ പുറമെനിന്നു വരുന്നവക്ക് അവിടെ താമസിച്ച് ചികിത്സനടത്തിക്കുന്നതിനു സൌകര്യം ഉണ്ടാക്കിക്കൊടുക്കാത്തതുകൊണ്ട് രോഗികൾ വളരെ സങ്കടം അനുഭവിച്ചുവരുന്നു. അതിന് ഒരു പരിഹാരം ഉണ്ടാക്കിക്കൊടുക്കണമെന്നുള്ള സംഗതി ഈ കൌൺസിലിന്റെ ആലോചനക്കു വിഷയമാക്കിക്കൊള്ളുന്നു. അവിടെ ഇപ്പോൾ പ്രത്യേകമായി രണ്ടുവാർഡ് ഉണ്ട്. ഒരു വാഡിൽ സ്ത്രീകളേയും ഒരു വാഡിൽ പുരുഷന്മാരേയും ഇട്ടു ചികിത്സിച്ചുവരുന്നു. എന്നാൽ സാമാന്യം ഭേദപ്പെട്ടവരും ആസ്പത്രിയിൽ കിടത്തി ചികിത്സിച്ചേ തീരൂ എന്നുള്ള നിലയിൽ രോഗം ബാധിച്ചവരുമായ രോഗികൾക്ക് വേണ്ട മന്ദിരങ്ങൾ ആസ്പത്രിയിൽ ഇല്ലാത്തതുകൊണ്ട് ആളുകൾ വളരെ കഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതിലേക്ക് ഒരു വാർഡു കൂടി ഏർപ്പെടുത്തണമെന്നുള്ളതു് ഡിപ്പാർട്ടുമെൻറിന്റെ ശ്രദ്ധയിൽ മുമ്പിലേതന്നെ കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ അവിടെ ഒരു വാഡിന്റെ ആവശ്യത്തിനു തക്കവണ്ണം രോഗികൾ ആശുപത്രിയിൽ കിടന്നു ചികിത്സിപ്പിക്കുവാൻ ഇല്ലാത്തതുകൊണ്ട് നൂതനമായ ഒരു മന്ദിരം ആവശ്യമില്ലെന്നാണ് ഡിപ്പാർട്ടുമെൻറിൽ നിന്നും പറയുന്നമറുപടി. രോഗികൾക്കു വേണ്ട സൌകര്യം ഉണ്ടാക്കിക്കൊടുത്താൽ രോഗികൾ ധാരാളം കാണുമെന്ന് അവിടെയിരിക്കുന്നമെഡിക്കൽ ആഫീസർതന്നെ സാക്ഷ്യം വഹിക്കുന്നതാണ് എന്നാണ് ഇതിൻ സമാധാനം പറയുവാനുള്ളതു്. സ്ഥലത്തെ ആവശ്യങ്ങളും സാഹചര്യങ്ങളും നന്നായിട്ടറിയാവുന്നതു കൊണ്ടാകുന്നു ഈ കാര്യം വീണ്ടും വീണ്ടും പ്രതിപാദിക്കുവാൻ ഇടയാകുന്നതെന്നും കൂടി പറയേണ്ടിയിരിക്കുന്നു.

അതുപോലെ ശസ്ത്രക്രിയ നടത്തുന്നതിനുള്ള മന്ദിരമൊ പ്രസവആവശ്യത്തിനുള്ള മുറികളൊ അവിടെ ഇല്ല. ഇതു് ഒരു പഴയഡിസ്ത്രിക്ക് ആശുപത്രിയാണ്. സാധാരണ ഡിസ്ത്രിക്ട് ആസ്പത്രികളിലേക്കാൾ കൂടുതൽ രോഗികൾക്ക് അവിടെ ചികിത്സ നടത്തിപ്പോരുന്നുമുണ്ട്. അതുകൊണ്ട് പ്രത്യേകം ഒരു മന്ദിരം അതിന്സമീപമായി പണിയിച്ചുതരണം. പുറമെ നിന്നും വരുന്ന രോഗികൾക്ക് ഫീസുവച്ചാലും തരക്കേടില്ല. ഇത്ര വിസ്തൃതമായ ഒരു പ്രദേശത്തു് ഒരു ഡിസ്ത്രിക്ട് ആശുപത്രിയിൽ ഒരു വാർഡുകൂടി ഉണ്ടാക്കുന്നതിനു ഡിപ്പാർട്ടുമെൻറിന്റെ ശ്രദ്ധ പതിയുകയും ഗവമ്മെൻറിന്റെ അനുഭാവം ഉണ്ടാകുകയും ചെയ്യണമെന്ന് അനേകവട്ടം അപേക്ഷിക്കേണ്ടതായിവന്നതിൽ കുണ്ഠിതമുണ്ട്.

ഈ ആസ്പത്രിയിൽ കൂടുതൽ കമ്പൗണ്ടർമാരെ ആക്കണം. ഒരു ലേഡിഡാക്ടരെ ആക്കിത്തരണം എന്നും മററും ഇതിനു മുമ്പുതന്നെ ഇ

[Mr. A. C. Kuriakose.]

കൌൺസിലിൻെറ മുമ്പാകെ സകാരണം ഉപക്ഷേപം കൊണ്ടുവന്നിട്ടുണ്ട്. ഇതിന് ഒടുവിൽ പറഞ്ഞ ഭാഗം അനുവദിച്ചിരിക്കുന്നു എന്നു മറുപടി പറഞ്ഞു എങ്കിലും ബഡ്ജററിൽ അതിലേക്കുള്ള പ്രൊവിഷൻ കാണുന്നില്ല. ഈ ആവശ്യങ്ങളെ ഗവമെൻറിൻെറ ശ്രദ്ധയിൽ പെടുത്തുകയും ഡിപ്പാർട്ടുമെൻറു സമ്മതിക്കുകയും ചെയ്തിട്ടുണ്ട് എങ്കിലും കാര്യനടപ്പില്ലാത്തതു ശോചനീയം തന്നെ. ഡിപ്പാർട്ടുമെൻറ് അതിനുള്ള മാർഗ്ഗം കാണാതെ കാലം കടന്നുപോകുന്നതു് ക്ഷന്തവ്യമായിരിക്കുന്നില്ല. ഈ പ്രാദേശികാവശ്യങ്ങളുടെ ഒഴിച്ചുകൂടുവാൻ പാടില്ലാത്ത സാഹചര്യവും ജനങ്ങളുടെ ആവശ്യവും മനഃസ്ഥിതിയും മനസ്സിലാക്കി അതിനനുസരണമായ ഒരു മറുപടി നൽകുമെന്നും അചിരേണ കാര്യം സാധിതപ്രായമാകുമെന്നും ഉള്ള ആഗ്രഹത്തോടുകൂടി ഈ ഉപക്ഷേപത്തെ ഈ സഭമുമ്പാകെ ഹാജരാക്കിക്കൊള്ളുന്നു.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): I rise to support the motion before the House. I place before the Government the necessity for a hospital at Putukadai in the Vilavankod taluk. Recently we had enough of casualties during the recent epidemic. The Medical Board also was kind enough to intimate to the Government that the Vilavankod taluk contained the maximum number of malarial patients at Arumana. There is a hospital at Kuzhitturai to which some grant is being given. The Doctor is a man who has passed the Fourth Form examination only. In the Sri Mulam Popular Assembly last year a representation was made about this man in the strongest terms possible. Ever since the formation of this hospital there is a loud complaint about this man. So, I wish to draw the attention of the Government to consider this aspect of the matter, as early as possible, and establish a Government hospital at Kuzhitturai.

Secondly the Chinthamony form of treatment has been recognised by this Council last time. Recognition has been given to some Vaidyans also. This is one of the best forms of treatment available in South Travancore. So, I request the Government to give instructions to the Director of Ayurveda to give recognition and grants to more Vaidyans and to appoint one or two expert Vaidyans in the Ayurveda pharmacy.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): What about Homeopathy?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): I think that form of treatment has been included in the Ayurveda Department.

As regards the allotment for Ayurveda I find from the Budget that it is too low. I request the Government to increase that allotment. With these few words I support the motion.

MR. ITTOOP ITTEECHAN (*Kunnatnad*): മി: കുര്യാക്കോസിന്റെ അഭിപ്രായത്തിനെ ഞാൻ പിൻതാങ്ങുന്നു. ഈ മെഡിക്കൽ ബോഡു കൊണ്ട് ജനങ്ങളും ഗവമ്മെന്റും ഉദ്ദേശിക്കുന്ന യാതൊരു ഗുണവും ഇല്ലെന്നുള്ളതു് കഴിഞ്ഞ ബഡ്ജററു കാലത്തെ കൌൺസിലിൽ ഈ ബോഡിനെ നിൎത്തൽ ചെയ്യണമെന്ന് പ്രമേയം പാസ്സാക്കിയതിൽനിന്നും മനസ്സിലാക്കാവുന്നതാണ്. ആ അഭിപ്രായത്തെ ഗവമ്മെന്റോ ബോഡോ വകവയ്ക്കാതെ ഇതിനെ പരിപാലിച്ചുവരുന്നതുകൊണ്ട് ജനങ്ങളുടെ സങ്കടത്തേയും അതുകൊണ്ടുള്ള ഫലത്തേയും ഈ സഭയിൽ വിശദപ്പെടുത്തണമെന്നു മാത്രമേ എന്റെ പ്രസംഗം കൊണ്ട് ഉദ്ദേശിക്കുന്നുള്ളു.

ഫ ഫ ം ർ – അവസാനിക്കാറായിട്ടും എല്ലാ ആസ്പത്രികളിലും മരുന്നുകൾ അയച്ചു കൊടുത്തിട്ടില്ല. വരുത്തിക്കൊടുത്തിട്ടുള്ള മരുന്നുകൾ തന്നെ ഒരു വിധത്തിലും തിരുവിതാംകൂറിലെ ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിനു് ഉപയുക്തമായിട്ടുള്ളതല്ലെന്നാണ് എന്റെ അറിവിൽപെട്ടിട്ടുള്ളതു്.

PRESIDENT: Mr. Itteechan, if you look down and say, Dr. Tampi won't be able to hear you. Please look up and deliver your speech.

MR. ITTOOP ITTEECHAN (*Kunnatnad*): ഇതുകൂടാതെ ശസ്ത്രക്രിയയെ സംബന്ധിച്ചുള്ള സാമഗ്രികളും എല്ലാ ആസ്പത്രികളിലും അയച്ചുകൊടുത്തിട്ടില്ല. ഞാൻ അറിഞ്ഞിട്ടുള്ളിടത്തോളം അതുകൊണ്ട് പല അനിഷ്ടസംഭവങ്ങളും ഉണ്ടായിട്ടുണ്ടെന്നും അതുനിമിത്തം പല അപായങ്ങളുമുണ്ടായിട്ടുണ്ടെന്നുമാണ്. ചില അവസരങ്ങളിൽ അടുത്ത ആസ്പത്രികളിൽനിന്നും ചില സാമഗ്രികൾ കടം വാങ്ങീട്ടുണ്ടെന്നു കൂടി എനിക്കറിയാം.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): Sir, I rise to a point of order. The member is reading from manuscript.

PRESIDENT: Are you reading, Mr. Itteechan, or referring to some notes?

MR. ITTOOP ITTEECHAN (*Kunnatnad*): ഞാൻ വായിക്കയല്ല. ആസ്പത്രികളെ പരിശോധിക്കുന്ന അവസരത്തിൽ രോഗികളുടെ സ്ഥിതിയെപ്പററി ബോർഡ് യാതൊന്നും അന്വേഷിക്കുന്നില്ല. മെഡിക്കലാഫീസരുടെ വീഴ്ചകളെപ്പററി മെഡിക്കൽബോർഡ് അന്വേഷിക്കുന്നതു് ഒരു വിധത്തിലും തൃപ്തികരമല്ല. പ്ലേഗ്, കാളറ മുതലായ സാംക്രമികരോഗങ്ങളുടെ ചികിത്സക്കായി പോയിട്ടുള്ള മെഡിക്കലാഫീസറന്മാൎക്ക് യാതൊരു അലവൻസും കൊടുക്കുന്നതിന് ബോർഡ് ഒരുവിധത്തിലും ജാഗ്രതചെയ്തിട്ടില്ല.

[Mr. Ittoop Itteechan.]

ആണ്ടിൽ രണ്ടുമൂന്നുതവണവീതം ചില മെഡിക്കലാഫീസറന്മാരെ ഇപ്പോൾ സ്ഥലംമാററി വരുന്നുണ്ട്. ഉദ്യോഗസ്ഥന്മാരുടെ വിഷയത്തിൽ ബോർഡിന്റെ നയം ഒട്ടും തൃപ്തികരമായ നിലയിലല്ല ഇപ്പോൾ നടത്തിവരുന്നതു്.

ഇനി എന്റെ താലൂക്കിന്റെ സ്ഥിതിയെപ്പററി പറയാം. എന്റെ താലൂക്കിന് ഏകദേശം നാനൂറു ചതുരശ്ര മൈൽ വിസ്തീർണ്ണമുണ്ടു. ഈ താലൂക്കിൽ മൂന്നു ഡിസ്പെൻസറിയും ഒരു ഡാക്ടറും മിക്കവാറും മരുന്നുകൾ ഇല്ലാത്ത നിലയിലുമാണ് ഇവയെ ഇപ്പോൾ നടത്തിവരുന്നതു്.

MR. MURUVELIL PACHU PILLAI (*Shertallai*): മൂന്നു ഡിസ്പെൻസറികൾക്കും കൂടി ഒരു ഡാക്ടറെ ആണൊ വച്ചിരിക്കുന്നതു്?

MR. ITTOOP ITTEECHAN (*Kunnatnad*): അതെ. അതുകൊണ്ടു രണ്ടു ഡിസ്പെൻസറികൾക്കുകൂടി ഒരു ഡാക്ടറെ അനുവദിച്ചുതരണം.

അങ്കമാലിയിൽ ഒരു ഡിസ്പെൻസറി സ്ഥാപിച്ചുതരണമെന്നു പല ഹർജികളും ബോർഡിൽ അയച്ചിട്ടുണ്ട്. ഒരു ഡെപ്യൂട്ടേഷനായും ചെന്നു ഇതിനെപററി പരാതിപ്പെട്ടിട്ടുണ്ട്. ഡെപ്യൂട്ടേഷനെസംബന്ധിച്ചു ഈ കൌൺസിലിൽ ചോദ്യം ചോദിച്ചപ്പോൾ ഒരു ഡെപ്യൂട്ടേഷൻതന്നെ വന്നിട്ടില്ലെന്നാണ് കിട്ടിയമറുപടി. കഴിഞ്ഞകൊല്ലം ഈ കൌൺസിലിൽ തന്നെ ഇതിനെപററി സങ്കടം പറഞ്ഞപ്പോൾ അങ്കമാലിയിൽ ഒരു ഡിസ്പെൻസറി സ്ഥാപിച്ചുതരാമെന്നാണ് ബോർഡിലെ മെമ്പറും ഇൻസ്പെക്റ്ററിംഗ് മെഡിക്കലാഫീസർ പറഞ്ഞതു്. അതു് ഇതുവരെ അനുവദിച്ചിട്ടില്ല.

കുന്നത്തുനാട്ടു താലൂക്കിന്റെ പ്രധാനഭാഗങ്ങളായ മാണിക്കമംഗലം, കോതകുളങ്ങര, മഞ്ഞപ്ര ഈ പകുതികളിലെ ജനങ്ങൾ സർവ്വപ്രധാനമായ ആയുസ്സിന്റെ കാര്യത്തിൽപോലും അസമത്വം അനുഭവിച്ചുവരുന്നു എന്നുള്ള സംഗതിയും ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. അതിനാൽ ഈ കൌൺസിലിന്റെയും ഗവണ്മെണ്ടിന്റെയും ദയാദൃഷ്ടിയുണ്ടായി ഇനിയെങ്കിലും ആ സ്ഥലത്തു് ഒരു ഡിസ്പെൻസറി അനുവദിച്ചുതരണമെന്നു വിനയപൂർവ്വം അപേക്ഷിച്ചുകൊണ്ടു തൽക്കാലം വിരമിച്ചുകൊള്ളുന്നു.

MR. TAMARAPALLIL KOCHUTOMMAN (*Puttanamtitta*): സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു. ചെങ്ങന്നൂർ ഇപ്പോഴ

ള്ള ഡിസ്പെൻസറിയിൽ ൧൧൦൮-ൽ ൨൦,൦൦൦ രോഗികളെ ചികിത്സിച്ചിട്ടുണ്ട്. ഈ ൨൦,൦൦൦ രോഗികളിൽ ആറുരോഗികൾമാത്രമേ ഇൻപേഷ്യൻറായിട്ടുള്ളു. അതിനു കാരണം രോഗികൾക്ക് താമസിക്കത്തക്കവണ്ണം യാതൊരു ഷെഡ്ഡും അവിടെ ഇല്ലെന്നുള്ളതാണ്. ഇപ്പോൾ ചെങ്ങന്നൂരിൻെറ സ്ഥിതിക്ക് ഈ ഡിസ്പെൻസറിയെ ആസ്പത്രിയാക്കി അതിലേക്ക് തക്കതായ ഒരു ഡാക്ടറെ നിയമിക്കേണ്ടതത്യാവശ്യമാണ്. അവിടെ ൨൦,൦൦൦ രോഗികളെ ചികിത്സിച്ചിട്ടുണ്ടെന്ന് കണക്കുകൊണ്ടു കാണുന്നുണ്ടെങ്കിലും ധാരാളംരോഗികൾ മാവേലിക്കര, കോഴഞ്ചേരി, തിരുവല്ല ഈ സ്ഥലങ്ങളിൽ പോയി ചികിത്സ നടത്തുന്നുണ്ട്. കാരണം അവിടെ ചെല്ലുന്ന രോഗികൾക്ക് താമസിക്കുന്നതിനുള്ള സ്ഥലസൌകര്യമുള്ളതുകൊണ്ടാണ്. അതിനാൽ ചെങ്ങന്നൂർ ഡിസ്പെൻസറിയെ ഒരു ആസ്പത്രി ആക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

DR. K. RAMAN TAMPI (*Inspecting Medical Officer*): Sir, I will deal briefly with the remarks of the members on the other side of the House. Mr. Kuriakose said that improvements are necessary to the Lalom hospital. It is one of the oldest hospitals in the State. I am informed just now by the member that there is accommodation only for ordinary patients. I have to tell the member that there is a male ward and a female ward. The attendance of in-patients does not warrant the construction of an additional ward. Now, the member says that more in-patients are coming and that it would be advantageous to have more wards. If what he says is correct, I quite agree in his view. We are trying to introduce more wards in the important hospitals of the State. In that connection the claims of the Lalom hospital will also be considered.

As regards providing nurses, we are trying to increase the number of nurses gradually in the hospitals all over the State. There are nurses in important hospitals. At present our stock of nurses is not much. Some women are trained in this direction. When trained nurses are available we shall introduce nurses to all hospitals where there are in-patients. I may assure the member that at the earliest opportunity nursing will be provided in the Lalom hospital.

As for a Lady doctor, there is a great demand for Lady Assistants in some hospitals of the State. The Administrative Board has considered this question and proposals have been submitted to the Government to the effect that Lady Assistants be employed in some District Hospitals. Government are considering this question and as soon as their decision comes the question of appointing a Lady Doctor in the Lalom hospital will be sympathetically considered.

MRS. ELIZABETH KURUVILA (*Nominated*): When there are trained nurses available, may I know from the member why should the depart-

[Mrs. Elizabeth Kuruvila.]

ment take so much time in appointing Lady Doctors in the several hospitals of the State?

DR. K. RAMAN TAMPI (*Inspecting Medical Officer*): The Board has submitted its proposal to the Government. It is only natural that they will take some time to go into the financial aspects of the whole question.

Mr. Kesava Pillai was urging the necessity for a hospital at Putukadai and at Tengapattanam. Now the Government have established a good number of dispensaries in various parts of the country. In some places there are grant-in-aid hospitals also. The Board has been seriously thinking of the necessity for establishing hospitals where there are already Mission hospitals. In such places whether more hospitals are to be provided is a matter which is dealt with in the rural medical relief scheme. This scheme has been sent up to the Government for consideration.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): May I know what has happened to the dispensary sanctioned for Aramboly?

DR. K. RAMAN TAMPI (*Inspecting Medical Officer*): Nothing has been done, because the matter is under the consideration of the Government.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Have not the Government sanctioned one?

DR. K. RAMAN TAMPI (*Inspecting Medical Officer*): Government have not decided finally on the point, because there is a grant-in-aid hospital in Aramboly. Besides, the Salvation Army authorities are prepared to open a dispensary of their own.

MR. N. K. KRISHNA PILLAI (*Neyyattinkara*): May I know from the member whether grant-in-aid was given to the dispensary only after Government sanctioned a dispensary at Aramboly?

DR. K. RAMAN TAMPI (*Inspecting Medical Officer*): I do not think so.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): May I know whether the Medical Board has recommended a dispensary at Putukadai?

DR. K. RAMAN TAMPI (*Inspecting Medical Officer*): It is under consideration.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): May I know whether the member represents the Government or his department?

PRESIDENT: You cannot ask such a question, when he is representing Government.

MR. V. CHELLAM PILLAI (*Tovala*): Is it a fact that the Mission hospital at Aramboly gives medicine free of charge.

DR. K. RAMAN TAMPI (*Inspecting Medical Officer*): That is one of the conditions of the grant.

About the Doctor in the Martandom hospital there was a complaint from Mr. Kesava Pillai. I asked Dr. Somerwell about him. I also asked him to post a young energetic man in that hospital.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): Is he a qualified man?

DR. K. RAMAN TAMPI (*Inspecting Medical Officer*): Yes.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): May I know from the member whether he has passed any University Examination or he is an ordinary (നാട്ടു) Vaidyan?

DR. K. RAMAN TAMPI (*Inspecting Medical Officer*): He has been recognised by the Government.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): What about his general qualification?

DR. K. RAMAN TAMPI (*Inspecting Medical Officer*): Government are satisfied with his qualifications.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): Will the Government employ him as a Doctor under the rules?

DR. K. RAMAN TAMPI (*Inspecting Medical Officer*): He can be appointed as a Sub-Assistant Surgeon. I asked Dr. Somerwell about him and he is fully satisfied with his qualifications.

MR. N. K. KRISHNA PILLAI (*Neyyattinkara*): May I know from the member what has been done about the opening of a dispensary at Vellarudai?

DR. K. RAMAN TAMPI (*Inspecting Medical Officer*): I do not know the locality. I believe it is in some part of the interior of Neyyattinkara; I must personally go and inspect the place. I am prepared to visit the place if the member representing Neyyattinkara could accompany me.

MR. N. K. KRISHNA PILLAI (*Neyyattinkara*): Most willingly. Will the member go with me one of these days?

DR. K. RAMAN TAMPI (*Inspecting Medical Officer*): Yes.

There was a complaint in regard to medicines in the Perumbavur hospital. Mr. Ittoop Itteechan was referring to the inadequacy of medicine in the hospital at Perumbavur.

MR. ITTOOP ITTEECHAN (*Kunnatnad*): പെരുമ്പാവൂർ ഉള്ളതു് ഗവർമ്മെൻറ ഡിസ്പെൻസറിയൊ ആശുപത്രിയൊ ?

DR. K. RAMAN TAMPI (*Inspecting Medical Officer*): It is only a dispensary.

MR. ITTOOP ITTEECHAN (*Kunnatnad*): കുന്നത്തുനാട്ട് മൂന്നു ഡിസ്പെൻസറിക്കുകൂടി ഒരു ഡാക്ടറല്ലെ ഉള്ളൂ?

DR. K. RAMAN TAMPI (*Inspecting Medical Officer*): There are two.

MR. ITTOOP ITTEECHAN (*Kunnatnad*): കുറുപ്പുംപടി, കോടനാട്ട്, പെരുമ്പാവൂർ ഈ മൂന്നുസ്ഥലങ്ങളിലെക്കു് ഒരു ആളിനെക്കൊണ്ടു് ചികിത്സ നടത്തിക്കുന്നപക്ഷം ശരിയായ പ്രയോജനം ജനങ്ങൾക്കു് സിദ്ധിക്കുമോ?

DR. K. RAMAN TAMPI (*Inspecting Medical Officer*): Yes. I shall easily explain how the work is arranged.

PRESIDENT : You may answer him in Malayalam.

DR. K. RAMAN TAMPI (*Inspecting Medical Officer*): ഈ മൂന്നസ്ഥലത്തുംകൂടി ഒരാളിനെക്കൊണ്ടു നടത്താൻ സാധിക്കുമോ എന്ന നോക്കുകയായിരുന്ന ആദ്യം ചെയ്തതു്. ഇപ്പോൾ അതത്ര സൌകൎയ്യമില്ലെന്നുകണ്ടു. എന്നാൽ മുമ്പെ അവിടെയിരുന്നിരുന്ന ഡാക്ടർ അതിനെപ്പററി എഴുതിയിരുന്ന എങ്കിൽ മുമ്പെതന്നെ ഗവൎമ്മെൻറു് ഈ സംഗതി ആലോചിക്കുമായിരുന്നു. ഞാൻ ഈ മൂന്നസ്ഥലങ്ങളും പൊയിനോക്കി. അതിൽ കുറുപ്പംപടിയിൽ ഉള്ളവൎക്കു് സങ്കടമില്ല. ബസ്സുസൎവ്വീസുള്ളതുകൊണ്ടു് അവൎക്കു സൌകൎയ്യമായിട്ടു പെരുമ്പാവൂർ വരാം. പെരുമ്പാവൂർ ഡാക്ടർ കുറുപ്പംപടിയിലേക്കു വരുന്നതുനിമിത്തം അവിടത്തെ ജനങ്ങൾക്കു ബുദ്ധിമുട്ടുണ്ടാകുന്നതിനാൽ അതിനെ പരിഹരിക്കുന്നതിനും, കുറുപ്പംപടിയിൽനിന്നും പെരുമ്പാവൂരിലേക്കു യാത്രാസൌകൎയ്യം അധികമുള്ളതുകൊണ്ടും കുറുപ്പംപടിയിലുള്ള ഡിസ്പെൻസറി നിൎത്തൽചെയ്യണമെന്നാണു് വിചാരിക്കുന്നതു്. പെരുമ്പാവൂർ ഒരസിസ്റ്റൻറിനെക്കൂടി കൊടുക്കത്തക്കവണ്ണം അവിടെ ജോലിയില്ല.

MR. ITTOOP ITTEECHAN (*Kunnatnad*): പെരുമ്പാവൂൎക്കും, കൊടനാട്ടെയ്ക്കും ഒരാൾമതിയാകുമെന്നാണൊ നിശ്ചയിച്ചിരിക്കുന്നതു് ?

DR. K. RAMAN TAMPI (*Inspecting Medical Officer*): അതേ. അതുകൊണ്ടു് വലിയബുദ്ധിമുട്ടില്ല. ആഴ്ചയിൽ രണ്ടുദിവസംമാത്രമേ കൊടനാട്ടേയ്ക്കു പോകേണ്ട ആവശ്യമൊള്ളൂ. ബാക്കി അഞ്ചുദിവസവും പെരുമ്പാവൂർ ആശുപത്രിയിൽതന്നെ ജോലിചെയ്യുന്നുണ്ടു്.

MR. ITTOOP ITTEECHAN (*Kunnatnad*): അങ്കമാലിയിൽ ഒരു ആശുപത്രി തരാമെന്നു പറഞ്ഞതനുസരിച്ചു് അനുവദിച്ചുകാണാത്തതിനു കാരണമെന്താണു്?

DR. K. RAMAN TAMPI (*Inspecting Medical Officer*): അതെല്ലാം ഗവൎമ്മെൻറിൻെറ ആലോചനയിൽ ഇരിക്കയാണു്.

MR. ITTOOP ITTEECHAN (*Kunnatnad*): കഴിഞ്ഞകൊല്ലം ഈ കൌൺസിലിൽവച്ചു് അങ്കമാലിയിൽ ഒരു ഡിസ്പെൻസറി അനുവദിച്ചുതരാമെന്നു് മെമ്പർ പറഞ്ഞിട്ടില്ലേ?

DR. K. RAMAN TAMPI (*Inspecting Medical Officer*): എല്ലാസ്ഥലത്തുംകൂടി ഒരുമിച്ചു് ഡിസ്പെൻസറികൾ തുറക്കാൻ സാധിക്കുകയില്ല. ഈ സംഗതിയെപ്പററി പ്രത്യേകമായിട്ടു് ആലോചിക്കുന്നുണ്ടു്.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*: തൊടുപുഴയിൽ അറക്കുളത്തു് ഒരു ഡിസ്പെൻസറി സ്ഥാപിക്കണമെന്നു കഴിഞ്ഞ ബഡ്ജററു യോഗകാലത്തു പറയുകയുണ്ടായല്ലോ? അതു എങ്ങിനെ തീരുമാനിച്ചു?

DR. K. RAMAN TAMPI (*Inspecting Medical Officer*): അതിനെപ്പററി അന്വേഷിക്കുന്നതിന് ഞാൻ തൊടുപുഴവരെ പോയിരുന്നു. ഒരു പാലത്തിന്റെ അഭാവത്താൽ എനിക്ക് അറക്കുളത്തേയ്ക്കു പൊകാൻ സാധിച്ചില്ല.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): തൊടുപുഴതാലൂക്കിൽ അറക്കുളത്തും, കരിമണ്ണൂരും ഓരോ ഡിസ്പെൻസറി വേണമെന്ന് പറഞ്ഞപ്പോൾ അറക്കുളംമാത്രം പരിശോധിക്കാമെന്ന് നിശ്ചയിച്ചതിന്റെ അർത്ഥമെന്താണ്?

DR. K. RAMAN TAMPI (*Inspecting Medical Officer*): കരിമണ്ണൂരിൽ ഒരു ഡിസ്പെൻസറിയുടെ ആവശ്യമില്ല. അവിടെനിന്നും തൊടുപുഴക്കുന്നുമൈലേ ദൂരമൊള്ളു.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): കരിമണ്ണൂരിൽനിന്നും തൊടുപുഴക്ക് എത്രമൈൽദൂരമുണ്ട്?

DR. K. RAMAN TAMPI (*Inspecting Medical Officer*): ആറുമൈൽ ദൂരമുണ്ട്.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): ഒൻപതുമൈൽ ഉണ്ട്. ഒൻപതുമൈൽദൂരെ ഒരു ഡിസ്പെൻസറി യുള്ളതുകൊണ്ട് കരിമണ്ണൂർ ഒരു ഡിസ്പെൻസറിയുടെ ആവശ്യമില്ലെന്നാണൊ വിചാരിക്കുന്നതു്?

DR. K. RAMAN TAMPI (*Inspecting Medical Officer*): ഈരാജ്യത്തു ആറുമയിലിനു ഇടയ്ക്കു ഒരു ആശുപത്രി കൊടുക്കാൻ സാധിക്കയില്ല.

MR. TAMARA PALLIL KOCHU TOMMAN (*Pattanamtitta*): റാന്നിയിലേക്ക് അനുവദിച്ചിട്ടുള്ള ആശുപത്രി ഇപ്പോൾ നടപ്പാക്കുമോ?

DR. K. RAMAN TAMPI (*Inspecting Medical Officer*): ക്ഷണം നടപ്പാക്കും.

DR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): അറക്കുളവും, കരിമണ്ണൂരും പരിശോധിച്ചിട്ടുണ്ടോ?

DR. K. RAMAN TAMPI (*Inspecting Medical Officer*): കരിമണ്ണൂർ പോയിട്ടുണ്ട്. അറക്കുളത്തു പോകാൻ സാധിച്ചിട്ടില്ല.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഇവിടെനിന്നും കാറിൽപോയാൽ രണ്ടുസ്ഥലവും സന്ദർശിക്കാൻ സൌകൎയ്യമുണ്ടെന്നറിയാമോ?

DR. K. RAMAN TAMPI (*Inspecting Medical Officer*): അന്ന് സൌകൎയ്യമില്ലായിരുന്നു. ഞാൻപോയശേഷമാണ് അവിടെ പാലമില്ലെന്ന് മനസ്സിലായതു്. അതുകൊണ്ട് തിരികെവന്നു.

MR. D. FRANCIS (*Nominated*): May I know whether the hospital at Dharmapuram is sanctioned?

DR. K. RAMAN TAMPI (*Inspecting Medical Officer*): It is under consideration.

MR. H. B. MAHOMED ROWTHER (*Pattanapuram* cum *Shencotta*): മെംബർ പത്തനാപുരം താലൂക്ക സന്ദർശിച്ചിട്ടുണ്ടോ?

DR. K. RAMAN TAMPI (*Inspecting Medical Officer*): ഉണ്ടു്.

MR. H. B. MAHOMED ROWTHER (*Pattanapuram* cum *Shencotta*): അവിടെ എത്ര ഡിസ്പെൻസറികൾ ഉണ്ട്?

DR. K. RAMAN TAMPI (*Inspecting Medical Officer*): അധികം ആളുകൾ താമസമുള്ള സ്ഥലത്തുള്ളതുപോലെയുള്ള ഡിസ്പെൻസറികൾ കാണുന്നില്ല.

MR. H. B. MAHOMED ROWTHER (*Pattanapuram* cum *Shencotta*): അതിനു കാരണമെന്തു്?

DR. K. RAMAN TAMPI (*Inspecting Medical Officer*): ആവശ്യം അത്രയേ ഉള്ളു. അവിടെ അടുത്തുതന്നെ പുനലൂർ ഒരു ഡിസ്പെൻസറി ഉണ്ട്.

MR. H. B. MAHOMED ROWTHER (*Pattanapuram* cum *Shencotta*): അവിടെ ഡിസ്പെൻസറിപോരാ, അതു് ആശുപത്രിയാക്കണമെന്നു വല്ല അപേക്ഷകളും കിട്ടിയിട്ടുണ്ടോ?

DR. K. RAMAN TAMPI (*Inspecting Medical Officer*): എല്ലാ ഡിസ്പെൻസറികളേയും ആശുപത്രികളാക്കാൻ സാധിക്കയില്ല.

MR. H. B. MAHOMED ROWTHER (*Pattanapuram* cum *Shencotta*): അവിടെ ആവശ്യത്തിനുതക്കവണ്ണമുള്ള ആളുകളെ നിയമിച്ചിട്ടുണ്ടോ?

DR. K. RAMAN TAMPI (*Inspecting Medical Officer*): ഡിസ്പെൻസറിക്കു തക്കവണ്ണമുള്ള ആളുകളെ നിയമിച്ചിട്ടുണ്ട്.

Mr. Itteechan said that the medicines got down were not of good quality and may even injure health. We are getting down medicine from very good Firms with which we have been dealing for more than forty years and our medicines are selected by an expert.

MR. MATTHEW MURIKKAN (*Vaikam*): Will the member say whether medicines are got from one company or from several companies?

DR. K. RAMAN TAMPI (*Inspecting Medical Officer*): There are four companies from which medicines are got.

MR. MATTHEW MURIKKAN (*Vaikam*): What was the practice?

DR. K. RAMAN TAMPI (*Inspecting Medical Officer*): From one.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): ഈ നാലു കമ്പനിക്കാർക്കും ഇൻഡ്യയിൽതന്നെ അവരുടെ സ്വന്തം ഏജൻസിയും റെപ്രസെൻററീവുകളും ഉണ്ടെന്നറിയാമോ?

DR. K. RAMAN TAMPI (*Inspecting Medical Officer*): അങ്ങിനെതന്നെ, എന്നാലും അവർക്ക് പെട്ടെന്നു സാമാനങ്ങൾ തരാൻ സാധിക്കുയില്ല. സാമാനം ആവശ്യപ്പെട്ടാൽ അതു അവർ എഴുതിഅയച്ചു വരുത്തേണ്ടിയിരിക്കുന്നു.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): ഇൻഡ്യയിൽതന്നെ ധാരാളം സ്റ്റാക്കു വയ്ക്കുന്നില്ലയോ?

DR. K. RAMAN TAMPI (*Inspecting Medical Office*): ഇൻഡ്യയിൽ ധാരാളം സ്റ്റാക്കു വയ്ക്കുന്നില്ല. മരുന്നുകിട്ടുന്നതിനുള്ള സമയം ദീർഘിച്ചുപോകുന്നതുകൊണ്ടു ജനങ്ങൾക്കുപദ്രവമില്ല. സാധാരണ ആണ്ടുതോറും ആറു മാസത്തേക്കു മതിയാവുന്ന മരുന്നുകൾ ഓരോ ആശുപത്രികൾക്കും അയച്ചുകൊടുക്കാറുണ്ടു. അതുകൊണ്ടു എത്ര കൂടുതൽ ദിവസം വൈകിയാലും ആ മാസത്തേയ്ക്കു ഈ മരുന്നുകൾ തികയും.

16. V. N. Paramesvaran Pillai Esq., Sub-Engineer, Alwaye Sub-Division.
17. P. J. Thomas Esq., B. Sc., (London), Assistant Engineer, Munnar Sub-Division.
18. S. Varadaraja Sarma Esq., B E., Ag. Industrial Engineer.
19. M. Thanu Pillai Esq., Motor Engineer, Royal Stables.
20. N. Padmanabha Pillai, Foreman, P. W. D. Workshops, Trivandrum.

B. Non-official Examiners.

1. Rao Bahadur John Kuriyan Esq., B. A., B. C.E., Mechanical Engineer, Kottayam.
2. The Engineer in Messrs. Darragh Smail & Co., Ltd., Alleppey.
3. The Engineer in Messrs Harrisons and Crosfield, Ltd., Quilon.

Appendix LVI A.

***Vide* Answer to Question No. 331.**

Public Works in Shertallai taluk sanctioned for 1104.

No.	Name of work.	Sanctioned amount. Rs.	Expenditure incurred till 11/104. Rs.	Remarks.
1	Additional accommodation to the Stationary Magistrate's Court, Shertallai .	1,500	Nil.	Contract arranged for and the work will be started soon.
2	Constructing a compound wall and latrine to the Munsiff's Court, Shertallai* .	300	Nil.	Land has to be acquired for which land plan is under preparation.
3	Road from Shertallai-Arur road to Kuruppankulam .	4,000	3,355	Work in good progress. Rs 3,000 provided in 1105 also.
4	Road from the 16th mile, Alleppey-Shertallai road to Kadakarapalli .	..	..	Estimate is under consideration. Rs 5,000 provided in Part II of 1105 Budget.
5	Road from Avilakunnam to Mannancheri .	..	..	Estimate is under consideration and Rs 7,000 provided in Part II of the 1105 Budget.
6	Road from Mannancheri to Kalavur .	3,000	..	Rs. 5,000 provided in 1105 Budget.
7	Road from Arthingal to the Beach .	5,000	..	Contract arranged for and gravel supply is in progress. Rs 1,000 is provided in 1105 Budget.

Appendix LVI B.

Vide **Answer to Question No. 331.**

Minutes of the conference held at the Chief Engineer's office on 19-10-28 regarding the irrigation needs of the Shertallai and Ambalapuzha taluks.

Members :—

1. A. Vipan Esq., M. I. C. E., Chief Engineer.
2. S. C. H. Robinson Esq., Land Revenue and Income Tax Commissioner.
3. Dr. N. Kunjan Pillai, Director of Agriculture and Fisheries.
4. Dr. K. P. Panikkar, M. L. C., Ambalapuzha.
5. Muruvelil Pachu Pillai Esq., M. L. C., Shertallai.
6. N. R. Krishnan Esq., M. L. C., Shertallai.

Conclusions.

The question of opening a system of cross canals in the Shertallai taluk originated before the construction of the Alleppey-Shertallai road. In view of the fact that Government have definitely decided to abandon the cutting of Alleppey-Shertallai canal and because the cross canals without the main canal will hardly be of any utility for the development of agriculture, we are of opinion that a system of roads is more useful for communication and to meet the present requirements of the people of the taluk. The goal to be worked up to is to have three parallel roads of which the central one is already opened, the eastern one by the side of the backwater is being opened and there is necessity to open another road along the beach. When these parallel roads are opened, cross-roads must also be opened connecting them at different places. Of course, it may be necessary to have cross canals in some places and such cases should be investigated separately and decided on its own merits.

As for Alleppey, Ambalapuzha taluk, the main question is to find drainage for the water that collects in the rainy season. For this purpose as well as for the sake of communication it is necessary to open a few canals from west to east joining them with the T. S. canal. As this question has not been investigated at all, it is desirable to investigate and estimate one canal to begin with.

A. Vipan, Chief Engineer.

Muruvelil Pachu Pillai, M. L. C., Shertallai.
K. Padmanabha Panikkar, M. L. C., Ambalapuzha.
N. R. Krishnan, M. L. C.
S. C. H. Robinson, Land Revenue and Income Tax Commissioner.
N. Kunjan Pillai, Director of Agriculture and Fisheries.

Appendix LVII.

Vide Answer to Question No. 333.

Statement, by caste, of officers in the Colleges of Arts and Science, Trivandrum.

		College of Arts.	College of Science.
1.	Brahmins	7	26
2.	Nayars	9	3
3.	Catholics	1	2
4.	Jacobites	...	3
5.	Mar Thoma Christians	...	2
6.	Protestants	2	3
7.	Ezhavas	1	...
8.	Mahomedans	...	1
9.	Vellalas	...	...
10.	Other Communities	5	3

Appendix LVIII.

***Vide* Answer to Question No. 334.**

Statement, by caste, of Sirkar Vakils in service (9-7-1929).

Hindus.											Mussalmans.	Christians.					Others.	Remarks.
													Roman Catholics.		Syrians.			
Brahmins (Malayala).	Brahmins (Others).	Ezhavas.	Kammalas.	Kshatriyas (Malayala).	Nadars.	Nayars.	Pulayas.	Vellalas.	Other depressed classes.	Other Hindus.		Protestants.	Latin rite.	Syriac rite.	Jacobite.	Mar Thoma.		
..	2	..	..	1	..	3	..	1	..	..	..	..	..	1	1	..	..	The statement contains the permanent as well as the acting and Temporary Sirkar Vakils.

Appendix LIX.

***Vide* Answer to Question No. 335.**

Statement, by caste, of the Tahsildars in the State brought up to the 1st July 1929.

Hindu.												Christian.						
													Roman Catholics.		Syrians.			
Brahmin (Malayala).	Brahmin (Others).	Nadar.	Ezhava.	Kammala.	Kshatriya (Malayala).	Nayar.	Pulaya.	Other depressed classes.	Vellala.	Other Hindus.	Mussalman.	Protestant.	Latin rite.	Syriac rite.	Jacobite.	Mar Thoma.	Others.	Remarks.
...	*14	...	‡2	...	...	12	...	...	...	...	...	1	...	...	...	1	...	*3 are acting. ‡1 is acting.

Appendix LX.

Vide **Answer to Question No. 337.**

Prosecutions under the Travancore Motor Vehicles Regulation in the Trivandrum-Nagercoil line during 1104.

Period.	No. of prosecutions in respect of big buses.	No. of prosecutions in respect of nine-seaters.
From 1st Chingam to 1st Kumbham 1104 ...	414	378
From 1st Kumbham to 1st Edavam 1104 ...	241	52
During the months of Edavam and Mithunam 1104 ...	98	119

Appendix LXI.

Vide Answer to Question No. 353.

Statement, by caste, of Executive and Assistant Engineers in the P. W. D.

Designation.	HINDUS.											MUSSALMANS.	CHRISTIANS.						Remarks.
														Roman Catholics.		Syrian.			
	Brahmin (Malayala).	Brahmin (Others).	Ezhava.	Kammala.	Kshatriya (Malayala).	Nadar.	Nayar.	Pulaya.	Vellala.	Other depressed classes.	Other Hindus.		Protestants.	Latin rite.	Syriac rite.	Jacobite.	Mar Thoma.	Church of England.	
Executive Engineers .	...	2	...	...	...	...	1	...	...	...	...	...	...	...	...	...	...	3*	*Two of these are Europeans.
Assistant Engineers .	...	4	...	...	1	...	2	...	...	..	...	...	...	...	1	1	2	...	
Total .	...	6	...	...	1	...	3	...	..	...	...	...	...	...	1	1	2	3	

Grand Total 17.

STANDING FINANCE COMMITTEE AND THE ECONOMIC DEVELOPMENT BOARD.

PRESIDENT: The House last evening elected members for the standing Finance Committee for 1105 and for the Economic Development Board, and this is the result of the elections. The following members were elected for the Standing Finance Committee :—

1 Mr. Matthew Murikkan
2 Mr. G. P. Nilakanta Pillai, and
3 Mr. A. Thanu Pillai.

The following non-officials were elected for the Economic Development Board;—

1 Mr. K. C. Karunakaran
2 Mr. K. Madhavan Pillai
3 Mr. N. K. Krishna Pillai and
4 Mr. A. G. Menon

The House will now pass on to the next item in the Agenda, the introduction of the "Travancore Compensation for Tenants' Improvements Bill".

THE TRAVANCORE COMPENSATION FOR TENANTS' IMPROVEMENTS BILL.

MR. N. R. KRISHNAN (*Nominated*): Sir, I beg to introduce the "Travancore Compensation for Tenants' Improvements Bill". Am I allowed to make a speech?

PRESIDENT: If you would like to make a speech you may do it.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): According to the practice of this House the motion has to be seconded.

MR. P. S. MAHOMED (*Nominated*): ഞാൻ ഇതിനെ പിൻതാങ്ങുന്നു.

MR. N. R. KRISHNAN (*Nominated*): സർ, ഈ രാജ്യത്തെ കർഷകന്മാരെല്ലാം വസ്തു ഉടമസ്ഥന്മാരായി പ്രായേണ കാണുന്നില്ല. അധികം ആളുകളും വസ്തു ഉടമസ്ഥന്മാരുടെ കീഴിൽ വെറും പാട്ടക്കാരായിട്ടോ അല്ലെങ്കിൽ പണയക്കാരായിട്ടോ വസ്തു അനുഭവിച്ച് കൃഷിചെയ്യുന്നതായിട്ടാണ് കണ്ടുവരുന്നത്. വസ്തു ഒഴിപ്പിക്കുന്ന സന്ദർഭങ്ങളിൽ അവക്കു നംകേണ്ട ദേഹണ്ഡത്തെ സംബന്ധിച്ച് പല കുഴപ്പങ്ങളും നേരിടാറുണ്ട്. ദേഹണ്ഡം തിട്ടപ്പെടുത്തുന്നതിന് ഈ രാജ്യത്ത് ഇതുപര്യന്തം ഒരു നിയമം ഉണ്ടായിട്ടില്ല. പ്രാദേശികമായ ചില നടപ്പുകളെമാത്രം അടിസ്ഥാനപ്പെടുത്തിയാണ് ഈ കൃത്യം ഇപ്പോൾ നിർവഹിച്ചുപോരുന്നത്. എന്നാൽ പ്രാദേശികമായ നടപ്പ് ഇന്നതെന്ന് വ്യക്തമായി യാതൊരുറി

ക്കാർഡുകളും ഇല്ലായ്കകൊണ്ട് വസ്തു ഒഴിപ്പിക്കുന്ന വിഷയത്തിൽ പല ബുദ്ധിമുട്ടുകളും നേരിടുന്നുണ്ട്. വസ്തു ഒഴിപ്പിക്കുന്ന അവസരങ്ങളിൽ കൃഷിക്കാരന് ഗുണകരമായ നടപ്പിനെ കൃഷിക്കാരനും വസ്തു ഉടമസ്ഥന് ഗുണകരമായ നടപ്പിനെ വസ്തുഉടമസ്ഥനും ചൂണ്ടിക്കാണിക്കാൻ ശ്രമിച്ചുവരുന്നുണ്ട്. ഇതിലേക്ക് ഒരു നിയമവും ഇല്ലാത്തതുകൊണ്ട് കോടതി ഇതിൽഏതെങ്കിലുംഒരു കക്ഷിയുടെ തെളിവിനെമാത്രം അടിസ്ഥാനപ്പെടുത്തി അതനുസരിച്ചുള്ള ദേഹണ്ഡംകൊടുക്കണമെന്നു വിധിക്കുന്നതായിട്ടാണ് സാധാരണ കണ്ടുവരുന്നത്. കൃഷിക്കാരൻ തനിക്കെത്രത്തോളം കൂടുതൽ ദേഹണ്ഡം കിട്ടാമൊ അത്രത്തോളം കിട്ടണമെന്ന് പ്രകൃത്യാ ആശിക്കുന്നതിൽ അയാളെ കുററപ്പെടുത്താനില്ല. അതുപോലെ എത്രയും കുറച്ചു ദേഹണ്ഡംകൊടുത്ത് വസ്തു ഒഴിപ്പിക്കാമൊ അത്രയുംകൊടുത്ത് ഒഴിപ്പിക്കണമെന്ന് പ്രകൃത്യാ ജന്മിമാരുടെ സ്വാതന്ത്ര്യബോധമായ മേൽസുകൃതത്തോടുകൂടി അനുഗ്രഹിക്കുന്ന വസ്തു ഉടമസ്ഥനേയും കുററപ്പെടുത്താനില്ല. കൃഷിക്കാരൻ കൂടുതൽ ദേഹണ്ഡം കിട്ടണമെന്ന് ഒരു കേസ് ഉണ്ടാകയും അതിന്മേൽ തിരുവിതാംകൂറിലെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്ന് അവർക്ക് ഗുണകരമായവിധത്തിൽ ഒരു വിധി കല്പിച്ചുകൊടുക്കയും ചെയ്തിട്ടുണ്ട്. T. L. R. Vol. 24. Page 56. അതായത് ആറുമാസത്തെ ആദായത്തിൻെറ വില കുടിയാനവന് അവൻെറ ദേഹണ്ഡത്തിൻെറ വിലയായി കൊടുക്കണമെന്നാണ്. ഈ രീതിയനുസരിച്ചുനോക്കുന്നപക്ഷംഫലപ്രാപ്തിവന്നിട്ടുള്ള ഒരു വൃക്ഷത്തിൽനിന്നും ശരാശരി ഒരു കുലയിൽ പത്തുനാളികേരം കിട്ടുന്നപക്ഷം ആ തെങ്ങിന് അൻപതുരൂപ ദേഹണ്ഡം കൊടുക്കണം. ഒരു കുലയിൽ പത്തിൽകൂടുതൽനാളികേരം ഉണ്ടാകുന്ന തെങ്ങുകൾ ഈ രാജ്യത്തു സുലഭമായി കണ്ടുവരുന്നുണ്ട്. ഈ നിലയ്ക്ക് ഒരു തെങ്ങിനു അൻപതൊ അതിൽകൂടുതലൊ രൂപദേഹണ്ഡംകൊടുത്ത് വസ്തു ഒഴിപ്പിക്കേണ്ടി വരുന്നുഎന്നുള്ള സംഗതി ജന്മിമാർക്ക് വളരെസങ്കടകരമായഒന്നാണ്. ചിലഅവസരങ്ങളിൽ ഈ വിധികൊണ്ട് കൃഷിക്കാരിൽനിന്നും വസ്തു ഒഴിപ്പിക്കാൻ ജന്മിക്ക് നിവൃത്തിയില്ലാതെ വരുന്നുണ്ട്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഇപ്പൊഴത്തെ ബില്ലനുസരിച്ച് എത്രമാസത്തെ ആദായവില കൊടുത്താണ വസ്തു ഒഴിപ്പിക്കേണ്ടതു്?

MR. N. R. KRISHNAN (*Nominated*): ഇപ്പോഴത്തെ ബില്ലിൽ ഒൻപതാംവകുപ്പിൽ അതിനെപ്പററി പറയുന്നുണ്ട്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : അതു എത്രയാണെന്നു് ഈ സഭയുടെ അറിവിനായിട്ടു പറയുമോ?

MR. N. R. KRISHNAN (*Nominated*) : അതിനെപ്പററി ഒൻപതാംവകുപ്പിൽ പറയുന്നുണ്ടു്.

ഹൈക്കോടതിയിലെ ഈ വിധികൊണ്ടു് ജന്മിമാരും തൃപ്തന്മാരായിട്ടുഭവിക്കുന്നില്ല. അവരും ഇതുപോലെതന്നെ വളരെ കുറച്ചു ദേഹണ്ഡം കൊടുക്കത്തക്കവണ്ണം ഒരു നടപ്പു സ്ഥാപിക്കാൻ ശ്രമിക്കയും ഒടുവിൽ അവർ 16 T. L. J. Page 506 മൂലം ഒരു നടപ്പു സ്ഥാപിക്കയും ചെയ്തിട്ടുണ്ടു്. അതായതു് ഫലവൃക്ഷങ്ങളുടെ പാട്ടം ബേസിസ്സിൽ തിട്ടപ്പെടുത്തി ദേഹണ്ഡം കൊടുക്കുക എന്നുള്ളതാണു്. അതായതു് തെങ്ങു വൃക്ഷങ്ങളെ നാലുതരമായിട്ടുതിരിച്ചു് ഒന്നാംതരത്തിനു് ഒരു പണവും രണ്ടാം തരത്തിനു് മുക്കാൽ പണവും മൂന്നാം തരത്തിനു് അരേഅരക്കാൽ പണവും എന്നിങ്ങനെ പാട്ടം നിശ്ചയിച്ചു് കൊടുക്കണം എന്നുള്ളതാണു്. ഇങ്ങിനെ പാട്ടംകണ്ടിട്ടു് കാലേമാഹാണി ഉഭയത്തിനുള്ള അത്ഥത്തിൽ നാലിലൊന്നു് കുടിയാനവനുകൊടുക്കുക എന്നുള്ളതാണു് ഈ വിധികൊണ്ടു കാണുന്നതു്. ഇനി ഇതു് എങ്ങിനെകിട്ടുന്നു എന്നാണു് നോക്കേണ്ടതു്.

MR. A. THANU PILLAI (*Trivandrum*) : കരാർ അനുസരിച്ചുള്ളതും കുടി ഇതിലുൾപ്പെടുമോ?

MR. N. R. KRISHNAN (*Nominated*) : കരാറുള്ളതും കരാറില്ലാത്തതും കൂടി ഇതിൽ ഉൾപ്പെട്ടും. ഈ കരാർവസ്തുവിൽ വേലചെയ്യുന്നതാണു്.

"The practice of assigning Nadavukur on a pattom basis is very common in some parts of the country."

ഇങ്ങിനെ പാട്ടം ബേസിസ്സിൽ കൊടുത്താൽ ഒരു വൃക്ഷത്തിനു് കുടിയാനവനു് എന്തുകിട്ടുന്നു എന്നു നോക്കേണ്ടിയിരിക്കുന്നു. ഒന്നാംക്ലാസ്സിൽ കൂടുതൽ ആയ ക്ലാസ്സു് ഇല്ലാത്തതുകൊണ്ടു ഒന്നാംക്ലാസ്സു് വൃക്ഷത്തെത്തന്നെ എടുത്തുനോക്കാം. അങ്ങിനെയാണെങ്കിൽ അതിനു് ഒരു പണമാണു് പാട്ടം നിശ്ചയിച്ചിട്ടുള്ളതു്. അതിനു് കാലേമാഹാണി ഉഭയത്തിനുള്ള അത്ഥം മുപ്പത്തിരണ്ടുപണമാണു്. അതിൻെറ നാലിലൊന്നു് (അതായതു എട്ടുപണമാണു്) കുടിയാനവനു് ദേഹണ്ഡമായി കിട്ടുന്നതു്. 24 T. L. R. അനുസരിച്ചു് അൻപതോ എഴുപത്തഞ്ചോ രൂപാ ദേഹണ്ഡം കിട്ടുന്ന വൃക്ഷങ്ങൾക്കു് 16 T. L. J. അനുസരിച്ചു് എട്ടുപണമാണു കിട്ടുന്നതു്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*) : I rise to a point of order. Could the member speak in two languages?

MR. N. R. KRISHNAN (*Nominated*): No. I am quoting from a book.

PRESIDENT: He is reading from 16 T. L. J. It is in English.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Even in his speech we find him using two languages.

MR. N. R. KRISHNAN (*Nominated*): ഈ വിധികാം കൊണ്ടു ഒന്നും തന്നെ വ്യക്തമായിട്ടില്ല. എന്നാൽ കീഴ്കോടതികളിൽ പല ആളുകളോടും ഉള്ള സംഭാഷണത്തിൽ ഈ കസ്റ്റം അതായതു്, ഒന്നു്, മുക്കാൽ, അര, അരേഅരയ്ക്കാൽ എന്നപാട്ടം നിശ്ചയിക്കുന്നതു ആർബിററററി ആയിട്ടു കോടതി ചെയ്യുന്നുഎന്നാണു് അവരിൽനിന്നും മനസ്സിലാക്കാൻ ഇടയായതു്. അതല്ല ഇതിനുള്ള പ്രധാനകാരണം എന്നുള്ളതു് ലാൻഡ്യു് റവന്യുമാനുവൽ നാലാംവാല്യം ൨൯൪-ാംവശം വായിച്ചുനോക്കിയാൽ മനസ്സിലാകും. തിരുവിതാംകൂറിൽ കരം തിട്ടപ്പെടുത്തുന്നതിനു വേണ്ടി തെങ്ങുകളെ നാലു ക്ലാസുകളായിട്ടു തിരിച്ചു. ആ കാലത്തു് ൧൫൪ നാളികേരമോ അതിൽ കൂടുതലോ ഉള്ളതെല്ലാം ഒന്നാംക്ലാസ്സായിട്ടും, ൪൯-ം അതിനു താഴെ ൪൦ വരെ നാളികേരമുള്ള വൃക്ഷങ്ങളെ രണ്ടാംക്ലാസ്സായിട്ടും, അതിനു താഴെയുള്ള വൃക്ഷങ്ങളെ ൩-ം ൪-ം ക്ലാസുകളായിട്ടും തരം തിരിച്ചിട്ടുണ്ടു്. ൱൪ നാളികേരം കിട്ടിയിരുന്ന ഒന്നാംക്ലാസു വൃക്ഷത്തിന്റെ നാലിൽ ഒന്നായ ൧൩ നാളികേരത്തിന്റെ വിലയാണു് (നാലു്) ൪ ചക്രം കരംനിശ്ചയിച്ചിരിക്കുന്നതു്. ചക്രത്തിനു നാലു നാളികേരം വെച്ചു് ആ കാലത്തെ റേററനുസരിച്ചു കിട്ടിയ വിലയാണു ൪ ചക്രം. ആ കാലമെല്ലാം പോയി ചക്രത്തിനു നാലു നാളികേരം കിട്ടുമെന്ന കഥയേ ആളുകൾ മറന്നു കഴിഞ്ഞു. ഒരുനാളികേരത്തിനുതന്നെ ഒന്നോ രണ്ടോ ചക്രം വിലയായിരിക്കുന്ന ഈ കാലത്തുപോലും ചക്രത്തിനു നാലു നാളികേരം കിട്ടുന്ന കാലത്തെ പാട്ടം ബേസിസ്സുവെച്ചു വില കണക്കാക്കി എട്ടു പണം ദേഹണ്ഡം കൊടുക്കുന്നതു വളരെ സങ്കടമാണു്.

MR. K. P. NILAKANTA PILLAI (*Chirayinkil*): കുടിയാനവന്മാർക്കു വേലയ്ക്കുലി കൂടി വകവച്ചു കൊടുക്കുകയില്ലയോ?

MR. N. R. KRISHNAN (*Nominated*): കൂലികിട്ടുന്നുണ്ടു്. പക്ഷേ അതിൽ കൂടുതൽ കുറവും സംഭവിക്കാറുണ്ടു്.

ഇങ്ങിനെ ൧൩ ററി എൻ. ജെ. കൃഷിക്കാരനും ൨൪ ററി. എൽ. ആർ. ജന്മിക്കും സങ്കടത്തെ ഉണ്ടാക്കുന്നതായിട്ടാണു് തീന്നിരിക്കുന്നതു്. കോടതിയും ഈ രണ്ടു വിധികളേയും സ്വീകരിക്കുന്നതുകൊണ്ടു് ഓരോ കക്ഷികളും അവരവർക്കു ഗുണകരമായ നടപ്പിനെ തെളിയിക്കുന്നതിനു ശ്രമിച്ചുവരുന്നു. തന്നിമിത്തം കുടിയാനവനും വസ്തുഉടമസ്ഥനും യോ

[Mr. N. R. Krishnan.]

ജിച്ചുപ്രവർത്തിക്കാൻ ഒരു നിവൃത്തിയുമില്ല. കോടതിയിൽ പോകുന്ന പക്ഷം കൂടുതൽ ദേഹണ്ഡം കിട്ടുമെന്നു കുടിയാനവനും, അതുപോലെ തന്നെ കോടതിയിൽ പോയാൽ കുറച്ചു ദേഹണ്ഡം കൊടുത്തു വസ്തു ഒഴിപ്പിക്കാമെന്നു വസ്തുഉടമസ്ഥനും, വിചാരിക്കുന്നതുകൊണ്ട് വ്യവഹാരങ്ങളും ഒട്ടും ചില്ലറയല്ല. അതിനാൽ ഇങ്ങിനെയുള്ള ബുദ്ധിമുട്ടുകൾ ഇടയാകാതെ ദേഹണ്ഡം കൊടുക്കുന്നതിനെസംബന്ധിച്ച് ഈ രാജ്യത്തു് ഒരു സ്ഥിരമായ നിയമമുണ്ടാകണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. പത്തുപതിന്നാലു സംവത്സരത്തെ എന്റെ തൊഴിലിൽനിന്നും കിട്ടിയ അനുഭവമാണ് ഇതു്. ഇതിനെസംബന്ധിച്ച് ഞാൻ പ്രജാസഭയിൽ പലപ്രാവശ്യം പ്രവർത്തിപറകയും അന്ന് ഇതിലേക്ക് ഒരു ബിൽ നിയമസഭയിൽ ഹാജരാക്കണം എന്നുമറുപടി പറയുകയും ചെയ്തതനുസരിച്ച് ഞാൻ ഇവിടെ ഇതു് ഹാജരാക്കുന്നതാണ്.

മലബാർ ടെനൻസ് ഇംപ്രൂവ്മെൻറ ബില്ലിനെ അടിസ്ഥാനപ്പെടുത്തിയാണ് ഇതു തയ്യാറാക്കിട്ടുള്ളതു്. എന്നാൽ കുടിയാനവനെ സംബന്ധിച്ചിടത്തോളം ദേഹണ്ഡം കുറഞ്ഞുപോയി എന്നു ആർക്കെങ്കിലും അഭിപ്രായമുണ്ടെങ്കിൽ ഈകൌൺസിലിൻെറ അധികാരമനുസരിച്ച് കൂട്ടുന്നതിൽ എനിക്കു വിരോധമില്ല. ഞാൻ എന്റെ സ്വന്തഅഭിപ്രായത്തെമാത്രം അടിസ്ഥാനപ്പെടുത്തി തയ്യാറാക്കീട്ടുള്ളതാണ്. ഇതിൽ ഏതുഭേദഗതിവരുത്തുന്നതിലും എനിക്കു ഒരു വിരോധവുമില്ല. ഒരുനിയമമില്ലാത്തതുകൊണ്ടു കോടതിയും, എന്നപോലെ, ജനങ്ങളും സങ്കടം അനുഭവിക്കാനിടവരരുതെന്നാണ് എന്റെഉദ്ദേശം. ബ്രിട്ടീഷിലുള്ള പല നിയമങ്ങളും തിരുവിതാംകൂറിൽ നടപ്പാക്കിവരുന്നതായിട്ട് കാണുന്നുണ്ടു്. തിരുവിതാംകൂറിൽ വാസ്തവത്തിൽ ഖനികൾ ഇല്ലെങ്കിലും ബ്രിട്ടീഷ് ഇൻഡ്യയിലുള്ള ഖനി നിയമം പോലും ഇവിടെ പാസ്സാക്കിട്ടുണ്ടു്. ആ സ്ഥിതിക്ക് തിരുവിതാംകൂറിലേക്കു നിത്യോപയോഗമായിരിക്കുന്ന ദേഹണ്ഡം തിട്ടപ്പെടുത്തുന്നതിനുള്ള ഒരു നിയമംബ്രിട്ടീഷ് ഇൻഡ്യയിൽ പാസ്സായി പത്തു മുപ്പതു കൊല്ലം കഴിഞ്ഞിട്ടുംഇതുവരെയും ഇവിടെ നടപ്പെടുത്തീട്ടില്ലാത്തതിനാൽ ഇനിയെങ്കിലും ഒരു നിയമം ഉണ്ടാക്കിത്തരണമെന്നുള്ളതാണ് എന്റെ അപേക്ഷ.

എനിക്കു അനുദ്യോഗസ്ഥസാമാജികന്മാരോടു ഈ അവസരത്തിൽ പറയാനുള്ളതു് കാണപ്പാട്ടം ബില്ലിനെസംബന്ധിച്ച് ശക്തിയായിട്ടു വാദിച്ചു കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ, യഥാർത്ഥകൃഷിക്കാരനും യഥാർത്ഥവസ്തുഉടമസ്ഥനും ഗുണകരമായ ഈ സംഗതിക്ക്

ഒരു തീരുമാനം ഉണ്ടാക്കാൻ യോജിച്ചു പ്രവർത്തിക്കുന്നതുകൊണ്ടു യാതൊരു കുറവുമില്ലെന്നുള്ളതാണ്. നാം യഥാർത്ഥപൂർവം അന്യന്മാരോട് എന്തു ചെയ്യണമെന്നു അപേക്ഷിക്കുന്നുവൊ അതുപോലെ നാം അന്യന്മാരോടു ചെയ്യുന്നു എന്നുള്ളതിനെ ദൃഷ്ടാന്തമായിട്ടു കാണിക്കേണ്ട ഒരവസരവും ഇതാണ്. ഈ ബില്ലിനെ ഇപ്പോൾതന്നെ തള്ളിക്കളയാതെ അതിനെപ്പറ്റി ആലോചിച്ചുവേണ്ട ഭേദഗതികൾ ചെയ്യുന്നതിനു ഈ സഭയ്ക്കുതന്നെ അധികാരമുണ്ട്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : ഇപ്പോൾ ദേഹണ്ഡവില നിശ്ചയിക്കുന്നതിനെ സംബന്ധിച്ചു തിരുവിതാംകൂറിൽ (ചേർത്തല താലൂക്കു ഒഴിച്ചുള്ള സ്ഥലങ്ങളിൽ) ഒരു നിയമം ഇരിക്കുന്നുണ്ടല്ലൊ.

MR. N. R. KRISHNAN (*Nominated*) : അതൊരുനടപ്പുമാത്രമാണ്. അതു് ഒരു കോർട്ടു വിധിമൂലം ഉണ്ടായിട്ടുള്ള വ്യവസ്ഥയാണ്. പ്രത്യേകം ഒരു നടപ്പു ഏതവസരത്തിലും സെററപ്പു ചെയ്യത്തക്കവിധത്തിലാണ് ഇരിക്കുന്നതു്. ഇന്ന ലൊക്കാലിററിക്കു ഇന്നനടപ്പേ പാടുള്ളു എന്നു വച്ചിട്ടില്ല.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : ഇന്നു ജനറലായിട്ടു ഒരു നിയമം നടപ്പിലിരിക്കുന്നുണ്ടല്ലൊ.

MR. N. R. KRISHNAN (*Nominated*): ഓരോതാലൂക്കിനേയും ബൈൻറു ചെയ്യത്തക്കവിധത്തിൽ ഒരു വ്യവസ്ഥയില്ല. നടപ്പിനെ അടിസ്ഥാനപ്പെടുത്തി ദേഹണ്ഡം കൊടുക്കുന്നതിനെ സംബന്ധിച്ചു ബുദ്ധിമുട്ടുകളെ പററി ഞാൻ മുമ്പു പ്രസ്താവിച്ചു കഴിഞ്ഞു.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ആറു മാസത്തെ ആദായത്തിൻെറ വില ദേഹണ്ഡമായിട്ടു കൊടുക്കണമെന്നു പറഞ്ഞല്ലൊ. അങ്ങിനെ ഒരു വ്യവസ്ഥ ഇപ്പോൾ തന്നെ തിരുവിതാംകൂറിലില്ലേ?

MR. N. R. KRISHNAN (*Nominated*) : അതു് എല്ലാസ്ഥലത്തും നടപ്പില്ല.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : ഈ ബിൽ ചേർത്തലതാലൂക്കിനെ സംബന്ധിച്ചുമാത്രം മതിയാകുമോ?

MR. N. R. KRISHNAN (*Nominated*): ചേർത്തല താലൂക്കു പോലെ മററുപല സ്ഥലങ്ങളുമുണ്ട്. 24 T. L. R. പറയുന്നതു് ഏതെങ്കിലും ഒരു നടപ്പിനെ കാണിക്കാതിരിക്കുന്ന അവസരത്തിൽ ഇങ്ങിനെ ചെയ്യണമെന്നാണ്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) 24 T. L. R. അനുസരിച്ച ഒരു നിയമം തിരുവിതാംകൂറിൽ എല്ലാഭാഗത്തും നടപ്പാക്കിയാൽ മതിയോ?

MR. N. R. KRISHNAN (*Nominated*): അപ്പോൾ 16 T. L. J. റദ്ദ് ചെയ്യണ്ടേ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) അങ്ങിനെ ഒരു ബിൽ മാത്രം മതിയാകുമോ?

MR. N. R. KRISHNAN (*Nominated*): അപ്പോൾ ജന്മികളെ വലിയ ദോഷമാണ്. വസ്തു ഒഴിപ്പിക്കാൻതന്നെ നിവൃത്തിയില്ലാത്ത നിലയിൽ ആയി തീരും.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): 16 T. L. J. അനുസരിച്ച വ്യവസ്ഥ ചെയ്തിട്ടുള്ള നടപ്പിനെ മാററണമെന്നുള്ള ഉദ്ദേശത്തോടുകൂടി മാത്രമാണോ ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്?

MR. N. R. KRISHNAN (*Nominated*). അതുമാത്രമല്ല. 24 T L. R. അനുസരിച്ചുള്ള നടപ്പിനേയും കൂടി ഭേദപ്പെടുത്തി ന്യായമായ ഒരു നടപ്പുണ്ടാക്കണമെന്നുള്ളതാണ് എന്റെ ഉദ്ദേശം.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*); അതെങ്ങിനെ മാററണം എന്നുകൂടി ഈ സഭയിൽ പറയുക.

MR. N. R. KRISHNAN (*Nominated*): അതിനെപ്പററി ൯-ാം പാരാവിൽ പറയുന്നുണ്ട്.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): Suppose a cocoanut tree is in a position to yield the very same income for 60 years. How does he propose to calculate the improvements?

MR. N. R. KRISHNAN (*Nominated*): Clause 9 provides "the court shall determine as nearly as may be the average net money value of such increase and the number of years during which such increase may reasonably be expected to continue and shall then ascertain the present value at 6 per cent of an annuity equal to such money value for such number of years, and also the cost of making such improvements".

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): നൂറു തേങ്ങാ കിട്ടുന്ന ഒരു വൃക്ഷത്തിന് 24 T. L. R. അനുസരിച്ച് എന്തു വില വയ്ക്കും എന്നും, ഇപ്പോഴത്തെ ബിൽ അനുസരിച്ച് എന്തു വില വയ്ക്കുമെന്നും, ചേർത്തല താലൂക്കിലെ നടപ്പനുസരിച്ച് എന്തു വില വയ്ക്കുമെന്നും ഈ സഭയുടെ അറിവിന്നായിട്ടു പറയുമോ?

MR. N. R. KRISHNAN (*Nominated*): അതു ബില്ലിൽ ഉണ്ടു്. മലബാറിൽ നടപ്പിൽ ഇരിക്കുന്ന ടെനൻസ് ഇംപ്രൂവ്മെൻറു ആക്ടിനെ അടിസ്ഥാനമാക്കിയാണു് ഈ ബിൽ എഴുതീട്ടുള്ളതെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ആ കണക്കുകൾ എന്താണെന്നു പറഞ്ഞാൽ ഈ സഭയ്ക്കു മനസ്സിലാക്കാൻ എളുപ്പമുണ്ടല്ലോ.

MR. N. R. KRISHNAN (*Nominated*): 24. T. L. R. ൽ നിന്നും വളരെ കുറവായിട്ടേ വരികയുള്ളു.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ആ കണക്കു കൂട്ടി പറഞ്ഞല്ലാതെ മനസ്സിലാക്കാൻ സാധിക്കയില്ലല്ലോ?

MR. N. R. KRISHNAN (*Nominated*): കണക്കു കൂട്ടേണ്ട മാതൃകയെപ്പററി ഞാൻ ബില്ലിൽ പറഞ്ഞിട്ടുണ്ടു്. ഏതെങ്കിലും നാളികേരത്തിൻെറ വില വച്ചുകൊണ്ടു കണക്കാക്കിയാൽ മതി. എൻെറ കയ്യിൽ ഒരു ടേബിൾ ഉണ്ടു്. അതു മലബാറിൽ നടപ്പിലിരിക്കുന്ന തോതനുസരിച്ചു ഡേഫണ്ടം കൊടുത്തു വരുന്നതിനെപ്പററിയുള്ളതാണു്.

"The net value of the increased price of 25 nuts is four and a half annas. That is, the present value of annuity of 4 1/2 annas for 40 years at 6 per cent is Rs. 3 Annas5 11 Pios".

MR. A. THANU PILLAI (*Trivandrum*): How to calculate ?

MR. N. R. KRISHNAN (*Nominated*): It is a matter of calculation.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഒരു വ്യവസ്ഥവേണ്ടേ? അതൊന്നുകണക്കുകൂട്ടി പറയണം.

MR. N. R. KRISHNAN (*Nominated*): അതുകണക്കുകൂട്ടാതെ നിവൃത്തിയില്ല.

MR. A. THANU PILLAI (*Trivandrum*): ൯-ാം വകുപ്പിനെ ഒന്നു വ്യാഖ്യാനിച്ചുപറയാമോ?

MR. N. R. KRISHNAN (*Nominated*): ഞാൻ വ്യാഖ്യാനിച്ചാണു് പറയുന്നതു്.

MR. A. THANU PILLAI (*Trivandrum*): "And shall then ascertain the present value of 6 per cent of annuity equal to such money value for such number of years" ഇതിനെ ഒന്നു വ്യാഖ്യാനിക്കണം.

MR. N. R. KRISHNAN (*Nominated*): Suppose the court finds the age of a cocoanut tree between 20 and 30 years. Then its future average

[Mr. N. R. Krishnan.]

annual yield will probably be 25 nuts. Then the net value of the increase equal to the price of 25 coconuts minus the cost of cultivation is $4\frac{1}{2}$ Annas and the present value of annuity for 40 years at 6 per cent of that is Rs. 3-5-11. അതെങ്ങിനെ ചിട്ടിഎന്നുകണക്കുകൂട്ടിനോക്കിയാൽ മാത്രമെ അറിയാൻ സാധിക്കയൊള്ളു.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ഇപ്പോഴിരിക്കുന്ന നടപ്പനുസരിച്ച് ശരിയായതെളിവു കൊടുക്കുന്നപക്ഷം കോടതിയിൽനിന്ന് ന്യായമായ വിധികിട്ടും എന്നു മെമ്പർക്കു അഭിപ്രായമുണ്ടോ?

MR. N. R. KRISHNAN (*Nominated*): ഇരുകക്ഷികളുടേയും തെളിവെടുക്കുമ്പോൾ ഒരുഭാഗത്തെ തെളിവിനെ അവിശ്വസിച്ചതിനു ശേഷമല്ലാതെ ഒരുവിധികല്പിക്കുവാൻ സാധിക്കുകയില്ല. തെളിവുതന്നെ ഓരോവായിട്ടു കൊടുക്കാനെ നിവൃത്തിയൊള്ളു. ഇതിതസ്ഥിതികൾ അനുസരിച്ചു ചിലപ്പോൾ ൧ രൂപാ കരംകൊടുക്കുന്ന ഒരാളിന്റെ മൊഴിയെ കോടതി വിശ്വസിച്ചുഎന്നും ൫൧ രൂപാ കരംകൊടുക്കുന്നയാളിന്റെ മൊഴിയെ അവിശ്വസിച്ചു എന്നും വരാം. ഒരു നിയമം ഇല്ലാതിരിക്കുന്നിടത്തോളംകാലം ഏതെങ്കിലും ഒരുതെളിവനുസരിച്ചല്ലാതെ കോടതിക്കു വിധികല്പിക്കാതിരിക്കാൻ നിവൃത്തിയില്ല.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): തെളിവിന്മേൽ അടിസ്ഥാനമാക്കികൊടുക്കുന്ന വിധികൾക്കെല്ലാം ഈ ദൂഷ്യമുണ്ടെന്നു പറയാമൊ?

MR. N. R. KRISHNAN (*Nominated*): അതുകൊണ്ടാണ് ഒരു നിയമം വേണമെന്നു പറയുന്നതു്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): അതിനെ ഇപ്പോഴത്തെ ബില്ല് കൊണ്ടു പരിഹരിച്ചാലും, വൃക്ഷങ്ങളുടെ പ്രായം, അതിൽ നിന്നും കിട്ടുന്ന ആദായം മുതലായവകളൊക്കെ നോക്കിവേണ്ടേ ഒരു വിധി-കല്പിക്കാൻ?

MR. N. R. KRISHNAN (*Nominated*): ഒരു നിയമമുള്ളപ്പോൾ വരുന്ന തെറ്റിനും അതിന്റെ അഭാവത്തിൽ വരുന്നതെറ്റിനും വ്യത്യാസമുണ്ട്.

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): കോടതിയിൽ തെളിവനുസരിച്ചു തീരുമാനിക്കുന്നതു ശരിയായിരിക്കുന്നില്ലെന്നു മെമ്പർ വിശ്വസിക്കുന്നുണ്ടോ?

MR. N. R. KRISHNAN (*Nominated*): ഇല്ല, ഒരു നിയമമില്ലാതിരിക്കുന്നിടത്തോളം കാലം വെറും തെളിവിനെ മാത്രം അടിസ്ഥാനപ്പെടുത്തി വിധി കല്പിച്ചാൽ വളരെ ബുദ്ധിമുട്ടിനിടയുണ്ടെന്നാണ് പറയുന്നതു്.

MR. P. S. MAHOMED (*Nominated*): കുടിയാനവന്മാരിൽ ഭൂരിപക്ഷവും സാധുക്കളാണെന്ന് അറിയാമോ?

MR. N. R. KRISHNAN (*Nominated*): അറിയാം.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): നിയമം ഏർപ്പെടുത്തിയാലും സംഗതികൾ ധരിക്കുന്നതിനു തെളിവു ആവശ്യമാണെന്നറിയാമൊ?

MR. N. R. KRISHNAN (*Nominated*): തെളിവില്ലെങ്കിലും നിയമത്തെ അടിസ്ഥാനപ്പെടുത്തി വിധികല്പിക്കാൻ സാധിക്കും.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*); തെളിവില്ലെങ്കിലും വിധി കല്പിക്കാൻ സാധിക്കുമോ?

MR. N. R. KRISHNAN (*Nominated*): സാധിക്കും.

MR. K. P. NILAKANTA PILLAI (*Chirayinkil*): ഈ ബിൽ ജന്മികുടിയാൻ ബില്ലിന്റെ പരിധിയിൽ ഉൾപ്പെട്ടവരെയും കൂടി ബാധിക്കുന്നതാണോ?

MR. N. R. KRISHNAN (*Nominated*): കുടിയാനവന്റെ പക്കൽ നിന്നും ഒഴിക്കാൻ പാടില്ലാത്തവസ്തുക്കളാണല്ലോ ജന്മികുടിയാൻ ബില്ലിന്റെ പരിധിയിൽ ഉൾപ്പെട്ടവസ്തുക്കൾ.

MR. K. P. NILAKANTA PILLAI (*Chirayinkil*): അതിനെയും ഈ ബിൽ ബാധിക്കുമോ? അതല്ല ശേഷമുള്ളവരെ മാത്രമേ ബാധിക്കയുള്ളോ?

MR. N. R. KRISHNAN (*Nominated*): അങ്ങിനെയുള്ള വസ്തുക്കളെ ഈ ബിൽ ബാധിക്കയില്ല. എന്നാൽ ജന്മിമാരുടെ വസ്തുക്കൾ വെറും പാട്ടമായി കൊടുക്കുന്നുണ്ട്. അങ്ങിനെയുള്ളവ ഈ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടും.

MR. K. P. NILAKANTA PILLAI (*Chirayinkil*): ജന്മികുടിയാൻ ബില്ലിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള ജന്മിമാർ ഈ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുമോ?

MR. N. R. KRISHNAN (*Nominated*): വസ്തുക്കൾ വെറും പാട്ടം കൊടുക്കയാണെങ്കിൽ ഇതിൽ ഉൾപ്പെടും.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): വസ്തു ഉടമസ്ഥന്റെ രക്ഷയെ ഈ ബില്ലിൽ കരുതിട്ടുണ്ടോ?

MR. N. R. KRISHNAN (*Nominated*): ഉണ്ട്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): അതിൽ ഒരുവകുപ്പു ഈ സഭയെ വായിച്ചു കേൾപ്പിക്കാമോ?

MR. N. R. KRISHNAN (*Nominated*): സെക്ഷൻ അനുസരിച്ച് വളരെ തുച്ഛമായ ഒരു സംഖ്യയേ ദേഹണ്ണം കൊടുക്കേണ്ടതായിട്ടുവരുകയൊള്ളു. അതു വസ്തു ഉടമസ്ഥന്മാൎക്കു അനുകൂലമാണ്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): വസ്തു ഉടമസ്ഥന്മാരുടെ രക്ഷയെ കരുതുന്ന ഏതെങ്കിലും ഒരു വകുപ്പ് ഇവിടെ വായിക്കാമോ?

MR. N. R. KRISHNAN (*Nominated*): Section 9.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): With reference to clause 10 could he tell us what the tenant now gets as compensation for trees of spontaneous growth? Does he get anything now?

MR. N. R. KRISHNAN (*Nominated*): ഇപ്പോൾ ഒന്നും കിട്ടുന്നില്ല.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): Does not the Bill propose to give three-fourths share when he does not get anything now?

MR. N. R. KRISHNAN (*Nominated*): അതേ, ഞാൻ എന്റെ അഭിപ്രായംമാത്രം പറഞ്ഞു എന്നേയൊള്ളു. ഈ ബിൽ ഇതേരീതിയിൽ പാസ്സാക്കണമെന്ന് എനിക്കു നിൎബന്ധമില്ല.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): Is it based on any custom obtaining in any part of Travancore?

MR. N. R. KRISHNAN (*Nominated*): ഇപ്പോൾ ഇവിടെ തന്നത്താനെ മുളച്ചുവളരുന്ന വൃക്ഷങ്ങൾക്ക് ഒന്നും കിട്ടിക്കൊണ്ടിരിക്കുന്നില്ല. അതിനാൽ അതിനും ഏതെങ്കിലും ഒരംശം കൊടുക്കണമെന്ന് എനിക്കഭിപ്രായമുണ്ട്.

MR. P. S. MAHOMED (*Nominated*): മലബാറിൽ പല സ്ഥലങ്ങളിലും ഈ പതിവുണ്ടോ?

MR. N. R. KRISHNAN (*Nominated*): ഉണ്ട്. മലബാറിൽ സ്പാണ്ടേനിയസ്സ് ട്രീക്ക് നാലിൽ മൂന്നു വില കുടിയാനവനു കിട്ടുന്നുണ്ട്. എന്നാൽ അയൽ രാജ്യമായ തിരുവിതാംകൂറിൽ ഒന്നും കിട്ടുന്നില്ല. അതിനാൽ ഇവിടേയും കിട്ടണമെന്നാണ് ഞാൻ പറയുന്നതു്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikappalli*): മെമ്പർ ഈ അഭിപ്രായത്തെ കാൎയ്യകാരണസഹിതം ഈ സഭയെ ബോദ്ധ്യപ്പെടുത്താമോ?

MR. N. R. KRISHNAN (*Nominated*): ബോദ്ധ്യപ്പെടുത്താം. ഒരു കുടിയാനവൻ ഒരു വസ്തു പാട്ടത്തിനുവാങ്ങി കഴിഞ്ഞാൽ അതിൽ ഏതാനും

ആഞ്ഞിലി വൃക്ഷം ഉണ്ടാകുന്നു എന്നു വിചാരിക്കൂ; ജന്മി അതിനും ഒരു ചെറിയദേഹണ്ഡം കൊടുക്കണമെന്നു വ്യവസ്ഥയില്ലെങ്കിൽ അവൻ ആ വൃക്ഷത്തെ വച്ചുകൊണ്ടിരിക്കയില്ല. പിന്നെ അവൻെറ നല്ല മനസ്സുണ്ടെങ്കിൽ മാത്രമേ വച്ചുകൊണ്ടിരിക്കയൊള്ളൂ. കൂടാതെ ആ വൃക്ഷങ്ങൾ വളരുന്നതുകൊണ്ടു് അതിൻെറ ചുററിലും കുടിയാനവന് കൃഷിചെയ്യാനും സാധിക്കയില്ല. അവൻ വേറെവല്ലതും കൃഷിചെയ്തിരുന്നു എങ്കിൽ നല്ല ആദായം കിട്ടുമായിരുന്നു. ഇങ്ങിനെ വൃക്ഷം വളരുന്നതുകൊണ്ടു ഒരു സെൻറു സ്ഥലം ഉപയോഗശൂന്യമായിട്ടുപോകുന്നുണ്ടു്.

MR. V. J. OOMMEN (*Commerce and Industry, North*): ആ വൃക്ഷങ്ങൾ ജന്മിക്കു് ആദായമുള്ളതല്ലയോ?

MR. N. R. KRISHNAN (*Nominated*): കുടിയാനവൻെറ കാരുണ്യമുണ്ടെങ്കിൽ മാത്രമേ ജന്മിക്കതിൽനിന്നും ആദായം കിട്ടുകയൊള്ളൂ. അങ്ങിനെ കൃഷി നഷ്ടപ്പെടുത്തുന്നതിനുംകൂടി കുടിയാനവൻ പാട്ടം കൊടുക്കേണ്ടിയിരിക്കുന്നു.

MR. V. J. OOMMEN (*Commerce and Industry, North*): സ്വാൺടേനിയസ്സായിട്ടു വളരുന്ന വൃക്ഷങ്ങൾക്കു് കുടിയാനവൻെറ പരിശ്രമമൊന്നും വേണ്ടല്ലോ?

MR. N. R. KRISHNAN (*Nominated*): അതു വേറെ സംഗതിയാണല്ലോ. സ്വാൺടേനിയസ്സായിട്ടു വളരുന്ന വൃക്ഷങ്ങൾ നില്ക്കുന്ന സ്ഥലത്തു് നാലു വാഴവച്ചാൽ കുടിയാനവന് ആദായംകിട്ടും. അല്ലാതെ ആ വൃക്ഷം അവിടെനിന്നുകൊള്ളട്ടെ എന്നു വിചാരിച്ചാൽ അവനു മററു കൃഷികളൊന്നും ചെയ്യാൻ സാധിക്കയില്ല. വസ്തുവിനു് പാട്ടവും കൊടുക്കണം. അതു വളരെ കഠിനമാണു്. അയൽരാജ്യമായ മലബാറിൽക്കൂടിയും സ്വാൺടേനിയസ്സ്ട്രീക്കു് നാലിൽ മൂന്നുവില കുടിയാനവനും കിട്ടിക്കൊണ്ടിരിക്കുന്നു. അതിനടുത്തു കിടക്കുന്ന തിരുവിതാംകൂറിൽ അങ്ങിനെ കൊടുക്കരുതു് എന്നു പറയുന്നതു് കഷ്ടമാണു്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): കുടിയാനവൻ ചെയ്യുന്ന ജോലിക്കു പ്രതിഫലം കൊടുക്കണമെന്നുണ്ടല്ലോ. ആ സ്ഥിതിക്കു് ഒരു ശ്രമവും ചെയ്യാതെ വളരുന്ന സ്വാൺടേനിയസ് ട്രീകളും ഒരു വിലകുടിയാനവന് കൊടുക്കണമെന്നു പറയുന്നതു് ജന്മി നന്നാകാൻപാടില്ല എന്നുള്ള ഉദ്ദേശത്തിലല്ലേ?

MR. N. R. KRISHNAN (*Nominated*): കുടിയാനവനും ജന്മിയും നന്നാകണം. രണ്ടുകൂട്ടരും ഈ രാജ്യത്തു് ജനിച്ചുവളരുന്നവരാണു്. ഒരു

[Mr. N. R. Krishnan.]

കൂട്ടൎക്ക് വസ്തുവില്ലെന്നു വിചാരിച്ച് അവർ വസ്തു പാട്ടത്തിനെടുത്തു കൃഷിചെയ്യുന്നതിനുള്ള കൂലി കൊടുത്തുകൂടാ എന്നു പറയുന്നതു കഷ്ടമാണ്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): കുടിയാനവൻ ചെയ്യുന്ന ജോലിക്കെല്ലാം കൂലികൊടുക്കണമെന്നു പറയുന്നുണ്ട്. ജോലിചെയ്യാത്തതിനുംകൂടി കൂലികൊടുക്കണമോ?

MR. N. R. KRISHNAN (*Nominated*): അവൻ നഷ്ടം സഹിച്ചിരുന്നാൽ അതും കൊടുക്കണം.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikappalli*): എന്തു നഷ്ടമാണ്?

MR. N. R. KRISHNAN (*Nominated*): ആഞ്ഞിലി വൃക്ഷം വളൎന്നുവന്നിരുന്നാൽ അവന് മററു കൃഷികൾ ഒന്നും ചെയ്വാൻ സാധിക്കയില്ല. അതു നഷ്ടമല്ലേ?

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*)): അതു നഷ്ടമല്ലല്ലോ?

MR. N. R. KRISHNAN (*Nominated*): നഷ്ടംതന്നെയാണ്. ജന്മിക്കു നല്ല ആദായംകിട്ടും, കുടിയാനവനു ഒന്നും കിട്ടുകയില്ല.

MR. REVATI NAL RAMAVARMA RAJA (*Edavagai*): കുടിയാനവൻ ഇതൊക്കെ നോക്കിയല്ലേ പാട്ടം വാങ്ങിക്കുന്നതു്?

MR. N. R. KRISHNAN (*Nominated*): അതേ.

MR. REVATI NAL RAMAVARMA RAJA (*Edavagai*): പിന്നെ അതിൽ സങ്കടം ഉണ്ടാകാൻ വഴിയില്ലല്ലോ.

MR. N. R. KRISHNAN (*Nominated*): പാട്ടംവാങ്ങി വസ്തു കൈവശം വന്നശേഷം ഇങ്ങനെയുള്ള വൃക്ഷങ്ങൾ ഉണ്ടായി എന്നുവരാം.

MR. REVATI NAL RAMAVARMA RAJA (*Edavagai*): അതിനുശേഷം ഉണ്ടാകുന്ന വൃക്ഷങ്ങളെ വെട്ടിക്കളയുന്നതിൽ ഉടമസ്ഥനു വല്ല സങ്കടവുമുണ്ടോ?

MR. N. R. KRISHNAN (*Nominated*): ജന്മി അങ്ങിനെ സങ്കടം ധാരാളം പറഞ്ഞിട്ടുണ്ട്.

MR. A. THANU PILLAI (*Trivandrum*): ഒൻപതാം വകുപ്പിനെപററി ഒരു ചോദ്യം ചോദിക്കട്ടെ? ഒരു പാട്ടവസ്തുവിൽ നൂറുരൂപാ ആദായം കിട്ടത്തക്കവണ്ണമുള്ള തെങ്ങുകൾ വച്ചിട്ടുണ്ടെന്നു വിചാരിക്ക. എന്നാ

ൽ കൂടിയാനവൻെറ പ്രയത്നംകൊണ്ട് ൧൦൦ രൂപാ കൂടെ കൂടുതൽ ആദായംകിട്ടുന്നു. ഈ വസ്തു ഒഴിപ്പിക്കുമ്പോൾ ദേഹണ്ഡക്കാരന് എത്ര രൂപാ കൊടുക്കണമെന്നും ഈ തെങ്ങുകൾ ൪൦ വർഷത്തിനുമേൽ കായ്ക്കുന്നതാണെന്നും വിചാരിക്കയാണെങ്കിൽ ദേഹണ്ഡക്കാരന് ഈ ബില്ലിലെ ൧൭-ാം വകുപ്പനുസരിച്ച് ദേഹണ്ഡം ഉദ്ദേശം എന്തുകൊടുക്കേണ്ടി വരുമെന്നു പറയാമോ?

MR. N. R. KRISHNAN (*Nominated*) : I have already stated in answer to the Law Member's question that that is a matter of calculation.

MR. A. THANU PILLAI (*Trivandrum*) : അതിൻെറ ശരിയായ ഐക്യം ഗ്രഹിക്കാനാണ് ഈ ചോദ്യം ചോദിക്കുന്നത്?

MR. N. R. KRISHNAN (*Nominated*): ൪൦ വർഷത്തേക്ക് എന്താദായം കിട്ടുമൊ അതിൻെറ പകുതി കണക്കാക്കികൊടുക്കണം. അതായത് ൨൦ വർഷത്തെ ദേഹണ്ഡം കൊടുക്കണം.

MR. A. THANU PILLAI (*Trivandrum*): ഉദ്ദേശം എന്തു വ്യത്യാസം ഉണ്ടാകുമെന്നറിയാനാണു ചോദിക്കുന്നത്?

MR. N. R. KRISHNAN (*Nominated*). അതു കണക്കു കൂട്ടിനോക്കണം. ഒരു വൃക്ഷം കുലച്ചാൽ മുപ്പതുവർഷമൊ ൪൦ വർഷമൊ ആദായം കിട്ടുമെന്നു വിചാരിക്ക.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഒരുദ്ദേശം വച്ചല്ലേ വിചാരിക്കാൻ തരമുള്ളു. അല്ലാതെ ഒരു ക്ലിപ്തമില്ലല്ലൊ.

MR. N. R. KRISHNAN (*Nominated*): ഇതിൽ പത്തുകൊല്ലമെന്നും മുപ്പതുകൊല്ലമെന്നും വച്ചു കണക്കാക്കുന്നതിൽ വലിയ വ്യത്യാസമില്ല.

MR. A. THANU PILLAI (*Trivandrum*): ഉണ്ട് എന്നാണ് എൻെറ അഭിപ്രായം.

MR. N. R. KRISHNAN (*Nominated*) : വലിയ വ്യത്യാസമില്ല.

M. A. G. MENON (*Parur*) : മി: കൃഷ്ണനു മലബാറിൽ ഉള്ള വല്ല വസ്തു ഉടമസ്ഥന്മാരേയും പരിചയമുണ്ടൊ?

MR. N. R. KRISHNAN (*Nominated*) ; ധാരാളം പരിചയമുണ്ട്.

MR. A. G. MENON (*Parur*) : അവിടത്തെ സ്ഥിതി എനിക്കുനല്ലവണ്ണം അറിയാം. ഓരോ തെങ്ങിനും അവിടെ ഇപ്പോൾ മുപ്പതു രൂപ മുതൽ അൻപതു രൂപവരെ കാമ്പൻസേഷൻകൊടുക്കുന്നുണ്ട്.

MR. N. R. KRISHNAN (*Nominated*); അവിടെ അങ്ങിനേ ഇല്ല.

MR. A. G. MENON (*Parur*): അങ്ങനെ കൊടുക്കുന്നുണ്ടെന്നു് എനിക്കറിയാം. എന്റെ ഭാര്യക്കുതന്നെ അവിടെ വസ്തുക്കളുണ്ടു്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ഒരു വസ്തു വിലയ്ക്കു മേടിച്ചാൽ എന്തു പലിശനടക്കും? അരപ്പണ പലിശ നടക്കുമോ?

MR. N. R. KRISHNAN (*Nominated*): അതു് എന്റെ സ്നേഹിതനുതന്നെ അറിയാമെന്നുള്ളതുകൊണ്ടു് ഞാൻ പറയുന്നില്ല.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): സാധാരണവസ്തുവിൽ എന്തുപലിശനടക്കും?

MR. N. R. KRISHNAN (*Nominated*): ചിലതിൽ മുക്കാൽപ്പണ പലിശയും ചിലതിൽ അരപ്പണ പലിശയും നടക്കും.

MR. R. RAMAN PILLAI (*Kottayam*): വസ്തുവിൽ എന്തുനടക്കും എന്നാണു ചോദിക്കുന്നതു്?

MR. N. R. KRISHNAN (*Nominated*): പണംപലിശയ്ക്കു് കൊടുക്കയാണെങ്കിൽ ഡിമാൻറനുസരിച്ചുള്ള പലിശകിട്ടും. വസ്തുവിൽ അരപ്പണ പലിശ തീർച്ചയായിട്ടും നടക്കും.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*); അരപ്പണപലിശ നടക്കത്തക്കവണ്ണം വസ്തുക്കളുണ്ടോ?

MR. N. R. KRISHNAN (*Nominated*): മലബാർ ടെനൻട്സ് ഇംപ്രൂവ്മെൻറു ആക്റ്റു് അനുസരിച്ച് അരപ്പണ പലിശയാണു് വസ്തുവിൽനടക്കുന്നതു് എന്നുകാണുന്നുണ്ടു്.

അതിനാൽ ദേഹണ്ഡം കൊടുക്കുന്നതിനെ സംബന്ധിച്ചു ഒരു നിയമം വേണമെന്നാണു് ഞാൻ ഈ സഭമുമ്പാകെ പറയുന്നതു്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): അങ്ങിനെ ഒരു നിയമം വേണമെന്നു് ഈ സഭയിൽനിന്നും ഒരു നിശ്ചയം പാസാക്കിയാൽ ഗവണ്മെൻറുഭാഗത്തുനിന്നും തന്നെ ഒരു ബിൽകൊണ്ടുവരികയില്ലയൊ?

MR. N. R. KRISHNAN (*Nominated*): അങ്ങിനെ ഗവണ്മെണ്ടുഭാഗത്തുനിന്നും കൊണ്ടുവരികയാണെങ്കിൽ ഞാൻ ഇതു പിൻവലിക്കാൻ തയ്യാറാണു്.

MR. REVATI NAL RAMAVARMA RAJA (*Edavagai*): ഇങ്ങനെ ഒരുനിയമത്തിന്റെ ആവശ്യകതയെപ്പററി ഗവണ്മെണ്ടിനെ അറിയിച്ചിട്ടുണ്ടോ?

MR. N. R. KRISHNAN (*Nominated*): ഞാൻ പ്രജാസഭയിൽ ഇതിനെപ്പററി വാദിച്ചിട്ടുണ്ട്. അന്നു നല്കിയ മറുപടി നിയമസഭയിൽ ഒരു ബിൽ കൊണ്ടുവരണമെന്നുള്ളതായിരുന്നു. അങ്ങിനെ ഒരു ബിൽ നിയമസഭയിൽ ഹാജരാക്കാനുള്ള അവസരം എനിക്കുതന്നെ ഇപ്പോൾ ലഭ്യമാകയും ചെയ്തു.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഈ ബിൽ അനുസരിച്ചും ദേഹണ്ഡംതിട്ടപ്പെടുത്തുന്നതിനു കമ്മിഷൻ അയക്കയും തെളിവെടുക്കുകയും വേണ്ടമെല്ലൊ.

MR. N. R. KRISHNAN (*Nominated*): അതു വസ്തുവിനെ അടിസ്ഥാനപ്പെടുത്തി കമ്മിഷൻവേണ്ടിവരും. കോടതിക്ക് ഒരു നിയമമില്ലാത്തതുകൊണ്ടു അതിനെ പരിഹരിക്കുന്നതിനാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളതു്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): കമ്മിഷൻ വേണമെല്ലൊ. അതില്ലാതെ ഈ ബിൽകൊണ്ടു മാത്രം സങ്കടപരിഹാരം ഉണ്ടാകയില്ലല്ലൊ.

MR. N. R. KRISHNAN (*Nominated*): കമ്മിഷൻവേണം. പക്ഷെ ഒരു നിയമമില്ലാത്തതു കൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ടുകളെപ്പററിയാണ് ഇവിടെ പറയുന്നതു്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): കമ്മീഷണർ വൃക്ഷങ്ങളുടെ ജാതകംകൂടി തിട്ടപ്പെടുത്തണ്ടെ?

MR. N. R. KRISHNAN (*Nominated*): കമ്മിഷൻ പോകാതെ അതു സാധിക്കയില്ല.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): മേലാൽ ആ വൃക്ഷം എത്രനാൾ കായ്ഫലമുള്ളതായിരിക്കുമെന്നുകൂടി നോക്കണ്ടെ?

MR. N. R. KRISHNAN (*Nominated*): അതും നോക്കേണ്ടിവരും.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): ഈ ബിൽ ജന്മിമാരുടെ കുടിയാന്മാരെക്കൂടി ബാധിക്കുമൊ?

MR. N. R. KRISHNAN (*Nominated*): ജന്മികുടിയാൻബില്ലിൽ ഉൾപ്പെട്ടിട്ടുള്ള കുടിയാന്മാരിൽ Irredeemable വസ്തുക്കൾ അനുഭവിക്കുന്നവരെ ഇതിൽ ഉൾപ്പെടുത്തീട്ടില്ല.

Irredeemability is the test of the Jenmi-Kudiyan Regulation. Redeemability is the test of the Bill. That has nothing to do with this.

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): വെറും പാട്ടമൊ ഒററിയൊ കൊടുക്കുമ്പോൾ അതു പ്രമാണത്തിൽ വല്ല കരാറുകളും കാണുകയില്ലയൊ?

MR. N. R. KRISHNAN (*Nominated*): അതിനെപ്പററി എന്റെ സ്നേഹിതൻ വായിച്ചുനോക്കിയാൽ മനസ്സിലാകും.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): Sir, I beg to oppose the motion. I may at the outset concede that the question of improvements is an important issue arising in several suits for the recovery of property. No doubt there is considerable difficulty in assessing accurately the value of improvements due to the tenant from the landlord. Some methods have been devised under which the claims of the tenants and the claims of the Jenmies are being adjusted by our courts all along. The essential basis of these decisions is in either the terms of the contract or the usage obtaining in the locality. The contract itself may be presumed to be merely an expression of the usage obtaining in the locality. If you think it absolutely necessary to have one uniform rate of adjustment between the landlord and the tenant throughout Travancore, you are not pursuing a policy of fairness and justice, but only adopting a purely mechanical method of getting rid of the difficulty.

MR. K. P. NILAKANTA PILLAI (*Chirayinkil*): May I know whether it is intended in this Bill that there should be a uniform rate applicable throughout the State?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): Yes, that is what I understand.

MR. N. R. KRISHNAN (*Nominated*): No.

MR. K. P. NILAKANTA PILLAI (*Chirayinkil*): May I request the Deputy President to point out that clause of the Bill which provides it?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): Clause 9 itself. That is the object of the Bill. Either my friend and myself have put different interpretations, or clause 9 is worrying us in spite of the attempts made by the mover to explain it.

MR. K. P. NILAKANTA PILLAI (*Chirayinkil*): May I draw his attention to the provision that lists applicable to different localities may be published by the Government?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): As regards the maximum and minimum price of produce, if the maximum price and minimum price of particular articles or produce be published in the Gazette and the judges should rely on that for their guidance, there will not be much difficulty at all. What I wanted to emphasise was, that you have no uniformity throughout Travancore. You should not blindly attempt to secure a uniform rate in Travancore. In fact, Sir, the method of assessing pattom and the method of assessing

improvements bear a very intimate relation to one another; especially to my friend coming from Shertallai it looks very anomalous that a first class tree gives the tenant only something like one rupee as compensation for improvement that he has effected. At first blush it would look as if it is unconscionable, but if you will remember that the rate of pattom that a Jenmi is getting for a first class cocoanut tree is only 4 chackrams, the position is not so objectionable. For the purpose of fixing of pattom of a venpattom holding, suppose the land-lord is satisfied with 4 chackrams for a year, probably the tenant gets that four chackrams out of 4 cocoanuts cropped. That is all that the land lord gets, and, necessarily the bulk of the net profits arising from the yield goes into the pockets of the tenants. That is just the reason why at the time of eviction in the Shertallai taluk one-fourth nadavukoor is invariably adopted.

MR. N. R. KRISHNAN (*Nominated*): ഈ വൃക്ഷത്തിന് അന്ന് പാട്ടം നാലുചക്രം തന്നേയാണൊ?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): Probably you are now getting a higher rate. I am just talking of the days when the tenant was allowed only one-fourth compensation.

MR. N. R. KRISHNAN (*Nominated*): ഇപ്പോഴും നാലിൽ ഒന്നാണ് കാമ്പൻസേഷൻ കുടിയാനവനു കിട്ടുന്നതു്?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): At any rate, that was the finding of the High Court, Sir, in an old case, and that was in accordance with the practice obtaining in the taluk of Shertallai for decades together.

Now, I am just submitting, Sir, that the fact that the landlord gets only a very small part of the net usufruct of the land is one of the reasons, one of the considerations, for fixing the low rate of compensation to the tenant. That is number one.

Number two is, in some places, the facilities for cultivation may be more satisfactory than in other places. In the latter cases the tenant's work should be valued at a little more than in the former where his work is not so heavy or so difficult. Considerations like these must have entered into the minds of the landlords and the tenants when they fixed up the terms of the *pattom*, and the terms of the *nadukooru* due to the tenant. We cannot afford to overlook these longstanding usages in the country. My friend, at one stroke, wants this Council to declare all these usages, absolutely void. Clause 2 of his bill says.

> "All customs in the matter of improvements recognised by courts of law are hereby repealed".

Now, Sir, I am at one with my friend in thinking that in cases not covered by the written contracts there *is* difficulty in establishing the actual usage itself. And the High Court has come to the relief of the tenant by declaring that in the absence of any contract or usage to the

[Rao Bahadur K. A. Krishna Aiyangar.]

contrary the tenant shall get three-fourths of the value of bearing trees and the full value of non-bearing trees. I do not know whether in the new scheme proposed by my friend the tenant is placed in a more satisfactory position. These are the three ways in which the question can be approached. Is it a matter of contract? If there is no contract, is it a matter of usage? If there is neither contract nor evidence of usage the Court steps in and gives the tenant more favourable treatment than you give him, by declaring three-fourths of the value of bearing trees and the entire value of non-bearing trees as the value of improvements.

MR. N. R. KRISHNAN (*Nominated*): കുലക്കാത്ത വൃക്ഷം കുലക്കുന്നതുവരെ ജന്മി ക്ഷമിച്ചിരുന്നാൽ കുലക്കാതിരിക്കുന്ന വൃക്ഷങ്ങൾക്കും മുഴുവൻ ദേഹണ്ഡം കൊടുക്കണം എന്നുള്ള സങ്കടത്തിനവകാശമില്ലല്ലോ.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated. Deputy President*): At any rate, the tenant does not stop there. He goes on planting trees. It is an unthinkable position that my friend suggests, the position that the landlord may wait until all the trees begin to bear, as if the tenant would keep quiet all the time. It is impossible ordinarily to think of a compound where *all* the trees have come into bearing. The tenant goes on planting; and old trees come down. That is what we find actually in the country, in the case of cocoanut at any rate.

My friend wants the court to ignore all usages obtaining in the country. Usages at least may be difficult of proof, Sir. What is worse than that, in the case of written contracts, my friend provides in clause 19 of his draft Bill.

> "Nothing in any contract made shall take away or limit the right of the tenants to make improvements and to claim compensation for them in accordance with the provision of this Regulation."

Let me, in this matter, at the outset submit, Sir, that this Bill, as it is drafted, does not include cases covered by the Jenmi-Kutiyan Regulation. That is a self-sufficient Regulation. The cases of redemption contemplated under the existing Jenmi-Kutiyan Regulation are very few. The contingency may not arise at all; and even if the contingency arises, that Regulation provides that the tenant's share shall be three-fourths as regards plantations. In this Bill, Sir, there is no provision to repeal the provisions of the Jenmi-Kutiyan Regulation with reference to improvements. So, I take it that my friend has in view cases of eviction outside the purview of the Jenmi-Kutiyan Regulation; because, as I said, there is no provision in this Bill repealing or modifying any of the provisions of the Jenmi-Kutiyan Regulation. So, this Bill has nothing to do with cases covered by the Jenmi-Kutiyan Regulation. Now, my friend says that any contract between landlord and tenant shall be declared to be void and the rights of the parties worked out according to the lines laid down in his draft Bill. When we are dealing with *purdahnashan* ladies, when we are dealing with infants, minors, idiots, lunatics, we say that contracts entered into with people of such defective

mentality ought to be treated as void. Am I to understand that these are the characteristics of the tenants in Travancore? I positively decline to accept that. The tenants of Travancore, Sir, *exactly know* the implications of the contracts they enter into. In all my experience as a lawyer, which extends to a period of over thirty-four years, I have not come across a single case where the tenant pleaded that he put his signature to the contract of tenancy, under pressure or in ignorance.

MR. K. P. NILAKANTA PILLAI (*Chirayinkil*): Does the learned Deputy President say that *no* tenant has pleaded coercion or undue pressure?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): In all my life I have not come across a single case where the tenant pleaded that he put his signature to the contract of tenancy under pressure or coercion. It is only in those cases where the courts are satisfied that it is not an expression of free will on the part of the contracting parties————

MR. P. S. MAHOMED (*Nominated*): മുഴുവൻ മനസ്സിലാക്കിയല്ല ഒപ്പിട്ടുകൊടുക്കുന്നതെന്നു വല്ല കേസ്സുകളും വന്നിട്ടുണ്ടോ?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): I suppose, that is not peculiar to the law of landlord and tenant.

MR. K. P. NILAKANTA PILLAI (*Chirayinkil*): May I know from the learned Deputy President whether he has come across any case in which the Jenmies, while they really intended to make use of the registered deed, had come to a private understanding with the tenant that he need not actually pay anything as stated in the deed, and thereby induced the tenant to sign the registered deed and thus indirectly coerced him?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): I am sorry, Sir, that has not been within the range of my experience.

MR. K. P. NILAKANTA PILLAI (*Chirayinkil*): Will the learned Deputy President be pleased to define, in a comprehensive way, what is meant by '*usage*'?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): That what is accepted by the people in the locality as binding on them in all contracts of tenancy will be the usage in that particular locality, provided it is not unconscionable according to the highest principles of justice, equity and good conscience.

MR. K. P. NILAKANTA PILLAI (*Chirayinkil*): Therefore, particular usages come into existence only after they are experienced by the people for a particular number of years?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): It is only these things that the law recognises as customs and usages of a binding character. No single transaction, or, for that

[Rao Bahadur K. A. Krishna Aiyangar.]

matter, not even a series of isolated transactions will be accepted by courts of law as evidence of binding usage in the locality. When we find overwhelming evidence of the usage obtaining in the locality, we may take it as binding in the absence of any contract.

Now, Sir, I was just submitting that my friend proposes to ignore wholly the usages regulating the relation between the landlord and tenant, and also solemn contracts entered into between them. I submit, Sir, it is a positive insult to the intelligence of the tenants and mortgagees in Travancore. (*Hear, hear.*)

MR. K. P. NILAKANTA PILLAI (*Chirayinkil*): May I know from the learned Deputy President how clause 19 of the draft Bill operates adversely to the interest of the landlord?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): Supposing, under the provisions of the draft Bill the position of the jenmi becomes worse than it is at present. The jenmi can say that he is being handicapped, that his rights embodied in a formal contract are sought to be violated. That, certainly, would not commend itself to people who are anxious to observe decency and fairness in their relations with their tenants.

MR. K. P. NILAKANTA PILLAI (*Chirayinkil*): If this legislation is not passed, is it not within the liberty of the future landlord to enter into transactions with the tenant and to do things as he likes?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): I have got much more faith in human nature than my friend. It is therefore I said that we are not now dealing with people, who, under normal circumstances, have got the right of permanent occupancy. In their case, if it is urged, Sir, that the landlord tries to cheat the tenant by imposing stringent terms which the tenant has to agree to save his valuable right of occupancy and that therefore there was no freedom of contract, then that argument may be considered. We can understand that argument in the case of tenants whose right of permanent occupancy is at stake. But now, Sir, the tenants contemplated by my friend's draft Bill are only tenants at will or tenants for a definite period, having no stake in the land itself apart from the value of improvements due to them. We are not now dealing with the aristocratic jenmies who never cultivate the lands. We are dealing with tenants and tenants, mortgagor and mortgagee; we deal with tenants at will, with tenants for a definite term. With reference to people standing in such relationship, no question of high public policy demands the abrogation of all contracts and all usages obtaining in the locality. The course of decisions laid down by the High Court is sufficient, absolutely sufficient and equitable also. It is not the tendency of the Courts to deprive the tenant of his hard-earned rights. The House can satisfy itself in this matter by reference to the simple statement in the current decisions of the High Court that, in the absence of contract or usage, the tenant shall get three-fourths. That is the existing position as settled by our High Court. That is very clear to us all. I do not see

